# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 15, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 14

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 15, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

804/19

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....76

**II. അനുമോദനം**

ശ്രീ. കെ. എം. മാണി നിയമസഭാംഗമായതിന്റെ അമ്പതാം വാർഷികം — ....322

**III അടിയന്തരപ്രമേയം**

വിദ്യാർത്ഥി സമരം
(അവതരണാനുമതിനിഷേധിച്ചു) ....334

**IV ശ്രദ്ധ ക്ഷണിക്കൽ**

1. പാലങ്ങളുടെ പുനർനിർമ്മാണം
— ശ്രീ. രാജു എബ്രഹാം ...349
2. വന്യജീവി ആക്രമണം
— ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...355

**V സബ്മിഷൻ**

1. സി.ആർ.ഇസഡ്. നിയമത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കൽ
— ശ്രീ. എസ്. ശർമ്മ ...361
2. പി. എസ്. സി.-യുടെ പുതിയ നിബന്ധന
— ശ്രീ. സണ്ണി ജോസഫ് ....362

*പേജ്*

3. കൊച്ചി മെട്രോ തൃപ്പൂണിത്തുറവരെ നീട്ടുന്നത് സംബന്ധിച്ച്

— ശ്രീ. എം. സ്വരാജ് ....364

4. ഗെയിൽ വാതക പൈപ്പ് ലൈൻ

— ശ്രീ. വി. ടി. ബൽറാം ...365

5. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

— ശ്രീ. ഹൈബി ഈഡൻ ...368

6. റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സാരീതി

— ശ്രീ. വി. എസ്. അച്യുതാനന്ദൻ ...369

7. പാരിപ്പള്ളി മെഡിക്കൽ കോളേജ്

— ശ്രീ. ജി. എസ്. ജയലാൽ ...373

8. പങ്കാളിത്ത പെൻഷൻ

— ശ്രീ. സി. ദിവാകരൻ ...377

9. ഉടമസ്ഥാവകാശം

— ശ്രീ. കെ. എസ്. ശബരീനാഥൻ ...379

10. തടയണ നിർമ്മാണം

— ശ്രീ. ടി. എ. അഹമ്മദ് കബീർ ...380

11. തുക അനുവദിക്കൽ

— ശ്രീ. സി. കെ. ശശീന്ദ്രൻ ...381

12. പദ്ധതികളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കൽ

— ശ്രീ. പി. വി. അൻവർ ...383

13. നെല്ല് സംഭരണാനുമതി

— ശ്രീ. തോമസ് ചാണ്ടി ...386

*പേജ്*

14. മുൻഗണനാപ്പട്ടിക

— ശ്രീ. ബി. സത്യൻ ...387

15. ബദൽ സ്കൂളുകളുടെ പ്രവർത്തനം

— ശ്രീ. പി. കെ. ബഷീർ ...390

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...392

**VII റിപ്പോർട്ട് സമർപ്പണം**

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ ...394

**VIII ശുദ്ധിപത്രം**

2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനയുടെ പിശകുകൾ തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും അനുബന്ധം IV-ന്റെ പുതുക്കിയ പതിപ്പും ... 394

**IX ക്രമപ്രശ്നം**

ചട്ടങ്ങളുടെ കരട് സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച്

— ശ്രീ. മഞ്ഞളാംകുഴി അലി ...394

**റൂളിംഗ്** ...398

**X അവകാശലംഘനപ്രശ്നം**

ശ്രീ. പി.സി. ജോർജ് എം.എൽ.എ. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ ഉന്നയിച്ച അവകാശലംഘന നോട്ടീസ് ....401

**XI നിയമനിർമ്മാണകാര്യം**

(1) 2017-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം ...402

(2) 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്)` ...403
ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...443

പേജ്

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...443

(i) 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

(ii) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ ..466

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 15, ബുധൻ*


| വാല്യം 165] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 14 |
|---|---|---|


നിയമസഭ 2017 മാർച്ച് മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *331

**കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കാൻ നടപടി**

1 (*331) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിലെ മുഖ്യനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടി അറിയിക്കാമോ ;

(സി) ബോർഡിൽനിന്നും ലഭിക്കുന്ന സേവനം മികവേറിയതാക്കുന്നതിനായി, സാങ്കേതികമായും ഭരണപരമായും എന്തൊക്കെ നടപടികളാണ് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിൽ താഴെപ്പറയുന്ന വിഷയങ്ങളിലുള്ള നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു:

1. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുക.
2. ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർവത്കൃത സേവനങ്ങൾ ലഭ്യമാക്കുക.
3. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകളിലെ ആശയവിനിമയം മെച്ചപ്പെടുത്തുക.
4. വിവിധ ഓഫീസുകളിൽ പുനഃസംഘടന നടത്തുക.
5. ജീവനക്കാരുടെ പുനർവിന്യാസം.
6. റവന്യൂ ചെലവ് കുറയ്ക്കുക.
7. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും പരിശീലനം നൽകലും.
8. ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്യുക.
9. ഉദ്യോഗക്കയറ്റം നൽകൽ.
10. ആശ്രിത നിയമനം.
11. സ്പോർട്സ് ക്വാട്ട നിയമനം.
12. ചില തസ്തികകളുടെ ഏകീകരണം.
13. ചില തസ്തികകൾ നിർത്തലാക്കുക.
14. ചില തസ്തികകളുടെ എണ്ണം കുറയ്ക്കുക.

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 3-5-2016-ൽ കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ ബോർഡിന് മുമ്പാകെ ഐ.ഐ.എം. കോഴിക്കോട് പഠനത്തിന്റെ വിശദാംശങ്ങൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബോർഡ് യോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഐ.ഐ.എം. കോഴിക്കോട് ടീമുമായി 3-5-2016-ലും 21-2-2017-ലും ഡയറക്ടർ (ഫിനാൻസ്) ചർച്ച നടത്തുകയുണ്ടായി. റിപ്പോർട്ടിൽ ഉൾപ്പെടാത്ത ചില മേഖലകളെയും വിഷയങ്ങളെയുംകൂടി ഉൾപ്പെടുത്തി ഒരു സപ്ലിമെന്ററി റിപ്പോർട്ട് നൽകാനായി ഐ.ഐ.എം. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം വൈദ്യുതി ഭവനിലെ ചില ഓഫീസുകൾ കൂടി പഠനവിധേയമാക്കാനും ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതിനുമുമ്പും ശേഷവും ആവശ്യമായ മാനവവിഭവശേഷിയെ സംബന്ധിച്ച നിർദ്ദേശം നൽകുവാനും എഗ്രിമെന്റ് പ്രകാരം നൽകേണ്ടിയിരുന്ന ചില റിപ്പോർട്ടുകൾകൂടി നൽകുവാനും ഐ.ഐ.എം. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന തരത്തിൽ ടി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സപ്ലിമെന്ററി റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. അത് ലഭിച്ചതിനുശേഷം ഐ.ഐ.എം. ശിപാർശകളിൽ ബോർഡുതലത്തിൽ ചർച്ച ചെയ്യുകയും ഇതുസംബന്ധിച്ച് വിവിധ അംഗീകൃത ട്രേഡ് യൂണിയനുകളുമായും ഓഫീസർമാരുടെ അസോസിയേഷനുകളുമായും ചർച്ച ചെയ്യേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ സമന്വയത്തിലൂടെ ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ട മാറ്റങ്ങളോടെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. എം. നൗഷാദ് : സർ, വൈദ്യുതി ബോർഡിനെ വിഭജിക്കുകയും സ്വകാര്യവത്ക്കരിക്കുകയും ചെയ്യണമെന്ന കേന്ദ്രസർക്കാരിന്റെ സമ്മർദ്ദം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണ് ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ബോർഡ് സ്വകാര്യവത്ക്കരിക്കുകയെന്ന നിലപാടിനോട് ബോർഡിനും സംസ്ഥാന ഗവൺമെന്റിനും യോജിപ്പില്ല. മൂന്ന് കമ്പനികളാക്കി വൈദ്യുതി ബോർഡ് വിഭജിച്ച് രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശമാണ് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിരിക്കുന്നത്.

ശ്രീ. എം. നൗഷാദ് : സർ, വൈദ്യുതി ബോർഡിൽ കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക്ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

ശ്രീ. എം. എം. മണി: സർ, നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് കെ.എസ്.ഇ.ബി.എൽ.-ന് മാത്രമുള്ളതല്ല. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്കുവേണ്ടി തയ്യാറാക്കിയ ലിസ്റ്റാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ൽ ആയിരത്തിലധികം പേരെ മസ്ദൂർ തസ്തികയിൽ നിയമിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ

റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ ഡിസംബർ 31-ന് അവസാനിച്ചു. അതിനുശേഷം സബ് എഞ്ചിനീയർ പോസ്റ്റിലേയ്ക്ക് ഏതാണ്ട് തൊണ്ണൂറോളം പേരെ നിയമിക്കാൻ അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. സാധ്യമായ ഒഴിവുകൾ നികത്തുകയെന്ന നിലപാടുതന്നെയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഒഴിവുകളില്ലെന്ന യാഥാർത്ഥ്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠനത്തിൽ പ്രധാനമായും തസ്തികകളുടെ എണ്ണം, അതിന്റെ അനുപാതം തുടങ്ങി ജീവനക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയതായി കാണുന്നത്. എന്നാൽ മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ വടക്കൻ കേരളത്തിൽ അതായത് മലബാർ, ഇടുക്കി തുടങ്ങിയ ജില്ലകളിലൊക്കെ ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവാണുള്ളത്. അക്കാര്യത്തെ സംബന്ധിച്ച് ഐ.ഐ.എം-ന്റെ പഠന റിപ്പോർട്ടിൽ എന്തെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ; പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊള്ളാൻ വൈദ്യുതി ബോർഡും ഗവൺമെന്റും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, മലബാർ മേഖലയിലും ഇടുക്കിപോലുള്ള മലയോര പ്രദേശങ്ങളിലും ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. അത് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതേസമയം ആവശ്യമില്ലാത്ത ചില കേന്ദ്രങ്ങളിൽ ജീവനക്കാർ കൂടുതലുള്ള സ്ഥിതിയുമുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതാണ്. ഭാവിയിൽ ശരിയായ നിലയിൽ ജീവനക്കാരെ വിന്യസിക്കേണ്ടതുണ്ടെന്നാണ് ബോർഡ് കരുതുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഈ വർഷം നമുക്കാവശ്യമായ മഴ ലഭിക്കാത്തതിന്റെ ഫലമായി ഡാമുകളിൽ വെള്ളമില്ലാത്ത സാഹചര്യമാണുള്ളത്. സ്വാഭാവികമായും വൈദ്യുതി ഉത്പാദനത്തെ അത് ബാധിച്ചിട്ടുണ്ട്. എങ്ങനെയാണ് ഈ പ്രതിസന്ധി മറികടക്കുന്നത്; പവ്വർക്കട്ടില്ലാതെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്?

ശ്രീ. എം. എം. മണി : സർ, പവർകട്ട് ഒഴിവാക്കുക എന്നതാണ് ഗവൺമെന്റിന്റെയും വൈദ്യുതി ബോർഡിന്റെയും നിലപാട്. ഇവിടെ ആവശ്യമുള്ള വൈദ്യുതിയുടെ 30 ശതമാനം മാത്രമായിരുന്നു ഉത്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ അതിലും കുറയാനാണ് സാധ്യത. 70 ശതമാനം വൈദ്യുതി സംസ്ഥാനത്തിന് വെളിയിൽനിന്നും വാങ്ങിയാണ് ആവശ്യങ്ങൾ നിറവേറ്റിപ്പോകുന്നതെന്ന കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ദീർഘകാലത്തേയ്ക്കും അല്ലാതെയുമുള്ള കരാറുകൾവഴി

വെളിയിൽനിന്നും വൈദ്യുതി ലഭ്യമാക്കി ഇവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും പവർകട്ട് ഒഴിവാക്കാനുമുള്ള നടപടി സ്വീകരിക്കും.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, വൈദ്യുതി ബോർഡിൽ പ്രവർത്തന മികവ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സമയബന്ധിതമായി നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. എം. എം. മണി : സർ, ഐ.ഐ.എം.-ന്റെ റിപ്പോർട്ട് ബോർഡിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ഫിനാൻസ് ഡയറക്ടറുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾക്ക് ആവശ്യമായ കാര്യങ്ങൾ ബോർഡ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനത്തിൽ മികവ് പുലർത്തണമെന്നതാണ് ഇന്നത്തെ പ്രധാനപ്പെട്ട വിഷയം. ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ചാൽ മാത്രമേ അതിന് സാധിക്കൂ. സ്റ്റാഫിന്റെ കുറവുമൂലം പല ഇലക്ട്രിസിറ്റി ഓഫീസുകളും വേണ്ട രീതിയിൽ ജനങ്ങളുടെ ആവശ്യത്തിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണ് കുറേ നാളുകളായുള്ളത്. അതിന് എന്ത് പരിഹാരമാർഗ്ഗമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്? എന്റെ മണ്ഡലത്തിൽത്തന്നെ എടത്തല ഒരു പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചിരുന്നു. ആവശ്യത്തിന് സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം ഇഴഞ്ഞിഴഞ്ഞ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. രണ്ട് സെക്ഷൻ ഓഫീസ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നു. അതിന് സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, കഴിഞ്ഞ ഗവൺമെന്റ് 30 പുതിയ സെക്ഷനുകൾ സ്ഥാപിച്ചെങ്കിലും അവിടെയൊന്നും ജീവനക്കാരില്ലെന്നതാണ് സത്യം. ഇപ്പോൾ 34,000 ജീവനക്കാരുണ്ട്, യഥാർത്ഥത്തിൽ ബോർഡിൽ അത്രയും ജീവനക്കാർ ആവശ്യമില്ല, ജീവനക്കാരുടെ സംഖ്യ വളരെ കൂടുതലാണെന്നാണ് റെഗുലേറ്ററി കമ്മീഷന്റെ അഭിപ്രായം. പുതിയ നിയമനം നടത്തുന്നതിന് പരിമിതികളുണ്ടെങ്കിലും ഇന്നത്തെ സാഹചര്യം പരിഗണിച്ച് ആയിരത്തിലധികം ആളുകളെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകളുണ്ടെങ്കിൽ അവ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിന് ബോർഡിന് വിരോധമില്ല.

ശ്രീ. ബി. ഡി. ദേവസ്സി : സർ, കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനുംവേണ്ടി അങ്ങ് നടത്തുന്ന ഇടപെടലുകൾ വളരെ അഭിനന്ദനാർഹമാണ്. എന്റെ മണ്ഡലത്തിലെ ചാലക്കുടി സെക്ഷൻ ഓഫീസും കൊരട്ടി സെക്ഷൻ ഓഫീസും ഭൂവിസ്തൃതി കൊണ്ടും ഉപഭോക്താക്കളുടെ എണ്ണംകൊണ്ടും വിഭജിക്കേണ്ടത് അത്യാവശ്യമാണ്. ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്തും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി : സർ, ഇന്ന സെക്ഷൻ ഓഫീസ് സ്ഥാപിക്കുമെന്ന് ഇപ്പോൾ സഭയിൽ ഉറപ്പുപറയാൻ കഴിയില്ല. എം.എൽ.എ.-മാരുടെ കത്തുകളുൾപ്പെടെ നിരവധി പേരുടെ ഭാഗത്തുനിന്നും ഇത്തരം ആവശ്യങ്ങൾ വരുന്നുണ്ട്. അതുകൊണ്ട് ബോർഡുമായി ആലോചിച്ച് പ്രായോഗികമായി ആവശ്യമുള്ളിടത്ത്, അതായത് ഒഴിവാക്കാൻ കഴിയാത്തിടത്തുമാത്രം സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനപ്പുറത്തേയ്ക്ക് ചിന്തിക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, കെ.എസ്.ഇ.ബി.എൽ-ന്റെ 2006-2016 വരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്ത് ശരാശരി 175 പേർ വൈദ്യുതാഘാതമേറ്റ് മരിച്ചിട്ടുണ്ട്. ഇത്തരത്തിൽ മരണപ്പെടുന്നവരിൽ ഏതാണ്ട് 75 ശതമാനവും പൊതുജനങ്ങളാണെന്ന കാര്യം വൈദ്യുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വൈദ്യുതി ഉപയോഗിക്കുമ്പോൾ കൈക്കൊള്ളേണ്ട സുരക്ഷാ നടപടികളെ സംബന്ധിച്ച് സ്കൂൾതലം മുതൽ ബോധവൽക്കരണം നൽകുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ഉപയോഗത്തിൽ ഉപഭോക്താക്കളുടെ ജാഗ്രതക്കുറവുമൂലം അപകടം ഉണ്ടാകുന്നുണ്ട്. ഇതുസംബന്ധിച്ച കാമ്പെയിന്റെ ഭാഗമായി ഒരു സെമിനാർ അടുത്തകാലത്ത് സംഘടിപ്പിച്ചിരുന്നു. ജാഗ്രതയില്ലാതെ വൈദ്യുതി ഉപയോഗിക്കുന്നതിൽ നിന്നാണ് അപകടം ഉണ്ടാകുന്നത്. അപകടമരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങൾ ചെയ്യാമെന്ന് ഓരോ സംഭവവും പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുകയെന്ന സമ്പ്രദായമാണ് ഇപ്പോൾ ബോർഡ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ ടി. ശിവദാസമേനോൻ മന്ത്രിയായിരുന്നപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ

ചിതലിയിൽ 100 കിലോവാട്ട് ശേഷിയുള്ള ഒരു വിൻഡ് ജനറേറ്റർ സ്ഥാപിച്ചിരുന്നു. ഇപ്പോൾ അത് പ്രവർത്തനരഹിതമാണ്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള ആ സ്ഥലത്ത് രണ്ട് മെഗാവാട്ട് ശേഷിയുള്ള അഞ്ച് വിൻഡ് ജനറേറ്റർ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട്. അതിനെ സംബന്ധിച്ചുള്ള ചില പഠന റിപ്പോർട്ടുകൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യത പ്രയോജനപ്പെടുത്തുക, കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, അതോടൊപ്പം സോളാർ പോലുള്ള മറ്റ് ഊർജ്ജസ്രോതസ്സ് ഉപയോഗപ്പെടുത്തുക, ജലവൈദ്യുത പദ്ധതികൾ ചെറുതാണെങ്കിലും അതിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുക എന്നിവയാണ് ഗവൺമെന്റിന് ഇക്കാര്യത്തിലുള്ള പൊതുസമീപനം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, വൈദ്യുതി രംഗത്തെ ഏറ്റവും വലിയ പ്രശ്നം പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്ന എന്നതാണ്. ഇപ്പോൾത്തന്നെ വൈദ്യുതി ഉല്പാദനരംഗത്ത് ഏകദേശം പതിനഞ്ചോളം പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുകയാണ്, വർക്ക് നടക്കുന്നില്ല. സബ്സ്റ്റേഷനുകളുടെ കാര്യവും ഇതുപോലെ തന്നെയാണ്. പതിനൊന്ന് വർഷമായിട്ടും എരുമേലി സബ്സ്റ്റേഷന്റെ ഉദ്ഘാടനം നടത്തിയിട്ടില്ല, ബോർഡിന്റെ കുറ്റമാണെന്ന് പറയുന്നില്ല. കോടതിയിൽ കേസ് നടക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ അല്പംകൂടി ശുഷ്കാന്തി കാണിക്കണം. ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് ഉത്തരവാദിത്വമില്ലേ; കേസ്സുകൾ ഹൈക്കോടതിയിൽ തീർപ്പാക്കുന്നതിന് ശ്രമിക്കണ്ടേ? എരുമേലി സബ്സ്റ്റേഷനുൾപ്പെടെയുള്ള വിവിധ സബ്സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? ഐ.ഐ.എം.-ന്റെ റിപ്പോർട്ടിൽ പറയുന്ന സ്പോർട്സ് ക്വാട്ടയുടെ കാര്യം അങ്ങ് ശ്രദ്ധിച്ചാൽ മനസ്സിലാവും. ഏറ്റവും നല്ല ഫുട്ബോൾ ടീമും വോളിബോൾ ടീമും ഒക്കെ പൊതുമേഖലാസ്ഥാപനമായ ഇലക്ട്രിസിറ്റി ബോർഡിന്റേതായിരുന്നു. ഇപ്പോൾ അതെല്ലാം ഇല്ലെന്നായി. മണി സഖാവിന്റെ കാലത്തെങ്കിലും കൊള്ളാവുന്ന ടീമിനെ ഇതിലുൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ഇടുക്കി പദ്ധതിയടക്കം സംസ്ഥാനത്തെ എല്ലാ പദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങളിൽ വലിയതോതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. കാലതാമസം വരുത്തുന്ന പ്രവണത പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്.

അതിന് പരിഹാരം കാണുന്നതിനുള്ള മാർഗ്ഗം കൂട്ടായി സ്വീകരിക്കേണ്ടതുണ്ട്. സ്പോർട്സ് ക്വാട്ട സംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാം. നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്നതാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, മാർച്ച് 31-ഓടെ സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് പോവുകയാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാം ഫലപ്രദമായ നിലയിൽ, നേതൃത്വപരമായ പങ്കുവഹിക്കുന്ന വൈദ്യുതി വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. എല്ലാവർക്കും വൈദ്യുതി ലഭ്യമായിക്കഴിഞ്ഞാൽ അടുത്ത പ്രശ്നം, അൺഇന്ററപ്റ്റഡ് പവർ അല്ലെങ്കിൽ തടസ്സമില്ലാതെ വൈദ്യുതി നൽകുക എന്നതാണ്. അങ്ങനെ കൊടുക്കണമെന്നുണ്ടെങ്കിൽ ഇന്നത്തെ സംവിധാനത്തിൽ, എല്ലാവരും പ്രകടിപ്പിച്ച അതേ വികാരം തന്നെയാണ് എനിക്കുമുള്ളത്. അരൂർ മണ്ഡലത്തിലെ അരൂർ-എഴുപുന്ന സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മൂന്ന് സെക്ഷൻ ഓഫീസുകളാക്കുക എന്ന നിർദ്ദേശം നേരത്തേതന്നെ ഉണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെയും അതിനുമുൻപുള്ള ഗവൺമെന്റിന്റെയും കാലത്ത് 20000 ഉപഭോക്താക്കളുണ്ടെങ്കിൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കണമെന്നതായിരുന്നു ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനം. ഇതിലധികം ഉപഭോക്താക്കളുണ്ടായിട്ടും വിഭജനം നീണ്ടുപോവുകയാണ്. ഉടനെ പരിഗണിക്കുമെന്ന് സ്ഥിരമായി പറയാറുണ്ടെങ്കിലും ഇപ്പോഴെങ്കിലും ഈ വിഷയത്തിൽ അടിയന്തര പരിഗണന ഉണ്ടാകുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രവർത്തനം ജില്ലാടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലും നടന്നുവരുന്നുണ്ട്. മാർച്ച് 31-ന് പൂർത്തീകരിക്കുമെന്നാണ് ഗവൺമെന്റിന്റെ പ്രഖ്യാപനം. ബോർഡ് അക്കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. ഇക്കാര്യം സഭയിൽ ചർച്ച ചെയ്യുമ്പോൾ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ബഹുമാന്യരായ ചില എം.എൽ.എ.-മാർ പേര് ഞാൻ പറയുന്നില്ല, ഈ പദ്ധതിക്ക് വേണ്ടത്ര പരിഗണനകൊടുത്ത് സാമ്പത്തികസഹായം നൽകിയിട്ടില്ല. അവർ ആത്മപരിശോധന നടത്തി തിരുത്തുന്നത് നല്ലതായിരിക്കും. അങ്ങനെ ചെയ്തില്ലെങ്കിൽ പേരുവിവരം സഭയിൽ വ്യക്തമാക്കേണ്ടിവരുമെന്നുകൂടി അറിയിക്കുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അങ്ങ് ഇടുക്കിയിൽ നിന്നുവരുന്ന മന്ത്രിയാണ്. ഇടുക്കി ഡാമിലെ വെള്ളം ഉപയോഗിച്ചാണ് ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. മഴയില്ലാത്തതിനാൽ ഇടുക്കി

ഡാമിലെ വെള്ളം കുറഞ്ഞിരിക്കുകയാണ്. ജലനിരപ്പ് വളരെ താഴ്ന്ന. തുലാമഴ പ്രതീക്ഷിച്ചു, എന്നാൽ വേണ്ടത്ര പെയ്തില്ല. ഇനി ജൂണിലെ മഴ പ്രതീക്ഷിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം കൃത്രിമ മഴ പെയ്യിക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് സഭയിൽ പറഞ്ഞു. വെള്ളമില്ലെങ്കിൽ വൈദ്യുതി ഉണ്ടാവില്ല, സംസ്ഥാനം നിശ്ചലമാവും. കൃത്രിമ മഴ പെയ്യിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇടുക്കി ജില്ലയ്ക്ക് പരിഗണന കൊടുത്ത് കൃത്രിമ മഴ പെയ്യിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഇതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിശോധിക്കുന്നതിനും യാതൊരു പ്രശ്നവുമില്ല. അത് പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയുമെങ്കിൽ ആലോചിക്കാവുന്നതാണ്. അതിന് തടസ്സമില്ല. ഇക്കഴിഞ്ഞ നാളുകളിൽ കേരളത്തിൽ മറ്റ് സ്ഥലങ്ങളിൽ മഴ പെയ്തില്ലെങ്കിലും ഇടുക്കിയിൽ കുറച്ച് മഴ പെയ്തിട്ടുണ്ട്. കുറച്ചധികം വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം ലഭിച്ചിട്ടുണ്ടെന്നകാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, അണക്കെട്ടുകളിൽ വെള്ളം കുറഞ്ഞതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രപൂളിൽനിന്നും വാങ്ങുന്ന വൈദ്യുതിയെ ആശ്രയിച്ചാണ് നമ്മുടെ സംസ്ഥാനം മുന്നോട്ടുനീങ്ങുന്നത്. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എം. എം. മണി: സർ, മുടങ്ങിക്കിടക്കുന്ന പദ്ധതികളെല്ലാം പുനരാരംഭിക്കണമെന്നാണ് ഗവൺമെന്റിന്റെയും ബോർഡിന്റെയും ആഗ്രഹം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോടിക്കണക്കിന് രൂപ മുടക്കി ആരംഭിച്ച പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതികളടക്കമുള്ളവ ഫലത്തിൽ നിർത്തിവച്ചിരിക്കുകയാണ്. ഉല്പാദനം നടത്തുന്നതിനുള്ള സ്ഥിതിയുണ്ടായിരുന്നു. ആ നിലയ്ക്കുള്ള തുടർപ്രവർത്തനം നേരത്തേ നടത്തിയില്ല എന്ന പ്രശ്നമുണ്ട്. നിർത്തിവച്ച പദ്ധതി സമയബന്ധിതമായി തീർത്തിരുന്നുവെങ്കിൽ കുറച്ച് വൈദ്യുതി ലഭ്യമാകുന്ന അവസ്ഥ ഉണ്ടാകുമായിരുന്നു. അത് ഇല്ലാതെ പോയി. അതിനുപകരം ദീർഘകാല കരാറുണ്ടാക്കി പവർകട്ട് നേരിടുന്നതിനാണ് അന്ന് ശ്രമിച്ചത്. നിർമ്മാണഘട്ടത്തിൽ തള്ളപ്പെട്ടുപോയ മുഴുവൻ പദ്ധതികളും ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പുതിയ ഏതെങ്കിലും പദ്ധതി ഉണ്ടെങ്കിൽ ആ കാര്യവും പരിഗണിക്കുന്നതാണെന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, മന്ത്രിയുടെ മറുപടിയിൽ 30 ശതമാനം വൈദ്യുതി മാത്രം നമ്മൾ ഉല്പാദിപ്പിക്കുകയും 70 ശതമാനം പുറത്തുനിന്ന് വാങ്ങുകയും ചെയ്യുന്ന എന്നുപറഞ്ഞു. ഇത് കാണിക്കുന്നത് നമ്മുടെ വൈദ്യുതി ഉപഭോഗം കുറയ്ക്കണമെന്നതാണ്. എന്നുവച്ച് ആർക്കും വൈദ്യുതി നിഷേധിക്കാനും കഴിയില്ല. നമ്മുടെ നാട്ടിലെ തെരുവുവിളക്കുകളിൽ ഒരെണ്ണത്തിൽ, 40 വാട്സുള്ള രണ്ട് ട്യൂബ് ലൈറ്റുകളിലും കൂടി 80 വാട്ട്സ് വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം എൽ.ഇ.ഡി. ആക്കുകയാണെങ്കിൽ വൈദ്യുതി ഉപഭോഗം നാലിലൊന്നായി കുറയ്ക്കാൻ കഴിയും. ഇത് സംസ്ഥാനത്തിനാകെ ഗുണകരമാണ്, മാത്രമല്ല കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപയുടെ ലാഭം ഈ ഇനത്തിലുണ്ടാകും. സംസ്ഥാനത്തെ തെരുവുവിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതിയുടെ വിനിയോഗം പരിമിതപ്പെടുത്തുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനുമുള്ള വിപുലമായ ഒരു കാമ്പെയിൻ ബോർഡ് ആരംഭിച്ചിട്ടുണ്ട്. അതിൽ ജനങ്ങളെയും ജനപ്രതിനിധികളേയും അണിനിരത്തണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. എൽ.ഇ.ഡി. ബൾബ് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ബഡ്ജറ്റിൽ അത് സംബന്ധിച്ചുള്ള സൂചനയുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ (* 332)

**സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

2(*332) ശ്രീ. പി. ഉണ്ണി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ദാസൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) വ്യവസായം ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതി സമയബന്ധിതമായി നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പശ്ചാത്തല സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; വ്യവസായ ഇടനാഴി രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യാവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജല സൗകര്യം, ഖര-ദ്രവ്യ മാലിന്യനിർമ്മാർജ്ജനം, പൊതുസേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ സൗഹൃദമേഖലയായി മാറ്റുന്നതിനുമായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനായി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ (ഡി.ഐ.പി.പി.) റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. കെ.എസ്.ഐ.ഡി.സി.-യെ ഇതിന്റെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും അപേക്ഷാ ഫാറം ഏകീകരിച്ചുകൊണ്ട് ഓൺലൈൻ വഴിയുള്ള ഒരു പൊതു അപേക്ഷാ ഫാറം (സി.എ.എഫ്.) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനും അനുമതി പത്രം വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി ഒരു ഇന്റലിജൻസ് സോഫ്റ്റ്‌വെയർ പദ്ധതി നടപ്പാക്കുന്നതാണ്.

നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (ഐ.പി.എഫ്.സി.) വഴി ശാക്തീകരിക്കുന്നതാണ്.

ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു സ്ഥിരം സെൽ രൂപീകരിക്കുന്നതാണ്.

(സി) കൊച്ചി-പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and

Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി കിൻഫ്ര വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.
2. വ്യവസായ പാർക്ക്, മട്ടന്നൂർ.
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
5. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്.
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി.
7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.
8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ.
9. കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം.
10. ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട വികസനം.
11. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം.
12. ഫുട്ട് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്.

ശ്രീ. പി. ഉണ്ണി: സർ, ഗൾഫ് നാടുകളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിൽ എത്തുന്നവർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സൗജന്യങ്ങളും സൗകര്യങ്ങളുമാണ് ഈ സർക്കാർ നൽകുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നമ്മുടെ നാട് അഭിമുഖീകരിക്കുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. ഗൾഫിൽനിന്ന് തിരിച്ചെത്തുന്ന പ്രവാസികൾക്കും ഗൾഫിലുള്ള നിക്ഷേപകർക്കുമാവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കിക്കൊടുക്കുക, അവരുടെ ബിസിനസ് സംരംഭകത്വത്തിന് അതിവേഗം അനുമതി നൽകാനുള്ള സംവിധാനങ്ങളുണ്ടാക്കുക, ഭൂമി ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇപ്പോൾ ചെയ്യുന്നത്. എളുപ്പത്തിൽ ബാങ്ക് വായ്പ ഉൾപ്പെടെ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കിക്കൊടുക്കുകയാണ് വ്യവസായ വകുപ്പ് ചെയ്യുന്നത്.

ശ്രീ. പി. ഉണ്ണി: സർ, ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ നിലവിൽ എത്ര ദിവസത്തിനകം ക്ലിയറൻസ് ലഭിക്കും; അത് പരമാവധി എളുപ്പത്തിലാക്കുന്നതിനാവശ്യമായ സഹായം നൽകാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതൊരു പ്രശ്നം തന്നെയാണ്. ഏകജാലക സംവിധാനമുണ്ടെങ്കിലും അപേക്ഷ ലഭിച്ച് യോഗം ചേർന്ന് നടപടി സ്വീകരിക്കുമ്പോൾ കാലതാമസം നേരിടും. ബന്ധപ്പെട്ട വകുപ്പുകളുടെ നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതി വരുത്തി കേരളത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള അന്തരീക്ഷം ഒരുക്കാൻ വേണ്ടിയാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ചില കാര്യങ്ങൾ ചെയ്യുമെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ അങ്ങേയറ്റം പ്രതീക്ഷാനിർഭരമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള ഒന്നാണ് തീരദേശത്തെ അമൂല്യമായ ധാതുസമ്പത്ത്. പരിസ്ഥിതിക്ക് അനുയോജ്യമായി; അതിലോലമായ കടൽത്തീരത്തെ ഒരുതരത്തിലും ബാധിക്കാത്തവിധത്തിൽ കേരളത്തിലെ ധാതുമണൽ ഖനനം പൊതുമേഖലയിൽ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളത്തിലെ ധാതുമണൽ ശേഖരിക്കുന്നതിനെക്കുറിച്ച് നിരവധി അഭിപ്രായങ്ങൾ വ്യത്യസ്ത മേഖലകളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ഈ ധാതുമണൽ പൊതുമേഖലയിൽ ഖനനം ചെയ്തെടുക്കാനും കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്കുവേണ്ടി അത് പ്രയോജനപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. ദാസൻ</u>: സർ, കേരളത്തിലെ പുതിയ തലമുറയ്ക്ക് മാന്യമായ തൊഴിലും വരുമാനവും നൽകുന്നതിന് വ്യാവസായിക സാമ്പത്തിക വളർച്ച അത്യാവശ്യമാണെന്നാണ് സർക്കാർ കരുതുന്നത്. എന്നാൽ ഇതിന് തടസ്സമായി നിൽക്കുന്നത് ഭൂമി ഏറ്റെടുക്കൽ നടപടികളാണ്. ഭൂമി ലഭ്യമാക്കുന്നതിന് പ്രാദേശികവില നൽകുന്നകാര്യത്തിലും തടസ്സം നേരിടുന്നുണ്ട്. പ്രാദേശികവില നിശ്ചയിക്കാനാവശ്യമായ ക്രമീകരണമുണ്ടാകുകയാണെങ്കിൽ ധാരാളം ഭൂമി ഏറ്റെടുക്കാൻ സാധിക്കും. അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വ്യവസായ ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കിൻഫ്ര ആരംഭിക്കാൻ പോകുന്ന പദ്ധതികളെയും സ്ഥലമേറ്റെടുക്കലിനെയും സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്ഥലമേറ്റെടുക്കുന്നതിന് ഇപ്പോൾ സർക്കാർ നിശ്ചയിക്കുന്ന വിലയല്ല കൊടുക്കാൻ ഉദ്ദേശിക്കുന്നത്, മാർക്കറ്റ് വിലയ്ക്ക് തുല്യമായ സംഖ്യ നൽകി നെഗോഷ്യേറ്റ് ചെയ്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, കാർഷിക മേഖലയുടെ തളർച്ചയും നിശ്ചലാവസ്ഥയും കർഷകത്തൊഴിലാളികളെയും കർഷകരെയും വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാനുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമാണ്. മെഗാ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻകഴിയും. ഇത് കർഷകർക്കും ഗുണകരമാകും. കർഷകരുടെ മക്കൾക്ക് ആധുനിക വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലാളികളായി ജോലിയും ലഭിക്കും. മെഗാഫുഡ് പാർക്കുമായി ബന്ധപ്പെട്ട പൊതുവായ പുരോഗതി സംബന്ധിച്ചും കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വയനാടിന് 500 കോടി രൂപ മാറ്റിവച്ചത് ചെലവഴിക്കുന്നത് സംബന്ധിച്ചും വിശദീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പാലക്കാട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി മെഗാഫുഡ് പാർക്കിനായി 50 കോടി രൂപയുടെ ഒരു പദ്ധതി കിൻഫ്ര വഴി ആരംഭിച്ചിട്ടുണ്ട്. അതിന് ഈ വർഷം 15 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാക്കുകയുണ്ടായി. വളരെ പെട്ടെന്ന് അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും. വയനാട് ഉൾപ്പെടെ ബഡ്ജറ്റിൽ സൂചിപ്പിച്ച സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേരളത്തിൽ ഉല്പാദിപ്പിക്കാനും അത് ബ്രാൻഡ് ചെയ്യാനുമുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേന്ദ്ര സർക്കാരിന്റെ പുതിയ 'മെയ്ക് ഇൻ ഇൻഡ്യ' പദ്ധതി പ്രകാരം അമേരിക്കയെയും ചൈനയെയും പിന്തള്ളിക്കൊണ്ട് ഏറ്റവും കൂടുതൽ എഫ്.ഡി.ഐ. (ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്) വരുന്നത് ഇന്ത്യയിലേയ്ക്കാണ്. അതിന്റെ ഒരു ഷെയർ കേരളത്തിന് ലഭിക്കാനായി എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ തയ്യാറാക്കുന്നത്; ചൈനയിൽ നിന്നുള്ള എൽ.ഇ.ഡി. ബൾബുകളുടെ കാര്യം ഇവിടെ പറഞ്ഞു. അതുപോലെ മൊബൈൽ ഫോണുകൾ, ഇതൊക്കെ ദക്ഷിണേന്ത്യയിൽ തമിഴ്നാട്ടിലും കർണ്ണാടകയിലുമൊക്കെ assemble ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അവരെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാന താല്പര്യത്തിനുതകുന്ന ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് സ്വീകരിക്കുന്നതിൽ വിരോധമൊന്നുമില്ല. അത്തരം ഇൻവെസ്റ്റ്മെന്റ് സ്വീകരിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ, ഭൂമി ഒരുക്കിക്കൊടുക്കുക, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ സമീപനമാണ് സ്വീകരിക്കുന്നത്. പക്ഷേ ഇത് പറയുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ നിക്ഷേപം കുറഞ്ഞുവരികയാണ്. പല പൊതുമേഖലാസ്ഥാപനങ്ങളും കയ്യൊഴിയാനുള്ള സമീപനം സ്വീകരിക്കുന്നുവെന്നുള്ള അവസ്ഥയാണ്. മൊബൈൽ ഫോൺ, എൽ.ഇ.ഡി. ബൾബ് തുടങ്ങിയ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ എല്ലാ സഹായവും ചെയ്യണമെന്ന് തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ സമൃദ്ധമായി ഉൽപ്പാദിപ്പിക്കുന്നത് റബ്ബറാണ്. റബ്ബറിന്റെ ലോകവ്യാപകമായിട്ടുള്ള ഉൽപ്പാദനത്തിൽ കേരളം വളരെ മുന്നിലെത്തിയിട്ടുണ്ട്. റബ്ബറധിഷ്ഠിത വ്യവസായം പൊതുമേഖലയിൽ ആരംഭിക്കുന്നതിനുള്ള

സാധ്യതാ പഠനം നടത്തുന്നത് നന്നായിരിക്കും. തിരുവനന്തപുരം ജില്ല വലിയൊരു മലയോര മേഖലയാണ്. ഇവിടെ ധാരാളം കണക്റ്റിവിറ്റി വന്നിട്ടുണ്ട്. അതുപോലെ പുതിയ വ്യവസായങ്ങളിലൂടെ സാച്ചുറേഷൻ പോയിന്റിലേയ്ക്ക് പോവുകയാണ് നമ്മൾ. കേരളത്തിൽ സമൃദ്ധമായ, കേരളത്തിന്റെ സമ്പദ്ഘടനയെ സഹായിക്കുന്ന, റബ്ബർ കർഷകരെ സഹായിക്കുന്ന, സുലഭമായി ലഭിക്കുന്ന അസംസ്കൃതവസ്തുവായ റബ്ബറിനെ അടിസ്ഥാനപ്പെടുത്തി ഒരു വ്യവസായം ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാനത്തെ റബ്ബർ കൃഷിക്കാരെയും കേരളത്തിന്റെ സമ്പദ്ഘടനയെയും ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം തന്നെയാണിത്. റബ്ബർ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേരളത്തിൽ ഇന്ന് വേണ്ടത്ര ഇല്ലെന്നുള്ള പ്രശ്നമുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. അതുമായി ബന്ധപ്പെട്ട് കിൻഫ്ര ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും റാന്നിയിൽ ഒരു റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. മറ്റു സാധ്യതകളും പരിശോധിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ പല പ്രദേശങ്ങളിലും ചില വ്യവസായ സ്ഥാപനങ്ങൾ വരുന്നതോടുകൂടി നിലവിലുള്ള സൗഹൃദംപോലും നഷ്ടപ്പെടുന്ന അന്തരീക്ഷമാണുള്ളത്. പ്രത്യേകിച്ച് പഴയ റബ്ബർ, ടയർ ഒക്കെ കത്തിച്ച് ചില ഉൽപ്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പല പ്രദേശങ്ങളിലുമുണ്ട്. അതോടുകൂടി ബന്ധപ്പെട്ട പ്രദേശത്ത് പരിസര മലിനീകരണം പോലെയുള്ള ചില വിഷയങ്ങളൊക്കെ ഉണ്ടാകും. പഞ്ചായത്തിൽനിന്ന് ലൈസൻസ് വാങ്ങിയതിനുശേഷമാണ് ഇതൊക്കെ പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുൻപായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് പഞ്ചായത്തിൽനിന്ന് വാങ്ങി നിർമ്മാണം പൂർത്തിയാക്കും. പിന്നീടാണ് ഇത്തരത്തിലുള്ള വ്യവസായങ്ങൾ അവിടെ വരുന്നത്. അത് നേരത്തെ അറിഞ്ഞ് അതിനുള്ള എൻ.ഒ.സി. പഞ്ചായത്തിൽനിന്ന് വാങ്ങിയാൽ ഈ നിക്ഷേപകർക്ക് വലിയ രീതിയിലുള്ള മുതൽമുടക്കിന് തടസ്സം വരുന്നത് ഒഴിവാക്കാനും ആ പ്രദേശത്തെ സൗഹൃദം നിലനിർത്താനും കഴിയും. കെട്ടിടങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്നതിന് മുൻപായി ഇങ്ങനെയുള്ള പരിസര മലിനീകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് മുൻകൂറായി എൻ.ഒ.സി. വാങ്ങുന്നതിനുള്ള നടപടി വ്യവസായ വകുപ്പിന് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ വ്യവസായങ്ങളുടെയും അതുമായി ബന്ധപ്പെട്ട മലിനീകരണത്തിന്റെയും പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ഇപ്പോൾ ഒരു വ്യവസായം തുടങ്ങണമെങ്കിൽ പഞ്ചായത്തിൽനിന്ന് മാത്രമല്ല നിരവധി വകുപ്പുകളുടെ അനുമതി വേണം. നിരാക്ഷേപ പത്രം ഉണ്ടായാലാണ് ഒരു വ്യവസായം തുടങ്ങാൻ കഴിയുക. അതിന്റെ കാലതാമസത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഒരു സംരംഭകന് വ്യവസായം ആരംഭിക്കണമെങ്കിൽ നിരവധി കടമ്പകൾ തരണം ചെയ്യണം. ആ ബുദ്ധിമുട്ടുകൾക്ക് കാരണം നിലവിലുള്ള നമ്മുടെ സംസ്ഥാനത്തിന്റെ നിയമങ്ങളിൽ ഈ കാര്യങ്ങളൊക്കെ അഡ്രസ് ചെയ്യുന്നു എന്നുള്ളതുകൊണ്ടാണ്. അതിൽ ആവശ്യമായ പരിശോധനകൾ നടത്തിയാണ് വ്യവസായങ്ങൾ തുടങ്ങുന്നത്. വ്യവസായങ്ങൾ തുടങ്ങിയതിനുശേഷം എന്തെങ്കിലും മലിനീകരണ പ്രശ്നമുണ്ടെങ്കിൽ, ഫലപ്രദമായി ജനങ്ങൾക്ക് ഉപദ്രവകരമല്ലാത്ത രീതിയിൽ മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിക്കുക എന്നുള്ള സമീപനമാണ് കേരളത്തിൽ ചെയ്യാൻ കഴിയുക. കേരളത്തിൽ പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾ, മലിനീകരണം കുറഞ്ഞ വ്യവസായങ്ങൾ, അത് കാറ്റഗറി തിരിച്ച് വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി ease of doing business-ന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ അത്തരം സമീപനംകൂടി സ്വീകരിക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, പൊതുമേഖലാ വ്യവസായങ്ങളുടെ നവീകരണത്തിനും അത് ലാഭകരവും കാര്യക്ഷമവും ആക്കുന്നതിനുംവേണ്ടി രൂപീകരിക്കപ്പെട്ട റിയാബിന്റെ നിർദ്ദേശപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ഇടപെടലുകളെ സംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ, ഇപ്പോൾ ലാഭത്തിലായ 3 എണ്ണം ഉൾപ്പെടെ 11 പൊതുമേഖലാസ്ഥാപനങ്ങളാണ് ലാഭകരമായി പ്രവർത്തിക്കുന്നത്. ഈ പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രശ്നങ്ങളെന്ന് പറയുന്നത്, നവീകരണത്തിന് പ്രവർത്തന മൂലധനമില്ലായ്മ, മാർക്കറ്റിംഗിലെ പ്രശ്നം തുടങ്ങിയ നിരവധി ഘടകങ്ങളുണ്ട്. അവയൊക്കെ പരിശോധിച്ച് പരിഹാരം കാണേണ്ടതാണ്. ഈ ബഡ്ജറ്റിൽ, പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്കുൾപ്പെടെ വ്യവസായ വകുപ്പിന് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ഓരോ വ്യവസായത്തെയും പ്രത്യേകമെടുത്ത് അവയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പുതിയ ഉത്പന്നങ്ങളിലേയ്ക്ക് കടന്നുപോകാനും കഴിയുന്ന രീതിയിൽ ഇവയെ ശാക്തീകരിക്കുക എന്ന നിലപാടാണ് സ്വീകരിക്കുന്നത്. അതിനുള്ള നടപടികൾക്കായി റിയാബ് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, തൊഴിൽ നൽകുന്നതിനുവേണ്ടി ചെറിയ മുതൽമുടക്കിൽ നിരവധി തൊഴിൽ സാധ്യതയുള്ള മലിനീകരണമില്ലാത്ത എളുപ്പത്തിൽ നിർമ്മിക്കാൻ കഴിയുന്ന കുറേ കാര്യങ്ങളുണ്ട്. ഉദാഹരണത്തിന്, എൽ.ഇ.ഡി. ബൾബിലേയ്ക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. എൽ.ഇ.ഡി. ബൾബിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ എന്നുപറയുന്നത് 90 രൂപയാണ്. അതിന് മൂന്ന് ദിവസത്തെ ട്രെയിനിംഗിന്റെ ആവശ്യമേയുള്ളൂ. ആ ട്രെയിനിംഗ് സാധാരണ സ്ത്രീകൾക്കൊക്കെ കൊടുക്കാൻ കഴിയും. ഇപ്പോൾത്തന്നെ ഇലക്ട്രിസിറ്റി ബോർഡ് കറന്റ് ചാർജ് കുറയ്ക്കുന്നതിനുവേണ്ടി എൽ.ഇ.ഡി. ബൾബുകൾ മാർക്കറ്റിൽനിന്ന് വാങ്ങുകയാണ്. കുടുംബശ്രീ പോലുള്ള യൂണിറ്റുകളിലൂടെ എൽ.ഇ.ഡി. ബൾബുകൾ ചെറിയ കോസ്റ്റിൽ ഉത്പാദിപ്പിക്കുകയാണെങ്കിൽ, 400-450 രൂപയ്ക്ക് മാർക്കറ്റിൽനിന്ന് വാങ്ങുന്നത്, കോസ്റ്റ് ഓഫ് പ്രൊഡക്ഷനടക്കം 90 രൂപയ്ക്ക് ഏറ്റവും നല്ല ക്വാളിറ്റിയുള്ളവ നിർമ്മിക്കാൻ സാധിക്കും. ഇത്തരത്തിൽ കൂടുതൽ തൊഴിൽ നൽകാൻ കഴിയുന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തീർച്ചയായും. കുടുംബശ്രീ മാത്രമല്ല, ഐ.ടി.ഐ.-കൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ സംരംഭകരായ വിദ്യാർത്ഥികൾ അടക്കമുള്ളവർക്ക് സഹായം നൽകുന്ന നടപടികൾ ഗവൺമെന്റിനുണ്ട്. സ്കൂളുകളിലെ ഇ.ഡി. ക്ലബ്ബുകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇത്തരം തൊഴിലവസരങ്ങളിലൂടെ വിദ്യാഭ്യാസം കഴിഞ്ഞാൽ ഒരു തൊഴിൽ ലഭിക്കാനും നിക്ഷേപത്തിന് ധൈര്യപൂർവ്വം ഇറങ്ങിച്ചെല്ലാനുമുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അത്തരം പരിശ്രമങ്ങൾ തുടരുന്നതാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ വളരെ ശ്രദ്ധേയമാണ്, പ്രത്യേകിച്ച് പ്രവാസികളുടെ നിക്ഷേപം സ്വീകരിക്കുന്നതിനെടുത്തിട്ടുള്ള സംവിധാനം, പ്രവാസികൾ ഒട്ടും കുറവില്ലാത്തതും വ്യവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ ജില്ലയാണ് കാസർഗോഡ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഒട്ടേറെ പ്രദേശങ്ങൾ ആ ജില്ലയിലുണ്ട്. അവിടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നിരിക്കുകയാണ്. KEL, BHEL എന്നിവ സംയുക്ത സംരംഭത്തോടുകൂടി മുന്നോട്ടുപോകാത്ത സ്ഥിതിയാണ്. ഈ പുതിയ പരിതസ്ഥിതിയിൽ മലബാറിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ രീതിയിൽ പൊതുമേഖലാ സ്ഥാപനം ആരംഭിക്കുന്നതിനും അതോടൊപ്പം സ്ഥലലഭ്യതയ്ക്കനുസരിച്ച് വിവിധ ഇടങ്ങളിൽ മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: BHEL-ന്റെ കാസർഗോഡ് യൂണിറ്റ് joint venture ആയി ആരംഭിച്ചതാണ്. കേന്ദ്രസർക്കാർ അത് ഉപേക്ഷിക്കാൻ നിൽക്കുന്നു എന്നുള്ളതാണ് ആ സ്ഥാപനത്തിന്റെ പ്രതിസന്ധി. ആ പൊതുമേഖലാ സ്ഥാപനം നിലനിർത്തണമെന്ന് കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എം.പി.-മാർ വഴിയും വീണ്ടും അത്തരം പരിശ്രമങ്ങൾ തുടരുകയാണ്. ആകെയുള്ള വ്യവസായ സ്ഥാപനം joint venture ആയപ്പോൾ മെച്ചപ്പെടുമെന്നാണ് നമ്മൾ കരുതിയത്. പക്ഷെ, കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമായി അതിന്റെ സ്ഥിതി വലിയ പ്രതിസന്ധിയിലാണ്. ഭൂമിയുടെ ലഭ്യതയനുസരിച്ച് കാസർഗോഡിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. മുരളീധരൻ : സർ, കേന്ദ്ര ഗവൺമെന്റ് കേരളത്തിലുള്ള അവരുടെ പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയാൻ നോക്കുകയാണെന്നുള്ള കാര്യം അങ്ങ് നേരത്തെ സൂചിപ്പിച്ചു. കേരളത്തിലുള്ള രണ്ട് പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളാണ് വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയും ഹിന്ദുസ്ഥാൻ ലാറ്റക്സും. ഇത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ ഭൂമിയൊക്കെ നമ്മുടേതാണ്. ഈ പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്ര ഗവൺമെന്റ് കയ്യൊഴിയുന്നപക്ഷം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കൊച്ചി കപ്പൽ നിർമ്മാണശാലയും ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും ഉൾപ്പെടെയുള്ളവയിൽ നിക്ഷേപം വരുന്നുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പോലുള്ള സ്ഥാപനങ്ങളിൽ ഇറക്കുമതി ഉൾപ്പെടെ നിരവധി പ്രശ്നങ്ങളുണ്ട്. സംസ്ഥാന ഗവൺമെന്റ് ആ സ്ഥാപനം നിലനിർത്താൻ ധാരാളം സഹായങ്ങൾ നൽകുന്നുണ്ട്. കഴിഞ്ഞ ദിവസം സഭ അക്കാര്യം ചർച്ച ചെയ്തതാണ്. ആ സ്ഥാപനം പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് സംസാരിക്കുകയും കഴിഞ്ഞ ദിവസം വീണ്ടും കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. അവർ സ്വീകരിക്കുന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് എന്ത് ചെയ്യണമെന്നുള്ളത് പിന്നീട് ആലോചിക്കാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ, കേരളത്തിൽ ഏറ്റവും കൂടുതൽ ധാതുമണൽ-കരിമണൽ ഉള്ളത് ആലപ്പുഴ ജില്ലയിലെ

ആറാട്ടുപുഴ മുതൽ കൊല്ലം ജില്ലയിലെ നീണ്ടകര വരെയുള്ള തീരദേശ മേഖലയിലാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ചവറ കെ.എം.എം.എൽ. കരിമണൽ ഖനനം ചെയ്ത് ഇൽമനൈറ്റ്, റൂട്ടെയിൽ തുടങ്ങിയ പദാർത്ഥങ്ങൾ അവിടെ സംസ്കരിക്കുന്നുണ്ട്. ആ ഫാക്ടറിയിൽ ഇത്തരം പദാർത്ഥങ്ങൾ ടൺ കണക്കിന് കെട്ടിക്കിടക്കുമ്പോൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കെ.എം.എം.എൽ.-ലേയ്ക്ക് അവ ഇറക്കുമതി ചെയ്യുകയാണ്. അതിന്റെ ഫലമായി കെ.എം.എം.എൽ. അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുന്നു. ചവറ ഐ.ആർ.ഇ. കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. അതിന്റെ ആരംഭഘട്ടത്തിൽ 1251 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 251 പേർ മാത്രമേയുള്ളൂ. ചവറ കെ.എം.എം.എൽ.-ൽ തൊഴിലാളികൾ കുറയുന്നതിന് കാരണം, അവിടത്തെ ഉത്പന്നങ്ങൾ വിദേശ രാഷ്ട്രങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽനിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണ്. ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കെ.എം.എം.എൽ.-ൽ ഇപ്പോൾ യാതൊരു പ്രതിസന്ധിയുമില്ല. ലാഭകരമായി പ്രവർത്തിക്കുന്ന കേരളത്തിലെ നല്ല പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് അത്. എന്തെങ്കിലും പ്രത്യേക സാധനങ്ങൾ ഇറക്കുമതി ചെയ്ത് പ്രതിസന്ധിയിലാക്കാനൊന്നും സർക്കാർ ഉദ്ദേശിക്കുന്നില്ല. അങ്ങനെയൊരു ഇറക്കുമതിയും ഇപ്പോൾ സ്വീകരിക്കുന്നില്ല. ഐ.ആർ.ഇ.-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. പൊതുമേഖലയിൽ ധാതുമണൽ ഖനനം വരുന്നതോടുകൂടി വ്യവസായങ്ങൾക്ക് അടിസ്ഥാനപരമായി അത് പ്രയോജനപ്പെടുത്താൻ കഴിയും. അത്തരമൊരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം, കൊല്ലം ജില്ലയിലുള്ള ജനപ്രതിനിധികളൊക്കെ ഗൗരവമായി കാണേണ്ടതാണ്. അവിടെ ഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് അനാവശ്യമായ തർക്കങ്ങളും തടസ്സപ്പെടുത്തലുകളുമൊക്കെ ഉണ്ടാകുന്നുണ്ട്. അത്തരം കാര്യങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സമാണെന്ന് മനസ്സിലാക്കി ഇവിടെ കാണിച്ച ശൗര്യം അവിടെ പ്രകടിപ്പിക്കാൻ തയ്യാറാകണമെന്നാണ് പൊതുവിൽ അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ചോദ്യം നമ്പർ (* 333)

## വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതികൾ

3(*333) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ;

(സി) ഖാദി, കൈത്തറി, കാർഷികോല്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത ഭക്ഷണം, കലാരൂപങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിന് മാമാങ്കം എന്ന പേരിൽ മേള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നെയ്ത്തുകാർ കൂടുതലായി താമസിക്കുന്ന മേഖലകളിൽ ഇന്റഗ്രേറ്റഡ് ഹാൻഡ്‌ലൂം വില്ലേജ് പദ്ധതി നടപ്പാക്കുമോ;

(ഇ) ദേശീയ-അന്തർദേശീയ വിപണികളിൽ മത്സരിക്കുവാൻ ഉല്പന്നങ്ങളെ പ്രാപ്തമാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും നെയ്ത്തുകാർക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) വിനോദസഞ്ചാരമേഖലയുമായി യോജിച്ച് ക്രാഫ്റ്റ് ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന വിവിധ പുതിയ പദ്ധതികളെക്കുറിച്ച് താഴെപ്പറയുന്നു.:

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ബീഡിത്തൊഴിലാളികളുടെ

പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൻ മെറ്റൽ തുടങ്ങിയ മേഖലകളിലെ തൊഴിലാളി ക്ഷേമത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ ഉത്പന്നങ്ങൾക്ക് അന്തർദേശീയ-ദേശീയ വിപണി കണ്ടെത്തുന്നതിന് വ്യാപാർ 2017 എന്ന പദ്ധതി നടത്തി. കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി അഗ്രോ ഫുഡ് പ്രൊ 2017 എറണാകുളത്ത് സംഘടിപ്പിച്ചു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതിവഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭകരുടെ ഉല്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികളും നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾവഴി ധനസഹായം നൽകിവരുന്നു.

കൈത്തറി വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് "സ്കൂൾ യൂണിഫോം പദ്ധതി". ഇപ്പോൾ ഈ പദ്ധതി പ്രകാരം ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് യൂണിഫോം സൗജന്യമായി നൽകുന്നത്. അടുത്ത വർഷംമുതൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഖാദി വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഖാദി ഗ്രാമം പദ്ധതി". ഖാദി വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.

(ബി) വ്യവസായ മേഖലയുടെ അടിസ്ഥാനസൗകര്യവികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 50:50 എന്ന അനുപാതത്തിൽ വ്യവസായ അടിസ്ഥാനസൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

(ഡി) ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം വില്ലേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ചേന്ദമംഗലത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ഇ) ഉണ്ട്. കൈത്തറി മേഖലയിൽ "കേരള ഹാന്റ്ലൂംസ്" എന്ന ബ്രാൻഡ് ഡെവലപ് ചെയ്ത് 75 തരം കൈത്തറി ഉത്പന്നങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്തിട്ടുണ്ട്. ഇതിന്റെ ലോഗോയും ബ്രാന്റ് നെയിമും കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിന്റെ കരകൗശല വസ്തുക്കളിൽ തെരഞ്ഞെടുത്തവ കേരള സുവനീറുകളായി നിശ്ചയിച്ച് നിശ്ചിത ഗുണനിലവാരം ഉറപ്പാക്കി മാർക്കറ്റ് ചെയ്യുന്നതിന് വിനോദസഞ്ചാര മേഖലയുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു : സർ, ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഭാഗമായി കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ നിലവിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എത്രയാണെന്നും ഇതിൽ ലാഭകരമായത് എത്രയാണെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എത്രയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ 41 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ 11 എണ്ണം ഇപ്പോൾ ലാഭത്തിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബദൽ നിലപാടാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റുതന്നെ അത്തരമൊരു സമീപനം സൂചിപ്പിക്കുന്നതാണ്. പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കാനും അവയുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമൊക്കെയുള്ള പദ്ധതികളാണ് ഗവൺമെന്റ് ആലോചിച്ചുവരുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, ബാംബൂ കോർപ്പറേഷൻ, പവർലൂം എന്നീ വ്യവസായങ്ങളെക്കൂടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബാംബൂ കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണ്. അതിന്റെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുള്ള പദ്ധതികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. മുള ഉൾപ്പെടെയുള്ള വനോല്പന്നങ്ങൾ ലഭ്യമാകുന്നതിനുള്ള പ്രശ്നങ്ങളും നേരിടുന്നുണ്ട്. പുതിയ ഉല്പന്നങ്ങളുണ്ടാക്കാനുള്ള പരിശ്രമങ്ങൾ തുടരുകയാണ്. ടൂറിസം ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് അഡ്വെഞ്ചർ ടൂറിസം മേഖലയിലൊക്കെ hut നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയും വികസിപ്പിച്ചിട്ടുണ്ട്. ആ പ്രവർത്തനവും ബാംബൂ കോർപ്പറേഷനിൽ നടന്നുവരികയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, കേരളത്തിലെ തകർന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് നടത്തുന്ന ഇടപെടൽ ശ്ലാഘനീയമാണ്. അക്കൂട്ടത്തിൽ 2006-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ടെക്സ്റ്റൈൽ മില്ലുകളുണ്ട്. കഴിഞ്ഞ അഞ്ചുകൊല്ലം യു.ഡി.എഫ്. ഗവൺമെന്റ് ആ മില്ലുകളെല്ലാം പൂട്ടിക്കുന്ന നടപടിയാണ് സ്വീകരിച്ചത്. കാസർഗോഡ് ജില്ലയിലെ ഉദുമ, കണ്ണൂരിലെ പിണറായി, ആലപ്പുഴയിലെ ഹരിപ്പാട് എന്നിവിടങ്ങളിൽ സ്ഥാപിച്ച ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ചതായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായി അത് പൂട്ടേണ്ട സാഹചര്യമാണുണ്ടായത്. എന്റെ മണ്ഡലത്തിലെ ഉദുമയിൽ 22 കോടിയിലധികം രൂപ ചെലവഴിച്ച് സ്ഥാപിച്ച ഒരു ടെക്സ്റ്റൈൽ മിൽ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അത് തുറന്ന് പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി ഇപ്പോഴും തുടരുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയം, മില്ലുകളുടെ മോഡേണൈസേഷനിലുള്ള പ്രശ്നങ്ങൾ, ഉല്പന്നങ്ങളുടെ വിലക്കുറവ് തുടങ്ങി നാനാതരം പ്രശ്നങ്ങളുണ്ട്. സമീപകാലത്ത് ആ പ്രതിസന്ധി രൂക്ഷമായതാണ്. പക്ഷേ ഇപ്പോൾ കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽ മില്ലുകളും തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ നൽകിയിട്ടുണ്ട്. സെൻട്രൽ പർച്ചേസ് വ്യവസ്ഥയിൽ ആവശ്യമായ കോട്ടൺ വാങ്ങി നൽകുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽ മില്ലുകളും ഇപ്പോൾ തുറന്ന് പ്രവർത്തിപ്പിക്കുകയും തൊഴിലാളികൾക്ക് ജോലി ലഭ്യമാകുകയും ചെയ്യുന്നുണ്ട്. ഉദുമയിൽ 22 കോടിയിലധികം രൂപ ചെലവഴിച്ച് സ്ഥാപിച്ച ടെക്സ്റ്റൈൽ മില്ലും പിണറായിയിലെ ടെക്സ്റ്റൈൽ മില്ലുമെല്ലാം തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തരമായി ആ കാര്യത്തിൽ തീരുമാനമുണ്ടാകും.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 50:50 എന്ന അനുപാതത്തിൽ വ്യവസായ അടിസ്ഥാനസൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അങ്ങ് മറുപടി നൽകുകയുണ്ടായി. ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി നിരവധി സ്ഥലങ്ങളിൽ വ്യവസായ എസ്റ്റേറ്റുകൾ എന്നുപറഞ്ഞ് സ്ഥലം എടുത്തിട്ടുണ്ട്. പക്ഷേ പല സ്ഥലത്തും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് അവരെ സഹായിക്കുക, സംരംഭകരെ കൊണ്ടുവരിക, വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ മുതൽമുടക്ക് വ്യവസായ വകുപ്പ് നടത്തും. സംരംഭകരെ ആകർഷിക്കാനുള്ള നടപടികൾ സ്വീകരിക്കും. അതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമിയാണ് അവരുടെ പ്രധാന നിക്ഷേപം.

<u>ശ്രീ. പി. കെ. ശശി</u>: സർ, വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായ എല്ലാ പദ്ധതികളേയും സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം പാലക്കാട് എം.എൽ.എ. എന്ന നിലയിൽ മലബാർ സിമെന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ കുറേക്കൂടി ശ്രദ്ധ കാണിക്കേണ്ടതുണ്ട്. മലബാർ സിമെന്റിന് മാർക്കറ്റിൽ നല്ല ഡിമാന്റാണ്. ഡിമാന്റിന്റെ 8 ശതമാനം മാത്രമേ മീറ്റ് ചെയ്യാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് ഉല്പാദനം നിലവിലുള്ളതിനേക്കാക്കാൾ ഇരട്ടിയെങ്കിലുമാക്കാൻ അടിയന്തിര ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. അതോടൊപ്പം പല പൊതുമേഖലാ സ്ഥാപനങ്ങളും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പൊതുമേഖലയിൽതന്നെയുള്ള സ്ഥാപനങ്ങൾക്ക് വാങ്ങാൻ സാധിക്കും. അങ്ങനെ വാങ്ങാൻ കഴിയാത്തതുകൊണ്ട് പല സ്ഥാപനങ്ങളും നഷ്ടത്തിലായിട്ടുണ്ട്. ഉദാഹരണത്തിന് കൊല്ലത്തെ മീറ്റർ ഫാക്ടറി. ട്രാക്കോ കേബിൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപഭോക്താവെന്ന് പറയുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്. കഴിഞ്ഞ 5 കൊല്ലം ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ ഉല്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങാൻ തയ്യാറാകാത്തതിന്റെ ഫലമായി ഈ സ്ഥാപനങ്ങൾ നഷ്ടത്തിലായി. ഈ കാര്യങ്ങളിലെല്ലാം ഒരു തിരുത്തൽ വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളംപോലുള്ള സംസ്ഥാനത്തിന്റെ വ്യവസായ വികസന സാധ്യതയെപ്പറ്റി പരിശോധിക്കുമ്പോൾ പൊതുമേഖലയെ മാത്രം കേന്ദ്രീകരിച്ച് കാര്യങ്ങൾ പരിശോധിക്കാനാവില്ല. സ്വകാര്യ സംരംഭകരെ നല്ലതുപോലെ ആകർഷിക്കാൻ കഴിയണം. അതിന് കഴിയുന്ന തരത്തിൽ വളരെ നൂതനമായ, ആകർഷകമായ പ്ലാറ്റ്ഫോം ഉണ്ടാക്കണം. അതിൽ ടൂറിസം, ഐ.ടി., ഐ.ടി. എനേബിൾഡ് സർവ്വീസ് തുടങ്ങിയ കാര്യങ്ങൾക്കെല്ലാം വലിയ സ്ഥാനമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. കൊച്ചിൻ റിഫൈനറി ഇരുപതിനായിരം കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കുകയാണ്. അവിടെയുള്ള

ബൈ പ്രോഡക്ട്സ് ഉപയോഗിച്ച് പ്ലാന്റ് നിർമ്മിക്കാൻ സാധിക്കും. പെട്രോകെമിക്കൽ ഹബ്ബുകൾ അല്ലെങ്കിൽ പാർക്കുകൾ ഉണ്ടാക്കാൻ സാധിക്കും. സ്വകാര്യ സംരംഭകർക്ക് കടന്നുവരാൻ അവസരം കൊടുക്കത്തക്ക രൂപത്തിൽ ഭാവനാപൂർണ്ണവും നൂതനവുമായ പദ്ധതികൾ ആവിഷ്കരിക്കാൻ വ്യവസായ വകുപ്പ് മുൻകയ്യെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അവസാനം ചോദിച്ചതിനുതന്നെ ആദ്യം മറുപടി പറയാം. കൊച്ചിൻ റിഫൈനറിയുമായി ബന്ധപ്പെട്ട് അതിന്റെ ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ 600 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും പെട്രോകെമിക്കൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് പുതിയ തൊഴിലവസരങ്ങൾക്കും പുതിയ സംരംഭങ്ങൾക്കും അവസരമുണ്ടാക്കുന്നതാണ്. മലബാർ സിമെന്റ്സ് സമീപകാലത്ത് ചില പ്രതിസന്ധികളിൽപ്പെട്ടിരുന്നു. അതിന്റെ റാ-മെറ്റീരിയലായ ലാറ്ററൈറ്റ്, കൽക്കരി എന്നിവ കിട്ടാനുള്ള പ്രയാസം നേരിട്ടിരുന്നു. അവയെല്ലാം പരിഹരിച്ച് ഉത്പാദനം ഇപ്പോൾ പൂർണ്ണതോതിൽ നടക്കുകയാണ്. രണ്ടുമാസംകൊണ്ടുണ്ടായ പ്രതിസന്ധി മാർക്കറ്റിൽ ചെറിയ പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. മലബാർ സിമെന്റ്സിന്റെ ബ്രാൻഡ് നെയിം വിശ്വസ്തതയുള്ളതായതുകൊണ്ട് ഇപ്പോൾ മാർക്കറ്റിൽ എത്തിക്കാൻ കഴിയുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ ഉത്പാദനശേഷി വർദ്ധിപ്പിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി തെക്കൻ ജില്ലകളിലേയ്ക്കുകൂടി മലബാർ സിമെന്റ്സിന്റെ മാർക്കറ്റ് ഉറപ്പുവരുത്താനുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഖാദി-കൈത്തറി മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നമ്മുടെ ഗവൺമെന്റ് നൽകുന്നുണ്ട്. എന്നാൽ പല കാരണങ്ങളാൽ കൈത്തറി സഹകരണ സംഘങ്ങൾ അടച്ചുപൂട്ടപ്പെട്ടിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ 20 വർഷത്തോളമായി അടച്ചുപൂട്ടിയ ഒരു കൈത്തറി സ്ഥാപനം തുറന്നുപ്രവർത്തിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ പരിഗണനയിലുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഖാദി-കൈത്തറി മേഖല സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 'സ്കൂൾ യൂണിഫോം പദ്ധതി' ഇപ്പോൾ ആവിഷ്കരിച്ചത്. അതിന്റെ ഭാഗമായി കൈത്തറി മേഖലയിൽ ജോലി ചെയ്യാൻ കഴിയുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കാൻ ഇപ്പോൾ കഴിയുന്നുണ്ട്. അടുത്ത വർഷത്തേയ്ക്ക് അത് വ്യാപിപ്പിക്കുകയാണ്. അതിന്റെ ഭാഗമായി മുഴുവൻ കുട്ടികൾക്കും സ്കൂൾ യൂണിഫോം നൽകണമെന്ന് വൈകിയാണ്

തീരുമാനിച്ചത്. ആവശ്യത്തിന് സമയമുണ്ടായില്ല എന്നുള്ളതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പുനരുദ്ധാരണത്തിന്റെ ഭാഗമല്ലാതെ സംഭവിക്കുന്ന തറികളുടെ കേടുപാടുകൾ, ഇതൊക്കെ പരിഹരിച്ചാൽ കുറേക്കൂടി ലൂമുകൾ പ്രയോജനപ്പെടുത്താൻ കഴിയും. അത് പ്രയോജനപ്പെടുത്തി അടുത്തവർഷം മുഴുവൻ കുട്ടികൾക്കും കൈത്തറി യൂണിഫോം നൽകാൻ കഴിയുന്ന സംവിധാനമുണ്ടാകുമ്പോൾ ഇത്തരം സ്ഥാപനങ്ങളെയെല്ലാം ഈ രംഗത്തേയ്ക്ക് കൊണ്ടുവരേണ്ടിവരും. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, തിരുവനന്തപുരത്തെ ഏറ്റവും പുരാതനമായ ഒരു വ്യവസായ സ്ഥാപനമായ ടൈറ്റാനിയത്തിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും പ്രതിസന്ധിയിലാണ്. അതിന് പ്രധാനകാരണം ഇൽമനൈറ്റ് ലഭ്യമാകാത്തതാണ്. KMML, IRE എന്നിവിടങ്ങളിൽനിന്നും മുൻകൂറായി പണമടച്ചാണ് ആവശ്യമായിട്ടുള്ള ഇൽമനൈറ്റ് വാങ്ങുന്നത്. നേരത്തെയുള്ള സജഷനെന്ന് പറയുന്നത്, KMML-ൽ തന്നെ ഒരു യൂണിറ്റുണ്ടാക്കി അവിടെ ഇൽമനൈറ്റ് ഉത്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതായിരുന്നു. ടൈറ്റാനിയത്തെ മലിനീകരണമേഖലയായി നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരത്തെ തീരദേശ മേഖലയായ കണ്ണാന്തുറ, കൊച്ചുവേളി, വെട്ടുകാട് എന്നീ പ്രദേശങ്ങളെ മലിനീകരണ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. അവിടത്തെ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഒന്നരക്കോടി രൂപ അനുവദിച്ചിരുന്നത് ഇതുവരെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. അടിയന്തരമായി ഈ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, ടൈറ്റാനിയം ഈ വർഷം ലാഭത്തിലാകുകയാണ്. അവിടെ പ്രതിസന്ധി വീണ്ടും വരാൻ പോകുന്നത് മലിനീകരണത്തിന്റെ മാത്രമല്ല, മുമ്പ് മലിനീകരണ നിയന്ത്രണ സംവിധാനത്തിനുവേണ്ടി ഇറക്കിയ യന്ത്രങ്ങൾ ഉപയോഗിക്കാതെ അവിടെക്കിടക്കുകയാണ്. അത് ഇറക്കുമതി ചെയ്യുമ്പോൾ ലഭ്യമായിരുന്ന ഇളവുകളുടെ ഭാഗമായിട്ടുള്ള 17 കോടി രൂപയും പലിശയുംകൂടി 35 കോടി രൂപ അടയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അന്നുണ്ടായ പ്രശ്നത്തിന്റെ പ്രതിസന്ധി നേരിടുകയാണ്. ആ യന്ത്രങ്ങൾ ഉപയോഗിക്കാത്തതിന്റെ ഭാഗമായി നാശനഷ്ടങ്ങളുണ്ടായി. എന്നാൽ മിനറൽ ലഭ്യമാകുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. IRE-ൽ നിന്ന് ആവശ്യത്തിന് മിനറൽ ലഭ്യമാകുന്നുണ്ട്. ടൈറ്റാനിയത്തിന്റെ പ്രവർത്തനത്തിന് മറ്റൊരു തടസ്സങ്ങളും ഉണ്ടാകുന്നില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കാം.

ശ്രീ. ബി. സത്യൻ: സർ, 1969 കാലഘട്ടത്തിലാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ എസ്റ്റേറ്റുകളും ആരംഭിച്ചത്. അതിൽ പലതും ഇന്ന് പലരുടെയും കൈകളിലാണ്. ആ വ്യവസായ എസ്റ്റേറ്റുകളിലെ ചെറുകിട വ്യവസായകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ SIDCO-യാണ് ശേഖരിച്ചുകൊണ്ടിരുന്നത്. SIDCO അവരുടെ പ്രവർത്തനങ്ങൾ മാറ്റി കൺസ്ട്രക്ഷൻ മേഖലയിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്. SIDCO-യും തകർന്നു. ഈ സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഉല്പാദനം നടത്തുന്ന ഉല്പാദകരും കേന്ദ്രങ്ങളും ഏതാണ്ട് തകർച്ചയിലാണ്. സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽവരുന്ന സ്ഥലങ്ങളിലാണ് ഈ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വ്യവസായങ്ങൾക്ക് വൈദ്യുതിയും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്ന പദ്ധതിക്ക് രൂപം നൽകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ എസ്റ്റേറ്റുകൾ എന്നുപറഞ്ഞ് കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ ഏകദേശം 2,500 ഏക്കർ ഭൂമിയുണ്ട്. പല കാലങ്ങളിൽ ലീസിന് കൊടുത്തതും പട്ടയം നൽകിയതുമായ ഭൂമിയാണിത്. ഇവയുടെ കണക്ക് ലഭ്യമാക്കാനുള്ള ഒരു സംവിധാനമുണ്ടായിരുന്നില്ല. ഭൂമിയുടെ ഉടമസ്ഥാവകാശവും ഏരിയയെയും സംബന്ധിച്ച കൃത്യമായ വിവരം ശേഖരിക്കാനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങളിൽ അപൂർവ്വം ചിലതൊഴികെ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർ നല്ലരീതിയിൽ നടത്താനുള്ള പശ്ചാത്തല സൗകര്യങ്ങളും മറ്റും ഒരുക്കിക്കൊടുക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ചില വ്യവസായ എസ്റ്റേറ്റുകളിൽ റോഡുകളും മറ്റുസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. വെള്ളത്തിന്റെയും വൈദ്യുതിയുടെയും പ്രശ്നം വ്യവസായ എസ്റ്റേറ്റുകൾ നേരിടുന്നുണ്ടെന്ന് പറയാനാവില്ല. ഏതെങ്കിലും പ്രത്യേക പ്രശ്നം ഏതെങ്കിലും സ്ഥലത്തുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ വ്യവസായ വളർച്ചയ്ക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളുണ്ടാകുക എന്നുള്ളത് വളരെ പ്രധാനമാണ്. കേരളത്തിന്റെ വ്യവസായ വളർച്ചയുടെ തോത് പരിശോധിക്കുമ്പോൾ അത്തരം സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. പുതിയ കാലഘട്ടത്തിൽ കുറെ ഐ. ടി. പാർക്കുകളും മറ്റുമൊക്കെ സ്ഥാപിച്ചത് അതിന് ശക്തിപകരുന്ന നടപടിയാണ്. എന്നാൽ കഞ്ചിക്കോട് വ്യവസായമേഖലയെ എറണാകുളം വല്ലാർപാടം കണ്ടെയ്നറുമായി ബന്ധിപ്പിക്കുന്നതിന് ഒരു വ്യാവസായിക ഇടനാഴി സ്ഥാപിക്കുമെന്നും അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയെന്നുമൊക്കെ പല സന്ദർഭങ്ങളിൽ ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഏതുവരെയെത്തി; അത് എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ ഇത് ആദ്യത്തെ ചോദ്യത്തിന് മറുപടിയായി സഭയിൽ പറഞ്ഞതാണ്. അതിനാവശ്യമായ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെത്തുടർന്നാണ് സംസ്ഥാന ഗവൺമെന്റ് മറ്റുകാര്യങ്ങളിലേയ്ക്ക് പോകേണ്ടത്. ഈ കോറിഡോറിലുള്ള പ്രദേശങ്ങളിൽ വ്യവസായം തുടങ്ങാനാവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, വ്യവസായമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ടെക്സ്റ്റൈൽ കോർപ്പറേഷൻ. ടെക്സ്റ്റൈൽ മില്ലുകൾ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നംമൂലം അടച്ചുപൂട്ടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് തുറക്കാൻ സാഹചര്യമുണ്ടാക്കിയത് ആശ്വാസം പകരുന്നതാണ്. ടെക്സ്റ്റൈൽ മേഖല നവീകരിക്കാനും ഇന്ന് നേരിടുന്ന പ്രതിസന്ധി അതിജീവിക്കാനും ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി മണ്ഡലത്തിൽ കോട്ടയം ടെക്സ്റ്റൈൽസ് അടക്കമുള്ള സ്ഥാപനങ്ങൾ കൂടുതൽ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യമുണ്ട്. ഇതിനെ അതിജീവിച്ച് നല്ലനിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. അതിന് ഗവൺമെന്റ് മുൻഗണന കൊടുക്കുമോ; ടെക്സ്റ്റൈൽ മേഖല നവീകരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ടെക്സ്റ്റൈൽ മേഖലയിൽ സാങ്കേതികവിദ്യയുടെ നവീകരണം അനിവാര്യമാണ്. നോട്ട് നിരോധനംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി ടെക്സ്റ്റൈൽ മേഖലയെയും ബാധിച്ചിട്ടുണ്ട്. ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്തതും പ്രവർത്തന മൂലധനത്തിന്റെ അഭാവവും കാരണം വൈദ്യുതി ബോർഡിന് ധാരാളം കുടിശ്ശിക നൽകാനുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, കുടിശ്ശികയില്ലാതെ മാസംതോറും അടച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ വൈദ്യുതി വകുപ്പുമന്ത്രിയുടെ സഹായത്തോടുകൂടിയാണ് വൈദ്യുതി ലഭ്യമാക്കിയത്. ഇതിനാവശ്യമായ പ്രവർത്തനമൂലധനം സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. 15 കോടി രൂപ അഡീഷണലായി വീണ്ടും അനുവദിച്ചു. അതിന്റെ ഭാഗമായിട്ടാണ് 'Centralised Purchase Committee' രൂപീകരിച്ചത്. കോട്ടൺ വാങ്ങി മില്ലുകൾക്ക് കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടായതിന്റെ ഫലമായി ആ മേഖലയിൽ കോട്ടൺ വാങ്ങുന്നതിലുണ്ടായിരുന്ന തെറ്റായ പ്രവണതകൾ തിരുത്താൻ കഴിയും. ഓരോ മില്ലിനെക്കുറിച്ചും പഠിച്ച് പരിശോധിച്ച് അവിടെയുണ്ടാകേണ്ട നവീകരണം എന്താണെന്നും ആ മില്ലിനെ രക്ഷപ്പെടുത്തിയെടുക്കുന്നതിന് ഇപ്പോഴത്തെ പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും നിശ്ചയിക്കുന്നതിനും ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്ത മാസം കിട്ടിയാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഇവിടെ ബഡ്ജറ്റിലൂടെയും അല്ലാതെയും ആരംഭിക്കാൻ പോകുന്ന വ്യവസായങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇത് വ്യവസായികളെ ആകർഷിക്കുന്നതാണ്. എന്നാൽ ഒരു പ്രശ്നമുള്ളത്, എല്ലാ ലൈസൻസും ലഭിച്ച് പണം മുടക്കി വ്യവസായം ആരംഭിക്കുന്ന സമയത്ത് പരിസ്ഥിതിവാദികളെന്ന പേരുംപറഞ്ഞ് ചിലർ കോടികൾ മുടക്കിയ വ്യവസായത്തെ തടസ്സപ്പെടുത്തുകയാണ്. തെറ്റായിട്ടാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പേരിൽ നടപടി സ്വീകരിക്കണം. ശരിയായിട്ടാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെങ്കിൽ ഇതിനെ എതിർക്കുന്നവരുടെ പേരിൽ 'ക്രിമിനൽസ്' എന്ന നിലയിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഒരു വ്യവസായി എന്ന നിലയ്ക്ക് ശ്രീ. വി. കെ. സി. മമ്മത് കോയ വ്യവസായരംഗത്തുള്ള സജീവമായ ഒരു പ്രശ്നമാണ് ഉന്നയിച്ചത്. ലൈസൻസ് നൽകുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള നടപടികളെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. മലിനീകരണത്തിന്റെ ഭാഗമായി നാട്ടുകാരുടെ പ്രതിഷേധമുണ്ടാകുമ്പോൾ സ്റ്റോപ്പ് മെമ്മോ കൊടുക്കുന്ന സമീപനം പഞ്ചായത്ത് സ്വീകരിക്കാറുണ്ട്. ഇത്തരം കാര്യങ്ങളിൽ വ്യത്യസ്ത വകുപ്പുകളിലെ കാലതാമസം ഒഴിവാക്കാനും ഏകജാലക സംവിധാനത്തിലൂടെ കൃത്യമായി ഒരു കേന്ദ്രത്തിൽ നിന്നുതന്നെ പരമാവധി ഒരു മാസത്തിനുള്ളിൽ അനുമതി ലഭ്യമാക്കാനുമുള്ള നടപടികളെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിലൂടെ പ്രശ്നങ്ങൾ ലഘൂകരിക്കാനും വ്യവസായികളേയും സംരംഭകരേയും സഹായിക്കാനും സാധിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു).

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കയർ മേഖലയുടെ വികസനം

4(*334) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ ഗവൺമെൻറ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കയർ മേഖലയിൽ സ്വകാര്യ സംരംഭകരുടെ സഹകരണം ഇതിനായി പ്രയോജനപ്പെടുത്തുമോ;

(സി) കയറിൻെറ ആഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിനാവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്ന തരത്തിൽ സമഗ്ര പുനഃസംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംഭരണവും നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രയോജനപ്പെടുത്തും.

സർക്കാർ വിഭാവന ചെയ്യുന്ന ആധുനീകരണത്തിൽ സ്വകാര്യ സംരംഭകർക്ക് നിർണ്ണായകമായ പങ്കുണ്ടാകും. പുതിയ സംരംഭകരെയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളേയും കയർ മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതികൾ 2017-18 ബജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് 50% സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ അനുവദിച്ചുനൽകാനും അപ്രകാരം കയർ മേഖലയിൽ നമ്മുടെ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കാനും അതുവഴി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താമെന്നും കരുതുന്നു.

(സി) കയറിന്റെ ആഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്തുന്നതിനായി വിവിധ പ്രദർശനങ്ങളിലും ബയർ-സെല്ലർ മീറ്റുകളിലും പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർ ഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. കൂടാതെ 2017 സെപ്റ്റംബറിൽ 'കയർ കേരള' സംഘടിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## ട്രാൻസ് ഗ്രിഡ് പദ്ധതി

5(*335) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഭാവിയിലാവശ്യമുള്ള അധിക ഊർജ്ജം കൊണ്ടുവരുന്നതിനായുള്ള ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പുറത്ത് നിന്നും കരാർ ചെയ്തിട്ടുള്ള വൈദ്യുതി, പ്രസരണ ഇടനാഴിയിലെ നിബിഢത കൂടാതെ വിതരണം ചെയ്യുന്നതിന് ഈ പദ്ധതിയിൻ കീഴിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(സി) പദ്ധതിയുടെ പുരോഗതി സംബന്ധിച്ചും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്നത് സംബന്ധിച്ചും വ്യക്തമാക്കുമോ;

(ഡി) പദ്ധതിക്കുള്ള ധനസമാഹരണം ഏത് വിധത്തിലാണെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായി ലഭിക്കുന്നതും കേരളം വാങ്ങുന്നതുമായ അന്തർ സംസ്ഥാന വൈദ്യുതി കേരളത്തിലേയ്ക്ക് എത്തിക്കുവാൻ ഉയർന്ന ശേഷിയുള്ള പ്രസരണ ലൈനുകൾ ആവശ്യമുണ്ട്. സംസ്ഥാനത്തിന്റെ ഭാവിയിലെ ഉപഭോഗം നിറവേറ്റാനായി വേണ്ടിവരുന്ന അധിക ഊർജ്ജം കൊണ്ടുവരുന്നതിനായി കേരളത്തിന് 2000 മെഗാവാട്ടിന്റെ ഊർജ്ജ ഇടനാഴിയും മറ്റു ചില അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലേയ്ക്ക് അധിക വൈദ്യുതി എത്തിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റാനും സാധിക്കും. എന്നാൽ പുതിയ ഊർജ്ജ ഇടനാഴിയിലൂടെയും അന്തർ സംസ്ഥാന പ്രസരണ ലൈനുകളിലൂടെയും സംസ്ഥാനത്തിന് ലഭ്യമാകുന്ന അധിക വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് കേരളത്തിനുള്ളിൽ നിലവിലുള്ള പ്രസരണ ശൃംഖല സംവിധാനം അപര്യാപ്തമാണ്. ഈ പശ്ചാത്തലത്തിലാണ് മേല്പറഞ്ഞവയുടെ പ്രാധാന്യം കണക്കിലെടുത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയത്. വൈദ്യുതി ശൃംഖലയുടെ മൊത്തത്തിലുള്ള സ്ഥിരതയ്ക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. മലബാർ മേഖലയിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമത്തിനും ഊർജ്ജ ലഭ്യതയ്ക്കും ശാശ്വത പരിഹാരം എന്ന നിലയിൽ കൂടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറയിൽനിന്നും അരീക്കോട് വരെയും അരീക്കോടിൽനിന്ന് വയനാട് വഴി മൈലാട്ടി വരെയും 400 കെ.വി.യുടെ പ്രസരണ ശൃംഖല ഇതുവഴി നടപ്പിലാകും.

പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേക പാക്കേജുകളിൽ നടപ്പാക്കാനുള്ള തീരുമാനം എടുത്തിട്ടുള്ളതിനാൽ നിലവിലുള്ള തടസ്സങ്ങൾ പരമാവധി ഒഴിവാക്കിക്കൊണ്ടായിരിക്കും പദ്ധതി നടപ്പാക്കുക. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ പ്രസരണ നഷ്ടം കുറയുകയും അതുവഴി സാമ്പത്തികനഷ്ടം ഒഴിവാകുകയും ചെയ്യും. വൈദ്യുതി തടസ്സം ഗണ്യമായി കുറയും. വൈദ്യുതി കമ്മി ഇല്ലാതാക്കുക വഴി ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാകും. സംസ്ഥാനത്തെ വാണിജ്യ വ്യവസായിക പുരോഗതിക്ക് ആക്കംകൂട്ടുന്നതിന് വലിയ പ്രയോജനം ചെയ്യും. സംസ്ഥാനത്തിന് ഭാവിയിൽ ആവശ്യമായി വരുന്ന വൈദ്യുതി തടസ്സമില്ലാതെ കാര്യക്ഷമമായി എത്തിക്കുന്നതിനും സാധ്യമാകും. " ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും" എന്ന സംസ്ഥാന സർക്കാർ നയം നടപ്പാക്കുന്നതിന് ഈ പദ്ധതി സഹായകമാണ്. ഈ ബൃഹത് പദ്ധതി നടപ്പാക്കുക വഴി ധാരാളം അനുബന്ധ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

(ബി) പുറത്തുനിന്ന് കരാർ ചെയ്തിട്ടുള്ള വൈദ്യുതി പ്രസരണ ഇടനാഴിയിലെ നിബിഡത കൂടാതെ വിതരണം ചെയ്യുന്നതിന് ഈ പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള പ്രസരണ ലൈനുകളുടെ വോൾട്ടത/ശേഷി വർദ്ധിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം, സബ്സ്റ്റേഷനുകളുടെ നിർമ്മാണം/വോൾട്ടത വർദ്ധിപ്പിക്കൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. ഒന്നിലധികം നിലകളുള്ള ടവറുകളും ഇടനാഴിയിൽ ശേഷി കൂടിയ കണ്ടക്ടറുകളും ഘനംകുറഞ്ഞ ഇൻസുലേറ്ററുകളും ഉപയോഗിച്ച് നിലവിലുള്ള ഇടനാഴിയിലൂടെ വോൾട്ടത കൂടിയ വൈദ്യുതി പ്രവഹിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കേരളം പുനരുല്പാദന സ്രോതസ്സുകളിൽനിന്നും വലിയ തോതിൽ വൈദ്യുതി ഉല്പാദനം ലക്ഷ്യമിടുന്നു. ഈ സ്രോതസ്സുകളിൽനിന്നുമുള്ള വൈദ്യുതി പ്രസരണം ലക്ഷ്യമിട്ടുകൊണ്ട് ഗ്രീൻ കോറിഡോർ എന്ന നിലയിലുള്ള പുതിയ പ്രസരണ ശൃംഖല നിർമ്മിക്കുവാനും കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.എൽ. ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ രണ്ട് പ്രധാനഘട്ടങ്ങളിലായുള്ള വർക്കുകളും ഒരു ഹരിതോർജ്ജ ഇടനാഴി പദ്ധതിയും Down Stream ശൃംഖലയുടെ ശാക്തീകരണവുമായി തരംതിരിച്ചിരിക്കുന്നു.

ഇതിൽ ഒന്നാം ഘട്ട പദ്ധതിയിൽപ്പെട്ട വർക്കുകൾ 2017-20 കാലയളവിലും രണ്ടാം ഘട്ട പദ്ധതികൾ 2020-23-ഓടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ഹരിതോർജ്ജ ഇടനാഴിയുമായി ബന്ധപ്പെട്ട വർക്കുകൾ പുനരുല്പാദന സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജ ഉല്പാദന പദ്ധതികളുടെ പൂർത്തീകരണത്തോടെ സാക്ഷാത്ക്കരിക്കാനാണ് ലക്ഷ്യമിടുന്നത്.

ഒന്നാം ഘട്ട വർക്കുകളുടെയും രണ്ടാം ഘട്ട വർക്കുകളുടെയും അനുബന്ധമായി സബ്സ്റ്റേഷനുകളിൽ വരുന്ന ജോലികൾ 2019-2023 കാലയളവോടുകൂടി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി കെ.എസ്.ഇ.ബി.എൽ. ഒരു സ്പെഷ്യൽ ടീമിനെ (കെ.എസ്.ഇ.ബി.എൽ.-ന് ഉള്ളിൽത്തന്നെ) ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിവിധ ലൈൻ വർക്കുകളിലേയ്ക്കായി കോൺട്രാക്ടർമാരെ EoI (എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ്) വിളിച്ച് എംപാനൽ ചെയ്തു. വിവിധ ലൈൻ വർക്കുകളിലേയ്ക്കുള്ള കരാറുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സബ്സ്റ്റേഷനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(ഡി) പദ്ധതിയുടെ പ്രവർത്തനത്തിന് ഒന്നാം ഘട്ടത്തിൽ 4,745.77 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 1,629.60 കോടി രൂപയും ഹരിത ഊർജ്ജ ഇടനാഴി പദ്ധതിക്ക് 1,788 കോടി രൂപയുമാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്.

ഒന്നാം ഘട്ടം, രണ്ടാം ഘട്ടം വർക്കുകൾക്കാവശ്യമായ 6,375 കോടി രൂപയുടെ സാമ്പത്തിക സഹായം KIIFB-യുടെ "Special Investment Package-ൽ ഉൾപ്പെടുത്തി സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (കെ.എസ്.ഇ.ബി.എൽ.-ന് ഉള്ളിൽത്തന്നെ) KIIFB-ലേയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികളുടെ പരിണിതഫലമായി KIIFB-യുടെ സാമ്പത്തിക സഹായം ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹരിതോർജ്ജ ഇടനാഴിയുമായി ബന്ധപ്പെട്ട ജോലികൾക്കുള്ള 1,780 കോടി രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് MNRE-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒരു ഭാഗം സഹായമായും ബാക്കി വായ്പയായും ആണ് പ്രതീക്ഷിക്കുന്നത്. കൂടാതെ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിലുള്ള ചില പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 460 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ PSDF സ്കീമിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേമെന്റ് സംവിധാനം

6(*336) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു മേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനത്തിന്റെ സൗകര്യങ്ങൾമൂലം, സഹകരണ സംഘങ്ങളിലെ ഇടപാടുകൾ കൊഴിഞ്ഞുപോകുന്നത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേയ്മെന്റ് സംവിധാന സൗകര്യമൊരുക്കാൻ റിസർവ് ബാങ്കുമായി ആലോചിച്ച് കുറ്റമറ്റതായ ഒരു പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ എന്ന് വിശദമാക്കാമോ;

(സി) ഇത് സാധിച്ചില്ലെങ്കിൽ പ്രൈമറി ബാങ്കുകളിൽ ലോ കോസ്റ്റ് ഡെപ്പോസിറ്റ് ഇല്ലാത്ത അവസ്ഥ സംജാതമാകുന്നതുമൂലം ബാങ്കിന് വലിയ നഷ്ടം വരാനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതുമേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക്സ് ട്രാൻസ്ഫർ സംവിധാനങ്ങളായ Real Time Gross Settlement (RTGS), National Electronic Fund Transfer (NEFT) എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 30 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിനനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(ബി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെയാണ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേമെന്റ് സംവിധാനം നടപ്പിലാക്കുന്നത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കാർഡ് നൽകുന്നതിനുവേണ്ടിയുള്ള സർക്കുലർ നിർദ്ദേശം 17/2017-ാം നമ്പരായി സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാകുന്നതിനനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) കഴിയുന്നത്ര വേഗത്തിൽ പ്രാഥമിക ബാങ്കുകളെ കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. 30-3-2017-നകം പ്രാഥമിക ബാങ്കുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ ബാങ്കുകളിലെ ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ സമാഹരിക്കുന്നതിനുള്ള ഊർജ്ജിതശ്രമം നടത്തുന്നതാണ്.

**വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപം**

7 (*337) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപത്തോതിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; അർഹമായ വിഹിതം ലഭിക്കുന്നുണ്ടോ;

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് ഓരോ വർഷവുമുണ്ടായിരുന്ന കേന്ദ്ര നിക്ഷേപത്തോത് ഏതു വിധത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) അർഹമായ വിഹിതം ഇപ്പോഴും ലഭിക്കുന്നില്ലെങ്കിൽ അതു വർദ്ധിപ്പിച്ചു കിട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) വ്യവസായ വികസന ഭൂമിയിൽ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര നിക്ഷേപം ലഭിച്ചിട്ടില്ല.

(ബി) മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായ MSE-CDP പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് 9 പദ്ധതി രേഖകൾ സമർപ്പിക്കുകയുണ്ടായി. കേന്ദ്ര നിക്ഷേപത്തോത് സംബന്ധിച്ച് അടിസ്ഥാന സൗകര്യ വികസന മേഖലയെ വിപുലീകരിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ MSE-CDP പദ്ധതി പ്രകാരം 40% തുക സംസ്ഥാന സർക്കാരും 60% തുക കേന്ദ്ര സർക്കാരും വഹിക്കുന്നു. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ നിലവിലുള്ള സംസ്ഥാനത്തെ ഡെവലപ്മെന്റ് പ്ലോട്ട്/ഏരിയകളിൽ വേളി (തിരുവനന്തപുരം), കഞ്ചിക്കോട് (പാലക്കാട്), പൂവൻതുരുത്ത് (കോട്ടയം) അത്താണി, വരവൂർ (തൃശ്ശൂർ), എടയാർ (എറണാകുളം), താമരശ്ശേരി (കോഴിക്കോട്), അരൂർ (ആലപ്പുഴ), അനന്തപുരം (കാസർഗോഡ്) എന്നീ 9 DA/DP-കളുടെ നവീകരണത്തിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അത്താണി ഒഴികെയുള്ളവയുടെ പദ്ധതിച്ചെലവ് 10 കോടി രൂപ വീതമാണ്. അത്താണിയിലെ പദ്ധതിച്ചെലവ് 8.35 കോടി രൂപയാണ്. ഇതിൽ എടയാർ (എറണാകുളം), പൂവൻതുരുത്ത് (കോട്ടയം) എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

വിവിധ ക്ലസ്റ്ററുകളിലേയ്ക്ക് കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ MSE-CDP പദ്ധതി പ്രകാരം ഓരോ വർഷവും ലഭിച്ച കേന്ദ്രനിക്ഷേപത്തോത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്:

| വർഷം | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക (രൂപ) |
|---|---|
| 2011-12 | 1,20,96,000 |
| 2012-13 | 52,56,676 |
| 2013-14 | 100,00,000 |
| 2014-15 | 163,44,800 |
| 2015-16 | ലഭിച്ചിട്ടില്ല |
| 2016-17 (മേയ് 2016 വരെ) | 3,97,21,400 |

മുൻ സർക്കാരിന്റെ കാലത്ത് കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ പദ്ധതിയായ ASIDE (Assistance to States for Developing Export Infrastructure and Allied Activities) പ്രകാരം നോഡൽ ഏജൻസിയായിരുന്ന കിൻഫ്രയ്ക്ക് ഓരോ കാലയളവിൽ ലഭിച്ച തുക താഴെ കൊടുത്തിരിക്കുന്നു:

| | (Rs. In lakhs) |
|---|---|
| 2011-12 | 926.00 |
| 2012-13 | 831.00 |
| 2013-14 | 1,047.00 |
| 2014-15 | 1,047.00 |
| 2015-16 | 1,000.00 |

ഈ പദ്ധതി പിന്നീട് കേന്ദ്ര സർക്കാർ നിർത്തലാക്കുകയുണ്ടായി.

ബി.പി.സി.എൽ., കൊച്ചി റിഫൈനറിയുടെ എണ്ണ ശുദ്ധീകരണ ശേഷി 9.5 ദശലക്ഷം ടണ്ണിൽനിന്നും 15.5 ദശലക്ഷം ടണ്ണായി വികസിപ്പിക്കുന്നതിനും ഇതിനോടൊപ്പം ഒരു പെട്രോകെമിക്കൽ complex സ്ഥാപിക്കുന്നതിനും 20,000 കോടി രൂപ മുതൽമുടക്ക് വരുന്ന പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങുകയുണ്ടായി. ഈ പദ്ധതിയുടെ പൂർത്തീകരണഘട്ടം നടക്കുകയാണ്.

ഗെയിൽ ഇന്ത്യയുടെ 4,500 കോടി രൂപ മുതൽമുടക്ക് വരുന്ന പ്രകൃതി വാതക വിതരണ പൈപ്പ് ലൈൻ ശൃംഖലയുടെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങുകയുണ്ടായി. ആദ്യഘട്ടത്തിൽ എറണാകുളം ജില്ലയിലെ പൈപ്പ് ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു പ്രവൃത്തികൾ നടന്നുവരുന്നു.

കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 50 കോടി രൂപ കേന്ദ്രസഹായത്തോടെ 130 കോടി രൂപ ചെലവിൽ മറൈൻ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

കൂടാതെ കേന്ദ്രസഹായത്തോടെ കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ 4,200 കോടി രൂപ ചെലവിൽ 2013-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(സി) തത്വത്തിൽ അംഗീകരിക്കപ്പെട്ടവ ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരിൽനിന്നും അനുവദിച്ച തുക ലഭിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകളും നടത്തുന്നുണ്ട്.

കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകാറുണ്ട്. ഇതുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്ര താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്:

1. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
2. ഫുഡ് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്
3. ഫാർമ പാർക്ക്, എറണാകുളം

**ഓൺലൈൻ വ്യാപാരം**

8(*338) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ വ്യാപാരം, ടെലിഷോപ്പിംഗ് എന്നിവ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വ്യാപാരികൾ സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷനോ പുതുതായി ജി.എസ്.റ്റി. രജിസ്ട്രേഷനോ എടുത്തിട്ടുണ്ടോ;

(സി) ആമസോൺ, ഫ്ലിപ്പ്കാർട്ട് തുടങ്ങിയ വൻകിട ഓൺലൈൻ വ്യാപാരികളും ഫോൺ വഴി ഓർഡർ സ്വീകരിച്ച് ചരക്കുകൾ വീട്ടിലെത്തിക്കുന്നവരും സംസ്ഥാനത്ത് നടത്തുന്ന വ്യാപാരത്തിന്റെ മതിപ്പ് കണക്ക് എത്രയാണ്; ഇവർ സംസ്ഥാനത്തിന് നികുതി നൽകാൻ ബാധ്യസ്ഥരാണോ;

(ഡി) സംസ്ഥാനത്തിനു വെളിയിൽ നിന്നുള്ള വ്യാപാരികൾ സംസ്ഥാനാതിർത്തിക്കു പുറത്തുനടത്തുന്ന വിൽപ്പനയായതിനാൽ ഇതിന്റെ നികുതി

സംസ്ഥാനത്തിന് ലഭിക്കുമോ; സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഇത്തരത്തിൽ പ്രതികൂലമായി ബാധിക്കുന്നത് തടയാൻ മാർഗ്ഗമുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിനകത്തുനിന്നും പ്രവർത്തിക്കുന്ന ഓൺലൈൻ വ്യാപാരികൾ വാറ്റ് രജിസ്ട്രേഷൻ എടുക്കുന്നുണ്ട്. സംസ്ഥാനത്തിനു പുറത്തുനിന്നും പ്രവർത്തിക്കുന്ന കമ്പനികൾ കേന്ദ്ര വിൽപ്പന നികുതി നിയമ പ്രകാരം ഏത് സംസ്ഥാനത്തു നിന്നാണോ വിൽപ്പന നടത്തുന്നത് ആ സംസ്ഥാനത്താണ് രജിസ്ട്രേഷനെടുത്ത് നികുതി അടയ്ക്കേണ്ടത്.

(സി) 2014, 2015, 2016 വർഷങ്ങളിൽ കേരളത്തിൽ നടന്നതായി കണക്കാക്കപ്പെട്ട ഓൺലൈൻ വ്യാപാരത്തിന്റെ ഏകദേശ വിറ്റുവരവ് യഥാക്രമം 1,170, 1,755, 2,633 കോടി രൂപയാണ്. ഓൺലൈൻ വ്യാപാരികൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് നടത്തുന്ന വില്പനയിൽ ഇപ്പോൾ നികുതി നൽകാൻ ബാദ്ധ്യസ്ഥരല്ല.

(ഡി) ഓൺലൈനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് നടത്തുന്ന വില്പനയിൽ, അത്തരം സാധനങ്ങൾക്ക് അതാത് സംസ്ഥാനത്ത് നിലവിലുള്ള നിരക്കിൽ CST ഈടാക്കുകയാണ് ചെയ്യുന്നത്. ഈ വരുമാനം വിൽപ്പന നടത്തുന്ന സംസ്ഥാനങ്ങൾക്ക് മാത്രമാണ് ലഭ്യമാകുക. ഓൺലൈനായി നടക്കുന്ന വിൽപ്പന കൂടുതലും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളതാകയാൽ ഇത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എന്നാൽ ഇത്തരം വ്യാപാരം നിയമംമൂലം തടയാൻ സംസ്ഥാനത്തിന് കഴിയുകയില്ല.

## 2016-17-ലെ ഇടക്കാല ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

9(*339) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ മതിയായ വിഭവ പിന്തുണയില്ലാത്തതു കൊണ്ട് നടപ്പാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാരണത്താൽത്തന്നെ വാർഷിക പദ്ധതി നടത്തിപ്പിൽ മാന്ദ്യമുണ്ടായിട്ടുണ്ടോ;

(സി) 2016-17-ലെ ഇടക്കാല ബജറ്റിൽ പ്രഖ്യാപിച്ച എത്ര പദ്ധതികൾ ഈ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) പദ്ധതി നിർവ്വഹണത്തിന് വിഭവ പിന്തുണയില്ലാത്ത സാഹചര്യം നിലവിലില്ല. 2016-17 സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം വിഭവ സമാഹരണത്തിലുണ്ടായ ഇടിവ് പദ്ധതി വിനിയോഗത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. നോട്ട് നിരോധനംമൂലം പദ്ധതി പ്രവർത്തനങ്ങളിൽ ബാധിച്ച പ്രശ്നങ്ങളേയും ബജറ്റ് വിഹിതത്തിലുള്ള പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മുടങ്ങിയതുവഴിയുണ്ടായ നഷ്ടത്തേയും സംബന്ധിച്ച് സർക്കാർ വിശദമായ കണക്കുകൂട്ടൽ നടത്തിയിട്ടില്ല.

(സി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**മുദ്രപ്പത്രങ്ങളുടെ വിതരണം ട്രഷറി മുഖാന്തിരമാക്കാൻ നടപടി**

10(*340) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരന്തര ആവശ്യങ്ങൾക്കുള്ള 20, 50, 100 രൂപയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യംമൂലം അത്യാവശ്യക്കാരായ സാധാരണക്കാർ 500 രൂപയുടെ മുദ്രപ്പത്രം വാങ്ങാൻ നിർബ്ബന്ധിതരാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിനകത്ത് എല്ലാ ജില്ലകളിലും മുദ്രപ്പത്രങ്ങളുടെ വിതരണച്ചുമതല ഏത് ഡിപ്പോയിലാണെന്നും പ്രസ്തുത ഡിപ്പോയിൽ മുദ്രപത്രങ്ങളുടെ നിലവിലെ ലഭ്യത എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലും മുദ്രപ്പത്രങ്ങളുടെ വിതരണത്തിന് ട്രഷറി മുഖാന്തിരം സൗകര്യം ഒരുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഇല്ല.

(ബി) 20, 50, 100 രൂപയുടെ മുദ്രപ്പത്രങ്ങൾക്ക് പകരമായി 500 രൂപയുടെ മുദ്രപ്പത്രം വാങ്ങി ഉപയോഗിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) സംസ്ഥാനത്തിന് ആവശ്യമായ മുദ്രപ്പത്രങ്ങളുടെ ശേഖരണവും വിതരണവും നടത്തുന്നത് തിരുവനന്തപുരത്തുള്ള സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ ആണ്. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ ഇപ്പോൾ എല്ലാ ഡിനോമിനേഷനിലുമുള്ള മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുണ്ട്.

(ഡി) ട്രഷറികൾ മുഖേനയാണ് മുദ്രപ്പത്ര വിതരണം നടന്നുവരുന്നത്.

### എസ്.ബി.ടി.- എസ്.ബി.ഐ. ലയനം

11(*341) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ചെറിയ ബാങ്കായ എസ്.ബി.ഐ, വലിയ ബാങ്കായ എസ്.ബി.ടി.യെ പിടിച്ചെടുക്കാനുള്ള നീക്കം നടത്തുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ നിക്ഷേപ സമ്പാദ്യങ്ങളെ ലയന നടപടി ബാധിക്കാതിരിക്കാൻ ബദൽ മാർഗ്ഗങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) എസ്.ബി.ഐ.-എസ്.ബി.ടി. ലയനത്തിനെതിരെ Save SBT Forum ഫയൽ ചെയ്ത WP(C) No. 28770/2016 കേസിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ എസ്.ബി.ഐ.-എസ്.ബി.ടി. ലയനം സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങളെ ബാധിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

കർഷകർക്ക് കുറഞ്ഞ നിരക്കിലുള്ള വായ്പ നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വളർച്ചയിൽ ഗണ്യമായ ഒരു പങ്കാണ് എസ്.ബി.ടി. വഹിക്കുന്നത്. എസ്.ബി.ടി. സംസ്ഥാന സർക്കാരുമായി സഹകരിച്ച് കാർഷിക, സഹകരണ, സ്വയംതൊഴിൽ തുടങ്ങിയ മേഖലകൾക്കുള്ള വായ്പകളിന്മേലുള്ള സബ്സിഡികൾ നൽകിവരുന്നു. കൂടാതെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതും എസ്.ബി.ടി.-യാണ്. അതിലുപരി, മറ്റ് ബാങ്കുകളെ അപേക്ഷിച്ച് സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് വായ്പകൾ നൽകുന്നത് പ്രധാനമായും എസ്.ബി.ടി. ആണ്. ശ്രദ്ധേയമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം, സ്കോളർഷിപ്പ് സ്കീം തുടങ്ങിയ സ്കീമുകളും DBT മുഖേനയുള്ള പ്രധാനപ്പെട്ട എല്ലാ സാമ്പത്തിക ഇടപാടുകളും സംസ്ഥാന സർക്കാർ എസ്.ബി.ടി. മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ എസ്.ബി.ഐ.-എസ്.ബി.ടി. ലയനം ഇത്തരത്തിലുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നു. സംസ്ഥാനത്ത് ലഭിക്കുന്ന മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനവും കാർഷിക, വ്യവസായ, വിദ്യാഭ്യാസ മേഖലകൾക്ക് വായ്പയായി നൽകുന്നതിനാൽ ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നു. പ്രാദേശികമായ വികസന താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന എസ്.ബി.ടി. പോലുള്ള ബാങ്ക് ദേശീയ താൽപ്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ബാങ്കായി മാറുന്നത് സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

(ബി) സംസ്ഥാനത്തിന്റെ നിക്ഷേപ സമ്പാദ്യങ്ങളെ ലയന നടപടി ബാധിക്കുമെന്ന് കരുതുന്നില്ല.

## ചരക്ക് സേവന നികുതി

12(*342) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സംസ്ഥാനത്തെ ലോട്ടറി മേഖലയെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ചരക്ക് സേവന നികുതി നടപ്പിൽ വരുമ്പോൾ സംസ്ഥാനത്ത് നിരോധിച്ച ലോട്ടറികൾ തിരികെ വരുന്ന സാഹചര്യമുണ്ടാകുമോ;

(സി) ലോട്ടറി മേഖലയെ ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) സംസ്ഥാന ലോട്ടറിയെ സേവന നികുതിയിൽ നിന്ന് ഒഴിവാക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഭരണഘടനയുടെ 101-ാം ഭേദഗതിയിലൂടെ ദേശവ്യാപകമായി ഏകീകൃത നികുതി സമ്പ്രദായം (Goods and Service Act) നിലവിൽ വരുന്നതോടുകൂടി Kerala Tax on Paper Lotteries Act 2005 - GST യിൽ ലയിക്കുകയും പ്രസ്തുത ആക്ട് കാലഹരണപ്പെടുകയും ചെയ്യും. സംസ്ഥാന ലോട്ടറി കേന്ദ്ര ലോട്ടറി നിയമത്തിന് വിധേയമായാണ് സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പ് വരുത്താൻ സംസ്ഥാന സർക്കാരിനുള്ള ഒരു ഉപാധി ഈ നിയമമാണ്. പ്രസ്തുത നിയമം ഇല്ലാതാകുന്നത് അതീവ ഗൗരവമുള്ള സാഹചര്യമാണ്.

(ബി&സി) ഈ സാഹചര്യം ഒഴിവാക്കുന്നതിനായി സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരപരിധിയിൽ നിന്നുകൊണ്ടുള്ള ഒരു പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) നിലവിൽ ലോട്ടറി ടിക്കറ്റുകൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായത്തിലൂടെ (number of tickets printed X face value/10 lakh) X 12,800) സേവന നികുതി കണക്കാക്കി സെസ് തുക കൂടി ചേർത്ത് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് മുഖേന സർവ്വീസ് ടാക്സ് ഒടുക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഇതിലേയ്ക്കായി ഏജന്റുമാരിൽനിന്നും ടിക്കറ്റുകളുടെ ആകെ മുഖവിലയുടെ 1.6% സേവന നികുതി ഇനത്തിൽ ഈടാക്കി വരുന്നുണ്ട്. 500, 1,000 രൂപയുടെ നോട്ടുകൾ കേന്ദ്രസർക്കാർ നിരോധിച്ച സാഹചര്യത്തിൽ ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിൽ വൻ ഇടിവ് ഉണ്ടായി. ഈ സാഹചര്യത്തിൽ ടിക്കറ്റ് വിൽപ്പന നടത്തുന്ന ഏജന്റുമാർക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടായി. ആയതിനാൽ ഡീമോണിറ്റൈസേഷൻ കാലയളവിലെ ലോട്ടറി ടിക്കറ്റിന്മേലുള്ള സേവന നികുതി ഒഴിവാക്കിത്തരണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## നിക്ഷേപം വർദ്ധിപ്പിക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുവാനും പദ്ധതി

13(*343) ഡോ. എം. കെ. മുനീർ :

ശ്രീ. എം. ഉമ്മർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപം വർദ്ധിപ്പിക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും മുൻസർക്കാർ ആസൂത്രണം ചെയ്തു നടപ്പാക്കിയ വ്യവസായ പദ്ധതികളിൽ ഏതെങ്കിലും ഈ സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇതേ ലക്ഷ്യങ്ങൾക്കുവേണ്ടി ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) സംസ്ഥാനത്തെ നിക്ഷേപം വർദ്ധിപ്പിക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുമുള്ള പുതിയ പദ്ധതികൾ സർക്കാരിന്റെ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

നേരത്തെ നിലവിലുണ്ടായിരുന്ന പദ്ധതികൾ വിജയകരമായ രീതിയിൽ നടപ്പിലാക്കുന്നതോടൊപ്പം താഴെപ്പറയുന്ന പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്:

1. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സുപ്രധാനമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്.
2. വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ഈ വർഷം ഫെബ്രുവരി 2 മുതൽ 4 വരെ വ്യാപാർ 2017 എന്നൊരു ബി 2 ബി പദ്ധതി നടത്തുകയുണ്ടായി.

3. കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി കർഷകരുടേയും വ്യവസായ സംരംഭകരുടേയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി അഗ്രോ ഫുഡ് പ്രൊ ഈ വർഷം ഫെബ്രുവരി 5 മുതൽ 7 വരെ എറണാകുളത്തുവച്ച് സംഘടിപ്പിക്കുകയുണ്ടായി.

4. കേരളത്തിന്റെ വ്യവസായ ഉൽപ്പന്നങ്ങളെ ദേശീയ- അന്തർദ്ദേശീയതലത്തിൽ പരിചയപ്പെടുത്തുന്നതിനുവേണ്ടി വിവിധ എക്സിബിഷനുകൾ നടത്തി.

5. പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും മാനേജീരിയൽ, ടെക്നിക്കൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു. സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭക ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വം വളർത്തുന്നതിനുള്ള പരിപാടികൾ നടത്തുന്നു.

കൂടാതെ കിൻഫ്ര മുഖേന താഴെപ്പറയുന്ന പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ
2. വ്യവസായ പാർക്ക്, മട്ടന്നൂർ
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം
5. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്
8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ
9. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം
10. ഫിലിം& വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട വികസനം

11. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം

12. ഫുഡ് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്.

ഇവയിൽ മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ എന്നിവ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളാണ്. ഈ 3 പദ്ധതികൾക്കും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

**സഹകരണ മേഖലയുടെ വികസനം**

14(*344) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം നൂതന പദ്ധതികളാണ് ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) മുൻ സർക്കാർ നടപ്പാക്കിയ ഏതെല്ലാം പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സഹകരണ മേഖലയുടെ വികസനത്തിന് ഇനിപ്പറയുന്നവ നടപ്പിലാക്കാനുദ്ദേശിക്കുന്നു:

1. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കോർ ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടിയ 'കേരള സഹകരണ ബാങ്ക്' രൂപീകരിക്കും.

2. ന്യായമായ വിലയ്ക്ക് ഉപഭോഗ വസ്തുക്കളും മരുന്നുകളും വിതരണം ചെയ്യുന്നതിനായി കൂടുതൽ നീതി സ്റ്റോറുകളും നീതി മെഡിക്കൽ

സ്റ്റോറുകളും ആരംഭിക്കുകയും തിരഞ്ഞെടുക്കപ്പെട്ട 'നീതി സ്റ്റോറുകൾ' നീതി സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും പരിഗണിച്ചുവരുന്നു.

3. കൺസ്യൂമർ ക്രെഡിറ്റ് കാർഡ് പദ്ധതി നടപ്പിലാക്കി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലാണ്.

4. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സഹായത്തോടെ പ്രതിവർഷം 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭക യൂണിറ്റുകളുടെ സാദ്ധ്യത പരിശോധിച്ചുവരുന്നു.

5. വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടെ വിനോദ സഞ്ചാര മേഖലയിലെ വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

6. പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ആയുർധാര ഉൽപ്പന്നങ്ങൾ ഒരു സവിശേഷ ബ്രാന്റായി വികസിപ്പിക്കുകയും ചെയ്ത് നീതി ശൃംഖലകൾവഴി വിപണനം നടത്തുന്ന പദ്ധതി പരിഗണനയിലാണ്.

7. പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ പുനഃസംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യും. സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായിട്ടായിരിക്കും ഈ നടപടി സ്വീകരിക്കുക.

8. സഹകരണ മേഖലയിൽ കേരളത്തിലെ ഏറ്റവും വലിയ വാണിജ്യ സ്ഥാപനങ്ങളിൽ ഒന്നായ റബ്കോ പുനരുദ്ധരിക്കുന്നതിന് ഒരു സ്കീം തയ്യാറാക്കുന്നതാണ്.

(ബി) മേൽ പരാമർശിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇവയിൽ നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവയൊഴികെയുള്ള മറ്റെല്ലാ പദ്ധതികളും നൂതന പദ്ധതികളാണ്.

(സി) മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളൊന്നുംതന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള പദ്ധതിയിലുൾപ്പെട്ടിട്ടില്ല.

## സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ

15(*345) ശ്രീ. ആന്റണി ജോൺ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുകയും ഡിജിറ്റൽ സംരംഭങ്ങൾ കൂടുതൽ സഹകരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ മേഖലയിലെ ഓഡിറ്റ് കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉപഭോക്താക്കളുടെ സൗകര്യത്തിനായി കൺസ്യൂമർ ക്രെഡിറ്റ് കാർഡ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതുമേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ RTGS, NEFT എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS)30 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെയാണ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പേമെന്റ് സംവിധാനം നടപ്പിലാക്കുന്നത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കാർഡ് നൽകുന്നതിനുവേണ്ടിയുള്ള സർക്കുലർ നിർദ്ദേശം 17/2017-ാം നമ്പരായി സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയിലെ ആഡിറ്റ് കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആഡിറ്റ് സർട്ടിഫിക്കറ്റ്, ആഡിറ്റ് മെമ്മോറാണ്ടം എന്നിവ ഓൺലൈൻ ആയി നൽകുന്നതിന് സോഫ്റ്റ്‌വെയർ യൂസർ ഡിഫൈൻഡ് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ സി.ഡിറ്റ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുകയും സോഫ്റ്റ്‌വെയർ വികസനത്തിന് ടി സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ആഡിറ്റ് പുരോഗതി ഓൺലൈൻ ആയി ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി വരുന്നു. വായ്പ/വായ്പാ ഇതര സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ ആഡിറ്റ് റിപ്പോർട്ട് ഓൺലൈൻ ആയി തയ്യാറാക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുന്നതിന് C-DIT മുഖേന നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ മാനുവലായി തയ്യാറാക്കി സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന അംഗീകരിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ യൂണിറ്റ് ആഡിറ്റർമാർക്ക് ആഡിറ്റ് റിപ്പോർട്ട് എക്സൽ ഷീറ്റിൽ തയ്യാറാക്കി പ്രിന്റ് ചെയ്ത് ആഡിറ്റ് സർട്ടിഫിക്കറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ലാപ് ടോപ്പുകൾ നൽകിയിട്ടുണ്ട്.

(സി) ഐ.റ്റി. വകുപ്പിന്റെ സഹായത്തോടുകൂടി നിലവിലുള്ള ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ഓൺലൈൻ ഇ.കോമേഴ്സ് വ്യാപാരം ശക്തിപ്പെടുത്തുന്നതിനും ആലോചിച്ചുവരുന്നു. സ്റ്റാർട്ട് അപ്പ് കമ്പനികളുടെ സഹായത്തോടുകൂടി യൂസർ ഫ്രണ്ട്‌ലി ആയ ആപ്ലിക്കേഷൻ ഉണ്ടാക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെകൂടെ കൺസ്യൂമർ ക്രെഡിറ്റ് സംവിധാനവും നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. കറൻസി നോട്ടുകൾ പിൻവലിച്ച വേളയിൽ ക്രെഡിറ്റ് കാർഡിന് സമാനമായി ക്രെഡിറ്റ് കൂപ്പൺ കൺസ്യൂമർഫെഡ് ഇറക്കിയിരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ഐ.റ്റി. മേഖലയിലെ പുരോഗതി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്.

**നോട്ട് അസാധുവാക്കൽ**

16(*346) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കലിനെ തുടർന്ന് ഏതെല്ലാം നികുതി വിഭാഗങ്ങളിലാണ് ന്യൂനവളർച്ച ഏറ്റവും കൂടുതലായി കാണപ്പെട്ടത്;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക ആസൂത്രണ പ്രവർത്തനങ്ങളെ ഇത് കൂടുതലായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) വ്യാപാരമേഖലയിലുണ്ടായ ഇടിവ് മൂലം വാണിജ്യ നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെയും പ്രസ്തുത വരുമാന നഷ്ടം വലിയതോതിൽ ബാധിക്കുമെന്നിരിക്കെ, ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് അസാധുവാക്കലിനെ തുടർന്ന് വിവിധ നികുതി വിഭാഗങ്ങളിലെ ന്യൂന വളർച്ച സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വാണിജ്യ നികുതി വകുപ്പ്

സംസ്ഥാനത്ത് നോട്ട് നിരോധനത്തെത്തുടർന്ന് വാണിജ്യ നികുതി മേഖലയിൽ 2016 ഡിസംബർ മാസത്തിൽ മുൻ കൊല്ലത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2% നെഗറ്റീവ് ഗ്രോത്താണ് രേഖപ്പെടുത്തിയത്. 19% വളർച്ച പ്രതീക്ഷിച്ച സ്ഥാനത്താണ് ഈ കുറവുണ്ടായത്.

രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിൽ 2016 നവംബർ മുതൽ 2017 ജനുവരി വരെ നികുതി വരുമാനത്തിൽ 839.40 കോടി രൂപ പ്രതീക്ഷിച്ചതിൽ 527.6 കോടി രൂപയുടെ വരുമാനമാണ് ലഭിച്ചത്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽനിന്നും 311.80 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്

മോട്ടോർ വാഹന വകുപ്പിൽ നോട്ട് നിരോധനം വന്നതിനുശേഷം വാഹന രജിസ്ട്രേഷനിൽ മുൻ വർഷത്തെ അപേക്ഷിച്ച് 10.5% കുറവുണ്ട്. തന്മൂലം വാഹന രജിസ്ട്രേഷൻ മുഖേനയുള്ള പ്രതീക്ഷിത വരുമാനത്തിൽ 2016 ഡിസംബറിൽ 11.59% വും 2017 ജനുവരിയിൽ 1.6% വും കുറവുണ്ടായിട്ടുണ്ട്.

ലാന്റ് റവന്യൂ വകുപ്പ്

ലാന്റ് റവന്യൂ വകുപ്പിലെ പ്രധാന നികുതിയിനമായ അടിസ്ഥാന ഭൂനികുതിയിൽ 2016 ജനുവരി 31-ന് 115.33 കോടി രൂപ വരുമാനം ലഭിച്ച

സ്ഥാനത്ത് 2017 ജനവരി 31-ന് 56.48 കോടി രൂപ മാത്രമാണ് നികുതിയിനത്തിൽ ലഭിച്ചിട്ടുള്ളത്. ഈ ഇനത്തിൽ 58.85 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റു നികുതികളിൽ 2016 ജനവരി 31 വരെയുള്ള വരുമാനം 31.94 കോടി രൂപയും 2017-ൽ ഇതേ കാലയളവിലെ നികുതി വരുമാനം 31.07 കോടി രൂപയുമാണ്. അതായത് പ്രസ്തുത നികുതിയിനത്തിലും 0.87 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

എക്സൈസ് വകുപ്പ്

നോട്ട് നിരോധനം നിലവിൽ വന്നതിനുശേഷം 2016 നവംബർ 9 മുതൽ 2017 ഫെബ്രുവരി 28 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 729.28 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 580.58 കോടി രൂപയുമാണ്. ടി കാലയളവിൽ പ്രതീക്ഷിച്ച വരുമാനത്തിൽ 148.71 കോടി രൂപയുടെ കുറവുണ്ടായി.

(ബി) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വന്ന കുറവ് സാമ്പത്തിക ആസൂത്രണ പ്രവർത്തനങ്ങളെ കൂടുതലായി ബാധിക്കാതിരിക്കാനും ഇതിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.
5. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതിച്ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

12. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ (സി) ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

13. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

14. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

15. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കുകയും റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്.

16. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.

17. വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

18. നോട്ട് അസാധുവാക്കൽമൂലം നികുതി വരുമാനം കുറയുന്നത് പരിഹരിക്കുന്നതിനായി രജിസ്ട്രേഷൻ ഫീസ് ഡി.ഡി. ആയി സ്വീകരിക്കുന്നതിന് അനുമതി നൽകി.

19. മോട്ടോർ വാഹന വകുപ്പിൽ ഫീസ്, ടാക്സ് എന്നിവ അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

(സി) സംസ്ഥാനത്ത് നോട്ട് നിരോധനത്തെ തുടർന്ന് വാണിജ്യ നികുതി മേഖലയിൽ 2016 ഡിസംബർ മാസത്തിൽ മുൻ കൊല്ലത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2% നെഗറ്റീവ് ഗ്രോത്താണ് രേഖപ്പെടുത്തിയത്. 19% വളർച്ച പ്രതീക്ഷിച്ച സ്ഥാനത്താണ് ഈ കുറവുണ്ടായത്.

(ഡി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മേൽ സൂചിപ്പിച്ച അടിയന്തര നടപടികൾ സ്വീകരിച്ചതിനുപുറമേ പശ്ചാത്തല സൗകര്യ മേഖലയിൽ അനിവാര്യമായ മൂലധനച്ചെലവിനുള്ള പണം കണ്ടെത്തുന്നതിലേയ്ക്കായി 'കിഫ്ബി' പോലുള്ള പ്രത്യേക നിക്ഷേപ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ മുൻകയ്യെടുത്തിട്ടുണ്ട്. ഇതിനായി സമഗ്രമായ നിയമനിർമ്മാണം പൂർത്തീകരിക്കുകയും സാർവ്വത്രിക അംഗീകാരമുള്ള വിദഗ്ദ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിന് രൂപം നൽകുകയും ചെയ്തു. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.

**നോട്ട് നിരോധനംമൂലം സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി**

17(*347) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടു നിരോധനവുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിൽ

ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രതിസന്ധികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ ഭരണ സമിതികളുടെ കാലാവധി നീട്ടി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി ഒരു പരിധിവരെ മറികടക്കുന്നതിന് സാധിച്ചിട്ടുണ്ട്. നോട്ട് നിരോധന കാലയളവിൽ നോട്ട് പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി ആവശ്യമായ നിർദ്ദേശങ്ങൾ സഹകരണ സംഘങ്ങൾക്ക് നൽകിയിരുന്നു. പ്രാഥമിക സഹകരണ സംഘത്തിൽ/ബാങ്കിൽ അക്കൗണ്ടുള്ള ഇടപാടുകാരന് കെ.വൈ.സി. (ഇടപാടുകാരെ അറിയൽ) മാനദണ്ഡം പാലിച്ച് അടുത്തുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ശാഖയിൽ (പ്രാഥമിക സഹകരണ സംഘത്തിന് അക്കൗണ്ടുള്ള ശാഖയിൽ) സീറോ ബാലൻസ് അക്കൗണ്ട് ആരംഭിച്ച് ഇടപാടുകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കാര്യക്ഷമതയും ഇടപാടുകളുടെ കൃത്യതയും ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഡിജിറ്റലൈസേഷൻ നടപടികൾ ഊർജ്ജിതപ്പെടുത്തിവരുന്നു.

(ബി) സഹകരണ നിയമ വ്യവസ്ഥപ്രകാരമാണ് സഹകരണ സംഘങ്ങളിലെ ഭരണസമിതികളുടെ കാലാവധി നിശ്ചയിക്കുന്നത്.

## സഹകരണ മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ

18(*348) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ട് അസാധുവാക്കലിന്റെ അനന്തര ഫലമായി സഹകരണ മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി സഹകരണ ബാങ്കുകളിലേക്ക് നിക്ഷേപം ആകർഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് ഗ്യാരന്റി ലഭ്യമാക്കുകയും ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പി.എ.സി.എസ്.ന്റെ സഹായത്തോടെ സംരംഭക യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(സി) വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി, സഹകരണ വകുപ്പ് പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് നോട്ട് അസാധുവാക്കലിനെ തുടർന്നുണ്ടായ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സഹകരണ മേഖലയിൽ സഹകരണ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്ന പദ്ധതി നിലവിലുണ്ട്. കേരള സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളിലെയും 1,50,000 രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് നിക്ഷേപ സുരക്ഷ ലഭ്യമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിനോദസഞ്ചാര വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മലബാർ മേഖലയിൽ ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവ്വേദ റിസോർട്ട്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ കൊല്ലം ആശ്രാമം കേന്ദ്രമാക്കി അഡ്വഞ്ചർ പാർക്കിൽ 3.50 കിലോമീറ്റർ ദൈർഘ്യത്തിലോടുന്ന ഒരു മിനിയേച്ചർ റെയിൽവേ അഷ്ടമുടിക്കായലിനും ഗസ്റ്റ് ഹൗസിനും സമീപത്തുകൂടി നിർമ്മിച്ച് നടപ്പാക്കുന്ന പദ്ധതിയും ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല, ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് ഏറ്റെടുത്ത് നിർവ്വഹിക്കാൻ പ്രാപ്തമായ പ്രാഥമിക സംഘങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാനും ഉദ്ദേശിക്കുന്നു.

(ഡി) വാർഷിക പദ്ധതി പ്രകാരം സ്കൂൾ സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ 5 ലക്ഷം രൂപയും കോളേജ് സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ 6 ലക്ഷം രൂപയും 2 വർഷത്തിലൊരിക്കൽ അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ധനസഹായ പദ്ധതിയുടെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**മാന്ദ്യവിരുദ്ധ പാക്കേജ്**

19(*349) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പ്രഖ്യാപിച്ച മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലകളെയാണ് പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നത്; വിവരിക്കുമോ;

(സി) പാക്കേജിനായി എത്ര തുക വിഭവസമാഹരണം വഴി കണ്ടെത്തിയിട്ടുണ്ട്; വിവരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഉണ്ട്. സംസ്ഥാനത്തെ സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 49-ാം ഖണ്ഡികയിൽ 12,000 കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മൂലധനച്ചെലവുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പാക്കേജിനുള്ള വിഭവം സമാഹരിക്കുന്നതിനും ബജറ്റിനുപുറത്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനും 1999-ൽ സ്ഥാപിതമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് ആക്റ്റിന്റെ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുകയും 19-8-2016-ലെ 1464-ാം നമ്പരായി കിഫ്ബി ആക്റ്റ്, 2016 വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഇതുവഴി സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കുകയും ചെയ്തു.

രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തിയ പദ്ധതികൾ കിഫ്ബിയിലൂടെ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ315/2016/ധന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പദ്ധതികളുടെ ഭരണാനുമതി, വിശദമായ പ്രോജക്റ്റ് അവലോകനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവയുൾപ്പെടെ കിഫ്ബിയുടെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങളിൽ 4,004.86 കോടി രൂപ മുതൽമുടക്കുള്ള 10 പദ്ധതികളിലായി 48 ഉപപദ്ധതികൾക്ക് 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ്ബോർഡിന്റെ ആദ്യ ബോർഡ് യോഗം) ഒന്നാം ഘട്ടമായി അംഗീകാരം നൽകിയിട്ടുണ്ട്. ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും തുടർന്ന് കോൺട്രാക്ട് ഒപ്പിടുന്നതോടൊപ്പം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട Work Breakdown Structure (WBS) ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവനദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സമാന്തരമായി പുരോഗമിച്ച് അന്തിമ ഘട്ടത്തിലാണ്. ഈ സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവ്വഹണ പ്രക്രിയ ആരംഭിച്ച് കോൺട്രാക്ടർ, സപ്ലയർ, സേവന ദാതാവ് എന്നിവരുടെ ബില്ലുകൾ പ്രകാരം പേമെന്റ് നിർദ്ദേശിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്. 21-3-2017-ന് കൂടുന്ന കിഫ്ബി ബോർഡിന്റെ 28-ാമത് ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് രണ്ടാംഘട്ട പദ്ധതി നിർദ്ദേശങ്ങളുടെ അവസാന ഘട്ട അവലോകനം നടന്നുവരുന്നു.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് 12,000 കോടി രൂപയുടെ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ, ജലവിഭവം, പൊതുവിദ്യാഭ്യാസം, ഗതാഗതം, ദേവസ്വം, കായികവും യുവജനക്ഷേമവും, ഊർജ്ജം, സാംസ്കാരികം, വ്യവസായം, ഉന്നത വിദ്യാഭ്യാസം, ആരോഗ്യവും കുടുംബക്ഷേമവും, തുറമുഖം, ഹൗസിംഗ്, റവന്യൂ, നികുതി, വനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, എക്സൈസ്, ടൂറിസം, ഐ.ടി. തുടങ്ങിയ മേഖലകളിലെ മൂലധനച്ചെലവുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 12,000 കോടി രൂപ മൂലധനച്ചെലവിനും 8,000 കോടി രൂപ ഭൂമി

ഏറ്റെടുക്കലിനുമായി മൊത്തം 20,000 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന 2,000 കോടി രൂപയിൽ അവശേഷിച്ച 873.85 കോടി കിഫ്ബി വഴിയുള്ള പ്രവർത്തനസാക്ഷാത്ക്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയുമായി ആകെ 1,603.38 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/ സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും കാര്യക്ഷമവുമാക്കാൻ റിയാബ് നിർദ്ദേശങ്ങൾ

20(*350) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനസംഘടനയ്ക്കും ആന്തരിക കണക്ക് പരിശോധനയ്ക്കുമായി രൂപീകരിച്ചിട്ടുള്ള റിയാബിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ എത്രമാത്രം ഫലപ്രദമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും കാര്യക്ഷമവുമാക്കാൻ റിയാബ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും എന്തെല്ലാമെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി നടത്തിയ ഇടപെടലിന്റെ ഫലം അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനത്തിനായും നിരീക്ഷണത്തിനായും പദ്ധതികളുടെ വിശകലനമുൾപ്പെടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ച റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു:

- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനത്തിന്റെ ചുമതല പൊതുമേഖലാ സ്ഥാപനങ്ങളിലെ ആഡിറ്റിംഗ്, അക്കൗണ്ട്സ് എന്നിവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള ചുമതല.
- ബഡ്ജറ്റിൽനിന്നുള്ള ധനസഹായത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് ആവശ്യമായ ശിപാർശകളോടെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിനായുള്ള വാർഷിക പദ്ധതികൾ ക്രോഡീകരിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന ചുമതല.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദഗ്ദ്ധരായ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്ന തിനുള്ള ചുമതല.
- മാനവവിഭവശേഷിയുടെ വികസനത്തിനായി ഉന്നതതല മാനേജ്മെന്റിനായി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുക.
- പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിലേയ്ക്കാവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുക.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനവും വിശകലനവും സംബന്ധിച്ചുള്ള വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി വിശകലനം ചെയ്ത് സർക്കാരിന് നൽകുക.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സ്ഥാപനങ്ങളിൽനിന്നും ക്രോഡീകരിച്ച് പ്രത്യേകമായി അവലോകനം ചെയ്ത് റിപ്പോർട്ടുകൾ യഥാസമയം സർക്കാരിന് നൽകിവരുന്നു. ആഡിറ്റുകളുടെ പുരോഗതി റിയാബ് മാസംതോറും നടത്തിവരുന്ന അവലോകനങ്ങളിൽ പ്രത്യേകം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

റിയാബ് മുഖേന മാസംതോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നുനൽകാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതി നേടുന്നതിനായുള്ള വിവിധ ഘടകങ്ങളിൽ റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകൾക്കും പ്രാധാന്യമുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ- വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100 കോടി രൂപയ്ക്കുപുറമേ ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്കായി 15 കോടി രൂപ കൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. അത്യാവശ്യമുള്ള

പ്രവർത്തന മൂലധന സഹായത്തിനുപുറമേ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായിട്ടാണ് സ്ഥാപനങ്ങൾ ഈ സഹായം വിനിയോഗിച്ചുവരുന്നത്.

റിയാബ് മുഖേന നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി വിഹിതത്തിനായി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ച സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ അംഗീകരിച്ച് അടുത്ത സാമ്പത്തിക വർഷം [2017-18] 270 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ റിയാബ് മുഖേന നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കൂടാതെ കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും ഉൽപ്പാദന വൈവിദ്ധ്യവൽക്കരണ ത്തിനുമുള്ള വിപുലമായ പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനം വ്യവസായ-ധനകാര്യ വകുപ്പുമന്ത്രിമാരുടെ തലത്തിൽ 2017 ജനുവരി 6-ന് നടത്തിയ മീറ്റിംഗിൽ സ്വീകരിച്ചിരുന്നു. ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽനിന്നുള്ള ധനസഹായത്തിനുപുറമേയാണ് ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പുരോഗതിയും റിയാബ് മുഖേന വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

വിവിധ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി വിദഗ്ദ്ധ നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിന്റെ ഭാഗമായി അതാത് മേഖലയിലുള്ള വിദഗ്ദ്ധരെയും റിയാബിനെയും ഉൾപ്പെടുത്തിക്കൊണ്ട് ഉന്നതതല കമ്മിറ്റികൾ രൂപീകരിച്ച് (Eg. Expert Committee for revival of Textile Mills under Industries Department, Committee for establishing Industrial Complex for value added products involving Titanium metal etc.) മേൽനടപടികൾ സ്വീകരിച്ചുവരുന്നു. അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് പ്രവർത്തിക്കുന്ന യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ഉന്നതതല കമ്മിറ്റിയിലും റിയാബിന്റെ ചെയർമാനും സെക്രട്ടറിയും അംഗങ്ങളാണ്.

**തീർത്ഥാടന വിനോദസഞ്ചാര നയം**

21(*351) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് തീർത്ഥാടന വിനോദസഞ്ചാര നയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഈ പുതിയ നയം എന്ത് ഉണർവ് നൽകിയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ-സി) കേരളത്തിലെ തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തീർത്ഥാടന വിനോദസഞ്ചാര നയം നിലവിലില്ല. എന്നാൽ ഒരു തീർത്ഥാടന ടൂറിസം നയം ആവിഷ്കരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

**ചരക്ക് സേവന നികുതി**

22(*352) ശ്രീമതി സി. കെ. ആശ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുമോ; വിശദമാക്കുമോ;

(ബി) വ്യാപാരികളുടെ വിവരങ്ങൾ ദേശീയ നെറ്റ്‌വർക്കായ ജി.എസ്.ടി.എൻ.-ൽ ലഭ്യമാക്കുന്നതിനാൽ കടകളിൽ നടത്തുന്ന പരിശോധന ഒഴിവാക്കാൻ സാധിക്കുമോ;

(സി) ഈ സംവിധാനത്തിൽ നികുതി വെട്ടിപ്പ് ഉണ്ടാകുന്നതിനുള്ള സാധ്യതകൾ ഉണ്ടോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ ഇന്നത്തെ നിലയിൽ തുടരുകയില്ല. അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള ചരക്ക് നീക്കത്തിന്റെ വിശദാംശങ്ങൾ വാഹനങ്ങൾ പുറപ്പെടുന്നതിനുമുമ്പുതന്നെ ഓൺലൈനായി upload ചെയ്യേണ്ടതാണ്. ചെക്ക് പോസ്റ്റിൽ വാഹനങ്ങൾ നിർത്തിയിട്ട് പരിശോധിക്കുന്ന ഇന്നത്തെ രീതി ജി.എസ്.ടി.-യിൽ ഉണ്ടായിരിക്കുന്നതല്ല.

(ബി) ചരക്കിന്മേലോ സേവനത്തിന്മേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ മാതൃകാ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ജി.എസ്.ടി.-യിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത സമ്പ്രദായമാണ് വിഭാവന ചെയ്യുന്നത്. ഇത് അന്തിമരൂപത്തിലായാൽ മാത്രമേ ഏതൊക്കെ വിധത്തിൽ നികുതി വെട്ടിപ്പുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് അറിയാൻ കഴിയൂ. സേവനമേഖലയുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്താൽ ഇപ്പോഴും കണ്ടുവരുന്ന under valuation, over invoicing മുതലായ നികുതി വെട്ടിപ്പ് രീതികൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**കയർ വ്യവസായം പുനരുദ്ധരിക്കാൻ കർമ്മ പദ്ധതി**

23(*353) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കയർ വ്യവസായത്തെ പുനരുദ്ധരിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി കയറുൽപ്പന്നങ്ങൾ രാജ്യത്തെ ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് കയർഫെഡ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കയർ വ്യവസായത്തിലെ പ്രതിസന്ധി ചർച്ച ചെയ്യുന്നതിന് ശിൽപ്പശാല സംഘടിപ്പിച്ചിരുന്നോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിനാവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്ന തരത്തിൽ സമഗ്ര പുനഃസംഘടനയാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവൽക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംഭരണവും നടപ്പിലാക്കുന്നുണ്ട്.

(ബി) കയറിന്റെ അഭ്യന്തര, വിദേശ വിപണി വിപുലപ്പെടുത്തുന്നതിനായി കയർഫെഡിന്റെ ഇതര സംസ്ഥാനങ്ങളിലെ ഷോറൂമുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി സംസ്ഥാനത്ത് ബയർ-സെല്ലർ മീറ്റുകൾ സംഘടിപ്പിക്കും. രാജ്യത്തെ 30 വ്യാപാര ഫെഡറേഷനുകളുമായി ചർച്ച നടത്തി കയർ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പദ്ധതി കയർ കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. സെപ്റ്റംബറിൽ ആലപ്പുഴയിൽ വച്ച് നടത്താനുദ്ദേശിക്കുന്ന കയർ കേരള 2017, ആഭ്യന്തര വിപണിക്ക് പ്രത്യേക ഊന്നൽ നൽകുന്നതാണ്.

(സി) ആഭ്യന്തര മാർക്കറ്റ് വിപുലീകരണത്തിനായുള്ള കർമ്മപദ്ധതികൾക്കായി 1,44,00,000 രൂപ കയർഫെഡിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം മാർക്കറ്റ് സ്റ്റഡി നടത്തുന്നതിന് കയർഫെഡിന് സാധിക്കുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ വ്യവസായത്തിലെ പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി ശിൽപ്പശാല സംഘടിപ്പിച്ചിട്ടില്ല. എന്നാൽ കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ മേഖലകൾ കണ്ടെത്തുന്നത് ലക്ഷ്യം വച്ചുകൊണ്ട് കയർ ഭൂവസ്ത്ര ശിൽപ്പശാല നടത്തിയിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മണ്ണ്-ജല സംരക്ഷണത്തിനും മറ്റും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത്.

## സഹകരണ ബാങ്കുകളിലെ നിക്ഷേപ-വായ്പാ അനുപാതം

24(*354) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും നിക്ഷേപ-വായ്പാ അനുപാതം 31-12-2016-ന് എത്ര ആയിരുന്നു;

(ബി) നിക്ഷേപ-വായ്പാ അനുപാതം ആരോഗ്യകരമായ നിലവാരത്തിലും വളരെ താഴെയായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്;

(സി) ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും 31-12-2016-ലെ നിക്ഷേപ-വായ്പാ അനുപാതം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സംസ്ഥാന സഹകരണ ബാങ്ക് | 69.85% |
| ജില്ലാ സഹകരണ ബാങ്കുകൾ | 50.21% |
| പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ | 65.39% |

(ബി) 31-3-2016 നിക്ഷേപ-വായ്പാ അനുപാതവുമായി താരതമ്യപ്പെടുത്തുമ്പോൾ പ്രാഥമിക ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതത്തിൽ നിലവിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് നിയമാനുസൃതം നിക്ഷേപത്തിൽനിന്നും എസ്.എൽ.ആർ., സി.ആർ.ആർ. എന്നീ കരുതലുകൾ സൂക്ഷിച്ചശേഷം ബാക്കിയുള്ള തുക മാത്രമേ വായ്പയായി നൽകാൻ കഴിയുകയുള്ളൂ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് നിയമാനുസൃതം സൂക്ഷിക്കേണ്ട തരളധനം (Fluid resources) സൂക്ഷിച്ചശേഷം ബാക്കിയുള്ളവ മാത്രമേ വായ്പയായി നൽകാൻ കഴിയുകയുള്ളൂ.

നോട്ട് നിരോധനം മുഖേനയുണ്ടായ താൽക്കാലിക പ്രതിസന്ധിമൂലം സഹകരണ മേഖലയിൽ വായ്പാ വിതരണത്തിൽ കുറവുണ്ടായിട്ടുണ്ട്.

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനായി ടി സ്ഥാപനങ്ങളിൽനിന്നും നൽകുന്ന വിവിധ വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒരു അംഗത്തിന്/വ്യക്തിക്ക് നൽകാവുന്ന വായ്പകളുടെ പരിധി (IMBP)-യും വർദ്ധിപ്പിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി ' നവകേരളീയം കുടിശ്ശിക നിവാരണം 2017' പദ്ധതി സഹകരണ ബാങ്കുകളിൽ നടപ്പാക്കിവരുന്നു. ഈ നടപടികളിലൂടെ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുമെന്ന് കണക്കുകൂട്ടുന്നു.

## വൈദ്യുതി ലാഭിക്കുന്നതിനായി പദ്ധതി

25(*355) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലാഭിക്കുന്നതിനായി ഫിലമെന്റ്/സി.എഫ്.എൽ. ബൾബുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ;

(സി) ഇതിനകം എത്ര എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവെന്നും ഇതിനായി എന്ത് തുക പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതുമൂലം, എത്ര വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞുവെന്നാണ് കണക്കാക്കിയിട്ടുള്ളത്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ.(എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ്) മായി ചേർന്ന് നാഷണൽ എൽ.ഇ.ഡി. മിഷന്റെ ഭാഗമായി 1.5 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രത്യേക കേന്ദ്ര സഹായം ഈ പദ്ധതിക്ക് ലഭ്യമല്ല. കേന്ദ്ര സ്ഥാപനമായ ഇ.ഇ.എസ്.എൽ. രാജ്യത്തൊട്ടാകെയുള്ള ആവശ്യകതയ്ക്കുവേണ്ടി വരുന്ന എൽ.ഇ.ഡി. ബൾബുകൾ ഒന്നിച്ച് വാങ്ങിക്കുക വഴി കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ബൾബുകൾ ലഭ്യമായിട്ടുണ്ട്. ബൾബുകളുടെ വില പൂർണ്ണമായും കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്നതാണ്.

(സി) 75 ലക്ഷം ബൾബുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. 25 ലക്ഷം ബൾബുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസുകൾ വഴിയാണ് ബൾബുകൾ വിതരണം ചെയ്യുന്നത്. ഇതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും തുകകളൊന്നും ലഭ്യമായിട്ടില്ല.

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതുവഴി ഏകദേശം 315 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനം**

26(*356) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുതായി ഈ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-സി) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സ് വ്യാപനത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം 135 കോടി രൂപ ചെലവിൽ 25 സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 13-2-2017-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 33/17/കാ.യു.വ. പ്രകാരം താഴെ പറയുന്ന 18 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. വോളിബോൾ അക്കാദമി നടുവണ്ണൂർ
2. പാലക്കാട് ഇൻഡോർ സ്റ്റേഡിയം
3. ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ്
4. തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്.
5. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം
6. ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം
7. ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം
8. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
9. കണ്ണൂർ ജവഹർ സ്റ്റേഡിയം
10. അടൂർ മുനിസിപ്പൽ സ്റ്റേഡിയം
11. വയനാട് ജില്ലാ സ്റ്റേഡിയം
12. നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം
13. ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം
14. കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം
15. എടപ്പാൾ ഗവ. എച്ച്.എസ്.എസ്.
16. നിലമ്പൂർ മിനി സ്റ്റേഡിയം
17. ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം
18. നെടുങ്കണ്ടം സ്റ്റേഡിയം

സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ ജോലി**

27(*357) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും ദേശീയവും അന്തർദ്ദേശീയവുമായ കായിക മത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ നേടിയിട്ടുള്ള കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) സ്പോർട്സ് ക്വാട്ട നിയമനത്തിനായി 2015-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) കാലാകാലങ്ങളിൽ സ്പോർട്സ് ക്വാട്ട നിയമനം നടത്താത്തത് യോഗ്യരായവർ പ്രായപരിധി കഴിഞ്ഞ് പുറത്തായി പോകാനിടയാക്കുമെന്നതിനാൽ, സ്പോർട്സ് ക്വാട്ടയിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായികതാരങ്ങൾക്ക് സർക്കാർതലത്തിൽ നിയമനം നൽകുന്നതിന് ആരംഭിച്ച പദ്ധതിയാണ് സ്പോർട്സ് ക്വാട്ടാ നിയമനം. പദ്ധതിയുടെ ആരംഭകാലത്ത് പ്രതിവർഷം 20 കായികതാരങ്ങൾക്കാണ് ജോലി നൽകിയിരുന്നത്. ഇത് 2009 മുതൽ പ്രതിവർഷം 50 പേർക്കായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010 മുതൽ 14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ നിയമനങ്ങൾക്ക് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്ക് കായികതാരങ്ങൾ അതിന് തൊട്ടുമുമ്പുള്ള രണ്ട് സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ഓരോ വർഷത്തേയ്ക്കുമുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കും 25 എണ്ണം ടീം ഇനങ്ങൾക്കുമായാണ് നീക്കിവച്ചിരിക്കുന്നത്. പ്രതിവർഷം ആകെ ഒഴിവുകളിൽ നിന്ന് രണ്ട് ഒഴിവുവീതം വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായും ഒരു ഒഴിവ് വീതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാക്രമത്തിൽ ഓരോ തസ്തികയിലും നിശ്ചയിച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായിട്ടാണ് കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിവരുന്നത്.

കൂടാതെ 35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കുകയും നിലവിൽ ജോലിയില്ലാത്തതുമായ കായികതാരങ്ങൾക്കും ടി ഇനങ്ങളിൽ സ്വർണ്ണം കരസ്ഥമാക്കിയ നിലവിൽ ജോലിയില്ലാത്ത കായികതാരങ്ങൾക്കും 24-2-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 10/15/കാ.യു.വ. പ്രകാരം നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതും നിയമന നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയുമാണ്. കൂടാതെ ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ ജോലിയില്ലാത്ത കായികതാരങ്ങൾക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടാ നിയമനത്തിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 9-12-2015-ലെ 14652/SD 1/2012/പൊ.ഭ.വ. നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഓൺലൈനായി ലഭിച്ച അപേക്ഷകളിൽ നിന്നും എൻ.ഐ.സി. തയ്യാറാക്കിയ പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രകാരം നിയമനത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷ സമർപ്പിച്ചിരിക്കുന്ന വർഷത്തിന് തൊട്ടുമുമ്പുള്ള രണ്ട് സാമ്പത്തിക വർഷത്തെ കായിക നേട്ടങ്ങൾ പരിഗണിച്ചാണ് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ഓൾ ഇന്ത്യാ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം നേടുന്നതാണ് സ്പോർട്സ് ക്വാട്ടാ നിയമനത്തിന് പരിഗണിക്കുന്ന മിനിമം യോഗ്യതയായി കണക്കാക്കിയിട്ടുള്ളത്.

കളരിപ്പയറ്റ്, മൗണ്ടനീയറിംഗ് തുടങ്ങിയ കായിക ഇനങ്ങൾക്ക് ദേശീയ മത്സരങ്ങളില്ലാത്ത സാഹചര്യത്തിൽ ടി ഇനങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത വിജ്ഞാപനം പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. അപ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന ഉദ്യോഗാർത്ഥികൾക്കായി മാന്വലായി അപേക്ഷ ക്ഷണിക്കുവാൻ തീരുമാനിക്കുകയും ആയതിലേയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി കരട് വിജ്ഞാപനം സമർപ്പിക്കുകയും പ്രസ്തുത കരട് വിജ്ഞാപനം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം ചേരുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

9-12-2015-ലെ 14652/SD 1/2012/പൊ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിക്കേണ്ടത് ഇതിനായി രൂപീകരിക്കുന്ന ഒരു സെൽ ആണ്. പ്രസ്തുത സെൽ രൂപീകരിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

(സി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ലോട്ടറി ഏജന്റുമാരുടെ സമര പ്രഖ്യാപനം

28(*358) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജന്റുമാരുടെ സമരപ്രഖ്യാപനത്തിന് ആധാരമായ പ്രശ്നങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാരിന്റെ വിവിധ നയങ്ങളും നടപടികളും സംസ്ഥാന ലോട്ടറിയെ ഏതു വിധത്തിൽ ബാധിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രതിസന്ധി പരിഹരിക്കാനായി സംസ്ഥാന സർക്കാരിന് ഏത് വിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേരള ഭാഗ്യക്കുറിയെ സംരക്ഷിക്കുക എന്ന സന്ദേശമുയർത്തിക്കൊണ്ട് കേരള ഭാഗ്യക്കുറി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഈ മേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ സംയുക്തമായി ഫെബ്രുവരി 19 മുതൽ മാർച്ച് 1 വരെ സംസ്ഥാന വാഹന പ്രചരണ ജാഥയും മാർച്ച് 2-ന് രാജ്ഭവൻ മാർച്ചും സംഘടിപ്പിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) നറുക്കെടുപ്പിന്മേലുള്ള നികുതി നിയമം (Kerala Tax on Paper Lotteries Act 2005) അനുസരിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് പ്രതിവാര നറുക്കെടുപ്പുകൾക്ക് 50 ലക്ഷം രൂപയും ബമ്പർ നറുക്കെടുപ്പുകൾക്ക് ഒരു കോടി രൂപയും നികുതിയായി ഒടുക്കിവരുന്നു. പ്രസ്തുത നിയമത്തിൽ നികുതി ഏർപ്പെടുത്തിയതിന് പുറമേ എല്ലാ ഭാഗ്യക്കുറികളും (സംസ്ഥാന/അന്യസംസ്ഥാന) ലോട്ടറി നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ലോട്ടറി പ്രൊമോട്ടർമാർക്ക് രജിസ്ട്രേഷനും നിഷ്കർഷിച്ചിട്ടുണ്ട്. ഭരണഘടനയുടെ 101-ാം ഭേദഗതിയിലൂടെ ദേശവ്യാപകമായി ഏകീകൃത നികുതി സമ്പ്രദായം (Goods and Service Act) നിലവിൽ വരുന്നതോടുകൂടി Kerala Tax on Paper Lotteries Act 2005-ന്റെ നിയമസാധുത ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകുകയും പ്രസ്തുത ആക്ട് കാലഹരണപ്പെടുകയും ചെയ്തേക്കാം. സംസ്ഥാന ലോട്ടറി കേന്ദ്ര ലോട്ടറി നിയമത്തിന് വിധേയമായാണ് സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പ് വരുത്താൻ സംസ്ഥാന സർക്കാരിനുള്ള ഒരു ഉപാധി ഈ നിയമമാണ്. പ്രസ്തുത നിയമം ഇല്ലാതാകുന്നത് അതീവ ഗൗരവമുള്ള സാഹചര്യമാണ്.

ഈ സാഹചര്യം ഒഴിവാക്കുന്നതിനായി സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരപരിധിയിൽ നിന്നുകൊണ്ടുള്ള ഒരു പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

കേന്ദ്ര സർക്കാർ 8-11-2016 മുതൽ 500, 1,000 രൂപ നോട്ടുകൾ അസാധുവായി പ്രഖ്യാപിച്ചതിനെ തുടർന്ന് 2016 നവംബർ മാസത്തിൽ 8 നറുക്കെടുപ്പുകൾ റദ്ദാക്കുകയും 10 നറുക്കെടുപ്പുകൾ നീട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡിസംബർ, ജനുവരി മാസങ്ങളിലായി നറുക്കെടുക്കേണ്ട നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയുടെ 3 നറുക്കെടുപ്പുകളും റദ്ദാക്കിയിട്ടുണ്ട്. Demonetization - നെ തുടർന്ന് ഭാഗ്യക്കുറി ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ഏജന്റുമാരിൽനിന്നും ടിക്കറ്റ് വാങ്ങാൻ സാധ്യമാകാത്തതിനെ തുടർന്ന് 30, 50 രൂപ ഭാഗ്യക്കുറികളുടെ അച്ചടിയിലും ഗണ്യമായ കുറവ് വരുത്തുകയുണ്ടായി.

**നോട്ട് നിരോധനം**

29(*359) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം കാരണം സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിലും ടൂറിസം, കൃഷി തുടങ്ങിയ മേഖലകളിലും ഉണ്ടായ നഷ്ടം കണക്കാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) നോട്ട് നിരോധനം കാരണം സംസ്ഥാനത്തിനുണ്ടായ നഷ്ടം പരിഹരിക്കാനായി കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നേടിയെടുക്കാൻ ശ്രമമുണ്ടാകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് നിരോധനംമൂലം സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനത്തിലും സമ്പദ്ഘടനയിലെ ടൂറിസം, കൃഷി അടക്കമുള്ള മേഖലകളിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ 31-12-16 വരെയുള്ള താല്ക്കാലിക കണക്കുകൾപ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച

മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റേയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റേയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റേയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റേയും കുറവുണ്ടായിട്ടുണ്ട്.

നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം ഇത് സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ് റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്. അതേസമയം, സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 2016 നവംബറിൽ 23.33 ശതമാനത്തിന്റേയും ഡിസംബറിൽ 16.67 ശതമാനത്തിന്റേയും കുറവ് സംഭവിച്ചിട്ടുണ്ട്. 2016 ഒക്ടോബറിൽ 17.43 ശതമാനം വളർന്ന നികുതിയേതര വരുമാനം നവംബറിൽ മുൻമാസത്തെ അപേക്ഷിച്ച് 46.95 ശതമാനവും ഡിസംബറിൽ 59.16 ശതമാനവും ഇടിവ് രേഖപ്പെടുത്തുകയുണ്ടായി.

കാർഷിക മേഖലയിലെ ഭൂരിഭാഗം സാമ്പത്തിക ഇടപാടുകളും രൊക്കം പണത്തിലാണ് നടക്കുന്നത്. അതുകൊണ്ട് നോട്ടുകളുടെ ലഭ്യതക്കുറവ് വിളവ് വിൽപ്പന, വിത്ത് വാങ്ങൽ, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ഇടപാടുകൾ എന്നിവയെ സാരമായി ബാധിച്ചിട്ടുണ്ട്. കമ്പോളത്തിലെ പണമിടപാടിലുണ്ടായ കാലതാമസവും ഉല്പന്നങ്ങളുടെ വില ഇടിഞ്ഞതും ഇതര സംസ്ഥാന തൊഴിലാളികൾ കൂലി ലഭിക്കാത്തതിനാൽ ജോലി ഉപേക്ഷിച്ച് നാട്ടിലേയ്ക്ക് മടങ്ങിപ്പോയതും നോട്ട് അസാധുവാക്കലും കാർഷിക മേഖലയെ, വളരെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കാണ് തള്ളിയിട്ടിട്ടുള്ളത്.

കേരള സമ്പദ് വ്യവസ്ഥയുടെ പ്രധാന ചാലകശക്തിയായ വിനോദസഞ്ചാര മേഖലയ്ക്ക് നോട്ട് നിരോധനം കനത്ത പ്രഹരമാണ് ഏൽപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ ത്വരിത പരിശോധനയിൽ ആഭ്യന്തര വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ നോട്ട് അസാധുവാക്കലിനുശേഷം ഇടിവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നോട്ട് നിരോധനം കാരണം സംസ്ഥാനത്തിനുണ്ടായ നഷ്ടം പരിഹരിക്കാനായി കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ സാമ്പത്തിക സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

## ഹരിത ക്ഷേത്രം പദ്ധതി

30(*360) ശ്രീ. എം. മുകേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള ഭൂവികസനത്തിലും മാലിന്യ സംസ്കരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ദേവസ്വം ഭൂമി ഉപയോഗിച്ച് 'ഹരിത ക്ഷേത്രം പദ്ധതി' ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേത്രങ്ങളിലെ കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും നവീകരണത്തിലൂടെ ജലസംരക്ഷണത്തിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ദേവസ്വങ്ങൾക്ക് കീഴിലുള്ള എല്ലാ മേജർ ക്ഷേത്രങ്ങളിലും ആധുനിക സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ;

(ഡി) ക്ഷേത്രങ്ങളിലെ പുരാതന എടുപ്പുകളുടെയും ചുമർചിത്രങ്ങളുടെയും നവീകരണത്തിനും സംരക്ഷണത്തിനുമായി ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ഒരു പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഹരിതക്ഷേത്രം പദ്ധതിക്ക് കൊച്ചിൻ ദേവസ്വം ബോർഡ് തുടക്കം കുറിച്ചിട്ടുണ്ട്. ജലസ്രോതസ്സ്, പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകിയാണ് ബോർഡ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തി ധനസഹായം അനുവദിച്ചുവരുന്നു.

(സി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രമായ ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വം വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ദേവസ്വം ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ശബരിമല സന്നിധാനത്തും പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള മേജർ ക്ഷേത്രങ്ങളിൽ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കൂടാതെ ഗുരുവായൂർ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതിയും നടപ്പാക്കിവരുന്നു.

(ഡി) പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി

1(3765) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്ക് ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; വിവരിക്കുമോ;

(സി) ഈ പദ്ധതിയുടെ ആനുകൂല്യം 2017 ജനവരി 31 വരെ എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഏതൊക്കെ വായ്പകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്; വിവരിക്കുമോ?

ഉത്തരം

(എ) 20-8-2016-ലെ സ.ഉ.(പി) നമ്പർ 118/2016/ധന പ്രകാരം ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കുന്ന കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാകുടിശ്ശികമാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമേകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ കടാശ്വാസ പദ്ധതി.

അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനുപുറമേ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാത്തുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽനിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(സി) ഈ പദ്ധതി പ്രകാരം 1022 കുടുംബങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 271 |
| കൊല്ലം | 106 |
| പത്തനംതിട്ട | 27 |
| ആലപ്പുഴ | 90 |
| കോട്ടയം | 56 |
| ഇടുക്കി | 19 |
| എറണാകുളം | 26 |
| തൃശ്ശൂർ | 37 |
| പാലക്കാട് | 39 |
| മലപ്പുറം | 23 |
| കോഴിക്കോട് | 216 |
| വയനാട് | 56 |
| കണ്ണൂർ | 35 |
| കാസർഗോഡ് | 21 |

(ഡി) പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവയാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നത്:

- സ്വർണ്ണ ഈടിന്മേലുള്ള വായ്പകൾ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കടബാധ്യത നിലവിലില്ലാത്ത വായ്പകൾ.

## ഡിജിറ്റൽ ഫയൽ

2(3766) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ സീറോ ഫിസിക്കൽ ഫയൽ സംവിധാനം നടപ്പിലാക്കുമോ;

(ബി) നിലവിൽ ധനകാര്യവകുപ്പിലെ എത്ര ശതമാനം ഫയലുകളാണ് ഡിജിറ്റൽ ഫയലുകളായി കൈകാര്യം ചെയ്യുന്നത്;

(സി) പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് ധനകാര്യ വകുപ്പ് മാറുന്നതിന് എന്തെങ്കിലും സമയക്രമം സർക്കാർ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവ്വീസ് ബുക്കുകൾ/പെൻഷൻ ബുക്കുകൾ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ ഉൾപ്പെടുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പുകല്പിക്കേണ്ട അധികം പേജുകളുള്ള കോടതി വ്യവഹാര ഫയലുകൾ, നിയമസഭാ ചോദ്യങ്ങൾ, വലിയ റിപ്പോർട്ടുകൾ എന്നിങ്ങനെ ഇ-ഓഫീസ് മോഡിലേയ്ക്ക് മാറ്റാനാവാത്ത ഫയലുകൾ ഒഴികെ മറ്റുള്ള ഫയലുകളെല്ലാം ഇ-ഓഫീസ് മുഖാന്തിരമാണ് ധനകാര്യ വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നത്.

(ബി) ധനകാര്യ വകുപ്പിൽ മൊത്തം ഫയലുകളുടെ എണ്ണത്തിൽ 90 ശതമാനത്തിലധികം ഫയലുകളും ഡിജിറ്റൽ ഫയലുകളായാണ് കൈകാര്യം ചെയ്യുന്നത്.

(സി) 2017 മാർച്ച് 1-നുശേഷം ധനകാര്യ വകുപ്പിൽ ഫയലുകൾ ഇ-ഓഫീസിലൂടെ മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിസിക്കലായി പ്രോസസ് ചെയ്യാൻ അനുവദനീയമായിട്ടുള്ള ഫയലുകൾ ഇ-ഓഫീസിലെ 'ഫിസിക്കൽ ഫയൽ' മോഡ്യൂൾ വഴി ഫയൽ നമ്പർ എടുത്തശേഷം ആ നമ്പർ ഫിസിക്കൽ ഫയലിൽ രേഖപ്പെടുത്തി ഓരോ പ്രാവശ്യമുള്ള ഫയൽ ചരണപഥം ഇ-ഓഫീസിൽ രേഖപ്പെടുത്തി മാത്രമേ ഫയൽ ചംക്രമണം ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

3(3767) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽനിന്നും 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം നൽകുന്ന പദ്ധതിക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് കിഫ്ബിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. കിഫ് ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള പ്രവർത്തന പുരോഗതി അനുബന്ധമായി* ലഭ്യമാക്കുന്നു.

**ഖജനാവിലേയ്ക്കെത്തിയ തുക**

4(3768) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം നികുതിയിനത്തിൽ സംസ്ഥാന ഖജനാവിലേക്ക് എത്ര തുക എത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മദ്യം, സ്വർണ്ണം എന്നിവയുടെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 30,214.66 കോടി രൂപയും കേന്ദ്ര നികുതി വിഹിതം 9,567.59 കോടി രൂപയും ആണ്.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മദ്യം, സ്വർണ്ണം എന്നിവയിൽനിന്നും വാണിജ്യ നികുതി വകുപ്പ് 28-2-2017 വരെ പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മദ്യം - 7,225.49

സ്വർണ്ണം - 578.64 കോടി രൂപ.

നടപ്പു സാമ്പത്തിക വർഷം 2017 ഫെബ്രുവരി 28 വരെ വിദേശമദ്യം, കള്ള് തുടങ്ങിയവയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീ, ട്രീ ടാക്സ്, ഗാലനേജ് ഫീ, റെന്റൽ ഇനങ്ങളിൽ എക്സൈസ് വകുപ്പ് മുഖേന ലഭിച്ച ആകെ വരുമാനം 17,90,17,42,500 രൂപയാണ്.

**കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസികൾ**

5(3769) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി' നൽകുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസികളെ ലിസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(സി) 'കിഫ്ബി' പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഓഡിറ്റ് എപ്രകാരം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ കിഫ്ബി മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുകയും തുടർന്ന് വെബ് സൈറ്റിൽ ഓൺലൈനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ മേൽ സൂചിപ്പിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് യോഗ്യമായതും വനം, ആരോഗ്യം, ജലവിഭവം, ഐ.ടി., പൊതുമരാമത്ത് എന്നീ മേഖലകളിൽ ഉൾപ്പെട്ടതുമായ 48 പദ്ധതികളെ ഒന്നാംഘട്ടമായി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും 7-11-2016-ൽ കൂടിയ ആദ്യയോഗം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച പദ്ധതികളുടെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും പട്ടിക അനുബന്ധമായി * ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന. ഉത്തരവിലെ I(4) ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി * ചേർക്കുന്നു.

(സി) ഭേദഗതി ചെയ്ത കിഫ് ആക്ട്, 2016-ലെ 15-ാം വകുപ്പിൽ കിഫ് ബോർഡിന്റെ പ്രവർത്തനങ്ങളുടെ ഓഡിറ്റ് നടത്തുന്നതിനുള്ള രീതികൾ താഴെ പറയും പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്:

1. ബോർഡ് പദ്ധതിയിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള രീതിയിലും കണക്കുബുക്കുകളും അതിന്റെ കണക്കുകളുമായി ബന്ധപ്പെട്ട മറ്റു ബുക്കുകളും സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ബാലൻസ്ഷീറ്റും തയ്യാറാക്കേണ്ടതുമാണ്.

2. ബോർഡിന്റെ കണക്കുകൾ, സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ആഡിറ്റർ അപ്രകാരമുള്ള രീതിയിലും സമയത്തും ആഡിറ്റ് ചെയ്യേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന ആഡിറ്റർക്ക് അപ്രകാരമുള്ള കാര്യങ്ങളെ സംബന്ധിച്ച് രേഖകൾ ഹാജരാക്കാനും വിവരങ്ങൾ നൽകാനും ആവശ്യപ്പെടാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

3. ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള ബോർഡിന്റെ കണക്കുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാർ അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് നൽകേണ്ടതും ബോർഡ് അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

ഇതുകൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 17 എ വകുപ്പ് പ്രകാരം പരിശോധന അധികാരസ്ഥാനങ്ങളെ നിയമിക്കുന്നതിനുള്ള അധികാരവും താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്:

1. സർക്കാരിന് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ഏതെങ്കിലും പദ്ധതിയും ബോർഡ് ധനസഹായം നൽകിയിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഏതെങ്കിലും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ രേഖകളും പരിശോധിക്കുന്നതിനായി അതിന് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ആളുകൾ അടങ്ങിയ പരിശോധന അധികാരസ്ഥാനത്തെ നിയമിക്കാവുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. അപ്രകാരമുള്ള അധികാരസ്ഥാനത്തിന് ഏതെങ്കിലും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽനിന്നും രേഖകൾ ആവശ്യപ്പെടുന്നതിനും അത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ ഓഫീസ്, സ്ഥലം, കെട്ടിടങ്ങൾ എന്നിവ പരിശോധിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

ഈ വ്യവസ്ഥയ്ക്ക് വിധേയമായി 11 വിദഗ്ദ്ധരടങ്ങിയ ഒരു പരിശോധന അധികാര സ്ഥാനത്തേയ്ക്കുൾപ്പെടെ നിയമന നടപടികൾ ആരംഭിക്കുന്നതിന് 14-2-2017-ലെ 77/2017/ധന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കിഫ്ബി വകുപ്പുതല പദ്ധതികൾ**

6(3770) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി'യിലേക്ക് പൊതുമരാമത്ത്, ജലവിഭവം, വിദ്യാഭ്യാസം, കാർഷിക വികസന കർഷക ക്ഷേമം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഏതെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ വകുപ്പും എത്ര തുകയുള്ള പദ്ധതികളാണ് സമർപ്പിച്ചതെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾ എത്രവീതം തുകയ്ക്ക് 'കിഫ്ബി' ഏറ്റെടുത്തതെന്നും വിശദമാക്കാമോ;

(സി) ഇങ്ങനെ ഏറ്റെടുത്ത ഏതെല്ലാം പദ്ധതികൾ ആരംഭം കുറിച്ചെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷം കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ട പദ്ധതികളുടെ പട്ടിക അനുബന്ധം* ആയി ചേർക്കുന്നു. ഇതിൽ 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ചതിനുശേഷമുള്ള ആദ്യ ബോർഡ് യോഗം) 4,004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഒന്നാം ഘട്ടത്തിൽ അംഗീകരിച്ച പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്**

7(*T 3771) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന് നിർദ്ദേശം നൽകിക്കഴിഞ്ഞാലും തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യാൻ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-2016 കാലയളവിൽ 141 എം.എൽ.എ.-മാർക്ക് അനുവദിച്ച 2525 കോടി രൂപയിൽ എത്ര കോടി രൂപ 2017 മാർച്ച് ഒന്ന് വരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) 2016 -17 കാലയളവിൽ ഈ പദ്ധതിയിൽ ഇതിനോടകം എത്ര കോടി രൂപക്ക് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി & സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്**

8(3772) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചാലും ഭരണാനുമതി നൽകാൻ വളരെയേറെ കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ. നിർദ്ദേശം സമർപ്പിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ ഭരണാനുമതി നൽകാൻ കഴിയുന്ന രീതിയിൽ ഈ ഫണ്ട് വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുമോ;

(സി) 2016-17 സാമ്പത്തികവർഷം ചെലവഴിക്കേണ്ട 705 കോടി രൂപയിൽ എത്ര കോടി രൂപക്ക് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.-മാർ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് നിലവിൽ സർക്കുലർ നമ്പർ 67/2015/ധന. തീയതി 22-7-2015 പ്രകാരം കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**എം.എൽ.എ.-മാരുടെ വികസന ഫണ്ടുകൾ**

9(3773) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ വികസന ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തീകരിക്കുന്ന പ്രവർത്തികളിൽ സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ച് റിപ്പോർട്ട് നൽകിയാലും എ.ഡി.എം. ചെന്ന് പരിശോധിച്ച ശേഷമേ ബില്ലുകൾ പാസ്സാക്കുകയുള്ളൂ എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം പൂർത്തിയാക്കിയ നിരവധി പ്രവർത്തികളുടെ ബില്ലുകൾ മാസങ്ങളോളം മാറി നൽകാതിരിക്കുന്നതും ഇത് അഴിമതിക്ക് കളമൊരുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ പ്രകാരം ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ ഭരണാനുമതി തുകയുടെ 75% ആദ്യ ഗഡുവായി അനുവദിക്കുന്നതാണ്. ബാക്കി 25% തുക പ്രവൃത്തിയുടെ ഫിസിക്കൽ പുരോഗതി വിലയിരുത്തിയശേഷം അനുവദിക്കുന്നതാണ്.

(ബി) പ്രവൃത്തിയുടെ ബാഹുല്യവും വേണ്ടത്ര ജീവനക്കാരുടെ അഭാവവും ബില്ലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്.

(സി) പ്രവൃത്തികളുടെ ബില്ലുകൾ കാലതാമസം കൂടാതെ അനുവദിക്കുന്നതിന് കളക്ടർമാർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

### എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ട്

10(3774) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾക്ക് ബെഞ്ചും ഡെസ്കും വാങ്ങുന്നതിനുള്ള അനുമതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അനുമതി നൽകുമോ;

(ബി) നിലവിൽ പല സർക്കാർ എൽ.പി., യു.പി. സ്കൂളുകളിലും ഇരിക്കാൻ ബെഞ്ചും ഡെസ്കും ഇല്ലാത്ത സ്ഥിതിയായതിനാൽ എം.എൽ.എ.മാരുടെ ഫണ്ട് ഉപയോഗിച്ച് ബെഞ്ചും ഡെസ്കും വാങ്ങുന്നതിനുള്ള അനുമതി നൽകുമോ?

ഉത്തരം

(എ) അനുമതിയില്ല.

(ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 27-5-2004-ലെ സ.ഉ.(പി) നമ്പർ 247/2004/ധന. ഉത്തരവനുസരിച്ച് ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് MLA SDF-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനം. ബഞ്ചും ഡെസ്കും അത്തരം ആസ്തികളുടെ നിർവ്വചനത്തിൽ വരാത്തതിനാൽ പ്രസ്തുത ആവശ്യത്തിന് അനുമതി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### നേമം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

11(3775) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നേമം നിയോജകമണ്ഡലത്തിലെ എം.എൽ.എ. ശ്രീ. വി. ശിവൻകുട്ടി, ആസ്തി വികസന ഫണ്ട് / പ്രത്യേക വികസന ഫണ്ട് എന്നിവയിൽനിന്നും ചെലവഴിക്കുന്നതിനായി, ഏതൊക്കെ പ്രവൃത്തികളാണ് ശിപാർശ ചെയ്തത്; ഓരോ വർഷത്തെയും പ്രവൃത്തികൾ, ആയതിന് അനുവദിച്ച തുക എന്നിവ വിശദമാക്കുമോ ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശിപാർശ ചെയ്ത പ്രവൃത്തികൾ, ആയതിന് അനുവദിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം-1 * ആയി ചേർക്കുന്നു. പ്രത്യേക വികസന നിധിയിൽനിന്നും ശിപാർശ ചെയ്ത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശ്രീ. ബെനിക്സ് കാഞ്ഞിരവിളയുടെ ഉപരിപഠനവും നിയമനവും

12(3776) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റായ ശ്രീ. ബെനിക്സ് കാഞ്ഞിരവിളയെ സർക്കാർ ചെലവിൽ ഏത് കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടിലാണ് രണ്ട് വർഷത്തെ കോഴ്സിനയച്ചത്; ടിയാൻ അമേരിക്കയിലെ ഏത് യൂണിവേഴ്സിറ്റിയിലാണ് സർക്കാർ ചെലവിൽ ഇൻറ്റേൺഷിപ്പ് ചെയ്തത്;

(ബി) ഗവൺമെന്റിന് ശ്രീ. ബെനിക്സ് കാഞ്ഞിരവിളയുമായി എന്തെങ്കിലും കരാർ നിലവിലുണ്ടോ; എങ്കിൽ ഏത് തീയതിയിലാണ് കരാർ അവസാനിക്കുന്നത്;

(സി) കരാർ പ്രകാരം നിയമനം നൽകുന്നതിന് ഫയൽ ധനകാര്യ വകുപ്പ് മന്ത്രി/ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) എന്ത് ഉദ്ദേശത്തിലാണ് ടിയാന് ഉപരിപഠനം നൽകിയത്; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. ബെനിക്സ് കാഞ്ഞിരവിളയെ ഫരീദാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജ്മെന്റിൽ രണ്ടുവർഷത്തെ കോഴ്സിന് അയച്ചിട്ടുണ്ടായിരുന്നു. ടിയാൻ അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലാണ് സർക്കാർ ചെലവിൽ ഇന്റേൺഷിപ്പ് ചെയ്തിട്ടുള്ളത്.

(ബി) നിലവിലുണ്ട്. ശ്രീ. ബെനിക്സ് കാഞ്ഞിരവിളയുടെ ശിഷ്ടകാല സർക്കാർ സർവ്വീസ് കാലയളവ് കഴിയുന്നതുവരെ കരാറിന് പ്രാബല്യമുണ്ട്.

(സി) രണ്ട് വർഷ കോഴ്സ് കഴിഞ്ഞുവന്ന ശ്രീ. ബെനിക്സ് കാഞ്ഞിരവിളയ്ക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് കരാറുകൾ ഒന്നുംതന്നെ നിലവിലില്ല. ആയതിനാൽ അത്തരം ഒരു ഫയൽ ധനകാര്യ വകുപ്പുമന്ത്രി/മുഖ്യമന്ത്രി കണ്ടിട്ടില്ല.

(ഡി) സർക്കാർ മേഖലയിലെ കഴിവും പ്രാവീണ്യവും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തിലാണ് ശ്രീ. ബെനിക്സ് കാഞ്ഞിരവിളയെ ഉപരിപഠനത്തിനായി അയച്ചത്.

## ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യാൻ പ്രത്യേകം വെബ് പോർട്ടൽ

13(3777) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം വെബ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ ;വ്യക്തമാക്കുമോ ;

(ബി) ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്ന എല്ലാ വകുപ്പുകളെയും പൂർണ്ണമായും ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്നപ്രത്യേകം വെബ് പോർട്ടലിലേക്ക് കൊണ്ടുവന്നിട്ടുണ്ടോ ;

(സി) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച ഫയൽ നീക്കം കൃത്യമായി അറിയുന്നതിന് പ്രത്യേകം വെബ് പോർട്ടലിൽ ലോഗിൻ ചെയ്തു കയറുന്നതിനുള്ള ലോഗിൻ ഐ.ഡി.യും പാസ്സ് വേർഡും എം.എൽ.എ. ക്കോ അല്ലെങ്കിൽ പി.എ. ക്കോ നൽകുന്നതിനുള്ള ക്രമീകരണം കൂടി അടിയന്തരമായി ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതികൾ കൈകാര്യം ചെയ്യുന്നതിനായി ഒരു വെബ് പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. (http://ads.kerala.gov.in).

(ബി) ധനകാര്യ വകുപ്പിലും ബന്ധപ്പെട്ട ഭരണ വകുപ്പുകളിലും ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഇതിനായി വികസിപ്പിച്ച പോർട്ടൽ മുഖേനയാണ്.

(സി) ഈ സാമ്പത്തിക വർഷം ഓരോ നിയോജകമണ്ഡലത്തിലും സമർപ്പിച്ചിട്ടുള്ള ആസ്തി വികസന പദ്ധതികളുടെ വിശദവിവരം വെബ്പോർട്ടലിന്റെ ഹോം പേജിൽ ലഭ്യമാണ്. എം.എൽ.എ.-മാർക്കും പി.എ.-മാർക്കും ലോഗിൻ ഐ.ഡി.-യും പാസ്സ് വേർഡും നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ആസ്തി വികസന പദ്ധതി

14(3778) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡത്തിലെ എം.എൽ.എ. യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ സമ്പൂർണ്ണ വൈദ്യുതീകരണമുൾപ്പെടെ എത്ര പ്രവൃത്തികൾക്ക്

ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ആസ്തി വികസന പദ്ധതികൾക്കുള്ള ഭരണാനുമതിക്ക് വേഗതകൂട്ടാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിവരം അനുബന്ധമായി * ചേർക്കുന്നു.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ചാത്തമംഗലം പഞ്ചായത്തിൽ ഗവ.എൽ.പി. സ്കൂൾ പുള്ളന്നൂർ, കെട്ടിടനിർമ്മാണം എന്ന പ്രവൃത്തി ഭരണാനുമതിക്കുള്ള ധനാനുമതിക്കായി പരിശോധനയിലാണ്.

(സി) ആസ്തി വികസന പദ്ധതി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സമയക്രമം നിർദ്ദേശിച്ചുകൊണ്ട് 22-7-2015 തീയതിയിലെ നമ്പർ 67/2015/ധന സർക്കുലർ പ്രകാരം ഭരണ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി* ചേർക്കുന്നു. നടപ്പു സാമ്പത്തിക വർഷം ലഭ്യമായ ശിപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശമ്പള സ്കെയിലുകളിലെ അനോമലി

15(3779) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെ ഇപ്പോഴത്തെ ശമ്പള സ്കെയിൽ എത്രയാണ്; ഈ തസ്തികയുടെ പ്രൊമോഷൻ തസ്തിക ഏതാണ്; പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണ്;

(ബി) കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ ഈ തസ്തികകളിലെ ശമ്പള സ്കെയിൽ എപ്രകാരമായിരുന്നു;

(സി) സംസ്ഥാനത്ത് ഏതൊരു വകുപ്പിലും താഴ്ന്നതസ്തികയിൽനിന്നും ഉയർന്ന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ ശമ്പള സ്കെയിലിൽ വ്യത്യാസം ഉണ്ടാകാറുണ്ടോ; ഉണ്ടെങ്കിൽ ആരോഗ്യ വകുപ്പിലെ ജൂനിയർ ലബോറട്ടറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അസിസ്റ്റന്റ് തസ്തികയുടെ സ്ഥാനക്കയറ്റത്തിലും ശമ്പള സ്കെയിലിൽ വ്യത്യാസം ഉണ്ടാകുന്നുണ്ടോ; ഇല്ലെങ്കിൽ ഈ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആരോഗ്യവകുപ്പിലെയും ഫുഡ്സേഫ്റ്റി വകുപ്പിലെയും സമാന തസ്തികകളിൽ നിയമനത്തിന് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്താണ്; ഈ വകുപ്പുകളിൽ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെയും ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെയും ശമ്പള സ്കെയിലുകൾ തമ്മിൽ വ്യത്യാസം ഉണ്ടോ; ഉണ്ടെങ്കിൽ ഇതിലെ വ്യത്യാസം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ Rs. 17,500-39,500 ആണ്. ടി തസ്തികയുടെ പ്രൊമോഷൻ തസ്തിക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ഒൻപതാം ശമ്പള പരിഷ്കരണത്തിൽ ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയുടെ ശമ്പള സ്കെയിൽ Rs. 8,960-14,260 ആയിരുന്നു. ടി തസ്തികയുടെ പ്രൊമോഷൻ തസ്തിക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) എല്ലായ്പ്പോഴും പ്രൊമോഷനുകൾക്ക് ശമ്പള സ്കെയിലിൽ വ്യത്യാസം ഉണ്ടാകണമെന്ന് നിർബന്ധമില്ല.

(ഡി) ആരോഗ്യ വകുപ്പിലും ഫുഡ് സേഫ്റ്റി വകുപ്പിലും പൊതുവായി ലാബ് അസിസ്റ്റന്റ്, ജൂനിയർ ലാബ് അസിസ്റ്റന്റ്, പാക്കർ എന്നീ തസ്തികകൾ നിലവിലുണ്ട്. ഇരു വകുപ്പുകളിലും ജൂനിയർ ലാബ് അസിസ്റ്റന്റ് തസ്തിക Rs. 17,500-39,500 എന്ന ശമ്പള സ്കെയിലിലും പാക്കർ തസ്തിക Rs. 17,000-37,500 എന്ന ശമ്പള സ്കെയിലിലുമാണ് നിലവിലുള്ളത്. എന്നാൽ ലാബ് അസിസ്റ്റന്റ് തസ്തിക ആരോഗ്യ വകുപ്പിൽ Rs. 17,000-37,500 എന്ന ശമ്പള സ്കെയിലിലും ഫുഡ് സേഫ്റ്റി വകുപ്പിൽ Rs. 18,000-41,500 എന്ന ശമ്പള സ്കെയിലിലുമാണ് നിലവിലുള്ളത്. ഇരു വകുപ്പുകളിലെയും മേൽ തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. ശമ്പള സ്കെയിലിലെ വ്യത്യാസം പരിഹരിക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**വികസന പ്രവൃത്തികൾക്ക് വേഗത്തിൽ അനുമതി നൽകാൻ നടപടി**

16(3780) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവൃത്തികൾക്ക് വേഗത്തിൽ വിവിധ അനുമതികൾ നല്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി, സാമ്പത്തികാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ ലഭിക്കുന്നതിൽ വരുന്ന വലിയ കാലതാമസം കാരണം വികസന പ്രവൃത്തികൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആസ്തി വികസന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് ജില്ലാ തലത്തിൽ വിവിധ അനുമതികൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് ത്വരിതഗതിയിൽ ഭരണാനുമതി നൽകുന്നതിലേയ്ക്കായി വാർഷിക പദ്ധതിരേഖയെ മുൻഗണനാടിസ്ഥാനത്തിൽ 'Green Book'-ൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 9-12-2015-ലെ G.O.(P)No. 561/2015/Fin. പ്രകാരം ഉത്തരവായിരുന്നു. Green Book-ൽ ഉൾപ്പെടുത്തുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് അതാത് ഭരണവകുപ്പിൽ നിന്നും ഏപ്രിൽ മാസത്തിൽത്തന്നെ ഭരണാനുമതി നൽകാവുന്നതാണ്. 2017-18-ലും ടി പ്രക്രിയ തുടരുന്നതിലേയ്ക്കായി G.O.(P) No.08/2017/Fin. Dtd. 25-1-2017 നമ്പർ ഉത്തരവാകുകയും മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും (ആകെ 28 യോഗം) പ്രത്യേക കർമ്മസമിതിയുടെ യോഗം ചേർന്ന് 5 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുവാനുള്ള പ്രത്യേക കർമ്മസമിതിയുടെ സാമ്പത്തികാധികാരം 2017-18 സാമ്പത്തിക വർഷം മുതൽ 10 കോടി രൂപയ്ക്ക് മുകളിലായി നിജപ്പെടുത്തിക്കൊണ്ട് G.O.(P) No. 4/2017/Fin. Dtd.18-1-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. 10 കോടി രൂപ വരെയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് വകുപ്പുതല കർമ്മസമിതികൾക്കുതന്നെ ഭരണാനുമതി നൽകാൻ സാധിക്കുന്നതാണ്.

(ബി) ഭരണാനുമതി, സാമ്പത്തികാനുമതി, സാങ്കേതികാനുമതി തുടങ്ങിയവ ലഭിക്കുന്നതിൽ വരുന്ന കാലതാമസം കാരണം വികസന പ്രവൃത്തികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/Fin പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് ജില്ലാതലത്തിൽ അനുമതി നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**കിഫ്ബി**

17(3781) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള 'കിഫ്ബി'-യുടെ അടുത്ത യോഗം എന്നാണ് ചേരുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ 28-ാമത് യോഗം 21-3-2017-ന് ചേരാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 11,000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ചിട്ടുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 'പ്രത്യേക നിക്ഷേപ പദ്ധതി'യിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന നമ്പർ ഉത്തരവിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടുകൾ കിഫ്ബിയുടെ പ്രോജക്റ്റ് അപ്രൈസൽ വിഭാഗത്തിന്റെ പരിശോധനയ്ക്ക് ശേഷമാണ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ഇപ്രകാരം ടി പദ്ധതികൾ പരിശോധിച്ചുവരുന്നു.

**ചരക്ക് സേവന നിയമം**

18(3782) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നിയമം കേരളത്തിൽ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്;

(ബി) പ്രസ്തുത നിയമം നടപ്പിൽ വരുമ്പോൾ ഏതൊക്കെ മേഖലകളിൽ നിന്ന് സംസ്ഥാനത്തിന് അധിക വരുമാനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ മേഖലകളിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം ഇല്ലാതാകുമെന്നും വരുമാനം കുറയുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) Model GST Law പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞാൽ SGST Act സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച് പാസേക്കണ്ടതുണ്ട്. വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും e-payment നടത്തുന്നതിനും വേണ്ട Common Portal GSTN എന്ന കമ്പനി തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാനതലത്തിൽ അസെസ്സ്മെന്റ് ആഡിറ്റ്, അപ്പീൽ എൻഫോഴ്സ്മെന്റ് മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി back end module തയ്യാറാക്കേണ്ടതുണ്ട്. ഇതിനുവേണ്ട Software Application തയ്യാറാക്കൽ NIC-യുടെ സഹകരണത്തോടെ പുരോഗമിച്ചുവരുന്നു.

വകുപ്പിലെ എല്ലാ ജീവനക്കാർക്കും സാങ്കേതിക വിദ്യയെക്കുറിച്ചുള്ള പരിശീലനം പൂർത്തിയാക്കേണ്ടതുണ്ട്. ജി.എസ്.ടി. നടപ്പിൽ വരുമ്പോൾ ഉദ്യോഗസ്ഥ ക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്.

(ബി) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. കൂടാതെ സേവന മേഖലയിലും സംസ്ഥാനത്തിന് നികുതി ചുമത്താം. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

(സി) GST നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act-ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം നിയമാനുസൃതം തന്നെ നഷ്ടപരിഹാരം ഉറപ്പാക്കുന്ന സംവിധാനം നിലവിൽ വരും. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ GST പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്.

**ചരക്കുനികുതി നിർവ്വഹണത്തിനുള്ള സ്വകാര്യ കമ്പനി**

19(3783) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു നികുതി നിർവ്വഹണത്തിനുള്ള സ്വകാര്യ കമ്പനി (ജി. എസ്. റ്റി. എൻ.) യുടെ ഘടന എന്താണ്;

(ബി) ഇതിൽ കേരള സർക്കാരിന് എത്ര വിഹിതമുണ്ട്;

(സി) നെറ്റ് വർക്ക് ഉപയോഗിക്കുന്നതിന് കേരള സർക്കാർ പണം നൽകേണ്ടി വരുന്നുണ്ടോ;

(ഡി) സംസ്ഥാനങ്ങൾക്ക് ഈ കമ്പനിയിൽ എത്ര മാത്രം അധികാരമാണുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) ചരക്കു സേവന നികുതി നെറ്റ്‌വർക്ക് കമ്പനീസ് ആക്ടിലെ സെക്ഷൻ 8 (പുതിയത്) പ്രകാരം രൂപീകരിക്കപ്പെട്ട സർക്കാരിതര പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് ജി.എസ്.റ്റി.എൻ. ഈ കമ്പനിയിൽ ഭാരത സർക്കാരിന് 24.5 ശതമാനം ഓഹരിയും മറ്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി 24.5 ശതമാനം ഓഹരിയുമാണുള്ളത്. ബാക്കിയുള്ള 51 ശതമാനം ഓഹരിയും നോൺ ഗവൺമെന്റ് ഫിനാൻസ് സ്ഥാപനങ്ങളായ (1) LIC Housing Finance Ltd. (2) ICICI Bank Ltd. (3) HDFC Ltd. (4) HDFC Bank Ltd. (5) NSE Strategic Investment Corporation Ltd-നുമാണുള്ളത്.

(ബി) കേരളത്തിന് 79,000 ഓഹരിയാണുള്ളത്.

(സി) ഉണ്ട്.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മൂലധന പങ്കാളിത്തമുള്ള കമ്പനി നിയമത്തിലെ സെക്ഷൻ 25 (പഴയത്) പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനിയാണ് ജി.എസ്.റ്റി.എൻ. കേന്ദ്ര-സംസ്ഥാന വകുപ്പുകളിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികളേയും ജി.എസ്.റ്റി.-യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യുന്നതിനും രജിസ്ട്രേഷൻ റിട്ടേൺ ഫയലിംഗ്, ഇ-പേമെന്റ് എന്നിവ നടത്തുന്നതിനുമുള്ള ഐ.റ്റി.

സംവിധാനമായ കോമൺ പോർട്ടൽ തയ്യാറാക്കുന്ന ചുമതലയാണ് ജി.എസ്.റ്റി.എൻ.-ന് നൽകിയിട്ടുള്ളത്. ആയതിനാൽ ഈ കമ്പനിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പ്രത്യേക അധികാരം വ്യവസ്ഥ ചെയ്തിട്ടില്ല.

## നോട്ട് നിരോധനവും സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും

20(3784) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലും അംഗീകാരത്തോടെയും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നോട്ടുനിരോധനം എത്തരത്തിൽ ബാധിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ജനങ്ങൾക്കായുള്ള സേവനം ഉറപ്പുവരുത്താനും ജീവനക്കാരെ സംരക്ഷിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ട്രഷറി ചെക്കുകൾ സ്വീകരിക്കുന്നതിൽ മറ്റ് ബാങ്കുകളോ (പൊതുമേഖല), എൽ.ഐ.സി. തുടങ്ങിയ ഇൻഷ്വറൻസ് കമ്പനികളോ, സ്റ്റാർ ഹെൽത്ത് തുടങ്ങിയ ധനകാര്യ ഇൻഷ്വറൻസ് സ്ഥാപനങ്ങളോ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ട്രഷറികൾ, സഹകരണ മേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഐ.എഫ്.എസ്.കോഡ് നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് അവർക്ക് ലഭ്യമാക്കാൻ എന്തു നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിലും അംഗീകാരത്തോടെയും പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളായ കേരള ഫിനാൻഷ്യൽ കോർപ്പറേഷനെയും കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിനെയും നോട്ട് നിരോധനം ബാധിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഇതുമൂലം ഇടപാടുകാർക്ക് കൃത്യസമയത്ത് തിരിച്ചടവ് നടത്താൻ ബുദ്ധിമുട്ടുണ്ടാവുകയും അങ്ങനെ ആ ലോണുകളിൽ കുടിശ്ശിക വന്നുചേരുകയുമുണ്ടായി. നോട്ട് നിരോധന സമയത്ത് നിരോധിച്ച നോട്ടുകൾ സ്വീകരിക്കാൻ കോർപ്പറേഷന് അനുമതി ഇല്ലാത്തത് കാരണം നിരോധിച്ച നോട്ടുകളടച്ച് ലോണുകൾ തീർക്കാൻ സന്നദ്ധരായി വന്ന ഇടപാടുകാരിൽനിന്നും പണം സ്വീകരിക്കാനും സാധിച്ചില്ല.

കെ.എസ്.എഫ്.ഇ.-യുടെ വിവിധ പദ്ധതികളിലുള്ള തിരിച്ചടവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2016 ഒക്ടോബർ മാസത്തെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ നവംബർ മാസത്തിൽ 284 കോടി രൂപയുടേയും ഡിസംബർ മാസത്തിൽ 149 കോടി രൂപയുടേയും 2017 ജനുവരി മാസത്തിൽ 202 കോടി രൂപയുടേയും കുറവുണ്ടായിട്ടുണ്ട്.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ, ആർ.ബി.ഐ. 21-11-2016-ൽ DBR No.21-11-2016 BP.BC.37/21.04.048/2016-17 എന്ന സർക്കുലർ പ്രകാരം ഒരു കോടി രൂപ വരെയുള്ള ലോണുകൾക്ക് 31-3-2017 വരെ തിരിച്ചടവിന് ഇളവ് നൽകിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യുടെ വിവിധ ശാഖകളിൽ POS മെഷീൻ സ്ഥാപിച്ചുകൊണ്ടും ബാങ്ക്/ഓൺലൈൻ പണമിടപാട് പ്രോത്സാഹിപ്പിച്ചുകൊണ്ടും നോട്ട് നിരോധനംമൂലമുണ്ടായ ബുദ്ധിമുട്ടുകൾ മറികടക്കാൻ ശ്രമിച്ചുവരുന്നു.

(സി) വിലക്ക് ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാന ട്രഷറികൾക്ക് ഐ.എഫ്.എസ്. കോഡ് നിലവിലില്ല.

സഹകരണ സ്ഥാപനങ്ങളായ സംസ്ഥാന സഹകരണ ബാങ്കിനും 14 ജില്ലാ സഹകരണ ബാങ്കുകൾക്കും ഭാരതീയ റിസർവ് ബാങ്ക് ഇക്കാര്യത്തിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സഹകരണ അർബൻ ബാങ്കുകൾക്കും ഐ.എഫ്.എസ്. കോഡ് നിലവിലുണ്ട്. ഭാരതീയ റിസർവ് ബാങ്ക് ഇക്കാര്യത്തിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന സഹകരണ ബാങ്കുകൾക്കാണ് ഐ.എഫ്.എസ്. കോഡ് ലഭിക്കുന്നത്.

**ട്രഷറി ബാങ്കിംഗ് സംവിധാനം**

21(3785) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി ബാങ്കിംഗ് സമ്പ്രദായം എളുപ്പമാക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ട്രഷറി സേവിംഗ്സ് ബാങ്ക് (ടി.എസ്.ബി.) സമ്പ്രദായം കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പ്രധാന നേട്ടങ്ങൾ (1) ഏത് ട്രഷറിയിൽനിന്നും ടി.എസ്.ബി. അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നു. (2) ഏത് ട്രഷറി മുഖേനയും ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് പണം നിക്ഷേപിക്കാൻ കഴിയുന്നു എന്നിവയാണ്.

കോർ ബാങ്കിംഗ് സംവിധാനത്തിന്റെ അടുത്ത ഘട്ടമായി ഇടപാടുകാരുടെ സൗകര്യാർത്ഥം നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ട്രഷറിയിൽ അക്കൗണ്ടുള്ള ഒരാൾക്ക് ഇന്റർനെറ്റ് സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സ്വന്തം അക്കൗണ്ടിലുള്ള പണം മറ്റ് ബാങ്ക്/ടി.എസ്.ബി. അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനോ ട്രഷറിയിലെ അക്കൗണ്ടിൽനിന്ന് സർക്കാർ സേവനങ്ങൾക്കുവേണ്ടി അടയ്ക്കുന്നതിനോ താമസംവിനാ സൗകര്യമുണ്ടാകും. ഓരോ ഇടപാടുകാരനും ഇതിനായി സുരക്ഷിതമായ യൂസർ ഐ.ഡി.-യും പാസ്‌വേഡും നൽകുന്നതാണ്. ഇപ്രകാരമുള്ള സൗകര്യങ്ങൾക്കായി ഇടപാടുകാരൻ തുടർന്ന് ട്രഷറി സന്ദർശിക്കേണ്ടതുമില്ല.

## പ്രവാസി മലയാളി നിക്ഷേപം

22(3786) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് വരുന്ന ഒരു ലക്ഷം കോടിയിൽപ്പരം രൂപയുടെ പ്രവാസി മലയാളി നിക്ഷേപം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രവാസിനിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(സി) കിഫ്ബിയെ പ്രവാസി നിക്ഷേപത്തിന്റെ ചാനലൈസിംഗ് ഏജൻസി ആക്കി മാറ്റുന്ന നടപടിക്ക് ഊന്നൽ നൽകുമോ; എങ്കിൽ എന്തൊക്കെ മാർഗ്ഗങ്ങളിലൂടെയാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സാമ്പത്തിക മാന്ദ്യത്തിൽനിന്നും സംസ്ഥാനത്തെ കരകയറ്റുന്നതിന് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമെങ്കിലും ആവശ്യമാണെന്ന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം സാധൂകരിക്കുന്നതിന്റെ ആദ്യപടിയായി 2016-ലെ അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ആക്ട് മുഖേന കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ്

ഫണ്ട് ബോർഡിന്റെ പ്രവർത്തന സാദ്ധ്യതകൾ വിപുലീകരിക്കുക വഴി നൂതനമായ ധനസമാഹരണ മാർഗ്ഗങ്ങളിലൂടെ അടിസ്ഥാന സൗകര്യ നിക്ഷേപ പദ്ധതികൾക്കാവശ്യമായ പണം കണ്ടെത്തുന്നതിന് കിഫ് ബോർഡിനെ പ്രാപ്തമാക്കി. ഇതേത്തുടർന്ന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 'പ്രത്യേക നിക്ഷേപ പദ്ധതി'യിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലായി കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇപ്രകാരം പ്രഖ്യാപിച്ച പദ്ധതികളിൽ 7-11-2017-ൽ നടന്ന കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഇരുപത്തിയേഴാമത് യോഗം 48 പദ്ധതികളിലായി 4,004.86 കോടി രൂപ അടങ്കൽ തുകയ്ക്ക് അംഗീകാരം നൽകിയിരുന്നു. ടി പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളിൽ പ്രധാനമായ പ്രവാസി മലയാളി നിക്ഷേപം ഉൾപ്പെടെയുള്ള സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നത് ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്.

(ബി & സി) പ്രവാസികളിൽനിന്നുള്ള നിക്ഷേപം ആകർഷിക്കുന്നത് ലക്ഷ്യമിട്ട് കെ.എസ്.എഫ്.ഇ. ഓൺലൈൻ പ്രവാസി ചിട്ടി പദ്ധതി ആവിഷ്കരിച്ച് വരികയാണ്. ടി പദ്ധതിയിലൂടെ കെ.എസ്.എഫ്.ഇ. സമാഹരിക്കുന്ന തുക കിഫ്ബിയുടെ ബോണ്ടുകളിൽ നിക്ഷേപിക്കുക വഴി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരിക്കുന്ന ഈ ഉദ്യമംവഴി പ്രവാസികളിൽനിന്നും നേരിട്ട് നിക്ഷേപം സ്വീകരിക്കാതെതന്നെ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ പ്രവാസി നിക്ഷേപത്തെ ഭാഗഭാക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പുരോഗമിച്ചുവരുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ഈ ഉദ്യമത്തിൽ ചേർക്കാൻ ലക്ഷ്യമിടുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

23(3787) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ജനുവരി 31 വരെ എത്ര രോഗികൾക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ചികിത്സാസൗകര്യം ലഭിക്കുന്ന ആശുപത്രികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ജനവരി 31 വരെ 1287.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും 104 സ്വകാര്യ ആശുപത്രികളും ഉൾപ്പെടുന്നു. ചികിത്സാ സഹായം നൽകിയ 49 സർക്കാർ ആശുപത്രികളുടെയും 104 സ്വകാര്യ ആശുപത്രികളുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

## സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് നടപടി

24(3788) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ പേരിൽ ദേശസാൽകൃത ബാങ്കുകളിലുള്ള അക്കൗണ്ടുകൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ പേരിൽ ദേശസാൽക്കൃത ബാങ്കുകളിലുള്ള അക്കൗണ്ടുകൾ സംസ്ഥാന സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറികളിൽത്തന്നെ നിലനിർത്തണമെന്നാണ് കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടുകൾ ട്രഷറിയേക്കാൾ പലിശ ലഭിക്കുന്നുവെങ്കിൽ മാത്രമേ മറ്റ് ബാങ്കുകളിൽ നിക്ഷേപിക്കുവാൻ പാടുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## മൊബൈൽ ചാർജറിന് പ്രത്യേകം നികുതി

25(3789) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന മൊബൈൽ ഫോൺ പാക്കറ്റിൽ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന മൊബൈൽ ചാർജറിന് പ്രത്യേകം നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; ഈയിനത്തിൽ നികുതി പിരിവ് നടത്തുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ഉത്തരവുകൾ നിലവിലുണ്ടോ; മുൻകാലങ്ങളിൽ വിൽപ്പന നടത്തിയ മൊബൈൽ ഫോൺ ചാർജറുകൾക്ക് നികുതി നൽകണമെന്ന് ആവശ്യപ്പെട്ട് വ്യാപാരികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഒരേ പാക്കറ്റിൽ അടക്കം ചെയ്ത് വിൽപ്പന നടത്തുന്ന സാധനങ്ങൾക്ക് പരമാവധി വിൽപ്പന വിലയും നികുതിയും നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഇനത്തിലുള്ള അധിക നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരള മൂല്യവർദ്ധിത നികുതി നിയമത്തിൻ കീഴിൽ മൊബൈൽ ഫോണുകൾക്ക് 5 ശതമാനവും ചാർജറുകൾക്ക് 14.5 ശതമാനവും നിരക്കിലാണ് നികുതി ഏർപ്പെടുത്തിവന്നിരുന്നത്. സ്റ്റേറ്റ് ഓഫ് പഞ്ചാബ് Vs നോക്കിയ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കേസിൽ മൊബൈൽ ഫോൺ ചാർജർ മൊബൈൽ ഫോണിന്റെ ഭാഗമല്ലെന്നും പ്രത്യേക accessory മാത്രമാണെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇതേത്തുടർന്ന്, മൊബൈൽ ഫോണിനോടൊപ്പം വിൽക്കുന്ന ചാർജറുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നൽകണമെന്നാവശ്യപ്പെട്ട് വ്യാപാരികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ വിധി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന സർക്കാർ മൊബൈൽ ഫോണിനോടൊപ്പം വിൽക്കപ്പെടുന്ന സീൽ ചെയ്ത കവറിലുള്ള മൊബൈൽ ഫോൺ ചാർജറിന്റെ നികുതി നിരക്ക് 1-4-2005 മുതൽ അഞ്ച് ശതമാനമായി എസ്.ആർ.ഒ. 46/2016 പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. കേരള ധനകാര്യ ബിൽ 2016 (13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 396, 14-ാം കേരള നിയമസഭയുടെ ബിൽ നം. 16)-ലും ഈ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. എന്നാൽ, ധനകാര്യ നിയമം 2016 പാസ്സാക്കിയപ്പോൾ മൊബൈൽ ഫോണിനോടൊപ്പം വിൽക്കപ്പെടുന്ന സീൽ ചെയ്ത കവറിലുള്ള മൊബൈൽ ഫോൺ ചാർജറിന്മേൽ ചുമത്തിയിരിക്കുന്ന 5 ശതമാനം നിരക്ക് പിൻവലിച്ചു. ഇതേത്തുടർന്ന് ഇവയുടെ നിരക്ക് പഴയതുപോലെ 14.5 ശതമാനമായിട്ടുണ്ട്.

(സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കേന്ദ്ര ധനകമ്മീഷൻ അനുവദിക്കുന്ന പ്രതിമാസ വിഹിതം

26(3790) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനക്കമ്മീഷൻ സംസ്ഥാനത്തിന് അനുവദിക്കുന്ന പ്രതിമാസ വിഹിതത്തിൽ നിലവിൽ കുടിശ്ശിക വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക വന്നിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കുടിശ്ശിക വന്നിട്ടില്ല. കേന്ദ്ര ധനകമ്മീഷൻ സംസ്ഥാനത്തിന് പ്രതിമാസ വിഹിതമായി അനുവദിക്കുന്നത് കേന്ദ്ര നികുതി വിഹിതവും (2015-2020), ധനകമ്മി കുറയ്ക്കുന്നതിനുള്ള ഗ്രാന്റുമാണ് (2015-2018). ഇതിൽ മാർച്ച് 2017-ലെ ധനകമ്മി കുറയ്ക്കുന്നതിനുള്ള ഗ്രാന്റ് മാത്രമേ ലഭിക്കാനുള്ളൂ.

## കായംകുളം സബ്ട്രഷറി

27(3791) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം സബ്ട്രഷറിയിൽ നിലവിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് നിലവിലുള്ളത് എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്യാധുനിക സൗകര്യങ്ങളോടെ ഈ സബ്ട്രഷറിയുടെ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിച്ചാൽ മാത്രമേ ഈ ട്രഷറിക്ക് അത്യാധുനിക സൗകര്യങ്ങൾ ഒരുക്കാൻ കഴിയുകയുള്ളൂ. അനുയോജ്യമായ സ്ഥലം ലഭ്യമാക്കി ട്രഷറി ഡയറക്ടർ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

28(3792) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ 2015, 2016 വർഷങ്ങളിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ, വികലാംഗരായ മക്കൾ എന്നിവർക്ക് കുടുംബപെൻഷൻ**

29(3793) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ പെൺമക്കൾക്കും ആൺമക്കൾക്കും രക്ഷകർത്താക്കളുടെ കുടുംബപെൻഷൻ ലഭിക്കാൻ അർഹതയുണ്ടോ; എങ്കിൽ എന്നുമുതലാണ് ഈ ആനുകൂല്യം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) രക്ഷകർത്താക്കളെ ആശ്രയിച്ചുകഴിയാൻ നിർബന്ധിതരാകുന്ന വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്ക് കുടുംബപെൻഷന് അർഹത നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിരാലംബരും രക്ഷകർത്താക്കളെ ആശ്രയിച്ച കഴിയുന്നവരുമായ വിധവകൾക്കും വിവാഹമോചിതരായ സ്ത്രീകൾക്കും കൂടി കുടുംബപെൻഷന് അർഹത നല്കി ഉത്തരവുണ്ടാകുമോ?

ഉത്തരം

(എ) കെ.എസ്.ആർ. പാർട്ട് III ചട്ടം 90(6) പ്രകാരം 6-8-1987 മുതൽ അർഹതയുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

### സിമന്റിന് അമിതവില

30(3794) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിമന്റ് കച്ചവടക്കാർ മറ്റ് സംസ്ഥാനത്തുള്ളതിനേക്കാൾ കൂടിയ വില സിമന്റിന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വിപണനം നടത്തുന്നവയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതും വിദേശ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നവയും സംസ്ഥാനത്തുള്ള സിമന്റ് കമ്പനികൾ ഉത്പാദിപ്പിക്കുന്നതുമായ സിമന്റിന്റെ വില എത്രയെന്ന് കമ്പനി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) സിമന്റിന് അമിതവില ഈടാക്കുന്നത് സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ നിർമ്മാണപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സിമന്റിന് വില നിയന്ത്രണമോ ഏകീകൃത വില സമ്പ്രദായമോ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വ്യാപാരികൾ വാണിജ്യ നികുതി വകുപ്പിൽ സമർപ്പിക്കുന്ന റിട്ടേണുകളിൽ അളവിനെ (ക്വാണ്ടിറ്റി) സംബന്ധിച്ചുള്ള വിവരങ്ങൾ സമർപ്പിക്കേണ്ടതില്ലാത്തതിനാൽ കമ്പനി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

### സാന്ത്വനം പദ്ധതി

31(3795) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് മരണപ്പെട്ടവരുടെ ആശ്രിതർക്ക് വേണ്ടിയുള്ള സാന്ത്വനം പദ്ധതിയിലൂടെ എത്ര പേർക്ക് ഈ സാമ്പത്തിക വർഷം ധനസഹായം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിൽ 31-12-2016 ാം തീയതി വരെ സർക്കാർ ഉത്തരവ് ലഭിച്ച എത്ര പേർക്ക് ധനസഹായം ലഭിക്കാനുണ്ട്?

<u>ഉത്തരം</u>

(എ) സാന്ത്വന പദ്ധതിപ്രകാരം വിദേശത്തുവച്ച് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് മാത്രമല്ല ധനസഹായം നൽകുന്നത്. പ്രവാസ കാലയളവിന് തുല്യമായ കാലയളവിൽ പ്രവാസ ജീവിതം കഴിഞ്ഞശേഷം നാട്ടിൽവച്ച് മരിക്കുന്നവരുടെ ആശ്രിതർക്കും ധനസഹായം നൽകും. ഈ സാമ്പത്തിക വർഷത്തിൽ സാന്ത്വന പദ്ധതിപ്രകാരം 346 അപേക്ഷകർക്ക് മരണാനന്തര ധനസഹായം സർക്കാർ അനുവദിച്ചിരുന്നു. ആയതിൽ 31-8-2016 വരെ ഉത്തരവുകൾ നൽകിയിട്ടുള്ള 147 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ മരണാനന്തര ധനസഹായം ഉൾപ്പെടെ വിവിധ പദ്ധതികളിലായി 828 ഗുണഭോക്താക്കൾക്കാണ് സാന്ത്വന പദ്ധതിയിലൂടെ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ളത്. ആയതിൽ മുൻ സാമ്പത്തിക വർഷത്തേതുൾപ്പെടെ 31-8-2016 വരെയുള്ള ഉത്തരവുകളിലെ 371 ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 1-9-2016 മുതലുള്ള സർക്കാർ ഉത്തരവുകളിൽ ഉൾപ്പെടുന്ന 297 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കാനുണ്ട്.

**ആസ്തി വികസന ഫണ്ട്**

32(3796) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ പൂഴാതി, കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപ അനുവദിച്ചിരുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിലെ 5578/NCB 3/15/Fin നമ്പർ ഫയലിൽ ബന്ധപ്പെട്ട വകുപ്പ് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ വിഷയത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി/പുരോഗതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഴിക്കോട് നിയോജകമണ്ഡലത്തിൽ പൂഴാതി, കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽനിന്നും 70 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലെ U.O(f)No. 5518/NC-B3/15/Fin ഫയലിലെ ധനാനുമതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ

(EPA) വകുപ്പ് ഭരണാനുമതി ഉത്തരവ് [G.O.(Rt)No.924/2015/LSGD, dtd 26-3-2015] പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നു.*

(ബി) പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും മറ്റും എൽ.എസ്.ജി.ഡി.-യിൽ നിന്നും തുക പൊതുമരാമത്ത് വകുപ്പിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യേണ്ടതുണ്ട്.

**പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ**

33(3797) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ചെക്ക് പോസ്റ്റുകളുടെ നവീകരണം നടത്തുമ്പോൾ സ്ത്രീ ജീവനക്കാരുൾപ്പെടെയുള്ളവർക്ക് മതിയായ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ ശ്രദ്ധിക്കുമോ;

(സി) ഇത്തരം നവീകരണ പ്രവർത്തനം നടത്തുന്നതിലൂടെ ചെക്ക് പോസ്റ്റുകളിലെ അഴിമതി പൂർണ്ണമായും തടയുന്നതിനുള്ള നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വരുന്നതോടെ വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക്പോസ്റ്റ് പരിശോധനകൾ പുനഃക്രമീകരിക്കേണ്ടതായി വരും. പ്രസ്തുത സാഹചര്യം പരിഗണിച്ച് പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട വാളയാർ ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് ഉൾപ്പെടെയുള്ളവയുടെ വികസനത്തിന് എക്സൈസ് വകുപ്പിനെ നോഡൽ വകുപ്പായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് ചില ചെക്ക്പോസ്റ്റുകളിൽ നവീകരണത്തിന്റെ ഭാഗമായി കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുകയും അനെർട്ടുമായി ബന്ധപ്പെട്ട് സോളാർ ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഉറപ്പ് വരുത്തുന്നതാണ്.

(സി) ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ, സോളാർ ഹൈമാസ്റ്റ് ലാമ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനും കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സമ്പദ്ഘടന പുനരുജ്ജീവിപ്പിക്കുന്നതിന് പദ്ധതികൾ

34(3798) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടിസ്ഥാന സൗകര്യ വികസനത്തിനും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനും ഊന്നൽ നൽകിക്കൊണ്ട് സമ്പദ്ഘടന പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനും സമ്പൂർണ്ണ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള ഒരു കർമ്മ പരിപാടിയാണ് 2016-17 ബജറ്റ് പ്രഖ്യാപനത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജ്. പാവങ്ങൾ പണിയെടുക്കുന്ന തൊഴിൽത്തുറകളുടെ സംരക്ഷണവും അതോടൊപ്പം സംസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും ലക്ഷ്യമിട്ടുകൊണ്ടാണ് 20,000 കോടി രൂപ ചെലവുകളുൾപ്പെടുന്ന ഈ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. 2017-18 ബഡ്ജറ്റിൽ 25,000 കോടി രൂപയുടെ മറ്റൊരു പാക്കേജിനും രൂപം നൽകിയിട്ടുണ്ട്. ഇതിനുള്ള വിഭവ സമാഹരണം നടത്തുന്നതിനായി സുസ്ഥിരമായ വരുമാനം സർക്കാരിൽനിന്ന് ഉറപ്പുവരുത്തിക്കൊണ്ട് ബഡ്ജറ്റിന് പുറത്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഇപ്രകാരം സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനവും കേരളത്തിലൊട്ടാകെയുള്ള ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനവും കേരള സമ്പദ്ഘടനയെ ഉത്തേജിപ്പിച്ചുകൊണ്ട് യാഥാർത്ഥ്യമാക്കുന്നതിനായി 1999-ൽ സ്ഥാപിതമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് എന്ന ധനകാര്യ സ്ഥാപനത്തിന്റെ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുകയും സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കിഫ്ബിയെ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ഇപ്രകാരം സമാഹരിച്ചുകൊണ്ടിരിക്കുന്ന നിക്ഷേപങ്ങൾ ഉപയോഗിച്ച് മേൽസൂചിപ്പിച്ച രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ നടപ്പിലാക്കൽ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന ചില പദ്ധതികൾ ഇപ്രകാരമാണ്:

1. ജില്ലാ കാർഷിക ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള ചെറുകിട-ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുക.

2. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷത്തിൽനിന്ന് മലയോര ഗ്രാമങ്ങളിലെ കൃഷിക്കാരെ സംരക്ഷിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ ഉചിതമായ വേലിനിർമ്മാണം.

3. ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക.

4. 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ വൈദ്യുതീകരണം, നവീകരണം, അടച്ചുറപ്പ് എന്നിവയുൾപ്പെടെ ഹൈടെക് ആക്കുക.

5. ജി.വി. രാജ കണ്ണൂർ സ്പോർട്സ് സ്കൂൾ, അയ്യങ്കാളി സ്പോർട്സ് സ്കൂൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം.

6. പോളിടെക്നിക്കുകളുടെ അടിസ്ഥാനസൗകര്യ വികസനം

7. ആശുപത്രികളുടെ നവീകരണം

8. പത്ത് കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണം

9. ഗതാഗത സൗകര്യ വികസനം

10. എല്ലാ പഞ്ചായത്തുകളിലും ഓരോ കളിക്കളം

11. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ ക്രസ്റ്റിന്റെ കോഴിക്കോട് കാമ്പസ്

12. കോട്ടയം മേഖലയിലെ ജലഗതാഗതം നവീകരിക്കൽ

13. മുടങ്ങിക്കിടക്കുന്നതും കാര്യക്ഷമത നഷ്ടപ്പെട്ടതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കുക.

തുടങ്ങി സംസ്ഥാനത്തെ വിവിധ മേഖലകളിലുള്ള ജനവിഭാഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനുള്ള വിവിധ പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്.

**ആസ്തി വികസന ഫണ്ട്**

35(3799) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ ഇരിക്കൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച 25 കോടി രൂപയുടെ പദ്ധതികളിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2015-16 കാലഘട്ടത്തിൽ 6 ഗവൺമെന്റ് സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങാൻ 15 ലക്ഷം രൂപ വീതം 90 ലക്ഷം രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ അനുവദിച്ചുകൊണ്ട് എം.എൽ.എ. എന്നാണ് കത്ത് നൽകിയത് എന്നും ഈ ബസ്സുകൾ വാങ്ങാൻ അനുമതി നൽകിയോ എന്നും വ്യക്തമാക്കുമോ; അനുമതി നൽകാൻ ഇത്രയേറെ കാലതാമസം ഉണ്ടാകാൻ കാരണം എന്താണ്;

(സി) 2016-17 സാമ്പത്തികവർഷം ഇരിക്കൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച നിർദ്ദേശങ്ങൾക്ക് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-16 കാലയളവിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽനിന്നും 50 പ്രവൃത്തികൾക്കായി 1,974.98 ലക്ഷം രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങൾ വിവിധ ഭരണ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 21-8-2015-ലെ കത്ത് 4-9-2015-ലാണ് പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൻപ്രകാരം 18-9-2015-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ക്വട്ടേഷനുകൾ സമർപ്പിക്കാനായി നിർദ്ദേശിച്ചിരുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ 20-1-2016-ൽ ക്വട്ടേഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് ഈ വിഷയത്തിൽ അനുമതിക്കായി 1-2-2016-ന് ധനകാര്യ വകുപ്പിന് ഫയൽ നൽകിയിരുന്നു. ഇതിന്മേൽ ധനകാര്യ വകുപ്പ് 21-2-2016-ന് അംഗീകാരം നൽകിയിട്ടുണ്ട്. 4-3-2016-ലെ G.O. (Rt)No.991/16/GEdn. പ്രകാരം ഭരണാനുമതി ഉത്തരവ് ഭരണ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 2016-17-ലെ ആസ്തി വികസന ഫണ്ടിൽനിന്നും ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 17 വിവിധ പ്രവൃത്തികൾക്ക് ശിപാർശ നൽകുകയും മേൽ ശിപാർശകൾ ഡി.പി.ആർ. ഉൾപ്പെടെ സമർപ്പിക്കുവാനായി വിവിധ ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഈ പ്രവൃത്തികളുടെ ഡി.പി.ആർ. ഇതുവരേയും ഭരണവകുപ്പുകളിൽനിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ധനാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

36(3800) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) രാഷ്ട്രപതിയുടെ പ്രത്യേക ശിപാർശ പ്രകാരം കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന ഗവണ്മെന്റുകളും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പുനഃസ്ഥാപിച്ച നൽകിയ ഡി.സി.ആർ.ജി., കുടുംബ പെൻഷൻ, എക്സ്- ഗ്രേഷ്യ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ കേരളത്തിൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അതേ രീതിയിൽ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന ഗവണ്മെന്റുകളും ഒരു പോലെ നടപ്പിലാക്കിയ പദ്ധതിയിൽ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച നൽകുന്ന കാര്യത്തിൽ കേരളത്തിൽ മാത്രം വ്യത്യസ്ത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടത്തിയ പുനഃപരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഈ വിഷയം പഠിച്ചുവരികയാണ്.

(ബി) സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ച് പി.എഫ്.ആർ.ഡി.എ.-യുമായും കേന്ദ്രസർക്കാരുമായും ഒപ്പുവെച്ചിരിക്കുന്ന കരാറുകളിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇത്തരം ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് നൽകുന്നത് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളുടെ അധികാരപരിധിയിൽ ഉൾപ്പെടുന്ന കാര്യമാണ്. ആയതിനാൽ സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ പ്രത്യേകമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. അനുപ്രകാരമാണ് കേരള സംസ്ഥാന സർക്കാരും ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

(ഡി) സർക്കാർ ഈ വിഷയം പഠിച്ചുവരികയാണ്.

**ആറ്റുകാൽ ടൗൺഷിപ്പ്**

37(3801) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ ടൗൺഷിപ്പ് ആക്കി മാറ്റുന്നതിന് കഴിഞ്ഞ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു ;

(ബി) ആറ്റുകാൽ ടൗൺഷിപ്പിന്റെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറായോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് തുടങ്ങാനാവും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ആറ്റുകാൽ മാസ്റ്റർ പ്ലാനിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി 100 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവയ്ക്കുന്നതായും ഇതിൽനിന്നും 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 22-12-2012-ലെ സ.ഉ. (സാധാ) നമ്പർ 3564/2012/തസ്വഭവ പ്രകാരം സിഡ്കോയെ ആറ്റുകാൽ വികസന പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയുണ്ടായി, അതിൻപ്രകാരം സിഡ്കോ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അഡ്വൈസറി കമ്മിറ്റിയുടെ അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. അഡ്വൈസറി കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് ടിഡ സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി**

38(3802) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിനായി ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ ;

(ബി) ഇലക്ട്രിക് വാഹനങ്ങൾക്ക് ഇലക്ട്രിസിറ്റി ചാർജ്ജ് ചെയ്യുന്നതിനായി ഓഫീസ് സമുച്ചയങ്ങളിൽ സൗജന്യമായി സൗകര്യം ഒരുക്കുന്ന കാര്യം ആലോചനയിലുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി സൗഹൃദമാണെന്നതുകൊണ്ടുതന്നെ ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ തലത്തിൽ ഒരു തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

(ബി) പെട്രോൾ, ഡീസൽ, എൽ.പി.ജി. റീഫില്ലിംഗ് സ്റ്റേഷനുകളെപ്പോലെ ഇലക്ട്രിസിറ്റി ചാർജ് ചെയ്യുന്നതിനായുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. സൗജന്യമായി സൗകര്യമൊരുക്കുന്നത് പ്രായോഗികമാണെന്ന് കരുതുന്നില്ല.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

39(3803) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖല/സ്വകാര്യ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ എന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തിനകത്തും പുറത്തുമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതിനായി വിദ്യാഭ്യാസ വായ്പയ്ക്ക് അപേക്ഷിച്ച നിരവധി പേർക്ക് ബാങ്ക് മാനേജർമാർ പല മാനദണ്ഡങ്ങൾ ചൂണ്ടിക്കാട്ടി വായ്പ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ലഭിച്ച പരാതികളുടെ പട്ടിക ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ വായ്പ എടുത്തവരുടെ വായ്പ തിരിച്ചടവിന് പലിശയിൽ സഹായം നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) വാർഷിക വരുമാനം കുറവുള്ള വിദ്യാഭ്യാസ വായ്പക്കാർക്ക് തങ്ങളുടെ വായ്പ തിരിച്ചടവിന് കൂടുതൽ കാലാവധിയും പലിശയ്ക്ക് സർക്കാർ സബ്സിഡിയും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് ഇൻഡ്യൻ ബാങ്ക്സ് അസോസിയേഷൻ (IBA) മാനദണ്ഡം അനുസരിച്ചാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് അതാത് ബാങ്കുകളുടെ മാനദണ്ഡം അനുസരിച്ചാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്.

(ബി & സി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ യുക്തമായ നടപടികൾ കൈക്കൊള്ളുവാനുള്ള നിർദ്ദേശം അതാത് ബാങ്കുകളുടെ പരാതി പരിഹാര ഓഫീസർക്ക് (Grievance Redressal Officer) അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.

(ഡി) കേന്ദ്രസർക്കാരിന്റെ CSIS (Central Scheme of Interest Subsidy) for Education Loans പദ്ധതി പ്രകാരം ഡിഗ്രിതല കോഴ്സുകളിൽ മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് പഠന കാലയളവിലെ പലിശ കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. തിരിച്ചടവിൽ കുടിശ്ശിക വരുത്തിയ കുട്ടികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) RBI/അതാത് ബാങ്കുകളുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഇളവുകൾ നൽകാറുണ്ട്.

(ഇ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നിഷ്ക്രിയ ആസ്തിയായി (NPA) മാറിയ വായ്പാത്തുകയുടെ 60 ശതമാനം നൽകിക്കൊണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്നതിന് സർക്കാർ സഹായിക്കുന്നതാണ്. ഇതുപോലെതന്നെ മറ്റ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവുകാർ കൃത്യമായി മുതലും പലിശയും തിരിച്ചടയ്ക്കുകയാണെങ്കിൽ തിരിച്ചടവിന്റെ ഒരു ഭാഗം നിശ്ചിത കാലത്തേയ്ക്ക് സർക്കാർ വഹിക്കുന്നതാണ്.

### സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി

40(3804) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., കെ. എഫ്. സി, കെ. ടി. ഡി. എഫ്. സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ വഴി കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ. കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിവരുന്നു. പ്രവാസികൾക്കായി പുതിയ ചിട്ടി പദ്ധതി 2017 ജൂൺ മാസത്തോടെ ആരംഭിക്കുന്നതാണ്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള സാധ്യത പരിശോധിക്കും.

കെ.റ്റി.ഡി.എഫ്.സി. പ്രധാനമായും കെ.എസ്.ആർ.ടി.സി.-ക്ക് വായ്പ നൽകുന്നതിന് പ്രാമുഖ്യം കൊടുക്കുന്നതിനാൽ മറ്റ് വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇപ്പോൾ ഊന്നൽ നൽകുന്നില്ല. എന്നിരുന്നാലും മോട്ടോർ വാഹന വായ്പ, ഭവനനിർമ്മാണ വായ്പ, വ്യക്തിഗത വായ്പ എന്നിവ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ ഇ-ഓട്ടോ, ഇ-കാർട്ട് എന്നീ വാഹനങ്ങൾക്ക് വായ്പ നൽകാനുള്ള ഒരു പദ്ധതിയും ആവിഷ്കരിച്ചുവരുന്നു.

## പയ്യന്നൂർ മണ്ഡലത്തിലെ റോഡുകൾക്ക് കിഫ്ബി പദ്ധതി മുഖേന ഭരണാനുമതി

41(3805) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഏതൊക്കെ റോഡുകൾക്കാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ;

(സി) ഇല്ലെങ്കിൽ ഇൻവെസ്റ്റിഗേഷൻ ഏത് ഏജൻസിയെയാണ് ഏൽപിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ റോഡുകളുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 2016-17-ലെ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഇതൊരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. മേൽ സൂചിപ്പിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട പദ്ധതികളുടെ ഭരണാനുമതി, വിശദമായ പ്രോജക്ട് അവലോകനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവയുൾപ്പെടെയാണ് ബന്ധപ്പെട്ട ഭരണവകുപ്പ് 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബിയുടെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കേണ്ടത്. 23-11-2016-ലെ സ.ഉ. (ആർ.റ്റി.)നമ്പർ 1619/2016/പൊ.മ.വ. പ്രകാരം ഉന്നതതല ഇൻവെസ്റ്റിഗേഷന് വിധേയമായ പദ്ധതികൾമാത്രം വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം ഭരണവകുപ്പ് കിഫ്ബിക്ക് സമർപ്പിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി പദ്ധതികൾ കിഫ്ബിക്ക് സമർപ്പിക്കുന്ന മുറയ്ക്ക്

കിഫ്ബി ധനസഹായം നൽകുന്നതാണ്. 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ്ബോർഡിന്റെ ആദ്യ ബോർഡ് യോഗം) ഒന്നാംഘട്ടമായി അംഗീകരിച്ച പദ്ധതികളുടെ പട്ടികയും അവയുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു.*

**ചരക്കുനികുതി**

42(3806) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനമുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിൽ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ചരക്കുകൾക്ക് നികുതി നിശ്ചയിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിനാണോ സംസ്ഥാനങ്ങൾക്കാണോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കരവഴി കടത്തുന്ന സാധനങ്ങൾ/കടൽ വഴി കടത്തുന്നവ/ ആകാശമാർഗ്ഗം കടത്തുന്നവ എന്നിവയിൽ (ഓരോ വിഭാഗം തിരിച്ച്) എന്തെല്ലാം അധികാരങ്ങൾ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) നോട്ട് അസാധുവാക്കലും ജി.എസ്.ടി. നടപ്പാക്കലും മുഖാന്തിരം സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടായതു പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളും ആവശ്യപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുമൂലം കേരള സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയെങ്കിൽ എത്ര എന്നും ഇതിൽ നിന്നും രക്ഷനേടാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) കേന്ദ്ര സർക്കാർ ചുമത്തുന്ന ഐ.ജി.എസ്.ടി. സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങളോ നടപടികളോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ, ജി.എസ്.ടി. യോടൊപ്പം ഐ.ജി.എസ്.ടി. നടപ്പാക്കുന്നതിൽനിന്നും കേന്ദ്രത്തിനു ലഭിക്കുന്ന നികുതികളിൽനിന്നും സംസ്ഥാനത്തിന് എന്തു സഹായം ലഭിക്കും എന്നും വ്യക്തമാക്കുമോ?

**ഉത്തരം**

(എ&ബി) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണം, ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം ആയിരിക്കും. നിയമം നടപ്പിൽ വരുമ്പോൾ ഇതിനെക്കുറിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യക്തമായ തീരുമാനമുണ്ടാകും. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സ്വതന്ത്ര അധികാരങ്ങളില്ല. കേന്ദ്ര ധനകാര്യ മന്ത്രി അദ്ധ്യക്ഷനും സംസ്ഥാന-കേന്ദ്ര-ഭരണപ്രദേശ ധന/നികുതി വകുപ്പുമന്ത്രിമാർ ജി.എസ്.ടി. കൗൺസിലിലെ അംഗങ്ങളുമാണ്. കേന്ദ്രത്തിന് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാംകൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ ¾ വോട്ടിംഗ് വെയിറ്റേജിലാണ് പ്രൊപ്പോസൽ പാസ്സാക്കുന്നത്. ആയതിനാൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും നികുതി നിശ്ചയിക്കാനുള്ള അവകാശം ജി.എസ്.ടി.-യിൽ സാധ്യമല്ല.

(സി) ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായമാകയാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ സേവനമേഖലയിലും സംസ്ഥാനത്തിന് നികുതി ചുമത്താം. ടെലികമ്മ്യൂണിക്കേഷൻ, ഫിനാൻസ്, ഇൻഷ്വറൻസ് എന്നീ സേവന മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. മാത്രവുമല്ല ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് കേന്ദ്രത്തോട് സംസ്ഥാനങ്ങൾ ആവശ്യപ്പെടുകയും ഈ ആവശ്യം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്താനാണ് സാധ്യത.

(ഡി) നികുതി നിരക്കുകൾ ഇതുവരേയും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഇ) ഐ.ജി.എസ്.ടി. നിയമപ്രകാരം ചുമത്തുന്ന നികുതി ഐ.ജി.എസ്.ടി.-യും എസ്.ജി.എസ്.ടി.-യും ചേർന്നതാണ്. ഇത് അന്തർ സംസ്ഥാന വിതരണങ്ങളിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്ന നികുതിയാണ്. ഏതെങ്കിലും സാഹചര്യത്തിൽ ക്രെഡിറ്റ് ലഭിക്കാതെ നിലനിൽക്കുന്ന ഐ.ജി.എസ്.ടി. തുക കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിൽ വരുന്നതാണെങ്കിൽ അത് ധനകാര്യ കമ്മീഷന്റെ ഫോർമുല അനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതുമാണ്.

**കോഴിക്കോട് ജില്ലയിൽ കിഫ്ബി പദ്ധതികൾ**

43(3807) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി 2016 നവംബറിൽ അംഗീകാരം നൽകിയ 4004 (നാലായിരത്തി നാല്) കോടി രൂപയുടെ പദ്ധതികളിൽ കൊയിലാണ്ടി മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) ധനമന്ത്രി 2017-2018 ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച 2017 മാർച്ചോടെ അംഗീകരിക്കുന്ന കിഫ്ബി പ്രോജക്റ്റുകളിൽ കോഴിക്കോട് ജില്ലയിൽപ്പെടുന്ന പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയുടെയും അടങ്കൽ എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ പരിശോധിച്ച് 7-11-2016-ൽ കൂടിയ ഇരുപത്തിയേഴാമത് കിഫ്ബോർഡ് യോഗം 4,004.86 കോടി രൂപയുടെ 10 പദ്ധതികളിൽ ഉൾപ്പെട്ട 48 ഉപപദ്ധതികൾക്ക് അംഗീകാരം നൽകി. ഇതൊരു ജില്ലയെയോ പ്രത്യേക നിയോജകമണ്ഡലത്തെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ബോർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഇരുപത്തിയെട്ടാമത് യോഗം 21-3-2017-ന് ചേരുവാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 'പ്രത്യേക നിക്ഷേപ പദ്ധതി'-യിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/2016/ധന നമ്പർ ഉത്തരവിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടുകൾ കിഫ്ബിയുടെ പ്രോജക്ട് അപ്രൈസൽ വിഭാഗത്തിന്റെ പരിശോധനയ്ക്ക് ശേഷമാണ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ഏകദേശം 11,000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ബോർഡിന്റെ അംഗീകാരത്തിനുശേഷം മാത്രമേ പദ്ധതികളെക്കുറിച്ചും അവയുടെ മുതൽമുടക്കിനെക്കുറിച്ചും വ്യക്തതയുണ്ടാകൂ.

**വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിലെ അപാകത**

44(3808) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിഷ്കരിച്ച സിലബസ് പ്രകാരം എഴുപത് ശതമാനത്തോളം പ്രാക്ടിക്കൽ വരുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ പ്രാക്ടിക്കൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പഠിപ്പിക്കുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സമാന തസ്തികയായ ഇൻസ്ട്രക്ടർ ഗ്രേഡ് 2/ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയുടെ ശമ്പള സ്കെയിലും തമ്മിൽ പാരിറ്റി (തുല്യത) ഉണ്ടായിരുന്നിട്ടും 2004-ലെ ശമ്പള പരിഷ്കരണം മുതൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിൽ കുറവ് വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പള സ്കെയിൽ തുല്യത വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) 1997-ലെ ഏഴാം ശമ്പള പരിഷ്കരണം വരെ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിന് താഴെയായിരുന്ന പൊതു വിദ്യാഭ്യാസ വകുപ്പിലെ എച്ച്. എസ്. എ. (ഹൈസ്കൂൾ അസിസ്റ്റന്റ്) ശമ്പള സ്കെയിൽ, 2004 ലെ എട്ടാം ശമ്പള പരിഷ്കരണം മുതൽ 2014-ലെ പത്താം ശമ്പള പരിഷ്കരണം വരെയും വി. എച്ച്. എസ്. ഇ. വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിൽ എച്ച്. എസ്. എ. മാരുടെ ശമ്പള സ്കെയിലിന് താഴെയാണ് നിശ്ചയിച്ചിരിക്കുന്നത് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം 2004 മുതൽ നിലനിന്ന് പോരുന്ന വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിലിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപാകത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയുടെ ശമ്പള സ്കെയിലിൽ അപാകതകളൊന്നും നിലനിൽക്കുന്നില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ**

45(3809) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് പ്രത്യേക സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മേഖലകൾ ഏതെല്ലാമെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നിർവ്വഹിക്കുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന സോഫ്റ്റ്‌വെയർ കെൽട്രോൺ മുഖേന രൂപകൽപ്പന ചെയ്തിട്ടുണ്ട്. 24-2-2011-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ)1366/2011/ധന പ്രകാരമാണ് എയിംസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. ഓഡിറ്റുമായി ബന്ധപ്പെട്ട വാർഷിക പ്ലാൻ തയ്യാറാക്കുക, ഓഡിറ്റ് പ്ലാൻ അനുസരിച്ച് പ്രതിമാസ യാത്രാപരിപാടി തയ്യാറാക്കുക, ജോലി വിഭജനം നടത്തുക, ഓഡിറ്റ് അന്വേഷണ കുറിപ്പുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുക, ഓഡിറ്റ് നോട്ടുകൾ തയ്യാറാക്കുക, ഓഡിറ്റ് റിപ്പോർട്ടുകൾ നൽകുക എന്നീ ജോലികളാണ് പ്രസ്തുത സോഫ്റ്റ്‌വെയറിലൂടെ നിർവ്വഹിക്കപ്പെടുന്നത്.

(ബി) ഉണ്ട്. സർവ്വകലാശാലകൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, വികസന അതോറിറ്റികൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ തുടങ്ങി ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമായ എല്ലാ പ്രവർത്തനങ്ങളും എയിംസ് സോഫ്റ്റ്‌വെയറിലൂടെ നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സർവ്വകലാശാലകളുടെ വാർഷിക ധനകാര്യ പത്രികകൾ 2016-17 മുതൽ ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം 14-2-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 79/2017/ധന-ൽ നൽകിയിട്ടുണ്ട്. കൂടാതെ ചാരിറ്റബിൾ എൻഡോവ്മെന്റുമായി ബന്ധപ്പെട്ട ജോലികളും എയിംസ് സോഫ്റ്റ്‌വെയറിന്റെ ഭാഗമായി നിർവ്വഹിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം**

46(3810) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പിൽനിന്നും പദ്ധതി വിഹിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതുവരെ പദ്ധതി വിഹിതത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 5,724.76 കോടി രൂപ.

(ബി) ഇതുവരെ പദ്ധതി വിഹിതത്തിൽ 1,838.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച സംസ്ഥാന വിഹിതം**

47(3811) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതുവരെ പദ്ധതി വിഹിതത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) 8,813.16 കോടി രൂപ.

(ബി) ഇതുവരെ പദ്ധതി വിഹിതത്തിൽ 1,838.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതി**

48(3812) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് വാങ്ങിയെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാകുന്നതാണ്. വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. കേന്ദ്രഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്.

ഇതുപ്രകാരം പി.എഫ്.എം.എസ്. സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ടുമെന്റുകളും പി.എഫ്.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. പി.എഫ്.എം.എസ്. സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്താൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽനിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിച്ച തുക**

49(3813) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ എത്ര കോടി രൂപയുടെ പദ്ധതികൾ 2016-17 കാലയളവിൽ കേരളത്തിന് ലഭിച്ചിട്ടുണ്ട്; ഇതിന്റെ ഇനം തിരിച്ചുള്ള റസീപ്റ്റ്സ് ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ;

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വീഴ്ചകൾ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2016-17 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രവിഹിതമായി 6,534.17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3,691.86 കോടി രൂപ 28-2-2017 വരെ ലഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്.

**നവകേരളത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ**

50(3814) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം ഈ സർക്കാർ നവകേരളത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നോട്ടു പിൻവലിക്കലും, കടുത്ത വരൾച്ചമൂലം കൃഷിനാശവും സംഭവിച്ച 2016-17 കാലയളവിൽ പ്രസ്തുത പദ്ധതി നടത്തിപ്പുകൾക്കും, വിലക്കയറ്റം പിടിച്ചു നിർത്തുവാനും കൃഷിനാശം കൊണ്ടു കഷ്ടപ്പെടുന്ന കർഷകനെ സഹായിക്കാനുമായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയെന്നും എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവാക്കിയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷം പ്രതീക്ഷിച്ച റവന്യൂ വരുമാനം/കേന്ദ്ര സഹായം എത്രയെന്നും ലഭ്യമായതെത്രയെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ലഭ്യമാകാവുന്ന വരുമാനങ്ങൾ പിരിച്ചെടുക്കാനും, കേന്ദ്ര സഹായങ്ങൾ പരമാവധി ചോദിച്ചുവാങ്ങുവാനും എന്തു നടപടികൾ സ്വീകരിച്ചു എന്നും, അതോടൊപ്പം ഇതരസംസ്ഥാനങ്ങളെ ആശ്രയിച്ച് അരി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ സംസ്ഥാനത്തെത്തുമ്പോഴുണ്ടാകുന്ന വിലക്കയറ്റം തടയുവാനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അടുത്ത അഞ്ച് വർഷംകൊണ്ട് പൊതുജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കുന്നതിനായി താഴെപ്പറയുന്ന നാല് പ്രധാന വികസന പദ്ധതികൾ 28-9-2016-ലെ ജി.ഒ.(പി)നമ്പർ41/2016/പ്ലാനിംഗ് ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

1. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി

2. ജനസൗഹൃദ സർക്കാർ ആശുപത്രികൾ

3. സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി

4. ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി.

(ബി) നോട്ട് പിൻവലിക്കലിന്റെ ഭാഗമായി നവകേരളത്തിനായി പ്രഖ്യാപിച്ച പദ്ധതി നടത്തിപ്പിന് ഒരു പോരായ്മയും സംഭവിച്ചിട്ടില്ല. കൂടാതെ സംസ്ഥാനത്തെ വരൾച്ച ബാധിത സംസ്ഥാനമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിന്റെയടിസ്ഥാനത്തിൽ കേന്ദ്രസഹായം നേടിയെടുക്കാൻ സംസ്ഥാനം ശ്രമിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാർ ഈ വിഷയം പരിഗണിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം പ്രതീക്ഷിച്ചതും ലഭ്യമായതുമായ റവന്യൂ വരുമാനം/കേന്ദ്ര സഹായം എന്നിവ ചുവടെ ചേർക്കുന്നു:

| ഇനം | പ്രതീക്ഷിച്ചത് | *ലഭ്യമായത് |
|---|---|---|
| റവന്യൂ വരുമാനം | 84,616.85 | 50,407.49 |
| കേന്ദ്രസഹായം | 25,643.72 | 14,915.29 |
| *അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം | | |

(ഡി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം റവന്യൂ പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കുന്നതിന് നികുതി സമാഹരിക്കുന്ന പ്രധാന വകുപ്പുകൾ മുഖേന കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു:

<u>രജിസ്ട്രേഷൻ വകുപ്പ്</u>

1. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി G.O.(P)No. 74/2016/TD ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കാൻ G.O.(P)No. 75/2016/TD ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.

2. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

3. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽ നിന്നും 8 ശതമാനമായി വർദ്ധിപ്പിച്ചു.

<u>എക്സൈസ് വകുപ്പ്</u>

1. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മദ്യവർജ്ജനം വഴി മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യവിൽപ്പനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ മദ്യത്തിന്റെ വിലയിലുണ്ടായ വർദ്ധനവുമൂലവും മറ്റ് വരുമാന സ്രോതസ്സുകൾ മുഖേനയും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് എക്സൈസ് വകുപ്പ് വഴിയുള്ള വരുമാനത്തിൽ 7.54 ശതമാനം വർദ്ധനവ് ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2. അബ്കാരി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി സ്കീം) 31-3-2017 വരെ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുള്ളതാണ്.

<u>വാണിജ്യ നികുതി വകുപ്പ്</u>

1. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനെസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

3. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടുപിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാന ഘട്ടത്തിലാണ്.

5. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
6. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.
7. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ചെക്ക്പോസ്റ്റുകളും ഇന്റലിജൻസ് സ്ക്വാഡുകളും വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.
8. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരമൊരു ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

വാണിജ്യ നികുതി വകുപ്പിന്റെ വിവിധ ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതുവിപണി യേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്കാവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. വിലവർദ്ധനവ് തടയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി ഇനത്തിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്.

## കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം

51(3815) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം പലപ്പോഴും കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പദ്ധതികൾ യഥാസമയം സമർപ്പിക്കാത്തതുകൊണ്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതയിനത്തിൽ നഷ്ടപ്പെട്ടത്; ഈ നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാകുന്നതാണ്. വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. ആയതിനാൽ ഫണ്ട് യഥാസമയം കേന്ദ്രസർക്കാരിൽനിന്ന് വാങ്ങിയെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് പറയാൻ കഴിയുകയില്ല. കേന്ദ്രഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്രസർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരികയാണ്. ഇതുപ്രകാരം പി.എഫ്.എം.എസ്. സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ട്മെന്റുകളും പി.എഫ്.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. പി.എഫ്.എം.എസ്. സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്താൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത

പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽനിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

## 2016-17-ലെ കിഫ്ബി പദ്ധതികൾ

52(3816) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ കിഫ്ബിയുടെ പരിഗണനയ്ക്കായി വന്ന പദ്ധതികൾ ഏതെല്ലാമാണ്; അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വകുപ്പും ജില്ലയും തിരിച്ച് ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) ഭരണാനുമതി നല്കിയവയിൽ എത്ര എണ്ണം മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) 'കിഫ്ബി' പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനും ശേഷവുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഒരു വകുപ്പിന്റെ പദ്ധതി 'കിഫ്ബി'യിൽ ഉൾപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത്; വിശദമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട 104 പദ്ധതികളാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി ഓൺലൈനായി സമർപ്പിക്കപ്പെട്ടത്. ഈ പദ്ധതികളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.* ഇതിൽ സ.ഉ.(കൈ)നമ്പർ315/16/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് യോഗ്യമായതും 4,004.86 കോടി രൂപയുടെ മുതൽമുടക്കുമുള്ള 48 പദ്ധതികൾക്ക് 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതി വിശദാംശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ ഇരുപത്തിയേഴാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധം ആയി ചേർക്കുന്നു.*

(സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന ധനസഹായത്തിനായി പരിഗണിക്കുന്നത്. ഇതുസംബന്ധിച്ച മാർഗ്ഗരേഖ [8-8-2016-ലെ സ.ഉ. (കൈ)നം. 315/2016/ധന] കിഫ്ബിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വിവിധ ഘട്ടങ്ങൾ താഴെപ്പറയുംവിധമാണ്:

1. വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ബന്ധപ്പെട്ട വകുപ്പിൽനിന്നുള്ള ഭരണാനുമതി അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പ് തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.

2. പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവന ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത എസ്.പി.വി.-കളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV-യെ വിഭാവന ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. എസ്.പി.വി.-കൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമേനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വി.-കളുടെ ചുമതലയാണ്. ഇതു നടപ്പാക്കുന്നതിന് എസ്.പി.വി.-കൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള കൺസൾട്ടന്റ് നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന കൺസൾട്ടന്റിന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് (PPR),

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB-ൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.

4. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്നപക്ഷം KIIFB ധനസഹായം നൽകുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള ഏതെങ്കിലും പദ്ധതികൾ (ആകെ 100 കോടി രൂപയ്ക്ക് മുകളിൽ മതിപ്പുതുക വരുന്ന പദ്ധതികൾ) ജനപ്രതിനിധികൾക്ക് അവരുടെ മണ്ഡലത്തിലോ കേരളത്തിൽ മറ്റെവിടെയെങ്കിലുമോ കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ, അത്തരം പദ്ധതികളെ സംബന്ധിച്ച വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയോ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെയോ അതാത് വകുപ്പുമന്ത്രിയുടേയോ ശ്രദ്ധയിൽകൊണ്ടുവന്നതിനുശേഷം 8-8-2016-ലെ സ.ഉ.(കൈ)നമ്പർ315/2016/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് വ്യക്തമായ പദ്ധതി നിർദ്ദേശം കിഫ്ബിക്ക് സമർപ്പിക്കുന്നപക്ഷം അവ പരിശോധിച്ച് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## 2016-17 ബഡ്ജറ്റിലെ ഭരണാനുമതി ലഭിച്ച പദ്ധതികൾ

53(3817) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കനുവദിച്ച തുക എത്രയാണെന്നും നിർമ്മാണം ആരംഭിച്ചുകഴിഞ്ഞോ എന്നും വ്യക്തമാക്കാമോ;

(സി) ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) ഭരണാനുമതി ഇതുവരെയും ലഭ്യമാകാത്ത പദ്ധതികളുടെ ഭാവി എന്താണെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഭൂരിഭാഗം പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇതുവരെ ഭരണാനുമതി നൽകാത്ത പദ്ധതികൾ അവയുടെ സാധ്യത പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

**സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്താൻ പദ്ധതി**

54(3818) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് ഇടപാടുകൾ പരിചയപ്പെടുത്തുന്നതിന് കഴിയുംവിധം സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഏതെങ്കിലും സമ്പാദ്യ പദ്ധതി നിലവിലുണ്ടോ;

(ബി) സഞ്ചയിക ലഘുസമ്പാദ്യ പദ്ധതി മാതൃകയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു സമ്പാദ്യ പദ്ധതി കെ.എസ്.എഫ്.ഇ മുഖേനയോ ദേശീയ സമ്പാദ്യ പദ്ധതി മുഖേനയോ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ സമ്പാദ്യ പദ്ധതികൾ നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**ജി.എസ്.ടി. നടപ്പാക്കുമ്പോൾ നികുതി വകുപ്പിന്റെ പുന:സംഘടന**

55(3819) <u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിയമം നടപ്പിൽവരുമ്പോൾ സംസ്ഥാന നികുതി വകുപ്പിന്റെ പുനഃസംഘടന ആവശ്യമായി വരുമെന്നത് കണക്കിലെടുത്ത് ഏത് തരത്തിലുള്ള പുനഃസംഘടനയാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പിരിച്ചെടുക്കുന്ന നികുതിയുടെ പകുതി തുക കേന്ദ്രത്തിന് നൽകേണ്ടതിനാൽ പുനഃസംഘടനയ്ക്ക് വേണ്ട അധിക ധനബാദ്ധ്യതയിൽ ഒരു പങ്ക് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) പ്രസ്തുത നികുതി സംവിധാനം നടപ്പിലാക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് വകുപ്പ് നടത്തിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ രാജ്യം ഒരു ഏകീകൃത കമ്പോളമാകുകയും നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതാകുകയും ചെയ്യുന്നതിനാൽ നിയമം നടപ്പിലാക്കുമ്പോൾ വകുപ്പിന്റെ പുനഃസംഘടന, ഉദ്യോഗസ്ഥ വിന്യാസം എന്നിവയിൽ തീരുമാനമെടുക്കേണ്ടതുണ്ട്. ജി.എസ്.ടി. ഒരു ഏകീകൃത നികുതി വ്യവസ്ഥയായതിനാൽ മറ്റുള്ള സംസ്ഥാനങ്ങളുമായി ഐകരൂപമുണ്ടായിരിക്കേണ്ടതുമാണ്. ഇതിനായി ചർച്ചകളും പഠനങ്ങളും നടന്നുവരുന്നു.

(ബി) ഇതിനുള്ള ചർച്ചകൾ നടത്തി ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കേണ്ടതുണ്ട്.

(സി) 2017 ജൂലൈ 1 മുതൽ ചരക്കുസേവന നികുതി നിലവിൽ വരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് നടപടികൾ പുരോഗമിക്കുന്നത്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദഗ്ദ്ധരെ കരാറടിസ്ഥാനത്തിൽ നിയമിക്കുകയും എൻ.ഐ.സി.-യുടെ സഹകരണത്തോടെ ഇവ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ Model GST നിയമത്തെപ്പറ്റി വാണിജ്യ നികുതി ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ജീവനക്കാർക്ക് National Academy of Customs, Excise and Narcotics (NACEN) എന്ന സ്ഥാപനവുമായി സംയോജിച്ച് പരിശീലനം നൽകിവരുന്നു.

ജി.എസ്.ടി.-യുടെ സാങ്കേതികവിദ്യയെപ്പറ്റിയുള്ള പരിശീലനം നൽകുന്നതിനായി വകുപ്പിലെ 50 ജീവനക്കാരെ മാസ്റ്റർ ട്രെയിനേഴ്സായി നാമനിർദ്ദേശം നൽകുകയും ഇവർക്ക് പരിശീലനം ജി.എസ്.ടി.എൻ. നൽകുകയും ചെയ്തിട്ടുണ്ട്. ഇവരായിരിക്കും വകുപ്പിലെ മറ്റ് ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്നത്.

**സെയിൽസ് ടാക്സ് കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച പരാതി**

56(3820) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് കുടിശ്ശിക തവണവ്യവസ്ഥയിൽ കൃത്യസമയത്ത് അടച്ചുതീർത്ത ശ്രീ. ഡെന്നീസ് ഡിസൂസ, റെക്സ് എന്റർപ്രൈസസ്സ്, സീതങ്കോളി, കാസർഗോഡ് എന്ന വ്യക്തിക്ക് വീണ്ടും പിഴപ്പലിശ അടയ്ക്കുവാൻ നിർദ്ദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് ശ്രീ. ഡെന്നീസ് ഡിസൂസ ബഹു. ധനകാര്യ വകുപ്പുമന്ത്രിക്ക് 10/2/2017-ൽ നൽകിയ നിവേദനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഈ പരാതിയുടെ സെക്രട്ടേറിയറ്റ് ഫയൽ നമ്പർ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. ഡെന്നീസ് ഡിസൂസ, റെക്സ് എന്റർപ്രൈസസ്, സീതങ്കേളി എന്ന വ്യക്തിക്ക് കാസർഗോഡ് വാണിജ്യ നികുതി കാര്യാലയത്തിൽ 2013-14 വർഷത്തിൽ വാറ്റ് ഇനത്തിൽ 4,96,796 രൂപ കുടിശ്ശികയുണ്ടായിരുന്നു. ടിയാൾ 5,25,000 രൂപ അടച്ചെങ്കിലും അതിൽ 4,40,124 രൂപ മാത്രമേ നികുതിയിനത്തിൽ വരവ് വരുന്നുള്ളൂ. ബാക്കി തുക നിയമപ്രകാരം ഈടാക്കിയ പലിശയും കളക്ഷൻ ചാർജ്ജുമാണ്. ആയതിനാൽ ഇപ്പോൾ നികുതിയിനത്തിൽ 56,672 രൂപ ബാക്കിയാണെന്നും ഉടൻതന്നെ പലിശയടക്കം അടച്ചുതീർക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

കുടിശ്ശിക തവണകളായി അടയ്ക്കുമ്പോൾ ഓരോ അടവ് സമയത്തും അടവ് സമയം വരെയുള്ള പലിശ കണക്കാക്കി അടച്ച തുകയിൽനിന്നും വരവ് വച്ചതിനുശേഷം മാത്രമാണ് മുതലിലേയ്ക്ക് വരവ് വച്ചിട്ടുള്ളത്. ഇത് നിയമം അനുശാസിക്കുന്ന വിധമാണ് ചെയ്തിട്ടുള്ളത്.

(ബി) ശ്രീ. ഡെന്നീസ് ഡിസൂസ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് 10-2-2017-ൽ നൽകിയ നിവേദനം 13-2-2017 -ൽ വാണിജ്യ നികുതി കമ്മീഷണർക്ക് 1209007/2017/എഫ്.എം. നമ്പറായി അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത നിവേദനം വാണിജ്യ നികുതി കമ്മീഷണറുടെ പരിശോധനയിലാണ്.

**കോർ ബാങ്കിംഗ്**

57(3821) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ടോ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ട്. ആയതിന്റെ പൂർത്തീകരണ പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 23-2-2017-ന് നടത്തുകയുണ്ടായി.

കോർ ബാങ്കിംഗ് സംവിധാനത്തിന്റെ പ്രധാന നേട്ടങ്ങൾ (1) ഏത് ട്രഷറിയിൽനിന്നും ടി.എസ്.ബി. അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയുന്നു. (2) ഏത് ട്രഷറി മുഖേനയും ട്രഷറി സേവിങ്സ് ബാങ്കിലേയ്ക്ക് പണം നിക്ഷേപിക്കാനുള്ള സൗകര്യം എന്നിവയാണ്. കൂടാതെ വിവിധ യൂട്ടിലിറ്റി പേമെന്റുകൾക്കുള്ള സൗകര്യം, ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയും താമസംവിനാ സാധ്യമാകുന്നതാണ്.

**മലയിൻകീഴ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

58(*T3822) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്നും അതിന്റെ പുരോഗതി എന്തായെന്നും വിശദീകരിക്കാമോ?

ഉത്തരം

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ (TIDP) ഉൾപ്പെടുത്തി ഇൻകെൽ എന്ന ഏജൻസി വഴി സംസ്ഥാനത്തൊട്ടാകെ 36 പുതിയ ട്രഷറികൾ നിർമ്മിക്കുന്നതിനും 19 ട്രഷറി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും ധനസഹായം ലഭ്യമാക്കുവാൻ കിഫ്ബിയോട് ശിപാർശ ചെയ്യുന്നതിന് സ.ഉ. (സാധാ)നമ്പർ8959/2016/ധന തീയതി, 15-11-2016 പ്രകാരം തത്വത്തിൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മലയിൻകീഴ് സബ്ട്രഷറി ഉൾപ്പെടുന്ന 10 പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള ഫണ്ടിനുവേണ്ടി ട്രഷറി ഡയറക്ടർ വഴി ഇൻകെൽ സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് മലയിൻകീഴ് സബ്ട്രഷറിയുടെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ട്രഷറികളിൽ കോർ ബാങ്കിംഗ്**

59(3823) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കോർ ബാങ്കിംഗ് സിസ്റ്റം നടപ്പാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ ; അറിയിക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കോർ ബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുമ്പോൾ ട്രഷറി ജീവനക്കാരുടെ ജോലിഭാരത്തിൽ വ്യത്യാസം ഉണ്ടാകുമോ; ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകിയിട്ടുണ്ടോ;

(സി) കോർ ബാങ്കിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി ട്രഷറികളിൽ എ.ടി.എം.കൗണ്ടറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പൂർത്തീകരണ പ്രഖ്യാപനം 23-2-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു.

(ബി) കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറുമ്പോൾ ട്രഷറി ജീവനക്കാരുടെ ജോലിഭാരത്തിൽ ആനുപാതികമായ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിട്ടുണ്ട്.

(സി) 14-12-2012-ലെ G.O.(Rt)No.10460/12/Fin. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാല് ട്രഷറികളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand Alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ലെന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

**ലോട്ടറിയിൽനിന്നുള്ള വരുമാനം**

60(3824) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 കാലയളവിൽ സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംസ്ഥാനത്തിന്റെ മൊത്തം നികുതിയേതര വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാന ലോട്ടറിയുടെ വിറ്റുവരവ് 6,318.47 കോടി രൂപയാണ്.

(ബി) 74.99%.

**ലോട്ടറി പരസ്യം നൽകുന്നത് സംബന്ധിച്ച നിയന്ത്രണം**

61(3825) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി പരസ്യം നൽകുന്നതിന് നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ എത്ര പത്രങ്ങൾക്കാണ് പരസ്യം നൽകുന്നത്; ഓരോ പത്രത്തിനും എത്ര രൂപയുടെ പരസ്യമാണ് നൽകുന്നത്;

(സി) ചെറുകിട പത്രങ്ങളിൽ പരസ്യം നൽകുന്നതിന് നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ, പരസ്യം നല്കിക്കൊണ്ടിരുന്ന പത്രങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം പത്രങ്ങൾക്കാണ് നിരോധനം ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി - ഡി) 'ബി' കാറ്റഗറി ദിനപ്പത്രങ്ങളായ ജനശബ്ദം, പ്രഭാതവാർത്ത, സതേൺ സ്റ്റാർ എന്നിവയേയും മണി വീക്കിലി ആഴ്ചപതിപ്പിനേയും റിസൾട്ട് പരസ്യത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

'മണി വീക്കിലി' എന്ന ആഴ്ചപ്പതിപ്പ് വകുപ്പിന്റെ ഒരാഴ്ചത്തെ റിസൾട്ട് പരസ്യം ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. സർക്കുലേഷൻ കുറവുള്ള 'ബി ' കാറ്റഗറി ദിനപ്പത്രങ്ങൾക്കും മണി വീക്കിലിക്കും റിസൾട്ട് പരസ്യം നൽകുന്നത് വഴി വകുപ്പിന് യാതൊരു പ്രയോജനവുമില്ലെന്നും എന്നാൽ വർഷത്തിൽ എല്ലാ ദിവസവും പരസ്യം നൽകുന്നതിലൂടെ വകുപ്പിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതും കണക്കിലെടുത്ത് മണി വീക്കിലി എന്ന ആഴ്ചപ്പതിപ്പിനും 'ബി ' കാറ്റഗറി ദിനപ്പത്രങ്ങൾക്കും റിസൾട്ട് പരസ്യം തുടർന്ന് നൽകേണ്ടതില്ലെന്ന് വകുപ്പിന്റെ പരസ്യ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്.

## കാരുണ്യ ലോട്ടറി

62(3826) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ലോട്ടറി വില്പനയിലൂടെ നാളിതുവരെ ആകെ സമാഹരിച്ച തുകയെത്രയാണ്; സമ്മാനം നൽകിയതിനുശേഷം സർക്കാരിന് ലഭിച്ച തുകയെത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക, സമ്മാന വിതരണം ഉൾപ്പെടെയുള്ള ചെലവുകൾ കഴിഞ്ഞ് (ഡിസ്കൗണ്ട്, അച്ചടിക്കൂലി, ഏജന്റ്സ് പ്രൈസ്, നറുക്കെടുപ്പിന്മേലുള്ള നികുതി തുടങ്ങിയവ) ലഭിച്ച ഏകദേശ ലാഭം എന്നിവ ചുവടെ ചേർക്കുന്നു.

| ലോട്ടറി | വിറ്റുവരവ് (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ) |
|---|---|---|
| കാരുണ്യ 243-ാമത് (28-5-2016) ഭാഗ്യക്കുറി മുതൽ 283-ാമത് (4-3-17) ഭാഗ്യക്കുറി വരെ | 694.54 | 150.70 |
| കാരുണ്യപ്ലസ് 111-ാമത് (26-5-2016) ഭാഗ്യക്കുറി മുതൽ 149-ാമത് (2-3-17) ഭാഗ്യക്കുറി വരെ | 674.94 | 138.59 |

## ലോട്ടറി വകുപ്പ് പുറത്തിറക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ

63(3827) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പ് ഇപ്പോൾ പുറത്തിറക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ ഏതൊക്കെ എന്നും ഓരോന്നിന്റെയും പേരും, ടിക്കറ്റ് വിലയും, സമ്മാനത്തുകയും, നറുക്കെടുപ്പ് ദിവസവും സഹിതം വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിലും എത്ര വീതം ടിക്കറ്റുകൾ വിൽക്കുന്നുണ്ട്;

(ബി) സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ അവസാന 4 അക്കങ്ങൾ ഒത്തുവന്നാൽ 500 രൂപ മുതൽ 5000 രൂപ വരെ ലഭിക്കുമെന്നതിനാൽ, വ്യാജലോട്ടറി ടിക്കറ്റുകൾ ഈ രംഗത്ത് പ്രചരിക്കാൻ സാധ്യതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാന ലോട്ടറികൾക്ക് ഇപ്പോൾ സംസ്ഥാനത്ത് വിൽപ്പനാനുമതി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ലോട്ടറികൾക്ക്; ഓരോ ലോട്ടറിയുടെയും ടിക്കറ്റ് വില, സമ്മാനത്തുക, നറുക്കെടുപ്പ് തീയതി, സംസ്ഥാനത്ത് വിറ്റഴിക്കാൻ അനുമതി നൽകിയവയുടെ എണ്ണം എന്നിവ സഹിതം വ്യക്തമാക്കാമോ;

(ഡി) ഇതരസംസ്ഥാന ലോട്ടറികളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; ഇവയുടെ വ്യാജലോട്ടറികൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും മാസത്തിൽ ഒന്നാമത്തെയും മൂന്നാമത്തെയും വെള്ളിയാഴ്ചകളിൽ നിർമ്മൽ ബൈ വീക്കിലി ഭാഗ്യക്കുറിയും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളും നടത്തിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ലോട്ടറിയുടെ പേര് | മുഖവില | നറുക്കെടുപ്പ് ദിവസം | സമ്മാനഘടന പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള സമ്മാനത്തുക | സമ്മാനഘടന പ്രകാരം അച്ചടിക്കാവുന്ന ടിക്കറ്റുകളുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| പൗർണമി | 30 | ഞായർ | 11,68,90,000 | 90 ലക്ഷം |
| വിൻവിൻ | 30 | തിങ്കൾ | 11,78,90,000 | 90 ലക്ഷം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| സ്ത്രീശക്തി | 50 | ചൊവ്വ | 8,86,90,000 | 45 ലക്ഷം |
| അക്ഷയ | 30 | ബുധൻ | 11,92,90,000 | 90 ലക്ഷം |
| കാര്യണ്യ പ്ലസ് | 50 | വ്യാഴം | 8,94,40,000 | 45 ലക്ഷം |
| ഭാഗ്യനിധി | 30 | വെള്ളി | 11,95,90,000 | 90 ലക്ഷം |
| കാരുണ്യ | 50 | ശനി | 8,71,40,000 | 45 ലക്ഷം |
| നിർമ്മൽ | 50 | മാസത്തിൽ ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ | 8,83,55,000 | 45 ലക്ഷം |
| സമ്മർ ബമ്പർ 2016 | 100 | 16-3-2016 | 12,54,25,000 | 45 ലക്ഷം |
| വിഷു ബമ്പർ 2016 | 100 | 18-5-2016 | 16,17,00,000 | 54 ലക്ഷം |
| മൺസൂൺ ബമ്പർ 2016 | 100 | 20-7-2016 | 12,99,25,000 | 45 ലക്ഷം |
| തിരുവോണം ബമ്പർ 2016 | 200 | 23-9-2016 | 39,59,00,000 | 72 ലക്ഷം |
| പൂജ ബമ്പർ 2016 | 150 | 23-11-2016 | 18,51,50,000 | 45 ലക്ഷം |
| ക്രിസ്തുമസ്-ന്യൂഇയർ ബമ്പർ 2016-17 | 100 | 20-1-2017 | 13,14,00,000 | 45 ലക്ഷം |

മേൽ സൂചിപ്പിച്ച ഭാഗ്യക്കുറികളുടെ ഏറ്റവും ഒടുവിൽ (2-3-17 മുതൽ 9-3-17 വരെ) നടന്ന നറുക്കെടുപ്പിൽ വിൽക്കപ്പെട്ട ടിക്കറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പൗർണമി | 72,50,000 |
| വിൻവിൻ | 72,19,000 |
| സ്ത്രീശക്തി | 33,00,000 |
| അക്ഷയ | 72,50,000 |
| കാരുണ്യ പ്ലസ് | 33,00,000 |
| ഭാഗ്യനിധി | 69,99,946 |
| കാരുണ്യ | 33,00,000 |
| നിർമ്മൽ | 11,49,480 |
| സമ്മർ ബമ്പർ 2016 | 29,24,410 |
| വിഷു ബമ്പർ 2016 | 45,16,018 |
| മൺസൂൺ ബമ്പർ 2016 | 26,25,000 |
| തിരുവോണം ബമ്പർ 2016 | 69,79,589 |
| പൂജ ബമ്പർ 2016 | 15,66,600 |
| ക്രിസ്തുമസ്-ന്യൂഇയർ ബമ്പർ 2016-17 | 31,95,200 |

(ബി) സമ്മാനാർഹമായ നമ്പരുകൾ, വിദഗ്ദ്ധമായി തിരുത്തിയ ടിക്കറ്റുകൾ ചെറുകിട ഏജന്റുമാർ, വിൽപ്പനക്കാർ എന്നിവർക്ക് നൽകി സമ്മാനം തട്ടാൻ ശ്രമിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത/വ്യാജ ലോട്ടറികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന ഇന്റലിജൻസ് എ.ഡി.ജി.പി. അധ്യക്ഷനായി സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സമിതിയും അതത് ജില്ലാ കളക്ടർമാർ അധ്യക്ഷനായി ജില്ലാതല

ലോട്ടറി മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് സെൽ മുഖാന്തിരവും പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയും ലോട്ടറി റെഗുലേഷൻ ആക്ട് 1998, ഇന്ത്യൻ പീനൽ കോഡ് എന്നിവപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ഇത്തരം അനധികൃത പ്രവണതകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ലോട്ടറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇല്ല.

(ഡി) ഇതരസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽക്കാൻ നിലവിൽ അനുമതി നൽകിയിട്ടില്ല. ഇതര സംസ്ഥാന ലോട്ടറികളുടെ വ്യാജലോട്ടറികൾ സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാരുണ്യ ഭാഗ്യക്കുറി**

64(3828) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യഭാഗ്യക്കുറി നടത്തിപ്പ് വഴി ലഭിക്കുന്ന പണം കൊണ്ട് സംസ്ഥാനത്തു നടത്തിവരുന്ന "കാരുണ്യ ചികിത്സാ പദ്ധതി" നടത്തിപ്പിൽ കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ "സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക്" ചികിത്സായിനത്തിൽ കൊടുത്തുതീർക്കേണ്ട തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ലോട്ടറി വിപണനം വഴി കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര തുക ലഭ്യമായി, അവ ഏതെല്ലാം പ്രവർത്തനങ്ങൾക്കു വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലോട്ടറി വിപണനം വഴി ഈ സർക്കാർ കാലയളവിൽ എത്ര തുക ലഭിച്ചു ;

(ഡി) കാരുണ്യലോട്ടറിയുടെ വിപണനം കാര്യക്ഷമമാക്കി പ്രസ്തുത ചികിത്സാ പദ്ധതി നടത്തിപ്പ് വിപുലീകരിക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം "സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക്" 391.57 കോടി രൂപ കൊടുത്തുതീർക്കാനുണ്ടായിരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ സമാഹരിച്ച തുക (വിറ്റുവരവ്), ചെലവുകൾ കഴിഞ്ഞ് (സമ്മാന വിതരണം, ഡിസ്കൗണ്ട്, അച്ചടിക്കൂലി, നികുതി, മറ്റ് അനുബന്ധ ചെലവുകൾ) ലഭിച്ച ഏകദേശ ലാഭം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>വർഷം</th><th colspan="2">കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളുടെ വിറ്റുവരവ് (കോടി രൂപയിൽ)</th><th colspan="2">കാരുണ്യ, കാരുണ്യപ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ഏകദേശ ലാഭം (കോടി രൂപയിൽ)</th></tr>
<tr><td>2011-12</td><td colspan="2">188.87 (കാരുണ്യ മാത്രം)</td><td colspan="2">38.96 (കാരുണ്യ മാത്രം)</td></tr>
<tr><td>2012-13</td><td colspan="2">464.61 (കാരുണ്യ മാത്രം)</td><td colspan="2">105.25 (കാരുണ്യ മാത്രം)</td></tr>
<tr><td>2013-14</td><td colspan="2">602.11 (കാരുണ്യ മാത്രം)</td><td colspan="2">132.02 (കാരുണ്യ മാത്രം)</td></tr>
<tr><td rowspan="2">2014-15</td><td>695.28 (കാരുണ്യ)</td><td rowspan="2">1376.91</td><td>141.80 (കാരുണ്യ)</td><td rowspan="2">273.2</td></tr>
<tr><td>681.63 (കാരുണ്യ പ്ലസ്)</td><td>131.40 (കാരുണ്യ പ്ലസ്)</td></tr>
<tr><td rowspan="2">2015-16</td><td>803.45 (കാരുണ്യ)</td><td rowspan="2">1627.36</td><td>155.59 (കാരുണ്യ)</td><td rowspan="2">303.55</td></tr>
<tr><td>823.91 (കാരുണ്യ പ്ലസ്)</td><td>147.96 (കാരുണ്യ പ്ലസ്)</td></tr>
<tr><td rowspan="2">2016-17 (24-5-16 വരെ)</td><td>140.68 (കാരുണ്യ)</td><td rowspan="2">261.88</td><td>30.93 (കാരുണ്യ)</td><td rowspan="2">55.43</td></tr>
<tr><td>121.20 (കാരുണ്യ പ്ലസ്)</td><td>24.50 (കാരുണ്യ പ്ലസ്)</td></tr>
<tr><td></td><td>ആകെ</td><td>4521.74</td><td></td><td>908.41</td></tr>
</table>

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽനിന്നുള്ള വിറ്റുവരവ് ട്രഷറി മുഖേന സർക്കാർ ഖജനാവിലേയ്ക്കാണ് ഒടുക്കുന്നത്. കാരുണ്യ ബെനവലന്റ് പദ്ധതി മുഖേനയുള്ള ചികിത്സാ ധനസഹായ വിതരണത്തിനായി നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തിയശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവ് മുഖേന കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ വിൽപ്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക (വിറ്റുവരവ്), സമ്മാന വിതരണം ഉൾപ്പെടെയുള്ള ചെലവുകൾ കഴിഞ്ഞ് (ഡിസ്കൗണ്ട്, അച്ചടിക്കൂലി, നികുതി തുടങ്ങിയ ചെലവുകൾ) ലഭിച്ച ഏകദേശ ലാഭം എന്നിവ ചുവടെ ചേർക്കുന്നു.

| ലോട്ടറി | വിറ്റുവരവ് (കോടി രൂപയിൽ) | ഏകദേശ ലാഭം (കോടി രൂപയിൽ) |
|---|---|---|
| കാരുണ്യ 243-ാമത് (28-5-16) മുതൽ 283-ാമത് (4-3-17) ഭാഗ്യക്കുറി വരെ | 694.54 | 150.70 |
| കാരുണ്യപ്ലസ് 111-ാമത് (26-5-16) മുതൽ 149-ാമത് (2-3-17) ഭാഗ്യക്കുറി വരെ | 674.94 | 138.59 |
| ആകെ | 1369.48 | 289.29 |

(ഡി) 2011-ൽ കാരുണ്യ ലോട്ടറി ആരംഭിക്കുന്ന സമയത്ത് പ്രസ്തുത ഭാഗ്യക്കുറിയുടെ 13 ലക്ഷം ടിക്കറ്റുകളാണ് വിൽക്കപ്പെട്ടിരുന്നത്. പിന്നീട് ടി ഭാഗ്യക്കുറിയുടെ വിൽപ്പന കാര്യക്ഷമമാക്കിയതിലൂടെ (8-11-16-ൽ കേന്ദ്ര സർക്കാർ നോട്ട് അസാധുവാക്കൽ പ്രഖ്യാപിക്കുന്നതിന് തൊട്ടുമുൻപ് വരെ) കാരുണ്യ ഭാഗ്യക്കുറിയുടെ 40 ലക്ഷം ടിക്കറ്റുകൾ വിൽക്കപ്പെട്ടിരുന്നു. നോട്ട് അസാധുവാക്കലിനെ തുടർന്ന് വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടായി. നിലവിൽ ടി ഭാഗ്യക്കുറിയുടെ 33 ലക്ഷം ടിക്കറ്റുകൾ വിൽക്കപ്പെടുന്നുണ്ട്. ചികിത്സാ പദ്ധതി നടത്തിപ്പ് വിപുലീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്താൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾ**

65 (3829) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ഒരു സമഗ്ര പദ്ധതി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിവരണം നൽകാമോ?

ഉത്തരം

(എ) പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 10000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കാൻ സഹായിക്കുന്ന ഒരു പദ്ധതി സർക്കാർ സഹകരണത്തോടെ ആവിഷ്കരിക്കാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) വിവിധ കോളേജുകളിലെ ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (IEDCs), ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേറ്ററുകൾ (TBls), കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ (KSIDC), കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് (KSCSTE) എന്നിവയേയും മറ്റ് ബന്ധപ്പെട്ട ഏജൻസികളെയും ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സർക്കാർ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

**കെ.എസ്.എഫ്.ഇ.-യിൽ ദിവസ/കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർ**

66(3830) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ.-യിൽ വിവിധ ശാഖകളിലായി ദിവസ/കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ തസ്തിക, ജോലിനോക്കുന്ന ബ്രാഞ്ച്, എണ്ണം, എന്നിവ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ആറുപേരെ കരാറടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡായി ഹെഡ് ഓഫീസിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, സ്ഥിര ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന സന്ദർഭങ്ങളിലും മറ്റു ചില അത്യാവശ്യഘട്ടങ്ങളിലും ശാഖ/ ഓഫീസുകളിലെ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനുമായി ചില താൽക്കാലിക സജ്ജീകരണങ്ങൾ, ബന്ധപ്പെട്ട ശാഖ/ഓഫീസിന്റെ അത്യാവശ്യത്തിനനുസരിച്ച് മാത്രമായി ഏർപ്പെടുത്താറുണ്ട്. എന്നാൽ ഇപ്രകാരം നിയമിക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല.

**കെ.എസ്.എഫ്.ഇ. വഴി വിദ്യാഭ്യാസ വായ്പ**

67 (3831) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് ബാങ്കുകളിൽ നിന്ന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് പരിഗണിച്ച് കെ.എസ്.എഫ്.ഇ. വഴി വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുവരെയായി എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ട്;

(ബി) പാവപ്പെട്ടവർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സബ്സിഡി നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കെ.എസ്.എഫ്.ഇ.-യിൽ വിദ്യാഭ്യാസ വായ്പാ പദ്ധതിയുണ്ട്. 34 പേർക്ക് വിദ്യാഭ്യാസ വായ്പ നൽകിയിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ വായ്പയിൽ നിബന്ധനകൾക്ക് വിധേയമായി സബ്സിഡി നൽകിവരുന്നുണ്ട്.

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ ജീവനക്കാർ**

68 (3832) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് രൂപീകരിച്ച വർഷം അനുവദിച്ച ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) ജിവനക്കാരുടെ ദൗർലഭ്യം ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ഓഫീസ് ഓട്ടോമേഷൻ നടപ്പാക്കുമോ?

ഉത്തരം

(എ) 1896-ൽ രാജഭരണ കാലത്ത് തിരുവിതാംകൂറിലാണ് ഇൻഷ്വറൻസ് വകുപ്പ് രൂപീകൃതമായത്. ആയതിന്റെ ആദ്യകാലഘടന സംബന്ധിച്ച രേഖകൾ ഒന്നും ലഭ്യമല്ല. ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് (നാഷണലൈസേഷൻ) ആക്ട് 1972 നിലവിൽ വന്നതോടുകൂടി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർക്ക് മറ്റ് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിലേയ്ക്ക് മാറിപ്പോകുന്നതിന് അവസരം ലഭിച്ചു. വിവിധ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിലേയ്ക്ക് ജീവനക്കാൻ മാറിപ്പോയതിനുശേഷം വകുപ്പിൽ നിലനിന്ന തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| ഡയറക്ടർ | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| അസിസ്റ്റന്റ് ഡയറക്ടർ | 1 |
| ഇൻസ്പെക്ടർ | 1 |
| ജൂനിയർ സൂപ്രണ്ട് | 2 |
| യു.ഡി. ക്ലാർക്ക് | 4 |
| എൽ.ഡി. ക്ലാർക്ക് | 7 |
| യു.ഡി.ടൈപ്പിസ്റ്റ് | 1 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 |
| പ്യൂൺ | 2 |
| പി.റ്റി.എസ്. | 1 |
| ആകെ | 22 |

(ബി) വർദ്ധിച്ച ജോലിഭാരം കാരണം ഇൻഷ്വറൻസ് വകുപ്പിൽ ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വരുന്നുണ്ട്. ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയുന്നതും വകുപ്പിന്റെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ സാധിക്കുന്നതുമാണ്. വകുപ്പിലെ കമ്പ്യൂട്ടറൈസേൻ 1-4-2017 മുതൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**സ്വകാര്യ വാഹനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതികൾ**

69 (3833) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സ്വകാര്യ വാഹനങ്ങൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പദ്ധതികൾ ഏറ്റെടുക്കുവാൻ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന് സാധ്യമാണോ;

(ബി) ഇല്ലെങ്കിൽ സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിനെ അത്തരം രീതിയിൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിവിധ സ്വകാര്യ വാഹനങ്ങൾക്ക് ആവശ്യമായ ഇൻഷ്വറൻസ് പദ്ധതികൾ ഏറ്റെടുക്കുവാൻ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന് ഇൻഷ്വറൻസ് ആക്ട് 1938 സെക്ഷൻ 3(1) പ്രകാരം നിയമപരമായി അധികാരമില്ല.

(ബി) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് ഇൻഷ്വറൻസ് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനം ആയതിനാൽ വകുപ്പിന് ഇൻഷ്വറൻസ് ആക്ട് 1938, ജനറൽ ഇൻഷ്വറൻസ് ബിസിനസ്സ് (നാഷണലൈസേഷൻ) ആക്ട് 1972 എന്നിവ അനുശാസിക്കും പ്രകാരമുള്ള ബിസിനസ് നടത്താനേ സാധിക്കുകയുള്ളൂ.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ**

70 (3834) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി മാത്രം നടപ്പിലാക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ;

(ബി) ജനറൽ ഇൻഷ്വറൻസ് കമ്പനികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ കോ-ഇൻഷ്വറൻസ് പദ്ധതി വഴി എത്ര തുക പ്രീമിയമായി ലഭിച്ചു;

(സി) കോ-ഇൻഷ്വൻസ് കരാർ തുടരാൻ തീരുമാനിക്കുന്നതിന് പകരം പൂർണ്ണമായും ഇത്തരം ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിന് ലാഭവിഹിതം നൽകുന്നുണ്ടോ; അഞ്ച് വർഷത്തിനുള്ളിൽ എത്ര ലാഭവിഹിതം ലഭിച്ചു?

ഉത്തരം

(എ) 1-10-2014-ലെ സ.ഉ. (അച്ചടി) നമ്പർ 428/2014/ധന പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ജനറൽ ഇൻഷ്വറൻസ് കമ്പനികളുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കിയ കോ-ഇൻഷ്വറൻസ് പദ്ധതിവഴി നാളിതുവരെ 9,13,35,588 രൂപ പ്രീമിയമായി ലഭിച്ചു.

(സി) നിലവിലെ സാഹചര്യത്തിൽ കോ-ഇൻഷ്വറൻസ്, ഇൻഷ്വറൻസ് വകുപ്പിന് ഗുണകരമാണ്. വകുപ്പിന് നിയമപരമായി അധികാരമുള്ള മേഖലകളിലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സുകൾ പൂർണ്ണമായും ഇൻഷ്വറൻസ് വകുപ്പ് മുഖേന മാത്രം ചെയ്യുന്നതിന് കുറ്റമറ്റ ഒരു സോഫ്റ്റ്വെയർ സംവിധാനവും ആവശ്യമായ അധിക ജീവനക്കാരും ഇൻഷ്വറൻസ് മേഖലയിൽ പരിജ്ഞാനമുള്ള സാങ്കേതിക വിദഗ്ദ്ധരുടെ സേവനവും ആവശ്യമാണ്. ഡീ താരിഫിംഗിന് ശേഷം ഇൻഷ്വറൻസ് മേഖല കൂടുതൽ മത്സരാധിഷ്ഠിതമാകുകയും ചെയ്തു. കോടിക്കണക്കിന് രൂപയുടെ ആസ്തി ബാധ്യതകൾ ഇൻഷ്വർ ചെയ്യുന്ന ഒരു ഇടപാടിൽ കോ-ഇൻഷ്വറൻസ് കരാർ വഴി ഇൻഷ്വറൻസ് വകുപ്പിന്റെ റിസ്ക് കുറയ്ക്കുന്നതിനും സാധിക്കുന്നു. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ കോ-ഇൻഷ്വറൻസ് കരാർ ഒഴിവാക്കി ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ പൂർണ്ണമായും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

(ഡി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് സർക്കാരിന് ലാഭവിഹിതം നൽകിയിട്ടുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ സർക്കാരിന് 10 കോടി രൂപ ലാഭവിഹിതമായി ലഭിച്ചു.

**കയർ കേരള രാജ്യാന്തരമേള**

71 (3835) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കേരള രാജ്യാന്തരമേള സംഘടിപ്പിക്കുന്നതിൽ നിന്നും സർക്കാർ പിൻമാറിയിട്ടുണ്ടോ; ഒരു വർഷം മേള സംഘടിപ്പിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) കയർ കേരള രാജ്യാന്തരമേള ആരംഭിച്ചതിനുശേഷമുള്ള കയർ

കയറ്റുമതിയിൽ എത്ര കോടിയുടെ വർദ്ധനവാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) രാജ്യാന്തര വിപണിയിൽ മാർക്കറ്റ് കണ്ടെത്തുന്നതിന് ഈ മേള സഹായിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം ഇതിൽ നിന്നും പിൻവാങ്ങുന്നത് രാജ്യാന്തരവിപണിയിലെ നിലവിലെ അനുകൂല സാഹചര്യം നഷ്ടമാക്കാൻ ഇടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കയർ തൊഴിലാളികളെയും ഉത്പാദകരെയും പ്രോത്സാഹിപ്പിക്കുന്ന ഇത്തരം മേളകളിൽ നിന്നും സർക്കാർ പിൻവാങ്ങുന്നത് ഈ മേഖലയെ തളർത്താനിടയാക്കുമെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ?

ഉത്തരം

(എ) കയർ കേരള രാജ്യാന്തര മേള സംഘടിപ്പിക്കുന്നതിൽനിന്നും സർക്കാർ പിന്മാറിയിട്ടില്ല. 2017-ലെ കയർ കേരള സെപ്റ്റംബർ മാസത്തിൽ ആലപ്പുഴയിൽ വച്ചുനടത്തുന്നതിന് തീരുമാനിക്കുകയും ആയതിന്റെ നടത്തിപ്പ് ചുമതല കയർ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി & ഡി) രാജ്യാന്തര വിപണിയിൽ മാർക്കറ്റ് കണ്ടെത്തുന്നതിന് ഈ മേള സഹായിച്ചിട്ടുണ്ട്. സർക്കാർ മേള നടത്തിപ്പിൽനിന്നും പിന്മാറിയിട്ടില്ല.

**കയർ മേഖല ശക്തിപ്പെടുത്താൻ നടപടി**

72 (3836) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖല ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കയർ ഉൾപ്പെടെയുള്ള പരമ്പരാഗത മേഖലകളിൽ, ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്ന തരത്തിൽ സമഗ്ര പുനഃസംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംഭരണവും നടപ്പിലാക്കുന്നുണ്ട്.

(ബി) കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായ രംഗമാണ് കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും നിർമ്മാണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവത്ക്കരണം നടത്തി കയർ മേഖലയെ ആധുനികവത്കരിക്കുക എന്നുള്ളതാണ് സർക്കാർ നയം. വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം കയർപിരി തൊഴിലാളികൾക്ക് 300 രൂപ കൂലി ലഭിക്കത്തക്കവിധം പദ്ധതി നടപ്പിലാക്കിവരുന്നു. ഇപ്രകാരം ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറും ന്യായവില നൽകി കയർഫെഡ് ഏറ്റെടുക്കും. കയർ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നായ ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം തൊണ്ട് സംഭരണത്തിനും ചകിരി ഉത്പാദനത്തിനും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു:

പുതിയ സംരംഭകരേയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളേയും കയർ മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതികൾ 2017-18 ബജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് 50% സബ്സിഡി നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ അനുവദിച്ചുനൽകും. ഇത്തരം പദ്ധതികളിലൂടെ കയറുൽപ്പന്നമേഖലയിൽ നമ്മുടെ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കാനും അതുവഴി സ്വകാര്യ സംരംഭകരുടെ സഹകരണം പ്രയോജനപ്പെടുത്താമെന്നും കരുതുന്നു. കയർ തൊഴിലാളി പെൻഷൻ 1,000 രൂപയാക്കി വർദ്ധിപ്പിച്ച് കൃത്യമായി വിതരണം ചെയ്തുവരുന്നു.

**കയർ സംഭരണം**

73 (3837) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കയർ മുഴുവൻ സംഭരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടിയാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ കയർതൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; അതുവഴി ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് ഇപ്പോൾ വർദ്ധിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് സംഭരിക്കപ്പെടുന്ന കയർ ഏത് രീതിയിൽ വിറ്റഴിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; ഈ സർക്കാരിന്റെ കാലത്ത് കയർ ഉത്പന്നങ്ങളുടെ വിൽപ്പനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും കയർഫെഡ് വഴി ന്യായവില ഉറപ്പാക്കി സംഭരിക്കുക എന്നതാണ് സർക്കാർ നയം. ആദ്യഘട്ടത്തിൽ കയർ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറാണ് കയർഫെഡ് വഴി സംഭരിക്കുന്നത്. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന പരമ്പരാഗത ചെറുകിട ഉൽപ്പാദകരുടെ മുഴുവൻ ഉൽപ്പന്നങ്ങളും കയർ കോർപ്പറേഷൻ സംഭരിക്കും. ഇതിനായി ക്രയവില സ്ഥിരതാഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 77 കോടി രൂപയിൽനിന്ന് കയർഫെഡിന് 16,98,36,938 രൂപയും കയർ കോർപ്പറേഷന് 26,62,00,000 രൂപയും ചേർത്ത് ആകെ 43,60,36,938 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. കയർപിരി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം 300 രൂപയും മാറ്റ്സ് & മാറ്റിംഗ്സ് മേഖലയിൽ 500 രൂപയും ലഭിക്കത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2017-18 വാർഷിക പദ്ധതിയിൽ കയർ മേഖലയിലെ പരമ്പരാഗ

തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് നിയന്ത്രണങ്ങൾ എടുത്തുമാറ്റി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനായി സർക്കാർ അവരുടെ ഉൽപ്പന്നങ്ങൾ മിനിമം കൂലി ഉറപ്പുവരുത്തുന്ന വിലയ്ക്ക് വാങ്ങി സംഭരിക്കും. കൂടാതെ ആഭ്യന്തര വിപണിക്ക് ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോടെ 2017 സെപ്റ്റംബർ മാസത്തിൽ ആലപ്പുഴയിൽ വച്ച് "കയർ കേരള" സംഘടിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പരിശ്രമത്തിലൂടെ കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

(ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും ന്യായവില ഉറപ്പാക്കി കയർഫെഡ് സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുന്നതാണ്. ഇതിനായി കയർഫെഡിനും കയർ കോർപ്പറേഷനും കൂടി 43,60,36,938 രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കയർഫെഡ് 78,823 ക്വിന്റൽ കയർ സംഭരിച്ചിരുന്നു. ഈ സാമ്പത്തിക വർഷം ഇതുവരെ 84,000 ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ 2015-16-ൽ 8.14 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. നടപ്പുവർഷം നാളിതുവരെ 10 കോടി രൂപയ്ക്ക് മുകളിൽ കയറ്റുമതി വർദ്ധിച്ചിട്ടുണ്ട്.

**കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിരമിക്കൽ ആനുകൂല്യം**

74 (3838) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2006-നു മുൻപ് വിരമിച്ച കയർ തൊഴിലാളികൾക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിക്കൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിരമിക്കൽ കാലയളവ് വരെ അംശദായ സംഖ്യ അടച്ചിട്ടുള്ള ഈ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1-4-2006 മുതൽ 31-3-2011 വരെ ക്ഷേമനിധിയിൽനിന്നും വിരമിച്ച തൊഴിലാളികൾക്കാണ് വിരമിക്കൽ ആനുകൂല്യം നൽകിയിട്ടുള്ളത്. 1-4-2006-ന് മുൻപും 31-3-2011-നുശേഷവും ക്ഷേമനിധിയിൽനിന്നും വിരമിച്ചിട്ടുള്ള 36200 തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകാനുണ്ട്.

(ബി) 1-4-2006 - ന് മുൻപ് വിരമിച്ച 16100 തൊഴിലാളികളും 31-3-2011-നു ശേഷം വിരമിച്ച 20100 തൊഴിലാളികളും ഉൾപ്പെടെ 36,200 പേർക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 20.46 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. 2017-18 ബഡ്ജറ്റിൽ ആനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേകം വകയിരുത്തൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**കയർ വ്യവസായം സംരക്ഷിക്കുന്നതിന് പദ്ധതികൾ**

75 (3839) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുമോ;

(ബി) നിർജ്ജീവമായ കയർ സഹകരണ സംഘങ്ങൾ വീണ്ടും പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പുതിയ സംരംഭകരെയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളെയും കയർ മേഖലയിലേക്ക് ആകർഷിക്കാൻ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുനഃസംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രവർത്തനരഹിതമായ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ

പുനരുജ്ജീവനത്തിനായി ഒരു രണ്ടാം കയർ പുനഃസംഘടന പരിപാടി നടപ്പിലാക്കുന്നതാണ്. സാങ്കേതിക നവീകരണവും സമഗ്ര പുനഃസംഘടനയുമാണ് ലക്ഷ്യംവയ്ക്കുന്നത്. ഇതിനായി എൻ.സി.ഡി.സി. സഹായത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ആധുനീകരണം ലക്ഷ്യംവയ്ക്കുന്നത് പുതിയ തലമുറയെ വ്യവസായത്തിലേയ്ക്ക് ആകർഷിക്കുന്നതിനാണ്. പുതിയ സംരംഭകരേയും അഭ്യസ്തവിദ്യരായ യുവതീയുവാക്കളേയും കയർ മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള പദ്ധതികൾ 2017-18-ലെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 90%, സ്വയം സഹായ സംഘങ്ങൾക്ക് 75%, സ്വകാര്യ വ്യക്തികൾക്ക് 50% എന്ന നിരക്കിൽ ഡീഫൈബറിംഗ് യന്ത്രങ്ങൾ സബ്സിഡിയോടുകൂടി അനുവദിക്കും.

**കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങൾ**

76 (3840) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) പ്രവർത്തനരഹിതമായ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിനാവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്നതരത്തിൽ സമഗ്ര പുനഃസംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും വേലയും സംരക്ഷിക്കുന്നതിനുള്ള സംഭരണവും നടപ്പിലാക്കുന്നുണ്ട്.

(ബി) പ്രവർത്തനരഹിതമായ കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ

പുനരുജ്ജീവനത്തിനായി ഒരു രണ്ടാം കയർ പുനഃസംഘടനാ പരിപാടി നടപ്പിലാക്കുന്നതാണ്. സാങ്കേതിക നവീകരണവും സമഗ്ര പുനഃസംഘടനയുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി എൻ.സി.ഡി.സി. സഹായത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## പ്രകൃതിദത്ത ചകിരിനാരിന്റെ ലഭ്യതക്കുറവ്

77 (3841) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്ത ചകിരിനാരിന്റെ ലഭ്യത കുറവ് സംസ്ഥാനത്തെ കയർ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വാഭാവിക ജലാശയങ്ങളിൽ തൊണ്ടഴുക്കൽ വ്യാപകമാക്കാൻ കഴിയാത്ത സാഹചര്യത്തിലും വൈറ്റ് ഫൈബറിനോട് താല്പര്യം കുറവായതിനാലും കൃത്രിമ ജലസംഭരണികൾ നിർമ്മിച്ച് വൻതോതിൽ തൊണ്ടഴുക്കൽ നടത്തി പ്രകൃതിദത്ത ചകിരിനാര് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം ജലസംഭരണികളിലെ മലിനജലം ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിച്ചാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകില്ലെന്നതുകൊണ്ട് ഇത്തരം പദ്ധതികളുടെ സാധ്യത പരിശോധിക്കുമോ?

### ഉത്തരം

(എ) പ്രകൃതിദത്ത ചകിരിനാരിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്തെ കയർ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി "തൊണ്ടുസംഭരണവും ചകിരി ഉത്പ്പാദനവും" നടപ്പിലാക്കിവരുന്നു. 2017-18-ൽ കയർ രണ്ടാം പുനഃസംഘടന സ്കീം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നെന്മാറ മണ്ഡലത്തിലെ വടവന്നൂരിൽ പ്രതിദിനം 6000 തൊണ്ട് ചകിരിയാക്കാനുള്ള മില്ല് മേയ് മാസത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനും സംസ്ഥാനമൊട്ടാകെ 100 ചകിരി മില്ലുകൾ ആരംഭിക്കുന്നതിനും 2017-18-ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) പച്ചത്തൊണ്ടിൽനിന്നും നേരിട്ട് ചകിരി ഉത്പ്പാദിപ്പിക്കുന്ന നടപടികളാണ് കയർ വകുപ്പ് പ്രോത്സാഹിപ്പിക്കുന്നത്. ഇതിനായുള്ള ഡീഫൈബറിംഗ് മെഷീനുകൾ കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് വഴി വിതരണം ചെയ്തുവരുന്നു. ആയതിനാൽ തൊണ്ടഴുക്കൽ നിലവിൽ പ്രോത്സാഹിപ്പിക്കുന്നില്ല.

(സി) ബാധകമല്ല.

**പള്ളുരുത്തി കയർ കോർപ്പറേഷന്റെ ഗോഡൗണുകൾ**

78 (3842) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പള്ളുരുത്തി ഇടക്കൊച്ചി നോർത്ത് ഭാഗത്തുള്ള (പഷ്ണിത്തോടിന് സമീപം) ഗോഡൗണുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ;

(ബി) ഈ കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ചിട്ടുണ്ടോ;

(സി) ഈ കെട്ടിടങ്ങൾ തുടർന്ന് ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ - സി) കയർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പള്ളുരുത്തി ഇടക്കൊച്ചി നോർത്ത് ഭാഗത്ത് (പഷ്ണിത്തോടിനുസമീപം) ഗോഡൗണുകൾ ഇല്ല.

**സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി**

79 (3843) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 'സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി' നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ കമ്മിറ്റിയിൽ ആരൊക്കെയാണ് ഉള്ളത്; പേരുവിവരം വെളിപ്പെടുത്തുമോ; ഇതിന്റെ ആസ്ഥാനം എവിടെയാണ്;

(ഡി) ഈ കമ്മിറ്റിയുടെ ലക്ഷ്യം എന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. സംസ്ഥാന സർക്കാർ G.O.(Rt) No.210/2017/ID തീയതി 9-2-2017 പ്രകാരം താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ചു.

1. ചീഫ് സെക്രട്ടറി - ചെയർമാൻ
2. കേന്ദ്ര സർക്കാരിന്റെ വാണിജ്യ വകുപ്പിന്റെ പ്രതിനിധി - മെമ്പർ
3. അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായം)-മെമ്പർ
4. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ/സെക്രട്ടറി (അഗ്രികൾച്ചർ)-മെമ്പർ
5. ജോയിന്റ് ഡയറക്ടർ ജനറൽ, ഫോറിൻ ട്രേഡ്, കൊച്ചി - മെമ്പർ
6. കസ്റ്റംസ് കമ്മീഷണർ, കൊച്ചി - മെമ്പർ
7. ഡെവലപ്മെന്റ് കമ്മീഷണർ, സെസ് (SEZ) കൊച്ചി - മെമ്പർ
8. ചെയർമാൻ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്- മെമ്പർ
9. ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ് - മെമ്പർ
10. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.- മെമ്പർ
11. മാനേജിംഗ് ഡയറക്ടർ, കിൻഫ്ര – മെമ്പർ
12. കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സ് - മെമ്പർ
13. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ് - കൺവീനർ

സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ ആസ്ഥാനം പ്രത്യേകമായി ഇപ്പോൾ നിലവിലില്ല.

(ഡി) സംസ്ഥാനത്തെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും അതിനുവേണ്ടി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയുമാണ് സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ കേരളത്തിലെ കയറ്റുമതിയുടെ വിവരങ്ങളുടെ കണക്കെടുക്കുകയും അതിനെക്കുറിച്ച് വിശകലനം ചെയ്ത് പോരായ്മകൾ നികത്തി കയറ്റുമതിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്നതും ഈ കമ്മിറ്റിയുടെ ലക്ഷ്യമാണ്.

**ലിഡാ ജേക്കബ് കമ്മിറ്റി**

80(3844) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വ്യാപാരികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്ത് നിയോഗിച്ചിരുന്ന ശ്രീമതി ലിഡാ ജേക്കബ് അദ്ധ്യക്ഷയായ കമ്മിറ്റി റിപ്പോർട്ട് സർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.

**അതിവേഗ റെയിൽപ്പാത**

81 (*T 3845) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ റെയിൽപ്പാത നിർമ്മാണത്തിനുള്ള സാദ്ധ്യതാപഠന റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യവും, ഈ മേഖലയിൽ നിർമ്മാണച്ചെലവ് താരതമ്യേന കുറവായിരിക്കുമെന്നതും കണക്കിലെടുത്ത്,പ്രസ്തുത പാത കാസർഗോഡ് വരെ നീട്ടണമെന്ന ആവശ്യം അംഗീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി.-യെ ഏൽപ്പിക്കുകയും ഡി.എം.ആർ.സി. വിശദമായ കരട് റിപ്പോർട്ട് 1-7-2016-ൽ കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ കരട് റിപ്പോർട്ട് സാങ്കേതികമായ പഠനത്തിന് വിധേയമാക്കി അന്തിമ റിപ്പോർട്ട് ലഭ്യമായ ശേഷംമാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രാഥമിക റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലയെ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഡി.എം.ആർ.സി. സമർപ്പിച്ച വിശദമായ കരട് റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയെ ഒഴിവാക്കി തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള പാത പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി രൂപരേഖയാണ് സമർപ്പിച്ചിട്ടുള്ളത്. കണ്ണൂർ മുതൽ കാസർഗോഡ് വരെയുള്ള യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവ് കാരണം പദ്ധതി ലാഭകരമായി നടപ്പിലാക്കാൻ കഴിയില്ല എന്നുള്ളതിനാൽ, പ്രസ്തുത പദ്ധതി മംഗലാപുരം വരെ നീട്ടുന്നതിനുവേണ്ടി കർണ്ണാടക സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ കാസർഗോഡ് ജില്ലയെക്കൂടി ഉൾപ്പെടുത്തി ആദായകരമായി ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

**തോറിയം റിയാക്ടർ**

82 (3846) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-9-2016-ലെ നക്ഷത്രമിടാത്ത ചോദ്യം നമ്പർ 51 പ്രകാരം മോണോസൈറ്റ് 1957-ലെ MDR ആക്ട് പ്രകാരം കരിമണൽ ടണ്ണിന് 125 രൂപ എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് ഉത്തരം നൽകിയിരുന്നു. അതിൽ തോറിയം അടക്കമുള്ള വിലപിടിപ്പുള്ള ധാതുക്കൾ ഉള്ളതിനാൽ അതിനനുസരിച്ചുള്ള റോയൽറ്റിയും വിലയും പുതുക്കി നിശ്ചയിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) തോറിയം കൊണ്ടുള്ള റിയാക്ടറുകൾ പ്രവർത്തിപ്പിച്ചാൽ 100 വർഷക്കാലം ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള തോറിയം കേരളത്തിലെ തീരപ്രദേശത്ത് ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കരിമണൽ മേജർ മിനറലിന്റെ ഗണത്തിൽപ്പെടുന്നതിനാൽ ഇതിൽ അടങ്ങിയിട്ടുള്ള ഹെവി മിനറലുകളുടെ റോയൽറ്റി കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. ഈ മണലിന്റെ വില അതാത് കമ്പനികൾ ഇന്ത്യയിലേയും പുറംരാജ്യങ്ങളിലേയും വിപണിവിലയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. മേജർ മിനറലുകളുടെ കാര്യത്തിൽ റോയൽറ്റി നിശ്ചയിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമില്ല.

(ബി) കേരളത്തിൽ തോറിയം അടങ്ങുന്ന 1.35 മില്യൻ ടൺ മോണോസൈറ്റ് നിക്ഷേപം ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. തോറിയം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ**

83 (3847) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്ഥലത്തിന്റെ അപര്യാപ്തത ലൈസൻസുകളും ക്ലിയറൻസുകളും കൊടുക്കുന്നതിനുള്ള കാലതാമസം, സമയബന്ധിതമായി വായ്പ ലഭ്യമാകുന്നതിനുള്ള കാലതാമസം, ശരിയായ സംരംഭകത്വത്തിന്റെ അപര്യാപ്തത തുടങ്ങിയവയാണ് പ്രധാന പ്രശ്നങ്ങളായി കണ്ടെത്തിയത്. മൾട്ടിസ്റ്റോറീഡ് കോംപ്ലക്സുകൾ സ്ഥാപിക്കുക, ഏകജാലക സംവിധാനംവഴി സമയബന്ധിതമായി ലൈസൻസുകൾ ലഭ്യമാക്കുക, വായ്പ ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായി ആശയവിനിമയം വർദ്ധിപ്പിക്കുക, സംരംഭകത്വം വികസിപ്പിക്കുന്നതിനുള്ള ട്രെയിനിംഗുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക തുടങ്ങിയ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ശുദ്ധജലം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ തുടങ്ങിയവ കേരളത്തിന്റെ വ്യവസായവത്കരണത്തിനുള്ള സാദ്ധ്യതകളാണ്.

(ബി) സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട ഇടത്തരം വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ (ഇ.ഡി. ക്ലബുകൾ) വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും

ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ-സംസ്ഥാനതലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ-സംസ്ഥാനതലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

## ചെറുകിട ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

84 (3848) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ. ഡി. ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസുകൾ, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ/സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിപണന

പ്രോത്സാഹനാർത്ഥം ജില്ലാ-സംസ്ഥാനതലങ്ങളിൽ വിവിധ പ്രവർത്തനമേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

## വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ

85 (3849) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ വൻതുക വാടകയിനത്തിൽ നൽകിയാണ് പ്രവർത്തിക്കുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഏകോപനവും സാമ്പത്തിക, സമയ ലാഭവും പരിഗണിച്ച് വ്യവസായ വകുപ്പിന്റെ തന്നെ ഭൂമിയിലോ സർക്കാർ കണ്ടെത്തുന്ന സൗകര്യപ്രദമായ സ്ഥലത്തോ വ്യവസായ വകുപ്പിന്റെ വിവിധ ഓഫീസുകൾ പ്രവർത്തിക്കത്തക്കവിധം ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ-വാണിജ്യ വകുപ്പിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങളൊന്നും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ അധീനതയിലുള്ള താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ മിതമായ നിരക്കിൽ വാടക നൽകി മറ്റ് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. മൈനിംഗ് & ജിയോളജി വകുപ്പിൽ കൊല്ലം, വയനാട് ജില്ലാ ഓഫീസുകൾ മാത്രമാണ് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. ആയതിന് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച നിരക്കിൽ മാത്രമേ വാടക നൽകുന്നുള്ളൂ.

(ബി) ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഇത്തരത്തിൽ ഓഫീസ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## വ്യവസായ പാർക്കുകൾ

86 (3850) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലും ഭൂമി ലഭ്യമാകുമെങ്കിൽ അതാത് പ്രദേശവുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

ഇത്തരം വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് 50 ഏക്കറെങ്കിലും ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം എല്ലാ മണ്ഡലങ്ങളിലും കുറഞ്ഞത് 50 ഏക്കർ ഭൂമി ലഭ്യമാവുകയും വ്യവസായ സംരംഭകർ മുന്നോട്ടുവരികയും ചെയ്താൽ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**ആറന്മുള കണ്ണാടിയുടെ പേരിൽ വ്യാജ കണ്ണാടികൾ**

87 (3851) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പ്രശസ്തമായ ആറൻമുള കണ്ണാടിയുടെ പേരിൽ വ്യാജ കണ്ണാടികൾ വിപണിയിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വ്യാജ കണ്ണാടികൾ പ്രചരിപ്പിച്ച് ഈ പൈതൃക സമ്പത്തിനെ തകർക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആറന്മുള കണ്ണാടിയുടെ പേരിൽ യന്ത്രസഹായത്തോടെ വ്യാജ കണ്ണാടികൾ നിർമ്മിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെവിടെയെങ്കിലും ഇത്തരത്തിൽ ക്രമവിരുദ്ധമായി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിൽ അത് കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ വ്യവസായ-വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി ചെയ്ത കാര്യങ്ങൾ**

88 (3852) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജിം (ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്) പോലെയുള്ള പരിപാടികൾ നടത്തുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) മുഖ്യമന്ത്രി /മന്ത്രിമാർ എന്നിവരുടെ വിദേശ യാത്രകളിൽ കേരളത്തിലെ വ്യവസായ രംഗത്തെ നിക്ഷേപങ്ങൾക്ക് ധാരണാ പത്രം ഒപ്പുവെച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏത് രാജ്യം, വ്യവസായം, തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജല സൗകര്യം, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതുസേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ സൗഹൃദ മേഖലയായി മാറ്റുന്നതിനുമായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്കാരങ്ങളും വരുത്തുന്നതിനായി 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ' നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.)-ന്റെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ-വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി കെ.എസ്.ഐ.ഡി.സി.- യെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും അപേക്ഷാ ഫോമുകൾ ഏകീകരിച്ചുകൊണ്ട് ഓൺലൈൻ വഴിയുള്ള ഒരു പൊതു അപേക്ഷ ഫോം (CAF) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എൻ. ഐ. സി.- യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനും അനുമതിപത്രം വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി ഒരു ഇന്റലിജന്റ് സോഫ്റ്റ്‌വെയർ പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

89 (3853) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2016-17 കാലയളവിലെ അർദ്ധവാർഷിക പ്രവർത്തന റിപ്പോർട്ട് (ഏപ്രിൽ-സെപ്റ്റംബർ 2016) പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന 30 സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**ധാതുമണൽ ഖനനം**

90 (3854) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ ഏതെല്ലാം സ്ഥാപനങ്ങളാണ് തീരപ്രദേശങ്ങളിൽ നിന്നും ധാതുമണൽ ഖനനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം ഖനനത്തിന് സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അനുമതിയുണ്ടോയെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലം എത്ര ടൺ ധാതുമണലാണ് സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് എന്നീ കമ്പനികൾക്കാണ് സംസ്ഥാനത്ത് ധാതുമണൽ ഖനനത്തിന് അനുമതി നൽകിയിരിക്കുന്നത്.

(ബി) സർക്കാരിന്റെ അനുമതിയുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്.

(സി) മൈനിംഗ് ലീസ് അനുവദിച്ചിട്ടുള്ള ഐ.ആർ.ഇ., കെ.എം.എം.എൽ. എന്നീ കമ്പനികൾ ഒന്നുംതന്നെ ധാതുമണൽ എന്ന നിലയിൽ സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നില്ല.

**പാലക്കാട്-തൃശ്ശൂർ വ്യവസായ ഇടനാഴി**

91 (3855) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ഡി. പ്രസേനൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പാലക്കാട്- തൃശ്ശൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) എന്തെല്ലാം മാസ്റ്റർ പദ്ധതികളാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പദ്ധതി എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിലേയ്ക്കാവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി-പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട മാസ്റ്റർ പദ്ധതികൾ ഏതെല്ലാമാണെന്ന് കേന്ദ്ര സർക്കാരാണ് നിർദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച അന്തിമ തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ വിശദപഠനത്തിനുശേഷം പദ്ധതി പൂർത്തീകരണവും ഇതിലേയ്ക്കാവശ്യമായ കർമ്മ പദ്ധതിയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരാണ് നിർദ്ദേശിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി**

92 (3856) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ;

(ബി) ഇവയെ ലാഭകരമാക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കും;

(സി) ഓരോന്നിനും പുതിയ പദ്ധതി വിഹിതം നൽകി പുതിയ വെല്ലുവിളികൾ നേരിടാൻ സഹായിക്കുമോ?

ഉത്തരം

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100 കോടിരൂപയ്ക്കുപുറമേ ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്കായി 15 കോടിരൂപ കൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനുപുറമേ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായിട്ടാണ് സ്ഥാപനങ്ങൾ ഈ സഹായം വിനിയോഗിച്ചുവരുന്നത്. 2016-17 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ മാസംവരെയുള്ള കാലയളവിൽ 11 കമ്പനികൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2015-16-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനങ്ങളുടെ നവീകരണ-വിപുലീകരണ പദ്ധതികൾ അംഗീകരിച്ച് അടുത്ത സാമ്പത്തിക വർഷം (2017-18) 270 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും ഉൽപ്പാദന വൈവിദ്ധ്യവത്ക്കരണത്തിനുമുള്ള വിപുലമായ പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനം വ്യവസായ-ധനകാര്യ വകുപ്പുമന്ത്രിമാരുടെ തലത്തിൽ 2017 ജനുവരി 6-ന് നടത്തിയ മീറ്റിംഗിൽ സ്വീകരിച്ചിരുന്നു. ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽനിന്നുള്ള ധനസഹായത്തിനുപുറമേയാണ് ധനസഹായം അനുവദിക്കുന്നത്. വിവിധ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി അതാത് മേഖലയിലുള്ള വിദഗ്ദ്ധരേയും റിയാബിനെയും ഉൾപ്പെടുത്തിക്കൊണ്ട് ഉന്നതതല കമ്മിറ്റികൾ രൂപീകരിച്ച് അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിച്ചുകൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് സർക്കാർ ഉത്തരവ് G.O. (Rt) No. 61/2017/ID dt. 11-1-2017 പ്രകാരം ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഉന്നതതല കമ്മിറ്റി

രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ ഉന്നമനത്തിനായി സമഗ്രവും സ്ഥായിയുമായ ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റി G.O.(Rt) No. 88/2017/ID dt.18-1-2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(സി) വാർഷിക പദ്ധതിവിഹിതത്തിനായി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ച സ്ഥാപനങ്ങളുടെ നവീകരണ-വിപുലീകരണ പദ്ധതികൾ അംഗീകരിച്ച് അടുത്ത സാമ്പത്തിക വർഷം (2017-18) 270 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊതുമേഖലാ സ്ഥാപനങ്ങൾ**

93 (3857) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പദ്ഘടനയുടെ വളർച്ചക്ക്, പ്രത്യേകിച്ച് ഉൽപ്പാദന നിർമ്മാണ മേഖലയുടെ വികസനത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളുടെ 2012 മുതലുള്ള ഉൽപ്പാദന മൂല്യവും വിറ്റുവരവും വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ വ്യവസായ മേഖലകളുടെ പുരോഗതിക്കും അതുവഴി സമ്പദ്ഘടനയുടെ വളർച്ചയ്ക്കും ആവശ്യമായ മുഖ്യഘടകങ്ങളിൽ ഒന്നാണ്. നിലവിലുള്ള സ്ഥാപനങ്ങളുടെ വികസന സാദ്ധ്യതകൾ സംസ്ഥാനത്തിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതുമൂലം സംസ്ഥാനത്തിന്റെ വ്യാവസായികോൽപ്പാദനം ഗണ്യമായി വർദ്ധിക്കുകയും പുതിയ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാകുകയും ഇത് നമ്മുടെ ഉൽപ്പാദന-നിർമ്മാണ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്നതുമാണ്. ഇതിന്റെ ഭാഗമായി പ്രധാന വ്യവസായ മേഖലകളിൽ നിക്ഷേപം നടത്തുകയും വികസന വൈവിദ്ധ്യവൽക്കരണ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നു. കേരളത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 37 എണ്ണം പൂർണ്ണമായും ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ബാക്കിയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉൽപ്പാദന മേഖലയെ വളർത്താൻ ഉതകുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രീതിയിലുള്ളതുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നിരവധി അനുബന്ധ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ വികസനവും സാദ്ധ്യമായിട്ടുണ്ട്. ഇതു നമ്മുടെ ഉൽപ്പാദന-നിർമ്മാണ മേഖലയുടെ വളർച്ചയ്ക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം വിവിധ നികുതി ഇനങ്ങൾ സർക്കാരിലേയ്ക്ക് അടയ്ക്കുന്നുണ്ട്. കൂടാതെ ഡിവിഡന്റും നൽകിവരുന്നു. ഇത് സമ്പദ്ഘടനയ്ക്ക് സഹായകമാകുന്ന ഒരു ഘടകം തന്നെയാണ്. കൂടാതെ ഏകദേശം 18000-ൽപ്പരം തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ പ്രവർത്തനം വഴിയും അനുബന്ധ ഉൽപ്പാദന മേഖലകളുടെ വളർച്ചയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ വിപുലീകരണ പദ്ധതികൾക്കായി അടുത്ത സാമ്പത്തിക വർഷം 270 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ഇത് പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായ മേഖലകളുടെ വളർച്ചയും സഹായകരമാകുന്നതാണ്.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2012 മുതലുള്ള ഉൽപ്പാദനമൂല്യവും വിറ്റുവരവും അനുബന്ധമായി ചേർക്കുന്നു.*

**വ്യാവസായിക ഇടനാഴി**

94(3858) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക ഇടനാഴി സ്ഥാപിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളാണ് ഇതിന്റെ പരിധിയിൽ വരുന്നതെന്നു വ്യക്തമാക്കുമോ;

(സി) ഇതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇടനാഴി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കൊച്ചി-പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച വ്യവസായ ഇടനാഴി പദ്ധതിയിൽ കേരളത്തിൽ എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളാണ് ഉൾപ്പെടുന്നത്.

(സി) വ്യവസായ ഇടനാഴി നടപ്പാക്കുന്നതിന് വേണ്ടിവരുന്ന അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായമാണ് കേന്ദ്രസർക്കാർ ലഭ്യമാക്കുന്നത്. കേന്ദ്രസർക്കാരിന്റെ വിശദ പഠനത്തിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ഡി) 'എ' പിരിവിനുള്ള മറുപടിയിൽ വിശദ വിവരങ്ങൾ നൽകിയിട്ടുണ്ട്.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

95(3859) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ള ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ; ഏത് സ്ഥാപനത്തിന് വേണ്ടി എത്ര ഭൂമി വിനിയോഗിച്ചു;

(സി) ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി എത്രമാത്രം ഉണ്ടെന്നും ഈ ഭൂമി ഉപയോഗപ്പെടുത്തി സംരംഭങ്ങൾ തുടങ്ങാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കോഴിക്കോട് ജില്ലാ മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിൽ പയ്യോളിയിൽ 1 ഏക്കർ ഭൂമിയുണ്ട്.

(ബി) പ്രസ്തുത 1 ഏക്കർ ഭൂമിയിൽ 12 ഷെഡുകൾ നിർമ്മിച്ച് വിവിധ സംരംഭകർക്കായി നൽകിയിട്ടുണ്ട്.

(സി) ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി ഇല്ല.

## കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഹൈമാസ്റ്റ് ലൈറ്റ്

96 (3860) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി ഒമ്പത് സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് G.O (Rt) 1208/2016/LSWD തീയതി 4-3-2016 പ്രകാരം ഭരണാനുമതി നൽകിയ 24,50,000 (ഇരുപത്തി നാല് ലക്ഷത്തി അമ്പതിനായിരം) രൂപയുടെ പദ്ധതി കൊല്ലത്തെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL) ലിമിറ്റഡിനെ പ്രവൃത്തി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതായി അറിയാമോ;

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നാണോ എസ്റ്റിമേറ്റ് തുക അനുവദിച്ചിട്ടുള്ളത്;

(സി) എങ്കിൽ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ KEL ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ഇ) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ KEL-ന്റെ മുന്നിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അറിയാം.

(ബി) അതെ.

(സി) തിരുവല്ലൂർ, ആയഞ്ചേരി, വില്യാപ്പിള്ളി പഞ്ചായത്തുകളിലാണ് പ്രവൃത്തികളുള്ളത്. ഇതിൽ ആയഞ്ചേരി പഞ്ചായത്തിന് പി.ഡബ്ല്യു.ഡി.-യിൽനിന്നും ലഭിക്കേണ്ട റോഡ് കട്ടിംഗിനുള്ള അനുമതി ഇതുവരെയും കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് ലഭിച്ചിട്ടില്ല. പി.ഡബ്ല്യു.ഡി.-യിൽനിന്ന് റോഡ് കട്ടിംഗിനുള്ള അനുമതി ലഭിച്ച തിരുവല്ലൂർ, വില്യാപ്പിള്ളി പഞ്ചായത്തുകളിൽ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) സർക്കാർ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് പഞ്ചായത്തുകളോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഈ വർഷം ആദ്യമാണ് പഞ്ചായത്തിൽനിന്നും അനുമതി ലഭിച്ചത്. ആയതിനാൽ പ്രവൃത്തികൾ ഈ വർഷം ആദ്യം മാത്രമേ തുടങ്ങാൻ സാധിച്ചുള്ളൂ.

(ഇ) ഉണ്ട്. ആയഞ്ചേരി പഞ്ചായത്തിൽ റോഡ് കട്ടിംഗിനുള്ള അനുമതി പഞ്ചായത്ത് ഓഫീസിൽനിന്നും ലഭിച്ചാൽ മാത്രമേ പ്രവൃത്തികൾ തുടങ്ങാൻ സാധിക്കൂ. മറ്റ് രണ്ട് പഞ്ചായത്തിലും എഗ്രിമെന്റ് കിട്ടി മൂന്നുമാസത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കും.

## കുറ്റ്യാടി നാളികേര പാർക്ക്

97 (3861) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിനുവേണ്ടി കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച രൂപരേഖ അനുസരിച്ച് 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എന്നാൽ പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലമുടമ ഹൈക്കോടതിയെ സമീപിക്കുകയുണ്ടായോ;

(ഡി) കോടതി ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുകയുണ്ടായോ;

(ഇ) ഇതിനെതിരെ സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത കേസ് എപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി-എഫ്) പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലം ഉടമ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി സ്ഥലം ഉടമകളുടെ റിട്ട് പെറ്റിഷൻ അനുവദിക്കുകയും ലാന്റ് അക്വിസിഷൻ ആക്ടിലെ സെക്ഷൻ 11 (1) പ്രകാരം അവാർഡ് പാസാക്കി മൂന്ന് മാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകുവാൻ ഉത്തരവിടുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഈ സിംഗിൾ ബഞ്ച് ഉത്തരവിനെതിരെ സർക്കാർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി അപ്പീൽ അനുവദിച്ച് 16-12-2016-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ലാന്റ് അക്വിസിഷൻ നടപടികൾ ശരിവയ്ക്കുകയും ഭൂമിക്ക് മുൻപ് നിശ്ചയിച്ച വില നിലനിർത്തുകയും ചെയ്തു. എന്നാൽ ഇംപ്രൂവ്മെന്റിന് G.O. (Rt)No.331/2004/RD dated 5-11-2004 പ്രകാരം വില പുതുക്കി നിശ്ചയിച്ച് മൂന്നുമാസത്തിനകം നഷ്ടപരിഹാരം നൽകാൻ ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചതുപ്രകാരമുള്ള നിയമനടപടികൾ നടന്നുവരികയാണ്.

## ഹൈമാസ്റ്റ് ലൈറ്റുകൾ

98 (3862) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഹൈമാസ്റ്റ് ലൈറ്റിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും നിർമ്മാണം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഹൈമാസ്റ്റ് ലൈറ്റുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിൽ വ്യവസായ വളർച്ചാകേന്ദ്രം

99 (3863) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ അധീനതയിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി ലഭ്യമായിട്ടും നാളിതുവരെയായും ഒരു വ്യവസായ സ്ഥാപനവും പൊതുമേഖലയിൽ ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കയ്യൂർ-ചീമേനി പഞ്ചായത്തിൽ നിരവധി ഏക്കർ സർക്കാർ ഭൂമി ലഭ്യമായിട്ടുള്ളതിനാൽ ഇവിടം കേന്ദ്രീകരിച്ച് ഒരു വ്യവസായ വളർച്ചാകേന്ദ്രം ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) ആസ്റ്റൽ വാച്ചസ്, ഉദുമ സ്പിന്നിംഗ് മിൽ എന്നിവയാണ് കാസർഗോഡ് ജില്ലയിലുള്ള സർക്കാർ വ്യവസായ സ്ഥാപനങ്ങൾ. ആസ്റ്റൽ വാച്ചസ് പൂട്ടിക്കിടക്കുകയാണ്. ഉദുമ സ്പിന്നിംഗ് മിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് തീരുമാനമെടുത്തിട്ടില്ല.

(ബി) കയ്യൂർ-ചീമേനി പഞ്ചായത്തിൽ വ്യവസായ വളർച്ചാകേന്ദ്രം ആരംഭിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ**

100 (3864) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ എവിടെയൊക്കെയാണെന്നും, എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) കാസർകോട് ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ ആലോചനയുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് വിശദീകരിക്കാമോ; കാസർകോട് ജില്ലയിലുള്ള സർക്കാർ വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇവയിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും, ഓരോന്നിന്റെയും പ്രതിവർഷ ലാഭവിഹിതം എത്രയാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ അനന്തപുരത്ത് 103 ഏക്കർ വിസ്തീർണ്ണത്തിൽ ഒരു വ്യവസായ വികസന പ്ലോട്ടും 108 ഏക്കർ വിസ്തീർണ്ണത്തിൽ വ്യവസായ വികസന ഏരിയയും ചട്ടഞ്ചൽ എന്ന സ്ഥലത്ത് 28.5 ഏക്കർ വിസ്തീർണ്ണത്തിൽ ഒരു വ്യവസായ വികസന പ്ലോട്ടുമാണ് വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ളത്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ആസ്ട്രൽ വാച്ചസ്, ഉദുമ സ്പിന്നിംഗ് മിൽ എന്നിവയാണ് കാസർഗോഡ് ജില്ലയിലുള്ള സർക്കാർ വ്യവസായ സ്ഥാപനങ്ങൾ. ആസ്ട്രൽ വാച്ചസ് പൂട്ടിക്കിടക്കുകയാണ്. ഉദുമ സ്പിന്നിംഗ് മിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്പിന്നിംഗ് മിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

## സിഡ്കോയുടെ പ്രവർത്തനം

101 (3865) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രിത സ്ഥാപനമായ സിഡ്കോ 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിലായിരുന്നോ പ്രവർത്തിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ സിഡ്കോയുടെ പ്രതിവർഷ ലാഭനഷ്ട കണക്കുകളുടെ വിശദാംശങ്ങൾ നൽകുമോ; സിഡ്കോയുടെ അക്രഡിറ്റേഷൻ റദ്ദാക്കിയിട്ടുണ്ടോ;

(സി) സിഡ്കോ സാമ്പത്തിക നഷ്ടത്തിലാകാൻ ഇടയായ സാഹചര്യങ്ങൾ എന്താണ്; ആയതിന് കാരണക്കാരായവർക്കെതിരെ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ നിയന്ത്രിത സ്ഥാപനമായ സിഡ്കോ 2011-12 സാമ്പത്തിക വർഷത്തിൽ ലാഭത്തിലായിരുന്നു പ്രവർത്തിച്ചത്.

(ബി) പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 486.19 ലക്ഷം രൂപയും 315.52 ലക്ഷം രൂപയും 175.33 ലക്ഷം രൂപയും 719.12 ലക്ഷം രൂപയും നഷ്ടത്തിലാണ് പ്രവർത്തിച്ചത്. മാർച്ച് 2017 വരെ അക്രെഡിറ്റേഷൻ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) സർക്കാർ അംഗീകാരം ഇല്ലാതെയും ശരിയായ സാധ്യതാ പഠനം നടത്താതെയും ട്രേഡിംഗ് വിഭാഗം ആരംഭിച്ച നടപടികൾ, മണൽ വിതരണ ഏജൻസിയുടെ പ്രവർത്തനം, ഡൈ അമോണിയം ഫോസ്ഫേറ്റ് വിതരണം, വിവിധ ഏജൻസികൾക്ക് മാനദണ്ഡം പാലിക്കാതെ അഡ്വാൻസ് നൽകൽ തുടങ്ങിയ കാര്യങ്ങൾക്കായി ഫണ്ട് വകമാറ്റി ചെലവഴിച്ചതുമൂലവും സിഡ്കോ ഏറ്റെടുത്ത

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ വിവിധ സർക്കാർ ഏജൻസികൾ ലഭ്യമാക്കേണ്ട തുക ലഭ്യമാക്കാത്തതും നഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടാക്കി. സിഡ്കോ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടാർ വിതരണം നടത്താൻ സാധിക്കാതെ വന്നതിനാൽ വിറ്റുവരവ് ഗണ്യമായി കുറഞ്ഞു. ഇതും നഷ്ടം സംഭവിക്കാൻ കാരണമായി.

കാരണക്കാരായവർക്കെതിരെ അന്വേഷണം നടന്നുവരുന്നു.

**മാവേലിക്കര കൊച്ചാല്യംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

102 (3866) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കൊച്ചാല്യംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഏതെല്ലാം യൂണിറ്റുകളാണ് പ്രവർത്തിക്കുന്നതെന്നും ഏതെല്ലാമാണ് പ്രവർത്തനരഹിതമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ ഏറ്റെടുത്ത് സ്റ്റാർട്ട് അപ്പ് സംരംഭകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രവർത്തിക്കാത്ത യൂണിറ്റുകൾക്ക് ആയതിന്റെ കാരണം അറിയിക്കുന്നതിനുള്ള അറിയിപ്പ് നൽകുകയും നേരിൽ കേൾക്കുകയും ചെയ്തശേഷം സാഹചര്യങ്ങൾ വിലയിരുത്തി അനുവദിച്ച ഭൂമി തിരിച്ചെടുത്ത് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് സംരംഭകർക്ക് ഭൂമി അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നുണ്ട്.

**കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഹൈമാസ്റ്റ് ലൈറ്റ്**

103 (3867) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ആറ് ഗ്രാമപഞ്ചായത്തുകളിലായി 18 സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് G.O. (RT) No.526/2016/LSGD തീയതി 9-2-2016 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയ പദ്ധതി കൊല്ലത്തെ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എഞ്ചിനീയറിംഗ് കമ്പനി (KEL) ലിമിറ്റഡിനെ പ്രവൃത്തി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതായി അറിയാമോ;

(ബി) 49,99,900 (നാൽപത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി തൊള്ളായിരം) രൂപയാണോ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നാണോ പ്രസ്തുത എസ്റ്റിമേറ്റ് തുക അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) പ്രവൃത്തി തുടങ്ങിയിട്ടില്ലെങ്കിൽ കെ.ഇ.എൽ. ഇക്കാര്യത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടിയുടെ വിശദാംശങ്ങൾ എന്തൊക്കെ;

(എഫ്) പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ കെ.ഇ.എൽ. ന്റെ മുന്നിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) അറിയാം.

(ബി) അതെ. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അതെ.

(ഡി & ഇ) ഇപ്പോൾ പഞ്ചായത്തിൽനിന്ന് അനുമതി ലഭിച്ചതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഇല്ല. കോഴിക്കോട് ജില്ലാ പഞ്ചായത്ത് തദ്ദേശ സ്വയംഭരണ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്ന് കരാർ കിട്ടിയശേഷം മൂന്ന് മാസത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**സിഡ്കോയിൽ വർക്കർ തസ്തികയിലെ ശമ്പള പരിഷ്കരണം**

104 (3868) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയിൽ വർക്കർ തസ്തികയിൽ എത്ര ജീവനക്കാർ ജോലി നോക്കുന്നു; ഇവരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വർക്കർ തസ്തിക ഒഴികെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വർക്കർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒന്നിച്ച് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഒരേ ഓഫീസിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ വ്യത്യസ്തരീതി ഒഴിവാക്കി വർക്കർ തസ്തികയിലെ ജീവനക്കാർക്കും മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സിഡ്കോയിൽ വർക്കർ തസ്തികയിൽ 237 പേർ ജോലി നോക്കുന്നു. വർക്കർമാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് 2011 ഫെബ്രുവരി 28-നാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) വർക്കർ തസ്തിക സ്റ്റാഫ് വിഭാഗത്തിൽ ഉൾപ്പെടുന്നില്ല. തൊഴിലാളികളുടെ സർവ്വീസ് ചട്ടത്തിന്റെ കീഴിലാണ് വർക്കർ വരുന്നത്. ആയതിനാലാണ് വർക്കർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒന്നിച്ചുനടത്താൻ കഴിയാത്തത്.

**കുപ്പിവെള്ള ഫാക്ടറികൾ**

105 (3869) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര കുപ്പിവെള്ള ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട് എന്ന കണക്ക് ലഭ്യമാക്കാമോ;

(ബി) കുപ്പിവെള്ള ഫാക്ടറികൾ ആരംഭിക്കുന്നതിന് അനുവാദം നൽകുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ:

(സി) വരൾച്ച പരിഗണിച്ച് പുതിയ ഫാക്ടറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പുതിയ ഫാക്ടറികൾക്ക് അനുമതി തേടിയുള്ള അപേക്ഷകൾ നിലവിലുണ്ടോ, വ്യക്തമാക്കാമോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) കെ.എസ്.ഐ.ഡി.സി. എന്ന സർക്കാർ നിയന്ത്രണ പൊതുമേഖലാ സ്ഥാപനത്തിന്റെ കീഴിൽ ഹില്ലി അക്വ എന്നൊരു കുപ്പിവെള്ള ഫാക്ടറി തൊടുപുഴയിൽ ഉണ്ട്. മറ്റ് ഫാക്ടറികളെക്കുറിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർമ്മാണത്തിനുള്ള അനുമതി, മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്, ഫയർ ആന്റ് സേഫ്റ്റി വകുപ്പ്, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവയുടെ നിരാക്ഷേപ സാക്ഷ്യപത്രം, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാർഡേർഡ്സ്, ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേർഡ് ഓഫ് ഇന്ത്യ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ, സെയിൽസ് ടാക്സ് വകുപ്പിന്റെ രജിസ്ട്രേഷൻ, ജലസ്രോതസ്സുകളിൽനിന്നും ജലമെടുക്കുന്നതിനുള്ള ജലവിഭവ വകുപ്പിന്റെ അനുമതി തുടങ്ങിയ മാനദണ്ഡങ്ങളാണ് കുപ്പിവെള്ള ഫാക്ടറികൾ തുടങ്ങുന്നതിന് നിഷ്കർഷിച്ചിട്ടുള്ളത്.

(സി & ഡി) ഇല്ല.

**നെടുമങ്ങാട് കേന്ദ്രീകരിച്ച് വ്യവസായ സ്ഥാപനം**

106 (3870) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രീകരിച്ച് ഒരു വ്യവസായ സ്ഥാപനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനം സ്ഥാപിക്കാനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ -സി) വ്യവസായ വകുപ്പിൽ നിവേദനം ലഭിച്ചതായി കാണുന്നില്ല.

**വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കാൻ നടപടി**

107 (3871) ശ്രീമതി ഇ.എസ്.ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായമേഖല പുനരുജ്ജീവിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നറിയിക്കുമോ;

(ബി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി, യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് സംരംഭകത്വ വികസന ക്ലബ്ബുകൾ, പുതിയ ആശയങ്ങളുമായി വരുന്ന സംരംഭകർക്ക് എല്ലാ സഹായങ്ങളും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവയും നടത്തിവരുന്നു.

(ബി) കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

(സി) സംസ്ഥാനത്തേയ്ക്ക് കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനായി കേരള ബിസിനസ് ടു ബിസിനസ് മീറ്റുകൾ, ആഗോള നിക്ഷേപകരുടെ സംഗമം, ബോധവത്കരണ ക്ലാസ്സുകൾ, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

**കെൽട്രോൺ ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

108(3872) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ ജീവനക്കാരുടെ ശമ്പളപരിഷ്കരണ ദീർഘകാല കരാർ 31-3-2012-ൽ അവസാനിച്ചതായും പുതുക്കിയ കരാർ സംബന്ധിച്ചുള്ള പ്രൊപ്പോസൽ വ്യവസായ വകുപ്പിൽ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച ഫയലിൽ (No.P.U-D2/4/2016-Fin(e-51355)/ IND-D3/1/2016-IND(e-49827) എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) കെൽട്രോൺ ജീവനക്കാരുടെ വേജ് റിവിഷൻ നടപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഇതു സംബന്ധിച്ച IND-D3/1/2015-IND നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ No.P.U-D2/4/2015-Fin നമ്പർ അനൗദ്യോഗിക കുറിപ്പിലെ നിർദ്ദേശപ്രകാരം കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കെൽട്രോണിലെ ഒഴിവുകൾ**

109 (*T3873) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ നിലവിലുള്ള നിരവധി ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.-ക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) കെൽട്രോണിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കെൽട്രോണിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി.യിലൂടെ നടത്തി നിയമനം സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെൽട്രോൺ നിലവിലുള്ള ഒഴിവുകളിൽ, കെ.പി.എസ്.സി. (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട്സ് സെർട്ടൻ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) ആക്ട് 1970 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ, സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരണത്തിനുശേഷം നിലവിൽ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട നാല് തസ്തികകളാണുള്ളത്. ഇവയിൽ 2013-14, 2014-2015 കാലഘട്ടങ്ങളിൽ മൂന്ന് തസ്തികകളിലേയ്ക്കുണ്ടായ 24 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2015-16, 2016-17 കാലഘട്ടങ്ങളിൽ ഉണ്ടായ ഒഴിവുകൾ സർക്കാർ അനുമതിപ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കെൽട്രോണിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| കാറ്റഗറി | 2013-14 | 2014-15 | 2015-16 | 2016-17 (upto February) |
|---|---|---|---|---|
| എക്സിക്യൂട്ടീവ് | 61 | 36 | 66 | 32 |
| സൂപ്പർവൈസറി | 21 | 50 | 1 | 0 |
| വർക്ക്മെൻ | 43 | 50 | 51 | 42 |
| ആകെ | 125 | 136 | 118 | 74 |

(സി) കെൽട്രോണിൽ നിലവിലുള്ള തസ്തികകളിൽ വർക്ക്മെൻ വിഭാഗത്തിൽപ്പെട്ട നാല് തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിലാണ്. സ്ഥാപനത്തിന് പ്രോജക്ടുകളുടെ നടത്തിപ്പിന് വേണ്ട സങ്കീർണ്ണമായ സാങ്കേതിക യോഗ്യതയും പ്രവൃത്തിപരിചയവും നേടിയ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് കാലതാമസം വരുമെന്നതിനാൽ എല്ലാ വിഭാഗത്തിൽപ്പെട്ട തസ്തികകളിലേയ്ക്കും പി.എസ്.സി. മുഖേന നിയമനം നടത്തുന്നത് പ്രായോഗികമായി കാണുന്നില്ല.

**കെൽട്രോണിലെ ശമ്പളപരിഷ്കരണം**

110 (*T3874) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിൽ 2012-ൽ നടക്കേണ്ട ശമ്പള പരിഷ്കരണം ഇതുവരെ നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ അടുത്ത ശമ്പള പരിഷ്കരണം എന്നത്തേക്ക് നടത്താനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) കെൽട്രോണിൽ രണ്ട് തരം ഡി.എ. സമ്പ്രദായം നിലവിലുള്ളതിനെ ഏകീകരിച്ച് ഒരു ഡി.എ. സമ്പ്രദായമായി മാറ്റുന്നതിന്റെ സാധ്യത പരിശോധിച്ച് പുനഃക്രമീകരണം നടത്തുമോ;

(സി) കെൽട്രോണിലെ ശമ്പളപരിഷ്കരണത്തിന് 5 വർഷ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെൽട്രോണിൽ 2012-ൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്കരണം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. മേൽപ്പറഞ്ഞ ശമ്പളപരിഷ്കരണം നടപ്പിലാകുന്ന മുറയ്ക്ക് അടുത്ത ശമ്പളപരിഷ്കരണത്തിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എക്സിക്യൂട്ടീവ്, സൂപ്പർവൈസറി വിഭാഗത്തിനും വർക്ക്മെൻ വിഭാഗത്തിനും രണ്ട് തരം ഡി.എ. സമ്പ്രദായം മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെന്നപോലെ കെൽട്രോണിലും പാലിക്കുന്നുണ്ട്. നിലവിലെ ഈ സമ്പ്രദായം ഏകീകരിച്ച് ഒരു ഡി.എ. സമ്പ്രദായമാക്കി മാറ്റുന്നത് സ്ഥാപനത്തിന് വിഘാതമാകുമെന്ന് കരുതുന്നു.

(സി) കെൽട്രോണിൽ 2012-ൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്കരണത്തിന്മേൽ നടപടി എടുക്കുമ്പോൾ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

**ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്**

111 (3875) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ റ്റി.സി.സി. (ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ്) ലിമിറ്റഡിന്റെ ഇന്നത്തെ സ്ഥിതിഗതികൾ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനം ഇന്നു നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) വൈദ്യുതി പ്രധാന അസംസ്കൃത വസ്തുവായ റ്റി.സി.സി.-ക്ക് ഓപ്പൺ ആക്സസിൽ വൈദ്യുതി വാങ്ങുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് സ്ഥാപനം നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) റ്റി.സി.സി.-യുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് ഇന്നത്തെ സംവിധാനം പര്യാപ്തമാണോ; എന്ത് മാറ്റമാണ് ലക്ഷ്യമിടുന്നത്;

(ഇ) വ്യവസായശാലയുടെ വളർച്ചയ്ക്കും ലാഭത്തിൽ പ്രവർത്തിക്കുന്നതിനുമായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി?

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് (റ്റി.സി.സി.എൽ.) ഈ സാമ്പത്തിക വർഷം ഫെബ്രുവരി മാസംവരെയുള്ള കണക്കുകൾ പ്രകാരം 4.58 കോടി രൂപയുടെ ലാഭം നേടിയിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉൽപ്പാദനശേഷി പ്രതിദിനം 125 ടണ്ണിൽനിന്ന് 350 ടണ്ണാക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള

പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കൊച്ചി റിഫൈനറിയുടെ അനുബന്ധമായി വരുന്ന പെട്രോകെമിക്കൽ വ്യവസായ ശൃംഖലയാണ് മുഖ്യ ഉപഭോക്താക്കൾ. ഇതോടൊപ്പം തന്നെ 10 കോടി രൂപ ചെലവിൽ HCL Synthesis Unit സ്ഥാപിക്കുന്നതിനായി 5 കോടി രൂപ അടുത്ത സാമ്പത്തികവർഷത്തെ (2017-18) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ടി.സി.സി.എൽ.-ന് ഓപ്പൺ അക്സസ് അടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നിവേദനം കൈകാര്യം ചെയ്യുന്ന ഫയൽ തീരുമാനമെടുക്കുന്നതിനായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയിലാണ്.

(ഡി) അതെ. ടി.സി.സി.എൽ.-ന്റെ ഉൽപ്പന്നങ്ങൾ വിപണനം നടത്താൻ സംവിധാനം പര്യാപ്തമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൻകിട വ്യവസായശാലകൾക്കുകൂടി നമ്മുടെ ഉൽപ്പന്നങ്ങൾ എത്തിച്ചുകൊണ്ട് ഈ മേഖലയിലെ വിപണന പങ്കാളിത്തം വർദ്ധിപ്പിക്കാൻ സാധിച്ചു.

(ഇ) നിലവിലെ വിപണന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൻകിട വ്യവസായശാലകളിൽ നിന്നുകൂടി ഓർഡർ ലഭിക്കുന്ന തരത്തിൽ വിപുലീകരിച്ചിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുന്നതിനായി Detailed Project Report-നുവേണ്ടി പരസ്യം ചെയ്തിട്ടുണ്ട്.

### ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം

112 (3876) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. കെ. ആൻസലൻ :

ശ്രീ. പി. ഉണ്ണി :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മുൻകാലങ്ങളിൽ വിവിധ സംരംഭങ്ങൾക്കായി ഏറ്റെടുക്കുകയും പ്രവർത്തനം ആരംഭിക്കാതിരിക്കുകയോ പ്രവർത്തനം നിലയ്ക്കുകയോ ചെയ്തിട്ടുമുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള സ്ഥലം തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വ്യവസായം ആരംഭിക്കുന്നതിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമിയോ കെട്ടിടങ്ങളോ ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളത്; നടപടിക്രമങ്ങൾ വേഗത്തിലും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എല്ലാ വ്യവസായ എസ്റ്റേറ്റുകളിലും എസ്റ്റേറ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ അനധികൃത കൈമാറ്റങ്ങൾ കണ്ടെത്തുന്നതിന് സർവ്വേ നടത്തുകയും ഇത്തരത്തിൽ കണ്ടെത്തിയ കേസുകളിൽ അർഹമായവ റഗുലറൈസ് ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വ്യവസായ മേഖലകളിലെ ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ വ്യവസായ വാണിജ്യ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും ഭൂമിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ കൃത്യമായി വെബ്സൈറ്റിൽ ഉൾക്കൊള്ളിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വ്യവസായം ആരംഭിക്കുന്നതിന് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഭൂമിയോ കെട്ടിടങ്ങളോ ലഭ്യമാക്കുന്നത് ഓരോ വർഷവും തയ്യാറാക്കുന്ന മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ്. വികസന പ്ലോട്ട്/വികസന ഏരിയകളിൽ ഓരോ വർഷവും ലഭിക്കുന്ന പ്രോജക്ട് പ്രൊപ്പോസലുകൾ ജില്ലാതല പ്രൊജക്ട് അപ്രൈസൽ കമ്മിറ്റി പരിഗണിക്കുന്നു. നിക്ഷേപം, സെയിൽസ് ടേണോവർ, സംരംഭകത്വം, തൊഴിലവസരം, സാങ്കേതിക വിദ്യ, വിദേശ വിനിമയ നേട്ടം, വൈദ്യുതി ലഭ്യത, പ്രോജക്ടിന്റെ സാധ്യത, സംരംഭകന്റെ സാമ്പത്തിക പശ്ചാത്തലം, പരിസ്ഥിതി ആഘാതം നിലനിൽക്കുന്ന പദ്ധതികളുടെ വികാസം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ വിലയിരുത്തി കമ്മിറ്റി മുൻഗണനാ പട്ടിക തയ്യാറാക്കുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന പട്ടികയുടെ കാലാവധി ഓരോ വർഷവും ജനുവരി 1-ന് ആരംഭിക്കുകയും ഡിസംബർ 31-ന് അവസാനിക്കുകയും ചെയ്യും. 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് സ്ഥലം അനുവദിക്കുന്നത്.

നടപടിക്രമങ്ങൾ ഇപ്പോൾ വേഗത്തിലും സുതാര്യവുമായാണ് നടക്കുന്നത്.

**വ്യവസായത്തിനുള്ള പബ്ലിക് സെക്ടർ യൂണിറ്റ്**

113(3877) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിൽ വ്യവസായത്തിനുള്ള പബ്ലിക് സെക്ടർ യൂണിറ്റ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലമ്പൂർ മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്നിവയുടെ സഹകരണത്തോടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി**

114(3878) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പൂട്ടിക്കിടന്ന എത്ര സ്പിന്നിംഗ് മില്ലുകളാണ് ഈ സർക്കാർ തുറന്ന് പ്രവർത്തിപ്പിച്ചത്; ഇനി എത്ര എണ്ണം പൂട്ടിക്കിടക്കുകയാണ്;

(സി) പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എത്ര തുകയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിൽ എത്ര തുക വിനിയോഗിച്ചു;

(ഡി) സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുനഃസംഘടനയിൽ കേന്ദ്ര സർക്കാരിന്റെ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) വില താരതമ്യപഠനത്തിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതുമൂലം പുനഃസംഘടനയിൽ എന്തെങ്കിലും പ്രതിസന്ധി നേരിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി കുടിശ്ശികയുടെ പേരിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതുമൂലം കഴിഞ്ഞ 5 മാസമായി (2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി പകുതി വരെ)

താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10-1-2017 തീയതിയിലുണ്ടായ യോഗ തീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കപ്പെട്ടു. മില്ലുകൾ 2017 ഫെബ്രുവരി 20, 22 തീയതികളിൽ വീണ്ടും പ്രവർത്തിച്ചുതുടങ്ങി.

കോർപ്പറേഷന്റെയും സഹകരണ മേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 1,850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായംകൊണ്ട് താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകളും പ്രവർത്തിച്ചുതുടങ്ങി.

(ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ വൈദ്യുതി കുടിശ്ശികയുടെ പേരിൽ താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്ന 5 സ്പിന്നിംഗ് മില്ലുകളും ടെക്സ്ഫെഡിന്റെ കീഴിലുള്ള കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലും സർക്കാരിന്റെ അടിയന്തരമായ ഇടപെടലിനെത്തുടർന്ന് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്പിന്നിംഗ് മില്ലുകളൊന്നും പൂട്ടിക്കിടക്കുന്നില്ല.

(സി) കോർപ്പറേഷന്റെയും സഹകരണ മേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 1,850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ പൂട്ടിക്കിടക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി അനുവദിച്ച 7.10 കോടി രൂപയിൽ 3.43 കോടി രൂപ വിനിയോഗിച്ചു.

(ഡി) ഉണ്ട്. പുനഃസംഘടിപ്പിച്ച കോട്ടൺ പർച്ചേസ് കമ്മിറ്റിയിൽ റിയാബ് സെക്രട്ടറി, ടെക്സ്ഫെഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, സീതാറാം ടെക്സ്റ്റൈൽസ്, മറ്റ് സഹകരണ സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ തുടങ്ങിയവർ അംഗങ്ങളാണ്. ഇതിന്റെ പുനഃസംഘടനയിൽ കേന്ദ്രസർക്കാരിന്റെ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്. സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖാന്തരം മില്ലുകൾക്കാവശ്യമായ വ്യത്യസ്തമായ തരത്തിലുള്ള കോട്ടൺ വാങ്ങുന്നത് ഇ-ടെണ്ടർ മുഖേനയാണ്. ഇ-ടെണ്ടർ സംവിധാനത്തിൽ ആവശ്യമായ ടെണ്ടറുകൾ വരുന്ന മുറയ്ക്ക് അതിന്റെ കമ്പോളവിലയുമായി താരതമ്യപ്പെടുത്തി, കുറഞ്ഞ വിലയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുമായി വിലപേശൽ നടത്തിയതിനുശേഷം മാത്രമാണ് ഓർഡർ

കൊടുക്കുന്നത്. അങ്ങനെ കുറയ്ക്കാൻ പറ്റാത്ത സാഹചര്യത്തിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സി.സി.ഐ.) ഇ-ടെൻഡറിൽ പങ്കെടുക്കുന്നില്ലെങ്കിലും അതാത് മില്ലുകൾക്ക് സി.സി.ഐ.-യുടെ ഇ-ഓക്ഷനിൽ പങ്കെടുത്ത് മാത്രമേ പഞ്ഞി വാങ്ങാൻ കഴിയുകയുള്ളൂ. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ലാബിൽ പഞ്ഞിയുടെ ഗുണമേന്മ ടെസ്റ്റ് ചെയ്യുകയും ആയതിന്റെ വ്യത്യാസമുണ്ടെങ്കിൽ അതിലും വിലകുറച്ചാണ് വാങ്ങുകയും ചെയ്യുന്നത്.

## മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളുടെ ഉൽപ്പാദനം

115(3879) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളായ വല, വലയുടെ ചരടുകൾ, കൊളുത്തുകൾ എന്നിവയുടെ ഉത്പാദനത്തിനായി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളായ വല, വലയുടെ ചരടുകൾ, കൊളുത്തുകൾ എന്നിവയുടെ ഉത്പാദനത്തിന് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന സ്വകാര്യ സംരംഭകർക്ക് വ്യവസായ വകുപ്പ് എല്ലാവിധ സഹായങ്ങളും നൽകുന്നതാണ്.

## അനധികൃത ധാതുമണൽ ഖനനം

116(3880) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ധാതുമണൽ ഖനനം തടയാൻ എന്തെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ നിയമങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അനധികൃതമായി ഉദ്ദേശം എത്ര ടൺ ധാതു മണൽ ഖനനം നടത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വില എത്രയാണെന്ന് അറിവുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) ധാതു മണൽ ഖനനവുമായി ബന്ധപ്പെട്ട് സർക്കാരിന് കഴിഞ്ഞ 5 വർഷത്തിൽ എത്ര കോടി രൂപയുടെ വരുമാനമാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്ത് ധാതു മണലിന്റെ നിക്ഷേപവും അതിന്റെ മൂല്യവും എത്രയാണ് എന്നുള്ളതിന്റെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ധാതുമണൽ മേജർ മിനറലിന്റെ ഇനത്തിൽ ഉൾപ്പെടുന്നതിനാൽ ആയതിന്റെ അനധികൃത ഖനനം തടയുന്നത് കേന്ദ്ര നിയമമായ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട് 1957, പ്രസ്തുത ആക്ടിന്റെ അടിസ്ഥാനത്തിൽ 2016-ൽ നിലവിൽവന്ന ദി ആറ്റോമിക് മിനറൽസ് കൺസഷൻ റൂൾസ് എന്നിവയെ അടിസ്ഥാനമാക്കിയാണ്.

(ബി) ഇല്ല.

(സി & ഡി) അനധികൃത ധാതുമണൽ ഖനനം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 19,95,13,489 രൂപ (പത്തൊമ്പത് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി പതിമൂന്നായിരത്തി നാന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം).

(എഫ്) കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ധാതുമണൽ നിക്ഷേപം കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്ത് കാണപ്പെടുന്ന നിക്ഷേപമാണ്. ടി മേഖലയിൽ 144 ദശലക്ഷം ടൺ ധാതുമണൽ നിക്ഷേപമുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളതാണ്. മൂല്യം തിട്ടപ്പെടുത്തിയിട്ടില്ല.

**കരമണലിൽനിന്നും ലോഹങ്ങൾ**

117(3881) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തീരപ്രദേശങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ലോകോത്തര നിലവാരമുള്ള കരമണലിൽനിന്നും ലോഹങ്ങൾ വേർതിരിച്ചെടുത്ത് വാണിജ്യാടിസ്ഥാനത്തിൽ വില്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നതായി വിശദീകരിക്കാമോ;

(ബി) ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ട് പരിസ്ഥിതി വകുപ്പിന്റെ ഏതെല്ലാം ഉത്തരവുകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അറ്റോമിക് മിനറൽ ഡയറക്ടറേറ്റ് സംസ്ഥാനത്തെ ധാതുമണലുകളെ കുറിച്ച് നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് ലഭ്യമാണോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ധാതുമണലിൽനിന്നും ടൈറ്റാനിയം, സിർക്കോണിയം എന്നിവ വേർതിരിച്ചെടുത്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഒരു ഇൻഡസ്ട്രിയൽ കോംപ്ലക്സ് സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും ഇതിലേയ്ക്കായി ഡോ. എം. പി. സുകുമാരൻ നായർ, ചെയർമാൻ പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (RIAB) ചെയർമാനായുള്ള ഒരു കമ്മിറ്റി 11-1-2017-ൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) 1986-ലെ കേന്ദ്ര എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2006-ലെ എൻവയോൺമെന്റ് ഇംപാക്ട് അസെസ്മെന്റ് (EIA) നോട്ടിഫിക്കേഷൻ പ്രകാരം ധാതുമണൽ ഖനനത്തിനായി പാരിസ്ഥിതികാനുമതി നേടേണ്ടതുണ്ട്. ധാതുമണൽ ഖനനം കോസ്റ്റൽ റഗുലേഷൻ സോണിൽപ്പെടുന്ന (CRZ) പ്രദേശങ്ങളിലാണ് നടക്കുന്നതെങ്കിലും ടി പ്രവൃത്തിയെ CRZ ക്ലിയറൻസ് നേടുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് കേരളത്തിൽ ബീച്ച് സാൻഡ് മിനറൽ നിക്ഷേപത്തെക്കുറിച്ച് പഠനം നടത്തിയിരുന്നു. എന്നാൽ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ ലൈസൻസ്**

118(3882) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കരിമണൽ ഖനനം നടത്തുന്ന കമ്പനികൾക്ക് ആറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ ലൈസൻസ് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര കമ്പനികൾക്ക് മേൽപ്പറഞ്ഞ ലൈസൻസ് ലഭ്യമായിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലൈസൻസ് ഇല്ലാത്ത ഏതെല്ലാം കമ്പനികൾ ധാതുഖനനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് കരിമണൽ കയറ്റുമതി നടത്തുമ്പോൾ മോണോസൈറ്റ് വേർതിരിച്ചെടുക്കാറുണ്ടോ; അതോ കരിമണൽ അങ്ങനെതന്നെയാണോ കയറ്റുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കരിമണൽ ഖനനത്തിന് അനുമതി സമ്പാദിച്ചിരിക്കുന്ന ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡിനും (IRE) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനും അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ ലൈസൻസുണ്ട്.

(സി) പ്രസ്തുത ലൈസൻസ് ഇല്ലാത്ത കമ്പനികളൊന്നും കരിമണൽ ഖനനത്തിൽ ഏർപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ് കരിമണൽ അങ്ങനെതന്നെ കയറ്റുമതി ചെയ്യുന്നില്ല.

**മോണോസൈറ്റ് ഖനനം**

119(3883) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 മുതൽ 2016-17 വരെയുള്ള കാലയളവിൽ കേരളത്തിൽ നിന്നും എത്ര ടൺ മോണസൈറ്റ് ഖനനം ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ ഖനനം ചെയ്തെടുത്ത മോണസൈറ്റിൻെറ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(സി) കേരളത്തിലെ കരിമണലിലടങ്ങിയിട്ടുള്ള മോണസൈറ്റ് നിക്ഷേപങ്ങളിൽ നിന്നുള്ള തോറിയം ഉപയോഗിച്ച് വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ കേന്ദ്രാനുമതിക്കായി നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) 2001-02 മുതൽ കേരളത്തിൽനിന്ന് മൊത്തം 442 MT മോണോസൈറ്റ് നീക്കം ചെയ്യുന്നതിന് മൂവ്മെന്റ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ കരിമണലിൽ അടങ്ങിയിട്ടുള്ള ഒരു ധാതുവാണ് മോണോസൈറ്റ്. IRE, KMML എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഖനനം ചെയ്തെടുത്ത കരിമണലിൽനിന്നും ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കൺ, മോണോസൈറ്റ്, ല്യൂക്കോക്സിൻ, സില്ലിമനൈറ്റ് എന്നീ ഹെവി മിനറൽസ് വേർതിരിച്ചെടുക്കുന്നുണ്ട്. എന്നാൽ മോണോസൈറ്റിന്റെ ആവശ്യകത കുറവായതിനാൽ IRE മാത്രം അവരുടെ ആവശ്യത്തിലേയ്ക്കായി 442 ടൺ മോണോസൈറ്റ് ശുദ്ധീകരിച്ചെടുത്ത് ഉപയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 2 സ്ഥാപനങ്ങളും അറ്റോമിക് എനർജി റഗുലേറ്ററി ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശുദ്ധീകരിക്കാത്ത മോണോസൈറ്റ് അടങ്ങുന്ന മണൽ (tailings) പ്രത്യേകം സ്റ്റോർ ചെയ്ത് വച്ചിട്ടുണ്ട്. ആയതിന്റെ അളവ് നിജപ്പെടുത്തിയിട്ടില്ല.

(ബി) 55,250 രൂപ (അമ്പത്തി അയ്യായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം).

(സി) തോറിയം ഉപയോഗിച്ച് ഊർജ്ജം ഉണ്ടാക്കുന്നതിനുള്ള പഠനങ്ങൾ കേന്ദ്രസർക്കാരിന്റെ കീഴിലുള്ള അറ്റോമിക് എനർജി വകുപ്പ് (DEA) ആണ് നടത്തിവരുന്നത്. പ്രസ്തുത മന്ത്രാലയത്തിന് കീഴിലുള്ള ഇന്ദിരാഗാന്ധി സെന്റർ ഫോർ അറ്റോമിക് റിസർച്ച് എന്ന സ്ഥാപനം പരീക്ഷണാടിസ്ഥാനത്തിൽ ഒരു പ്രോട്ടോടൈപ്പ് (Prototype) റിയാക്ടറിന് രൂപം കൊടുത്തിട്ടുള്ളതാണ്. തോറിയം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ**

120(3884) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കൈത്തറി സഹകരണ മേഖല പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇതിനകം ഹാന്റ്ലൂം ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും ഉല്പാദനത്തിൽ 2016-ൽ എന്ത് വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾ പുനഃസംഘടിപ്പിക്കാൻ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 12-ാം പദ്ധതിയിലെ എൻ.എച്ച്.ഡി.പി. ബ്ലോക്ക് ലെവൽ ക്ലസ്റ്ററുകളും അവ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തുകളും ചുവടെ ചേർത്തുകൊള്ളുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് ലെവൽ ക്ലസ്റ്ററിന്റെ പേര് | സ്ഥിതിചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി |
|---|---|---|
| 1 | പറവൂർ ക്ലസ്റ്റർ | നോർത്ത് പറവൂർ മുനിസിപ്പാലിറ്റി, എറണാകുളം |
| 2 | കൊല്ലയിൽ | പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം |
| 3 | കാഞ്ഞിരോട് | ഇടക്കാട് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ |
| 4 | കൂത്തുപറമ്പ് | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ |

ഹാൻടെക്സിന്റെ കീഴിൽ ഊരൂട്ടമ്പലം (നേമം ബ്ലോക്ക്) ചാത്തന്നൂർ (ഇത്തിക്കര ബ്ലോക്ക്), ചേന്ദമംഗലം (നോർത്ത് പറവൂർ ബ്ലോക്ക്), കുത്താമ്പുള്ളി (പഴയന്നൂർ ബ്ലോക്ക്), കോഴിക്കോട് (കോഴിക്കോട് ബ്ലോക്ക്) എന്നീ 5 ക്ലസ്റ്ററുകളാണ് പ്രവർത്തിച്ചുവരുന്നത്.

(സി) ഹാൻവീവ്, 2015-16-ൽ 862.05 ലക്ഷം രൂപയുടെയും 2016-17-ൽ 697.26 ലക്ഷം രൂപയുടെയും ഉൽപ്പാദനം നടത്തിയിട്ടുണ്ട്.

ഹാൻടെക്സ് 2015-16-ൽ 14,87,93,816.05 രൂപയുടെയും 2016-17-ൽ 13,59,88,183.15 രൂപയുടെയും സംഭരണം നടത്തിയിട്ടുണ്ട്.

**ടെക്സ്റ്റൈൽ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി**

121(3885) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പ്രതിസന്ധിക്ക് കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ ഇതിന് എത്ര മാത്രം കാരണമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അടഞ്ഞുകിടന്ന മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) മില്ലുകളുടെ പ്രവർത്തനത്തെപ്പറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയിലെ മാനേജ്മെന്റുകളെ കാര്യക്ഷമമാക്കിയും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 18-1-2017-ലെ ജി.ഒ.(സാധാ)നമ്പർ88/2017/വ്യവ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 3 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. കൂടാതെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 2017-18 ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ പ്രവർത്തന മൂലധനത്തിനായി പൊതുമേഖല സ്പിന്നിംഗ് മില്ലുകൾക്കും, സഹകരണ സ്പിന്നിംഗ് മില്ലുകൾക്കായി 51 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി പോളിസിയുടെ ദുരന്തഫലം, ആഭ്യന്തര ഉപയോഗം കണക്കിലെടുക്കാതെയുള്ള കോട്ടൺ കയറ്റുമതി, ബ്രാന്റ് വസ്തുക്കളുടെ അമിതമായ എക്സൈസ് തീരുവ, കേന്ദ്രസർക്കാരിന്റെ നോട്ട് അസാധുവാക്കൽ, ഭീമമായ വൈദ്യുതി ബിൽ കുടിശ്ശികയും ഇതര സ്റ്റാറ്റ്യൂട്ടറി ഡ്യൂസുകളും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം കോട്ടൺ വാങ്ങാൻ സാധിക്കാതെ വരിക, മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റ്, കുറഞ്ഞ ലേബർ പ്രൊഡക്റ്റിവിറ്റി, കുറഞ്ഞ മെഷീൻ പ്രൊഡക്റ്റിവിറ്റി എന്നിവയാണ് സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രധാന കാരണങ്ങൾ. മില്ലുകളിലെ മെഷീനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം

ഉൽപ്പാദനക്ഷമത കുറയുകയും ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാതെയും വരുന്നു. തന്മൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കുന്നില്ല. കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക ചെലവായി വരുന്നുണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ നയങ്ങളും പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്:

1. 2011 വർഷത്തിന്റെ ആദ്യത്തിൽ കേന്ദ്രസർക്കാർ പരുത്തി കയറ്റുമതി ചെയ്യുവാൻ കൈക്കൊണ്ട തീരുമാനംമൂലം ആഭ്യന്തര മാർക്കറ്റിൽ പരുത്തിയുടെ ലഭ്യത കൃത്രിമമായി കുറഞ്ഞത് പരുത്തി വില ഉയരുവാൻ ഇടയാക്കി.

2. കൂടാതെ കേന്ദ്രസർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയത്തിന്റെ ഭാഗമായി കോട്ടൺ നൂൽ കയറ്റുമതിക്ക് നിരോധനം കൊണ്ടുവന്നതുവഴി ആഭ്യന്തര മാർക്കറ്റിൽ കോട്ടൺ നൂൽ കുത്തനെ ഇടിഞ്ഞതുമൂലം ടെക്സ്റ്റൈൽ വ്യവസായത്തിനുണ്ടായ വലിയ തോതിലുള്ള പ്രതിസന്ധി മില്ലുകളെയും ബാധിച്ചു.

3. മുദ്രിത റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയത്.

4. ബംഗ്ലാദേശ് പോലുള്ള രാജ്യങ്ങളുമായി ഫ്രീട്രേഡ് എഗ്രിമെന്റ് നടപ്പാക്കിയത്.

5. പരുത്തിയുടെ അസന്തുലിതമായ കയറ്റുമതി.

(ഡി) വൈദ്യുതി കുടിശ്ശികയുടെ പേരിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതുമൂലം കഴിഞ്ഞ 5 മാസമായി (2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി പകുതി വരെ) താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10-1-2017 തീയതിയിലുണ്ടായ യോഗ തീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കപ്പെട്ടു. മില്ലുകൾ 2017 ഫെബ്രുവരി 20, 22 തീയതികളിൽ വീണ്ടും പ്രവർത്തിച്ചുതുടങ്ങി. കോർപ്പറേഷന്റെയും സഹകരണ മേഖലകളിലെയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകൾ പ്രവർത്തിച്ചുതുടങ്ങുന്നതിനുമായി 1,850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായംകൊണ്ട് താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ച 7 യൂണിറ്റുകളും പ്രവർത്തിച്ചുതുടങ്ങി.

(ഇ) ഉണ്ട്.

(എഫ്) 18-1-2017-ലെ ജി.ഒ.(സാധാ)നമ്പർ88/2017/വ്യവ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി 7 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി 3 മാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിന് (ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും) നടപടികൾ സ്വീകരിക്കുന്നതാണ്.

## ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ യൂണിറ്റുകൾ

122(3886) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ഏതെല്ലാം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എവിടെയെല്ലാം ഖാദി ബോർഡിന് സ്വന്തമായി സ്ഥലമുണ്ടെന്നും എന്നും അറിയിക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ പരിയാരത്ത് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അനുയോജ്യമായ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ കനകമലയിൽ ഒരു നൂൽ നൂൽപ്പ് നെയ്ത്ത് കേന്ദ്രവും പേരാമ്പ്രയിൽ ഒരു നൂൽപ്പ് കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇതല്ലാതെ മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ സ്വന്തമായി സ്ഥലങ്ങളൊന്നും തന്നെയില്ല.

(ബി) ചാലക്കുടി മണ്ഡലത്തിൽ പരിയാരത്ത് പരിയാരം ഖാദി പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി CIND(R)99 എന്നൊരു സ്ഥാപനം ഉണ്ടായിരുന്നു. ആയത് ഇപ്പോൾ സമാപ്തീകരണം കഴിഞ്ഞ് ഖാദി ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുന്നു. ആയതിനുശേഷം മാത്രമേ ഉൽപ്പാദന-വിപണന യൂണിറ്റുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം**

123(3887) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇടയ്ക്കോട്ട് പ്രദേശത്ത് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഭൂമിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥയും ഭൂമിയുടെ വിസ്തീർണ്ണവും വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ ഖാദിബോർഡിന്റെ ഒരു വ്യവസായ യൂണിറ്റ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഉടമസ്ഥതയിലും കൈവശത്തിലും പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഇടയ്ക്കോട്ട് പ്രദേശത്ത് ഭൂമിയില്ല.

(ബി) ബാധകമല്ല.

**പൂട്ടിക്കിടക്കുന്ന ചെറുകിട ഖാദി വ്യവസായ യൂണിറ്റുകൾ**

124(3888) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂട്ടിക്കിടക്കുന്ന ചെറുകിട ഖാദി വ്യവസായ യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. പ്രവർത്തനരഹിതമായ ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തന സാധ്യമായവ തുറന്ന് പ്രവർത്തിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം**

125(3889) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച,ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ എവിടെയെല്ലാം കളിസ്ഥലങ്ങൾ വികസിപ്പിക്കാൻ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്ന ഏതെങ്കിലും കളിസ്ഥലം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ പുല്ലൂരാംപാറ, തിരുവമ്പാടി, നടുവണ്ണൂർ, വോളിബോൾ അക്കാദമി എന്നിവിടങ്ങളിലെ കളിസ്ഥലങ്ങൾ വികസിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ വികസനത്തിന് 5 കോടി രൂപയുടെ ഭരണാനുമതി ഇതിനകം നൽകിക്കഴിയുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) ഇല്ല. പരിശോധിക്കാവുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

126(3890) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ നിലവിൽ മാവേലിക്കര മണ്ഡലത്തിലെ പഞ്ചായത്തുകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

**ദേശീയ ഗെയിംസിന്റെ സ്റ്റേഡിയം സംരക്ഷിക്കാൻ നടപടി**

127(3891) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ ഗെയിംസിന്റെ സ്റ്റേഡിയങ്ങൾ സംരക്ഷിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ സംരക്ഷിച്ച് കായിക പ്രതിഭകൾക്ക് സ്ഥിരമായി പരിശീലനത്തിന് സൗകര്യം ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേശീയ ഗെയിംസിനായി തയ്യാറാക്കിയ സ്റ്റേഡിയങ്ങളുടെ സംരക്ഷണത്തിനായി 2016-17 വർഷത്തെ ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കായിക വകുപ്പിനോട് യോജിപ്പിക്കുകയുണ്ടായ നാഷണൽ ഗെയിംസിന്റെ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തരമാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ സംരക്ഷിച്ച് കായിക പ്രതിഭകൾക്ക് സ്ഥിര പരിശീലനത്തിന് സൗകര്യപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട സ്റ്റേഡിയങ്ങൾ**

128(3892) ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടന്ന ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട സ്റ്റേഡിയങ്ങളും പരിശീലന കേന്ദ്രങ്ങളും സംസ്ഥാനത്തെ കായിക മേഖലയ്ക്ക് എത്ര മാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച കോർട്ടുകളും സ്റ്റേഡിയങ്ങളും കായിക താരങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത വിധം സംസ്ഥാന പോലീസ് ഉൾപ്പെടെ ചില വകുപ്പുകൾ സ്വന്തമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സംസ്ഥാനത്തിന്റെ കായിക മേഖലയുടെ ഉന്നമനത്തിനായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഗെയിംസ് വില്ലേജിനായി പ്രീ ഫാബ് സാങ്കേതികവിദ്യയിൽ നിർമ്മിച്ച കെട്ടിടങ്ങൾ ആവശ്യത്തിനുശേഷം എപ്രകാരം വിനിയോഗിച്ചെന്ന് അറിയിക്കാമോ;

(ഡി) ദേശീയ ഗെയിംസ് നടത്തിപ്പിലെയും ഉപകരണങ്ങൾ വാങ്ങിയതിലെയും അഴിമതിയെക്കുറിച്ച് എ.ജി. ഓഡിറ്റിലെ പരാമർശവും ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും അറിയിക്കാമോ; വകുപ്പ് തലത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 35-ാമത് ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട സ്റ്റേഡിയങ്ങളും പരിശീലന കേന്ദ്രങ്ങളും സംസ്ഥാനത്തെ കായിക മേഖലയ്ക്ക് കായിക കേരളത്തിന്റെ വളർച്ചയ്ക്ക് ഉണർവ്വേകാൻ സഹായിച്ചിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ.-മാർ അടക്കമുള്ള ജനപ്രതിനിധികൾ എന്നിവരിൽനിന്നും പുതിയ കളിസ്ഥലങ്ങൾക്ക് വേണ്ടി ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളുടെ വർദ്ധിച്ച എണ്ണം തന്നെ ദേശീയ ഗെയിംസിനുശേഷം കായിക മേഖലയ്ക്ക് വന്നിട്ടുള്ള പ്രാധാന്യത്തിന്റെ തെളിവാണ്.

(ബി) കഴിഞ്ഞ ദേശീയ ഗെയിംസിന് നിർമ്മിച്ച സ്റ്റേഡിയങ്ങളിൽ തിരുവനന്തപുരത്തുള്ള സ്ക്വാഷ് കോർട്ടിന്റെ സംരക്ഷണ ചുമതല 24-2-2015-ലെ സ.ഉ.(കൈ)നമ്പർ 09/15/കാ.യു.വ., 23-6-2015-ലെ സ.ഉ.(കൈ)23/15/കാ.യു.വ. എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന പോലീസ് വകുപ്പിന് എൽപ്പിച്ചിട്ടുണ്ട്.

(സി) വിവിധ സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് അസോസിയേഷനുകൾ, സ്പോർട്സ് സ്കൂളുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിലകൂടാതെ പ്രീഫാബ് കെട്ടിടങ്ങൾ പൊളിച്ചുകൊണ്ടുപോയി തങ്ങളുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കുറച്ച് സ്ഥാപനങ്ങൾ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുകൊണ്ടുപോയിട്ടില്ല. 100 പ്രീഫാബ് കെട്ടിടങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് നൽകാൻ തീരുമാനിക്കുകയും അപ്രകാരം നിലനിർത്തിയും പോരുന്നു.

(ഡി) അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും ആഡിറ്റ് പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിൽ അഴിമതി നടന്നതായി പ്രത്യേകമായ പരാമർശങ്ങളൊന്നുമില്ല. നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച പരാമർശങ്ങളിൽ വ്യക്തവും തൃപ്തികരവുമായ മറുപടി അക്കൗണ്ടന്റ് ജനറലിനും സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനും സമർപ്പിച്ചിട്ടുണ്ട്.

35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും വരവുചെലവ് കണക്കുകളും അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും വിശദമായ പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടക്കുന്നില്ല.

**കായിക കേരളത്തിന്റെ വളർച്ചയ്ക്ക് സംവിധാനം**

129(3893) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറസായ സ്ഥലങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കളിസ്ഥലങ്ങൾക്കായി ഭൂമി നിലനിർത്തുവാൻ എന്തെങ്കിലും സംവിധാനം കൊണ്ടുവരുമോ;

(ബി) ഗ്രാമ - നഗരസഭകൾക്ക് വാർഷിക പദ്ധതിയിൽ കളിസ്ഥലങ്ങൾക്കായി ഭൂമി വാങ്ങുന്നതിന് പ്രത്യേക ഫണ്ട് നീക്കിവയ്ക്കുമോ;

(സി) കളിസ്ഥലങ്ങൾ സംബന്ധിച്ച് കൃത്യമായ ഡാറ്റാബാങ്ക് കായിക വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ കായികാടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പ് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്ററുമായി ചേർന്ന് ഒരു ജിയോസ്പെഷ്യൽ ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കുന്നുണ്ട്.

**എല്ലാ പഞ്ചായത്തുകളിലും കളിക്കളം**

130(3894) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും കളിക്കളം സ്ഥാപിക്കുന്ന പദ്ധതി പ്രകാരം എത്ര മിനി സ്റ്റേഡിയങ്ങളുടെ പണി പൂർത്തീകരിച്ചു;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും എന്ത് തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ പദ്ധതിപ്രകാരം 18 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേഡിയങ്ങളുടെ പണി പൂർത്തിയായിട്ടില്ല.

(ബി) നടപ്പുസാമ്പത്തിക വർഷം KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി കായികാടിസ്ഥാന സൗകര്യ വികസനത്തിനായി 450 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ കുട്ടികൾക്ക് നീന്തൽ പഠിക്കുന്നതിനുള്ള സംവിധാനം

131(3895) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിലെ കുട്ടികൾക്ക് നീന്തൽ പഠിക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം ലഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) കായിക യുവജനകാര്യാലയം മുഖേന സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി സ്വിം ആന്റ് സർവൈവ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിലെ 11 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ വീഴ്ചവരുത്തിയ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## നെന്മാറ മണ്ഡലത്തിൽ കളിസ്ഥലം

132(3896) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും കളിസ്ഥലം തുടങ്ങുന്നതിനുള്ള പദ്ധതിയിൽ നെന്മാറ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ തെരെഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും കളിസ്ഥലം തുടങ്ങുന്നതിനുള്ള പദ്ധതിയിൽ നെന്മാറ മണ്ഡലത്തിലെ പഞ്ചായത്തുകളെയൊന്നും നിലവിൽ തെരഞ്ഞെടുത്തിട്ടില്ല.

## കായികനയം നടപ്പിലാക്കുന്നതിന് പദ്ധതി

133(3897) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികനയം നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കായിക പ്രതിഭകളെ ചെറുപ്രായത്തിലെ കണ്ടെത്തി പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ;

(സി) കേരളത്തിൽ ഫുട്ബോൾ അക്കാഡമി സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ;

(ഡി) കായികപ്രതിഭകളെ കണ്ടെത്തുന്നതിന് ഗ്രാമീണതലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കായികനയം നിലവിലുണ്ട്. പുതുതായി സമഗ്രമായ ഒരു കായികനയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായിക പ്രതിഭകളെ കണ്ടെത്തി സമഗ്ര പരിശീലനം ലഭ്യമാക്കുക എന്നത് പുതിയ നയത്തിന്റെ ഭാഗമാണ്.

(ബി) ചെറുപ്രായത്തിലുള്ള കുട്ടികളുടെ പരിശീലനത്തിനായി 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ തലത്തിൽ ഏഴാം ക്ലാസുമുതൽ സ്പോർട്സ് ഹോസ്റ്റൽ സംവിധാനം നിലവിലുണ്ട്. ചെറുപ്രായത്തിലുള്ള കുട്ടികൾക്കായി സമ്മർ കോച്ചിംഗ് ക്യാമ്പുകൾ നടത്തിവരുന്നു. ജില്ലകളിൽ റൂറൽ ട്രെയിനിംഗ് സെന്ററുകളിലൂടെയും കുട്ടികൾക്ക് പരിശീലന സൗകര്യം ലഭ്യമാക്കുന്നുണ്ട്.

(സി) ഫുട്ബോൾ അക്കാദമി സ്ഥാപിച്ചിട്ടില്ല. എന്നാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ ഫുട്ബോൾ കായിക ഇനത്തിലും പരിശീലനം നൽകിവരുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളായ രാജീവ് ഗാന്ധി ഖേൽ അഭിയാൻ (RGKA) അർബൻ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ സ്കീം (USIS) നാഷണൽ സ്പോർട്സ് ടാലന്റ് സ്കീം (NSTS) എന്നീ പദ്ധതികൾ ഏകോപിപ്പിച്ച് ഖേലോ ഇൻഡ്യ-നാഷണൽ പ്രോഗ്രാം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പോർട്സ് പദ്ധതി നിലവിലുണ്ട്.

ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് തങ്ങളുടെ കലാ കായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം സംഘടിപ്പിച്ചുവരുന്നു.

കൂടാതെ ഗ്രാമീണതലത്തിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

## പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

134(3898) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ ജിമ്മിജോർജ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നും നിർമ്മാണം പൂർത്തീകരിക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനുവേണ്ടി 2.58 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് ടെണ്ടർ ക്ഷണിച്ചതിൻപ്രകാരം 1.75 കോടി രൂപയുടെ ടെണ്ടർ അംഗീകരിച്ച് ഒരു ഫുട്ബോൾ ടർഫ് ചെയ്ഞ്ച് റൂം, ടർഫ് നനയ്ക്കുന്നതിനുള്ള ഒരു ഇറിഗേഷൻ സ്പ്രിംഗ്ലർ സിസ്റ്റം സർഫസ് ഡ്രെയിനേജ്, 8 ലൈൻ എർത്തേൺ ട്രാക്ക്, ടോയ്ലറ്റ് ബ്ലോക്ക്, ചെയിൻ ലിങ്ക് ഫെൻസിങ്, പ്രൊട്ടക്ഷൻ വാൾ, ഇലക്ട്രിക്കൽ ജോലികൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ ഫുട്ബോൾ അക്കാദമി

135(3899) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ത്യക്കുതന്നെ മാതൃകയാകുന്ന തരത്തിൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് സർക്കാർ നിയന്ത്രണത്തിൽ ഒരു ഫുട്ബോൾ അക്കാദമി ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## സ്പോർട്സ് ആന്റ് ഗെയിംസ് അസോസിയേഷനുകൾ

136(3900) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നിലവിൽ എത്ര അംഗീകൃത സ്പോർട്സ് & ഗെയിംസ് അസോസിയേഷനുകളുണ്ട്; ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഈ അസോസിയേഷനുകളിൽ ഏറ്റവും കൂടുതൽ നേട്ടം മത്സരങ്ങളിൽ കൈവരിക്കുന്ന അസോസിയേഷൻ ഏതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരള വോളിബോളിന്റെ പുരുഷ, വനിതാ യൂണിയൻ ടീമുകളുടെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) റാങ്കിംഗിൽ കേരള പുരുഷ, വനിതാ വോളിബാൾ ടീമുകൾ ഇന്ത്യയിൽ ഒന്നാമതാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഇക്കൊല്ലം നടന്ന ആൾ ഇൻഡ്യാ സീനിയർ വോളിബാൾ ചാമ്പ്യൻഷിപ്പിൽ മികച്ച നേട്ടം കൈവരിച്ച പുരുഷ (1-ാം സ്ഥാനം), വനിത (2-ാം സ്ഥാനം) കേരള വോളിബോൾ താരങ്ങൾക്ക്മുമ്പ് ക്യാഷ് അവാർഡ് കൊടുത്തിട്ടുള്ള (25000 രൂപ) പ്രകാരം, ഇക്കൊല്ലം നേട്ടംകൈവരിച്ച പുരുഷ, വനിതാ ടീമുകൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നിലവിൽ 42 അസോസിയേഷനുകൾക്ക് അംഗീകാരമുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*)

(ബി) കേരള സ്റ്റേറ്റ് അത്‌ലറ്റിക്സ് അസോസിയേഷൻ 2016-17-ൽ അത്‌ലറ്റിക്സ് അസോസിയേഷൻ വിവിധ മത്സരങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. National Youth Meet (Overall Championship+Girls Section overall)
2. Federation Cup Junior (Overall Championship + Girls Section overall)
3. Senior National Meet (Overall Championship + Women section overall+Men Section overall)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. South Zone Jr. Meet (Overall Championship+Girls Section overall, Boys section overall)
5. Jr. National Meet (Overall Championship +Girls section overall)
6. 13th National Youth Championship -(6 Gold medals, 7 Silver medals, 8 Bronze medals)
7. 14th Federation Cup National Junior Championship-(6 Gold medals, 9 Silver medals, 6 Bronze Medals)
8. 20th Federation Cup National Senior (Championship – (7 Gold medals, 7 Silver medals, 8 Bronze medals)
9. 56th National Open Senior Championship – (3 Gold Medals, 3 Silver medals, 4 Bronze medals)
10. 56th National Inter State Senior Championship – (8 Gold Medals, 11 Silver medals, 6 Bronze medals)
11. 28th South Zone Junior Championship – (49 Gold medals, 39 Silver Medals, 23 Bronze medals)
12. 14th National Inter District Junior Athletics Meet (5 Silver medals, 2 Bronze medals)
13. 32nd National Junior Championship – (18 Gold Medals, 18 Silver Medals, 23 Bronze Medals)
14. 51st National Cross Country Championship – (1 Silver Medal)

അന്തർദ്ദേശീയ മത്സരങ്ങളിൽ അത്‌ലറ്റിക്സ് കായികതാരങ്ങൾ കൈവരിച്ച നേട്ടം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ പുരുഷ/വനിത ടീമുകൾക്ക് കഴിഞ്ഞ മൂന്നുവർഷമായി ലഭിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | പുരുഷന്മാർ | വനിതകൾ |
|---|---|---|---|
| 1 | 2014-15 | രണ്ടാം സ്ഥാനം | ഒന്നാം സ്ഥാനം |
| 2 | 2015-16 | രണ്ടാം സ്ഥാനം | ഒന്നാം സ്ഥാനം |
| 3 | 2016-17 | ഒന്നാം സ്ഥാനം | ഒന്നാം സ്ഥാനം |

(ഡി) ഉണ്ട്. 2016-17 വർഷം ദേശീയ സീനിയർതല മത്സരങ്ങളിൽ പുരുഷ/ വനിത വോളിബോൾ ടീമുകൾ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.

(ഇ) ദേശീയ-അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ വിജയികളാകുന്ന കായികതാരങ്ങൾക്ക് 4-6-2007-ലെ സർക്കാർ ഉത്തരവുപ്രകാരം അർഹമായ ക്യാഷ് അവാർഡ് നൽകാൻ വ്യവസ്ഥയുണ്ട്. ആയതുപ്രകാരം അർഹമായ ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സ്പോർട്സ് ക്വാട്ട വഴി കായികതാരങ്ങൾക്ക് നിയമനം**

137(3901) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പോർട്സ് ക്വാട്ട വഴി എത്ര കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്തു കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ട വഴി ഇതുവരെ നിയമനം നൽകിയില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചവർക്ക് എന്ന് നിയമനം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2006-2008, 2008-09 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 108 കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടവഴി നിയമനം നൽകിയിട്ടുണ്ട്.

(ബി & സി) 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടവഴി നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സ്പോർട്സ് വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

138(3902) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വികസനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പതിനാല് ജില്ലകളിലും മൾട്ടിപ്പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം എത്ര സ്റ്റേഡിയങ്ങളുടെ പണി പൂർത്തിയാക്കി;

(സി) പ്രസ്തുത പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2020-2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ്, കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിന്റെ കായികരംഗം മികവുറ്റതാക്കുന്നതിന് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ രൂപീകരിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി കായികക്ഷമത മിഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സ്റ്റേഡിയം വികസനത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 5 കോടി രൂപ നിരക്കിൽ 23 പഞ്ചായത്തുകളും 10 കോടി നിരക്കിൽ 2 പഞ്ചായത്തുകളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ആകെ 135 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ഇതിൽനിന്നും തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി കായിക വകുപ്പിന് 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) ഒരു സ്റ്റേഡിയത്തിന്റെയും പണി പൂർത്തിയായിട്ടില്ല. 14 ജില്ലകളിലും മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം 6 ജില്ലകളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും 4 ജില്ലകളിലെ സ്റ്റേഡിയം നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) മേൽപ്പറഞ്ഞ പദ്ധതികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സ്റ്റേഡിയങ്ങൾ**

139(3903) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോകമണ്ഡലത്തിൽ കൊട്ടാരക്കര ബോയ്സ് ഹയർസെക്കന്ററി സ്കൂൾ ഗ്രൗണ്ട് സ്റ്റേഡിയമാക്കി മാറ്റുന്നതിനുള്ള കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിലെ മൈലം പഞ്ചായത്ത് ഉപാധിരഹിതമായി വിട്ടുനൽകിയ സ്ഥലത്ത് മൾട്ടിപർപ്പസ് സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സ്പോർട്സ് ഡയറക്ടറേറ്റിൽ ഉള്ള എസ്റ്റിമേറ്റിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര ബോയ്സ് ഹയർസെക്കന്ററി സ്കൂൾ ഗ്രൗണ്ട് സ്റ്റേഡിയമാക്കി മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) മൈലം ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് മൾട്ടിപ്പർപ്പസ് സിന്തറ്റിക് സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

**യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾ**

140(3904) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനുതകുന്ന വിവിധ പരിശീലന പരിപാടികൾ നടത്തുന്നതിനും അവരെ തൊഴിൽ സന്നദ്ധരാക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രസ്തുത കമ്മിഷൻ ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(സി) ആപത്കരമാംവിധം സമൂഹത്തെ ബാധിച്ചിരിക്കുന്ന വർഗ്ഗീയതയെ തടയുന്നതിന് 'നമുക്ക് ജാതിയില്ല വിളംബര'ത്തിന്റെ ഭാഗമായി കൂടുതൽ ബോധവത്ക്കരണ പരിപാടികൾ യുവജന കമ്മീഷൻ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത കമ്മീഷൻ നടത്തുന്ന ജോബ് പോർട്ടൽ കൂടുതൽ ശക്തിപ്പെടുത്താനും വിവിധ തൊഴിൽ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് തൊഴിൽ മേളകൾ സംഘടിപ്പിക്കാനും പദ്ധതിയുണ്ടോ;

(ഇ) സ്ത്രീകളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് യുവജന കമ്മീഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) യുവജനങ്ങളുടെ ഇടയിൽ മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ ഭീതിജനകമായ രീതിയിൽ ഉയരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

(ബി) യുവജനങ്ങളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പരിശീലന പരിപാടികൾ, സെമിനാർ സിമ്പോസിയം, ശിൽപ്പശാലകൾ മുതലായവ കമ്മീഷൻ നടത്തിവരുന്നുണ്ട്. ആയത് തുടർന്നും വിപുലമായി നടത്തുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുന്നു.

(സി) "നമുക്ക് ജാതിയില്ലാ വിളംബര"ത്തിന്റെ ഭാഗമായി കൂടുതൽ ബോധവത്കരണ പരിപാടികൾ തുടർന്നുള്ള വർഷങ്ങളിൽ നടപ്പിലാക്കുന്നതിന് കമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കമ്മീഷൻ നടത്തുന്ന ജോബ് പോർട്ടൽ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വിവിധ മേഖലകളിൽ നൈപുണ്യം നേടിയവരെയും തൊഴിൽ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ച് ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ഇ) സ്ത്രീകളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി സെമിനാറുകൾ/ ശിൽപ്പശാലകൾ, തൊഴിൽ പരിശീലന പരിപാടികൾ മുതലായവ കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(എഫ്) യുവാക്കളുടെ ഇടയിൽ മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന് കോളേജ് തലത്തിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലുമായി തെരഞ്ഞെടുക്കപ്പെടുന്ന 5 സന്നദ്ധപ്രവർത്തകരെ വീതം ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും വിപുലമായ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ യുവജനങ്ങളെ സാരമായി ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. മാത്രമല്ല, കമ്മീഷൻ മുമ്പാകെ ലഭിക്കുന്ന യുവജനങ്ങളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ ഉൾപ്പെട്ട പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ശേഖരിച്ച് അദാലത്ത് മുഖേന തീർപ്പുകൽപ്പിക്കുന്നുമുണ്ട്.

**കേരളോത്സവം**

141(3905) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിനു കീഴിൽ നടന്നുവരുന്ന കേരളോത്സവം പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരളോത്സവം തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നതിനാൽ നേരിടുന്ന കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരളോത്സവ നടത്തിപ്പിന് കൃത്യമായ കലണ്ടർ പ്രസിദ്ധീകരിച്ച് കാര്യക്ഷമമായ നടത്തിപ്പിന് പ്രത്യേക തീരുമാനം ഉണ്ടാകുമോ;

(ഡി) യൂത്ത് ക്ലബുകളുടെ സജീവതയില്ലായ്മ പരിഹരിക്കുവാനും വില്ലേജ് തലത്തിൽ യൂത്ത് ക്ലബുകൾ രൂപീകരിച്ച് താലൂക്ക്-ജില്ലാ-സംസ്ഥാന സംവിധാനങ്ങൾ കൊണ്ടുവരുവാനും നടപടി ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ-സി) കേരളോത്സവം സംബന്ധിച്ച് കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനായി ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് 7-2-2017-ൽ കൂടിയ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്.

(ഡി) ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും പുതിയ യൂത്ത് ക്ലബ്ബുകളെക്കൂടി ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭാതലത്തിൽ ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**യുവജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ**

142(3906) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി യുവജനക്ഷേമ ബോർഡ് ആവിഷ്കരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

1. ബോർഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

2. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുകയും പുതിയ യൂത്ത് ക്ലബ്ബുകൾ ബോർഡിൽ അഫിലിയേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

3. കേരളോത്സവം പോലുള്ള ബോർഡിന്റെ പ്രധാന പരിപാടികളിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക

4. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമപ്രദേശങ്ങളിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക.

5. മാലിന്യ വിമുക്ത കേരളം എന്ന ആശയത്തിൽ അധിഷ്ഠിതമായി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക

6. ഹരിത കേരളത്തിന് മുൻതൂക്കം നൽകി കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലേയും യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

7. യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽദായകരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക.

കൂടാതെ യുവജനങ്ങൾക്ക് തൊഴിലവസരം സംബന്ധിച്ച സമഗ്ര വിവരം നൽകുന്നതിനും തൊഴിലന്വേഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും യുവജനങ്ങളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുമായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും തൊഴിലിനുവേണ്ട മികവും കഴിവും നേടുന്നതിനായി യുവജനങ്ങളെ ശാക്തീകരിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ "ജോബ് പോർട്ടൽ" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ഉപയോഗം**

143(3907) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ഉപയോഗം തടയുന്നതിന് യുവജനകാര്യ വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികൾ/ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇതിലേക്കായി എന്തെല്ലാം നടപടികൾ ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ഉപയോഗം തടയുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷൻ കോളേജുകളിലും പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളിലും കമ്മീഷൻ അംഗങ്ങളുടെ നേതൃത്വത്തിലും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകർ മുഖേനയും വിപുലമായ രീതിയിൽ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, കേരള സംസ്ഥാന യൂത്ത് കമ്മീഷനുമായി സഹകരിച്ച് "ക്ലീൻ കാമ്പസ് - സേഫ് കാമ്പസ് " എന്ന ക്യാമ്പയിൻ 2014-15 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുകൂടാതെ, വിവിധ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനായി യൂത്ത് ക്ലബ്ബുകൾക്ക് ബോർഡ് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(ബി) സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗംമൂലമുള്ള ദൂഷ്യഫലങ്ങളെക്കുറിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിനായി സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ജില്ലാടിസ്ഥാനത്തിൽ ക്ലാസ്സുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കാൻ യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. ബോധവത്കരണ പരിപാടികൾ ഭാവിയിലും വിപുലമായ രീതിയിൽ തുടരാനുദ്ദേശിക്കുന്നു.

**കെ.എസ്.ഇ.ബി.എൽ.-ൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക**

144(3908) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ സബ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികകളുടെ എണ്ണം എത്രയെന്ന് ഓരോ വിഭാഗത്തിനുമുള്ള ക്വാട്ട ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ടി തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ (ക്വാട്ട തിരിച്ച്) എത്ര;

(സി) 1-1-2016 മുതൽ നാളിതുവരെ എത്ര പേർക്ക് സബ് എഞ്ചിനീയർ ട്രെയിനി ആയി നിയമനം ലഭിച്ചു; ഇതിൽ പി.എസ്.സി. മുഖാന്തരം നിയമനം ലഭിച്ചവർ, ഇൻസർവ്വീസ് ക്വാട്ട, പ്രൊമോഷൻ ക്വാട്ട, ആശ്രിത നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഇവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2003-ലും 2006-ലും ഇൻസർവ്വീസ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലെ അനുവദനീയ എണ്ണം - 3492

30% കെ.പി.എസ്.സി. വഴി നിയമിക്കേണ്ടത് - 1010

10% ബൈട്രാൻസ്ഫർ അപ്പോയിന്റ്മെന്റുവഴി നിയമിക്കേണ്ടത് - 336

40% മീറ്റർ റീഡറിൽനിന്ന് ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടത്-
20% ഓവർസീയറിൽനിന്ന് ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടത് - } 2021

(ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിച്ചത് -125 ഉൾപ്പെടെ)

(ബി) കെ.പി.എസ്.സി. വഴി നിയമിക്കേണ്ട 30% ക്വാട്ടയിൽ 5 എൻ.ജെ.ഡി. ഒഴിവുകളും 10% ക്വാട്ടയിൽ 286 ഒഴിവുകളും പ്രൊമോഷൻവഴി നികത്തേണ്ട 40%+20% ക്വാട്ടയിൽ 320 ഒഴിവുകളുമുണ്ട്.

(സി) നിലവിൽ സബ് എഞ്ചിനീയർ ട്രെയിനി ഒരു പ്രത്യേക തസ്തികയല്ല. താത്കാലിക സംവിധാനം മാത്രമാണ്. നിലവിൽ 365 പേരുണ്ട്. സബ് എഞ്ചിനീയർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ നികത്തുന്നത് വിവിധ കോടതി വ്യവഹാരങ്ങൾ, കെ.പി.എസ്.സി.വഴി നിയമനം നൽകുന്നതിലെ കാലതാമസം എന്നിവമൂലം തടസ്സപ്പെട്ടപ്പോൾ സബ് എഞ്ചിനീയർ തസ്തികയ്ക്കുവേണ്ട യോഗ്യതയുള്ളതും അതിനേക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ളതുമായ ജീവനക്കാരെ സബ് എഞ്ചിനീയർ ട്രെയിനി എന്ന പേരിൽ താത്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്. ആയതിനാൽ ഇതിൽ പി.എസ്.സി. മുഖാന്തരം നിയമനം ലഭിച്ചവർ, ഇൻ സർവ്വീസ് ക്വാട്ട, പ്രൊമോഷൻ ക്വാട്ട, ആശ്രിത നിയമനം,

സ്പെഷ്യൽ റിക്രൂട്ട്മെന്റ് ക്വാട്ട ഇവ ബാധകമല്ല. കെ.പി.എസ്.സി./ പ്രൊമോഷൻ മുഖേന സബ് എഞ്ചിനീയർമാരെ നിയമിക്കുന്ന മുറയ്ക്ക് സബ് എഞ്ചിനീയർ (ട്രെയിനി) മാരെ അവരുടെ പേരന്റ് കേഡറിൽ മാറ്റി നിയമിക്കുന്നതാണ്.

(ഡി) ഇല്ല. ഇവരുടെ ഉദ്യോഗക്കയറ്റത്തിനുള്ള സീനിയോറിറ്റി ആയി വരുന്നതേയുള്ളൂ.

**കെ.എസ്.ഇ.ബി.എൽ.-ലെ ഒഴിവുകൾ**

145(3909) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കെ.എസ്.ഇ.ബി.യിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാടിസ്ഥാനത്തിൽ നിയമനം നടക്കുന്ന ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ ആലപ്പുഴ ജില്ലയിൽ 4 ഒഴിവുകളുണ്ട്. മറ്റ് തസ്തികകളിൽ സംസ്ഥാനാടിസ്ഥാനത്തിൽ ആകെ എണ്ണം നിജപ്പെടുത്തിയാണ് നിയമനം എന്നതിനാൽ ഏതെങ്കിലും ജില്ലയിലെ ഒഴിവ് കണക്കാക്കാൻ കഴിയുന്നതല്ല.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കേണ്ട ഒഴിവുകൾ അഡ്വൈസ് ലിസ്റ്റുകൾ കിട്ടുന്ന മുറയ്ക്കും പ്രൊമോഷൻ വഴി നികത്തേണ്ടവ പ്രൊമോഷൻ നൽകിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ലാഭപ്രഭ പദ്ധതി**

146(3910) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ലാഭപ്രഭ പദ്ധതി പ്രകാരം മുല്ലശ്ശേരി, പാവറട്ടി, അരിമ്പൂർ, പറപ്പൂർ, കണ്ടശ്ശാംകടവ്, മണലൂർ എന്നീ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ നിന്നും വിതരണം ചെയ്ത എൽ.ഇ.ഡി. ബൾബുകളുടെ വിശദാംശം നൽകാമോ;

(ബി) മേൽപ്പറഞ്ഞ സെക്ഷനുകളിലെ മുഴുവൻ ഉപഭോക്താക്കൾക്കും ബൾബുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാവറട്ടി, അരിമ്പൂർ, പറപ്പൂർ കണ്ടശ്ശാംകടവ്, വെങ്കിടങ്ങ് എന്നീ കെ.എസ്.ഇ.ബി.എൽ. സെക്ഷനുകളിൽനിന്ന് ഇതുവരെ വിതരണം ചെയ്ത ബൾബുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

മണലൂർ എന്നൊരു സെക്ഷൻ നിലവിലില്ല. മണലൂർ എന്ന സ്ഥലം കണ്ടശ്ശാംകടവ് സെക്ഷൻ പരിധിയിൽ ഉൾപ്പെട്ടതാണ്. അതുപോലെ മുല്ലശ്ശേരി എന്ന സ്ഥലം വെങ്കിടങ്ങ് സെക്ഷൻ പരിധിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

| സെക്ഷന്റെ പേര് | വിതരണം ചെയ്ത എൽ.ഇ. ഡി. ബൾബുകളുടെ എണ്ണം (10-3-2017 വരെ) |
|---|---|
| 1. പാവറട്ടി | 9500 |
| 2. അരിമ്പൂർ | 7322 |
| 3. പറപ്പൂർ | 6600 |
| 4. കണ്ടശ്ശാംകടവ് | 7846 |
| 5. വെങ്കിടങ്ങ് | 7050 |

(ബി) മേൽപ്പറഞ്ഞ സെക്ഷനുകളിലെ മുഴുവൻ ഉപഭോക്താക്കൾക്കും എൽ.ഇ.ഡി. ബൾബുകളുടെ വിതരണം പൂർത്തിയാക്കിയിട്ടില്ല. മേൽപ്പറഞ്ഞ എല്ലാ സെക്ഷനുകളിലും ബൾബുകളുടെ വിതരണം നടന്നുവരികയാണ്.

**സോളാർ വൈദ്യുത പാർക്കുകൾ**

147(3911) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് സോളാർ വൈദ്യുത പാർക്കുകൾ ആരംഭിക്കുന്നതെന്നും ഇവിടങ്ങളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഇവിടങ്ങളിൽനിന്നും സർക്കാർ അധീനതയിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ തീരുമാനിച്ചതെന്നും സ്വകാര്യമേഖലയിൽ എവിടെയൊക്കെയാണ് സോളാർ വൈദ്യുതി പാർക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ അമ്പലത്തറ, പൈവേളിഗൈ, മീഞ്ച, ചിപ്പാർ, കരിന്തളം, കിനന്നൂർ എന്നീ വില്ലേജുകളിലാണ് 200 മെഗാവാട്ട് സൗരോർജ്ജ പാർക്ക് പദ്ധതി നടപ്പിലാക്കാനായി ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ പൂർണ്ണശേഷിയായ 200 മെഗാവാട്ട് കൈവരിക്കുന്നതോടുകൂടി പ്രതിവർഷം 334 ദശലക്ഷം യൂണിറ്റ് ഉൽപ്പാദനമാണ് പ്രതീക്ഷിക്കുന്നത്.

(ബി) പ്രസ്തുത 200 മെഗാവാട്ട് കാസർഗോഡ് സൗരോർജ്ജ പാർക്കിൽനിന്നും ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ മുഖേനയാണ് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA, THDCIL എന്നിവ മുഖേന 50 മെഗാവാട്ട് വീതവും ശേഷിക്കുന്ന 100 മെഗാവാട്ട് കേന്ദ്ര നവ നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ VGF സ്കീം പ്രകാരം മത്സരാധിഷ്ഠിത ദർഘാസ് മുഖേനയാണ് നടപ്പിലാക്കുന്നത്. ടി ദർഘാസിന്റെ നടപടിക്രമങ്ങൾ SECI (Solar Energy Corporation of India) മുഖേനയാണ് നടപ്പിലാക്കുന്നത്.

**വൈദ്യുതിക്ഷാമം**

148(3912) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വൈദ്യുത പദ്ധതികളുടെ വിപുലീകരണത്തിനും ചെറുകിട വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനും കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാലതാമസം നേരിടുന്ന പദ്ധതികൾ പരിശോധിച്ച് പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ൽ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് നിയമനം**

149(3913) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിൽ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് എന്നിവരുടെ നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എന്നാൽ കെ. എസ്. ഇ. ബി.-യിൽ മീറ്റർ റീഡർ/ലൈൻമാൻ, മസ്ദൂർ എന്നിവരെ കൊണ്ട് കാഷ്യർ തസ്തികയിലെ ജോലികൾ ചെയ്യിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏതു ഉത്തരവ് പ്രകാരമാണ് ഇപ്രകാരം ജോലി ചെയ്യിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കെ. എസ്. ഇ. ബി.-യിൽ കാഷ്യർ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് ഉടൻ റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ന് മാത്രമായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡ് അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുവായി തയ്യാറാക്കിയ പി.എസ്.സി. റാങ്ക് ലിസ്റ്റാണ് നിലവിലുള്ളത്.

(ബി) സ്ഥിരം കാഷ്യർമാർ ലീവെടുക്കുമ്പോഴോ ഉദ്യോഗക്കയറ്റം ലഭിച്ച് പോകുമ്പോഴോ മറ്റ് കാരണങ്ങളാലോ താൽക്കാലികമായി കാഷ്യറുടെ അഭാവം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ഉപഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുന്നതിനുവേണ്ടി കാഷ്യർ തസ്തികയ്ക്കുതാഴെയുള്ള ശമ്പള സ്കെയിലിലുള്ള തസ്തികയിലെ ജീവനക്കാരെ താൽക്കാലികമായി ഇത്തരത്തിൽ നിയമിക്കാറുണ്ട്.

(സി) B.O. No.Estt.III/2537/88/Dated/Trivandrum/18/03/1988-ലെ ഉത്തരവുപ്രകാരമാണ് ഇപ്രകാരം ജോലി ചെയ്യിക്കുന്നത്.

(ഡി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണം, മറ്റ് ആധുനികവൽക്കരണ നടപടികൾ എന്നിവയുടെ ഭാഗമായി തസ്തികകളുടെ പുനഃക്രമീകരണം നടക്കേണ്ടതുണ്ട്. ഇതിന്റെ തുടർച്ചയായി മാത്രമേ കാഷ്യർ/ ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗിന് പി.ഡി.എ. നടപ്പാക്കിയത്, കമ്പ്യൂട്ടർവത്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലിഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

**ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

150(3914) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ജില്ലകൾ തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ & ബി) മുൻ സർക്കാരിന്റെ 5 വർഷ കാലാവധിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 109587 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | കണക്ഷനുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 12484 |
| കൊല്ലം | 7123 |
| പത്തനംതിട്ട | 3780 |
| കോട്ടയം | 7122 |
| ഇടുക്കി | 6383 |
| ആലപ്പുഴ | 7707 |
| എറണാകുളം | 2896 |
| തൃശ്ശൂർ | 6093 |
| പാലക്കാട് | 14239 |
| മലപ്പുറം | 10103 |
| കോഴിക്കോട് | 9771 |
| വയനാട് | 10624 |
| കണ്ണൂർ | 5874 |
| കാസർഗോഡ് | 5388 |
| ആകെ | 10,9587 |

## കെ.എസ്.ഇ.ബി.എൽ.-ലെ അസിസ്റ്റന്റ് ഒഴിവ്

151(3915) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/ സീനിയർ അസിസ്റ്റന്റ്-ന്റെ എത്ര തസ്തികകൾ (കേഡർ തസ്തിക) ഉണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് തസ്തികകളിലേക്ക് എത്ര നിയമനങ്ങൾ നടത്തി;

(ബി) അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. യിൽ എത്ര സെക്ഷനുകൾ പുതുതായി തുടങ്ങിയെന്നും അവിടെല്ലാം എത്ര അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോയെന്നും എങ്കിൽ അവയെത്രയെന്നും, ടി തസ്തികയിലേക്ക് താഴ്ന്ന വിഭാഗം ജീവനക്കാരിൽനിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പേരെ നിയമിച്ചുവെന്നും അതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യതകൾ എന്നിവ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ഡി) കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളിൽനിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 1410 തസ്തികയും, സീനിയർ അസിസ്റ്റന്റ് തസ്തികയിൽ 2880 തസ്തികയും നിലവിലുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 228 പേർക്ക് നിയമനം നൽകി.

(ബി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർവത്കരണം, മറ്റ് ആധുനികവൽക്കരണ നടപടികൾ എന്നിവയുടെ ഭാഗമായി തസ്തികകളുടെ പുനഃക്രമീകരണം നടക്കേണ്ടതുണ്ട്. ഇതിന്റെ തുടർച്ചയായി മാത്രമേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) ഇല്ല. 161 താഴ്ന്ന വിഭാഗം ജീവനക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനം ഉള്ള കാഷ്യർ

തസ്തികയ്ക്കുതാഴെ ശമ്പള സ്കെയിലിലുള്ള ജീവനക്കാർക്ക് തസ്തികമാറ്റംവഴി ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാനായി എസ്.എസ്.എൽ.സി.-യും 5 വർഷത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ സേവനമോ അല്ലെങ്കിൽ, പ്രീ ഡിഗ്രി/പ്ലസ് ടു യോഗ്യതയും 3 വർഷത്തെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനമോ ആണ് വേണ്ട യോഗ്യത.

(ഡി) ഉണ്ട്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി നിയമനം നടത്തണമെന്ന നിർദ്ദേശം PWR-A3/123/2016/Power തീയതി 3-6-16 കത്ത് മുഖേന നൽകിയിട്ടുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞുകിട്ടേണ്ട തുക**

152(3916) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 2015-16-ൽ പിരിഞ്ഞു കിട്ടേണ്ടിയിരുന്ന തുക എത്രയെന്നും കുടിശ്ശിക തുക എത്രയെന്നും വിശദമാക്കുമോ;

(ബി) 2017 ജനുവരി 31 വരെയുള്ള കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇവയിൽ വിവിധ കേന്ദ്ര-സംസ്ഥാന സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങൾ, വൻകിട-ചെറുകിട സ്ഥാപനങ്ങൾ എന്നിങ്ങനെ ഓരോ വിഭാഗവും 2017 ജനുവരി 31 വരെ അടയ്ക്കേണ്ട കുടിശ്ശിക തുക എത്രയെന്ന് വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ചാർജിനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ആകെ പിരിഞ്ഞുകിട്ടേണ്ടിയിരുന്ന തുക 10,914.44 കോടി രൂപയാണ്. മുൻ വർഷങ്ങളിലെ ഉൾപ്പെടെ 31-3-2016-ലെ സഞ്ചിത കുടിശ്ശിക 2,121.46 കോടി രൂപയാണ്.

(ബി) 2017 ജനുവരി 31 വരെയുള്ള കണക്കുകൾ തയ്യാറാക്കിക്കഴിഞ്ഞിട്ടില്ല. 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 2,044.78 കോടി രൂപ (പലിശ ഉൾപ്പെടുത്താതെ) കുടിശ്ശികയുണ്ട്.

(സി) 2016 ഡിസംബർ 31 വരെയുള്ള ത്രൈമാസ കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങൾ അടയ്ക്കേണ്ട കുടിശ്ശിക തുക താഴെപ്പറയും പ്രകാരമാണ്.

സംസ്ഥാന സർക്കാർ വകുപ്പുകൾ-135.50 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ-1,177.13 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ-5.50 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

കേന്ദ്ര സർക്കാർ വകുപ്പുകൾ-0.32 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ-41.94 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

ചെറുകിട സ്വകാര്യ സ്ഥാപനങ്ങൾ (എൽ.റ്റി.)-127.42 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

വൻകിട സ്വകാര്യ സ്ഥാപനങ്ങൾ (എച്ച്.റ്റി.)-469.06 കോടി രൂപ (ഇതിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല.)

31-1-2017 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി നടപ്പിലാക്കിവരുന്നു.

**കെ.എസ്.ഇ.ബി.എൽ.-ലെ ഒഴിവുകൾ**

153(3917) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികകളിലായി എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ;

(ബി) യഥാസമയം ഉദ്യോഗക്കയറ്റം നൽകാത്തതിനാൽ പല റാങ്ക് ലിസ്റ്റുകളിൽനിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ സാധിക്കുന്നില്ല എന്നതു കണക്കിലെടുത്ത് ഇക്കാര്യം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉയർന്ന തസ്തികകളിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പ്രൊമോഷനുകൾ നൽകിവരുന്നുണ്ട്. അതനുസരിച്ച് ഉണ്ടാകുന്ന ഒഴിവുകളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി നിയമിക്കേണ്ട ക്വാട്ടയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) സ്വീകരിക്കും.

## കെ.എസ്.ഇ.ബി.എൽ.-ൽ വിവിധ തസ്തികയിലേയ്ക്കുള്ള നിയമനവും പ്രൊമോഷനും

154(3918) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികകളിലേക്കുള്ള നിയമനവും പ്രൊമോഷനും സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ ;

(ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉറപ്പുവരുത്തും.

(ബി) വൈദ്യുതി വിതരണ മേഖല കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിച്ചുവരുന്നു. ഇതിന്റെ ഭാഗമായേ പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശങ്ങളും പരിഗണിക്കുകയുള്ളൂ.

## ഊർജ്ജമേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ

155(3919) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ്ജ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഊർജ്ജ മേഖലയിൽ ഏതൊക്കെ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ പ്രവർത്തന നേട്ടങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ മുഴുവൻ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനാവശ്യമായ ആഭ്യന്തര ഉത്പാദനം ഇല്ല എന്നതാണ് ഈ രംഗത്ത് നേരിടുന്ന പ്രധാന വെല്ലുവിളി. സ്ഥല പരിമിതിയും പാരിസ്ഥിതിക പ്രശ്നങ്ങളും ജലവൈദ്യുതി നിലയങ്ങൾ തുടങ്ങുന്നതിന് പ്രതിബന്ധമാണ്. താപനിലയങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ കൽക്കരി, എണ്ണ, പ്രകൃതിവാതകങ്ങളുടെ നിക്ഷേപം സംസ്ഥാനത്ത് ഇല്ല. പുറമേനിന്ന് അവ എത്തിക്കുന്നത് ചെലവേറിയ കാര്യമാണ്. അതുപോലെ ജനസാന്ദ്രതയും സ്ഥലദൗർല്ലഭ്യവും വിലയും കാലാവസ്ഥയും വലിയ നവീകരണീയ ഊർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് വിഘാതമാണ്. പ്രസരണ വിതരണ മേഖലയുടെ ശക്തി വർദ്ധിപ്പിക്കലും നവീകരണവും സമയബന്ധിതമായി നടപ്പാക്കേണ്ടതും ഈ മേഖലയിലെ പ്രധാന ആവശ്യമാണ്.

(ബി) സംസ്ഥാനത്ത് ഊർജ്ജമേഖലയിൽ കെ.എസ്.ഇ.ബി.എൽ., Electrical Inspectorate, Kerala State Electricity Licensing Board, ANERT, EMC, Kerala State Electricity Regulatory Commission, Kerala Power Finance Corporation തുടങ്ങിയ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ വൈദ്യുതി ഉൽപ്പാദനം, പ്രസരണം, വിതരണം എന്നിവ പ്രധാനമായും കൈകാര്യം ചെയ്യുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആണ്.

പാരമ്പര്യേതര ഊർജ്ജ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ 2014-15, 2015-16, 2016-17 വർഷങ്ങളിലെ സുപ്രധാന പ്രവർത്തന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ 10000 വീടുകളിൽ സോളാർ ഓഫ്ഗ്രിഡ് പവർപ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ 10000 റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം ഇതുവരെ 9.5 മെഗാവാട്ട് ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചുനൽകിയതിന് പുറമേ 11.4 മെഗാവാട്ട് ശേഷിയുള്ള റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമേ 2 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റ് പാലക്കാട്, കുഴൽമന്ദത്ത് സ്ഥാപിച്ച് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേയ്ക്ക് നൽകിവരുന്നു.

2014-15 വർഷം കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടെ 1040 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും, സംസ്ഥാന സർക്കാർ സബ്സിഡിയോടെ 2459 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചുനൽകി.

2014-15 വർഷം സംസ്ഥാന സർക്കാർ സബ്സിഡിയോടെ 5242 $m^2$ സോളാർ കളക്ടർ വിസ്തൃതിയുള്ള പ്രതിദിനം 3.36 ലക്ഷം ലിറ്റർ ചൂടുവെള്ളം പ്രദാനം ചെയ്യാൻ കഴിയുന്ന സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചുനൽകി. 2015-16 വർഷം 8967 $m^2$ സോളാർ കളക്ടർ വിസ്തൃതിയുള്ള, പ്രതിദിനം 5.88 ലക്ഷം ലിറ്റർ ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകളാണ് സ്ഥാപിച്ചുനൽകിയിട്ടുള്ളത്.

മെച്ചപ്പെട്ട വിറക് അടുപ്പുകൾ സ്ഥാപിച്ചുനൽകുന്ന പദ്ധതിയുടെ ഭാഗമായി 2014-15, 2015-16 വർഷങ്ങളിൽ യഥാക്രമം 1857, 3676 എണ്ണം ഗാർഹിക അടുപ്പുകളും, 1081, 885 എണ്ണം കമ്മ്യൂണിറ്റി അടുപ്പുകളും സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. 2014-15 വർഷത്തെ പദ്ധതിയുടെ ഭാഗമായി 43000 എണ്ണം സോളാർ റാന്തലുകൾ സംസ്ഥാന സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്തു. 2015-16 വർഷത്തെ പദ്ധതിയുടെ ഭാഗമായി 45000 സോളാർ റാന്തലുകളുടെ വിതരണം പുരോഗമിച്ചുവരുന്നു.

ഊർജ്ജസംരക്ഷണ നിയമം അനുശാസിക്കുന്ന സ്റ്റാൻഡേർഡ്സ് ആന്റ് ലേബലിംഗ് പ്രോഗ്രാം, എനർജി ഓഡിറ്റ്,എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ്, പി.എ.ടി. പ്രോഗ്രാം എന്നിവ നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിവിധ ഊർജ്ജസംരക്ഷണ പദ്ധതികളും ഊർജ്ജ കാര്യക്ഷമത പദ്ധതികളും ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനവുമാണ് ഇ.എം.സി. നടത്തിവരുന്നത്. ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക് പരിപാടി വനിതാ വോളണ്ടിയർമാർ മുഖേനയും പൊതുജനബോധവത്കരണ പരിപാടിയായ ഊർജ്ജകിരൺ സർക്കാരിതര സംഘടനകൾ, പൊതുജന വായനശാലകൾ, മറ്റ് സംഘടനകൾ വഴി പരിശീലനം ലഭിച്ച പരിശീലകർ മുഖാന്തിരവും നടത്തിവരുന്നു. വ്യവസായ മേഖലയിൽ ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്.

സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തി കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നു. ഊർജ്ജസംരക്ഷണ നിയമം 2001 അനുസരിച്ചുള്ള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിനായി കേരള ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് തയ്യാറാക്കുകയും അതനുസരിച്ച് ലൈസൻസുള്ള എഞ്ചിനീയർമാർ, ഡിസൈനർമാർ, ആർക്കിടെക്ടുകൾ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. ചെറുകിട ജലവൈദ്യുത പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്

ഊർജ്ജ വകുപ്പിൻ കീഴിൽ സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ ഇ.എം.സി.-യിൽ പ്രവർത്തിച്ചുവരുന്നു. ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട ഏജൻസികൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതാണ് കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യം.

## ലാഭപ്രഭ പദ്ധതി

156(3920) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പാക്കുന്ന മൂന്നാം സീസണിലെ ലാഭപ്രഭ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതി പ്രകാരം എത്ര എൽ.ഇ.ഡി. ബൾബുകളാണ് വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിക്ക് ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞോയെന്നും ഇതുവരെ വിതരണം ചെയ്ത ബൾബുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-ക്ക് എത്ര വൈദ്യുതി ലാഭിക്കാനായി എന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) കെ.എസ്.ഇ.ബി. നടപ്പാക്കുന്ന മൂന്നാം സീസണിലെ ലാഭപ്രഭ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വർദ്ധിപ്പിച്ച് ഊർജ്ജസംരക്ഷണം നടപ്പിലാക്കുന്നതിനായി ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാഷണൽ എൽ.ഇ.ഡി. മിഷൻ പദ്ധതിയിൽ പങ്കാളികളായ ഇ.ഇ.എസ്.എൽ.-മായി സഹകരിച്ച് 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ട്സിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ വീതം കുറഞ്ഞ നിരക്കിൽ നൽകുന്നതാണ് പദ്ധതി. നോൺ പേയിംഗ് ഗ്രൂപ്പിനും (എൻ.പി.ജി.) 1000 വാട്ട്സ് വരെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗവുമുള്ള ബി.പി.എൽ. ഉപഭോക്താക്കൾക്കും സൗജന്യമായാണ് ബൾബുകൾ നൽകുന്നത്.

(ബി) പദ്ധതിപ്രകാരം 150 ലക്ഷം ബൾബുകൾ വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്.

(സി) 75 ലക്ഷം ബൾബുകളുടെ വിതരണത്തിലൂടെ ഏകദേശം 315 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ലാഭിക്കാൻ സാധിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## കേന്ദ്ര പൂളിൽനിന്ന് അധികമായി വൈദ്യുതി

157(3921) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർദ്ധിച്ചു വരുന്ന വൈദ്യുതി ഉപഭോഗം പരിഗണിച്ച് വേനൽകാലത്ത് കേന്ദ്ര പൂളിൽനിന്ന് അധികമായി വൈദ്യുതി വാങ്ങാറുണ്ടോ; എത്ര രൂപ നിരക്കിലാണ് വൈദ്യുതി ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷത്തെ സാഹചര്യത്തിൽ പവർകട്ട് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്ര പൂളിൽനിന്ന് അധിക വൈദ്യുതി ലഭ്യമല്ല.

(ബി) മഴക്കുറവും വൈദ്യുതി ഉപഭോഗ വർദ്ധനവും ഊർജ്ജ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. എന്നാൽ ഇത് തരണംചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ലോഡ്ഷെഡ്ഡിംഗ്/പവർകട്ട് ഉൾപ്പെടെയുള്ള നടപടികൾ ഉദ്ദേശിക്കുന്നില്ല.

## കൂടംകുളം ആണവ നിലയത്തിൽനിന്നും വൈദ്യുതി

158 (3922) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽനിന്നും കേന്ദ്രം സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) അനുവദിച്ച യൂണിറ്റ് വൈദ്യുതി കേരളത്തിലേക്ക് ഏതു പ്രസരണ ലൈൻ വഴിയാണ് എത്തുന്നത്;

(സി) നിലയത്തിൽനിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി കൊണ്ടുവരാൻ പുതിയ പ്രസരണ ലൈൻ നിർമ്മിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2 x 1000 മെഗാവാട്ട് ഉല്പാദനശേഷിയുള്ള നിലയമാണ് കൂടംകുളം ആണവ നിലയം വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽനിന്നും സംസ്ഥാനത്തിന് 13.3 ശതമാനം വൈദ്യുതിയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. കമ്മീഷൻ ചെയ്ത 1000 മെഗാവാട്ട് ശേഷിയുള്ള യൂണിറ്റ് പൂർണ്ണ തോതിൽ ഉല്പാദനം നടത്തിയാൽ 133 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് ലഭ്യമാകും. രണ്ടാമത്തെ യൂണിറ്റ് ഈ

മാസം കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടുകൂടി സംസ്ഥാനത്തിനുള്ള വിഹിതം 266 മെഗാവാട്ടായി വർദ്ധിക്കും.

(ബി) അനുവദിച്ചിട്ടുള്ള വൈദ്യുതി കേരളത്തിലേയ്ക്ക് നിലവിലുള്ള അന്തർ സംസ്ഥാന പ്രസരണ ശൃംഖല വഴിയാണ് ഇപ്പോൾ എത്തിക്കുന്നത്.

(സി) കൂടംകുളം നിലയത്തിൽനിന്നും വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി ഇടമൺ - കൊച്ചി 400 കെ.വി. ലൈൻ നിർമ്മാണം PGCIL നടത്തുന്നുണ്ട്. ലൈൻ കടന്നുപോകുന്ന സ്ഥലത്തെ ജനങ്ങളുടെ എതിർപ്പുമൂലം നിർമ്മാണ ജോലികൾ തടസ്സപ്പെട്ടിരുന്നെങ്കിലും സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾവഴി തടസ്സങ്ങൾ മാറ്റി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്.

**വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ബൃഹത് പദ്ധതി**

159 (3923) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) മലബാർ മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വൈദ്യുത ഉത്പാദന നിലയങ്ങളും വൈദ്യുതി ലൈനുകളും കുറവായ മലബാർ മേഖലയിലെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് ഉയർന്ന അളവിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ സ്വാഭാവികമായി ലഭ്യമായിട്ടുള്ള പ്രധാന മാർഗ്ഗം ജലവൈദ്യുത പദ്ധതികളാണ്.

നിർമ്മാണത്തിലിരിക്കുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, തോട്ടിയാർ എന്നീ വൻകിട ജലവൈദ്യുത പദ്ധതികളിൽനിന്നായി 100 മെഗാവാട്ടിന്റെ സ്ഥാപിതശേഷിയും, പുതുതായി ആരംഭിക്കാനുള്ള മാങ്കുളം ജലവൈദ്യുത പദ്ധതിയിലൂടെ 40 മെഗാവാട്ട് സ്ഥാപിതശേഷിയുമാണ് ലക്ഷ്യമിടുന്നത്.

പ്രകൃതി വാതകം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കലാണ് മറ്റൊരു സാദ്ധ്യത. എന്നാൽ ആഭ്യന്തര പ്രകൃതി വാതകം നിയന്ത്രിത വിലയ്ക്ക് ലഭ്യമായാൽ മാത്രമേ സാധൂകരിക്കാവുന്ന നിലയ്ക്ക് ഇവയിൽനിന്നുള്ള ഉല്പാദനം സാദ്ധ്യമാകൂ. ബ്രഹ്മപുരത്ത് 400 മെഗാവാട്ട്, ചീമേനിയിൽ 1200 മെഗാവാട്ട്, പുതുവൈപ്പിനിൽ 1200 മെഗാവാട്ട് എന്നീ പദ്ധതികളിൽ നിന്നായി മൊത്തം 2800 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്.

കൽക്കരി ഉപയോഗിച്ചുള്ള താപനിലയത്തിന്റെ സാദ്ധ്യതയും പരിശോധിക്കുന്നുണ്ട്.

വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി പാരമ്പര്യേതര വിഭാഗത്തിൽ വിഭാവന ചെയ്തിട്ടുള്ള ബൃഹത് പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. 200 മെഗാവാട്ട് കാസർഗോഡ് സൗരോർജ്ജ പാർക്ക് പദ്ധതി.
2. 200 മെഗാവാട്ട് ചീമേനി സൗരോർജ്ജ പാർക്ക് പദ്ധതി.
3. 200 മെഗാവാട്ട് സംസ്ഥാനത്തിനുള്ളിൽനിന്നും മത്സരാധിഷ്ഠിത ദർഘാസ് മുഖേന നടപ്പിലാക്കുന്ന പദ്ധതി.

മേൽ പദ്ധതികളെല്ലാംതന്നെ പൊതുമേഖല/സ്വകാര്യ സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതികളിൽനിന്നുള്ള വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ദീർഘകാല കരാർ പ്രകാരം നവീകരണോർജ്ജ ക്രയബാദ്ധ്യത നിറവേറ്റുന്നതിനായി വാങ്ങാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നാളിതുവരെ 8.66 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ 6,745 ലക്ഷം രൂപ മുതൽമുടക്കിൽ പൂർത്തീകരിച്ചിട്ടുണ്ട്. 10.3 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 മെഗാവാട്ട് ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ജില്ലാപഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടന്നുവരുന്നു. കേരളത്തിലുടനീളമുള്ള കടൽത്തീരങ്ങളിൽനിന്ന് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദനം സാദ്ധ്യമാക്കുക എന്ന ബൃഹത്തായ പദ്ധതിയുടെ പ്രാരംഭ പദ്ധതിയായി പൂവാർ കടൽത്തീരത്ത് ഒരു മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ചെറു കാറ്റാടികൾ ഉപയോഗിച്ചുകൊണ്ടുള്ള കാറ്റാടിപ്പാടം സ്ഥാപിക്കുന്ന പദ്ധതിയുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

കഞ്ചിക്കോട് കാറ്റാടിപ്പാടത്തിൽ ഉല്പാദനം നടത്തിവരുന്ന 225 കിലോവാട്ട് ശേഷിയുള്ള 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷികൂടിയ 5 കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് കാറ്റാടി നിലയത്തിന്റെ ശേഷി 2.625 മെഗാവാട്ട്

വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെയും കൂടാതെ ഒരു മെഗാവാട്ട് സോളാർ നിലയത്തിന് സമീപത്തായി 2.5 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ/മറ്റിതര സ്ഥാപനങ്ങൾ വഴി 35 മെഗാവാട്ടോളം കൂട്ടിച്ചേർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്രവിഹിതമായി ലഭിക്കുന്നതും, കേരളം വാങ്ങുന്നതുമായ അന്തർ സംസ്ഥാന വൈദ്യുതി കേരളത്തിലേയ്ക്ക് എത്തിക്കുവാൻ ഉയർന്ന ശേഷിയുള്ള പ്രസരണ ലൈനുകൾ ആവശ്യമുണ്ട്. സംസ്ഥാനത്തിന്റെ ഭാവിയിലെ ഉപഭോഗം നിറവേറ്റാനായി വേണ്ടിവരുന്ന അധിക ഊർജ്ജം കൊണ്ടുവരുന്നതിനായി കേരളത്തിന് ഒരു 2000 മെഗാവാട്ടിന്റെ എച്ച്.വി.ഡി.സി. ഊർജ്ജ ഇടനാഴിയും മറ്റ് ചില അന്തർസംസ്ഥാന പ്രസരണ ലൈനുകളുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലേയ്ക്ക് അധിക വൈദ്യുതി എത്തിക്കാനും, അതിലൂടെ സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും സാധിക്കും. എന്നാൽ പുതിയ ഊർജ്ജ ഇടനാഴിയിലൂടെയും, അന്തർ സംസ്ഥാന പ്രസരണ ലൈനുകളിലൂടെയും, സംസ്ഥാനത്തിന് ലഭ്യമാകുന്ന അധിക വൈദ്യുതി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് കേരളത്തിൽ നിലവിലുള്ള പ്രസരണ ശൃംഖല സംവിധാനം അപര്യാപ്തമാണ്. ഈ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞവയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൃത്യമായ വോൾട്ടതയിൽ വൈദ്യുതി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഇപ്പോൾ വൈദ്യുതിക്ഷാമം നേരിടുന്ന മലബാർ മേഖലയിലും ലഭ്യമാകും.

പദ്ധതിയുടെ പ്രവർത്തനത്തിന് ഒന്നാം ഘട്ടത്തിൽ 4,74,577 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിൽ 1,62,960 ലക്ഷം രൂപയും ഹരിത ഊർജ്ജ ഇടനാഴി പദ്ധതിക്ക് 1,78,800 ലക്ഷം രൂപയുമാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ മേൽപ്പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണത്തിനായി നിലവിലുള്ള സബ്സ്റ്റേഷനുകളിൽ അനുബന്ധ ജോലികൾ നടത്തുന്നതിന് 55,000 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ലഭ്യമാകുന്ന വൈദ്യുതി ഉപഭോക്താക്കളിലേയ്ക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് പ്രസരണ ശൃംഖലയും വിതരണ ശൃംഖലയും ഏകോപിപ്പിക്കുന്നതിന് 57,500 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അങ്ങനെ ആകെ പതിനായിരം കോടി രൂപയാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്കായി ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) മലബാർ മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 1 | പെരുവണ്ണാമൂഴി SHEP | 6 MW |
| 2 | പഴശ്ശി സാഗർ SHEP | 7.5 MW |
| 3 | ഒലിക്കൽ SHEP | 3 MW |
| 4 | പൂവാരംതോട് SHEP | 3 MW |
| 5 | ചെമ്പുക്കടവ് - III | 7.5 MW |
| 6 | മരിപ്പുഴ SHEP | 6 MW |
| 7 | വാലൻതോട് SHEP | 7.5 MW |
| | ആകെ | 40.5 MW |

കൂടാതെ നിർമ്മാണത്തിലിരിക്കുന്ന കക്കയം (3 MW), ചാത്തൻകോട്ടുനട-II (6 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതുവഴി 9 MW വൈദ്യുതികൂടി പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കാൻ സാധിക്കും.

1. കാസർഗോഡ് ജില്ലയിൽ ചീമേനിയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് പദ്ധതി Solar Energy Corporation of India (SECI) വഴി നടപ്പിലാക്കിവരുന്നു.

2. കാസർഗോഡ് ജില്ലയിൽ ചീമേനിയിൽ 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് പദ്ധതി പരിഗണനയിലാണ്.

3. കണ്ണൂർ ജില്ലയിൽ ബാരപ്പോൾ ജലവൈദ്യുത പ്രദേശത്ത് 4 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ചു.

4. കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂരിൽ 0.65 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

5. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ട് ഒരു മെഗാവാട്ടും കൊല്ലങ്കോട് 1 മെഗാവാട്ടും അഗളി ആദിവാസി കോളനികളുടെ മേൽക്കൂരകളിലായി 96 കിലോ വാട്ടും മറ്റ് 7 ആദിവാസി കോളനികളിലായി 75 കിലോ വാട്ടും സ്ഥാപിതശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നെന്മാറ സബ് സ്റ്റേഷൻ പരിസരത്ത് 1.5 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

6. വയനാട് പടിഞ്ഞാറത്തറ ഡാമിന് മുകളിൽ 400 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് പൂർത്തീകരിച്ചിട്ടുണ്ട്.

7. മലപ്പുറം ജില്ലയിലെ പൊന്നാനി (0.5 മെഗാവാട്ട്) കുറ്റിപ്പുറം (0.5 മെഗാവാട്ട്) എന്നീ സബ്സ്റ്റേഷനുകളുടെ പരിസരത്ത് നിർമ്മാണം പുരോഗമിക്കുന്നു. കാസർഗോഡ് - മഞ്ചേശ്വരം സബ്സ്റ്റേഷൻ പരിസരത്ത് ഒരു മെഗാവാട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നു. മൈലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് 0.5 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

ഇവ കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള 14 കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 580 കിലോവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 40 കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ 1.25 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടന്നുവരുന്നു.

ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കുക വഴി മലബാർ മേഖലയിലെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. മലബാർ മേഖലയിൽ നിലവിലുള്ള വോൾട്ടേജ് ക്ഷാമത്തിനും ഊർജ്ജ ലഭ്യതയ്ക്കും ഒരു ശാശ്വത പരിഹാരം എന്ന നിലയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം ഏഴ് 220 കെ.വി. സബ് സ്റ്റേഷനുകളും രണ്ട് 400 കെ.വി. സബ് സ്റ്റേഷനുകളും കൂടാതെ 300 KM 400/200 KV ലൈനും 12 KM 400/110 KV ലൈനും 295 KM 220/110 KV ലൈനും 98 KM 110 KV ലൈനും മലബാർ മേഖലയിൽ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വിഭാവന ചെയ്തിട്ടുള്ളതും നടപടികൾ ആരംഭിച്ചിരിക്കുന്നതുമാണ്.

## വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടി

160 (3924) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) മസ്ദൂർ ലൈൻമാൻമാരുടെ ഒഴിവുകൾ യഥാസമയം നികത്തി മെച്ചപ്പെട്ട സേവനം നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ) സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) പദ്ധതി, മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുതി വിതരണം സുഗമവും കാര്യക്ഷമവുമാക്കാൻ ഉദ്ദേശിക്കുന്നത്. 11 കെ.വി. ലൈൻ നിർമ്മാണം, എൽ.റ്റി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, കൂടുതൽ ശേഷിയുള്ള കമ്പികളുപയോഗിച്ച് ശൃംഖല ശക്തിപ്പെടുത്തുക (റീ കണ്ടക്ടറിംഗ്), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾവഴി നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ വിതരണ മേഖലയിൽ 4,00,000-ത്തോളം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനും 3050 കിലോമീറ്റർ 11 കെ.വി. ലൈൻ, 3500 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കാനും 3300 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും 2900 കിലോമീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസ് ലൈൻ ആക്കി മാറ്റാനും 1250 കിലോമീറ്റർ 11 കെ.വി. ലൈനിന്റെയും 10000 കിലോമീറ്റർ എൽ.റ്റി. ലൈനിന്റെയും ശേഷി വർദ്ധിപ്പിക്കാനും 4.61 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾവഴി വിതരണ മേഖലയിലെ വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, ഗ്രാമീണ മേഖലയ്ക്ക് ഊന്നൽ നൽകി കൂടുതൽ വൈദ്യുതി കണക്ഷനുകൾ നൽകുക എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ലൈനിൽ വേണ്ട അറ്റകുറ്റപ്പണികൾ നടത്തുക, കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളിലും മരച്ചില്ലകളും മറ്റും കൂടുതലായുള്ള സ്ഥലങ്ങളിലും ആവശ്യമെങ്കിൽ ABC/ഭൂഗർഭ കേബിൾ പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ സേവന പരിധി

161 (3925) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ സേവന പരിധിക്കായി സർക്കാർ നിശ്ചയിച്ച ദൂരവ്യാപ്തിയും ഉപഭോക്താക്കളുടെ പരമാവധി എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ്, നെല്ലിക്കുന്ന്, ചെർക്കള, ബദിയഡുക്ക, മുള്ളേരിയ എന്നീ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തന ദൂരവ്യാപ്തി, ഉപഭോക്താക്കളുടെ എണ്ണം, അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം നിലവിലുള്ള വാഹനങ്ങളുടെ വിവരം, ആവശ്യമുള്ള വാഹനങ്ങളുടെ വിവരം എന്നിവ സെക്ഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) ചെർക്കള സെക്ഷൻ ഓഫീസ് വിഭജിക്കേണ്ട ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആവശ്യത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കുമോ?

### ഉത്തരം

(എ) വൈദ്യുതി സെക്ഷൻ ഓഫീസുകളുടെ സേവന പരിധിക്കായി ദൂര വ്യാപ്തിയും ഉപഭോക്താക്കളുടെ പരമാവധി എണ്ണവും നിശ്ചയിച്ചിട്ടില്ല. എന്നാൽ സെക്ഷൻ ഓഫീസുകൾ വിഭജിക്കുമ്പോൾ നിലവിലുള്ള സെക്ഷന്റെ വിസ്തൃതി, ഉപഭോക്താക്കളുടെ എണ്ണം എന്നിവ കൂടാതെ ഭൂപ്രകൃതിയും മറ്റ് സാഹചര്യങ്ങളും കണക്കിലെടുക്കാറുണ്ട്.

നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ലധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്.

(ബി) സെക്ഷൻ തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സെക്ഷൻ | വിസ്തൃതി (പ്രവർത്തന ദൂര വ്യാപ്തി) | ഉപഭോക്താക്കളുടെ എണ്ണം | അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണം | നിലവിലുള്ള വാഹനങ്ങളുടെ വിവരം |
|---|---|---|---|---|
| കാസർഗോഡ് | 29.98 | 21984 | 38 | വാടകയ്ക്കെടുത്ത വാഹനം |
| നെല്ലിക്കുന്ന് | 40.65 | 23093 | 42 | വാടകയ്ക്കെടുത്ത വാഹനം |
| ചെർക്കള | 63.53 | 25262 | 41 | ഡിപ്പാർട്ട്മെന്റ് വാഹനം |
| ബദിയഡുക്ക | 118.70 | 18716 | 39 | വാടകയ്ക്കെടുത്ത വാഹനം |
| മുള്ളേരിയ | 140.25 | 18284 | 35 | വാടകയ്ക്കെടുത്ത വാഹനം |

(സി & ഡി) ചെർക്കള സെക്ഷന്റെ വിഭജനം സംബന്ധിച്ച അപേക്ഷ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തി വിതരണ മേഖല പുനഃസംഘടിപ്പിക്കാൻ ആലോചിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മാത്രമേ പുതിയ സെക്ഷൻ സംബന്ധിച്ച നിർദ്ദേശവും പരിഗണിക്കുകയുള്ളൂ.

## വൈദ്യുതി വിൽപ്പന

162 (3926) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മിച്ചമുണ്ടായിരുന്നപ്പോൾ ഏതൊക്കെ സംസ്ഥാനങ്ങൾക്ക് എത്ര യൂണിറ്റ് വൈദ്യുതി വീതമാണ് വില്പന നടത്തിയതെന്ന് വർഷം, മാസം തിരിച്ച് വ്യക്തമാക്കാമോ;

(ബി) യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വില്പന നടത്തിയത്;

(സി) ഈ ഇനത്തിൽ എത്ര രൂപയാണ് ഓരോ സംസ്ഥാനത്തുനിന്നും ലഭിച്ചതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിലെ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയെന്ന് വർഷം, സംസ്ഥാനം എന്നിങ്ങനെ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - ഡി) 2014 ജൂൺ മുതൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കരാറടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് വൈദ്യുതി വിൽപ്പന നടത്തിയിട്ടില്ല. എന്നാൽ അതാത് ദിവസങ്ങളിൽ മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് സാമ്പത്തിക നഷ്ടം വരാത്ത രീതിയിൽ ക്രമീകരിച്ച് ലോഡ് ഡെസ്പാച്ച് സെന്ററിൽനിന്നും പവർ എക്സ്ചേഞ്ചുവഴി വിൽപ്പന നടത്തുന്നുണ്ട്. 2015-16-ലും 2016-17-ലും വിൽപ്പന നടത്തിയതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**വൈദ്യുതി ബോർഡിലെ പൊതുസ്ഥലംമാറ്റം**

163 (3927) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ പൊതു സ്ഥലംമാറ്റത്തിൽ ഓരോ സ്ഥലംമാറ്റം കഴിയുമ്പോഴും മലബാർ മേഖലയിൽ പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇലക്ട്രിസിറ്റി വർക്കർമാരെ നിയമിക്കുന്നത് പോലെ എല്ലാ നിയമനങ്ങളും ജില്ലാടിസ്ഥാനത്തിലാക്കുമോ;

(സി) എല്ലാ ജില്ലയിലും തുല്യപ്രാധാന്യം നൽകി സ്ഥലംമാറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മുഴുവൻ ജില്ലകളുടേയും സ്ഥലംമാറ്റം തീരുമാനിക്കാനുള്ള അധികാരം ചീഫ് എഞ്ചിനീയറിൽ മാത്രമായതുകൊണ്ടുള്ള ജോലിഭാരവും കാലതാമസവും ഒഴിവാക്കുന്നതിനായി സ്ഥലംമാറ്റത്തിനുള്ള അധികാരങ്ങൾ നോഡൽ ഓഫീസർമാർക്ക് വീതിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മലബാർ മേഖലയിലെ ഒഴിവുകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിയമനങ്ങളിലെ കാലതാമസം, പ്രൊമോഷനുകളിൽ കോടതി ഇടപെടലടക്കമുള്ള തടസ്സങ്ങൾ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിൽ കുറവുണ്ടാകാറുണ്ട്. പൊതുസ്ഥലംമാറ്റംമൂലം ഏതെങ്കിലും മേഖലയിൽ ഇത്തരത്തിൽ കുറവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇത്തരത്തിലൊരു തീരുമാനം ബോർഡിൽ നിലവിലില്ല.

(സി) സ്വീകരിക്കും. സ്ഥലംമാറ്റങ്ങളിൽ പരമാവധി ഒഴിവുകൾ ഏകീകരിച്ചുകൊണ്ടുള്ള നടപടിയുണ്ടാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല. സ്ഥലംമാറ്റങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റി സുതാര്യമാക്കാനും ജോലിഭാരം കുറയ്ക്കാനും നടപടി സ്വീകരിച്ചുവരികയാണ്.

(ഇ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്ന് വിവിധ തസ്തികകളിലെ അഡ്വൈസ് ലിസ്റ്റുകൾ കിട്ടുന്ന മുറയ്ക്കും പ്രൊമോഷനുകൾ നൽകിയും നിലവിലുള്ള ജീവനക്കാരെ ഏകീകൃതമായ രീതിയിൽ പുനർവിന്യസിച്ചും മലബാർ മേഖലയിലെ ജീവനക്കാരുടെ ഒഴിവുകൾ പരമാവധി നികത്തുന്നതാണ്.

## വൈദ്യുതി പ്രതിസന്ധി

164 (3928) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളിൽ വെള്ളം കുറഞ്ഞതിനാൽ പുറം വൈദ്യുതിയെ ആശ്രയിച്ചാണ് മാസങ്ങളായി വൈദ്യുതി നിയന്ത്രണമില്ലാതെ വൈദ്യുതി ബോർഡ് മുന്നോട്ടു പോകുന്നതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വൈദ്യുതി കൊണ്ടുവരുന്നതിന് ലൈൻ ശേഷി ഇല്ലാത്തത് ഭാവിയിൽ വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകുമോ;

(സി) ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 3800-3900 മെഗാവാട്ട് വൈദ്യുതിയാണ് ഉപയോഗത്തിന് വേണ്ടി വരിക എന്നതിനാൽ ഇതിനുള്ള ലൈൻശേഷി സംസ്ഥാനത്ത് ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ആഭ്യന്തര ജലവൈദ്യുത ഉത്പാദനം നിയന്ത്രിച്ച് പുറമേനിന്നും വൈദ്യുതി എത്തിച്ചാണ് ഇപ്പോഴത്തെ ഊർജ്ജക്കമ്മി തരണം ചെയ്യുന്നത്.

(ബി) ലഭ്യമായ ലൈൻ ശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്തിയും അധികശേഷി നേടിയെടുക്കുന്നതിന് പരമാവധി നടപടികൾ സ്വീകരിച്ചും ഇപ്പോഴത്തെ ആവശ്യകത നിറവേറ്റാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഭാവി ആവശ്യകത പ്രതിസന്ധി സൃഷ്ടിക്കാതിരിക്കാൻ കൂടുതൽ ശേഷി നേടുകയോ ആഭ്യന്തര വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുകയോ വേണ്ടതുണ്ട്.

(സി) മാർച്ച് മാസം 4200 മെഗാവാട്ട് വരെ ആവശ്യകത ഉണ്ടായേക്കാമെന്ന കണക്കിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിന് ഇപ്പോഴുള്ള ലൈൻശേഷി പൂർണ്ണമായി ഉപയോഗിക്കേണ്ടിവരും.

**കൂടംകുളം പദ്ധതിയിൽനിന്ന് വൈദ്യുതി**

165 (3929) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം പദ്ധതിയിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിൽ നേരിടുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന് ഭൂമിയുടമസ്ഥന്റെ അനുമതി ആവശ്യമില്ലെന്ന സുപ്രീം കോടതിയുടെ സമീപകാല വിധിന്യായം, കൂടംകുളം പദ്ധതിയിൽനിന്ന് സംസ്ഥാനത്ത് വൈദ്യുതി എത്തിക്കുന്നതിന് സഹായകരമാവും എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൂടംകുളം പദ്ധതിയിൽനിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി - ഇടമൺ - കൊച്ചി ലൈൻ നിർമ്മിക്കുന്നതിനെതിരെ കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിലുള്ള സ്ഥലമുടമകൾ ഉയർത്തുന്ന ശക്തമായ പ്രതിഷേധം പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

(ബി) ഉണ്ട്. ലൈൻ നിർമ്മിക്കുന്നതിന് ഭൂമിയുടമസ്ഥന്റെ അനുമതി ആവശ്യമില്ലെന്ന സുപ്രീംകോടതിയുടെ സമീപകാല വിധിന്യായം കൂടംകുളം പദ്ധതിയിൽനിന്ന് സംസ്ഥാനത്ത് വൈദ്യുതി എത്തിക്കുന്നതിനുവേണ്ട ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാകും. ആയതിലേയ്ക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് അനുസരിച്ചുള്ള നഷ്ടപരിഹാരം ജില്ലാ കളക്ടറേറ്റുകളിൽനിന്നും ബന്ധപ്പെട്ട ഭൂ ഉടമകൾക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്.

**വൈദ്യുതി ദുർവിനിയോഗം**

166 (3930) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും ബാങ്ക് ഇതര പൊതുസ്ഥാപനങ്ങളും അശ്രദ്ധമായി എ.സി. ഉൾപ്പെടെയുള്ള വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് വൈദ്യുതി പാഴാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച പൊതുസ്ഥാപനങ്ങളിലെ ഊർജ്ജനഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനം കടുത്ത ഊർജ്ജപ്രതിസന്ധി നേരിടുമ്പോൾ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഊർജ്ജ നഷ്ടം ഒഴിവാക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളിലുൾപ്പെടെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ഊർജ്ജ സംരക്ഷണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഫീസുകളുടെ ഊർജ്ജ ഓഡിറ്റിംഗ് നടത്തിവരുന്നുണ്ട്.

(സി) വേനൽക്കാലത്ത് അധിക വൈദ്യുതി ഉപയോഗം മുന്നിൽ കണ്ട് എല്ലാ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും ഊർജ്ജ ഉപയോഗം കാര്യക്ഷമമാക്കുന്നതിനും ഇടവേളകളിലും വൈദ്യുത ഉപകരണങ്ങൾ ആവശ്യമില്ലാത്ത സമയങ്ങളിലും അവ സ്വിച്ച് ഓഫ് ചെയ്യുന്നതിനുമുള്ള അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്.

**വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

167 (3931) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ഒൻപത് പദ്ധതികളുടെയും (165 മെഗാ വാട്ടും) ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പതിനാറ് ജലവൈദ്യുതി പദ്ധതികളുടെയും (156.5 മെഗാ വാട്ടും) വിശദവിവരം ചുവടെ ചേർക്കുന്നു:

<u>നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ</u>

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| 1 | പെരുന്തേനരുവി | 6 | 25.77 | പത്തനംതിട്ട |
| 2 | കക്കയം | 3 | 10.39 | കോഴിക്കോട് |
| 3 | ഭൂതത്താൻകെട്ട് | 24 | 83.5 | എറണാകുളം |
| 4 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 | തൃശ്ശൂർ |
| 5 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 85 | ഇടുക്കി |
| 6 | അപ്പർ കല്ലാർ | 2 | 5.14 | ഇടുക്കി |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | ഇടുക്കി |
| 8 | തോട്ടിയാർ | 40 | 99 | ഇടുക്കി |
| 9 | ചാത്തൻകോട്ടുനട-II | 6 | 14.76 | കോഴിക്കോട് |
| | ആകെ | 165 | 522.48 | |

<u>പുതിയ ജലവൈദ്യുത പദ്ധതികൾ</u>

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) | ജില്ല |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പെരുവണ്ണാമൂഴി | 6 | 24.7 | കോഴിക്കോട് |
| 2 | പഴശ്ശി സാഗർ | 7.5 | 25.16 | കണ്ണൂർ |
| 3 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 | ഇടുക്കി |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | ചിന്നാർ | 24 | 76.45 | ഇടുക്കി |
| 5 | അപ്പർ ചെങ്കുളം | 24 | 53.22 | ഇടുക്കി |
| 6 | ലാഡ്രം | 3.5 | 12.13 | ഇടുക്കി |
| 7 | ഒലിക്കൽ | 5 | 10.26 | കോഴിക്കോട് |
| 8 | പൂവാരംതോട് | 3 | 5.88 | കോഴിക്കോട് |
| 9 | മാർമ്മല | 7 | 23.02 | കോട്ടയം |
| 10 | ചെമ്പുക്കടവ് - III | 7.5 | 17.715 | കോഴിക്കോട് |
| 11 | മാങ്കുളം | 40 | 82 | ഇടുക്കി |
| 12 | പീച്ചാട് | 3 | 7.74 | ഇടുക്കി |
| 13 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | ഇടുക്കി |
| 14 | മരിപ്പുഴ | 6 | 14.84 | കോഴിക്കോട് |
| 15 | വാളാംതോട് | 7.5 | 15.291 | കോഴിക്കോട് |
| 16 | ആനക്കയം | 7.5 | 22.83 | തൃശ്ശൂർ |
| | ആകെ | 156.5 | 409.346 | |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ഡാമിന്റെ നടപ്പാതയുടെ മുകളിലും റിസർവോയറുകളിലും സൗരോർജ്ജ പദ്ധതികൾ പൂർത്തിയായതും നിർമ്മാണം നടന്നുവരുന്നതും ദർഘാസ് നടപടികൾ പുരോഗമിക്കുന്നതുമായ പദ്ധതികൾ നിലവിലുണ്ട്.

കേന്ദ്ര നവീകരണ ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്ന സോളാർ പാർക്ക് പദ്ധതി പ്രകാരം കേരളത്തിൽ കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പുവർഷം ഈ പദ്ധതിയിൽനിന്നും 50 മെഗാവാട്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശേഷിക്കുന്നതിൽ 50 മെഗാവാട്ട് 2017-18-ലും 100 മെഗാവാട്ട് 2018-19-ലും പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിവരുന്നു.

കേരളത്തിലുടനീളമുള്ള കടൽത്തീരങ്ങളിൽനിന്നും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദനം സാദ്ധ്യമാക്കുകയെന്ന ബൃഹത് പദ്ധതിയുടെ ആരംഭ പദ്ധതിയായി പൂവാർ കടൽത്തീരത്ത് ഒരു മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറുകാറ്റാടികൾ ഉപയോഗിച്ചുകൊണ്ടുള്ള കാറ്റാടിപ്പാടം സ്ഥാപിക്കുന്ന പദ്ധതിയുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്.

കഞ്ചിക്കോട് കാറ്റാടിപ്പാടത്തിൽ ഉല്പാദനം നടത്തിവരുന്ന 225 KW ശേഷിയുടെ 9 കാറ്റാടി യന്ത്രങ്ങളിൽ 5 എണ്ണം മാറ്റി പകരം ശേഷികൂടിയ 5 കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് (3 x 850 KW + 2 x 600 KW) കാറ്റാടി നിലയത്തിന്റെ ശേഷി 2.625 മെഗാവാട്ട് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും കൂടാതെ ഒരു മെഗാവാട്ട് സോളാർ നിലയത്തിന് സമീപത്തായി 2.5 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിയന്ത്രം സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. സ്വകാര്യ/മറ്റിതര സ്ഥാപനങ്ങൾവഴി 3.5 മെഗാവാട്ടോളം കൂട്ടിച്ചേർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വാതകാധിഷ്ഠിത താപവൈദ്യുത നിലയങ്ങൾ ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കപ്പെടുന്നതാണ്.

അനെർട്ട് മുഖേന 2016-17 വർഷം 2 KW മുതൽ 100 KW വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകളും 1 KW മുതൽ 5 KW വരെ ശേഷിയുള്ള off grid പവർ പ്ലാന്റുകളും സ്ഥാപിച്ച് നൽകുന്നതിന് ലക്ഷ്യമിടുന്നു.

**വൈദ്യുത പദ്ധതികൾ**

168 (3932) <u>ശ്രീ. എസ്. ശർമ്മ</u> :

<u>ശ്രീ. ബി. ഡി. ദേവസ്സി</u> :

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :

<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങി വച്ച പല വൈദ്യുത പദ്ധതികളും ശേഷം വന്ന യു. ഡി. എഫ്. സർക്കാർ സ്തംഭനത്തിലാക്കിയതായും അതേസമയം പുതിയ ഒരു പദ്ധതി പോലും ആരംഭിക്കാതിരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങി വച്ച പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, ചാത്തൻകോട്ട് നട എന്നീ വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മുടങ്ങി കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതോടൊപ്പം പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ആകെ എത്ര മെഗാ വാട്ട് ശേഷിയുള്ള വൈദ്യുത പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടങ്ങിയ പള്ളിവാസൽ (60 MW), തോട്ടിയാർ (40 MW), ചെങ്കുളം ആഗ്മെന്റേഷൻ ചാത്തൻകോട്ടുനട (6 MW), കക്കയം (3 MW) എന്നീ പദ്ധതികളുടെ നിർമ്മാണം മുമ്പ് നിശ്ചയിച്ച പ്രകാരം പൂർത്തിയായിട്ടില്ല. ഈ പദ്ധതികൾ പൂർത്തിയാക്കാനുള്ള നടപടികൾ നടന്നുവരുന്നു. മേൽപ്പറഞ്ഞവ ഉൾപ്പെടെ 10 പദ്ധതികൾക്കാണ് അക്കാലത്ത് തുടക്കമിട്ടത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5 ചെറുകിട പദ്ധതികൾക്ക് തുടക്കമിട്ടിരുന്നു.

(ബി) തോട്ടിയാർ, ചാത്തൻകോട്ടുനട തുടങ്ങിയ പദ്ധതികളുടെ നിലവിലുള്ള കരാർ ഫോർക്ലോസ് ചെയ്യാൻ 4-3-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 07/16/ഊ.വ. പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവ് ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ആയതിന്മേലുള്ള തീരുമാനം വരുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ 16-1-2017-ലെ സ. ഉ. (എം.എസ്.) നമ്പർ 01/2017/ഊ.വ. പ്രകാരം പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയെ മേൽ സർക്കാർ ഉത്തരവിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. ഈ പദ്ധതിയുടെ ബാക്കി പണികൾ പുനരാരംഭിക്കുന്നതിനുവേണ്ടി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതോടൊപ്പം താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു:

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി - SHEP | 6 | (30-9-2016 - ൽ ടെണ്ടർ ചെയ്തു) |
| 2 | പഴശ്ശി സാഗർ - SHEP | 7.5 | (7-12-2016-ൽ ടെണ്ടർ ചെയ്തു) |
| 3 | ചിന്നാർ - SHEP | 24 | സ്ഥലം ഏറ്റെടുപ്പ് നടപടികൾ നടന്നുവരുന്നു |
| 4 | മാങ്കുളം - SHEP | 40 | -do- |
| 5 | ലാഡ്രം - SHEP | 3.5 | (സ്ഥലം ഏറ്റെടുപ്പ് നടപടികൾ നടന്നുവരുന്നു) |
| 6 | മാർമ്മല - SHEP | 7 | -do- |
| 7 | പീച്ചാട് - SHEP | 3 | -do- |
| 8 | വെസ്റ്റേൺ കല്ലാർ - SHEP | 5 | -do- |
| 9 | അപ്പർ ചെങ്കുളം - SHEP | 24 | -do- |
| 10 | ഒലിക്കൽ - SHEP | 5 | -do- |
| 11 | പൂവാരംതോട് - SHEP | 3 | -do- |
| 12 | ചെമ്പുക്കടവ് - III - SHEP | 7.5 | -do- |
| 13 | മരിപ്പുഴ - SHEP | 6 | -do- |
| 14 | വാലന്തോട് - SHEP | 7.5 | -do- |
| 15 | വടക്കേപ്പുഴ - SHEP | - | 0.7 MU |
| 16 | ആനക്കയം - SHEP | 7.5 | -do- |
| | ആകെ | 156.5 | |

(ഡി) 321.5 മെഗാവാട്ട് ശേഷിയുള്ള 25 ജലവൈദ്യുത പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

പരമ്പരേ്യതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജ ഉല്പാദനത്തിനായി പൂർത്തീകരിച്ചതും നിർമ്മാണം നടന്നുവരുന്നതും ദർഘാസ് നടപടികൾ പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു *. അനെർട്ട് മുഖേന 2016-17 വർഷം 2 KW മുതൽ 100 KW ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകളും 1 KW മുതൽ 5 KW വരെ ശേഷിയുള്ള off grid പവർ പ്ലാന്റുകളും സ്ഥാപിച്ച് നൽകുന്നതിന് ലക്ഷ്യമിടുന്നു.

**വൈദ്യുതി ബോർഡിലെ കരാർ തൊഴിലാളികൾ**

169 (3933) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ വിവിധ വിഭാഗം കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനെക്കുറിച്ച് വൈദ്യുതി ബോർഡിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ബോർഡ് പ്രീപെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വൈദ്യുതി ബോർഡ് മീറ്റർ റീഡിംഗിൽ പി.ഡി.എ. എന്ന സാങ്കേതിക സംവിധാനം ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സീനിയർ അസിസ്റ്റന്റുമാരെ പിരിച്ചുവിടുന്ന അവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കരാർ തൊഴിലാളികൾക്ക് തുല്യജോലിക്ക് തുല്യവേതനം നല്കണമെന്ന സുപ്രീം കോടതി ഉത്തരവ് വൈദ്യുതി ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡ് കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നില്ല. വൈദ്യുതി ബോർഡിലുണ്ടാകുന്ന ഒഴിവുകളിൽ ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട എന്നിവയൊഴികെയുള്ളവയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് സ്ഥിരനിയമനങ്ങൾ നടത്തിവരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വൈദ്യുതി ബോർഡ് പ്രീപെയ്ഡ് മീറ്ററുകൾ സ്ഥാപിക്കുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) ഇല്ല. കേരളത്തിലുടനീളം മീറ്റർ റീഡിംഗിന് പി.ഡി.എ. സാങ്കേതിക സംവിധാനം വന്നുകഴിഞ്ഞാൽ നിലവിൽ സ്ഥിരമായിട്ടുള്ള സീനിയർ അസിസ്റ്റന്റ് പോസ്റ്റുകൾ തന്നെ അധികമായി വരുന്നതും അവരുടെ സേവനം കാര്യക്ഷമമായി വിനിയോഗിക്കത്തക്കവിധത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പുനർവിന്യസിക്കുന്നതുമാണ്.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പ്രസ്തുത വിധി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള ജോലി കരാർ നൽകുന്ന രീതിയുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ അതുസംബന്ധിച്ച നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

**പതിനായിരം വീടുകൾക്ക് മുകളിൽ സോളാർ പാനൽ**

170 (3934) ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം വീടുകൾക്കു മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന അനർട്ടിന്റെ പദ്ധതിക്ക് എന്നാണ് തുടക്കം കുറിച്ചത്;

(ബി) പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ചു;

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ചു;

(ഡി) പദ്ധതിയിലെ സബ്സിഡി തുക എത്രയായിരുന്നു;

(ഇ) പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഗ്രിഡിലേക്ക് പ്രതിദിനം എത്ര കിലോവാട്ട് വൈദ്യുതി ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13 വർഷമാണ് പദ്ധതി ആരംഭിച്ചത്.

(ബി) 8391 എണ്ണം - 1 കിലോവാട്ട് സോളാർ പവർ പ്ലാന്റുകൾ.

(സി) 1467 എണ്ണം - 1 കിലോവാട്ട് സോളാർ പവർ പ്ലാന്റുകൾ.

(ഡി) സംസ്ഥാന സർക്കാർ - 39,000 രൂപ.

കേന്ദ്ര സർക്കാർ - 53,262 രൂപ.

(ഇ) ഈ പദ്ധതി വഴി ഗ്രിഡിലേയ്ക്ക് വൈദ്യുതി നേരിട്ട് നൽകുന്നില്ല. പക്ഷേ ഇത് സ്ഥാപിക്കുകവഴി പ്രതിദിനം 29674 യൂണിറ്റോളം വൈദ്യുതി ലാഭിക്കാൻ കഴിയുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1340.58 കിലോവാട്ട് (64 എണ്ണം), ഈ സർക്കാരിന്റെ കാലത്ത് 2686.33 കിലോവാട്ട് (215 എണ്ണം). ഉപഭോക്താക്കൾക്ക് അവരുടെ സ്ഥലത്ത് സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

**പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷനാഫീസ്**

171 (3935) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പമ്പാവാലി, കിഡുമം, നാറാണംകാട്, അറയാഞ്ഞിലി മണ്ണ് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങളുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്കായി ഇപ്പോൾ ഏത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്;

(ബി) എരുമേലി സെക്ഷനു കീഴിൽ നിലവിൽ എത്ര ഉപഭോക്താക്കളും എത്ര കിലോ മീറ്റർ വൈദ്യുതി ലൈനുകളുമാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) രണ്ട് ജില്ലകളിലുമായി നിരവധി ഉപഭോക്താക്കൾ ഉണ്ടെന്നിരിക്കെ മലയോര മേഖലകളിൽ വൈദ്യുതി തകരാർ ഉണ്ടായാൽ അത് പരിഹരിക്കുവാൻ ദിവസങ്ങൾ എടുക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനു പരിഹാരമായി എരുമേലി സെക്ഷൻ ആഫീസ് വിഭജിച്ച് പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷനാഫീസ് ആരംഭിച്ചാൽ കിഴക്കൻ മലയോര മേഖലയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യും എന്ന കാര്യം പഠന വിധേയമാക്കിയിട്ടുണ്ടോ;

(ഇ) പമ്പാവാലി കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) പമ്പാവാലി, കിഡ്ഡമം, നാറാണംകാട്, അറയാഞ്ഞിലിമണ്ണ് എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ തങ്ങളുടെ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്ക് എരുമേലി സെക്ഷൻ ഓഫീസിനെയാണ് ആശ്രയിക്കുന്നത്. ഫെബ്രുവരി 2017-ലെ കണക്കുകൾ പ്രകാരം എരുമേലി സെക്ഷന്റെ കീഴിൽ 17593 ഉപഭോക്താക്കളും 785.69 കിലോമീറ്റർ എൽ.റ്റി. ലൈനുകളും 108.3 കിലോമീറ്റർ 11 KV ലൈനുകളുമാണുള്ളത്.

(സി) ഉണ്ട്. കനത്ത മഴ, പ്രകൃതിക്ഷോഭം എന്നിങ്ങനെയുള്ള നിയന്ത്രണാതീതമായ സന്ദർഭങ്ങളിലുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളിലൊഴികെ മറ്റവസരങ്ങളിലെല്ലാം സമയബന്ധിതമായി വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നുണ്ട്.

(ഡി & ഇ) നിലവിലുള്ള എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് എരുമേലി സെക്ഷന്റെ കിഴക്കൻ മേഖലയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കണമല/മുക്കൂട്ടുതറ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തി വിതരണ മേഖല പുനഃസംഘടിപ്പിക്കുന്നതിനാണ് ആലോചിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി മാത്രമേ പുതിയ സെക്ഷൻ നിർദ്ദേശവും പരിഗണിക്കുകയുള്ളൂ.

**സൗരോർജ്ജ പാനൽ**

172 (3936) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വീടിന് ഒരു സൗരോർജ്ജ പാനൽ എന്ന നയം തുടങ്ങാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുറഞ്ഞ നിരക്കുകളിൽ സോളാർ പാനലുകൾ ലഭ്യമാക്കാൻ സർക്കാർ തയ്യാറാവുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി വൈദ്യുതി ലൈൻ എത്തിയിട്ടില്ലാത്ത ഉൾനാടൻ ഒറ്റപ്പെട്ട പ്രദേശങ്ങൾ

300 WP ശേഷിയുള്ള സോളാർ പാനൽ 300 VA ഇൻവർട്ടർ, 120 AH-ന്റെ രണ്ട് ബാറ്ററികൾ മുതലായവ ഉൾപ്പെടുന്ന സൗരനിലയം സ്ഥാപിച്ച് വൈദ്യുതി നൽകുന്നതിനുവേണ്ട പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സോളാർ കണക്ട് (സൗരോർജ്ജ ഗ്രിഡ് കണക്ടഡ് പദ്ധതി), സോളാർ സ്മാർട്ട് (സൗരോർജ്ജ ഓഫ് ഗ്രിഡ്) പദ്ധതി എന്നിങ്ങനെ ആകെ 11.4 മെഗാവാട്ട് സ്ഥാപിതശേഷിയാണ് 2016-17-ൽ നടപ്പിലാക്കുന്നത്.

(ബി) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി കുറഞ്ഞ ചെലവിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**സൗരോർജ്ജ പദ്ധതികൾ**

173 (3937) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ സംസ്ഥാനം വിമുഖത കാട്ടുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സൗരോർജ്ജ സബ്സിഡിക്ക് കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നുണ്ടോ; 2015-16-ലും 2016-17-ലുമായി ഇതുവരെ എത്ര തുക അനുവദിച്ചു; ഇതിൽ കെ.എസ്.ഇ.ബി. എത്ര തുക ഉപയോഗപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ പദ്ധതികൾ ത്വരിതഗതിയിൽ നടത്താനായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് എന്ന വിഭാഗം രൂപീകരിച്ച് പ്രവർത്തിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പാലക്കാട് കൊല്ലങ്കോട് സബ്സ്റ്റേഷന്റെ പരിസരത്ത് | 1 മെഗാവാട്ട് |
| 2 | വയനാട് പടിഞ്ഞാറേത്തറ ഡാമിനുമുകളിൽ | 400 മെഗാവാട്ട് |
| 3 | എറണാകുളം ഇടയാർ സബ്സ്റ്റേഷൻ പരിസരത്ത് | 1.25 മെഗാവാട്ട് |
| 4 | പാലക്കാട് 7 ആദിവാസി കോളനികളിൽ (ഡി.ഡി.ജി.) | 0.112 മെഗാവാട്ട് |
| 5 | കണ്ണൂർ ജില്ലയിൽ ബാരപ്പോൾ കനാൽടോപ് | 3 മെഗാവാട്ട് |
| 6 | കണ്ണൂർ ജില്ലയിൽ ബാരപ്പോൾ കനാൽ ബാങ്ക് | 1 മെഗാവാട്ട് |
| 7 | വിവിധ ജില്ലകളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ജനറേഷൻ വിഭാഗത്തിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ | 0.7 മെഗാവാട്ട് |

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതും ദർഘാസ് നടപടികൾ പുരോഗമിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ട് സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സോളാർ കണക്ട് (സൗരോർജ്ജ ഗ്രിഡ് കണക്ടഡ് പദ്ധതി), സോളാർ സ്മാർട്ട് (സൗരോർജ്ജ ഓഫ് ഗ്രിഡ്) പദ്ധതി എന്നിങ്ങനെ ആകെ 11.4 മെഗാവാട്ട് സ്ഥാപിതശേഷിയാണ് 2016-17 വർഷത്തിൽ നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്. അനെർട്ടിന് 2015-16, 2016-17 വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്നും യഥാക്രമം 10.2 കോടി രൂപയും 27.63 കോടി രൂപയും ധനസഹായമായി ലഭിച്ചിട്ടുണ്ട്. 2015-16, 2016-17 വർഷങ്ങളിൽ കേന്ദ്ര സർക്കാർ സൗരോർജ്ജ സബ്സിഡിയായി ഒരു മെഗാവാട്ട് കനാൽ ബാങ്ക് (ബാരപ്പോൾ) പ്രോജക്ടിനായി 1.5 കോടി രൂപയും രണ്ട് മെഗാവാട്ട് കനാൽ ടോപ്പ് (ബാരപ്പോൾ) പ്രോജക്ടിനായി 5.278 കോടി രൂപയും കെ.എസ്.ഇ.ബി.എൽ.-ന് അനുവദിച്ചിട്ടുണ്ട്. ഇതിൽ കനാൽ ബാങ്ക് പദ്ധതിക്കായി 60 ലക്ഷം രൂപയും കനാൽ ടോപ്പ് പദ്ധതിക്കായി 2.11 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ട്. ഈ സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ചു. സബ്സിഡി തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലയിൽ ട്രാൻസ്ഫോർമറുകൾ

174 (3938) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര ട്രാൻസ്ഫോർമറുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ അനുവദിച്ച ട്രാൻസ്ഫോർമറുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലത്ത് അനുവദിച്ച ട്രാൻസ്ഫോർമറുകളിൽ ഏതൊക്കെ ഇടങ്ങളിലാണ് സ്ഥാപിക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ബാക്കിയുള്ളവയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകും;

(ഇ) ഈ ജില്ലയിൽ ട്രാൻസ്ഫോർമർ, വൈദ്യുതി തൂണുകൾ, കമ്പി, അനുബന്ധസാമഗ്രികൾ എന്നിവയുടെ അപര്യാപ്തതയുണ്ടോ; എങ്കിൽ അപര്യാപ്തത എന്നത്തേക്ക് പരിഹരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ വിതരണ മേഖലയിൽ അനുവദിച്ച ട്രാൻസ്ഫോർമറുകളുടെ വിവരം അനുബന്ധം ചേർത്തിരിക്കുന്നു.*

പ്രസരണ മേഖലയിൽ കാസർഗോഡ് ജില്ലയിൽ ചുവടെ ചേർത്തിരിക്കുന്ന ട്രാൻസ്ഫോർമറുകൾ അനുവദിച്ച് സ്ഥാപിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 1 | 33 കെ. വി. സബ്സ്റ്റേഷൻ, കാസർഗോഡ് (New) | 2 x 5 MVA |
| 2 | 33 കെ. വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാട് (New) | 2 x 5 MVA |
| 3 | 33 കെ. വി. സബ്സ്റ്റേഷൻ, ബദിയടുക്ക (New) | 1 x 5 MVA |

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ വിതരണ മേഖലയിൽ അനുവദിച്ച ട്രാൻസ്ഫോർമറുകളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*പ്രസരണ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| 1 | 110 കെ.വി. സബ്സ്റ്റേഷൻ, വിദ്യാനഗർ | 1 x 16 MVA |
| 2 | 110 കെ.വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാട് | 1 x 16 MVA |
| 3 | 110 കെ.വി. സബ്സ്റ്റേഷൻ, വിദ്യാനഗർ (ശേഷി വർദ്ധിപ്പിക്കൽ) | 2 x 10 MVA -യെ മാറ്റി 2 x 20 MVA |
| 4 | 110 കെ.വി. സബ്സ്റ്റേഷൻ, കാഞ്ഞങ്ങാട് (ശേഷി വർദ്ധിപ്പിക്കൽ) | 2 x 10 MVA -യെ മാറ്റി 2 x 12.5 MVA |
| 5 | 220 കെ.വി. മൈലാട്ടി സബ്സ്റ്റേഷൻ (ശേഷി വർദ്ധിപ്പിക്കൽ) | 1 x 10 MVA -യെ മാറ്റി 1 x 12.5 MVA |
| 6 | 33 കെ.വി. സബ്സ്റ്റേഷൻ, ബേലൂർ (ശേഷി വർദ്ധിപ്പിക്കൽ) | 1 x 5 MVA |
| 7 | 220 കെ.വി. അമ്പലത്തറ സബ്സ്റ്റേഷൻ | 2 x 100 MVA<br>220 /33 KV |

(സി & ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ വിതരണ മേഖലയിൽ അനുവദിച്ച ട്രാൻസ്ഫോർമറുകളിൽ സ്ഥാപിക്കാൻ ബാക്കിയുള്ളവയുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* പ്രസരണ മേഖലയിൽ 220 കെ.വി. അമ്പലത്തറ സബ്സ്റ്റേഷനിൽ സോളാർ പവർ സ്വീകരിക്കുന്നതിനായി 2 x 100 MVA, 220/33 കെ.വി. ട്രാൻസ്ഫോർമറുകൾ അനുവദിച്ച് ലഭ്യമാക്കിയത് മാർച്ച് 31-ന് മുമ്പ് സ്ഥാപിക്കത്തക്ക വിധത്തിൽ പണി പൂർത്തിയായിവരുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയ സാധന സാമഗ്രികൾ ആവശ്യത്തിന് ലഭ്യമല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. പ്രസരണത്തിനുള്ള ACSR-വുൾഫ് കമ്പിയുടെ അപര്യാപ്തതയുണ്ട്. അപര്യാപ്തത മേയ് 2017-ഓടെ പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

175 (3939) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി തുടങ്ങുന്നതിന്റെ ഭാഗമായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കുവാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയുടെ പണി എന്നത്തേക്ക് തുടങ്ങി എന്ന് പൂർത്തീകരിക്കാൻ ആകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഇ) പദ്ധതിയുടെ നടത്തിപ്പിനായി അതിരപ്പിള്ളിയിൽ കെ. എസ്. ഇ. ബി. ലിമിറ്റഡിന്റെ ഏതെങ്കിലും തരത്തിലുള്ള ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വ്യവസ്ഥകളോടെയുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് തന്നിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്തുനിന്നും മരങ്ങൾ മുറിച്ചുമാറ്റിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയോടുള്ള എതിർപ്പുകളും രൂക്ഷമാണ്. ഇക്കാര്യങ്ങളിൽ സമവായമുണ്ടാക്കി പദ്ധതി നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിക്കും.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. അതിരപ്പിള്ളി, ആനക്കയം എന്നീ പദ്ധതികൾക്കായി ഒരു ഡിവിഷൻ ഓഫീസ് കണ്ണൻകുഴിയിൽ പ്രവർത്തിക്കുന്നു. ടി ഓഫീസിന്റെ പ്രവർത്തനത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി ചെയ്യുന്നു:

| | |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 2 |
| സബ് എഞ്ചിനീയർ | 6 |
| ആകെ | 11 |

കൂടാതെ നവീന സാങ്കേതികവിദ്യയായ സ്റ്റ്ലൂ ടർബൈനുകൾ ഉപയോഗിച്ചുള്ള മൈക്രോ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവും ഈ ഓഫീസിന്റെ കീഴിലാണ്.

## സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനൽ

176 (3940) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. ടി. ബൽറാം :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചു;

(സി) ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു;

(ഡി) ഈ പദ്ധതിക്ക് നബാർഡിന്റെ ഗ്രീൻഫണ്ടിൽനിന്നും ധനസഹായം ലഭിച്ചോ; എങ്കിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന ചില പദ്ധതികൾ അനെർട്ട് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനെർട്ടിന്റെ സേവനം ഉപയോഗപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള ജയ്ഹിന്ദ് മാർക്കറ്റ് കെട്ടിടത്തിന്റെ റൂഫ് ടോപ്പിൽ 200 കിലോവാട്ട് ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റും കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ 9 കിലോവാട്ട് റൂഫ് ടോപ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

(സി) 0.209 മെഗാവാട്ട് (209 കിലോ വാട്ട്) വൈദ്യുതി ഉല്പാദനശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

(ഡി) ഈ പദ്ധതിക്ക് നബാർഡിന്റെ ഗ്രീൻ ഫണ്ടിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ല.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

177 (3941) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി നൽകേണ്ട പുതിയ കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഓരോ തദ്ദേശസ്ഥാപനവും നൽകിയ തുകയുടെയും, എം.പി., എം.എൽ.എ. വിഹിതത്തിന്റെയും വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി നൽകേണ്ട പുതിയ കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് / മുനിസിപ്പാലിറ്റി | എണ്ണം |
|---|---|---|
| 1 | കൊട്ടാരക്കര മുനിസിപ്പാലിറ്റി | 49 |
| 2 | നെടുവത്തൂർ പഞ്ചായത്ത് | 70 |
| 3 | മൈലം പഞ്ചായത്ത് | 144 |
| 4 | കുളക്കട പഞ്ചായത്ത് | 74 |
| 5 | ഉമ്മന്നൂർ പഞ്ചായത്ത് | 177 |
| 6 | വെളിയം പഞ്ചായത്ത് | 121 |
| 7 | എഴുകോൺ പഞ്ചായത്ത് | 61 |
| 8 | കരീപ്ര പഞ്ചായത്ത് | 87 |
| | ആകെ | 783 |

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നൽകിയ തുകയുടെ 8-3-2017 വരെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് / മുനിസിപ്പാലിറ്റി | എണ്ണം |
|---|---|---|
| 1 | കൊട്ടാരക്കര മുനിസിപ്പാലിറ്റി | 1,00,000 |
| 2 | നെടുവത്തൂർ പഞ്ചായത്ത് | 1,00,000 |
| 3 | മൈലം പഞ്ചായത്ത് | 1,78,000 |
| 4 | കുളക്കട പഞ്ചായത്ത് | 1,50,000 |
| 5 | ഉമ്മന്നൂർ പഞ്ചായത്ത് | 1,75,000 |
| 6 | വെളിയം പഞ്ചായത്ത് | 1,00,000 |
| 7 | എഴുകോൺ പഞ്ചായത്ത് | 1,00,000 |
| 8 | കരീപ്ര പഞ്ചായത്ത് | 1,00,000 |
| 9 | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | 2,00,000 |
| 10 | എം.എൽ.എ. വിഹിതം | 17,74,270 |
| എം.പി. വിഹിതം ഇതുവരെ ലഭിച്ചിട്ടില്ല | | |

**സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം**

178 (3942) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിൻെറ ഭാഗമായി വൈദ്യുതി കണക്ഷൻ കൊടുക്കേണ്ടതിൽ ഇനിയും വയറിംഗ് നടത്താത്ത വീടുകളിൽ സമയബന്ധിതമായി വയറിംഗ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വയറിംഗ് ജോലികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഊർജ്ജിതമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വയറിംഗിന് കൊടുക്കാവുന്ന തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വീടുകൾക്കുള്ള വൈദ്യുതീകരണത്തിന് ചെലവാകുന്ന തുകയുടെ 75 ശതമാനം പ്രസ്തുത വകുപ്പ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടോ; ഇത്തരക്കാരിൽ വീട് വയറിംഗ് നടത്താൻ കഴിയാത്തവർക്ക് കെ.എസ്.ഇ.ബി. തന്നെ വയറിംഗ് നടത്തി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) വിവിധ കാരണങ്ങളാൽ ലൈൻ വലിച്ച് കണക്ഷൻ കൊടുക്കാൻ കഴിയാത്തവർക്ക് സോളാർ സംവിധാനത്തിലൂടെ വൈദ്യുതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇനിയും വയറിംഗ് നടത്താത്ത വീടുകളിൽ വയറിംഗ് നടത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. തദ്ദേശസ്വയംഭരണ, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമവകുപ്പുകളുടെയും REC, NTPC, PFC, KPFC എന്നീ സ്ഥാപനങ്ങളുടെയും സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ലെ വിവിധ സംഘടനകൾ വഴിയും ജീവനക്കാരുടെ സഹായം വഴിയും മൂവായിരത്തോളം വീടുകളിൽ ഇതിനകം വയറിംഗ് നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇനിയും വീടുകൾ വയറിംഗ് നടത്തുന്നതിന് ശ്രമിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമവകുപ്പുകളിൽനിന്നും കൂടാതെ, REC, NTPC, PFC, KPFC തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും CSR മുഖേനയും സഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തീകരിക്കാൻ കഴിയാത്ത മുഴുവൻ ബി.പി.എൽ. വിഭാഗത്തിലുള്ളവരുടെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ അപേക്ഷകരുടെയും വീടുകൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് വയറിംഗ് നടത്തി വൈദ്യുതീകരിക്കാൻ ബോർഡ് ഉത്തരവായിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയറിംഗ് ഗ്രാന്റ് 5,000 രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് ലൈൻ നിർമ്മാണത്തിനും വയറിംഗ് ഉൾപ്പെടെയുള്ള

ജോലികൾക്കുമുള്ള ആകെ എസ്റ്റിമേറ്റ് തുകയുടെ 75 ശതമാനം തുക പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽനിന്ന് ലഭ്യമാക്കണമെന്ന് ബഹു.പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ, നിയമ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എന്നിവർ പങ്കെടുത്ത് 15-2-2017-ന് നടത്തിയ യോഗത്തിൽ ധാരണയായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വയറിംഗ് നടത്തിയിട്ടില്ലാത്ത BPL വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗം വീടുകളുടെയും വയറിംഗ് നടത്തിയിട്ടില്ലാത്ത പട്ടികവർഗ്ഗ വീടുകളുടെയും വയറിംഗ് ജോലികൾ KSEBL നേരിട്ട് നിർവ്വഹിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ സോളാർ ഉൾപ്പെടെയുള്ള വികേന്ദ്രീകൃത വൈദ്യുതോല്പാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽപ്പെടുന്ന ഇത്തരം പ്രദേശങ്ങളിലെ വൈദ്യുതീകരണം ANERT-ഉം മറ്റ് ജില്ലകളിലുള്ള കോളനികളിലെ വൈദ്യുതീകരണം കെ.എസ്.ഇ.ബി.എൽ.-ഉം ആണ് നടപ്പിലാക്കുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

179 (3943) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി നൂറ്റി നാല്പത് മണ്ഡലങ്ങളിലെ എം.എൽ.എ. മാരും തങ്ങളുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും നൽകിയ തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സഹകരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ചെലവഴിച്ച തുക എത്ര വീതമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 9-3-2017-ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനായി 123 എം.എൽ.എ.-മാർ കത്ത് നൽകിയിട്ടുണ്ട്. 35.49 കോടി രൂപയുടെ ഫണ്ടാണ് 123 എം.എൽ.എ.-മാർ അനുവദിച്ചിരിക്കുന്നത്. ഇതിൽ 26.53 കോടി രൂപ ആസ്തി വികസന ഫണ്ടായും 8.96 കോടി രൂപ പ്രത്യേക വികസന ഫണ്ടായുമാണ് എം.എൽ.എ.-മാർ അനുവദിച്ചിരിക്കുന്നത്. ആസ്തി വികസന ഫണ്ടിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സഹകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ചെലവഴിച്ച തുക എത്ര വീതമാണെന്ന് കണക്കാക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

## സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനം

180 (3944) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ലഭിക്കേണ്ട ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവർക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടിക്രമങ്ങൾ കൂടി അറിയിക്കുമോ;

(സി) വൈദ്യുതി വിതരണ ശൃംഖല സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

### ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുകയെന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും, ആയത് സാദ്ധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉല്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സമ്പൂർണ്ണ വൈദ്യുതീകരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനായി വനം വകുപ്പിന്റെയും സ്വകാര്യ വസ്തുക്കളിൽക്കൂടി ലൈൻ വലിക്കുമ്പോഴുള്ള തർക്ക പരിഹാരത്തിനായി റവന്യൂ വകുപ്പിന്റെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന്റെ ആദ്യ ഘട്ടം ഗുണഭോക്താക്കളെ കണ്ടെത്തുകയായിരുന്നു. ലഘുവായ ഒരു അപേക്ഷാ ഫാറം മുഖാന്തിരം സെക്ഷൻ ഓഫീസിൽ നേരിട്ടും ജനപ്രതിനിധികൾ വഴിയും കെ.എസ്.ഇ.ബി.എൽ.-ന്റെ 'Customer Care Centre' വഴിയും അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കിയിരുന്നു. രജിസ്റ്റർ ചെയ്ത അപേക്ഷകരുടെ സ്ഥലപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതിശൃംഖല വ്യാപിപ്പിക്കേണ്ട സാഹചര്യങ്ങളിൽ വൈദ്യുതി ലൈൻ എത്തിച്ചുവരുന്നു. തുടർന്ന് വയറിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വൈദ്യുത കണക്ഷനുകളുടെ അപേക്ഷകൾ സ്വീകരിച്ചതിനുശേഷം കണക്ഷൻ ലഭ്യമാക്കുന്നതാണ്. 8-3-2017-ലെ കണക്കനുസരിച്ച് 1,25,000-ൽപ്പരം ഗുണഭോക്താക്കൾ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 88,000-ഓളം വീടുകൾക്ക് ടി പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) അപേക്ഷകരുടെ സ്ഥലപരിശോധന നടത്തിയതിനുശേഷം വൈദ്യുതി വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലൈൻ നിർമ്മിക്കുന്നതിന് വസ്തു ഉടമയുടെ എതിർപ്പ് നേരിടുന്നപക്ഷം ആയത് നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെയും വനത്തിലൂടെ ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളത് ലഭ്യമാക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുത ലൈൻ നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുകയും പ്രവൃത്തികൾക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ലൈൻ നിർമ്മിക്കുന്ന പണിയും വൈദ്യുത കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയും ധ്രുതഗതിയിൽ പുരോഗമിക്കുന്നു.

സംസ്ഥാനത്തെ ഉൾനാടൻ ഗ്രാമപ്രദേശങ്ങൾ പട്ടികവർഗ്ഗ ഊരുകൾ/ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടായ പുഴയും ആറും കടന്നുപോകുന്ന മേഖലകൾ/വനാന്തര പ്രദേശങ്ങൾ തുടങ്ങിയവയിൽ വൈദ്യുതി എത്തിക്കുന്നതിനായി ഓരോ വീടുകളിലും സോളാർ പദ്ധതി സ്ഥാപിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം 447 ഗാർഹിക ഉപഭോക്താക്കളെ കണ്ടെത്തുകയും 31-3-2017-നുമുമ്പായി പദ്ധതി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

**ഹൈഡൽ ടൂറിസം**

181 (3945) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ പൊരിങ്ങൽകുത്തിലേയും, ഷോളയാറിലെയും ഉപയോഗശൂന്യമായ കെ.എസ്.ഇ.ബി.-യുടെ പഴയ ക്വാർട്ടേഴ്സുകൾ, ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ടൂറിസ്റ്റുകൾക്ക് താമസസൗകര്യമൊരുക്കി, പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ പൊരിങ്ങൽകുത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വക ഉപയോഗശൂന്യമായ പഴയ ക്വാർട്ടേഴ്സുകൾ പുതുക്കിപ്പണിത് ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഷോളയാറിലെ ഹൈഡൽ ടൂറിസം പദ്ധതി തുടങ്ങുന്നതിന് ഗവേണിംഗ് ബോഡി തീരുമാനിച്ചിട്ടുണ്ട്. ബോട്ടിംഗും അനുബന്ധ സൗകര്യങ്ങളും ആരംഭിക്കുന്നതോടൊപ്പം പഴയ ക്വാർട്ടേഴ്സുകൾ പുതുക്കിപ്പണിത് ടൂറിസ്റ്റുകൾക്ക് ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പുനരുല്പാദക ഊർജ്ജ സ്രോതസ്സുകൾ**

182 (3946) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 -ഓടുകൂടി മൊത്തം വൈദ്യുതി ഉപഭോഗത്തിന്റെ കുറഞ്ഞത് 10% മെങ്കിലും പുനരുൽപ്പാദക ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുന്നതിനുള്ള തീരുമാനത്തിന്റെ ഭാഗമായി ഇതിനകം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) 2020-ൽ വൈദ്യുതി ഉപഭോഗം എത്രയായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കനാലുകളെ ഉപയോഗിച്ച് സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 2016-ൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ആയതിൽ നിന്നും എത്ര വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളത്തൂവൽ (കെ.എസ്.ഇ.ബി.എൽ.) 3.6 മെഗാ വാട്ട്, ദേവിയാർ (ഐ.പി.പി.) 0.05 മെഗാ വാട്ട് എന്നീ ചെറുകിട ജലവൈദ്യുതി പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

2020-ഓടുകൂടി സൗരോർജ്ജത്തിൽനിന്നുള്ള സ്ഥാപിതശേഷി 1104.17 മെഗാവാട്ട് ആയി വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിഭാവന ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ദർഘാസ് നടപടികൾ പുരോഗമിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെയും കാറ്റിൽനിന്നുള്ള വൈദ്യുത പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൂടാതെ സിയാൽ - 15.4 മെഗാവാട്ട്, ഹിൻഡാൽകോ -1 മെഗാവാട്ട്, അനെർട്ട് - 2 മെഗാ വാട്ട്, സ്വകാര്യ വ്യക്തികൾ 4.02 മെഗാ വാട്ട് വൈദ്യുതിയും ഗ്രിഡ്ഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.

കാസർഗോഡ് 200 മെഗാവാട്ട് സൗരോർജ്ജ പദ്ധതി Solar Energy Corporation of India (SECI) മുഖേന നടപ്പിലാക്കിവരുന്നു. കാസർഗോഡ് ചീമേനിയിലെ 200 മെഗാ വാട്ട് സൗരോർജ്ജ പാർക്ക് പദ്ധതിയും 200 മെഗാ വാട്ട് സംസ്ഥാനത്തിനുള്ളിൽനിന്നും മത്സരാധിഷ്ഠിത ദർഘാസ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയും പരിഗണനയിലാണ്.

കൂടാതെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

കേരളത്തിലുടനീളമുള്ള കടൽത്തീരങ്ങളിൽനിന്നും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദനം സാദ്ധ്യമാക്കുകയെന്ന ബൃഹത്തായ പദ്ധതിയുടെ പ്രാരംഭ പദ്ധതിയായി പൂവാർ കടൽത്തീരത്ത് ഒരു മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചെറു കാറ്റാടികൾ ഉപയോഗിച്ചുകൊണ്ടുള്ള കാറ്റാടിപ്പാടം സ്ഥാപിക്കുന്ന പദ്ധതിയുടെ 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് 'ക്ഷണിച്ചിട്ടുണ്ട്.

കഞ്ചിക്കോട് കാറ്റാടിപ്പാടത്തിന്റെ ഉല്പാദനം 2.625 മെഗാവാട്ട് വർദ്ധിപ്പിക്കുന്ന പദ്ധതിയുടെയും ഒരു മെഗാവാട്ട് സൗരോർജ്ജ നിലയത്തിന് സമീപത്തായി 2.5 മെഗാ വാട്ട് ശേഷിയുള്ള പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

സ്വകാര്യ/മറ്റിതര സ്ഥാപനങ്ങൾ വഴി 35 മെഗാവാട്ടോളം കൂട്ടിച്ചേർക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന താഴെപ്പറയുന്ന രണ്ട് സൗരോർജ്ജ വൈദ്യുതി പദ്ധതികളിൽനിന്നും ആകെ 11.4 മെഗാവാട്ട് ശേഷി കൈവരിക്കുവാൻ അനെർട്ട് ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. സോളാർ സ്മാർട്ട് - 6.4 മെഗാവാട്ട് (വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാത്തവ)

2. സോളാർ കണക്ട് - 5 മെഗാവാട്ട് (വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നവ)

മുൻ വർഷങ്ങളിലായി നടപ്പാക്കിയ പതിനായിരം ഓഫ് ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി പ്രകാരം ആകെ 9.5 മെഗാ വാട്ട് ശേഷി ഇതിനകം കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. അനെർട്ടിന്റെ ഉടമസ്ഥതയിൽ പാലക്കാട് കുഴൽമന്ദത്ത് 2 മെഗാ വാട്ടിന്റെ ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുമുണ്ട്. കേരളത്തിൽ ഇതുവരെ 43.3 മെഗാ വാട്ട് കാറ്റാടി വൈദ്യുതി നിലയങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) 19-ാം ഇലക്ട്രിക് പവർ സർവ്വേ പ്രകാരം കേരളത്തിന്റെ വൈദ്യുത ആവശ്യകത 2019-20 സാമ്പത്തിക വർഷത്തിൽ 28,100 ദശലക്ഷം യൂണിറ്റും ഇക്കാലയളവിൽ വേണ്ട പരമാവധി ശേഷി 4824 മെഗാ വാട്ടും ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ബാരപ്പോൾ സ്മാൾ ഹൈഡ്രോ പ്രോജക്ടിന്റെ കനാലുകളുടെ മുകളിൽ 3 മെഗാ വാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെയും കനാലിന്റെ തീരത്ത് ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**അനെർട്ടിന്റെ 'സോളാർ ഗ്രിഡ്' 'സോളാർ സ്മാർട്ട്' പദ്ധതികൾ**

183 (3947) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ 'സോളാർ ഗ്രിഡ്', 'സോളാർ സ്മാർട്ട്' എന്നീ പദ്ധതികൾക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സബ്സിഡി എത്രയെന്ന് വിശദമാക്കാമോ; ഇവ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയെ കുറിച്ച് ദൃശ്യ,പത്ര മാധ്യമങ്ങൾ വഴി എന്നാണ് പൊതുജനത്തെ അറിയിച്ചത്; മാധ്യമ പരസ്യങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി എന്നാണ് കമ്പനികളെ എംപാനൽ ചെയ്തത്; കേന്ദ്ര-സംസ്ഥാന സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചാണോ കമ്പനികളെ എംപാനൽ ചെയ്തത്; പത്ര പരസ്യത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ദൃശ്യ,പത്ര മാധ്യമങ്ങളിൽ പരസ്യം കൊടുക്കുന്നതിനുമുമ്പ് രണ്ട് പദ്ധതികൾക്കും സ്വീകരിച്ച എല്ലാ അപേക്ഷകളുടേയും പേരും വിലാസവും, എത്ര കിലോവാട്ട്, എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ; ആകെ രണ്ട് പദ്ധതിക്കുമായി എത്ര മെഗാവാട്ടിനാണ്അപേക്ഷ സ്വീകരിച്ചത്;

(ഇ) കമ്പനികളെ എംപാനൽ ചെയ്യുന്നതിന് മുൻപും തുക നിശ്ചയിക്കുന്നതിന് മുൻപും എങ്ങനെയാണ് അപേക്ഷകൾ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അനെർട്ട് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതികളായ സോളാർ കണക്ട് (ഗ്രിഡ് കണക്ടഡ്), സോളാർ സ്മാർട്ട് എന്നിവയ്ക്കുള്ള സർക്കാർ സബ്സിഡി താഴെപ്പറയുംപ്രകാരമാണ്:

<u>സോളാർ കണക്ട് (ഗ്രിഡ് കണക്ടഡ്)</u>

കേന്ദ്ര സബ്സിഡി - ഏറ്റവും കുറഞ്ഞ വിലയുടെ 30 ശതമാനമോ 22,500 രൂപയോ (ഒരു കിലോവാട്ടിന്) ഏതാണോ കുറവ് അത്.

സംസ്ഥാന സർക്കാർ സബ്സിഡി - ഒരു കിലോവാട്ടിന് 7,200 രൂപ

<u>സോളാർ സ്മാർട്ട് (ഓഫ് ഗ്രിഡ്)</u>

കേന്ദ്ര സബ്സിഡി - ഒരു കിലോവാട്ടിന് 45,000 രൂപ

സംസ്ഥാന സബ്സിഡി - ഒരു കിലോവാട്ടിന് 22,500 രൂപ

സർക്കാർ ഉത്തരവ് നമ്പർ 242/16/ഊ.വ. തീയതി 2-12-2016, MNRE-യുടെ കത്തുകൾ എന്നിവയുടെ പകർപ്പ് അനുബന്ധം -ൽ ചേർത്തിരിക്കുന്നു.*

(ബി) അനെർട്ടിന്റെ വെബ്സൈറ്റിൽ മൂന്ന് ഡിസംബർ 2016-ന് ആപ്ലിക്കേഷൻ ഫോം പ്രസിദ്ധീകരിച്ചു. 18-1-2017-ന് ആദ്യ പത്രപ്പരസ്യം നൽകി. പരസ്യങ്ങളുടെ പകർപ്പ് അനുബന്ധം -ൽ ചേർത്തിരിക്കുന്നു.*

(സി) 30-12-2016-ലാണ് എംപാനൽ ചെയ്ത ഏജൻസികളുടെ ആദ്യ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയത്. എം.എൻ.ആർ.ഇ.-യുടെ ചാനൽ പാർട്ണേഴ്സിൽനിന്ന് EoI വിളിച്ചാണ് കമ്പനികളെ എംപാനൽ ചെയ്തത്. കമ്പനികളെ എം.എൻ.ആർ.ഇ.-യുടെ വെബ്സൈറ്റ് ലഭ്യമായ ലിസ്റ്റ് പ്രകാരം അറിയിക്കുകയും കൂടാതെ All India level -ൽ പരസ്യം നൽകുകയുമുണ്ടായി. ഇതിന്റെ പകർപ്പ് അനുബന്ധം -ൽ ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അനെർട്ടിന്റെ വെബ്സൈറ്റിൽ മൂന്ന് ഡിസംബർ 2016-ന് അപേക്ഷാഫാറം പ്രസിദ്ധപ്പെടുത്തിയതിനുശേഷമാണ് അനെർട്ടിൽ അപേക്ഷ ക്ഷണിച്ചുതുടങ്ങിയത്. ആദ്യ പത്രപ്പരസ്യം 18-1-2017-ന് വരുന്നതിനുമുമ്പ് സോളാർ കണക്റ്റിന് നാൽപ്പത്തിയഞ്ച് അപേക്ഷയും സോളാർ സ്മാർട്ടിന് 118 അപേക്ഷയുമാണ് ലഭിച്ചിട്ടുള്ളത്. ആകെ രണ്ട് പദ്ധതിക്കുമായി എത്ര മെഗാ വാട്ടിനാണ് അപേക്ഷ സ്വീകരിച്ചതെന്ന വിവരം ശേഖരിച്ചുവരുന്നു.

(ഇ) പദ്ധതി നടത്തിപ്പിനുള്ള താമസം ഒഴിവാക്കാനായി ഏകദേശ വിലയും സബ്സിഡിയും പ്രസിദ്ധപ്പെടുത്തി താല്പര്യമുള്ള ഉപഭോക്താക്കളുടെ അപേക്ഷ സ്വീകരിക്കുകയാണ് ചെയ്തത്.

**ചാത്തങ്ങോട്ട് മിനി ജലവൈദ്യുത പദ്ധതി**

184 (3948) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചാത്തങ്ങോട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിലവിലുള്ള നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി വൈകാനുള്ള കാരണം വിശദമാക്കാമോ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും?

<u>ഉത്തരം</u>

(എ) നാദാപുരം മണ്ഡലത്തിലെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 20 ശതമാനം നിർമ്മാണ ജോലികളാണ് പൂർത്തിയാക്കിയത്. പദ്ധതിയുടെ നിലവിലുള്ള കരാർ ഫോർക്ലോസ് ചെയ്യാൻ 4-3-2016-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ആ ഉത്തരവ് ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ്. അതിലുള്ള തീരുമാനം വരുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതിയുടെ തുടക്കത്തിൽത്തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ട മുഴുവൻ ഭൂമിയും ലഭ്യമാക്കാൻ ബോർഡിന് കഴിഞ്ഞിട്ടില്ല. ഇത് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതിന് കാരണമായി. എന്നാൽ പദ്ധതിക്കുവേണ്ട മുഴുവൻ ഭൂമിയും ലഭ്യമാക്കിയിട്ടും കരാറുകാർക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാതെ വന്നതും പദ്ധതി വൈകാൻ കാരണമായി.

(സി) ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ അനുമതി ലഭ്യമായാലുടനെ ബാക്കി ജോലികളുടെ ദർഘാസ് ക്ഷണിച്ച് തുടർനിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിയുടെ കരാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് 24 മാസങ്ങൾക്കുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഇന്ത്യന്നൂരിൽ സെക്ഷൻ ഓഫീസ്**

185 (3949) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭാ പ്രദേശത്ത് കോട്ടക്കൽ വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിച്ച് ഇന്ത്യന്നൂർ സെക്ഷൻ ഓഫീസ് ആരംഭിക്കുവാനുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) പ്രദേശത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) സൗജന്യമായി സ്ഥലം ലഭ്യമല്ലാത്തതിനാൽ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ കഴിയുന്നില്ലെന്ന പ്രശ്നം വകുപ്പ് ഗൗരവമായി കണ്ട് പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുവാനുള്ള സ്ഥലം കണ്ടെത്തുവാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - ഡി) നിലവിലുള്ള കോട്ടക്കൽ സെക്ഷൻ വിഭജിച്ച് ഇന്ത്യന്നൂർ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചുകൊണ്ട് 24-2-2016-ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുകയുള്ളൂവെന്ന് ബോർഡ് തീരുമാനിച്ചിരുന്നു. ഇത്തരത്തിൽ വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭിക്കാത്തതുകൊണ്ടാണ് ഇന്ത്യന്നൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്. പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അതിലേയ്ക്കാവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടറുകൾ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങൾ, നെറ്റ്‌വർക്കിംഗ് സംവിധാനം, വാഹന സൗകര്യം

എന്നിവ ഒരുക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം ചെലവ് ബോർഡ് തന്നെയാണ് വഹിക്കുന്നത്. ഇവ കൂടാതെ സെക്ഷൻ ഓഫീസുകൾക്കുള്ള സ്ഥലം/കെട്ടിടത്തിന്റെ ചെലവ് കൂടി ഏറ്റെടുക്കേണ്ടിവന്നാൽ സാമ്പത്തിക ബാദ്ധ്യതയേറും. ഇത് ബോർഡിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സെക്ഷൻ ഓഫീസിനുള്ള സ്ഥലം/കെട്ടിടം സംബന്ധിച്ച നിബന്ധനകളിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. മുകളിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് ഇന്ത്യന്നൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

## വൈദ്യുതാഘാതംമൂലമുള്ള മരണങ്ങൾ

186 (3950) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ 2006 മുതൽ 2016 വരെയുള്ള കണക്ക് പ്രകാരം ശരാശരി 175 പേർ വൈദ്യുതി ആഘാതമേറ്റ് മരിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മരണപ്പെടുന്നവരിൽ ഭൂരിഭാഗവും (75 ശതമാനത്തോളം) പൊതുജനങ്ങളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വൈദ്യുതി ഉപയോഗിക്കുമ്പോൾ കൈക്കൊള്ളേണ്ട സുരക്ഷാ നടപടി സംബന്ധിച്ച് സ്കൂൾതലം മുതൽ ബോധവൽക്കരണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരിൽ 75 ശതമാനത്തോളം പൊതുജനങ്ങളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വൈദ്യുതി ഉപയോഗിക്കുമ്പോൾ കൈക്കൊള്ളേണ്ട സുരക്ഷാ നടപടികളെക്കുറിച്ച് സ്കൂൾ വർഷാരംഭത്തിൽ മിക്കവാറും എല്ലാ സ്കൂളുകളിലും (പ്രത്യേകിച്ച് ഗവൺമെന്റ് സ്കൂളുകളിൽ) വീഡിയോ ഡിസ്കുകൾ ഉപയോഗിച്ച് പ്രദർശനം നടത്തുന്നുണ്ട്. സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കാർട്ടൂൺ, നെയിം സ്ലിപ്പുകൾ (40 ലക്ഷം) സ്കൂളുകളിൽ വിതരണം ചെയ്യുന്നുണ്ട്. സ്കൂളുകളിൽ വൈദ്യുതി സുരക്ഷാ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. സ്കൂൾ അസംബ്ലിയിലും ഇന്റർവെൽ സമയങ്ങളിലും സുരക്ഷയെ സംബന്ധിച്ച ഓഡിയോ ക്ലിപ്പുകൾ കേൾപ്പിക്കുന്നുണ്ട്.

ഇവയൊക്കെ വീണ്ടും വീണ്ടും ചെയ്യുന്നതിനായി ഇതിന്റെ സി.ഡി.-കൾ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വൈദ്യുതി സുരക്ഷാ സംബന്ധമായ ധാരാളം ലഘുലേഖകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നുണ്ട്.

പൊതുജനങ്ങളുടെയും കുട്ടികളുടെയും വൈദ്യുതി സംബന്ധമായ സുരക്ഷാബോധം ഉയർത്തുന്നതിനായി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ചെയ്യുന്നുണ്ട്. വൈദ്യുതി സുരക്ഷാ റോഡ് ഷോകൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിൽ സുരക്ഷാ ബ്രോഷറുകളും കാർട്ടൂണുകളും വിതരണം ചെയ്യുക, സെക്ഷൻ ഓഫീസുകളിലും ക്യാഷ് കൗണ്ടറുകൾക്ക് മുന്നിലും സുരക്ഷാ സന്ദേശങ്ങൾ പ്രദർശിപ്പിക്കുക, പൊതുജനങ്ങൾക്കും വിശിഷ്യാ ഫാബ്രിക്കേഷൻ, വെൽഡിംഗ് ജോലിക്കാർക്കും എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രെയ്ക്കറുകളെക്കുറിച്ച് അവബോധം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഈ കാലയളവിൽ ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ടും മൈക്ക് ഓപ്പറേറ്റർമാർ മുഖേനയും പൊതുസ്ഥലങ്ങളിലും ഉത്സവസ്ഥലങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന മറ്റിടങ്ങളിലും വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ മൈക്കിലൂടെ കേൾപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവ സമയങ്ങളിലും മറ്റ് പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാ ബോധവത്ക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്.

## വൈദ്യുതിക്ഷാമം പരിഹരിക്കാൻ നടപടികൾ

187 (3951) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ആകെ ഏത്ര ഉദ്യോഗസ്ഥർ ഉണ്ട്; (CE, DyCE, EE, AEE, AE, Sub.Engineer, Overseer) ഇനം, എണ്ണം, ജില്ല എന്നിവ തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സിവിൽ വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കേരളത്തിൽ എവിടെയെങ്കിലും വൈദ്യുതപദ്ധതികളുടെ പണി നടക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ കെ.എസ്.ഇ. ബി ലിമിറ്റഡിന്റെ സിവിൽ വിഭാഗത്തിൽ കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥർ ഉണ്ടായിരിക്കെ ഇവരെ ഉപയോഗപ്പെടുത്തി പുതിയ വൈദ്യുത പദ്ധതികൾ കേരളത്തിൽ നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. നിർമ്മാണം നടന്നുവരുന്ന 9 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സിവിൽ വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ ചീഫ് എഞ്ചിനീയർ (റിന്യൂവബിൾ എനർജി സേവിംഗ്സ്)-ന്റെ ഓഫീസിൽ സിവിൽ വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ-1, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1, അസിസ്റ്റന്റ് എഞ്ചിനീയർ-1 എന്ന നിലയിൽ ഉദ്യോഗസ്ഥരുണ്ട്. ഇവർ റിന്യൂവബിൾ എനർജി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ജോലിയിൽ വ്യാപൃതരാണ്.

(സി) സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന 16 ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ സിവിൽ വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

**ജീവനക്കാർക്ക് യൂണിഫോം**

188 (3952) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്;

(ബി) പ്രതിവർഷം എത്ര മീറ്റർ തുണി ഇതിനായി വാങ്ങി നൽകുന്നുണ്ട്;

(സി) എത്ര ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്; എത്ര യൂണിറ്റ് യൂണിഫോമിനുവേണ്ടിയാണ് അലവൻസ് നൽകുന്നത്;

(ഡി) മറ്റാവശ്യങ്ങൾക്ക് വേണ്ടി (മേശ വിരി, കിടക്ക വിരി മുതലായവ) പ്രതിവർഷം എത്ര മീറ്റർ തുണി വാങ്ങുന്നുണ്ട്;

(ഇ) സർക്കാർ ചെലവിൽ വാങ്ങുന്ന ഇത്തരം തുണിത്തരങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള മില്ലുകളിൽ നിന്നോ ഖാദി, കൈത്തറി എന്നിവിടങ്ങളിൽ നിന്നോ വാങ്ങുന്ന കാര്യം നിർബന്ധമാക്കുവാൻ സാധിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ലൈൻമാൻ, മസ്ദൂർ, സ്വീപ്പർ (പി.റ്റി.സി. ഉൾപ്പെടെ) എന്നീ തസ്തികയിലുള്ള ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി ബോർഡിൽ ജീവനക്കാർക്ക് യൂണിഫോമിനായി തുണി വാങ്ങി നൽകുന്നില്ല. പി.റ്റി.സി. സ്വീപ്പർമാർക്ക് 1,500 രൂപയും ബി.ഡി.പി.പി., കെ.ഡി.പി.പി. എന്നിവിടങ്ങളിലെ ജീവനക്കാർക്ക് 2,800 രൂപയും മറ്റിതര ഓഫീസുകളിലെ ജീവനക്കാർക്ക് 3,000 രൂപയുമാണ് അലവൻസായി നൽകുന്നത്.

(സി)

| | |
|---|---|
| മൊത്തം ലൈൻമാൻമാർ | 9142 |
| മസ്ദൂർ | 5342 |
| സ്വീപ്പർമാർ (പി.റ്റി.സി.) | 316 |

എത്ര യൂണിറ്റെന്ന് നിഷ്കർഷിക്കുന്നില്ല.

(ഡി) മറ്റാവശ്യങ്ങൾക്ക് കേന്ദ്രീകൃതമായി തുണി വാങ്ങുന്നില്ല. അതാത് ഓഫീസ് മേലധികാരികൾ ആവശ്യമുണ്ടെങ്കിൽ അതിനനുസരിച്ച് വാങ്ങുകയാണ് ചെയ്യുന്നത്.

(ഇ) ബാധകമല്ല.

**വൈദ്യുത പദ്ധതികൾ**

189 (3953) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുതപദ്ധതികൾ, താപവൈദ്യുതപദ്ധതികൾ, ആണവനിലയങ്ങൾ, സൗരോർജ്ജ പദ്ധതികൾ എന്നിവയിൽ നിന്നും പ്രതിവർഷം ആകെ എത്ര വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ വൈദ്യുതി ആവശ്യകത നിറവേറ്റാൻ നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോ;

(സി) വൈദ്യുതിയുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി സമയബന്ധിതമായി വൈദ്യുതപദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) കേരളത്തിലെ കരിമണലിൽ വൻതോതിലുള്ള തോറിയം നിക്ഷേപമുള്ളതിനാൽ തോറിയം ഉപയോഗിച്ചുള്ള വൈദ്യുതി ഉത്പാദന നിലയങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിൽനിന്നും കേരളത്തിൽ ഉല്പാദിപ്പിച്ച വൈദ്യുതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജലവൈദ്യുത പദ്ധതി | 6639.01 എം.യു. |
| ആണവ നിലയങ്ങൾ | 0 |
| താപ വൈദ്യുതി | 296.16 എം.യു. |
| സൗരോർജ്ജ പദ്ധതി | 12.23 എം.യു. |
| കാറ്റാടി പദ്ധതി | 62.00 എം.യു. |

(ബി) പര്യാപ്തമല്ല.

(സി) ഉണ്ട്. താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികളാണ് തുടങ്ങാനുദ്ദേശിക്കുന്നത്.

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദന ശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി SHEP | 6 | 24.7 (30-9-2016-ൽ ടെണ്ടർ ചെയ്തു) |
| 2 | പഴശ്ശി സാഗർ SHEP | 7.5 | 25.16 (7-12-2016-ൽ ടെണ്ടർ ചെയ്തു) |

സ്ഥലം ഏറ്റെടുപ്പ് നടപടികൾ നടന്നുവരുന്ന പദ്ധതികൾ

| | | | |
|---|---|---|---|
| 3 | ചിന്നാർ SHEP | 24 | 76.45 |
| 4 | മാങ്കുളം SHEP | 40 | 82 |
| 5 | ലാഡ്രം SHEP | 3.5 | 12.13 |
| 6 | മാർമ്മല, SHEP | 7 | 23.02 |
| 7 | പീച്ചാട് SHEP | 3 | 7.74 |
| 8 | വെസ്റ്റേൺ കല്ലാർ SHEP | 5 | 17.41 |
| 9 | അപ്പർ ചെങ്കുളം SHEP | 24 | 53.22 |
| 10 | ഒലിക്കൽ SHEP | 5 | 10.26 |
| 11 | പൂവാരംതോട് SHEP | 3 | 5.88 |
| 12 | ചെമ്പുക്കടവ് - III SHEP | 7.5 | 17.715 |
| 13 | മരിപ്പുഴ SHEP | 6 | 14.84 |
| 14 | വാളാംതോട് SHEP | 7.5 | 15.291 |
| 15 | വടക്കേപ്പുഴ എക്സ്റ്റൻഷൻ സ്കീം SHEP | - | 0.7 |
| 16 | ആനക്കയം | 7.5 | 22.83 |

സമയബന്ധിതമായി പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവന ചെയ്ത് നടപ്പിലാക്കിയതും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതും ദർഘാസ് നടപടികൾ പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി

190 (3954) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വേനലിൽ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോ;

(ബി) ഇല്ലെങ്കിൽ പകരം സംവിധാനം എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പുറത്തുനിന്ന് വൈദ്യുതി വാങ്ങുമ്പോൾ അതിന്റെ നിരക്ക് എത്രയെന്ന് വിശദമാക്കാമോ;

(ഡി) 2016-17 വർഷത്തിൽ സർക്കാർ വൈദ്യുതി വില്പന നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ അളവ്, വില, ആകെ ലഭിച്ച തുക എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ നിലവിൽ കേരളത്തിലുള്ള പദ്ധതികൾ അപര്യാപ്തമാണ്.

(ബി &സി) കാലവർഷത്തിലുണ്ടായ വലിയ കുറവ് കാരണം ആഭ്യന്തര ഉല്പാദനത്തിൽ 45 ശതമാനം കുറവ് വന്നിട്ടുണ്ട്. കാലവർഷക്കുറവ് മൂലമുണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി മുൻകൂട്ടിക്കണ്ട് ദീർഘകാല കരാറുകൾ മുഖേന 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കി ജലസംഭരണികളിലെ വെള്ളം വരുംമാസങ്ങളിലേയ്ക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം സംഭരിച്ച ജലം ഉപയോഗിച്ച് ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ചും വൈദ്യുതി കമ്മി നികത്തുന്നതിനുവേണ്ടി കേന്ദ്രവിഹിതം ഉപയോഗപ്പെടുത്തുകയും ഇതോടൊപ്പം സംസ്ഥാനത്തിന് പുറത്തുനിന്ന് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല അടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുകയും ചെയ്തുവരുന്നു. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് (ആർ.റ്റി.സി.) അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺ ഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. ജനുവരി മാസത്തെ കണക്കനുസരിച്ച് കേരളത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങിയ ഇനത്തിൽ യൂണിറ്റിന് 3.68 രൂപയാണ് ചെലവാക്കിയിട്ടുള്ളത്.

(ഡി&ഇ) 2016-17 വർഷത്തിൽ അന്യസംസ്ഥാനങ്ങൾക്ക് കരാർ അടിസ്ഥാനത്തിൽ വൈദ്യുതി വില്പന നടത്തിയിട്ടില്ല. 49.266 ദശലക്ഷം യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ച് മുഖേന വില്പന നടത്തിയിട്ടുണ്ട്. ഇതിൽനിന്നും ഏകദേശം 11 കോടി 80 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

**നിലമ്പൂർ, എടക്കര 66 കെ.വി. സബ് സ്റ്റേഷനുകൾ**

191 (3955) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, എടക്കര 66KV സബ് സ്റ്റേഷനുകൾ 110KV സബ് സ്റ്റേഷൻ ആയി ഉയർത്തുവാനുള്ള പ്രവൃത്തികൾക്ക് വനം വകുപ്പിൽ നിന്ന് ലഭിക്കേണ്ട ക്ലിയറൻസുകൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മഞ്ചേരി-നിലമ്പൂർ 66KV ലൈൻ 110KV ആക്കി ഉയർത്തുവാനുള്ള ജോലി എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വിശദമാക്കാമോ;

(സി) പൂക്കോട്ടുംപാടം 33KV ലൈൻ 110KV ആക്കി ഉയർത്തുവാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കും; വിശദമാക്കാമോ?

ഉത്തരം

(എ) 66 കെ.വി. നിലമ്പൂർ സബ്സ്റ്റേഷൻ വനം വകുപ്പിൽനിന്ന് പാട്ടത്തിനെടുത്ത ഭൂമിയിലാണ് നിർമ്മിച്ചിട്ടുള്ളത്. ഈ സബ് സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുവാനുള്ള പ്രവൃത്തികൾക്ക് വനം വകുപ്പിൽനിന്ന് ലഭിക്കേണ്ട ക്ലിയറൻസുകൾ ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഇല്ല.

**റിസ്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ**

192 (3956) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണവികസന ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് അനുവദിക്കുന്നതു സംബന്ധിച്ചുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച് ശ്രീമതി ഓമന ദിവാകരൻ, കുപ്പക്കരത്തടത്തിൽ, വെമ്പള്ളി, കോട്ടയം നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഈ അപേക്ഷ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; ഇതിന്റെ ഫയൽ നമ്പർ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽനിന്നും നൽകും. ഒന്നിൽക്കൂടുതൽ പേർ ചേർന്നെടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും ഫണ്ടിൽനിന്നും നൽകാവുന്നതാണ്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളണം.

ഓരോ വായ്പകളിൽനിന്നും 0.35 ശതമാനമെന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘം വായ്പാക്കാരനിൽനിന്ന് ഈടാക്കി ബോർഡിലേയ്ക്ക് അടവാക്കേണ്ടതാണ്.

വായ്പാക്കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്കുമുമ്പ് തുടർച്ചയായി ആറ് മാസത്തിൽ അധികരിച്ചും വായ്പാക്കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാക്കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി ആറ് മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വായ്പയെടുത്തശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4 (എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽനിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യയ്ക്കുമാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ബി) കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ കുറവിലങ്ങാട് ശാഖയിൽനിന്നും ശ്രീ. ദിവാകരൻ. കെ. എൻ. 10-8-2012-ൽ എടുത്ത വായ്പയ്ക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് ശ്രീമതി ഓമന ദിവാകരൻ അപേക്ഷിച്ചിരുന്നു. വായ്പാക്കാരൻ 24-3-2013-ൽ മരണപ്പെട്ടു. അന്ന് നിലവിലുണ്ടായിരുന്ന നിയമാവലി

വ്യവസ്ഥ പ്രകാരം വായ്പയെടുക്കുന്ന ആളിന്റെ പേരിലുള്ളതും വായ്പാ കാലാവധി കഴിഞ്ഞതും/കഴിയാത്തതും 70 വയസ്സ് തികയുന്നതിനുമുമ്പ് തിരിച്ചടവ് കാലാവധി തീരുന്ന വായ്പകൾക്ക് മാത്രമാണ് ധനസഹായത്തിന് അർഹതയുണ്ടായിരുന്നത്. ടിയാന് വായ്പാ കാലാവധിയിൽ 70 വയസ്സ് അധികരിക്കുന്നുണ്ട്. ആയതിനാൽ റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹതയില്ല. ഈ അപേക്ഷ സംബന്ധിച്ച കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഫയൽ നമ്പർ 2639/2016 ആണ്.

**സംസ്ഥാന സഹകരണ ബാങ്കുകളിലെ നിക്ഷേപം**

193 (3957) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31-ന് ശേഷം ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ., സർക്കാർ സെക്യൂരിറ്റികളിലും അംഗീകൃത സെക്യൂരിറ്റികളിലും മാത്രമേ പാടുള്ളൂ എന്ന് നിയന്ത്രണം വരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് എൺപതു ശതമാനത്തിനുമേൽ നിക്ഷേപമുള്ള സാഹചര്യത്തിൽ മാർച്ച് 31- ന് ശേഷം ബാങ്കിന്റെ നിക്ഷേപം കുറയുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ആയതു പരിഹരിക്കാൻ സർക്കാർ പ്ലാൻ ഫണ്ടുകളോ തനതു ഫണ്ടുകളോ സംസ്ഥാന സഹകരണ ബാങ്കിന് കറന്റ് നിക്ഷേപമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. സർക്കാർ സെക്യൂരിറ്റികളിലും അംഗീകൃത സെക്യൂരിറ്റികളിലും മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂവെന്ന റിസർവ് ബാങ്കിന്റെ 21-7-2014-ലെ RPCD.RCB.BC.No. 16/07.51.020/2014-15 സർക്കുലർ പ്രകാരം നിയന്ത്രണം വരുത്തിയിട്ടുണ്ട്.

(ബി & സി) മാർച്ച് 31-നുശേഷം ബാങ്കിന്റെ നിക്ഷേപം കുറയുമെന്ന് വിലയിരുത്തിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടിവരുന്നില്ല.

## ഭവന വായ്പ ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് നടപടി

194(3958) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽ നിന്ന് ഭവന വായ്പയെടുത്തവർ നേരിടുന്ന ജപ്തി നടപടികൾ ഒഴിവാക്കി കുടിശ്ശിക തുക തിരിച്ച് അടയ്ക്കുന്നതിന് സാവകാശം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) സ്വന്തമായി ഒരു ഭവനം എന്ന ലക്ഷ്യത്തിൽ സഹകരണ ബാങ്കുകളെ ആശ്രയിച്ച് വായ്പയെടുത്ത എത്ര വീടുകളാണ് നിയമ നടപടിക്ക വിധേയമായി സീൽ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നയപരിപാടികൾ ആവിഷ്കരിക്കുന്ന സർക്കാർ, സഹകരണ ബാങ്കിംഗ് മേഖലയിൽ, ഭവനവായ്പയെടുത്തവർ നേരിടുന്ന ജപ്തി നടപടികൾ ഒഴിവാക്കി സർക്കാർ സഹായത്തോടെ വായ്പകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കുകളിൽനിന്ന് ഭവന വായ്പ ഉൾപ്പെടെ വായ്പകളെടുത്ത് കുടിശ്ശികയായി ജപ്തി ഉൾപ്പെടെയുള്ള നടപടികൾ നേരിടുന്നവർക്ക് ഇളവുകളോടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണം 2017' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി 2017 മാർച്ച് 31 വരെ നിലവിലുണ്ട്.

(ബി) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത 123 വീടുകളാണ് നിയമ നടപടിക്ക് വിധേയമായി സീൽ ചെയ്തിട്ടുള്ളത്.

(സി) സഹകരണ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സഹായത്തോടെ വായ്പകൾ ക്ലോസ് ചെയ്യുന്നതിന് പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കുടിശ്ശിക വായ്പ തീർപ്പാക്കുന്ന 'നവകേരളീയം കുടിശ്ശിക നിവാരണം 2017' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## സഹകരണ ബാങ്കിംഗ് മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി

195(3959) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ നയത്തിന്റെ ഫലമായി സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യാൻ പ്രൈമറി ബാങ്കുകൾ ഉൾപ്പെടെയുള്ള സഹകരണ ബാങ്കുകളിൽ സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് നിക്ഷേപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അതിനുവേണ്ടി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാക്കുകയും വിശദാംശങ്ങൾ വെളിപ്പെടുത്തുകയും ചെയ്യുമോ?

ഉത്തരം

(എ&ബി) സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## സഹകരണ സംഘങ്ങൾ അഴിമതിരഹിതമാക്കാൻ നടപടി

196 (3960) ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ അഴിമതിരഹിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളിൽ പലതും പ്രാദേശികമായി വികസിപ്പിച്ചിട്ടുള്ളതാകയാൽ വേണ്ടത്ര സുരക്ഷിതമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ അരൂർ യൂണിറ്റ് വികസിപ്പിച്ചിട്ടുള്ള 'സഹകാരി' എന്ന സോഫ്റ്റ്‌വെയർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉപയോഗപ്രദമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ അഴിമതി വിമുക്തമാക്കുന്നതിനുവേണ്ടി സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതി ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എന്നിവർ മുഖേന അന്വേഷിച്ച് റിപ്പോർട്ട് സ്വീകരിക്കുകയും ആയതിന്മേൽ നടപടിയെടുക്കുകയും ചെയ്യുന്നു. കൂടാതെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരാതി അന്വേഷിക്കുന്നതിന് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68 (എ) പ്രകാരം സഹകരണ വിജിലൻസ് രൂപീകരിച്ചിട്ടുള്ളതും സംഘങ്ങളിലെ പണാപഹരണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ എന്നിവയെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന കേസുകൾ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. സഹകരണ വിജിലൻസിന് മൂന്ന് മേഖലാ ഓഫീസുണ്ട്. ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ ഓരോ മേഖലയുടെയും ചുമതല വഹിക്കുന്നു.

ദക്ഷിണ മേഖലാ ആഫീസ് ആസ്ഥാനം ആലപ്പുഴ, മദ്ധ്യമേഖലാ ആഫീസ് ആസ്ഥാനം തൃശ്ശൂർ, ഉത്തരമേഖലാ ആഫീസ് ആസ്ഥാനം കണ്ണൂർ.

(ബി) സഹകരണ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളിൽ പലതും പ്രാദേശികമായി വികസിപ്പിച്ചിട്ടുള്ളതാകയാൽ വേണ്ടത്ര സുരക്ഷിതമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര താലൂക്ക് സഹകരണ ബാങ്കിൽ സ്ഥാപിച്ചിട്ടുള്ള സെയ്‌വ് പ്ലസ് സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ്‌വെയർ സംബന്ധിച്ച പരാതിയാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(സി & ഡി) വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

**ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന ജീവനക്കാർക്ക് ഇൻസെന്റീവ്**

197 (3961) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് ഇൻസെന്റീവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവ എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്ന പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് ഇൻസെന്റീവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു പെൻഷണർക്ക് 50 രൂപയെന്ന നിരക്കിലാണ് ഇൻസെന്റീവ് നിശ്ചയിച്ചിട്ടുള്ളത്. ഈ തുക താഴെപ്പറയും പ്രകാരമാണ് വീതിച്ച് നൽകുന്നത്.

| | | |
|---|---|---|
| 1 | സംഘത്തിലെ നോഡൽ ഓഫീസർ | ഒരു രൂപ (പരമാവധി 6,000 രൂപ) |
| 2 | സംഘത്തിലെ ഓതറൈസർ | ഒരു രൂപ (പരമാവധി 6,000 രൂപ) |
| 3 | സംഘത്തിലെ ക്ലാർക്ക് | 2 രൂപ (പരമാവധി 6,000 രൂപ) |
| 4 | സംഘത്തിന് | 6 രൂപ (പരിധിയില്ല) |
| 5 | പെൻഷൻ വിതരണം ചെയ്യുന്ന ആളിന് | 40 രൂപ (പരിധിയില്ല) |

(ബി) ക്ഷേമപെൻഷനുകൾ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്തത് രണ്ട് ഘട്ടമായിട്ടാണ്. ഒന്നാം ഘട്ടം 2016 ഓണക്കാലത്തും രണ്ടാം ഘട്ടം 2016 ക്രിസ്തുമസ് കാലത്തുമായിരുന്നു. ഇതിൽ ആദ്യഘട്ടത്തിൽ നൽകാനുള്ള ഇൻസെന്റീവ് തുകയുടെ ഭൂരിഭാഗവും നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന തുക ടി പെൻഷൻ വിതരണത്തിന്റെ ആഡിറ്റ് പൂർത്തിയായശേഷം വിതരണം ചെയ്യുന്നതാണ്.

രണ്ടാം ഘട്ടത്തിലെ ഇൻസെന്റീവ് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. തുക ഉടൻ വിതരണം ചെയ്തുതുടങ്ങി.

**സഹകരണ ബാങ്കുകളിൽനിന്നുള്ള വായ്പ എഴുതിത്തള്ളുന്നതിന് നടപടി**

198 (3962) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ ;

(സി) സർക്കാർ ഇതിനായി തുക മാറ്റി വച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഒന്നര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്.

ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31-3-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. കൂടാതെ ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിരുന്നതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളും എഴുതിത്തള്ളിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന് കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയുമടക്കം എഴുതിത്തള്ളുന്ന പദ്ധതി നടപടി പുരോഗമിച്ചുവരികയാണ്.

(ബി) പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നിലവിലുണ്ട്.

പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ആദ്യ ഗഡു വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സഹകരണ സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് നൽകുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4.-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന് കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയുമടക്കം എഴുതിത്തള്ളുന്ന പദ്ധതിയുടെ നടപടി പുരോഗമിച്ചുവരികയാണ്.

(സി) സർക്കാർ ഇതിനായി തുക മാറ്റിവച്ചിട്ടുണ്ട്.

## സഹകരണ സംഘങ്ങൾക്ക് സാംസ്കാരിക പരിപാടികളും കായിക വിനോദങ്ങളും സംഘടിപ്പിക്കുന്നതിനുള്ള പരിമിതികൾ

199 (3963) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് തനതു ഫണ്ട് ഉപയോഗിച്ച് സാമൂഹ്യ പ്രതിബന്ധതയുള്ള സാംസ്കാരിക പരിപാടികളും കായിക വിനോദങ്ങളും സംഘടിപ്പിക്കുന്നതിന് പരിമിതികൾ ഉള്ളത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പരസ്യവരുമാനം ഉപയോഗിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിലവിൽ നിയമ തടസ്സങ്ങൾ ഉണ്ടോ;

(സി) എങ്കിൽ അത്തരം തടസ്സങ്ങൾ ഒഴിവാക്കാൻ ആവശ്യമായ നിയമ ഭേദഗതിവരുത്തി, സംഘത്തിനും സർക്കാരിനും സാമ്പത്തിക ബാധ്യതയുണ്ടാക്കാത്ത വിധം, അതതു പ്രദേശങ്ങളിലെ കലാ-സാംസ്കാരിക-കായിക മേഖലകളിൽ സഹകാരികളുടെ സാന്നിദ്ധ്യം ലഭ്യമാകുന്നതിനുള്ള അവസരം സൃഷ്ടിക്കുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) അതാത് സംഘങ്ങളുടെ ബൈലോ വ്യവസ്ഥകൾക്ക് വിരുദ്ധമാണെങ്കിൽ നിയമ തടസ്സമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ പെൻഷൻകാരുടെ പെൻഷനും ക്ഷാമബത്തയും വർദ്ധിപ്പിക്കുവാൻ നടപടി

200 (3964) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകി വരുന്ന ക്ഷാമബത്ത സഹകരണ പെൻഷൻകാർക്കും നൽകി വരുന്നുണ്ടോ;

(സി) സഹകരണ പെൻഷൻകാരുടെ ക്ഷാമബത്ത വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പെൻഷനും ക്ഷാമബത്തയും വർദ്ധിപ്പിക്കുന്നതിനും ബജറ്റിൽ ഇതിനായി തുക വകയിരുത്തുവാനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) സഹകരണ പെൻഷൻകാർക്ക് നിലവിൽ 5 ശതമാനം നിരക്കിൽ ക്ഷാമബത്ത നൽകിവരുന്നുണ്ട്.

(സി) പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പെൻഷൻ പദ്ധതി സ്വാശ്രയ പദ്ധതിയാണ്.

**ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ നിയമനം**

201 (3965) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ സഹകരണ ബാങ്കുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; എത്ര ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര നിയമനങ്ങൾ ഇതുവരെ നടത്തിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ?

ഉത്തരം

ജില്ലാ സഹകരണ ബാങ്കുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിൽവന്ന തീയതിയും റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരം, നിയമനം നടത്തിയവയുടെ വിവരം എന്നിവ സംബന്ധിച്ച് ജില്ല തിരിച്ച വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം | നിയമനം നടത്തിയത് |
|---|---|---|---|
| തിരുവനന്തപുരം | 27-3-2015 | 18 | 12 |
| കൊല്ലം | 8-12-2014 | 14 | 14 |
| പത്തനംതിട്ട | 8-12-2014 | 15 | 9 |
| ആലപ്പുഴ | 17-11-2014 | 10 | 8 |
| കോട്ടയം | 29-12-2014 | 16 | 8 |
| ഇടുക്കി | 13-1-2015 | 12 | 8 |
| എറണാകുളം | 7-1-2015 | 15 | 3 |
| തൃശ്ശൂർ | 23-12-2014 | 13 | 7 |
| പാലക്കാട് | 11-11-2014 | 10 | നിയമന ശിപാർശയില്ലാത്തതിനാൽ നിയമനം നടത്തിയിട്ടില്ല |
| മലപ്പുറം | 11-12-2014 | 5 | 4 |
| കോഴിക്കോട് | 11-3-2015 | 15 | 4 |
| വയനാട് | 23-12-2014 | 8 | 1 |
| കണ്ണൂർ | 17-11-2014 | 15 | പി. എസ്.സി.-യിൽ നിന്നും അഡ്വൈസ് ലഭിക്കാത്തതു കാരണം ഇതുവരെ നിയമനങ്ങൾ നടത്തിയിട്ടില്ല |
| കാസർഗോഡ് | 30-12-2014 | 12 | 7 |

## ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താനുള്ള പദ്ധതി

202(3966) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജില്ലാ ബാങ്കുകളുടെ പുതിയ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജില്ലാ ബാങ്കുകൾ പുതിയ ശാഖകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ശാഖകൾക്ക് അനുമതി നിഷേധിക്കുന്ന സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ആയതിന്റെ ഭാഗമായി നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താലൂക്കുതലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.

സഹകരണ സംഘങ്ങളിൽ/സഹരണ ബാങ്കുകളിൽനിന്നും വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ റവന്യൂ റിക്കവറി/ജപ്തി മുതലായ നിർബന്ധിത നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകൾക്ക് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിച്ചു. വായ്പാകുടിശ്ശിക കുറയ്ക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം 2017' പദ്ധതി നടപ്പിലാക്കി സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കി.

ജില്ലാ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും കേരള സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലേയ്ക്കായി ഒരു വിദഗ്ദ്ധ

സമിതി രൂപീകരിച്ച് പഠനം നടത്തിവരുന്നു. ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നതിനായി എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും പൊതുവായ ഒരു സോഫ്റ്റ്‍വെയർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ ബാങ്കുകളുടെ പുതിയ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(സി & ഡി) ജില്ലാ ബാങ്കുകൾ പുതിയ ശാഖകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾക്ക് ശാഖകൾ ആരംഭിക്കുന്നതിന് താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**നോട്ട് നിരോധനംമൂലം ജനങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി**

203(3967) ശ്രീ. എസ്. ശർമ്മ :

ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ട് നിരോധനംമൂലം ജനങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് തീയതി വരെയാണ് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നെൽകൃഷിയ്ക്ക് പലിശരഹിത വായ്പാ സബ്സിഡി ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നോട്ട് നിരോധനംമൂലം ജനങ്ങൾക്കുണ്ടായ പ്രതിസന്ധി കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിന്മേലുള്ള റവന്യൂ റിക്കവറി/ജപ്തി മുതലായ നിർബന്ധിത നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 31-3-2017 വരെയാണ് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽനിന്നും നൽകുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പാ പരിധി വർദ്ധിപ്പിച്ചുനൽകിയിട്ടുള്ള വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു:

| **വായ്പയുടെ വിവരം** | **നിലവിലുണ്ടായിരുന്നത്** | **പുതുക്കിയത്** |
|---|---|---|
| ഭൂസ്വത്ത് വാങ്ങുന്നതിന് | 25.00 ലക്ഷം രൂപ | 35.00 ലക്ഷം രൂപ |
| കുട്ടികളുടെ വിദ്യാഭ്യാസ വായ്പ | 25,000 രൂപ | 1.00 ലക്ഷം രൂപ |
| വിവാഹ വായ്പ | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| വീട് മെയിന്റനൻസ് | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| ഭവന നിർമ്മാണം | 25.00 ലക്ഷം രൂപ | 35.00 ലക്ഷം രൂപ |
| വാഹന വായ്പ | 10.00 ലക്ഷം രൂപ | 20.00 ലക്ഷം രൂപ |
| ബിസിനസ്സ് വായ്പ | 10.00 ലക്ഷം രൂപ | 20.00 ലക്ഷം രൂപ |
| കുടുംബശ്രീ/എസ്.എച്ച്.ജി. വായ്പ (അക്കൗണ്ടുള്ള സംഘങ്ങൾക്ക് മാത്രം) | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| സാധാരണ വായ്പ (മോർട്ട്ഗേജ്) | 10.00 ലക്ഷം രൂപ | 20.00 ലക്ഷം രൂപ |

(ഡി) നെൽകൃഷിക്ക് പലിശരഹിത വായ്പാ സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ സഹകരണ ബാങ്കുകൾക്ക് അനുവദിച്ച ഒരു കോടി രൂപയിൽ 62,72,826 രൂപ വിതരണം ചെയ്തിട്ടുണ്ട്.

### നോട്ട് നിരോധിച്ചതുമൂലം സഹകരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി

204(3968) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധിച്ചതുമൂലം സഹകരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി

എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) നോട്ട് നിരോധനംമൂലം സഹകരണ മേഖലയിൽ എത്ര കോടി രൂപയുടെ വ്യാപാര നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നോട്ട് നിരോധിച്ചതുമൂലം സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നോട്ട് ലഭ്യതയുടെ പ്രശ്നം പരിഹരിക്കപ്പെട്ടുവരികയാണ്.

(ബി) നോട്ട് നിരോധനത്തിനുശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6,386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകുന്ന വായ്പയിൽ ഏകദേശം 30 ശതമാനം കുറവ് വന്നിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 44.2 ശതമാനം കുറവ് വന്നിട്ടുണ്ട്.

**സംസ്ഥാന സഹകരണ വകുപ്പ് ആഫീസുകളുടെ പ്രവർത്തനം**

205(3969) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ സഹകരണ വകുപ്പിന്റെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) എന്നീ ആഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ നിർവ്വഹണം**

206(3970) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ നിർവ്വഹണം ഇപ്പോൾ ഏത് രീതിയിലാണ്; യൂണിയന്റെ മുൻ മാനേജിംഗ് കമ്മിറ്റിയെ പിരിച്ചുവിട്ടതാണോ അതോ കാലാവധി പൂർത്തിയാക്കിയതാണോ എന്ന് വ്യക്തമാക്കുമോ;

(ബി) കാലാവധി പൂർത്തിയായിട്ടും പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുവാൻ കഴിയാതെ വന്നാൽ ഭരണസ്തംഭനം ഒഴിവാക്കാനായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതുപ്രകാരമാണോ നടപടി എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ സംഘത്തെയോ സംഘവിഭാഗത്തെയോ നിയമത്തിലെ ഏതെങ്കിലും വകുപ്പിന്റെ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാൻ ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ഒരു സഹകരണ സംഘം അല്ലാത്ത എസ്.സി.യു- നെ നിയമ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാൻ കഴിയുമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ യൂണിയന്റെ ഭരണസമിതി കാലാവധി 2-2-2016-ൽ അവസാനിച്ചുവെങ്കിലും പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടക്കാത്ത സാഹചര്യത്തിൽ കേരള സഹകരണ നിയമം വകുപ്പ് 89 പ്രകാരം നിലവിൽ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ കൺവീനറായുള്ള 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. സംസ്ഥാന സഹകരണ യൂണിയന്റെ മുൻ മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി 2-2-2016-ൽ പൂർത്തിയായതാണ്. പിരിച്ചുവിട്ടതല്ല.

(ബി) കാലാവധി പൂർത്തിയായിട്ടും പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കാൻ കഴിയാതെ വന്നാൽ 1969-ലെ സഹകരണ സംഘം നിയമം വകുപ്പ് 89 പ്രകാരം ഭരണസ്തംഭനം ഒഴിവാക്കാനായി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരമാണ് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുള്ളത്.

(സി) സഹകരണ നിയമം വകുപ്പ് 101 പ്രകാരം സഹകരണ സംഘത്തെയോ സംഘ വിഭാഗത്തെയോ നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയിൽനിന്നും ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ഒഴിവാക്കാൻ കഴിയും. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 89 പ്രകാരമാണ് സംസ്ഥാന സഹകരണ യൂണിയൻ രൂപീകരിച്ചിട്ടുള്ളത്. കൂടാതെ ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകളും സഹകരണ നിയമത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ നീതി മെഡിക്കൽ സ്റ്റോർ

207(3971) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ ചാലക്കുടിയിൽ പ്രവർത്തിച്ചുവരുന്ന നീതി മെഡിക്കൽ സ്റ്റോർ, ബാങ്കിന്റെ പ്രവർത്തന പരിധിയിലുള്ള 'ചെറങ്ങര' യിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപകർക്ക് പണം പിൻവലിക്കാൻ അനുമതി

208(3972) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31-ന് ശേഷം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപകർക്കും വായ്പക്കാർക്കും മൂന്നു ലക്ഷം രൂപയിലധികം പിൻവലിക്കാൻ അനുമതിയില്ലാത്ത സ്ഥിതിയിലും ഇതര ബാങ്കുകളിലെ അക്കൗണ്ടുകളിലേയ്ക്ക് പരിധിയില്ലാതെ ട്രാൻസ്ഫർ ചെയ്യാൻ അവസരം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അവസ്ഥമൂലം, കൂടുതൽ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്ത് വാണിജ്യ ബാങ്കുകൾ പ്രാഥമിക വായ്പാ സംഘങ്ങളിലെ വായ്പക്കാരുടെയും മറ്റും നിക്ഷേപങ്ങൾ മാറ്റിക്കൊണ്ടുപോകാനും അതുവഴി പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടിവുണ്ടാകാനും സാദ്ധ്യതയുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്;

(സി) നോട്ട് പിൻവലിക്കൽമൂലമുള്ള പ്രശ്നപരിഹാരമായി ജില്ലാ സഹകരണബാങ്കുകളിൽ മിറർ അക്കൗണ്ടുകൾ ആരംഭിക്കാൻ നൽകിയ ഉത്തരവിന്റെ പുരോഗതി വീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എത്ര സംഘങ്ങളും നിക്ഷേപകരും മിറർ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് ഉയർന്ന നിരക്കിലുള്ള പലിശ അനുവദിച്ചും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപകങ്ങൾക്ക് കേരള സർക്കാരിന്റെ കേരള നിക്ഷേപ ഗ്യാരണ്ടി പദ്ധതിയുടെ പരിരക്ഷയെ സംബന്ധിച്ച് പ്രചരണം നൽകിയും പ്രാഥമിക സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ കൂടുതൽ മിറർ അക്കൗണ്ടുകൾ തുടങ്ങിയും ഉപഭോക്താക്കളെ ബോധവൽക്കരിച്ചും പ്രതിസന്ധികൾ പരിഹരിക്കാവുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽ മിറർ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നൽകിയ ഉത്തരവിന്മേൽ നടപടി നടന്നുവരുന്നു.

(ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**വാമനപുരം മണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ**

209(3973) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര സഹകരണ സ്ഥാപനങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം മേഖലയിലെ സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ "പലവക" വിഭാഗത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ഭിന്നശേഷി വിഭാഗക്ഷേമ സഹകരണ സംഘം ക്ലിപ്തം റ്റി. 2135 എന്ന സംഘത്തിന് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

## സർക്കിൾ സഹകരണ യൂണിയനുകൾ

210(3974) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കിൾ സഹകരണ യൂണിയനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും ഏതു തസ്തികകളിലാണ് നിയമിച്ചതെന്നും അനുവദിച്ച ശമ്പള സ്കെയിൽ ഏതാണെന്നും വിശദമാക്കുമോ;

(സി) ഇവർക്ക് ശമ്പളത്തിനു പുറമെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ഏകീകരിച്ച സേവന വേതന വ്യവസ്ഥ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 62 എണ്ണം.

(ബി & സി) നിലവിൽ 21 സർക്കിൾ സഹകരണ യൂണിയനുകളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ടി ജീവനക്കാരുടെ ശമ്പള സ്കെയിൽ, ശമ്പളത്തിന് പുറമേ നൽകുന്ന ആനുകൂല്യങ്ങളുടെ പട്ടിക എന്നിവ അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിലവിൽ പ്രസ്തുത ജീവനക്കാർക്ക് ഏകീകരിച്ച സേവന-വേതന വ്യവസ്ഥയില്ല. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളും ത്രിവേണി സൂപ്പർ മാർക്കറ്റുകളും നീതി മെഡിക്കൽ സ്റ്റോറുകളും

211(3975) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനും, കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും സാധനങ്ങളുടെ ലഭ്യത കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കരിഞ്ചന്ത ലോബികൾ അവശ്യസാധനങ്ങൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് ഇവയുടെ വില ഉയർത്തുന്ന സാഹചര്യത്തിൽ, ഓപ്പൺ വിപണിയിൽ കൂടുതൽ ഇടപെടാൻ കഴിയുംവിധം കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലും ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും കൂടുതലായി ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് എല്ലാംതന്നെ നീതി സ്റ്റോറുകൾ അനുവദിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ താലൂക്കാശുപത്രികളുടെയും സമീപം നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിൽ മുൻകാലത്തുണ്ടായ തെറ്റായ ചില പ്രവണതകളുടെ ഭാഗമായി ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ സാധനങ്ങളുടെ ലഭ്യത കുറയുകയും സാധനങ്ങൾ വാങ്ങാൻ വരുന്നവരുടെ എണ്ണം കുറയുകയും ചെയ്തുവെന്നത് വസ്തുതയാണ്. 2016 ജൂലൈ മാസത്തിനുശേഷം ത്രിവേണികളുടെ വ്യാപാരം കൃത്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ മാസങ്ങളിലും ഇ-ടെണ്ടർ വഴി ആവശ്യമായ സാധനങ്ങൾ മൊത്തമായി വാങ്ങി ലഭ്യമാക്കുന്നുണ്ട്. ശരാശരി ഒരു ത്രിവേണിയിൽ രണ്ട് ലക്ഷം രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെയുള്ള സ്റ്റോക്ക് നിലവിലുണ്ട്. ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ ഇത് 15 ലക്ഷം രൂപയോളം വരും.

(ബി) അരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി രൂപീകരിച്ച കൺസോർഷ്യം ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് ആരംഭിച്ചിട്ടുണ്ട്. ഇതിനകം ബംഗാളിൽനിന്നും അരി എത്തിച്ച് വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ മറ്റ് ഇനങ്ങൾ എല്ലാ നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ലഭ്യമാക്കുന്നതിനായി പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലും ത്രിവേണികളിലൂടെയും പരിശ്രമിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനും 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 700 നീതി സ്റ്റോറുകളും 600 നീതി മെഡിക്കൽ സ്റ്റോറുകളും പ്രവർത്തനസജ്ജമായി കഴിഞ്ഞിട്ടുണ്ട്. താലൂക്ക് ജില്ലാ ആശുപത്രികൾക്ക് സമീപം ഉചിതമായ സ്ഥലം ലഭിക്കുന്നപക്ഷം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നത് കൺസ്യൂമർഫെഡ് പരിഗണിച്ചുവരുന്നു.

## സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട്

212(3976) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മുട്ടം വലിയകുഴി സർവ്വീസ് സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര രൂപയുടെ ക്രമക്കേടാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്;

(ബി) ക്രമക്കേടിന് ഉത്തരവാദികൾ ആരൊക്കെയാണ് എന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത്;വിശദമാക്കാമോ;

(സി) ബാങ്കിന് നഷ്ടപ്പെട്ട തുക ഇവരിൽ നിന്ന് ഈടാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇവർക്കെതിരെ ക്രിമിനൽകേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വലിയകുഴി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 2259-ൽ നടന്ന സാമ്പത്തിക തിരിമറി സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. 5,31,65,353 രൂപയുടെ അപഹരണവും സാമ്പത്തിക ക്രമക്കേടുകളും ബാങ്കിൽ നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ബാങ്കിൽ നടന്ന ക്രമക്കേടുകൾക്ക് അക്കൗണ്ടന്റ് ശ്രീ. കെ. ബി. ഷിഹാദ്, ബാങ്ക് സെക്രട്ടറി ശ്രീ. മനോഹരൻ ഡി., ജൂനിയർ ക്ലാർക്ക് ശ്രീമതി ശ്രീലത ആർ., സീനിയർ ക്ലാർക്ക് ശ്രീമതി രജനി എസ്. എന്നിവരും കൂടാതെ ഇക്കാലയളവിലെ ഭരണസമിതി അംഗങ്ങളുമാണ് ഉത്തരവാദികളെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ബാങ്കിന് നഷ്ടപ്പെട്ട തുക ഉത്തരവാദികളിൽനിന്നും ഈടാക്കിയെടുക്കുന്നതിന് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇവർക്കെതിരെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1615/2015 നമ്പരായി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കൺസ്യൂമർഫെഡ് നൽകുന്ന സബ്സിഡി

213(3977) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണി വില പിടിച്ചുനിർത്തുന്നതിന് കൺസ്യൂമർഫെഡ് സബ്സിഡി നൽകി നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സബ്സിഡിയിനത്തിൽ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള സബ്സിഡി വിൽപ്പന സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീസൺ | കാലയളവ് | ഇനങ്ങളുടെ എണ്ണം | വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം |
|---|---|---|---|
| റംസാൻ 2016 | 26-6-2016 to 5-7-2016 | 13 ഇനം | 1930 |
| ഓണം 2016 | 4-9-2016 to 13-9-2016 | 13 ഇനം | 2012 |
| ക്രിസ്തുമസ് 2016 | 21-12-2016 to 26-12-2016 | 13 ഇനം | 5 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള സബ്സിഡി വിൽപ്പനയിൽ കൺസ്യൂമർഫെഡിന് ഉണ്ടായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സീസൺ | കൺസ്യൂമർഫെഡിനുണ്ടായ നഷ്ടം |
|---|---|
| റംസാൻ 2016 | 13.76 കോടി |
| ഓണം 2016 | 6.02 കോടി |
| ക്രിസ്തുമസ് 2016 | 3.16 ലക്ഷം |

മുൻകാല കുടിശ്ശികയിനത്തിൽ കൺസ്യൂമർഫെഡിന് 60 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തവർ നേരിടുന്ന ജപ്തിനടപടികൾ

214(3978) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രാഥമിക, ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ കേസുകളിൽ നാളിതുവരെ എത്രപേർക്കെതിരെ ജപ്തിനടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഭവന വായ്പയെടുത്തവരിൽ എത്രപേർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചു എന്നതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിൽ ഭവന വായ്പയെടുത്ത എത്ര പേർക്കെതിരെ നിയമ നടപടികൾക്ക് മുന്നോടിയായുള്ള നോട്ടീസ് അയച്ചുവെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രാഥമിക, ജില്ലാ, സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ കേസുകളിൽ നാളിതുവരെ 10,880 പേർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭവന വായ്പ എടുത്തവരിൽ ജപ്തി നടപടികൾ സ്വീകരിച്ചതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 149 |
| കൊല്ലം | 73 |
| പത്തനംതിട്ട | ഇല്ല |
| ആലപ്പുഴ | 2 |
| കോട്ടയം | 82 |
| ഇടുക്കി | 1 |
| എറണാകുളം | ഇല്ല |

| | |
|---|---|
| തൃശ്ശൂർ | 1 |
| പാലക്കാട് | 10 |
| മലപ്പുറം | 2 |
| കോഴിക്കോട് | 28 |
| വയനാട് | ഇല്ല |
| കണ്ണൂർ | 5 |
| കാസർഗോഡ് | ഇല്ല |
| ആകെ | 353 |

(സി) ഭവന വായ്പയെടുത്തവരിൽ നിലവിൽ നിയമ നടപടികൾക്ക് മുന്നോടിയായുള്ള നോട്ടീസ് അയച്ചതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 899 |
| കൊല്ലം | 1418 |
| പത്തനംതിട്ട | 161 |
| ആലപ്പുഴ | 188 |
| കോട്ടയം | 495 |
| ഇടുക്കി | 499 |
| എറണാകുളം | 8182 |
| തൃശ്ശൂർ | 314 |
| പാലക്കാട് | 863 |
| മലപ്പുറം | 76 |
| കോഴിക്കോട് | 740 |
| വയനാട് | 5 |
| കണ്ണൂർ | 174 |
| കാസർഗോഡ് | 275 |
| ആകെ | 14289 |

## നവകേരളീയം കുടിശ്ശിക നിവാരണം 2017

215(3979) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണസ്ഥാപനങ്ങളിൽ നവകേരളീയം കുടിശ്ശിക നിവാരണം 2017 എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരമുള്ള വായ്പ തീർപ്പാക്കൽ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

നവകേരളീയം കുടിശ്ശിക നിവാരണം 2017 പ്രകാരം വായ്പ തീർപ്പാക്കുമ്പോൾ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശനിരക്കോ ഏതാണോ കുറവ് ആയതു പ്രകാരമുള്ള പലിശയും ഈടാക്കി ബാദ്ധ്യത അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കിനിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത് വർഷങ്ങളായി തിരിച്ചടയ്ക്കാൻ കഴിയാത്ത വലിയ തുക ബാദ്ധ്യത വന്നിട്ടുള്ളവർക്ക് ഈ പദ്ധതിമൂലം വളരെ വലിയ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്. പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവയും വായ്പകളെ അടിസ്ഥാനമാക്കി ഒഴിവാക്കിക്കൊടുക്കുന്നതാണ്. വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്നതിനായി വായ്പാത്തുക ഈ പദ്ധതി കാലാവധിക്കുള്ളിൽ ക്രമമായി അടച്ചുതീർക്കുന്നവർക്ക് ആകെ ടി വായ്പയിലേയ്ക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശ തുകയുടെ 10 ശതമാനം തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതാണ്.

## ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള സ്ഥാപനങ്ങൾ

216(3980) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള ഉള്ള സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് വാടക /ലീസിനായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രതിമാസ വാടക എത്രയെന്നും ഈ സ്ഥാപനങ്ങൾ വാടക/ലീസിന് ആർക്കൊക്കെയാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലീസിനായി നൽകിയിട്ടുണ്ട്.

1. ആയിറ്റി ടെർമിനൽ

2. ഇടയിലക്കാട് അമിനിറ്റി സെന്റർ

3. ബേക്കൽ ബീച്ച് പാർക്ക്

4. കോട്ടപ്പുറം ഹൗസ് ബോട്ട് സെന്റർ

5. ബേക്കൽ ഫോർട്ട് പാർക്കിംഗ് ബേ

6. തൃക്കണ്ണാട് അമിനിറ്റി സെന്റർ

(ബി) 1. ആയിറ്റി ടെർമിനൽ പ്രതിമാസം 8,500 രൂപയ്ക്കും ഇടയിലക്കാട് അമിനിറ്റി സെന്റർ പ്രതിമാസം 1,500 രൂപയ്ക്കും വലിയപറമ്പ കായൽ ടൂറിസം വികസന സമിതിക്ക് ലീസിന് നൽകിയിരിക്കുകയാണ്.

2. ബേക്കൽ ബീച്ച് പാർക്ക് പ്രതിമാസം 1,60,500 രൂപയ്ക്ക് പള്ളിക്കര സഹകരണ ബാങ്കിന് ലീസിന് നൽകിയിരിക്കുകയാണ്.

3. കോട്ടപ്പുറം ഹൗസ്ബോട്ട് സെന്റർ പ്രതിമാസം 16,500 രൂപയ്ക്ക് ശ്രീ. മുഹമ്മദ് അനസിന് ലീസിന് നൽകിയിരിക്കുകയാണ്.

4. ബേക്കൽ ഫോർട്ട് പാർക്കിംഗ് ബേ പ്രതിമാസം 30,416 രൂപയ്ക്ക് ശ്രീ. അബ്ദുൾ സനാഫിന് ലീസിന് നൽകിയിരിക്കുകയാണ്.

5. തൃക്കണ്ണാട് അമിനിറ്റി സെന്റർ പ്രതിമാസം 4,100 രൂപയ്ക്ക് ശ്രീ. ഷറഫുദ്ദീന് ലീസിന് നൽകിയിരിക്കുകയാണ്.

**വിനോദസഞ്ചാര മേഖല**

217(3981) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം മേഖലകളിൽ അന്തർദേശീയ നിലവാരത്തിൽ അടിസ്ഥാന സൗകര്യം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ടൂറിസം കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ടൂറിസ്റ്റുകൾക്ക് ആവശ്യം വേണ്ടുന്ന എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

**അതിഥിമന്ദിരങ്ങൾ ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം**

218 (3982) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി മന്ദിരങ്ങൾ ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) റിസർവ് ചെയ്യുവർക്ക് മൊബൈൽ എസ്. എം. എസ്. വഴി വിവരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മലപ്പുറത്ത് നിലവിലുള്ള ഗസ്റ്റ് ഹൗസ് നവീകരിക്കുന്നതിനും പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ പരിഗണനയിലില്ല.

(സി) പരിശോധിക്കാവുന്നതാണ്.

**ദേശീയ-സംസ്ഥാന പാതകൾക്കരികിൽ സ്ഥാപിച്ച വഴിയോരം കേന്ദ്രങ്ങൾ**

219(3983) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ പിന്തുണയോടെ ദേശീയ-സംസ്ഥാന പാതകൾക്കരികിൽ സ്ഥാപിച്ച വഴിയോരം കേന്ദ്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; നിലവിൽ എത്ര കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്;

(ബി) സർക്കാർ ഇവയുടെ പ്രവർത്തനത്തിന് സാമ്പത്തിക സഹായമോ മറ്റാനുകൂല്യങ്ങളോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്കൂൾ-കോളേജ് തലങ്ങളിൽ ടൂറിസം ക്ലബ്ബിന്റെ പ്രോത്സാഹനത്തിന് വേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാരികൾക്ക് യാത്രയിലുടനീളം മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന് 2004-ൽ സ്വകാര്യ സംരംഭകരുടെ മുതൽമുടക്കോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് വഴിയോരം. ഈ പദ്ധതിയിൽ 35 സംരംഭകർക്ക് ഇവ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കുന്ന സംരംഭകർക്ക് മുടക്കുമുതലിന്റെ 25 ശതമാനം (പരമാവധി 5 ലക്ഷം രൂപ) സബ്സിഡിയായി നൽകുന്നു. കൂടാതെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് 25 ശതമാനം (പരമാവധി 2 ലക്ഷം രൂപ) കൂടി നൽകുന്നു.

(സി) കേരളത്തിലുടനീളം സ്കൂൾ കോളേജ് തലങ്ങളിൽ ടൂറിസം ക്ലബ്ബുകളുടെ പുനരുദ്ധാരണത്തിനും പ്രോത്സാഹനത്തിനുമായി 2013-14 സാമ്പത്തിക വർഷം 30,66,000 രൂപയും 2015-16 സാമ്പത്തിക വർഷം 57,86,868 രൂപയും 14 ഡി.റ്റി.പി.സി.-കൾക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഡി.റ്റി.പി.സി.-കളുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂറിസം ക്ലബ്ബുകളുടെ സജീവ പ്രവർത്തനത്തിനും ക്യാമ്പുകൾ, വിനോദയാത്രകൾ തുടങ്ങിയവ നടത്തുന്നതിനും ഡി.റ്റി.പി.സി.-കൾക്ക് ഫണ്ട് അനുവദിച്ചുനൽകിയിട്ടുണ്ട്.

**ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ**

220(3984) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) ഡി.ടി.പി.സി.യിൽ പരിശോധന നടത്തുന്നതിന് ടൂറിസം വകുപ്പിൽ എന്തു സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കും?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പിനുകീഴിലുള്ള സർക്കാർ നിയന്ത്രിത സൊസൈറ്റിയാണ് ഡി.റ്റി.പി.സി. ജനപ്രതിനിധികൾ അംഗങ്ങളായുള്ള കൗൺസിലിന്റെ ചെയർമാൻ ജില്ലാ കളക്ടറാണ്. ജില്ലകളിൽ ടൂറിസം കേന്ദ്രങ്ങൾ പ്രാദേശിക തലത്തിൽ കണ്ടെത്തി വികസനത്തിനും നടത്തിപ്പിനും സർക്കാരിന്റെയോ ടൂറിസം വകുപ്പിന്റെയോ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ചുമതല ഡി.റ്റി.പി.സി.-ക്കാണ്. ഡി.റ്റി.പി.സി.-കൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് അർഹമായതിന്

ടൂറിസം വകുപ്പ്/സർക്കാർ അനുമതി നൽകുന്നു. ജില്ലാതലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല വകുപ്പ് ഏൽപ്പിക്കുന്നപക്ഷം ഡി.റ്റി.പി.സി. നിർവ്വഹിക്കാറുണ്ട്. സർക്കാരിന്റെ/ടൂറിസം വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ട കൗൺസിലാണ് ഡി.റ്റി.പി.സി.

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര മേഖലയിൽ അറിവും അനുഭവവുമുള്ളവരെ എല്ലാ ജില്ലകളിലും ഡി.റ്റി.പി.സി. സെക്രട്ടറി സ്ഥാനത്തേയ്ക്ക് നിയമിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ടൂറിസം മേഖലയിലെ വികസനത്തിന് പുതിയ പദ്ധതികൾ**

221(3985) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിൽ മദ്യനിരോധനം ആഘാതമുണ്ടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയുടെ വികസനവും മദ്യലഭ്യതയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രത്യേക പഠനങ്ങൾ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടത് മനസ്സിലാക്കുന്നതിനായി "Trade Research Survey 2016" എന്ന പഠനം നടത്തുകയും പ്രസ്തുത പഠനത്തിൽ പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷൻ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവ് ടൂറിസം രംഗത്തെ തളർച്ചയ്ക്ക് മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടു. ഇതിനൊരു കാരണം സംസ്ഥാനത്തെ നിലവിലെ മദ്യനയമാണെന്നും കണ്ടെത്തുകയുണ്ടായി.

(ബി) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ

വികസിപ്പിക്കുക, പരിസ്ഥിതി സൗഹാർദ്ദ സൗകര്യങ്ങൾ വികസിപ്പിക്കുക, സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് നടപ്പാക്കുക, അവയോടൊപ്പം കേരളത്തിലെ ടൂറിസ്റ്റ് സാധ്യതകളെ കാണിച്ച് വിവിധ രാജ്യങ്ങളിൽ റോഡ്ഷോകൾ, ട്രേഡ് ഫെയറുകൾ മുതലായവ സംഘടിപ്പിക്കുക, ഇവയ്ക്കെല്ലാം വേണ്ടത്ര പ്രചരണം നൽകുക എന്നിവ വഴി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനവും തൊഴിൽ അവസരങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

വിദേശ ടൂറിസ്റ്റുകളുടെ വരവ് നിലവിലെ എണ്ണത്തിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് നിലവിലേതിനേക്കാൾ 50 ശതമാനം വർദ്ധിപ്പിച്ചും വിനോദസഞ്ചാര മേഖലയിൽ നിലവിലെ 14 ലക്ഷം തൊഴിലവസരം 5 വർഷത്തിനുള്ളിൽ 4 ലക്ഷം കൂടി വർദ്ധനവ് വരുത്തുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

യുവാക്കൾക്ക്, പ്രത്യേകിച്ചും ഗ്രാമീണമേഖലയിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത കഴിവുകൾ ഉണ്ടാക്കുന്നതിനുതകുന്ന അനുഭവാധിഷ്ഠിതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാകുമെന്ന് കരുതുന്നു. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതി നടത്തി വികസിപ്പിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു. അതുവഴി കൂടുതൽ തൊഴിലവസരവും വരുമാനവും പ്രാദേശികമായി ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.

**ടൂറിസം മേഖലയിൽ തൊഴിലവസരങ്ങൾ**

222(3986) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ ഗവൺമെന്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിന് തയ്യാറാകുമോ;

(സി) ഈ മേഖലയിൽ ഏതെല്ലാം തൊഴിലവസരങ്ങളാണ് നിലവിൽ ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പരിസ്ഥിതി സൗഹാർദ്ദ സൗകര്യങ്ങൾ വികസിപ്പിക്കുക, സമഗ്ര മാലിന്യ നിർമ്മാർജ്ജന മാനേജ്മെന്റ് നടപ്പാക്കുക, അവയോടൊപ്പം കേരളത്തിലെ ടൂറിസ്റ്റ് സാധ്യതകളെ കാണിച്ച് വിവിധ രാജ്യങ്ങളിൽ റോഡ്ഷോകൾ, ട്രേഡ് ഫെയറുകൾ മുതലായവ സംഘടിപ്പിക്കുക, ഇവയ്ക്കെല്ലാം വേണ്ടത്ര പ്രചരണം നൽകുക എന്നിവ വഴി കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുകയും അങ്ങനെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അടുത്ത 5 വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനും 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് വിഘാതം വരാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സമഗ്ര ടൂറിസം പദ്ധതിയാണ് വിനോദസഞ്ചാര വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. യുവാക്കൾക്ക്, പ്രത്യേകിച്ചും ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് തൊഴിലധിഷ്ഠിത കഴിവുകൾ ഉണ്ടാക്കുന്നതിനുതകുന്ന അനുഭവാധിഷ്ഠിതമായ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.

2. സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന വിധത്തിൽ ഉത്തരവാദിത്വ വിനോദസഞ്ചാര പദ്ധതി വികസിപ്പിക്കുക വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നു.

(ബി & സി) വിനോദസഞ്ചാര വ്യവസായത്തിന് സംസ്ഥാന സമ്പദ് രംഗത്തുള്ള പങ്ക് വിലയിരുത്തുന്നതിനുവേണ്ടി ഒരു പഠനം ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖേന നടത്തിയിട്ടുണ്ട്. അവരുടെ ഡ്രാഫ്റ്റ് റിപ്പോർട്ടനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ് ചെയ്ത ആഹാര പദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്തുങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര-ജല-വ്യോമ സഞ്ചാരമേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

**വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ്**

223(3987) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ

(2015-16) അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) ഇവരുടെ വിവരം ആഭ്യന്തര / വിദേശ ടൂറിസ്റ്റുകൾ എന്ന് തരംതിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർവർഷം അടിസ്ഥാനമാക്കിയാണ്. 2015 കലണ്ടർവർഷത്തെ അപേക്ഷിച്ച് 2016-ൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ തരംതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദസഞ്ചാരികൾ | ആഭ്യന്തര വിനോദസഞ്ചാരികൾ | ആകെ |
|---|---|---|---|
| 2015 | 9,77,479 | 1,24,65,571 | 1,34,43,050 |
| 2016 | 10,38,419 | 1,31,72,535 | 1,42,10,954 |

**ആഭ്യന്തര ടൂറിസം**

224(3988) ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. ടൂറിസം മേഖലയിലുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങൾ കേരളത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിനായി KTM സംഘടിപ്പിച്ചുവരുന്നു.
2. മുസിരിസ്, സ്പൈസ് റൂട്ട് എന്നിവയെ മുൻനിർത്തി പൈതൃക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
3. അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
4. കേരളത്തിലെ സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവ

ഉൾപ്പെടുത്തി കലണ്ടർ തയ്യാറാക്കുകയും ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസുകൾ വഴി ആഭ്യന്തര ടൂറിസ്റ്റുകൾക്ക് ആയത് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ഉത്തരവാദിത്വ ടൂറിസം ആഭ്യന്തര വിപണിക്ക് പരിചയപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. സഞ്ചാരികൾക്ക് ടൂർ ഓപ്പറേറ്റർമാരും ഹോട്ടലുകളുമായി സഹകരിച്ച് ആകർഷകമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. കേരളത്തെ വിവാഹ/MICE ടൂറിസത്തിനുള്ള പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ, ഓഫ്‌ലൈൻ പ്രചരണ മാർഗ്ഗങ്ങൾ നടപ്പാക്കിവരുന്നു.

8. ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ഇന്ത്യയിൽ തെരഞ്ഞെടുക്കപ്പെട്ട 22 നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയുണ്ടായി.

**മെഡിക്കൽ ടൂറിസം പദ്ധതി**

225(3989) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ ഇതര സംസ്ഥാനക്കാർക്കും വിദേശികൾക്കും കൂടി ലഭ്യമാക്കുന്നതിനായി മെഡിക്കൽ ടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(ബി) പദ്ധതിയിൽ പങ്കാളികളാകാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകാൻ ആശുപത്രികൾക്ക് എന്തൊക്കെ യോഗ്യതകളാണ് ഉണ്ടാകേണ്ടതെന്ന് അറിയിക്കുമോ?

ഉത്തരം

(എ – സി) ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ കേന്ദ്രീകരിച്ചുള്ള മെഡിക്കൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ ആയുർവ്വേദം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആയുർവ്വേദ യൂണിറ്റുകളുടെ ക്ലാസിഫിക്കേഷൻ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പരസ്യപ്രചരണങ്ങളിൽ ആയുർവ്വേദത്തിന് പ്രമുഖ സ്ഥാനം നൽകിവരുന്നുണ്ട്.

**മാനന്തവാടി മണ്ഡലത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ**

226(3990) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിലാണ് നിലവിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്;

(ബി) മാനന്തവാടി പഴശ്ശി പാർക്കിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാനന്തവാടി പഴശ്ശി പാർക്കിലേക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിന് ഫലപ്രദമായ പദ്ധതികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മാനന്തവാടി മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നത്:

1. പ്രിയദർശിനി ടീ എൻവിറോൺസ്, പ്രിയദർശിനി എസ്റ്റേറ്റ്, മാനന്തവാടി.
2. വള്ളിയൂർക്കാവ് ക്ഷേത്രം, തീർത്ഥാടന ടൂറിസം വികസന പ്രവർത്തനങ്ങൾ.
3. പഴശ്ശി പാർക്ക് മാനന്തവാടി ടൂറിസം വികസന പ്രവർത്തനങ്ങൾ.
4. ടൂറിസം ഫെസിലിറ്റേഷൻ സെന്റർ, കബനീതീരം, പനമരം.
5. കുറുവാ ദ്വീപ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.
6. പ്രിയദർശിനി ടീ എൻവിറോൺസ് തുടർ വികസന പ്രവർത്തനങ്ങൾ.

(ബി & സി) സാധ്യത പരിശോധിക്കുന്നതാണ്.

## നിലമ്പൂർ ടൂറിസത്തിന്റെ സമഗ്ര വികസനം

227(3991) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ടൂറിസത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി ഒരു മാസ്റ്റർ പ്ലാൻ രൂപീകരിക്കുന്നതിനും സർവ്വേയ്ക്കുമായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിരുന്നോ; എങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എത്ര രൂപയാണ് ചെലവഴിച്ചത്;

(ബി) മാസ്റ്റർ പ്ലാനിന്റെ കരട് (Draft) സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ കരട് മാസ്റ്റർ പ്ലാൻ പരിശോധിച്ച് പോരായ്മകൾ ഉണ്ടെങ്കിൽ തിരുത്തുന്നതിനും അല്ലെങ്കിൽ അന്തിമ തീരുമാനമെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ; കരട് മാസ്റ്റർ പ്ലാൻ സമർപ്പിച്ച തീയതി വ്യക്തമാക്കാമോ; തീരുമാനമെടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) കരട് മാസ്റ്റർ പ്ലാൻ പ്രകാരം നിലമ്പൂർ ടൂറിസം സമഗ്ര വികസനത്തിന് എത്ര രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചത്; പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ടൂറിസത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടാറ്റാ കൺസൽട്ടൻസി സർവ്വീസസ് എന്ന സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്. ഇതിനായി 42 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ 19,00,990 രൂപ ടാറ്റാ കൺസൽട്ടൻസി സർവ്വീസിന് നൽകിയിട്ടുണ്ട്.

(ബി) കരട് മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധനയിലാണ്. 5-5-2016-ലാണ് മാസ്റ്റർപ്ലാൻ വകുപ്പിൽ ലഭിച്ചത്. ഇത് വിശദമായി പരിശോധിച്ച് വിശകലനം നടത്തേണ്ടതുണ്ട്.

(സി) മാസ്റ്റർ പ്ലാൻ അന്തിമമായി അംഗീകരിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആവശ്യത്തിനുള്ള സൗകര്യങ്ങൾ

228(3992) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വളരെയധികം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ലൈറ്റുകൾ, സെക്യൂരിറ്റി, ഹോട്ടലുകൾ തുടങ്ങിയ സൗകര്യങ്ങൾ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ടൂറിസ്റ്റ് മേഖലകളിലെ ബീച്ചുകൾ ,ഉദാഹരണത്തിന് ശംഖുമുഖം, കോവളം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ബീച്ചുകൾ, നവീകരിച്ച് ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചില ടൂറിസം കേന്ദ്രങ്ങളിൽ ന്യൂനതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതിയിലൂടെ പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

(സി) സാധ്യത വിലയിരുത്തി പരിശോധിക്കാവുന്നതാണ്.

**ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ**

229(3993) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് എന്തെങ്കിലും പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ട് ലഭിക്കാറുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഇല്ല.

(സി) കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് പദ്ധതികൾക്ക് നിലവിൽ ആവശ്യമായ ധനസഹായം നൽകിവരുന്നത്. ഒരേ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ ഉതകുംവിധം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സർക്യൂട്ടാണ് സ്വദേശ് ദർശൻ. രാജ്യത്തെ പ്രധാനപ്പെട്ട ആരാധനാലയങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ സുസ്ഥിരവും സംയോജിതവും ആസൂത്രിതവുമായ വികസനത്തിലൂടെ സന്ദർശകർക്ക് മെച്ചപ്പെട്ട അനുഭവം പ്രദാനം ചെയ്യുകയെന്നതാണ് പ്രസാദ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്.

## വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവൽക്കരണം

230(3994) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടാനപ്പള്ളി ബീച്ചിൻെറ സൗന്ദര്യവൽക്കരണത്തിന് ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നിലവിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നിലവിൽ പദ്ധതികളൊന്നുംതന്നെ തയ്യാറാക്കിയിട്ടില്ല. പരിശോധിക്കാവുന്നതാണ്.

## ഉത്തരവാദിത്വ ടൂറിസം പദ്ധതി

231(3995) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രദേശവാസികൾക്ക് തൊഴിലവസരം നൽകുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ ഭാഗമായി കേരളത്തിൽ എത്രപേർക്ക് തൊഴിലവസരം ലഭ്യമായിട്ടുണ്ട്;

(ബി) കേരളത്തിൽ ഏതെല്ലാം മേഖലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുക വഴി 157 കുടുംബങ്ങൾ/ വ്യക്തികൾക്ക് പ്രത്യക്ഷമായും 6280 കുടുംബങ്ങൾ/വ്യക്തികൾക്ക് പരോക്ഷമായും തൊഴിൽ ലഭ്യമായിട്ടുണ്ട്.

(ബി) കേരളത്തിൽ കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിങ്ങനെ ഏഴ് ടൂറിസം കേന്ദ്രങ്ങളിലാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## കേരളത്തിന്റെ ടൂറിസം സാദ്ധ്യത

232(3996) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യതയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് പറയാമോ;

(ബി) ടൂറിസം ബീച്ചുകൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ മേഖലയിലെ തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ബീച്ചുകളുടെ സ്വാഭാവികതയും മനോഹാരിതയും നിലനിർത്തിയുള്ള വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റുകൾക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, ടോയ്‌ലറ്റ് സൗകര്യം, താമസ സൗകര്യം, വാർത്താവിനിമയ സൗകര്യം, വിനോദ ഉപാധികൾ, സുരക്ഷിതത്വം ഉറപ്പു നൽകുന്ന പദ്ധതികൾ എന്നിവ ഏർപ്പെടുത്തി ബീച്ചുകളെ മനോഹരമാക്കി കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

**പയ്യന്നൂരിൽ പൈതൃക ടൂറിസം പദ്ധതി**

233(3997) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ പൈതൃക ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിക്കായുള്ള രൂപരേഖ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നഗരസഭാ പരിധിയിൽ വിനോദവിജ്ഞാന കേന്ദ്രങ്ങൾ**

234(3998) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നഗരസഭാ പരിധിയിൽ സർക്കാർ ഉടമസ്ഥതയിൽ വിനോദവിജ്ഞാന കേന്ദ്രങ്ങൾ നിലവിലില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ടി.എസ്. കനാലും കന്നേറ്റി കായലും വട്ടക്കായലും ഉൾപ്പെടുന്ന പ്രദേശങ്ങൾ ഉപയോഗപ്പെടുത്തി ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മോട്ടോർ ബോട്ടുകൾ, വാട്ടർ സ്കൂട്ടറുകൾ തുടങ്ങിയ വിനോദോപാധികൾ ഉൾപ്പെടുന്ന വാട്ടർസ്പോർട്സ് സൗകര്യമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇല്ല; കന്നേറ്റിക്കായലിൽ വിനോദസഞ്ചാര വകുപ്പ് ബോട്ടുജെട്ടി, പവലിയൻ എന്നിവ ഉൾപ്പെടുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. കൂടാതെ പന്മന വട്ടക്കായലിൽ ബോട്ടുജെട്ടി ഉൾപ്പടെയുള്ള ഒരു പദ്ധതി നടപ്പാക്കുന്നത് വകുപ്പിന്റെ പരിഗണനയിലാണ്. ഡി.റ്റി.പി.സി. മുഖേന ബോട്ടിംഗ് ആരംഭിക്കുന്നതിനുള്ള പദ്ധതിയും പരിശോധിച്ചുവരുന്നു.

(സി) സാധ്യത പരിശോധിക്കാവുന്നതാണ്.

**ടൂറിസത്തിന്റെ സാദ്ധ്യതകൾ**

235(3999) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാധ്യതകൾ അവതരിപ്പിച്ച് ടൂറിസം വികസനത്തിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) കേരളത്തിന്റെ ഉത്തരവാദ ടൂറിസം സംരംഭങ്ങൾക്ക് ഐക്യരാഷ്ട്രസഭയുടെ ടൂറിസം സംഘടനയായ യു.എൻ.ഡബ്ല്യൂ.ടി.ഒ. അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) യു.എൻ. വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ചെറുകിട വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് സാക്ഷ്യപത്രം നൽകാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. 2016-17 സാമ്പത്തിക വർഷത്തിൽ PATA ട്രാവൽ മാർട്ട് (ജക്കാർത്ത), JATA ടൂറിസം എക്സ്പോ (ടോക്യോ), ITB ഏഷ്യ (സിംഗപ്പൂർ), WTM ലണ്ടൻ, നെതർലാന്റ് ഫിറ്റൂർ (മാഡ്രിഡ്), ITB (ബർലിൻ), MITT (മോസ്കോ) എന്നീ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

2. 2016-17 സാമ്പത്തിക വർഷത്തിൽ മലേഷ്യ, ആസ്ട്രേലിയ, അയർലന്റ്, സ്വീഡൻ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ചെക്ക് റിപ്പബ്ലിക്, സ്പെയിൻ, റഷ്യ, ഉക്രെയിൻ എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

3. Online PR Campaign-നുള്ള നടപടി സ്വീകരിച്ചു.

4. കേരള ബ്ലോഗ് എക്സ്പ്രസ്സിന്റെ നാലാം പതിപ്പ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. കേരളത്തെ ഹണിമൂൺ ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. Off Season Promotion Campaign നടപ്പാക്കിവരുന്നു.

7. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച രാജ്യങ്ങളിൽനിന്നുള്ള ടൂറിസ്റ്റുകൾക്ക് ടൂറിസ്റ്റ് വിസ ഓൺ അറൈവൽ സിസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. പരമ്പരാഗത വിപണികളായ യു.കെ., ഫ്രാൻസ്, ജർമ്മനി എന്നിവ കൂടാതെ വളർന്നുവരുന്ന വിപണികളായ യു.എസ്., മിഡിൽ ഈസ്റ്റ് എന്നിവ കേന്ദ്രീകരിച്ചുള്ള പ്രചരണ പരിപാടികൾ നടപ്പാക്കിവരുന്നു.

9. സ്പൈസ് റൂട്ട്, മുസിരിസ് എന്നിവയെ മുൻനിർത്തി പൈതൃക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

10. MICE ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

11. കൊച്ചി ബിനാലെയെ വിദേശ മാർക്കറ്റുകൾക്ക് പരിചയപ്പെടുത്തുന്നതിനായി ഷോർട്ട് ഫിലിമുകൾ നിർമ്മിച്ച് വിദേശ രാജ്യങ്ങളുടെ TV ചാനലുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## കണ്ടശ്ശാംകടവ് ബോട്ടുജെട്ടിയുടെയും പാർക്കിന്റെയും നവീകരണം

236(4000) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടശ്ശാംകടവ് ബോട്ട്ജട്ടിയുടെയും പാർക്കിന്റെയും നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിന്റെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും കൈകാര്യ ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) മണലൂർ ഗ്രാമപഞ്ചായത്തിനെ കൈകാര്യ ചുമതല ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കണ്ടശ്ശാംകടവ് നവീകരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്:

1. Viewing Gallery
2. Children's Park
3. Shops below viewing gallery
4. Soft Landscaping works
5. Toilet

(ബി) നിലവിൽ ഏജൻസികളെയൊന്നും ചുമതലപ്പെടുത്തിയിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

**എരുമേലിയിൽ മാലിന്യസംസ്കരണവും ശുചീകരണവും**

237(4001) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സീസണിൽ എരുമേലിയിൽ വളരെയധികം മാലിന്യങ്ങളും മറ്റും ഉണ്ടാകുന്നതിനാൽ നല്ല ക്രമീകരണത്തോട്ടുകൂടിയ മാലിന്യസംസ്കരണവും ശുചീകരണവും നടത്താൻ ദേവസ്വം ബോർഡ് നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ;

(ബി) എരുമേലി വലിയ അമ്പലത്തിന്റെ മുന്നിൽക്കൂടി ഒഴുകുന്ന അമ്പലം തോട് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പരിസര ശുചീകരണം, മാലിന്യ സംസ്കരണം തുടങ്ങിയവയ്ക്കായി ദിവസവേതനാടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് 125 തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. ഇവർ എരുമേലി ക്ഷേത്ര പരിസരവും വാഹനങ്ങൾ പാർക്ക് ചെയ്യുന്ന സ്ഥലവും വൃത്തിയാക്കുന്നുമുണ്ട്. " 0.75 MLD-ഉം 1.0 MLD-ഉം" കപ്പാസിറ്റിയുള്ള രണ്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനായി മണ്ഡല-മകരവിളക്ക് കാലത്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) രണ്ട് വർഷം മുമ്പ് വരെ ഈ തോട് വൃത്തിയാക്കിയിരുന്നത് ദേവസ്വം ബോർഡായിരുന്നു. ഇപ്പോൾ ഇറിഗേഷൻ വകുപ്പാണ് ഈ ജോലി ചെയ്യുന്നത്.

**എരുമേലിയിൽ അയ്യപ്പഭക്ത സമുച്ചയം**

238(4002) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ എരുമേലിയിലുള്ള സ്ഥലസൗകര്യങ്ങൾ അപര്യാപ്തമായതിനാലും, പുണ്യ ശബരിമലയുടെ കവാടമായ എരുമേലിയിൽ ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാർ വിവിധ നാട്ടുകളിൽനിന്നും എത്തുന്നതിനാലും,

ഇതുവരെ നിലവിൽ ഇവിടെയുള്ള പ്രൈവറ്റ് പാർക്കിംഗ്, പ്രൈവറ്റ് കക്കൂസ്, കുളിമുറി എന്നിവകൾക്ക് സൗകര്യം കൊടുക്കുന്നവർ, ഇവരുടെ കൈയ്യിൽനിന്നും അമിത ചാർജ്ജ് വാങ്ങി ചൂഷണം നടത്തി വരുന്നത് തടയാൻ ദേവസ്വംബോർഡ് എരുമേലി മേഖലയിൽ കുറഞ്ഞത് 10 ഏക്കറോളം സ്ഥലം ഏറ്റെടുത്ത് അയ്യപ്പഭക്തന്മാരുടെ ഉന്നമനം മനസ്സിലാക്കി, ഇവരുടെ വണ്ടികൾ പാർക്ക് ചെയ്യുന്നതിനും, താമസത്തിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വളരെ നല്ല നിലയിൽ ദേവസ്വത്തിന്റെ മേൽനോട്ടത്തിൽ നടത്താവുന്ന ആധുനിക അയ്യപ്പഭക്ത സമുച്ചയം പണിയുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിലേക്ക് ആവശ്യമായ എത്ര ഏക്കർ സ്ഥലം വേണമെങ്കിലും എരുമേലിയിൽനിന്നും ദേവസ്വം ബോർഡിന് ഏറ്റെടുക്കാൻ സാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) എരുമേലിയിൽ അയ്യപ്പഭക്തർക്ക് ഇടത്താവളമായി മെച്ചപ്പെട്ട സൗകര്യങ്ങളോടെ വിശ്രമകേന്ദ്രം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ മാലിന്യ സംസ്കരണത്തിനായി സ്ഥിരം സംവിധാനം

239(4003) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരവധി ഭക്തജനങ്ങൾ എത്തിച്ചേരുന്നതും കുടിൽകെട്ടി ഭജനം ഇരിക്കുന്നതുമായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായ ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ക്ഷേത്ര ഭാരവാഹികളിൽനിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ശബരിമല മാസ്റ്റർപ്ലാൻ

240(4004) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) പ്രത്യേക നിക്ഷേപപദ്ധതിയിൽനിന്നും ഇതിനായി പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ & ബി)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച റിവൈസ്ഡ് ബഡ്ജറ്റിൽ (2016-17) 25 കോടി രൂപയും 2017-18-ലെ ബഡ്ജറ്റിൽ 25 കോടി രൂപയും മാസ്റ്റർ പ്ലാനിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടുപയോഗിച്ച് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ഘട്ടംഘട്ടമായി നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 25 കോടി രൂപ കിഫ്ബിയിൽ നിന്നാണ് അനുവദിക്കുന്നത്.

## ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ

241(4005) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സർക്കാർ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

ശബരിമല മാസ്റ്റർപ്ലാൻ മുഖേന സർക്കാർ ഫണ്ടുപയോഗിച്ചും ദേവസ്വം ബോർഡിന്റെ ഫണ്ടുപയോഗിച്ചും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയവ താഴെക്കൊടുക്കുന്നു.

ശബരിമല

1. അന്നദാനത്തിനായി ആധുനിക അടുക്കളയോടുകൂടി 2000 പേർക്ക് ഒരേ സമയം ആഹാരം കഴിക്കാവുന്ന അന്നദാന മണ്ഡപം.
2. മാളികപ്പുറത്തെ വിശ്രമ കേന്ദ്രം ഗ്രാനൈറ്റ് പാകി സൗകര്യപ്രദമാക്കി.
3. കുടിവെള്ളത്തിനായി മണിക്കൂറിൽ 1000 ലിറ്റർ ശുദ്ധജലം നൽകുന്നതിനുള്ള മൂന്ന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചു. ഔഷധീകരിച്ച കുടിവെള്ളം നൽകുന്നതിനുള്ള സൗകര്യം ഒരുക്കി.
4. 12 ലക്ഷം രൂപ ചെലവിട്ട് ശബരിമലയിലെ വിവിധ ഭാഗങ്ങളിൽ വേസ്റ്റ്ബിന്നുകൾ സ്ഥാപിച്ചു.
5. വെടിമരുന്ന് ശാല നവീകരിച്ച് സുരക്ഷ കർശനമാക്കി. കൂടാതെ ഗ്യാസ് സിലിണ്ടർ സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി പ്രത്യേകം ഗോഡൗൺ നിർമ്മിച്ച് സംരക്ഷണ ഭിത്തി നിർമ്മിച്ചു.
6. പാണ്ടിത്താവളത്ത് വിശ്രമത്തിനായി അധിക സൗകര്യം ഏർപ്പെടുത്തി.

പമ്പ

1. പമ്പയിൽ പമ്പാ നദീതീരം മാലിന്യവിമുക്തമാക്കുവാൻ സ്വീവേജ് കളക്ഷൻ ടാങ്ക് സ്ഥാപിച്ചു.
2. അന്നദാന മണ്ഡപവും വിശ്രമമുറികളും ഒരുക്കി.
3. മണിക്കൂറിൽ 1000 ലക്ഷം ലിറ്റർ വെള്ളം ശുദ്ധീകരിച്ച് ടാപ്പുകളിൽ കുടിവെള്ള വിതരണം ചെയ്യുന്നതിന് സജ്ജീകരണമൊരുക്കി.
4. കാനനപാതകളും റോഡുകളും നവീകരിച്ച് ഗതാഗതയോഗ്യമാക്കി.

നിലയ്ക്കൽ

1. അടിയന്തര സാഹചര്യങ്ങളിൽ ഹെലികോപ്റ്റർ, എയർ ആംബുലൻസുകൾ എന്നിവ ഇറക്കാൻ എമർജൻസി റെസ്പോൺസ് സ്റ്റേഷൻ സജ്ജീകരിച്ചു.
2. ശുദ്ധജലത്തിനായി ജലസ്രോതസ്സുകൾ നവീകരിച്ചു.
3. ജലവിഭവ വകുപ്പ് മുഖേന ടാങ്കുകളിൽ ജല വിതരണം നടത്തി.

### ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം

242(4006) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കായി സൗകര്യപ്രദമായ ഒരു ഇടത്താവളം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയപാതയോട് ചേർന്ന് സ്ഥലവും സൗകര്യങ്ങളുമുള്ള ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിലെ കൊച്ചിൻ ദേവസ്വം ബോർഡ് വക സ്ഥലത്ത് ശബരിമല തീർത്ഥാടകർക്കായി ഒരു ഇടത്താവളം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇതുസംബന്ധിച്ച് ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം 9-3-2017-ന് ചേരുകയുണ്ടായി. കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഇടത്താവളം നിർമ്മിക്കുന്നതിനായി 38 ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ചിറങ്ങരയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

### ദേവസ്വം ബോർഡുകളുടെ പ്രവർത്തനം

243(4007) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ മണ്ഡല - മകരവിളക്ക് ഉത്സവങ്ങളുടെ കാലയളവിൽ ശബരിമലയിലെ വരുമാനം എത്രയാണ്; ഈ കാലയളവിൽ ശബരിമലയിലെ പ്രത്യേക സൗകര്യങ്ങൾക്കായി ഒരുക്കിയ പോലീസ്, ആരോഗ്യം, ശുചീകരണം, വൈദ്യുതി, ട്രാൻസ്പോർട്ടേഷൻ തുടങ്ങിയവയ്ക്ക് ഏത്ര രൂപയാണ് ചെലവഴിച്ചത്;

(ബി) കൊച്ചിൻ ദേവസ്വം, തിരുവിതാംകൂർ ദേവസ്വം, ഗുരുവായൂർ ദേവസ്വം, മലബാർ ദേവസ്വം എന്നിവയുടെ കീഴിൽ എത്ര ക്ഷേത്രങ്ങളാണ് ഉള്ളത്; അവയുടെ ലിസ്റ്റ് നൽകുമോ; പ്രസ്തുത ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം എത്രയാണ്;

(സി) ഹൈന്ദവ ആദ്ധ്യാത്മിക ബോധം വളർത്തുന്നതിനായി ഈ ദേവസ്വം ബോർഡുകൾ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ ദേവസ്വവും ഏതൊക്കെ പ്രവൃത്തികളിലൂടെയാണ് ഹൈന്ദവ ആദ്ധ്യാത്മിക ബോധം വളർത്തുന്നതിനായി ശ്രമിച്ചത് എന്ന് വിശദമാക്കാമോ;

(ഡി) ദേവസ്വം ബോർഡുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഈ സ്ഥാപനങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് എത്രത്തോളം പ്രാതിനിധ്യം കൊടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്രാവശ്യം മണ്ഡല-മകരവിളക്ക് ഉത്സവകാലയളവിൽ ശബരിമലയിലെ വരുമാനം 243,69,46,651 രൂപയാണ്. സർക്കാർ ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് 2 കോടി രൂപയും മുന്നൊരുക്കങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് 2.20 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 80,00,000 രൂപയും ആരോഗ്യ വകുപ്പിലെ മെഡിക്കൽ ടീമിന് 80,00,000 രൂപയും മോട്ടോർ വെഹിക്കിൾ വകുപ്പിന് 71,46,400 രൂപയും പോലീസിന് മെസ് ഇനത്തിൽ 1.75 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1,56,46,103 രൂപ അനുവദിച്ചിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾക്കാവശ്യമായ ജോലികളിൽ ബാരിക്കേഡ് നിർമ്മാണം തുടങ്ങി പോലീസ് നിർദ്ദേശിക്കുന്ന ജോലികൾക്ക് ദേവസ്വം ബോർഡും ഫണ്ട് ചെലവാക്കുന്നുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ചെലവുകളും വൈദ്യുതി ബിൽ ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് വരുന്ന ചെലവും ദേവസ്വം ബോർഡാണ് നൽകുന്നത്.

(ബി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 403 ക്ഷേത്രങ്ങളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.* പ്രസ്തുത ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനം ഏകദേശം 88,63,25,668 രൂപയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1250 ക്ഷേത്രങ്ങളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* ശബരിമല ഒഴികെ ഈ ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനം ഏകദേശം 87,00,00,000 രൂപയാണ്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 13 ക്ഷേത്രങ്ങളുള്ളത് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. * ഈ ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനം 55,04,04,745 രൂപയാണ്. ഗുരുവായൂർ ക്ഷേത്രത്തിലെ ഭണ്ഡാര വരവ് 54,83,94,358 രൂപയാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ 1357 ക്ഷേത്രങ്ങളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കേന്ദ്രീകൃത സംവിധാനം നിലവിലില്ലാത്തതിനാൽ ക്ഷേത്രങ്ങളിൽനിന്നുള്ള വരുമാനം മലബാർ ദേവസ്വം ബോർഡിൽ ലഭ്യമല്ല. കൂടാതെ ഈ കണക്കുകൾ ക്ഷേത്ര ഭരണസമിതികളാണ് കൈകാര്യം ചെയ്തുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ മതപാഠശാലകളുടെ പ്രവർത്തനത്തിനായും ആദ്ധ്യാത്മിക പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായും 2016-17-ൽ യഥാക്രമം 97,14,000 രൂപയും 3,00,000 രൂപയും വകയിരുത്തിയിരുന്നു. കൊച്ചിൻ ദേവസ്വം ബോർഡ് 5,00,000 രൂപയും വകയിരുത്തിയിരുന്നു.

മലബാർ ദേവസ്വം ബോർഡിൽ ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചില പ്രധാന ക്ഷേത്രങ്ങളിലും ഗുരുവായൂർ ദേവസ്വത്തിലും ആദ്ധ്യാത്മിക സപ്താഹ പ്രഭാഷണങ്ങൾ നടത്തിവരുന്നു.

(ഡി) ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ ശ്രീകൃഷ്ണ കോളേജ്, ശ്രീകൃഷ്ണ ഹയർ സെക്കന്ററി സ്കൂൾ, ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ, ശ്രീ വിവേകാനന്ദ കോളേജ്, കുന്നംകുളം, പാഠശാല സംസ്കൃത ഹൈസ്കൂൾ, ചിറ്റൂർ എന്നിവ പ്രവർത്തിച്ചുവരുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഈ സ്ഥാപനങ്ങളിൽ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പ്രാതിനിധ്യം നൽകുന്നില്ല.

**പുതിയിടം ക്ഷേത്രക്കുളം പുനരുദ്ധാരണം**

244(4008) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മധ്യ തിരുവിതാംകൂറിലെ ചിരപുരാതനവും പ്രസിദ്ധവുമായ കായംകുളം പുതിയിടം ക്ഷേത്രക്കുളം, എരുവ ക്ഷേത്രത്തിലെ കിഴക്കേ നടയിലെ ക്ഷേത്രകുളങ്ങൾ എന്നിവ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം പുതിയിടം ക്ഷേത്രക്കുളം, എരുവ ക്ഷേത്രക്കുളം എന്നിവ പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കാടാമ്പുഴ ഭഗവതിക്ഷേത്രം ഇടത്താവളമാക്കാൻ നടപടി**

245(4009) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴ ഭഗവതി ക്ഷേത്രം ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാക്കി മാറ്റണമെന്ന ദേവസ്വത്തിന്റെ നിവേദനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കാടാമ്പുഴ ഭഗവതി ദേവസ്വവും മലബാർ ദേവസ്വവും നൽകിയ നിവേദനങ്ങൾ ദേവസ്വം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാടാമ്പുഴ ഭഗവതി ക്ഷേത്രത്തെ ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇടത്താവളങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം 9-3-2017-ന് ചേരുകയുണ്ടായി. കേരളത്തിൽ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിനായി 38 ഇടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശബരിമലയിലെ നടവരവ്**

246(4010) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമലയിൽ ഈ മണ്ഡല മകരവിളക്ക് കാലത്തെ ആകെ നടവരവ് കണക്കാക്കിയിട്ടുണ്ടോ; ഇത് മുൻവർഷത്തെക്കാൾ എത്ര വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ശബരിമല ദേവസ്വത്തിലെ തൻ വർഷത്തെ നടവരവ് 89,70,04,763 രൂപയാണ്. ഇത് മുൻവർഷത്തെക്കാൾ 1,78,88,693 രൂപ കൂടുതലാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അനുമോദനം

### ശ്രീ. കെ. എം. മാണി നിയമസഭാംഗമായതിന്റെ അമ്പതാം വാർഷികം

മി. സ്പീക്കർ: അടുത്ത നടപടിക്രമത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് സന്തോഷകരമായ ഒരു കാര്യം സഭയെ അറിയിക്കാനുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ അഭിമാനകരവും സന്തോഷകരവുമായ ഒരു ദിവസമാണ്. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ നിയമസഭാ ജീവിതത്തിന്റെ 50 വർഷങ്ങൾ ഇന്ന് പിന്നിടുകയാണ്. സഭയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി അദ്ദേഹത്തെ അനുമോദിക്കാൻ ഈ അവസരം ചെയർ വിനിയോഗിക്കുന്നു. കേരളത്തിലെ പരിണിതപ്രജ്ഞനും സീനിയറുമായ ഏറ്റവും ശ്രദ്ധേയനായ സാമാജികനാണ് ശ്രീ. കെ. എം. മാണി. അദ്ദേഹത്തിന്റെ പലതരത്തിലുള്ള സവിശേഷതകൾ കേരളീയ സമൂഹം ഈ ദീർഘ കാലയളവിനുള്ളിൽ മനസ്സിലാക്കിയിട്ടുണ്ട്. തന്റേതായ ഒരു ആശയ പരിസരം സൃഷ്ടിക്കുന്നതിൽ അതിവൈദഗ്ധ്യമാണ് അദ്ദേഹം സൃഷ്ടിച്ചത്. തത്വശാസ്ത്രങ്ങളെ പിന്തുടരുകയല്ല സ്വന്തമായൊരു തത്വശാസ്ത്രം സൃഷ്ടിച്ച് കേരള രാഷ്ട്രീയത്തിൽ ഒരു കസേര സൃഷ്ടിച്ച വ്യക്തിയാണ് അദ്ദേഹം. ഏറ്റവുമധികം ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിലും അദ്ദേഹം കേരളത്തിൽ ശ്രദ്ധേയമായ സ്ഥാനമാണ് നേടിയിരിക്കുന്നത്. ഒരു സാമാജികൻ എന്ന നിലയിൽ എല്ലാ സമാജികർക്കും പ്രത്യേകിച്ച് പുതിയ സാമാജികർക്ക് അദ്ദേഹത്തിൽ നിന്നും പഠിക്കേണ്ട കുറേ കാര്യങ്ങളുണ്ട്. വിമർശിക്കുമ്പോഴും അസാധാരണമായ നർമ്മഭാവം തുടരുന്നതിൽ അദ്ദേഹം എന്നും വലിയ ശ്രദ്ധയാണ് കാണിച്ചിരുന്നത്. വിമർശനം അങ്ങോട്ട് ഉന്നയിക്കുമ്പോഴും അദ്ദേഹം നർമ്മം കലർത്തിയാണ് മറുപടി പറയുന്നത്. ഈ സഭയിൽത്തന്നെ പലപ്പോഴും നമ്മൾ കേട്ടിട്ടുണ്ട് - 'ബഹുമാനപ്പെട്ട ഐസക് എന്നെ ഒന്ന് അഭിനന്ദിച്ചുകൂടേ' എന്നാണ് അദ്ദേഹം ചോദിക്കാറുള്ളത്. 'എന്നെ ഒന്ന് അഭിനന്ദിച്ചുകൂടേ' എന്ന് അദ്ദേഹം അങ്ങോട്ട് ചോദിക്കുന്ന രീതി സ്വീകരിക്കാറുണ്ട്. സഭയുടെ നടപടിക്രമങ്ങൾ പാലിച്ചും ചിട്ടകളിൽ ഒതുങ്ങിനിന്നും തന്റെ നിലപാടുകൾ രാഷ്ട്രീയ എതിരാളികൾക്ക് മുകളിൽ സ്ഥാപിക്കുന്നതെങ്ങനെയെന്ന് ഏറ്റവും ഭംഗിയായി കേരള രാഷ്ട്രീയത്തിന് കാണിച്ചുകൊടുത്ത വ്യക്തിയാണ് ശ്രീ. കെ. എം. മാണി. അദ്ദേഹം പുതിയ സാമാജികരെ സംബന്ധിച്ചിടത്തോളം ഒരു പാഠശാലയാണ്, ഒരു അനുഭവമാണ്. അദ്ദേഹത്തിന്റെ ദീർഘകാലത്തെ പാർലമെന്ററി ജീവിതാനുഭവങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്

വലിയ കരുത്തുപകരട്ടെയെന്ന് ചെയർ ആഗ്രഹിക്കുന്നു. എല്ലാവർക്കുംവേണ്ടി അദ്ദേഹത്തെ അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, അങ്ങയുടെ വാക്കുകളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ലോക പാർലമെന്ററി ചരിത്രത്തിൽ സ്ഥാനം നേടുന്ന അത്യപൂർവ്വം സാമാജികരുടെ നിലയിലേയ്ക്കാണ് ശ്രീ. കെ. എം. മാണി ഉയർന്നിരിക്കുന്നത്. ഈ സന്തോഷം സഭയുടെയാകെ സന്തോഷമാണ്. ഇതിൽ ആഹ്ലാദപൂർവ്വം അഭിമാനപൂർവ്വം പങ്കുകൊള്ളുകയാണ്. നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് 50 വർഷം പൂർത്തിയാക്കുകയെന്നത് നിസ്സാരകാര്യമല്ല. സാങ്കേതികമായി നോക്കിയാൽ 50 വർഷമല്ല 52 വർഷം പൂർത്തിയാക്കുകയാണെന്ന് പറയാം. കാരണം 1965-ലാണ് ശ്രീ. കെ. എം. മാണി ആദ്യമായി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. അന്ന് സഭ ചേർന്നില്ലെന്ന സാങ്കേതികത്വം കൊണ്ടുമാത്രമാണ് 1967 അടിസ്ഥാന വർഷമായി കണക്കാക്കി അന്നുമുതൽ 2017 വരെയുള്ള 50 വർഷം ശ്രീ. കെ. എം. മാണിയുടെ നിയമസഭാ കാലയളവായി കണക്കാക്കപ്പെട്ടത്. അര നൂറ്റാണ്ട് തുടർച്ചയായി അദ്ദേഹം നിയമനിർമ്മാണ സഭയിൽ അംഗമായിരിക്കുകയാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ മറ്റൊരാൾക്കും അവകാശപ്പെടാനില്ലാത്ത റിക്കോർഡാണിത്. നിയമസഭയുടെ കാര്യമിരിക്കട്ടെ, ലോകസഭയിൽപ്പോലും ഇതിന് സമാനമായ ഒരു റിക്കോർഡ് ഉണ്ടോയെന്ന് സംശയമാണ്. ലോകസഭാംഗമായി ദീർഘകാലമിരുന്നവരുടെ ചരിത്രത്തിലേയ്ക്ക് കടന്നാൽ ശ്രീ. എ. ബി. വാജ്പേയ്, രജ്ഞി രംഗ, ഇന്ദ്രജിത് ഗുപ്ത, സോമനാഥ് ചാറ്റർജി, പി. എം. സെയ്ദ് തുടങ്ങിയവരുടെ പേരുകളാണ് ആദ്യം മനസ്സിലേയ്ക്ക് കടന്നുവരുന്നത്. ഇവരിൽ ഒരാൾക്കും ഇങ്ങനെയൊരു റിക്കോർഡില്ല. ഇന്ദ്രജിത് ഗുപ്ത 2 മുതൽ 13 വരെയുള്ള സഭകളിൽ ഉണ്ടായിരുന്നു. എന്നാൽ 6-ാം ലോകസഭയിൽ ഉണ്ടായിരുന്നില്ല. 41 വർഷമാണ് അദ്ദേഹത്തിന്റെ റിക്കോർഡ്. സോമനാഥ് ചാറ്റർജി 5 മുതൽ 14 വരെയുള്ള ലോകസഭകളിൽ ഉണ്ടായിരുന്നു. 38 വർഷമാണ് മൊത്തം ദൈർഘ്യം. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ശ്രീ. കെ. എം. മാണി കൈവരിച്ചത് സമാനതകളില്ലാത്ത നേട്ടമാണെന്ന് പറയാം. 50 വർഷം നിയമസഭയിൽ ഉണ്ടായിരുന്നുവെന്ന് മാത്രമല്ല ഇടതടവില്ലാതെ തുടർച്ചയായി ഉണ്ടായിയെന്നതാണ് പ്രത്യേകത. ഇതിനിടയിൽ നടന്ന എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും മത്സരിച്ചു, വിജയിച്ചു. പ്രത്യേകതകൾ ഇവിടെ അവസാനിക്കുന്നില്ല. ഒരേ മണ്ഡലത്തിൽ നിന്നുതന്നെ ജയിച്ചു. മുന്നണികൾ മാറി മത്സരിച്ചിട്ടും ജയിച്ചു. ഇങ്ങനെയൊരു റിക്കോർഡ് ലോകത്തെവിടെയെങ്കിലും ഉണ്ടാകുമോയെന്ന് നിശ്ചയമില്ല. അമേരിക്കയിലെ Wisconsin സെനറ്റിൽ 1962 മുതൽ തുടർച്ചയായി ജയിച്ചെത്തിയതും ഇപ്പോഴും ആ സെനറ്റിൽ തുടരുന്നതുമായ

ഒരാളുണ്ട്.Fred A. Risser. 'കേരളത്തിന്റെ Fred A. Risser' ആരാണെന്ന് ചോദിച്ചാൽ ശ്രീ. കെ. എം. മാണിയാണെന്നാണ് ഉത്തരം. വെറുതെയല്ല മഹാകവി പാലാ നാരായണൻനായർ ശ്രീ. കെ. എം. മാണിയെ 'മാണി പ്രമാണി' എന്ന് ഒരു കവിതയിൽ വിശേഷിപ്പിച്ചത്. രാഷ്ട്രീയത്തിൽ ആർക്കും നീക്കിനിർത്താനാകാത്ത ഒരു പ്രമാണിയായി അദ്ദേഹം മാറി. പല തലമുറകൾ മാറിവന്നു. അപ്പോഴും ശ്രീ. കെ. എം. മാണി നിയമസഭാംഗമായി തുടർന്നു. രാഷ്ട്രീയാഭിരുചി മാറിവന്നു, സഖ്യങ്ങൾ മാറിവന്നു, അപ്പോഴും മാറാത്ത സാന്നിദ്ധ്യമായി നിയമസഭയിൽ ഒരാളേ ഉണ്ടായിരുന്നുള്ളൂ. അത് ശ്രീ. കെ. എം. മാണിയാണ്. അര നൂറ്റാണ്ടുകാലത്തെ എല്ലാ തെരഞ്ഞെടുപ്പുകളിലും മത്സരിക്കുക, എല്ലാത്തിലും ജയിച്ച് നിയമസഭയിലെത്തുക അതും ഒരേ മണ്ഡലത്തിൽനിന്നുതന്നെ എത്തുക. പലതിലും ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള കേരളവും കേരള നിയമസഭയും ശ്രീ. കെ. എം. മാണിയിലൂടെ പുതിയൊരു റിക്കോർഡ് ഇന്ത്യയ്ക്കും ലോകത്തിനും മുന്നിൽ വച്ചുവെന്നതാണ് സത്യം. ജയത്തിൽ മാത്രമല്ല ഈ റിക്കോർഡ്, ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്നയാൾ, ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ചയാൾ, ഒരേ മണ്ഡലത്തെ ഏറ്റവും കൂടുതൽ പ്രിതിനിധാനം ചെയ്യുന്നയാൾ അങ്ങനെ പോകുന്നു ശ്രീ. കെ. എം. മാണിയുടെ റിക്കോർഡ് പരമ്പര. ഈ റിക്കോർഡുകൾ വരുംകാലത്ത് ഏതെങ്കിലുമൊരു ഘട്ടത്തിൽ ആർക്കെങ്കിലും തകർക്കാനാകുമോയെന്ന് സംശയമാണ്. അഭിഭാഷകനും നിയമപണ്ഡിതനുമാണ് ശ്രീ. കെ. എം. മാണി. നിയമനീതിന്യായ രംഗത്തിനുണ്ടായ നഷ്ടം കേരള നിയമസഭയ്ക്ക് നേട്ടമായി എന്ന് പറയാം. ധനം, നിയമം, റവന്യൂ തുടങ്ങി പല വകുപ്പുകളും ദീർഘകാലം അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു. അങ്ങ് പറഞ്ഞ ഒരു കാര്യം പൂർണ്ണമായും ശരിയാണ്, ബഡ്ജറ്റ് അവതരണത്തിലെ വിരസത സരസതയിലേയ്ക്ക് മാറ്റിയെടുക്കാനുള്ള വിദ്യകൾ ശ്രീ. കെ. എം. മാണിയാണ് ഈ സഭയിൽ ആദ്യം പരീക്ഷിച്ചത്. ഒരിക്കൽ അദ്ദേഹം ബഡ്ജറ്റിനിടയിൽ സംസ്കൃത ശ്ലോകങ്ങൾ ഉദ്ധരിച്ചത് ഞാൻ ഓർക്കുന്നു. ഇത്തരത്തിൽ അദ്ദേഹം ബഡ്ജറ്റ് അവതരണത്തിൽ പുതുമയുണ്ടാക്കി, ആ പ്രവണത ഇന്നും തുടരുന്നു. ധനകാര്യം മുതൽ നിയമകാര്യത്തിൽ വരെ അദ്ദേഹം നേടിയ വൈദഗ്ദ്ധ്യം പലതരത്തിലുള്ള ഇടപെടലിലൂടെ ഈ സഭയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. അങ്ങ് പറഞ്ഞ മറ്റൊരുകാര്യം പൂർണ്ണമായും ശരിയാണ്. നിയമസഭയിൽ അരനൂറ്റാണ്ട് പൂർത്തിയാക്കിയ ശ്രീ. കെ. എം. മാണിയിൽനിന്നും പുതിയ തലമുറ പഠിക്കേണ്ട വലിയ ഒരു കാര്യം, സഭയിൽ ഹാജരാകുന്നതിൽ അദ്ദേഹം കാട്ടുന്ന കൃത്യതയാണ്. തീർത്തും ഒഴിവാക്കാനാവാത്ത കാര്യങ്ങളുണ്ടായാൽ മാത്രമേ അദ്ദേഹം സഭവിട്ടുനിൽക്കുകയുള്ളൂ. സഭയിൽ എത്തിയാൽ ഒപ്പിട്ടിട്ട് പോകുകയില്ല, മറിച്ച് കഴിയുന്നത്ര സമയം സഭയിൽ ഇരിക്കുകയും കഴിയാവുന്ന ഘട്ടങ്ങളിലൊക്കെ ഇടപെടുകയും ചെയ്യും.

നിയമനിർമ്മാണവേളകളിൽ ഈ ഇടപെടൽ കൂടുതൽ ശ്രദ്ധേയമാകും. സഭയിലെ ഓരോ നിമിഷത്തിൽനിന്നും തനിക്ക് ഇനിയും എത്രയോ കാര്യങ്ങൾ പഠിക്കാനുണ്ടെന്ന ശ്രീ. കെ. എം. മാണിയുടെ മനോഭാവം പുതിയ നിയമസഭാ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളും സഭാനടപടിച്ചട്ടങ്ങളും നിയമ വകുപ്പുകളുമെല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിയുന്നത് സഭാസാന്നിദ്ധ്യത്തിൽ അദ്ദേഹം കാട്ടുന്ന നിഷ്കർഷത കൊണ്ടുകൂടിയാണെന്ന് പുതിയ തലമുറ മനസ്സിലാക്കണം. ശ്രീ. കെ. എം. മാണിക്ക് ആയുസ്സും ആരോഗ്യവും ഭാസുരമായ ജീവിതവും ആശംസിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ നിമിഷമാണ്. അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും മുഹൂർത്തമാണ്. മാണിസാർ നിയമസഭയിൽ വന്നതിനുശേഷമുള്ള അൻപത് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ അദ്ദേഹത്തിന്റെ നിരവധി സംഭാവനകൾ നമ്മൾ ഓർത്തുപോകും. 1965-ൽ കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും അന്ന് നിയമസഭ ചേരാതെ പോയതുകൊണ്ട് അദ്ദേഹത്തിന് സഭാംഗമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. പക്ഷേ അന്നുമുതൽ മത്സരിച്ച എല്ലാ തെരഞ്ഞെടുപ്പുകളിലും വിജയിക്കാൻ മാണിസാറിന് കഴിഞ്ഞു. ഈ നിയമസഭയിൽ ഇന്ന് അദ്ദേഹം അൻപത് വർഷം പൂർത്തിയാക്കുകയാണ്. ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ, ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിലെ അപൂർവ്വമായ ഒരു സംഭവമാണിത്. Constituent Assembly മുതൽ പാർലമെന്റിൽ ഉണ്ടായിരുന്ന നേതാക്കന്മാരാരും ഒരു നിയോജകമണ്ഡലത്തിൽനിന്നും നിരന്തരമായി ജയിച്ച് 50 വർഷം പൂർത്തിയാക്കിയിട്ടില്ലെന്ന് കാണാൻ കഴിയും. ആ റിക്കോർഡ് മാണിസാറിന് മാത്രം അവകാശപ്പെട്ടതാണ്. മാണിസാറിനെ ഹാർദ്ദമായി അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ എതിർത്തുകൊണ്ട് 1967 മാർച്ച് 20-ന് അദ്ദേഹം നടത്തിയ പ്രസംഗമാണ് നിയമസഭയിലെ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗം. 1967-ൽ തന്നെ സഭയിൽ തന്റെ സാന്നിദ്ധ്യം വ്യക്തമായി പ്രകടിപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. എന്നും ഗവൺമെന്റിനെ മുൾമുനയിൽ നിർത്തുന്ന പുതിയ വിഷയങ്ങളുമായിട്ടാണ് അദ്ദേഹം നിയമസഭയിൽ എത്തിയിരുന്നത്. ആദ്യമായി നിയമസഭയിൽ വന്ന ഒരു സാമാജികന്റെ പ്രകടനമായിരുന്നില്ല അദ്ദേഹത്തിൽ നിന്നുണ്ടായത്. നിയമ പുസ്തകങ്ങളും ഫയലുകളും തെളിവുകളുടെ ഫോട്ടോസ്റ്റാറ്റുകളുമായി അന്ന് നിയമസഭയിൽ എത്തിയിരുന്ന മാണിസാറിനെ അന്നത്തെ നിയമസഭാ

സാമാജികർ അനുസ്മരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. 1976-77-ലെ ബഡ്ജറ്റായിരുന്നു മാണിസാർ ആദ്യമായി സഭയിൽ അവതരിപ്പിച്ചത്. 13 ബഡ്ജറ്റുകൾ അദ്ദേഹം അവതരിപ്പിച്ചു. കേരള നിയമസഭയിൽ ഏറ്റവും അപൂർവ്വമായ റിക്കോർഡാണിത്. ജമ്മു-കാശ്മീർ നിയമസഭയിൽ ഇന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. അരുൺ ജെയ്റ്റ്‌ലിയുടെ ഭാര്യാ പിതാവ് 20 ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്. അതുകഴിഞ്ഞാൽ ഇന്ത്യാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുള്ളത് മാണിസാറാണ്. ഇന്ന് അൻപത് വർഷം പൂർത്തിയാക്കിയതിന് നമ്മൾ മാണിസാറിനെ അഭിനന്ദിക്കുകയാണ്. ഈ നിയമസഭയുടെ കാലത്തുതന്നെ, മൂന്നുവർഷംകൂടി കഴിഞ്ഞാൽ അൻപത് വർഷം പൂർത്തിയാക്കുന്ന മറ്റൊരു നിയമസഭാംഗം കൂടിയുണ്ട് - ശ്രീ. ഉമ്മൻ ചാണ്ടി. ഇത് കേരള നിയമസഭയ്ക്ക് അഭിമാനം നൽകുന്ന വസ്തുതകൾ തന്നെയാണ്. 1980-81-ൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊണ്ടുവന്നത് മാണിസാർ തന്റെ ബഡ്ജറ്റ് പ്രസംഗത്തിലൂടെയായിരുന്നുവെന്നത് അവിസ്മരണീയമായ കാര്യമാണ്. ഇന്ത്യയിൽ ആദ്യമായി ഒരു ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളെല്ലാം ഒരുമിച്ച് കൊണ്ടുവരുന്ന, ഫിനാൻസ് ബിൽ അവതരിപ്പിക്കുന്ന സമ്പ്രദായം 1985-ൽ കൊണ്ടുവന്നത് മാണിസാറായിരുന്നുവെന്നതും പ്രത്യേകം ഓർക്കേണ്ട കാര്യമാണ്. അദ്ദേഹത്തിന്റെ പദ്ധതിയായ വെളിച്ച വിപ്ലവത്തിന്റെ ഫലമായി ചെറ്റക്കുടിലുകളിൽ വൈദ്യുതി എത്തിയത് നാം കണ്ടതാണ്. മാണിസാറിനെ ഓർക്കുന്ന ആർക്കും കാരുണ്യ ബെനവലന്റ് ഫണ്ടിനെ മറക്കാൻ കഴിയില്ല. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ആഹ്ലാദത്തോടെ സ്വീകരിച്ച ഒരു പദ്ധതിയായിരുന്നു അത്. അത് കേരളത്തിലെ ജനങ്ങൾ എന്നും ഓർക്കുന്ന ഒന്നായിരിക്കും. നിയമസഭ എന്നും ഒരു പാഠശാലയായിരുന്നു. 1982-ൽ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി ഈ നിയമസഭയിൽ വന്ന അന്നുമുതൽ ഞാൻ മാണിസാറിനെ ശ്രദ്ധിക്കാറുണ്ട്. ഏത് പ്രസംഗവും ഏത് പത്രസമ്മേളനവും അദ്ദേഹം പ്രിപ്പെയർ ചെയ്യാറുണ്ട്. അന്ന് പുതിയ അംഗങ്ങളായിവന്ന ഞങ്ങൾക്ക് മാണിസാർ ഒരു മാതൃകയായിരുന്നു. നിയമസഭയിൽ പ്രസംഗിക്കുന്ന എല്ലാകാര്യങ്ങളും ഹോംവർക്ക് ചെയ്തുകൊണ്ടായിരുന്നു അദ്ദേഹം വന്നിരുന്നത്. പത്രസമ്മേളനങ്ങൾക്ക് പോയാലും ഹോംവർക്ക് ചെയ്തുകൊണ്ടായിരുന്നു അദ്ദേഹം പോയിരുന്നത്. മാണിസാറിന്റെ പ്രവർത്തനം പുതിയ നിയമസഭാ സാമാജികർക്ക് ഒരു മാതൃകയാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം നിയമസഭയെ ഒരു പാഠശാലയായിട്ടാണ് കണ്ടിരുന്നത്. ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ അപൂർവ്വതകളിൽ അപൂർവ്വതകൾ സൃഷ്ടിച്ച് ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ് മാണിസാർ. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ അൻപതുവർഷം തന്മയത്വത്തോടുകൂടി വിവിധ വകുപ്പുകൾ, വിവിധ പ്രശ്നങ്ങൾ, വിവിധ നിയമനിർമ്മാണങ്ങൾ- അതിലൂടെ കേരളത്തിലെ സാമാന്യ ജനങ്ങൾക്കുവേണ്ടിയുള്ള നിരവധി ആശ്വാസ പദ്ധതികൾ ഇതെല്ലാം

പ്രഖ്യാപിക്കാൻ കഴിഞ്ഞ മാണിസാർ, ഒരു ചരിത്രപുരുഷനായി മാറുകയാണ്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന് എല്ലാവിധ ആയുരാരോഗ്യ സൗഖ്യവും നേരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ ഭാവികേരളത്തിന് കൂടുതൽ ശക്തിയുണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഭാവിതലമുറയ്ക്ക് അദ്ദേഹത്തിന്റെ ജീവിതം പഠനവിഷയമാകട്ടെ എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചൂണ്ടിക്കാണിച്ചതുപോലെ ആദരണീയനും ബഹുമാന്യനുമായ മാണിസാർ ഈ നിയമസഭയിൽ അൻപത് വർഷം തികയ്ക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മാണിസാർ നിയമസഭയിൽ വന്ന അത്രയും വർഷം, അത്രയും വയസ്സ് എത്താത്തവരാണ് ഭൂരിപക്ഷം പേരും. അത്രയേറെ വലിയ അനുഭവസമ്പത്താണ് മാണിസാറിൽനിന്നും സഭയ്ക്ക് ഉൾക്കൊള്ളാനുള്ളത്. പുതിയ കാര്യങ്ങൾ പഠിക്കാനും പഠിപ്പിക്കാനും സഭയെ തന്റെ നിയന്ത്രണത്തിൽ നിർത്താനും അസാധാരണമായ വൈഭവം മാണിസാർ പ്രകടിപ്പിച്ചിട്ടുള്ളത് വളരെ ചുരുങ്ങിയ സമയത്താണെങ്കിലും കാണാൻ കഴിഞ്ഞിട്ടുണ്ട്. മാണിസാറിനെപ്പോലെയുള്ള ആളുകൾ ഈ സഭയ്ക്ക് എക്കാലത്തും വലിയ മുതൽക്കൂട്ടായിരിക്കും. അദ്ദേഹം പിന്നിട്ട 50 വർഷത്തിലൂടെ ഈ സഭയെ പഠിപ്പിക്കാനും ഈ നാടിനെ പഠിപ്പിക്കാനും ജനങ്ങളെ പുതിയ ബോധത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും നടത്തിയിട്ടുള്ള പരിശ്രമങ്ങളെയൊക്കെ ഈ സന്ദർഭത്തിൽ ഓർത്തുകൊണ്ട് മാണിസാറിന്റെ ഭാവിജീവിതത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി എ. അഹമ്മദ് കബീർ: സർ, ഞാൻ ശ്രീ. കെ. എം. മാണി അവർകളെ അഭിവാദ്യം ചെയ്യുന്നു, അഭിനന്ദിക്കുന്നു. അറബിയിൽ ഒരു ചൊല്ലുണ്ട്. "അൽമാഅ് അദ്ദാഇം ദാഇമായ മാഅ്"- അതിന്റെ അർത്ഥം ഉറവ വറ്റാത്ത ശുദ്ധജല ലഭ്യതയുടെ നിറവ് എന്നാണ്. സ്ഥിരചിത്തതയും സമചിത്തതയുമുള്ള അനിതരസാധാരണമായ, പ്രഭാവപൂർണ്ണമായ ഒരു വ്യക്തിത്വത്തെ അനാവരണം ചെയ്യാനും സാധാരണ ഈ ചൊല്ല് അറബിയിൽ ഉപയോഗിക്കാറുണ്ട്. ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത തന്റെ കാര്യക്ഷമതയാണ്. ജനായത്ത സംവിധാനം ലോകത്തിന് പ്രദാനം ചെയ്തത് ഒരു വ്യക്തിയിലോ ഒരു കുടുംബത്തിലോ ചുറ്റുപാടുമുള്ളവരിലോ ഉള്ള കാര്യക്ഷമത മാത്രമല്ല ഒരു ജനതയ്ക്ക് പ്രാപ്യമാകേണ്ടത്, മറിച്ച് ജനായത്ത സംവിധാനം പ്രദാനം ചെയ്യുന്നത് കാര്യക്ഷമതയുള്ള ധാരാളം ആളുകളുടെ കൂട്ടായ്മയാണ്. കാര്യക്ഷമത വേണമെങ്കിൽ നവീനക്ഷമത അനുപേക്ഷണീയമാണ്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗങ്ങളിലെ പുതുമ നല്ല ഉദാഹരണമാണ്. പുതുമകൊണ്ട് ശ്രദ്ധേയനായ ഒരാളായിരുന്നു ശ്രീ. കെ. എം. മാണി. നവീനക്ഷമത വേണമെങ്കിൽ സംവേദനക്ഷമത വേണം.

സംവേദനക്ഷമതയുടെ ആൾരൂപമാണ് ശ്രീ. കെ. എം. മാണി. സഭയിലെ അദ്ദേഹത്തിന്റെ വിശദീകരണങ്ങളും മറുപടികളും അതിന്റെ സാക്ഷ്യപത്രമാണ്. അദ്ദേഹം 5 പതിറ്റാണ്ടുകാലം ഈ സഭയിലും പുറത്തും നിറഞ്ഞുനിന്ന് നിറകതിർ തൂകിയ അസാധാരണമായ ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു, അഭിനന്ദിക്കുന്നു. ജീവിത വിജയങ്ങൾ വീണ്ടും ആശംസിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഇന്ത്യയിലും ഇന്ന് ജനാധിപത്യം നിലനിൽക്കുന്ന മറ്റ് രാജ്യങ്ങളിലും പ്രാധാന്യമർഹിക്കുന്ന രൂപത്തിലേയ്ക്ക് കേരള നിയമസഭയെ ഉയർത്താൻ സഹായിച്ച മാണിസാറിന്റെ വ്യക്തിത്വത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന് എല്ലാ ആശംസകളും നേരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മാണിസാറിനെ അനുമോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചെയറും സഭയും പൊതുവായി പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. അഞ്ച് പതിറ്റാണ്ട് തുടർച്ചയായി ഒരേ നിയോജകമണ്ഡലത്തിൽനിന്ന് വിജയിച്ചുവരികയെന്നത് ഏറ്റവും അത്യപൂർവ്വമായ റിക്കോർഡായി ഇന്ന് ഇന്ത്യയിൽ നിലനിൽക്കുകയാണ്. പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ തൊട്ടുപിന്നിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറുമുണ്ട്. മാണിസാറിനെ സംബന്ധിച്ച് അദ്ദേഹം നിത്യയൗവ്വനമായി നിൽക്കുകയാണ്. 50 വർഷമെന്ന് പറയുമ്പോൾ 50 വർഷത്തിന്റെ പഴക്കം അദ്ദേഹത്തിനില്ല. ഇന്നിന്റെ ചെറുപ്പമാണ് കെ. എം. മാണിസാറിനെ വ്യത്യസ്തനാക്കുന്നത്. വിമർശനങ്ങൾക്ക് അതീതനായിട്ടല്ല അദ്ദേഹം നിന്നത് എന്നാണ് എനിക്ക് തോന്നുന്നത്. വിമർശനങ്ങളെ ഉൾക്കൊള്ളാനുള്ള വലിയ മനസ്സാണ് അദ്ദേഹത്തിന്റെ വിജയത്തിന്റെ അടിസ്ഥാനമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. അദ്ദേഹത്തിന് എല്ലാ നന്മകളും നേരുന്നു. അദ്ദേഹം ഒട്ടനവധി ജനക്ഷേമ പ്രവർത്തനങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഏറ്റവുമൊടുവിൽ കാരുണ്യ പദ്ധതിയിൽ എത്തിനിൽക്കുന്നു. ഒട്ടനവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കിയതിലൂടെ അദ്ദേഹത്തിന്റെ ശക്തമായ സാന്നിദ്ധ്യം കേരളത്തിൽ എന്നും കാണാൻ കഴിയും. പുതുതലമുറയ്ക്കും നിയമസഭാ സാമാജികർക്കുമൊക്കെ അദ്ദേഹം മാതൃകയായി നിലകൊള്ളുന്നു. അദ്ദേഹത്തിന് എല്ലാ നന്മകളും ഭാവുകങ്ങളും ഈ സന്ദർഭത്തിൽ ഞാൻ അർപ്പിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. കെ. എം. മാണിയുടെ നിയമസഭാ ജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കുന്ന ഈ സുദിനത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. 1967-ൽ അദ്ദേഹം നിയമസഭാ സാമാജികനായി വന്നതിനുശേഷം നിയമസഭാ കമ്മിറ്റിയിൽ പങ്കെടുക്കാൻ കോഴിക്കോട് കളക്ടറേറ്റിൽ വന്നിരുന്നു. അന്ന് അവിടെ ഞങ്ങളുടെ ഒരു വിദ്യാർത്ഥി സമരമുണ്ടായിരുന്നു. സമരസ്ഥലത്ത് അദ്ദേഹം വന്നു. കെ.എസ്.യു.-വിന്റെ ഒരു സമരമായിരുന്നു അത്. അതെല്ലാം വസ്തുതകളാണ്. അതൊന്നും നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. കെ. എം.

മാണിയെ എനിക്കറിയില്ലായിരുന്നു. എം.എൽ.എ.-മാർ കൂട്ടമായി വന്ന് മക്കളേ, നിങ്ങൾ എന്തിനാണ് സമരം ചെയ്യുന്നത് എന്നുപറഞ്ഞ് ഞങ്ങളോട് സംസാരിച്ച കാര്യമാണ് ഞാൻ ഇപ്പോൾ ഓർക്കുന്നത്. അന്ന് മുതൽ ഞാൻ എന്നും ശ്രദ്ധിക്കുന്ന ഒരു നേതാവായിരുന്നു ശ്രീ. കെ. എം. മാണി. ശബ്ദ ഗാംഭീര്യം, ഹൃദ്യത, ഊർജ്ജസ്വലത, ആകാരസൗഷ്ഠവം എല്ലാംകൊണ്ടും ഇന്നും എല്ലാ അംഗങ്ങൾക്കും മാതൃകയായി നിൽക്കുന്ന മാണിസാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പുതിയ എം.എൽ.എ.-മാർക്ക് ഒരു പാഠശാലയാണ്. ഹോംവർക്ക് ചെയ്യാതെ അദ്ദേഹം ഒരു ദിവസംപോലും നിയമസഭയിൽ വന്നിട്ടില്ല. മാണിസാറിൽ നിന്നാണ് 1980-ൽ ശക്ധർ ആന്റ് കൗൾ ഞാൻ കേൾക്കുന്നത്. അദ്ദേഹം ഇവിടെ വന്ന് ശക്ധർ ആന്റ് കൗൾ ഉദ്ധരിച്ചപ്പോഴാണ് ഞങ്ങൾ ഇതൊക്കെ അന്വേഷിച്ചു തുടങ്ങിയത്. ഇങ്ങനെയൊക്കെയുണ്ടോ എന്നെനിക്ക് അറിയില്ലായിരുന്നു. അങ്ങനെ 1967 മുതൽ നേരിട്ടും അല്ലാതെയും യോജിച്ചും വിയോജിച്ചും പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുള്ളപ്പോഴൊക്കെ സഹോദരതുല്യമായ സ്നേഹമാണ് മാണിസാർ എനിക്ക് നൽകിയിട്ടുള്ളത്. ആ സ്നേഹത്തിനും അദ്ദേഹത്തിന്റെ വാത്സല്യത്തിനും ധാരാളം ആളുകൾ വിധേയരായിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിന് ശോഭനമായ ഭാവി ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ശ്രീ. കെ. എം. മാണി നിയമസഭാ ജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കുമ്പോൾ, അദ്ദേഹം എന്നാണോ എം.എൽ.എ. ആയത് അന്ന് മുതൽ മാണിസാർ ആണ്. ഇന്ത്യയുടെ പ്രസിഡന്റ് കെ. ആർ. നാരായണൻ പ്രസിഡന്റായി പാലായിൽ വന്നപ്പോൾ അദ്ദേഹവും വേദിയിലിരുന്ന് മാണിസാർ എന്നാണ് അഡ്രസ് ചെയ്തതെന്ന് ഞാൻ ഓർക്കുന്നു. അദ്ദേഹം സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും മാണിസാറായി. അദ്ദേഹത്തിന് ഒട്ടേറെ റെക്കോർഡുകളാണുള്ളത്. 50 വർഷം പൂർത്തിയായി എന്നുമാത്രമല്ല, കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ ഇതെല്ലാം ബഡ്ജറ്റിലൂടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 13 ബഡ്ജറ്റുകൾ അദ്ദേഹം അവതരിപ്പിച്ചു. പാർട്ടിയിലും നിയമസഭാ സാമാജികൻ എന്ന നിലയിലും എന്നും കഠിനാദ്ധ്വാനം ചെയ്യുന്ന ഒരാളാണ് മാണിസാർ. അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ഇവിടെ അവതരിപ്പിച്ചുവെന്ന് മാത്രമല്ല ലണ്ടനിലെ ഏറ്റവും വലിയ അംഗീകാരമുള്ള ഫോറത്തിലും അവതരിപ്പിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായി. കേരളത്തിലെ കർഷകരുടെ ശബ്ദമായി അദ്ദേഹം എന്നും നിലകൊണ്ടു. കർഷകർക്കുവേണ്ടി എന്നും പോരാടുന്ന മാണിസാറിനെ നാം എന്നും കാണുകയാണ്. കേരളത്തിന്റെ ഒട്ടേറെ പ്രശ്നങ്ങൾ, കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ പൊളിച്ചെഴുതണമെന്നുള്ള പ്രമേയം ഈ നിയമസഭയിൽ ആദ്യം അവതരിപ്പിച്ചതും മാണിസാറാണ്. അതുപോലെ കേരള സംസ്ഥാനത്ത് ഇനിയും വരുത്തേണ്ട ഒട്ടേറെ മാറ്റങ്ങളെ സംബന്ധിച്ച് ഉറക്കെ ചിന്തിക്കുകയും അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിലൂടെ

പുതിയൊരു സംവിധാനം കേരളത്തിലുണ്ടാകുവാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന് ആയുരാരോഗ്യങ്ങൾ നേരുന്നു. ഇനിയും വളരെക്കാലം കേരളത്തെയും സാധാരണ ജനങ്ങളെയും സേവിക്കാൻ അദ്ദേഹത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞ ആശയങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹത്തെപ്പറ്റി ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത് പറയാൻ ആഗ്രഹിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ ഏറെക്കാലം നിലനിന്നിരുന്ന രാഷ്ട്രീയ അയിത്താചരണം അവസാനിപ്പിക്കുന്നതിന് ആദ്യമായി മുൻകയ്യെടുത്തത് ശ്രീ. കെ. എം. മാണിയാണ് എന്ന കാര്യംകൂടി ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റെല്ലാവരും പറഞ്ഞതുപോലെ മാണിസാറിന്റെ നിയമസഭാ ജീവിത്തിന്റെ 50 വർഷം പൂർത്തിയാക്കുന്ന ഇന്ന് എല്ലാവിധ അഭിനന്ദനങ്ങളും അദ്ദേഹത്തിന് നേരുന്നു. ഈ നേതാക്കന്മാരോടൊപ്പം ഈ നിരയിൽ ആദ്യമായി ഇരിക്കാനുള്ള ഭാഗ്യം ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തീർച്ചയായും മാണിസാറിനെപ്പോലെ പ്രഗത്ഭരായ വ്യക്തിത്വങ്ങളുടെ അഭിപ്രായങ്ങളും മറ്റും ഇവിടെ ഇരുന്ന് ശ്രവിക്കാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇനിയും കൂടുതൽ നാൾ അദ്ദേഹം ഈ സംസ്ഥാനത്തിനും നിയമസഭയ്ക്കും എല്ലാവിധ നിർദ്ദേശങ്ങളും നൽകുന്ന പ്രഗത്ഭനായ നേതാവായി മാറട്ടെ എന്ന് പറഞ്ഞുകൊണ്ട് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. നമ്മുടെയെല്ലാം സമാദരണീയനായ മാണിസാറിനെക്കുറിച്ചുള്ള അഭിനന്ദന ഹൃദയഭേരിയിൽ ഞാനും പങ്കുചേരുകയാണ്. നിയമസഭയുടെ ചരിത്രവിസ്മയമായി ഇന്നും നമ്മോടൊപ്പം പ്രവർത്തിക്കുന്ന ശ്രീ. കെ. എം. മാണിയുടെ ബഹുമുഖമായ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും കർമ്മങ്ങൾക്കും ഒരു പ്രത്യേക മുഖവുര ആവശ്യമില്ലെന്ന് എനിക്കറിയാം. അദ്ദേഹത്തിന്റേതായ വിലപ്പെട്ട സംഭാവനകൾ കേരള രാഷ്ട്രീയത്തിലെ ചരിത്രത്തിന്റെ ഭാഗമാണ്. 50 വർഷം ഒരു മണ്ഡലത്തിൽനിന്നും പ്രതിനിധീകരിക്കുക എന്നത് ചരിത്രത്തിലെ അപൂർവ്വ ദൃശ്യസാക്ഷ്യമാണ്. ഒരുപക്ഷേ ഗിന്നസ് ബുക്കിൽപ്പോലും അദ്ദേഹത്തിന്റെ ഈ ചരിത്രം രേഖപ്പെടുത്താവുന്ന നിലയിൽ മറ്റനുഭവങ്ങളില്ല എന്നാണ്

തോന്നുന്നത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ വാക്കുകൾ ഞാൻ ഓർമ്മിക്കുകയാണ്. 'വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും' ചെയ്യുന്ന ഒരു തത്വശാസ്ത്രം ആദ്യമായി കേരളീയ രാഷ്ട്രീയത്തിന് നൽകിയത് മാണിസാറാണ്. അങ്ങനെ പല നിലയിലും അദ്ദേഹത്തിന്റെ പ്രയോഗങ്ങൾ അപൂർവ്വമായ സംഭാവനയായി കേരള രാഷ്ട്രീയത്തിലുണ്ട് എന്നത് അദ്ദേഹത്തിനുമാത്രം അവകാശപ്പെട്ടതാണ്. ഇവിടെ വിലയിരുത്തിയ കാര്യങ്ങളെല്ലാംതന്നെ അമ്പത് വർഷം തികയ്ക്കുന്ന ഒരു നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം വ്യക്തമാക്കുന്നതാണ്. ആ ബഹുമുഖ വ്യക്തിത്വം ഒരപൂർവ്വ സാന്നിദ്ധ്യമായി, ഒരു സ്നേഹസുഗന്ധമായി നമ്മോടൊപ്പം ഒഴുകിയെത്തുന്നു. അദ്ദേഹത്തിന് കേരള രാഷ്ട്രീയത്തിൽ ഇനിയും പ്രവർത്തിക്കാനുള്ള സൗഭാഗ്യവും കരുത്തും ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് വസ്തുത. അദ്ദേഹത്തിന്റെ യുവത്വം കേരള രാഷ്ട്രീയത്തിൽതന്നെ ഒരപൂർവ്വ സൗഭാഗ്യമായി തീരട്ടെ എന്നുകൂടി ആഗ്രഹിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

10.00 AM]

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ബഹുമാനപ്പെട്ട സ്പീക്കറും സഭയിലെ എല്ലാ നേതാക്കളും പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് മാണിസാറിന് എല്ലാവിധ ഭാവുകങ്ങളും നേരുകയാണ്. ഇന്ത്യൻ ജനാധിപത്യത്തിലെ ഒരത്ഭുത പ്രതിഭാസമാണ് അദ്ദേഹം. ഇന്ത്യയിലെ ഒരു നിയമസഭയ്ക്കും കിട്ടാത്ത സൗഭാഗ്യമാണ് മാണിസാർ ഇന്ന് നമുക്ക് ഉണ്ടാക്കിത്തന്നിട്ടുള്ളത്. അസംബ്ലിയിലെ സീറ്റിന്റെ കാര്യത്തിൽ മാത്രമല്ല ഞങ്ങളുടെ സാമീപ്യം, ഞങ്ങളുടെ നിയോജകമണ്ഡലങ്ങളായ പാലായും പുതുപ്പള്ളിയും അടുത്തടുത്താണ്. ഞാൻ മാണിസാറിനെ ആദ്യം കാണുന്നത് കോട്ടയം ഡി.സി.സി. ഓഫീസിൽ വച്ചാണ്. മാത്തച്ചൻ കുരുവിനാക്കുന്നേൽ ഡി.സി.സി. പ്രസിഡന്റായിരുന്ന കാലത്ത് ഡി.സി.സി. സെക്രട്ടറിയായിരുന്ന മാണിസാറിനെ ഒരു വിദ്യാർത്ഥിയായിരുന്ന എനിക്ക് അവിടെപ്പോയി കാണാൻ സാധിച്ചു. അന്നുമുതലുള്ള സൗഹൃദമാണ് ഞങ്ങളുടേത്. മാണിസാർ 13 ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചുവെന്ന് പറഞ്ഞു. ആ 13 ബഡ്ജറ്റിന്റെയും അടിസ്ഥാനം കാർഷിക മേഖല, കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവയാണെന്ന് പരിശോധിച്ചാൽ വ്യക്തമാണ്. അത് അദ്ദേഹത്തിന്റെ വലിയ നേട്ടമാണ്. ഇന്നലത്തെ അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം റബ്ബറിന് കിട്ടുന്ന വില പോരെന്നും കൂടിയ വില കിട്ടണമെന്നുമാണ് പറഞ്ഞത്. ഇന്നത്തെ പത്രത്തിൽ ഞാൻ വായിച്ചു, അദ്ദേഹം ആദ്യം നിയമസഭാംഗമായ 1967-ലെ സഭയിൽ ആദ്യ പ്രസംഗത്തിലും ശബ്ദിച്ചത് കർഷകർക്കുവേണ്ടിയാണ്. അന്ന് റബ്ബറിന് 10 രൂപയ്ക്കുവേണ്ടിയാണ് അദ്ദേഹം സമരം ചെയ്തതെങ്കിൽ ഇന്ന് പോരാടുന്നത് ഒരു കിലോഗ്രാമിന് 200

ശ്രുപയുക്കവേണ്ടിയാണ്. ഏതായാലും അന്നും ഇന്നും ഒരേ രീതിയിലുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റേത്. അദ്ധ്വാനവർഗ്ഗ സിദ്ധാന്തം കേരളത്തിലൊട്ടാകെ എല്ലാവരും ചർച്ചചെയ്യുന്ന സാഹചര്യമായിവന്നു. നിയമസഭയിലെ അദ്ദേഹത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ഇംഗ്ലീഷ് നിഘണ്ടുവിൽ ഒരു പുതിയ പദംതന്നെ സംഭാവന ചെയ്തു. 'Additionality', അദ്ദേഹത്തിന്റെ സംഭാവനയാണ്. ആറര വർഷം മുഖ്യമന്ത്രിയായി പ്രവർത്തിച്ച അവസരത്തിലെല്ലാം എന്റെ ഏറ്റവും വലിയ സഹായി, ഏറ്റവും വലിയ സപ്പോർട്ട് അദ്ദേഹത്തിൽനിന്ന് കിട്ടിയിട്ടുള്ളത് ഞാൻ പ്രത്യേകം കൃതജ്ഞതയോടുകൂടി സ്മരിക്കുന്നു. മാണിസാർ കേരളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ ഇനിയും നൽകുന്നതിന് എല്ലാ അവസരങ്ങളും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, 50 വർഷം പൂർത്തീകരിച്ച ബഹുമാനപ്പെട്ട മാണിസാറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത അയൽവാസി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയാണെന്ന് പറഞ്ഞാലും ദൂരംവച്ച് നോക്കുമ്പോൾ ഞാനാണ് അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത അയൽവാസി. 11 കിലോമീറ്റർ അകലം മാത്രമേയുള്ളൂ. അത്രമാത്രം അടുപ്പം ഞങ്ങൾ തമ്മിലുണ്ട്. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുമ്പോഴും ഞാൻ ഒളിച്ചുവയ്ക്കാതെ പറയുകയാണ്, അദ്ദേഹത്തെ ഏറ്റവുമധികം വിമർശിച്ചിട്ടുള്ള പൊതുപ്രവർത്തകനും ഞാൻ തന്നെയാണ്. അത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലൊക്കെ ചെയ്തതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ ഇന്ന് ഇന്ത്യയിൽ ഒരു വ്യക്തിക്കും നേടാൻ കഴിയാത്ത വലിയൊരു നേട്ടമാണ് പ്രിയങ്കരനായ എന്റെ അയൽവാസി നേടിയിട്ടുള്ളതെന്നതിൽ ഒരു തർക്കവുമില്ല. തനിക്ക് രണ്ട് ഭാര്യമാരാണെന്ന് അദ്ദേഹം പറയാറുണ്ട്. ഒന്ന്, കുട്ടിയമ്മ ചേട്ടത്തിയും രണ്ടാമത്തേത്, പാലായുമാണെന്ന് അദ്ദേഹം എപ്പോഴും പറയും. ഇതിൽ ആരോടാണ് കൂടുതൽ സ്നേഹമെന്ന് ഞാൻ ചോദിക്കുമ്പോൾ രണ്ടുപേരോടും തുല്യസ്നേഹമാണെന്ന് അദ്ദേഹം ചിരിച്ചുകൊണ്ട് പറയാറുണ്ട്. അതുപോലെതന്നെ പാലാ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കുടുംബത്തിൽ എന്ത് ബുദ്ധിമുട്ടുണ്ടായാലും വേദനിക്കുന്ന അനുഭവങ്ങളുണ്ടായാലും സന്തോഷകരമായ അനുഭവങ്ങളുണ്ടായാലും അവിടെയെല്ലാം ഒരു മടിയുംകൂടാതെ ഓടിയെത്തുന്ന മാണിസാറിനെ സ്ഥിരമായി കാണാറുണ്ട്. എന്റെ നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്ന ആറ് പഞ്ചായത്തുകൾ ഇപ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ്. അവിടെ ശവസംസ്കാര ചടങ്ങുകളിലൊക്കെ പങ്കെടുക്കാൻ ഞാൻ പോകുമ്പോൾ മാണിസാർ വന്നിട്ടുപോയി എന്ന് പല വീടുകളിലും പറയുന്നത് കേൾക്കാൻ ഇടയായിട്ടുണ്ട്. പല ദിവസങ്ങളിലും അദ്ദേഹം രോഗബാധിതനായി

ആശുപത്രിയിൽ പോയ കാര്യമൊക്കെ എനിക്കറിയാം. അതിനിടയ്ക്കും എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ ആശുപത്രിയിൽനിന്ന് വന്നാൽ നേരെ ആ കുടുംബങ്ങളിൽ ചെന്ന് നല്ല വാക്ക് പറയുക, ആ സ്നേഹത്തിൽ പങ്കെടുക്കും, അല്ലെങ്കിൽ ദുഃഖത്തിൽ പങ്കുചേരും. കേരളത്തിൽ മറ്റ് രാഷ്ട്രീക്കാരാരും ചെയ്യാത്ത മഹത്തായ കർമ്മമാണ് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാൻ ആർക്കും കഴിയില്ല. ശത്രുവിനുപോലും കഴിയില്ല. ഞാൻ ഒളിച്ചുവയ്ക്കുന്നില്ല. ശത്രുവിനുപോലും കഴിയില്ലെന്ന് പറയുമ്പോൾ ബോദ്ധ്യമാണ്. പക്ഷെ ആ വാക്ക് പറയുമ്പോൾ ഒരു കാര്യം നിങ്ങൾ അറിയണം, അകലെ കിടക്കുന്ന മിത്രത്തേക്കാൾ അടുത്ത് കിടക്കുന്ന ശത്രുവാണ് മെച്ചമെന്ന്. അതുകൊണ്ട് മാണിസാറിന് മെച്ചം ഞാൻ തന്നെയായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുകയാണ്. നന്മകൾ നേരുകയാണ്. അദ്ദേഹം കൊണ്ടുവന്ന 'additionality', ഞാൻ ഇവിടെ എന്റെ സുഹൃത്തുക്കളോട് പറഞ്ഞു, അദ്ദേഹം 'additionality' എന്ന പുതിയ വാക്ക് കൊണ്ടുവന്നിട്ടുണ്ടെന്ന്. ഞാൻ അതാണ് ആദ്യം പറയാനിരുന്നത്. പക്ഷെ ശ്രീ. ഉമ്മൻ ചാണ്ടി അതും പിടിച്ചുപറിച്ചോണ്ടുപോയി. എല്ലാ കാര്യങ്ങളിലും ആർക്കും താരതമ്യപ്പെടുത്താൻ കഴിയാത്ത വ്യക്തിത്വമാണ് ശ്രീമാൻ കെ. എം. മാണിയെന്ന ഞങ്ങളുടെ പ്രിയങ്കരനായ മാണിസാർ എന്ന് ഉറപ്പിച്ചുപറയുന്നു. കാർഷിക മേഖലയുടെ പ്രതിനിധിയാണ് അദ്ദേഹം. കർഷക വർഗ്ഗത്തിനുവേണ്ടിയും കർഷകത്തൊഴിലാളികൾക്കുവേണ്ടിയും പോരാടിയ അദ്ദേഹത്തിന് ദീർഘായുസ് കൊടുക്കാൻ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. നന്ദി. നമസ്കാരം.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും എന്നെപ്പറ്റി പറഞ്ഞ നല്ല വാക്കുകൾക്ക് എന്റെ ഹൃദയംഗമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി കലവറയില്ലാതെ എന്നെ അഭിനന്ദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശാല മനസ്കതയ്ക്കുമുമ്പിൽ ഞാൻ നമോവാകം ചെയ്യുന്നു. ഇപ്പോഴാണ് എനിക്ക് മനസ്സിലായത്, നമ്മൾ ശത്രുക്കളെന്ന് കരുതുന്ന പലയാളുകളും നമ്മുടെ മിത്രങ്ങളാണെന്ന്. ശ്രീ. പി. സി. ജോർജ് ഒരിക്കലും എന്റെ ശത്രുവല്ല. ഞാൻ എപ്പോഴും ജോർജിനെ എന്റെ അനുജനായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. എനിക്ക് ആരോടും ഒരു വിരോധവുമില്ല. ഞാൻ അങ്ങനെ ചിന്തിച്ചിട്ടുമില്ല. ആരെയും എന്റെ വിരോധികളായി ഞാൻ കരുതുന്നില്ല. എല്ലാവരോടും സ്നേഹം പങ്കിടുന്നു. ജോർജിനോടും അതുപോലെതന്നെയാണ്. കഴിഞ്ഞ 13 തെരഞ്ഞെടുപ്പുകളിൽ തുടരെത്തുടരെ എന്നെ ഒരേ നിയോജകമണ്ഡലത്തിൽനിന്നും വിജയിപ്പിച്ച പാലായിലെ എന്റെ പ്രിയപ്പെട്ട

സമ്മതിദായകരെ സ്മരിക്കാതെ പോകുന്നത് ശരിയാണെന്ന് തോന്നുന്നില്ല. അവരോടുള്ള എന്റെ നിസ്സീമമായ കടപ്പാടും നന്ദിയും ഞാൻ ഈ നിയമസഭാതലത്തിൽ പ്രകടിപ്പിക്കുകയാണ്. പ്രഗത്ഭരായ ഇ.എം.എസ്.-നോടും സി. എച്ച്. മുഹമ്മദ്കോയയോടുമൊപ്പം ഈ നിയമസഭയിൽ പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നത് വലിയൊരു കാര്യമാണ്. സി. അച്യുതമേനോൻ, ഇ. കെ. നായനാർ, കെ. കരുണാകരൻ, പി. കെ. വാസുദേവൻ നായർ, എ. കെ. ആന്റണി, ഉമ്മൻ ചാണ്ടി എന്നീ പ്രഗത്ഭരായ ഭരണകർത്താക്കളുടെ മന്ത്രിസഭയിൽ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയൊരനുഭവമായി ഞാൻ കരുതുകയാണ്. അവർ എനിക്ക് പകർന്നുനൽകിയ പ്രോത്സാഹനം വളരെ നന്ദിയോടുകൂടി ഞാൻ സ്മരിക്കുകയാണ്. ഞാൻ ഈ 50 വർഷവും ഒരു രാഷ്ട്രീയ വിദ്യാർത്ഥിയെപ്പോലെ വായിച്ചും പഠിച്ചും നിയമസഭാ നടപടികൾ കണ്ടും കേട്ടും വളർന്നുവരികയാണുണ്ടായത്. ഒരു നിയമസഭാ സാമാജികന്റെ കൃത്യനിർവ്വഹണത്തിനപ്പുറം എനിക്ക് ചാരിതാർത്ഥ്യമുള്ളത്, ഞാൻ ഒരു വ്യക്തിയെപ്പോലും നൊമ്പരപ്പെടുത്തിയിട്ടില്ല, തൊട്ടുനോവിച്ചിട്ടില്ല എന്നതാണ്. ഒരാളെപ്പോലും വ്യക്തിപരമായി ആക്ഷേപിക്കുവാൻ ഞാൻ ഈ സഭാതലം ഒരിക്കലും ഉപയോഗിച്ചിട്ടില്ലെന്നുള്ളതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യമാണ്. ബഹുമാനപ്പെട്ട സ്പീക്കർക്കും മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും കക്ഷിനേതാക്കൾക്കുമെല്ലാമുള്ള നന്ദി ഞാൻ ഒരിക്കൽക്കൂടി പ്രകാശിപ്പിച്ചുകൊള്ളുന്നു. നിങ്ങളുടെ എല്ലാവരുടെയും അനുഗ്രഹം എനിക്കുണ്ടാകണമെന്ന് വീണ്ടും ഞാൻ പ്രാർത്ഥിക്കുന്നു. നമസ്കാരം.

## III അടിയന്തരപ്രമേയം

### വിദ്യാർത്ഥി സമരം

മി. സ്പീക്കർ: തുടർ പഠനത്തിന് അവസരം അടിയന്തരമായി ലഭ്യമാക്കണമെന്നും തങ്ങളുടെ ഭാവി അപകടത്തിലാകുന്ന സാഹചര്യം ഉണ്ടാകരുതെന്നും ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥികൾ 6 ദിവസമായി സെക്രട്ടേറിയറ്റ് നടയിൽ നടത്തിവരുന്ന സമരത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ച് നടപടികൾ സ്വീകരിക്കാത്തതുമൂലം വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകാൻ ഇടയുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യവും ഈ കാര്യത്തിന് പരിഹാരമുണ്ടാക്കാൻ കൈക്കൊള്ളേണ്ട നടപടികളും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം ഒ. രാജഗോപാൽ ചട്ടം 304 പ്രകാരം നേരത്തെ ഒരു സബ്മിഷന് നോട്ടീസ്

നൽകിയിട്ടുണ്ട്. അത് ഇന്ന് സബ്മിഷന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കുറെ മാസങ്ങളായി മറ്റക്കര ടോംസ് എഞ്ചിനീയറിംഗ് കോളേജിൽ നിരവധി പ്രശ്നങ്ങൾ നടന്നുവരികയായിരുന്നു. മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കെമിക്കൽ എഞ്ചിനീയറിംഗ് എന്നീ 5 കോഴ്സുകളാണ് അവിടെയുള്ളത്. ഈ അഞ്ച് കോഴ്സുകളിലും 2 യൂണിവേഴ്സിറ്റികളിലെ കുട്ടികൾ പഠിക്കുന്നുണ്ട്. S6 മുതലുള്ള കുട്ടികൾ എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലും അതുവരെയുള്ള കുട്ടികൾ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുമാണ് പഠിക്കുന്നത്. ഇവിടെ നിരവധി മാസങ്ങളായി വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിക്കുന്നുവെന്നും സൗകര്യങ്ങളില്ലെന്നുമുള്ള അഭിപ്രായങ്ങൾ ഉയർന്നതിനെത്തുടർന്ന് ഒരു ഘട്ടത്തിൽ അത് സമൂഹം ഏറെ ശ്രദ്ധിച്ച വിദ്യാർത്ഥികളുടെ സമരമായി മാറി. പഠിക്കാൻ സൗകര്യമില്ലെന്നുള്ളതും പീഡിപ്പിക്കപ്പെടുന്നുവെന്നുമുള്ള ആശയങ്ങൾ പുറത്തുവന്നതോടുകൂടി 10-1-2017-ൽ ഇക്കാര്യം അന്വേഷിക്കണമെന്ന് ഞാൻതന്നെ നേരിട്ട് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ 13-1-2017-ൽ ടോംസ് കോളേജ് സന്ദർശിച്ച് പ്രശ്നങ്ങൾ വിലയിരുത്തി, കുട്ടികളോടും മാതാപിതാക്കളോടും വിവരങ്ങൾ അന്വേഷിച്ച് വിശദമായി പഠിച്ച് ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഞാൻ ഓരോന്നും വിശദീകരിക്കുന്നില്ല. ആ റിപ്പോർട്ടിൽ നിരവധി പ്രശ്നങ്ങൾ ആ കോളേജിൽ നടന്നിട്ടുണ്ടെന്നും പഠനാന്തരീക്ഷം കുറവാണെന്നും പറഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ടോംസ് കോളേജിന് അടുത്ത വർഷത്തേയ്ക്ക് (2017-2018) അഫിലിയേഷൻ കൊടുക്കേണ്ടതില്ലെന്നും നിലവിലുള്ള ക്ലാസ്സുകൾ സസ്പെന്റ് ചെയ്യണമെന്നും തീരുമാനമെടുത്ത് ആ വിവരം കോളേജിനെ അറിയിച്ചു. അതേസമയം 7-2-2017-ൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ച്, 'necessary steps may kindly be taken for withdrawing the approval of Toms College of Engineering, Mattakkara already issued by AICTE' എന്ന് രജിസ്ട്രാർ മെമ്പർ സെക്രട്ടറി, എ.ഐ.സി.റ്റി.ഇ.-ക്ക് കത്ത് എഴുതി. കാരണം എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം വേണമെന്നുള്ളതുകൊണ്ട് എ.ഐ.സി.റ്റി.ഇ.-ക്ക് അത്തരമൊരു കത്ത് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി അയയ്ക്കുകയാണ്. ഇതിനിടയിൽ ഇക്കാര്യം പരിശോധിച്ചുകൊണ്ട് എ.ഐ.സി.റ്റി.ഇ. 21-2-2017-ൽ ടോംസ് കോളേജിന് ഒരു ഷോക്കോസ് നോട്ടീസ് നൽകിയിരുന്നു. രജിസ്ട്രാർ

ചൂണ്ടിക്കാണിച്ച അന്വേഷണ റിപ്പോർട്ടിലെ പ്രശ്നങ്ങൾ എന്തൊക്കെയാണ്, അത് തുടരാതിരിക്കണമെന്നുള്ള വളരെ വിശദമായ ഒരു ഷോക്കോസ് നോട്ടീസാണ് എ.ഐ.സി.റ്റി.ഇ. 21-2-2017-ൽ ടോംസ് കോളേജിലേയ്ക്കയച്ചത്. 2017-2018-ലാണ് അഫിലിയേഷൻ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. യൂണിവേഴ്സിറ്റി പുറപ്പെടുവിച്ച ഉത്തരവിൽ, നിലവിലുള്ള കോഴ്സ് സസ്പെന്റ് ചെയ്തത് കോടതി നിരാകരിച്ചു. അതിനർത്ഥം നിലവിലുള്ള കോഴ്സ് അവിടെ തുടരുമെന്നതന്നെയാണ്. ബഹുമാനപ്പെട്ട കോടതിയാണ് അത് നിഷേധിച്ചത്. കോടതി കോഴ്സ് നടത്താനുള്ള അനുവാദം കൊടുത്തതോടുകൂടി ടോംസ് കോളേജിൽ എം.ജി. യൂണിവേഴ്സിറ്റിയുടെയും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെയും കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഈ സമയത്ത് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി 8-3-2017-ൽ വീണ്ടും എ.ഐ.സി.റ്റി.ഇ.-ക്ക് കത്തെഴുതുകയാണ്. അതെന്തിനാണ്? രജിസ്ട്രാറുടെ റിപ്പോർട്ടും എ.ഐ.സി.റ്റി.ഇ.-യുടെ ഷോക്കോസ് നോട്ടീസും മറ്റുംവച്ച് നോക്കുമ്പോൾ അവിടെ പഠിക്കാനുള്ള സാഹചര്യം കുറവാണെന്നതാണ് വസ്തുത. അതുകൊണ്ട് അവിടെയുള്ള കുട്ടികളിൽ പലർക്കും മറ്റ് കോളേജുകളിൽ പഠിക്കണമെന്ന അഭിപ്രായമുണ്ടായി. അങ്ങനെയെങ്കിൽ അവർക്ക് മറ്റ് കോളേജുകളിൽ പഠിക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് യൂണിവേഴ്സിറ്റിയും സർക്കാരും ചേർന്ന് തീരുമാനമെടുത്തു. അങ്ങനെ വരുമ്പോൾ ഒരു ചെറിയ പ്രശ്നമുള്ളത്, 5 കോഴ്സുകളുണ്ടെങ്കിലും കെമിക്കൽ എഞ്ചിനീയറിംഗ് എന്ന വിഷയം കേരളത്തിൽ സ്വാശ്രയ മേഖലയിൽ രണ്ട് കോളേജുകളിൽ മാത്രമേയുള്ളൂ. ഒന്ന്, അമൽജ്യോതി കോളേജ് കാഞ്ഞിരപ്പള്ളി, രണ്ട്, കൊച്ചിൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വളാഞ്ചേരി. അവിടെയാണെങ്കിൽ ഏകദേശം സീറ്റുകളും filled ആണ്. പുതിയ കുട്ടികളെ ചേർക്കാൻ കഴിയില്ല. പക്ഷേ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾക്ക് ഐ.എച്ച്.ആർ.ഡി. അടക്കമുള്ള മറ്റ് പല കോളേജുകളിലും വേക്കൻസിയുള്ളതുകൊണ്ട് ഈ കുട്ടികൾക്ക് അവിടെ പഠനം തുടരുവാൻ പറ്റുമെങ്കിലും അവിടെ പഠിക്കേണ്ടെന്ന് തീരുമാനിച്ച കുട്ടികൾക്ക് ഓപ്ഷൻ നൽകിക്കൊണ്ട് മറ്റ് കോളേജുകളിൽ പഠിക്കാനുള്ള അവസരം കൊടുത്തു. ഇപ്പോൾ അവർ അവിടെ പഠിക്കുകയാണ്. പക്ഷേ കെമിക്കൽ എഞ്ചിനീയറിംഗിനുമാത്രം മറ്റ് കോളേജുകളിൽ സീറ്റില്ലാത്തതുകൊണ്ട് അവർക്ക് ഉടനെ സീറ്റ് നൽകാൻ കഴിയില്ല. അതുകൊണ്ടാണ് 8-ാം തീയതി എ.ഐ.സി.റ്റി.ഇ.-ക്ക് കെ.റ്റി.യു. ഇങ്ങനെയൊരു കത്ത് എഴുതിയത്. " It is necessary to find a solution in the

interest of students. The only alternative is, sanction of additional batch in Chemical Engineering at Amal Jyothi College. I request that an early decision in this regard may please be taken pending withdrawal of the approval." ഇത് 8-ാം തീയതി ടെക്നോളജിക്കൽ സർവ്വകലാശാല എ.ഐ.സി.റ്റി.ഇ.-ക്ക് നൽകിയ കത്താണ്. അതേസമയം ആ കോളേജിൽ പഠിക്കുന്നവർ ഇപ്പോഴും അവിടെ തുടരുകയാണ്. മെക്കാനിക്കൽ എഞ്ചിനീയറിംഗിന് എം. ജി. യൂണിവേഴ്സിറ്റിയിലെ 24 കുട്ടികളും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എസ്.2-ലെ 13 കുട്ടികളും പഠിച്ചുകൊണ്ടിരിക്കുന്നു. സിവിൽ എഞ്ചിനീയറിംഗിന് എം.ജി. യൂണിവേഴ്സിറ്റിയിലെ 21 കുട്ടികളും കെ.റ്റി.യു.-ന്റെ 10 കുട്ടികളും അവിടെ ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്നു. കമ്പ്യൂട്ടർ എഞ്ചിനീയറിംഗിന് 8 കുട്ടികളും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന് 2 കുട്ടികളും ഇപ്പോഴും ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ കെമിക്കൽ എഞ്ചിനീയറിംഗിന്റെ കാര്യം അങ്ങനെയല്ല. കെമിക്കൽ എഞ്ചിനീയറിംഗിൽ എം. ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എസ്-6 കോഴ്സിൽ 24 കുട്ടികളുള്ളതിൽ 24 കുട്ടികളും ആ കോളേജിൽതന്നെ പഠിച്ചുകൊണ്ടിരിക്കുന്നു. എസ്.4-ൽ 51 കുട്ടികളുള്ളതിൽ 14 കുട്ടികൾ ഇപ്പോഴും അവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇന്നും അവിടെ ക്ലാസ് നടന്നുകൊണ്ടിരിക്കുകയാണ്. 51 കുട്ടികൾ എസ്.2-വിൽ ഉള്ളതിൽ 8 കുട്ടികളും അവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴും ക്ലാസ് നടക്കുന്നുണ്ട്. ബാക്കിയുള്ള കുട്ടികൾക്ക് മറ്റ് കോളേജുകളിൽ സീറ്റ് കൊടുക്കണം. മറ്റ് കോളേജുകളിൽ സീറ്റ് കൊടുക്കണമെങ്കിൽ എ.ഐ.സി.റ്റി.ഇ. മറ്റ് കോളേജുകളിൽ അഡീഷണൽ ബാച്ചിനുള്ള അംഗീകാരം നൽകണം. അതിനുവേണ്ടി ഒരു കത്ത് സർക്കാർ നേരിട്ട് എ.ഐ.സി.റ്റി.ഇ.-ക്ക് നൽകുകയുണ്ടായി. എ.ഐ.സി.റ്റി.ഇ. 19-1-2017-ന് സർക്കാരിന് കത്തയച്ചു, 31-1-2017-ന് സർക്കാരിന് കിട്ടി. പക്ഷേ ആ കത്തിൽ പറയുന്നത്, " It has come to notice of the Council that a B.Tech student namely Jishnu Pranoy of Nehru Engineering College has committed suicide and violence created by students aftermath. The incidents of sexual harassment in Toms College of Engineering, Mattakkara, Kottayam may also be looked into. In this connection, Honourable HRM has decided to get report from State Government in this matter. In this view, you are requested to get the matter investigated and submit a report on the issue at the earliest to apprise the Honourable HRM accordingly" എന്നാണ്. ഇതിന് സംസ്ഥാന സർക്കാർ ഈ

മാസം 13-ാം തീയതി മറുപടി കൊടുത്തു. കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ 'after investigation', രണ്ട് കോളേജിലെയും ഇൻവെസ്റ്റിഗേഷനുശേഷം മറുപടി അയയ്ക്കാൻ പറഞ്ഞു. ഇതിനുള്ള മറുപടിയും സംസ്ഥാന സർക്കാർ എ.ഐ.സി.റ്റി.ഇ.-ക്ക് നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ ഇപ്പോൾ പഠിക്കുന്ന കുട്ടികൾക്ക് ആ കോളേജിൽ പഠിക്കാൻ സൗകര്യമുണ്ടെങ്കിലും അവിടെ പഠിക്കുന്നില്ലെന്ന് തീരുമാനിച്ച കുട്ടികൾക്ക് പുറത്ത് പഠിക്കുന്നതിന് കെമിക്കൽ എഞ്ചിനീയറിംഗ് ഒഴികെ എല്ലാപേർക്കും സീറ്റ് നൽകിയിട്ടുണ്ട്. അതിനുള്ള അധികാരം സർവ്വകലാശാലയ്ക്കുണ്ടെന്നുള്ളതുകൊണ്ട് സീറ്റ് നൽകി. അവർ അവിടെ പഠിക്കുന്നു. ബാക്കി എ.ഐ.സി.റ്റി.ഇ. അംഗീകാരം നൽകിയാൽ ഈ കുട്ടികൾക്ക് മറ്റ് കോളേജുകളിൽ സീറ്റ് കൊടുക്കാം. ഇങ്ങനെ നിരവധി തവണ എ.ഐ.സി.റ്റി.ഇ.-യെ സമീപിച്ചു. ബഹുമാനപ്പെട്ട എം.പി.-മാരെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തി. അവരും എ.ഐ.സി.റ്റി.ഇ.-യുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ തിങ്കളാഴ്ച, മിനിഞ്ഞാന്ന് എ.ഐ.സി.ടി.ഇ.-യുടെ ഒരു ഫുൾ ടീം ടോംസ് കോളേജിൽ വന്നു. അവർ എല്ലാം പരിശോധിച്ച് പോയിട്ടുണ്ട്. അവർ റിപ്പോർട്ട് എ.ഐ.സി.ടി.ഇ.-ക്ക് കൊടുത്ത്, എ.ഐ.സി.ടി.ഇ. ചേർന്നിട്ടില്ല. ഇന്നോ നാളെയോ ചേരുമെന്നറിയുന്നു. ഈ റിപ്പോർട്ട് പരിഗണിച്ചാൽ എ.ഐ.സി.ടി.ഇ. അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ അഡീഷണൽ ബാച്ച് നമുക്ക് അനുവദിക്കുകയോ സീറ്റ് കൂട്ടുകയോ ചെയ്യാനുള്ള അനുവാദം ലഭിച്ചാൽ ആ നിമിഷം ഈ കുട്ടികളെ അവിടേയ്ക്ക് മാറ്റാവുന്നതേയുള്ളൂ. അല്ലാത്തപക്ഷം ആ കുട്ടികൾക്ക് ഇപ്പോൾത്തന്നെ പഠിക്കാനുള്ള അവസരം ഈ കോളേജിൽ ലഭ്യമാണ്. അപ്പോൾ രണ്ട് ഓപ്ഷനുണ്ട്. എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം കിട്ടിയാൽ മറ്റ് കോളേജുകളിലേയ്ക്ക് പോകാം. എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരം കിട്ടും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. എ.ഐ.സി.ടി.ഇ.-ൽ ബഹുമാനപ്പെട്ട എം.പി.-മാരും മറ്റെല്ലാവരും ചേർന്ന് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, പ്രതിപക്ഷം ഈ വിഷയം നിയമസഭയിൽ ഒരു അടിയന്തരപ്രമേയമായി കൊണ്ടുവരുന്നത് സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്താനോ ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കാനോ ഉദ്ദേശിച്ചുകൊണ്ടല്ല. കഴിഞ്ഞ ഏഴ് ദിവസമായി ആൺകുട്ടികളും പെൺകുട്ടികളുമടങ്ങുന്ന നൂറോളം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ ലോണെടുത്ത് വലിയ ആഗ്രഹങ്ങൾ വച്ചുപുലർത്തിക്കൊണ്ട്, വലിയ സ്വപ്നങ്ങൾ നെയ്ത് കോളേജിൽ ചേർന്നവരാണ് അവർ. അവിടെ അവർക്ക് നേരിടേണ്ടിവരുന്ന തിക്താനുഭവങ്ങളുടെ വെളിച്ചത്തിൽ സാധാരണക്കാരായ ആ വിദ്യാർത്ഥികൾ ഇന്ന് സമരം ചെയ്യുന്ന

സാഹചര്യത്തിലെത്തിയിരിക്കുകയാണ്. ഈ വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാനുള്ള ക്രിയാത്മകമായ ഇടപെടലുകളും നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹംകൊണ്ട് മാത്രമാണ് ഈ അടിയന്തരപ്രമേയം ഞങ്ങൾ ഇവിടെ കൊണ്ടുവരുന്നത്.

മറ്റ് വിഷയങ്ങളിലെന്നതുപോലെ വിദ്യാഭ്യാസ രംഗത്തും കേരള സംസ്ഥാനം നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണ്. ഞാനും ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ (എൻ.എസ്.യു.ഐ.) ദേശീയ പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിച്ച കാലഘട്ടങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും നിലനിൽക്കുന്ന വിദ്യാർത്ഥി പ്രശ്നങ്ങളിലൊക്കെ ഇടപെടാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇന്നലെ രാത്രി 11 മണിക്ക് സമരം ചെയ്യുന്ന ടോംസ് കോളേജിലെ വിദ്യാർത്ഥികളുമായി ഞാൻ സംസാരിച്ചു. അവർ ഈ കോളേജിൽ നടക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് പറഞ്ഞപ്പോൾ എനിക്കുതന്നെ വിശ്വസിക്കാൻ പ്രയാസമുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽപ്പോലും കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള പ്രവണതകളാണ് ടോംസ് കോളേജിൽ നിലനിൽക്കുന്നതെന്നത് വളരെ ലജ്ജാവഹമാണ്. ഈ വിഷയങ്ങൾ സഭയിലെ അംഗങ്ങളും സർക്കാരും സമൂഹവും മനസ്സിലാക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്.

ഈ കോളേജിൽ നിലനിൽക്കുന്ന ഒന്നുരണ്ട് കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. Fully residential college ആയിട്ടാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. തൊട്ടടുത്ത്, അതായത് ഒന്നോ രണ്ടോ കിലോമീറ്റർ ദൂരത്തിനുള്ളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കുപോലും സ്വന്തം വീടുകളിൽപോയിവരാനുള്ള സാഹചര്യമോ സ്വാതന്ത്ര്യമോ ഈ കോളേജ് അനുവദിച്ചിട്ടില്ല. എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും ഹോസ്റ്റലിൽ താമസിക്കണമെന്ന നിലപാടാണ് കോളേജ് മാനേജ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. രാവിലെ 5 മണിമുതൽ 8 മണിവരെ ഹോസ്റ്റലിലെ മെസ്സ് ഹാളിൽ വിദ്യാർത്ഥികൾ എല്ലാവരും നിർബന്ധമായും ഉണ്ടായിരിക്കണമെന്നാണ്. മെസ്സ് ഹാളാണ് അവിടത്തെ സ്റ്റഡി ഹാൾ. 9 മണിക്ക് കുട്ടികൾ ക്ലാസ്സിൽ ഹാജരാകണം. 9 മണി മുതൽ വൈകുന്നേരം 5.30 വരെ ക്ലാസ്സുകൾ തുടരും. അതുകഴിഞ്ഞ് 6 മണിക്ക് വിദ്യാർത്ഥികൾ ഈ സ്റ്റഡി ഹാളിലെത്തി രാത്രി 11 മണിവരെ പഠിക്കണമെന്ന നിബന്ധനയാണ് കോളേജ് മാനേജ്മെന്റ് വച്ചിരിക്കുന്നത്. സ്റ്റഡി ഹാളിലിരുന്ന് അവർക്ക് അസൈൻമെന്റോ ഹോം വർക്കോ ചെയ്യാനുള്ള സ്വാതന്ത്ര്യമില്ല. വിദ്യാർത്ഥികൾ റൂമുകളിലേയ്ക്ക് തിരിച്ചുപോയതിനുശേഷം, അതായത് 11 മണിക്കുശേഷം മാത്രമേ അവർക്ക് അസൈൻമെന്റും മറ്റ് ഹോം വർക്കും ചെയ്യാൻ സാധിക്കൂ. 2 മണിയോടുകൂടി മാത്രമേ ഓരോ വിദ്യാർത്ഥിക്കും ഉറങ്ങാനുള്ള

സ്വാതന്ത്ര്യംപോലും കോളേജ് ഹോസ്റ്റലുകളിലുള്ളൂ. പിറ്റേ ദിവസം ക്ലാസ്സുകളിൽ വരുമ്പോൾ ഏതെങ്കിലും വിദ്യാർത്ഥി ക്ലാസിലിരുന്ന് ഒന്ന് മയങ്ങിപ്പോയാൽ അതിന്റെ പേരിൽ സ്വീകരിക്കുന്ന ശിക്ഷാനടപടി നമുക്ക് കേട്ടുകേൾവിയില്ലാത്തതാണ്. ആ കുട്ടികളെക്കൊണ്ട് ഹോസ്റ്റലിലെ ടോയ്‌ലെറ്റ് ക്ലീൻ ചെയ്യിപ്പിക്കുക, തലേദിവസം കഴിച്ച ഭക്ഷണത്തിന്റെ എച്ചിൽ എടുപ്പിക്കുക, 5 നിലകളുള്ള കെട്ടിടത്തിൽ ഇരുപത് പ്രാവശ്യം കയറിയിറങ്ങാൻ വിദ്യാർത്ഥികളെ നിർബന്ധിക്കുക തുടങ്ങിയ നടപടികളാണ് ഈ കോളേജ് അധികൃതർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു വിദ്യാർത്ഥി ഉറങ്ങിയതിന്റെപേരിൽ ആ കുട്ടി മയക്കുമരുന്നിന് അടിമയായിരുന്നോ എന്ന് സർട്ടിഫൈ ചെയ്യാനായി നിർബന്ധിച്ച് മെഡിക്കൽ കോളേജിലേയ്ക്കയച്ച് ചെക്കപ്പ് നടത്തുകയുണ്ടായി. എത്ര ലജ്ജാവഹമായ കാര്യമാണിത്.

അസുഖം വന്നാൽ കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ പോകാനുള്ള സ്വാതന്ത്ര്യമില്ല. പ്രൈവറ്റ് ആശുപത്രികളിൽ മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. ഒരു പെൺകുട്ടി ഓണാവധി കഴിഞ്ഞ് രാവിലെ തിരിച്ചു വന്നപ്പോൾ അര മണിക്കൂർ വൈകിയതിന്റെ പേരിൽ ആ കുട്ടിയെ കോളേജിന് പുറത്തുനിർത്തി. പിന്നീട് പെൺകുട്ടിയെ റൂമിലേയ്ക്ക് വിളിച്ചുവരുത്തി കാരണം ആരാഞ്ഞപ്പോൾ ആ കുട്ടി പറഞ്ഞത്, എനിക്ക് അമ്മയില്ലാത്തതിനാൽ അച്ഛന് ഭക്ഷണം തയ്യാറാക്കിക്കൊടുത്തിട്ട് അച്ഛന്റെ കാര്യങ്ങൾ നോക്കിയിട്ടാണ് വന്നതെന്നും അതിനാലാണ് വൈകിയതെന്നുമാണ്. അത് പറഞ്ഞപ്പോൾ ആ കുട്ടിയെയും അച്ഛനേയും ചേർത്ത് വളരെ ലജ്ജാവഹമായ രീതിയിൽ, മോശമായ രീതിയിൽ പറയുകയും കോളേജിന്റെ ചെയർമാൻ അപമര്യാദയായി പെരുമാറുകയും ആ കുട്ടി ഹോസ്റ്റലിൽ ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്തു എന്നത് യാഥാർത്ഥ്യമാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. റോജി എം. ജോൺ, അങ്ങയുടെ നോട്ടീസിൽ ഇക്കാര്യങ്ങളൊന്നുമല്ല ഉള്ളത്. പരീക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അങ്ങ് തന്ന നോട്ടീസിലെ കാര്യംകൂടി വിശദീകരിക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ അതിലേയ്ക്ക് തന്നെയാണ് വരുന്നത്. ഇത് സർക്കാരിനെയോ മറ്റാരെയെങ്കിലുമോ മോശമായി ചിത്രീകരിക്കുവാൻ പറയുന്നതല്ല. ഇത്തരത്തിലുള്ള സ്വാശ്രയ മാനേജ്മെന്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവരെ കയറൂരിവിടാൻ പാടില്ല. കേരളത്തിൽ കേട്ടുകേൾവിയില്ലാത്ത ഇത്തരം വിഷയങ്ങൾ പൊതുസമൂഹം അറിയണം. ഇവരെ നിലയ്ക്കുനിർത്താനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുണ്ട്. അതുകൊണ്ടാണ് ഇത്തരം വിഷയങ്ങൾ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

വെള്ളിയാഴ്ചകളിൽ മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പള്ളിയിൽ

പോകാനുള്ള സ്വാതന്ത്ര്യംപോലും ഈ കോളേജിലില്ല. ചില വിദ്യാർത്ഥികൾ ഈ അഭ്യർത്ഥനയുമായി ചെയർമാനെ കണ്ടപ്പോൾ നിങ്ങൾ തീവ്രവാദികളാകാനാണോ കോളേജിൽ വന്നതെന്നാണ് ചോദിച്ചത്. ഇത്തരം നിരവധി കാര്യങ്ങൾ ഈ കോളേജിൽ നടക്കുന്നുണ്ട്. ലജ്ജാകരമായ മറ്റൊരുകാര്യം, അവിടെ രാവിലെ ഏഴരയ്ക്ക് പെൺകുട്ടികൾക്ക് റിസപ്ഷൻ ഡ്യൂട്ടി എന്നുപറയുന്നൊരു പരിപാടിയുണ്ട്. രാവിലെ ഏഴരയ്ക്ക് കുട്ടികൾ ചെയർമാന്റെ റൂമിൽചെന്ന് ആ ദിവസത്തെ എല്ലാ പത്രങ്ങളും കയ്യിൽ വിരിച്ചുപിടിച്ച് നിൽക്കണം. ആ പത്രങ്ങൾ നോക്കി അതിൽ ഇഷ്ടമുള്ളൊരു പത്രം ചെയർമാൻ എടുക്കും. അതെടുത്ത് വായിച്ചതിനുശേഷം അദ്ദേഹം ആ പത്രം തറയിലിടും. തറയിലിടുന്ന പത്രം പെൺകുട്ടികൾ കുനിഞ്ഞെടുത്ത് മേശപ്പുറത്തുവയ്ക്കണം. രാവിലെ ചെയർമാന് ചായയും ഭക്ഷണവും കൊണ്ടുകൊടുക്കണം. ഇത്തരത്തിലുള്ള നടപടികളാണ് ഈ കോളേജിൽ നടന്നുകൊണ്ടിരിക്കുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തമ്മിൽ സംസാരിക്കാനോ അവർക്ക് ഫോൺ ഉപയോഗിക്കാനോ സ്വാതന്ത്ര്യമില്ല.

<u>മി. സ്പീക്കർ</u>: സ്വാശ്രയ മാനേജുമെന്റുകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറയുന്നത്. അത് വസ്തുതയാണ്. എല്ലാവരുംചേർന്ന് അത് പരിഹരിക്കാനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയാണ് വേണ്ടത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഈ വസ്തുതകൾ കേരള സമൂഹം മനസ്സിലാക്കണം എന്നതുകൊണ്ട് മാത്രമാണ് ഞാനിത് ഇവിടെ പറയുന്നത്. ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ സംസാരിക്കാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി കോളേജിലെ എൻ.എസ്.എസ്. യൂണിറ്റ് വരെ ഇല്ലാതാക്കി. ഈ കോളേജിൽ പി.ടി.എ. ഇല്ല, പ്രിൻസിപ്പാളില്ല, എച്ച്.ഒ.ഡി. ഇല്ല. ഇത് ശ്രീ. സന്തോഷ് പണ്ഡിറ്റിന്റെ സിനിമ പോലെയാണ്. എല്ലാ കാര്യങ്ങളും ഈ ചെയർമാൻ തന്നെയാണ് ചെയ്യുന്നത്. എല്ലാ കോളേജുകളിലും വിദ്യാർത്ഥികളുടെ ഐ.ഡി. കാർഡ് ഇഷ്യൂ ചെയ്യുന്നത് പ്രിൻസിപ്പാളാണ്. പക്ഷേ ദൗർഭാഗ്യവശാൽ ഈ കോളേജിന്റെ ഐ.ഡി. കാർഡ് ഇഷ്യൂ ചെയ്യുന്നത് കോളേജിന്റെ ചെയർമാനാണ്. രാത്രി കോളേജിൽ പെൺകുട്ടികളുടെ ഹോസ്റ്റലിൽ വാർഡനില്ല. കോളേജിന്റെ ഹോസ്റ്റൽ വാർഡനായി പ്രവർത്തിക്കുന്നത് ഈ ചെയർമാൻ തന്നെയാണ്. രാത്രിയിൽ രണ്ട് മണിക്കും മൂന്ന് മണിക്കും ഇദ്ദേഹം പെൺകുട്ടികളുടെ ഹോസ്റ്റലിൽ കയറിച്ചെന്ന് അവരെ വിളിച്ചുണർത്തി ചോദ്യം ചെയ്യുന്ന രീതിയാണ് കോളേജിൽ നടന്നുകൊണ്ടിരിക്കുന്നത്. പറയുന്നതിൽ വിഷമമുണ്ട്. ഇദ്ദേഹത്തിനെതിരെ നിരവധി കേസ്സുകൾ സംസ്ഥാനത്തെ രണ്ട്

പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ഈ കേസ്സുകളിലൊന്നും നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കോളേജുമായി ബന്ധപ്പെട്ട് 68 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. മാത്രമല്ല, ചെയർമാന് പോലീസ് പ്രൊട്ടക്ഷൻ കൊടുക്കുന്ന നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്.

കെ.ടി.യു. ഈ കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കിയെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ കെ.ടി.യു. അഫിലിയേഷൻ റദ്ദാക്കിയപ്പോൾ വിദ്യാർത്ഥികൾക്ക് കൊടുത്തിരുന്ന ഒരു വാഗ്ദാനമുണ്ടായിരുന്നു. തുടർപഠനത്തിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുമെന്ന് കെ.ടി.യു.-വും ഈ സർക്കാരും അവരോട് പറഞ്ഞിരുന്നു. പക്ഷേ ആ വാഗ്ദാനം ഇതുവരെ നടപ്പാക്കപ്പെട്ടിട്ടില്ല. ഇത്രയധികം മാനസിക പീഡനം അനുഭവിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് എങ്ങനെയാണ് ആ കോളേജിൽ തുടർപഠനം നടത്താൻ സാധിക്കുക? ബഹുമാന്യനായ മന്ത്രി പറഞ്ഞത് ശരിയാണ്, നിരവധി കത്തുകൾ അങ്ങോട്ടുമിങ്ങോട്ടും അയച്ചിട്ടുണ്ട്, കത്തുകൾ അയച്ചതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ഇത് വിദ്യാർത്ഥികളുടെ ഭാവിയുടെ പ്രശ്നമാണ്. നൂറിലധികം വിദ്യാർത്ഥികൾ സമരവുമായി സെക്രട്ടേറിയറ്റ് പടിക്കലിരിക്കുകയാണ്. അവർക്ക് രാഷ്ട്രീയമില്ല. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിലുംപെട്ട വിദ്യാർത്ഥികളല്ല അവർ. സാധാരണക്കാരായ കുട്ടികളാണ്. അവരുടെ ഭാവി സംരക്ഷിക്കുന്നതിനുവേണ്ട ക്രിയാത്മകമായ നടപടികളാണ് വേണ്ടത്. ഒരു സർക്കാരിന്റെ കാര്യക്ഷമത വിലയിരുത്തുന്നത്, ഒരു ക്രൈസിസ് എങ്ങനെ മാനേജ് ചെയ്യാൻ കഴിയുന്നു എന്നതിനനുസരിച്ചാണ്.

ഇവിടെ ലോ അക്കാദമിയിൽ പ്രശ്നമുണ്ടായി. ഈ സർക്കാർ ആ പ്രശ്നം പരിഹരിക്കാൻ 29 ദിവസമെടുത്തു. ഒരു വിദ്യാർത്ഥി കയറെടുത്ത് മരത്തിന് മുകളിൽ കയറി ആത്മഹത്യാഭീഷണി മുഴക്കിയപ്പോഴാണ് സർക്കാർ ചർച്ചയ്ക്ക് തയ്യാറായതും പ്രശ്നം പരിഹരിച്ചതും. ഞാൻ ജിഷ്ണു പ്രണോയിയെക്കുറിച്ച് ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, വളരെ ഗുരുതരമായ ആരോപണമാണ് ജിഷ്ണു പ്രണോയിയുടെ അമ്മ ഇന്നലെ ഉന്നയിച്ചത്. കേസ് അന്വേഷിക്കുന്ന പോലീസ് മാനേജ്മെന്റിന്റെ പണത്തിന് പിന്നാലെ പോകുകയാണെന്ന ആരോപണമാണ് ജിഷ്ണു പ്രണോയിയുടെ അമ്മ ഉന്നയിച്ചത്. മാത്രവുമല്ല, ആ കോളേജിന്റെ ഇടിമുറിയിൽ കണ്ട രക്തഗ്രൂപ്പും ജിഷ്ണു പ്രണോയിയുടെ രക്തഗ്രൂപ്പും ഒന്നുതന്നെയായിരുന്നു എന്ന റിപ്പോർട്ടുകളും ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. സ്വാശ്രയ മാനേജ്മെന്റുകൾക്ക് ഈ സംസ്ഥാനത്ത് ഇത്തരത്തിൽ അഴിഞ്ഞാടാനുള്ള സാഹചര്യമാണുള്ളത്. അവരെ നിലയ്ക്കുനിർത്താൻ സർക്കാർ ക്രിയാത്മകമായ നടപടി സ്വീകരിച്ചാൽ ഇത്തരത്തിലുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടില്ല. ....(ബഹളം).... ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ടി. വി. രാജേഷ്... ഇരിക്കു. പ്ലീസ്.

ശ്രീ. റോജി എം. ജോൺ: സർ, പല വിദ്യാർത്ഥി സംഘടനകളും രാഷ്ട്രീയത്തിനതീതമായി ആ സമരപ്പന്തലിൽ വിദ്യാർത്ഥികളോട് ആഭിമുഖ്യം പ്രകടിപ്പിച്ചുകൊണ്ട് അവിടെ ഇരിക്കുന്നുണ്ട്. അവിടെ ഇല്ലാത്ത ഏക വിദ്യാർത്ഥി പ്രസ്ഥാനം എസ്.എഫ്.ഐ. ആണെന്ന കാര്യം നിങ്ങൾ മറക്കരുത്..... (ബഹളം)....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഈ കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് മറ്റ് കോളേജിൽ പഠിക്കാനുള്ള സാഹചര്യമുണ്ടാകണം. അവരുടെ സെമസ്റ്റർ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. സെമസ്റ്റർ നഷ്ടപ്പെട്ടാൽ അവർ ഇയർ ഔട്ടാകും. വിദ്യാർത്ഥികളുടെ ഭാവി തുലാസ്സിലാകുകയാണ്. 76 ദിവസമായി വിദ്യാർത്ഥികൾ തെരുവിലാണ്. 7 ദിവസമായി സെക്രട്ടേറിയറ്റ് പടിക്കൽ അവർ സമരം ചെയ്യുകയാണ്. മറ്റൊരു ജിഷ്ണു പ്രണോയി ആ കോളേജിലുണ്ടായതിനുശേഷമേ ഈ വിഷയം പരിഹരിക്കാൻ സർക്കാർ തയ്യാറാകൂ എന്ന നിലപാട് സ്വീകരിക്കരുത്. കേരളത്തിൽ മറ്റൊരു ആത്മഹത്യകൂടി കാണേണ്ടിവരുമോ എന്നുപോലും ഞങ്ങൾ സംശയിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. ....(ബഹളം).... ടോംസ് കോളേജുമായി ബന്ധപ്പെട്ട വിഷയം വളരെ ന്യായമായതാണ്. എസ്.എഫ്.ഐ. ഈ സമരത്തിൽനിന്ന് മാറിനിൽക്കുന്നുവെന്ന് ബഹുമാന്യനായ അംഗം പറഞ്ഞത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അത് ശരിയല്ല, ടോംസ് കോളേജിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് സൗകര്യമൊരുക്കാൻ ആദ്യം സമരം ചെയ്തത് എസ്.എഫ്.ഐ. ആണ്. ഈ വിഷയം ടേക്കപ്പ് ചെയ്തത് എസ്.എഫ്.ഐ. ആണ്. വസ്തുതാവിരുദ്ധമായ പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. ....(ബഹളം)....

മി. സ്പീക്കർ: ഈ സഭയിലെ ഒരംഗം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ ചെയറിന് അത് അനുവദിക്കാൻ പാടില്ലേ? നിങ്ങളും പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ലേ. അദ്ദേഹം പറയുന്നത് കേൾക്കാൻ നിങ്ങൾ സമ്മതിച്ചില്ലല്ലോ. സഭ ഇങ്ങനെ നെഗറ്റീവായി കൊണ്ടുപോകരുത്. ഇത് ശരിയല്ല. നടപടിക്രമങ്ങൾക്കുള്ളിൽനിന്നുകൊണ്ട് വിമർശിക്കാനുള്ള അവകാശം നിങ്ങൾക്കെല്ലാപേർക്കുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി

സംസാരിക്കട്ടെ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ബഹുമാനപ്പെട്ട അംഗം ടോംസ് കോളേജിലെ നിരവധി പ്രശ്നങ്ങളെക്കുറിച്ച് വാചാലമായി സംസാരിച്ചു. ടോംസ് കോളേജ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതല്ല. .... (ബഹളം)....

മി. സ്പീക്കർ: നിങ്ങൾ മന്ത്രിയെ സഹായിക്കണ്ട, മന്ത്രിക്ക് പറയാനുള്ള സമയം അനുവദിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞുകൊള്ളും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ടോംസ് എഞ്ചിനീയറിംഗ് കോളേജിൽ അങ്ങ് പറഞ്ഞ പ്രശ്നങ്ങളൊക്കെയുണ്ടെന്ന് മനസ്സിലാക്കിയിട്ടാണ് സർക്കാർ അന്വേഷണം ഏർപ്പെടുത്തിയത്. വിദ്യാർത്ഥി സമരം ആരംഭിച്ച ഉടൻതന്നെ അന്വേഷണം ഏർപ്പെടുത്തുകയും അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയതിനെത്തുടർന്ന് അഫിലിയേഷൻ പിൻവലിക്കാൻ സർവ്വകലാശാല തീരുമാനിക്കുകയും ചെയ്തു. എങ്ങനെയാണ് തെറ്റായ രീതിയിൽ ഈ കോളേജിന് അഫിലിയേഷൻ കിട്ടിയതെന്ന് അന്വേഷിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയത് ഈ സർക്കാരാണ്. ഇതിനപ്പുറം എന്താണ് വേണ്ടത്; ഏതുതരത്തിലും എന്ത് പ്രൊട്ടക്ഷൻ വേണമെങ്കിലും കൊടുക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു കോളേജ് തെറ്റായി പ്രവർത്തിക്കുന്നുവെന്ന് മനസ്സിലായ ഉടൻതന്നെ ഇനി ഒരു കോളേജിലും ഇത് ആവർത്തിക്കരുതെന്ന സന്ദേശം നൽകിക്കൊണ്ട് വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയ സർക്കാരാണിത്. ഒരു സംശയവും വേണ്ട. ഇനി അവിടെ കുട്ടികളെ പീഡിപ്പിക്കാൻ അവസരമുണ്ടാകരുതെന്ന് കരുതിയാണ് ആ കോളേജിന്റെ അഫിലിയേഷൻ പിൻവലിച്ചത്. മറ്റ് പല സ്വാശ്രയ കോളേജുകളിലും ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. മൂന്നുനാല് അനുഭവങ്ങളുണ്ടായപ്പോഴാണ് ഇത് ആവർത്തിക്കാതിരിക്കാൻ, സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കുന്നതിനായി റിപ്പോർട്ട് തയ്യാറാക്കാൻ ജസ്റ്റിസ് ദിനേശൻ കമ്മീഷനെയുൾപ്പെടെ നിശ്ചയിച്ചത്. നേരത്തെ അങ്ങ് പറഞ്ഞ എല്ലാ കോളേജുകളുടെയും കേരളത്തിലെ മുഴുവൻ സ്വാശ്രയ കോളേജുകളുടേയും പ്രശ്നം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ ഇത്തരം പ്രശ്നങ്ങളുണ്ടെന്ന് നാളെ ആരും പറയാനിടവരാത്ത സാഹചര്യമുണ്ടാക്കുമെന്ന കാര്യത്തിൽ നിശ്ചയദാർഢ്യമാണ് സർക്കാരിനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ എൻ.എസ്.യു.-വിന്റെ പ്രസിഡന്റായിരുന്ന ആളാണ്. അദ്ദേഹം ഇവിടെ അവതരിപ്പിച്ച ഈ അടിയന്തരപ്രമേയം, ഇതിനേക്കാൾ ശക്തമായി യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത്

അടിയന്തരപ്രമേയമായി കൊണ്ടുവന്ന ആളാണ് ഞാൻ. ഇന്ന് റോജി എം. ജോൺ ഉന്നയിച്ച എല്ലാ കാര്യങ്ങളും, അവിടെ നടന്ന ലൈംഗിക പീഡനമടക്കമുള്ള ടോം ജോസ് നടത്തിയിട്ടുള്ള എല്ലാ കാര്യങ്ങളും അന്ന് നിയമസഭയിൽ എണ്ണിയെണ്ണി പറഞ്ഞിട്ട് ഒരു നടപടിയും അന്നത്തെ ഗവൺമെന്റ് സ്വീകരിച്ചില്ലെന്ന മാത്രമല്ല, ആ കോളേജിന് പുതിയ കോഴ്സും അഫിലിയേഷനും അനുവദിച്ച് അവിടെ കുട്ടികളെ വ്യാജമായി പഠിപ്പിക്കുകയാണുണ്ടായത്. അത് മറന്നിട്ട് ഈ ഗവൺമെന്റിനെ തിരായി സംസാരിക്കുന്നതിൽ ആത്മാർത്ഥതവേണം. എൻ.എസ്.യു.-വിന്റെ നേതാവ് എന്നുപറയുമ്പോഴും നിങ്ങൾ ചെയ്തകാര്യങ്ങൾകൂടി പറയാൻ തയ്യാറാകണം.

<u>ശ്രീ. റോജി എം. ജോൺ</u> : സർ,...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി വഴങ്ങിയാൽ ശ്രീ. റോജി എം. ജോൺ സംസാരിക്കും. നിങ്ങൾ കുറച്ചുപേർ എല്ലാകാര്യത്തിനും എന്തിനാണ് ചാടി എഴുന്നേൽക്കുന്നത്? എനിക്ക് മനസ്സിലാകുന്നില്ല. മുൻനിരയിലിരിക്കുന്ന ആരും അങ്ങനെ ചെയ്യുന്നില്ലല്ലോ. ശ്രീ. റോജി എം. ജോൺ പറഞ്ഞുകൊള്ളും.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇപ്പോൾ അഫിലിയേഷൻ പിൻവലിച്ചിരിക്കുന്നു. വിജിലൻസ് അന്വേഷണം നടക്കുന്നു. ഇപ്പോഴും ഈ സാഹചര്യം നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ അവിടത്തെ കുട്ടികൾക്ക് പുറത്തുപോയി പഠിക്കാനുള്ള സൗകര്യമൊരുക്കാൻ സർക്കാർ തയ്യാറാണ്. മറ്റ് കോളേജുകളിൽ കുട്ടികൾ പഠിക്കുന്നു. അവിടെ സീറ്റില്ലെന്ന ഒറ്റ കാരണം കൊണ്ടുമാത്രം കുട്ടികളെ മാറ്റാൻ കഴിയുന്നില്ല. അതിന് എ.ഐ.സി.റ്റി.ഇ. അംഗീകാരം നൽകിയാൽ തീർച്ചയായും ആ കുട്ടികളെ മാറ്റും.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാന്യനായ മന്ത്രി പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. കോളേജിന്റെ അഫിലിയേഷൻ ക്യാൻസൽ ചെയ്തു എന്നത് ശരിയാണ്. നമ്മൾ ഉന്നയിച്ച കാര്യം നൂറിലധികം വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് മറ്റ് കോളേജുകളിൽ സാഹചര്യമൊരുക്കാൻ നടപടി സ്വീകരിക്കണമെന്നാണ്. കത്തയയ്ക്കുന്നതിൽനിന്നും വ്യത്യസ്തമായി ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ എ.ഐ.സി.റ്റി.ഇ.-യിൽ നേരിട്ടയച്ച് ഇതിനുവേണ്ട നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ? ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി സൂചിപ്പിച്ചത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെക്കുറിച്ചാണ്. 9 മാസമായല്ലോ നിങ്ങൾ അധികാരത്തിൽ വന്നിട്ട്, ഈ കോളേജിനെതിരെ എന്ത് നടപടിയാണ്

സ്വീകരിച്ചത്? ....(ബഹളം)....

മി. സ്പീക്കർ: മന്ത്രി സംസാരിച്ച് അവസാനിപ്പിക്കട്ടെ. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സംസാരിക്കാം. ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ശ്രീ. റോജി എം. ജോൺ ചോദിച്ചതിന് ഞാൻ മറുപടി പറയാം. ....(ബഹളം).... പറയുന്നത് കേൾക്കൂ. എ.ഐ.സി.റ്റി.ഇ.-ക്ക് കത്തെഴുതുക മാത്രമല്ല; ഞാൻ നേരത്തെ സൂചിപ്പിച്ചു. കേരളത്തിലെ ബഹുമാനപ്പെട്ട എം.പി.-മാരെ ഇക്കാര്യം ബോധിപ്പിച്ച്, അവരോട് നേരിട്ട് എ.ഐ.സി.റ്റി.ഇ.-യിൽപോയി പറയാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ രണ്ട് തവണ എ.ഐ.സി.റ്റി.ഇ. ചെയർമാനെ നേരിൽകണ്ട് ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്; കത്തയയ്ക്കുക മാത്രമല്ല ചെയ്തത്. അതിന്റെ വെളിച്ചത്തിലാണ് എ.ഐ.സി.റ്റി.ഇ.-യുടെ ടീം മിനിഞ്ഞാന്ന് ഇവിടെ വന്നത്. എ.ഐ.സി.റ്റി.ഇ. എന്ത് റിപ്പോർട്ട് കൊടുത്തു എന്ന് എനിക്കറിയില്ല. ആ റിപ്പോർട്ട് എ.ഐ.സി.റ്റി.ഇ. ചർച്ച ചെയ്യും. ആ അർത്ഥത്തിലെടുക്കൂ. ഇത് രാഷ്ട്രീയ പ്രശ്നമല്ല, നമ്മുടെയെല്ലാം പ്രശ്നമാണ്. എ.ഐ.സി.റ്റി.ഇ.-യിൽനിന്ന് തീരുമാനമുണ്ടായാൽ അപ്പോൾ കുട്ടികളെ മാറ്റാം, ആരും അതിന് എതിരല്ല. കുട്ടികളെ പൂർണ്ണമായും മാറ്റാം. ഇനിയും ഏതെങ്കിലും കുട്ടികൾക്ക് അവിടെനിന്ന് മാറണമെന്നുണ്ടെങ്കിൽ സീറ്റുണ്ടെങ്കിൽ മാറ്റാൻ തയ്യാറാണ്. ഒരു പ്രശ്നവുമില്ല. പൂർണ്ണമായും കുട്ടികൾക്കൊപ്പം അവരുടെ പഠനത്തിനുവേണ്ടി ഈ സർക്കാർ നിലകൊള്ളുന്നു എന്നതിനാൽ ഈ അടിയന്തരപ്രമേയം ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

മി. സ്പീക്കർ : പ്ലീസ്.... പ്ലീസ്.... ശ്രീ. റ്റി വി. രാജേഷ്.... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. അങ്ങ് സംസാരിക്കൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല. വിവാദപരമായ പ്രശ്നങ്ങളൊന്നും ഇതിനകത്തില്ല. സെക്രട്ടേറിയറ്റ് പടിക്കൽ കഴിഞ്ഞ ഒരാഴ്ചയായി സത്യാഗ്രഹം അനുഷ്ഠിക്കുന്ന കുട്ടികളുടെ പ്രശ്നമാണ് ശ്രീ. റോജി എം. ജോൺ ഗൗരവപൂർവ്വം ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നന്നായി മറുപടി പറഞ്ഞു. ഏതായാലും ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ സഹായംകൊണ്ട് ഇത്രയും കാര്യങ്ങൾ ഇവിടെ ഗംഭീരമായെന്ന്

മാത്രമേയുള്ളൂ. അങ്ങയുടെ സഹായം വേണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി നന്നായി മറുപടി പറയുകയായിരുന്നു. ഏതായാലും ഇങ്ങനെ സഹായിക്കാൻ സഹമന്ത്രിമാരുണ്ടാകുന്നത് നല്ലതാണ്.

ഇവിടെയുണ്ടായിരിക്കുന്നത് നൂറോളം വിദ്യാർത്ഥികളുടെ പ്രശ്നമാണ്. ഒരാഴ്ചയായി വിദ്യാർത്ഥികൾ സമരത്തിലാണ്. ടോംസ് കോളേജിനെപ്പറ്റി അദ്ദേഹം ഇവിടെ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെ ഗൗരവപൂർവ്വം ഗവൺമെന്റ് കാണേണ്ടതുണ്ട്. അവിടെ നടക്കുന്ന വിദ്യാർത്ഥി വിരുദ്ധവും പി.ടി.എ. ഇല്ലാത്തതുമായ പ്രവർത്തനങ്ങൾ, യാതൊരു നിയന്ത്രണവുമില്ലാത്ത കാര്യങ്ങൾ ഇതെല്ലാം ഗൗരവപൂർവ്വം പരിശോധിച്ചുകൊണ്ട് അതിന് ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ എത്തിനിൽക്കുന്നത്. അക്കാര്യത്തിൽ ആർക്കും സംശയമില്ല. കാരണം ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുമ്പോൾ സ്വീകരിക്കേണ്ട ചില മാനദണ്ഡങ്ങളും മര്യാദകളും സാമൂഹ്യനീതിയുമൊക്കെയുണ്ട്. അതെല്ലാം ഇല്ലാതാക്കിക്കൊണ്ട് നടക്കുന്ന പ്രവർത്തനങ്ങളെ അമർച്ച ചെയ്യാൻ വിദ്യാഭ്യാസ വകുപ്പും ഗവൺമെന്റും ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന നിലയിലേയ്ക്കാണ് ഈ സംഭവങ്ങളെല്ലാം വിരൽചൂണ്ടുന്നത്. പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാനുള്ള സംവിധാനംപോലും ഈ കോളേജിലില്ല. കോളേജിന്റെ അഫിലിയേഷൻ എ.ഐ.സി.റ്റി.ഇ. റദ്ദാക്കുന്നു. മതിയായ സുരക്ഷാ സംവിധാനങ്ങളോ ലാബുകളോ യോഗ്യരായ അദ്ധ്യാപകരോ സൗകര്യമുള്ള ഹോസ്റ്റലോ ഇല്ലെന്ന് എ.ഐ.സി.റ്റി.ഇ.-യുടെ പരിശോധനയിൽ കണ്ടു എന്നാണ് വാർത്തകൾ. കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കിയതിനെത്തുടർന്ന് കോളേജിലെ വിദ്യാർത്ഥികളെ വേറെ കോളേജിലേയ്ക്ക് മാറ്റിയെങ്കിലും കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ കുരുക്കിലാണ്. യഥാർത്ഥ പ്രശ്നമെന്താണ്? കെമിക്കൽ എഞ്ചിനീയറിംഗിന് പഠിക്കുന്ന കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമില്ല. ഒന്നുകിൽ ഇപ്പോഴത്തെ നിയമങ്ങളിൽ അയവുവരുത്തി പ്രത്യേക കേസ്സായി പരിഗണിച്ചുകൊണ്ട് ഈ കുട്ടികളെ ഗവൺമെന്റ് കോളേജിൽ പ്രവേശിപ്പിച്ച് തുടർന്ന് പഠിക്കാനുള്ള അവസരമുണ്ടാക്കണം. അല്ലെങ്കിൽ അമൽ ജ്യോതി കോളേജിൽ പ്രത്യേകം ബാച്ച് അനുവദിച്ച് ഈ കുട്ടികളെ പഠിപ്പിക്കണം. ഈ വിദ്യാർത്ഥികൾക്ക് മറ്റ് കോളേജുകളിൽ അഡ്മിഷൻ ലഭിച്ചില്ല. സംസ്ഥാനത്തെ 5 കോളേജുകളിൽ മാത്രമേ കെമിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളുള്ളൂ. അതിൽ രണ്ടെണ്ണം സർക്കാർ കോളേജും രണ്ട് സ്വാശ്രയ കോളേജുകളുമാണ്. സർക്കാർ കോളേജുകളിൽ മെരിറ്റ് അടിസ്ഥാനത്തിലാണ് സിറ്റ് നൽകുന്നത് എന്നതുകൊണ്ട്

അവിടെ പ്രവേശനം നൽകാൻ കഴിയില്ലെന്നാണ് ഗവൺമെന്റ് പറയുന്നത്. സ്വാശ്രയ കോളേജുകളിൽ വളാഞ്ചേരി, അമൽ ജ്യോതി എന്നിവിടങ്ങളിലാണ് കെമിക്കൽ എഞ്ചിനീയറിംഗ് പഠിപ്പിക്കുന്നത്. അതിൽ വളാഞ്ചേരിയിൽ വേണ്ടത്ര സൗകര്യങ്ങളില്ല. അമൽ ജ്യോതിയിൽ നൂറ് കുട്ടികളെ ഒന്നിച്ച് അക്കൊമഡേറ്റ് ചെയ്യാനും കഴിയില്ല. അതേസമയം ഈ നൂറ് കുട്ടികളുടെ ഭാവി അപകടത്തിലാകരുത്. പ്രശ്നം വളരെ ലളിതമാണ്. നൂറ് കെമിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുണ്ടായിരിക്കുന്ന അനിശ്ചിതത്വം, അവരുടെ ഭാവിയെ സംബന്ധിച്ച ആശങ്ക പരിഹരിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, എ.ഐ.സി.റ്റി.ഇ.-ക്ക് എഴുതിയിട്ടുണ്ട്, അവരുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി സംസാരിച്ച് എത്രയുംപെട്ടെന്ന് പരിഹാരമുണ്ടാക്കി ഈ നൂറ് വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് മാത്രമാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അത് ഗൗരവപൂർവ്വമെടുക്കാമെന്ന് പറഞ്ഞ സാഹചര്യത്തിൽ ഞങ്ങൾ വാക്കൗട്ട് നടത്തുന്നില്ല. ഗവൺമെന്റ് ഇത് ഗൗരവമായി പരിശോധിക്കണമെന്ന് മാത്രമാണ് പറയാനുള്ളത്.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഈ വിഷയത്തെ സംബന്ധിച്ച് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട്. വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കാര്യങ്ങളൊക്കെ രണ്ട് ഭാഗത്തുനിന്നും പറഞ്ഞുകഴിഞ്ഞു. വളരെ ഗുരുതരമായ കാര്യങ്ങളാണ്. സർക്കാർ ഇപ്പോൾ അഫിലിയേഷൻ റദ്ദാക്കിയത് നല്ല കാര്യമാണ്. പക്ഷെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഒരു വിദ്യാർത്ഥി സംഘടനയൊഴിച്ച് മറ്റ് വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും സെക്രട്ടേറിയറ്റിനുമുൻപിൽ 7 ദിവസമായി സമരം നടത്തുകയാണ്. കുട്ടികൾക്ക് അവിടെ പഠിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടോംസ് കോളേജിൽ പോകുന്ന പ്രശ്നമില്ലെന്ന് എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞിരിക്കുന്നു. അത് നീതീകരിക്കാവുന്ന ഒരു നിലപാടാണ്. രണ്ട് ഓപ്ഷനാണുള്ളത്, ഗവൺമെന്റ് കോളേജിൽ എക്സംപ്ഷൻ നൽകി, സ്പെഷ്യൽ കേസ്സായി പരിഗണിച്ച് താൽക്കാലികമായി ഈ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള അനുമതി നൽകണം. അവിടത്തെ അഡ്മിഷൻ മെരിറ്റടിസ്ഥാനത്തിൽ മാത്രമാണെന്ന് പറയുന്നത് ടെക്നിക്കലായ വാദം മാത്രമാണ്. പക്ഷെ അതിന് എക്സംപ്ഷൻ നൽകാൻ സാധിക്കും. ഇതൊരു അസാധാരണ സാഹചര്യമാണ്. അടുത്തവർഷംമുതൽ അമൽ ജ്യോതി കോളേജിലോ മറ്റ് കോളേജിലോ ഈ കോഴ്സ് തുടങ്ങാൻ ശ്രമിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഒരു സ്പെഷ്യൽ എഫർട്ട്

ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയുമായി ബന്ധപ്പെട്ട് അർജന്റായി സ്വീകരിക്കുകയാണെങ്കിൽ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. എ.ഐ.സി.റ്റി.ഇ.-യുടെ ടീം പരിശോധനയ്ക്കുവന്നുവെന്ന് പറയുകയുണ്ടായി. ഇതുപോലെ നൂറ് കണക്കിന് കോളേജുകളിൽ പരിശോധനയ്ക്ക് പോകുന്ന സാഹചര്യം നമുക്കറിയാം. ആറേഴ് മാസമായി കുട്ടികളുടെ പഠിപ്പ് മുടക്കിനിൽക്കുന്ന സാഹചര്യത്തിൽ അവരുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഗണിച്ചുകൊണ്ട് സ്പെഷ്യൽ എഫർട്ട് വഴി ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുമായി നേരിട്ട് ബന്ധപ്പെട്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനേയും അദ്ദേഹത്തിന്റെ സ്ഥാനത്തേയും അങ്ങേയറ്റം ബഹുമാനിക്കുന്ന ആളാണ് ഞാൻ. കൃഷി വകുപ്പുമന്ത്രി ഇതിൽ ഇടപെട്ട് കുളമാക്കിയെന്ന് അദ്ദേഹം പറഞ്ഞതുകൊണ്ടുമാത്രം ഞാൻ ഇടപെടുകയാണ്. ഞാൻ ഈ നിയമസഭയിൽ രണ്ട് തവണ സബ്മിഷനും ഒരു തവണ അടിയന്തരപ്രമേയവും കൊണ്ടുവന്ന ആ പ്രമേയത്തിലെ കാര്യം, ശ്രീ. റോജി എം. ജോൺ ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽനിർത്തി രാഷ്ട്രീയമായി സംസാരിച്ചപ്പോഴാണ് ഉത്തരവാദപ്പെട്ട മന്ത്രിസഭയിലെ അംഗമെന്ന നിലയിൽ അന്നുണ്ടായ അനുഭവം ഇവിടെ വെളിപ്പെടുത്താൻ തയ്യാറായത്. അന്ന് ഈ വിഷയങ്ങളുണ്ടായിട്ടും അന്നത്തെ ഗവൺമെന്റ് അവർക്കെതിരെ നടപടി സ്വീകരിക്കുകയോ അഫിലിയേഷൻ റദ്ദാക്കുകയോ ചെയ്യുന്നതിനുപകരം അവർക്ക് പുതിയ കോഴ്സ് അനുവദിച്ച് പ്രതിസന്ധിയുണ്ടാക്കിയെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇത് എങ്ങനെയാണ് ഇടപെട്ട് കുളമാക്കലാകുന്നത്? അതുകൊണ്ട് ഇത് ശരിയായ നടപടിയല്ല. മന്ത്രിസഭയിലെ ഒരംഗമെന്ന നിലയിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാനുള്ള ബാദ്ധ്യത മാത്രമാണ് ഞാൻ നിർവ്വഹിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിഷമിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇതുവരെ പോസിറ്റീവായി, കുട്ടികൾക്കുവേണ്ടിതന്നെയാണ് നിലകൊണ്ടിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. ഒ. രാജഗോപാലും അഭ്യർത്ഥിച്ചതനുസരിച്ച് കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി നേരിട്ട് ചർച്ച ചെയ്യുകയും ഈ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## IV ശ്രദ്ധ ക്ഷണിക്കൽ

## (1) പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ പാലങ്ങളുടെ പൊതുസ്ഥിതി വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ ദിവസം കൊട്ടാരക്കര മെമ്പർ ശ്രീമതി പി. അയിഷാ പോറ്റി ഏനാത്ത് പാലത്തിന്റെ വിഷയം ഇവിടെ സബ്മിഷനായി അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞത്, കേരളത്തിൽ ഏതാണ്ട് മുന്നൂറോളം പാലങ്ങൾ അപകടത്തിലാണെന്നാണ്. വളരെ ഗൗരവത്തോടുകൂടിയാണ് പൊതുസമൂഹം ഈ പ്രശ്നത്തെ കണ്ടത്. 2-3-2017-ൽ നിയമസഭയിൽ അവതരിപ്പിച്ച നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ പറഞ്ഞത്, ഇതുസംബന്ധിച്ച് പരിശോധിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അതോടൊപ്പം കേരളത്തിലെ ദേശീയപാതയിലെ എല്ലാ പാലങ്ങളുടെയും ഇൻവെന്ററി സർവ്വേയും പ്രീ മൺസൂൺ ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വേയും നടത്താൻ മെസേഴ്സ് എസ്.എൻ. ബോബ് ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡുമായി കേന്ദ്രസർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്നുമാണ്. ദേശീയപാതയിൽ വരുന്ന പാലങ്ങളെ സംബന്ധിച്ച് മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഏജൻസി അന്വേഷണം നടത്തുമെന്ന് പറഞ്ഞിട്ടുള്ളത്. എന്നാൽ സംസ്ഥാന പാതയിലോ ജില്ലാ പാതയിലോ വരുന്ന അപകടത്തിലായ പാലങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കില്ല, അതിനുപകരം പി.ഡബ്ല്യു.ഡി. ക്വാളിറ്റി കൺട്രോൾ വിഭാഗം ഇതുസംബന്ധിച്ച് പരിശോധന നടത്തുമെന്ന മറുപടിയാണ് അങ്ങ് ഇവിടെ നൽകിയിരിക്കുന്നത്. ഏനാത്ത് പാലത്തിന്റെ പ്രശ്നം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഏനാത്ത് പാലത്തിന്റെ തൂണ് കുഴിച്ചിടുന്നതിന് മണ്ണ് മാന്തിയപ്പോൾ അവിടെ ഒരു തടി കണ്ടു. ആ തടിയുടെ പുറത്താണ് ഒരു തൂണ് പണിതത് എന്നാണ് പണിക്ക് മേൽനോട്ടം വഹിച്ച ഓവർസീയർ മാധ്യമങ്ങളോട് പറഞ്ഞത്. ഇക്കാര്യം ശരിയാണെങ്കിൽ എത്രയോ ഗുരുതരമായ പ്രശ്നമാണ് ഇത്. ഏനാത്ത് പാലം എം.സി. റോഡിലെ പാലമാണ്. ആ പാലം ഇടിഞ്ഞുവീണാലുണ്ടാകുന്ന ഭവിഷ്യത്ത് വളരെ വലുതാണ്. കടലുണ്ടി പാലം തകർന്നപ്പോൾ 57 പേരാണ് മരണപ്പെട്ടത്. മുന്നൂറിലധികംപേർക്ക് പരിക്കുപറ്റി. ഇതിന് സമാനമായ സംഭവങ്ങൾ നമ്മുടെ നാട്ടിലും രാജ്യത്തും ലോകത്തുമൊക്കെയുണ്ട്. ഇതെല്ലാം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് പാലങ്ങളുടെ തൂണുകളാണ് അപകടത്തിൽപ്പെടുന്നത് എന്നാണ്. ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കണമെന്നാണ് പ്രധാനമായും ചിന്തിക്കേണ്ടത്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി പാലത്തിന് ഏതാണ്ട് 43 വർഷം പഴക്കമുണ്ട്. ആ പാലം അപകടത്തിലാണെന്ന് സ്ഥലം എം.എൽ.എ. ശ്രീ. റ്റി. വി.

രാജേഷ് അറിയിച്ചപ്പോൾ അവിടെവച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഉടനെ നടപടി സ്വീകരിക്കുമെന്നാണ്. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ആ പാലത്തിന് തുക വകകൊള്ളിച്ചതിനെ സ്വാഗതം ചെയ്യുന്നു. ഇത്രയും പെട്ടെന്ന് നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മന്ത്രിസഭയുമെല്ലാം കാണിക്കുന്ന താൽപ്പര്യം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. പമ്പയാറിന് കുറുകെയുള്ള പേരുച്ചാൽ പാലത്തിന്റെ പണി നടക്കുന്നതേയുള്ളൂ. ഈ കൊടുംവരൾച്ചയിൽ വെള്ളം താഴ്ന്നപ്പോൾ അവിടെ കണ്ടത്, പണിതീരാത്ത പാലത്തിന്റെ രണ്ട് തൂണുകൾ പാലം ഉദ്ഘാടനം ചെയ്ത ദിവസംതന്നെ ഇടിഞ്ഞുവീണതാണ്. വളരെ ഗുരുതരമായ സാങ്കേതികപ്പിഴവാണത്. ഡോ. പി. കെ. അരവിന്ദൻ അവിടെ വന്ന് പരിശോധിച്ചു. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് അതിന് ഏർപ്പാട് ചെയ്തത്. ആ തൂണിന് കമ്പി ഇട്ടിരിക്കുന്നത് 90 സെ. മീ. അകലത്തിലാണെന്നാണ് പരിശോധിച്ചപ്പോൾ കണ്ടത്. സാധാരണ രീതിയിൽ ഇടേണ്ടത് 30 സെ. മീ. അകലത്തിലാണ്. എത്ര ഗുരുതരമായ പിഴവാണിത്. പമ്പയാറിന് കുറുകെയുള്ള പ്രധാന പാലത്തിന്റെ മെറ്റൽ ഞങ്ങൾ പിടിച്ചപ്പോൾത്തന്നെ അടർന്നുവന്നു. ആ പാലം ഉദ്ഘാടനം ചെയ്യാൻ കഴിയില്ല. ഇതുപോലുള്ള മുന്നൂറിലധികം പാലങ്ങൾ അതീവ ഗുരുതരാവസ്ഥയിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 300 ആയിരിക്കില്ല, അതിലുംകൂടുതലുണ്ടാകും. നമ്മുടെ നാട്ടിൽ ഇത് സംബന്ധിച്ച് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള എഞ്ചിനീയർമാരാണുള്ളത്. പക്ഷേ, പല ഘട്ടങ്ങളിലും നിർമ്മാണ കാര്യങ്ങളിൽ ഗുരുതരമായ അഴിമതിയുണ്ടാകുന്നു. വളരെ ഗുരുതരമായ പ്രശ്നമാണ്. അത്തരം അഴിമതികൾ കണ്ടെത്താനും ശിക്ഷ നൽകാനുമുള്ള സംവിധാനങ്ങളൊക്കെയുണ്ടെങ്കിലും അത് സംബന്ധിച്ച് സീരിയസ്സായ പരിശോധനകൾ നടക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. നിർമ്മാണഘട്ടത്തിലാണ് റാന്നിപ്പാലം തകർന്നത്. റാന്നിപ്പാലം തകർന്നതിന് കാരണം മണൽവാരലല്ലെന്നും തോട്ടയിടീൽ കൊണ്ടാണെന്നുമാണ് പരിശോധനയിൽ മനസ്സിലായത്. എല്ലാ പാലങ്ങളും മണൽവാരൽ കൊണ്ടല്ല തകരുന്നത്. നിർമ്മാണത്തിലെ അപാകതയും തോട്ടയിടീൽ പോലുള്ള പ്രശ്നങ്ങളും കാലാവസ്ഥയും ഇതിന് കാരണമാകുന്നുണ്ട്. ഈ പ്രശ്നങ്ങളെയൊക്കെ അതിജീവിക്കാൻ കഴിയുന്ന രൂപത്തിലായിരിക്കണം നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത്. 150 വർഷം പഴക്കമുള്ള പാലങ്ങൾ ഇവിടെയുണ്ട്. മുല്ലപ്പെരിയാർ ഡാമിന് ആക്ഷേപങ്ങളുണ്ടെങ്കിലും ഇത്രയും കാലമായിട്ടും അത് നിലനിൽക്കുന്നില്ലേ? അങ്ങനെയുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് നമ്മുടെ നാട്ടിൽ വേണ്ടത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കാണിക്കുന്ന താൽപ്പര്യം സ്വാഗതാർഹമാണ്. ഇതിനുമുമ്പും പ്രശ്നങ്ങളുണ്ടായിരുന്നല്ലോ, എന്തുകൊണ്ട് അന്ന് ഏറ്റെടുത്തില്ല? ഇന്ന് ഇത് ഏറ്റെടുക്കാൻ തയ്യാറായിരിക്കുന്നു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെ സംബന്ധിച്ചുള്ള പരിശോധന സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമോ എന്നാണറിയേണ്ടത്.

അന്വേഷണം നീണ്ടുപോയാൽ അപകടത്തിലാകുന്ന പ്രശ്നങ്ങളുണ്ട്. കോസ്റ്റ് വർദ്ധിക്കുകയാണ്. ഇന്നലെത്തന്നെ സഭയിൽ പറയുകയുണ്ടായി, 7 കോടി രൂപയ്ക്ക് തീരേണ്ട പാലത്തിന് 16 കോടി രൂപയായി എന്ന്. അതിനാൽ കോടികളുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകുന്നു. വളരെ ഗൗരവമായ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സമയബന്ധിതമായി നടപടിയുണ്ടാകണം. അതിൽ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്നത്? അതിന് ആവശ്യമായ ഫണ്ട് ഉണ്ടാകണം, കാര്യക്ഷമമായ ഡിസൈനിംഗ് ഉണ്ടാകണം. ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നാണ് അറിയേണ്ടത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അസാധാരണമായ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയമാണ്. അതിന് കാരണമായത് ഏനാത്ത് പാലം അപകടാവസ്ഥയിലായ സംഭവവും തുടർന്നുള്ള അന്വേഷണങ്ങളുമാണ്. ഏനാത്ത് പാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ പാലങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളും കാലപ്പഴക്കവും അപകടസ്ഥിതിയും പരിശോധിച്ച് നിജസ്ഥിതി റിപ്പോർട്ട് ചെയ്യാൻ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകി. ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്നപ്രകാരം പാലങ്ങളുടെ അടിത്തറ, പില്ലറുകൾ, അബട്ട്മെന്റുകൾ, ടെക്സ്റ്റ് സ്ലാബുകൾ, എക്സ്പാൻഷൻ ജോയിന്റുകൾ, ബിയറിംഗുകൾ, കൈവരികൾ, പാലത്തിന്റെ കാലപ്പഴക്കം, പുഴയുടെ അടിത്തട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്നിവ വിശദമായി പരിശോധിക്കുന്നതിനും അവ രേഖപ്പെടുത്തുന്നതിനും എഞ്ചിനീയർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകാനും ശ്രമിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള മൂവായിരത്തോളം പാലങ്ങളിൽ ചെറിയ കലുങ്കുകൾ ഒഴികെയുള്ള 2209 പാലങ്ങളിൽ 1931 എണ്ണത്തിന്റെ പരിശോധന ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 642 പാലങ്ങൾക്ക് യാതൊരു കുഴപ്പവും ഇല്ലെന്നും 975 പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപ്പണികൾ ആവശ്യമാണെന്നും കണ്ടു. 314 പാലങ്ങൾക്ക് വിശദമായ സാങ്കേതിക പരിശോധന ആവശ്യമാണെന്നും അവ പുനർനിർമ്മിക്കേണ്ട സ്ഥിതിയുണ്ടെന്നും കണ്ടെത്തുകയുണ്ടായി. ഇതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളെല്ലാം ലഭിച്ചിട്ടുണ്ട്. വിശദമായ ഇൻവെസ്റ്റിഗേഷനിൽ തിരുവനന്തപുരം ജില്ലയിൽ - 30, കൊല്ലം-25, പത്തനംതിട്ട-36, ആലപ്പുഴ- 44, കോട്ടയം-36, ഇടുക്കി-9, എറണാകുളം-22, തൃശ്ശൂർ -5, പാലക്കാട്-2, മലപ്പുറം-30, കോഴിക്കോട്-42, വയനാട്-9, കണ്ണൂർ-22, കാസർകോഡ്-2 അടക്കം 314 പാലങ്ങൾ അടിയന്തരമായി പുനർനിർമ്മാണത്തിന് വിധേയമാക്കേണ്ടതാണെന്നാണ് കണ്ടത്.

11.00 AM]

കാലപ്പഴക്കം, ഭാരക്കൂടുതൽ വഹിക്കുന്ന വാഹനങ്ങളുടെ പെരുപ്പം, പ്രവൃത്തിയിലെ അപാകതകൾ, ഗുണമേന്മക്കുറവ്, ഡിസൈൻ തകരാറുകൾ, അറ്റകുറ്റപ്പണികളുടെ

അപര്യാപ്തത, പുഴയിലെ മണൽവാരൽ, വെള്ളപ്പൊക്കം, വെള്ളത്തിലെ ലവണങ്ങൾ, ഭൂമികുലുക്കം തുടങ്ങിയ നിരവധി കാരണങ്ങളാൽ പാലങ്ങൾക്ക് ബലക്ഷയം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏനാത്ത് പാലത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പാലങ്ങളുടെ സുരക്ഷ സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തുന്നതാണെന്നും അപകടകരമായിട്ടുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ പണം ലഭ്യമാക്കുമെന്നും 2017 മാർച്ച് 3-ന് നിയമസഭയിൽ അവതരിപ്പിച്ച 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പാര 149-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. അടുത്ത ബഡ്ജറ്റിൽ നിരത്തുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും പ്രത്യേക തുക വകയിരുത്തണമെന്ന് ധനകാര്യ വകുപ്പിനോട് പൊതുമരാമത്ത് വകുപ്പ് അഭ്യർത്ഥിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയിൽ നിർണ്ണായകമായ പങ്കുവഹിക്കുകയാണ് പാലങ്ങളെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. അവ സംരക്ഷിച്ച് നിർത്തേണ്ടത് നാടിന്റെ മൊത്തത്തിലുള്ള ആവശ്യമാണ്. ഈ സാഹചര്യം മുൻനിർത്തി പൊതുമരാമത്ത് വകുപ്പിൽ പാലങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിന് ഒരു ചീഫ് എഞ്ചിനീയർ തസ്തിക ആവശ്യമാണ്. ആ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അത് കിട്ടുന്നതുവരെ സംസ്ഥാനത്തെ പാലങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി ഒരു ചീഫ് എഞ്ചിനീയർക്ക് ഇപ്പോൾ താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്. കൂടുതൽ വിദഗ്ദ്ധ പരിശോധന ആവശ്യമുള്ള പാലങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി ഡോ. പി. കെ. അരവിന്ദൻ ടീം ലീഡറായി സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി ഉടൻ രൂപീകരിക്കുന്നതാണ്. വെൽ ഫൗണ്ടേഷനുള്ള പാലങ്ങളാണ് ഇപ്പോൾ കുഴപ്പത്തിലായിരിക്കുന്നത്. പാലങ്ങളുടെ അടിത്തറ ഉറപ്പാക്കുന്നതിന് ഇനിമുതൽ വെൽ ഫൗണ്ടേഷനുള്ളവ ഒഴിവാക്കി പൈൽ ഫൗണ്ടേഷൻ തന്നെ നൽകണമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. ഇക്കാര്യം വിശദമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. വിശദമായ പരിശോധനകൾ അടിയന്തരമായി നടത്തി റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ സംസ്ഥാനത്തെ പാലങ്ങളെക്കുറിച്ച് വാർഷിക പരിശോധന നടത്തിയിട്ടില്ല. ഏനാത്ത് പാലത്തിന്റെ അനുഭവത്തിലാണ് ആദ്യമായി മൊത്തം പാലങ്ങളും പരിശോധിക്കുന്ന ഒരു രീതിയുണ്ടായത്. തുടർന്ന് ഇത് നല്ല നിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. റോഡുകളുടെ കാലാവധി കഴിഞ്ഞാൽ പുനർനിർമ്മാണം നടത്തേണ്ടതുണ്ട്. പാലങ്ങൾ

തകരുന്നതിന് പ്രധാനപ്പെട്ട ഒരു കാരണമാണ് മണൽ മാഫിയ. ആ സമയത്ത് അവരെ പിടികൂടി ശിക്ഷിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിലും നാളിതുവരെ അതൊന്നും വേണ്ടത്ര ഫലപ്രദമായിട്ടില്ല. തുടർന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചുകൂട്ടണമെന്ന് മരാമത്ത് വകുപ്പ് ആഗ്രഹിക്കുന്നു. പാലങ്ങൾക്ക് മാത്രമായി ഒരു ചീഫ് എഞ്ചിനീയറെ നിയമിക്കുന്ന കാര്യം ഞാൻ പറയുകയുണ്ടായി. അഴിമതിയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അത് വളരെ ശരിയാണ്. ഇത് ദീർഘകാലമായി തുടർന്നുവരുന്ന കാര്യമാണ്. ഒരു പാലം നിർമ്മിക്കുമ്പോൾ അതിന്റെ ഡിസൈൻ മുതൽ എല്ലാ ഘട്ടങ്ങളിലെയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ/സൂപ്പർവിഷൻ നടത്താൻ എഞ്ചിനീയർമാരോ മറ്റാരെങ്കിലുമോ തയ്യാറാകാതിരിക്കുകയോ, കോൺട്രാക്ടർ തെറ്റായ തരത്തിൽ പാലം നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ കയ്യിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നകാര്യം നിയമഭേദഗതിയിലൂടെ നടപ്പാക്കുന്നതിനെക്കുറിച്ച് പരിഗണിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. റാന്നി പാലം, ആറ്റിങ്ങലിന് വടക്കുള്ള ഒരു പാലം, കടലുണ്ടി പാലം എന്നിവയൊക്കെ ഇടിഞ്ഞുവീണ് ചിലയിടത്ത് ആളുകൾ മരിച്ചിട്ടുണ്ട്. അവരെ നമുക്ക് തിരിച്ച് കൊണ്ടുവരാൻ കഴിയില്ലെങ്കിലും പാലങ്ങൾ പിന്നീട് നിർമ്മിച്ചിട്ടുണ്ട്. മറ്റ് ചില പാലങ്ങളും ഇപ്പോൾ കുഴപ്പത്തിലായതായി പറയുകയുണ്ടായി. ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും പ്രയാസങ്ങളുണ്ട്. തുരുമ്പിച്ച ഒരു ഭരണസംവിധാനത്തെയാണ് ശ്രീ. പിണറായി വിജയൻ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. അതെല്ലാം മാറ്റി സജീവമാക്കുന്നതിനാണ് സെക്രട്ടേറിയറ്റിൽ അടക്കം ന്യായമായ ചില മാറ്റങ്ങൾ വേണമെന്ന് പറയുന്നത്. ഒരുപാട് മാറ്റങ്ങൾ ആവശ്യമാണ്. ചട്ടങ്ങളും നടപടിക്രമങ്ങളും കാലാനുസൃതമായി മാറിയില്ലെങ്കിൽ 'മാറ്റുവിൻ ചട്ടങ്ങളെ സ്വയം, അല്ലെങ്കിൽ മാറ്റുമതു നിങ്ങളെ താൻ' എന്ന് നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ രാജു എബ്രഹാം അവതരിപ്പിച്ച ഈ ശ്രദ്ധ ക്ഷണിക്കൽ കേരളത്തിന്റെ കണ്ണുതുറപ്പിക്കേണ്ട വിഷയമാണ്. ഗവൺമെന്റ് അക്കാര്യത്തിൽ സാധ്യമായത്ര വേഗത്തിൽ എല്ലാ നടപടികളും ചെയ്തുവരികയാണ്.

ശ്രീ. രാജു എബ്രഹാം: സർ, നിർമ്മാണത്തിലെ അപാകതമൂലം ഇത്തരം പാലങ്ങൾ തകരുകയാണെങ്കിൽ ഇതിന്റെ കോൺട്രാക്ടർ, ചാർജ്ജുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ കയ്യിൽനിന്നും നഷ്ടപരിഹാരം ഈടാക്കാനുള്ള നിയമ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുകയാണ്.

അതൊരു പുതിയ അദ്ധ്യായമാണ്. അതോടൊപ്പം മികച്ച പ്രവർത്തനം നടത്തുന്ന എഞ്ചിനീയർമാരെയും കോൺട്രാക്ടർമാരെയും ആദരിക്കുകയും ചെയ്യണം. 30-50 വർഷങ്ങൾ കഴിയുന്നതിനുമുമ്പ് നമ്മുടെ കെട്ടിടങ്ങൾ തകരുകയാണ്. എന്നാൽ ബ്രിട്ടീഷുകാരുടെ കാലത്തെ 500 വർഷം പഴക്കമുള്ള കെട്ടിടങ്ങൾ തകരുന്നില്ല, അതിന് ഒരു പോറൽപോലും ഏൽക്കുന്നില്ല. തകരുന്ന പാലങ്ങൾ പുനർനിർമ്മിക്കാൻ സമയബന്ധിതമായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. സുധാകരൻ: സർ, ഗുരുതരമായ തകരാറുള്ള പാലങ്ങൾ ഏതാണ്ട് ബഹുഭൂരിപക്ഷവും കണ്ടെത്തിക്കഴിഞ്ഞു. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽനിന്നാണ് റിപ്പോർട്ട് കിട്ടാനുള്ളത്. ബാക്കിയുള്ള എല്ലാ ജില്ലകളിൽനിന്നും പൂർണ്ണമായും റിപ്പോർട്ടുകൾ കിട്ടി. ആയതിനാൽ അവിടത്തെ സൂപ്രണ്ടിംഗ് എഞ്ചിനീയറോടും എക്സിക്യൂട്ടീവ് എഞ്ചിനീയറോടും ഗവൺമെന്റ് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ഉടൻതന്നെ അത് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അതെല്ലാം പരിശോധിച്ച് അടിയന്തരമായി പുനർനിർമ്മാണം നടത്തേണ്ട പാലങ്ങളെപ്പറ്റിയുള്ള റിപ്പോർട്ട് തയ്യാറാക്കാനാണ് ഡോ. പി. കെ. അരവിന്ദൻ ചെയർമാനായിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുന്നത്. കൂടാതെ, പാലങ്ങളുടെ ഡിവിഷനിൽ ഒരു ചീഫ് എഞ്ചിനീയറെ കിട്ടുന്ന മുറയ്ക്ക് ധനകാര്യ വകുപ്പും ക്യാബിനറ്റുമായി ആലോചിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുന്നതാണ്. ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകില്ല.

## (2) വന്യജീവി ആക്രമണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വയനാട് ജില്ലയിലും സംസ്ഥാനത്തിന്റെ മറ്റ് പല ഭാഗങ്ങളിലും വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലുമെല്ലാം വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചുവരികയാണ്. ഇവ ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങി കൃഷി നശിപ്പിക്കുകയും കർഷകരുടെ ജീവന് ഭീഷണിയാവുകയുമാണ്. വയനാട് ജില്ലയെ സംബന്ധിച്ച് മൂന്ന് നിയോജകമണ്ഡലങ്ങളും 22 ഗ്രാമ പഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളുമാണുള്ളത്. മാത്രമല്ല, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ അതിർത്തി പങ്കിടുന്നൊരു നിയോജകമണ്ഡലംകൂടിയാണിത്. മാനന്തവാടിയിൽ 224 സ്ക്വയർ കിലോമീറ്ററും സുൽത്താൻ ബത്തേരിയിലെ സാങ്ചറി മേഖലയിൽ 344.44 സ്ക്വയർ കിലോമീറ്ററും കൽപ്പറ്റയിൽ 290 സ്ക്വയർ കിലോ മീറ്ററും അടക്കം മൊത്തം 858.44 സ്ക്വയർ കിലോമീറ്റർ വനഭൂമിയാണുള്ളത്. ഇതിൽ 380 സ്ക്വയർ കിലോമീറ്ററും മറ്റ് സംസ്ഥാനങ്ങൾ അതിർത്തി പങ്കിടുന്ന വനഭൂമികളാണ്. ഇന്ന് വയനാട് ജില്ല കടുത്ത വരൾച്ച അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്.

വനം വരണ്ടുണങ്ങി അതിന്റെ പച്ചപ്പ് നഷ്ടപ്പെടുകയാണ്. ജലസ്രോതസ്സുകളൊക്കെ വറ്റിവരണ്ടിരിക്കുകയാണ്. മൃഗങ്ങൾക്ക് ഭക്ഷണംപോലും ഇല്ലാത്ത അവസ്ഥ വനത്തിനുള്ളിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അടിയ്ക്കടി ഉണ്ടാകുന്ന കാട്ടുതീ മൃഗങ്ങൾക്ക് ഭീഷണിയാവുകയാണ്. സ്വാഭാവിക വനം ഇല്ലാതാകുന്നതും ആഹാരം കിട്ടാതെവരുന്ന അവസ്ഥയുമാണ് വന്യമൃഗങ്ങളെ ജനവാസ കേന്ദ്രങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും ഇറങ്ങാൻ പ്രേരിപ്പിക്കുന്നത്. നെല്ല്, പച്ചക്കറി, വാഴ, കാപ്പി, കുരുമുളക്, കപ്പ, തെങ്ങ്, കവുങ്ങ് അടക്കമുള്ള കാർഷികോല്പന്നങ്ങൾ വന്യമൃഗങ്ങൾ പകലും രാത്രിയുമായി നശിപ്പിക്കുകയാണ്. ബാങ്കുകളിൽനിന്ന് ലോണെടുത്താണ് വയനാട്ടിലെ കർഷകർ കൃഷി ചെയ്യുന്നത്. ഇത്തരത്തിലുള്ള നാശനഷ്ടങ്ങളും കാർഷിക മേഖലയിലെ പ്രതിസന്ധികളുംമൂലം അവർക്ക് ബാങ്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയാണ്. അതിലുപരി ഇവിടെ താമസിക്കുന്ന ജനങ്ങളുടെ ജീവന് ഭീഷണിയാവുകയുമാണ്. 2011 മുതൽ 2017 മാർച്ച് വരെ വയനാട് ജില്ലയിൽ 21 പേരാണ് വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൊലചെയ്യപ്പെട്ടത്. കോതമംഗലം, അട്ടപ്പാടി മേഖലയിൽ രണ്ടുപേർ ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതായി ഇന്നത്തെ പത്രത്തിലുണ്ട്. സംസ്ഥാനത്ത് ഇതൊരു നിത്യസംഭവമായി മാറിയിരിക്കുകയാണ്. ഓരോ തവണയും ഇത്തരം അനിഷ്ട സംഭവങ്ങളുണ്ടായിക്കഴിഞ്ഞ് പൊതുജനങ്ങളും ഉദ്യോഗസ്ഥരും തമ്മിൽ സംഘർഷാവസ്ഥയുണ്ടാകുമ്പോഴാണ് ജനപ്രതിനിധികൾ എത്തുന്നത്. പ്രിൻസിപ്പൽ സെക്രട്ടറി, സി.സി.എഫ്. എന്നിവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ വിളിച്ച് മദ്ധ്യസ്ഥം പറഞ്ഞ് സംഘർഷമൊഴിവാക്കുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. കർഷകർക്കുണ്ടാകുന്ന കൃഷിനാശത്തിനും മറ്റും നഷ്ടപരിഹാരം പ്രഖ്യാപിക്കുമെങ്കിലും ഇതൊന്നും സമയബന്ധിതമായി കൊടുത്തുതീർക്കാൻ കഴിയുന്നില്ല. വയനാടിന്റെ തൊട്ടടുത്തുള്ള പേരാവൂരിൽ മൂന്ന് മാസത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മൂന്ന് മരണമാണുണ്ടായിട്ടുള്ളത്. കഴിഞ്ഞയാഴ്ച ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.- യുടെ നിയോജകമണ്ഡലത്തിലെ കുറുവ ദ്വീപിൽവച്ച് ആന ഒരാളെ ആക്രമിക്കുകയുണ്ടായി. ഇത്തരത്തിലുള്ള സംഭവങ്ങൾക്ക് ശാശ്വത പരിഹാരം കാണുകതന്നെവേണം. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ജില്ലയിൽ വന്നപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ഉൾപ്പെടെ വിളിച്ച് അവലോകന യോഗം നടത്തുകയും ആവശ്യമായ പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. സർവ്വേ നടത്തി വനാതിർത്തി കൃത്യമായി കണ്ടെത്തി വന്യമൃഗങ്ങളുടെ ആക്രമണമുണ്ടാകാതിരിക്കാൻ ആവശ്യമായ സംവിധാനങ്ങളൊരുക്കണം. തൊട്ടടുത്ത് കർണ്ണാടക സ്റ്റേറ്റിൽ റെയിൽ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. അവർ ശാസ്ത്രീയ പഠനം നടത്തി വനത്തെയും ജനങ്ങളെയും വേർതിരിക്കുന്നതിനുള്ള ബ്ലോക്ക് സംവിധാനങ്ങൾ ചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തും ഇതുപോലെ ശാസ്ത്രീയ പഠനങ്ങൾ നടത്താൻ

തയ്യാറാകണം. അതുപോലെ ജൈവ വേലി മറ്റ് സംസ്ഥാനങ്ങൾ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങളെ സംബന്ധിച്ചും കേരളം പഠനം നടത്തേണ്ടതുണ്ടെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ കടക്കുന്നത് തടയുന്നതിന് കിടങ്ങുകളുണ്ടാക്കുന്ന പ്രവണത ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ആന കിടങ്ങുകൾ ഇടിച്ചുനിരത്തി കൃഷിയിടങ്ങളിലേയ്ക്ക് കടക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അത് തടയുന്നതിന് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ നബാർഡിൽനിന്ന് 16 കോടി രൂപ ലോണെടുത്ത് ഏകദേശം 12 കിലോമീറ്ററോളം കൽമതിലുകൾ നിർമ്മിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ വന്യമൃഗശല്യമുണ്ടാകുന്ന മേഖല ഐഡന്റിഫൈ ചെയ്താണ് കൽമതിലുകൾ നിർമ്മിച്ചത്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും ശാശ്വത പരിഹാരം നേടാൻ ആ പ്രദേശങ്ങൾക്ക് കഴിഞ്ഞു. വനത്തിനുള്ളിലെ നീർച്ചോലകൾ സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും വനസസ്യങ്ങൾ കാട്ടിനുള്ളിൽ വച്ചുപിടിപ്പിച്ചും വന്യമൃഗങ്ങളെ കാട്ടിൽത്തന്നെ നിർത്താൻ കഴിയണം. ഇതിന് വനം വകുപ്പ് നടപടി സ്വീകരിക്കേണ്ടതുണ്ട്. അവിടെ ജനകീയ മുഖമാണ് വേണ്ടത്. വനം വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തണം. ജനപ്രതിനിധികളെയും ഇതുമായി ബന്ധപ്പെട്ട എക്സ്പെർട്ടുകളെയും ഉൾപ്പെടുത്തി ചർച്ച നടത്തി ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാനാണ് തയ്യാറാകേണ്ടത്. ശ്രീ. ഒ. പി. കലയർ എന്ന ഉദ്യോഗസ്ഥൻ വയനാടിനെ സംബന്ധിച്ച് പഠനം നടത്തിയപ്പോൾ ഉൾവനത്തിൽ താമസിക്കുന്ന കുടുംബങ്ങളെ പുറത്തേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി 80 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്. അദ്ദേഹം സമർപ്പിച്ച പ്രോജക്ടിന്റെ നടപടി ഇന്നും നടന്നുകൊണ്ടിരിക്കുകയാണ്. ഉൾവനത്തിൽ താമസിക്കുന്ന കുടുംബങ്ങളെ പുറത്തേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി കഴിഞ്ഞ ആഴ്ച കേന്ദ്ര ഗവൺമെന്റ് ഏകദേശം 11 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 25 കോടിയോളം രൂപ അനുവദിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാർ അത്തരത്തിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. മറ്റൊരു പ്രശ്നം, വയനാട്ടിൽ കാട്ടുതീ പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ഇക്കാര്യം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ നടപടിയുണ്ടാകണം. അതോടൊപ്പം വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചാൽ സമയബന്ധിതമായി അവർക്ക് നഷ്ടപരിഹാരം നൽകാനുള്ള സംവിധാനമുണ്ടാക്കണം. 1998-ലെ നഷ്ടപരിഹാരത്തുകയാണ് 2011

വരെ വിതരണം ചെയ്തിരുന്നതെങ്കിൽ 2011-ൽ അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവൺമെന്റ് ആ തുക ക്രമാതീതമായി വർദ്ധിപ്പിക്കുകയുണ്ടായി. നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ അതുപോലൊരു വർദ്ധനവ് ഈ ഗവൺമെന്റിന്റെ കാലത്തും നടപ്പാക്കണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണം. വനത്തെ സംരക്ഷിക്കുന്നതോടൊപ്പം ജനങ്ങളെയും അവരുടെ കൃഷിയിടങ്ങളേയും സംരക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വയനാട് ജില്ലയിലെ രൂക്ഷമായ വരൾച്ചകാരണം വന്യമൃഗങ്ങൾ ജനവാസ മേഖലയിലേയ്ക്കിറങ്ങിവരുന്നതുമൂലമുണ്ടാകുന്ന കൃഷിനാശവും ആൾനാശവും ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ പ്രധാനമായും ഇവിടെ ഉന്നയിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ഈ വിഷയം സംസ്ഥാനത്തെ വനമേഖലയിലെ ഒരു വിഷയമായി ഇപ്പോൾ മാറിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകിച്ച് വരൾച്ചകൂടിയുണ്ടായ സാഹചര്യത്തിൽ വനത്തിനുള്ളിൽനിന്ന് വന്യമൃഗങ്ങൾ പുറത്തേയ്ക്കിറങ്ങുന്നത് വർദ്ധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മാൻ-ആനിമൽ കോൺഫ്ലിക്ടിന്റെ നിരക്കും വർദ്ധിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേയ്ക്കിറങ്ങി കൃഷി നശിപ്പിക്കുന്നതും മനുഷ്യജീവന് ഭീഷണിയാകുന്നതുമായ സംഭവങ്ങൾ വയനാട് ജില്ലയുൾപ്പെടെ സംസ്ഥാനത്തെ വനമേഖലയുള്ള മിക്ക ജില്ലകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇന്നലെ ഉണ്ടായ സംഭവവും പത്രത്തിൽ വന്നിട്ടുണ്ട്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിൽ വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 219 കുളങ്ങളും 45 ചെക്ക് ഡാമുകളും വിവിധ കാലങ്ങളിലായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 192 കുളങ്ങളിൽ നിലവിൽ വെള്ളം ലഭ്യമാണ്. വറ്റിപ്പോയ കുളങ്ങളിൽ ക്യാമ്പർ മിനി ലോറിവഴി ടാങ്കുകളിൽ വെള്ളമെത്തിച്ച് നിറയ്ക്കുന്നുണ്ട്. ഈ വർഷം 5 കുളങ്ങൾ നിർമ്മിക്കുകയും 23 കുളങ്ങളിൽനിന്നും ചെളി നീക്കംചെയ്ത് സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞുനിർത്തുന്നതിന് പൊതുജനപങ്കാളിത്തത്തോടുകൂടി സാൻഡ് ബാഗ് ചെക്ക് ഡാം 10 എണ്ണവും 5 എർത്തേൺ ബണ്ടും ഈ മേഖലയിൽ മാത്രമായി നിർമ്മിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ സ്കൂൾ കുട്ടികളുടെ സഹായത്തോടെ മൺസൂൺ തുടങ്ങുന്നതിനുമുമ്പ് 65000 മുളത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിലെ 25 ആന്റി പോച്ചിംഗ് ക്യാമ്പ് ഷെഡ്ഡിൽ

ഫലവൃക്ഷത്തൈകളുടെയും മുളകളുടെയും നഴ്സറിയുണ്ടാക്കി 250000 തൈകൾ ഈ മഴക്കാലത്ത് നടുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. കാടുകളിലെ അധിനിവേശ കളകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും 550 ഹെക്ടർ വനത്തിൽനിന്ന് കളകൾ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. കാട്ടിലെ സ്വാഭാവിക വയലുകൾ സംരക്ഷിക്കുന്നതിന് 226.11 ഹെക്ടർ വയലുകളിൽനിന്ന് കളകൾ നീക്കം ചെയ്തിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതത്തിലെ കുറിച്ചിയാട്, മുത്തങ്ങ, സുൽത്താൻ ബത്തേരി, തോൽപ്പെട്ടി റെയ്ഞ്ചുകളിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്നത് തടയാനായി ഇതുവരെ 171 കിലോമീറ്റർ സോളാർ ഫെൻസിംഗ്, 285 കിലോമീറ്റർ ആന പ്രതിരോധ കിടങ്ങ്, 6.5 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 1.466 കിലോമീറ്റർ കല്ല് പതിച്ച കിടങ്ങ്, 72.4 കിലോമീറ്റർ ആനക്കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും ഇറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് വയനാട് വന്യജീവി സങ്കേതത്തിൽ 118 എലിഫന്റ് സ്കെയറിംഗ് വാച്ചർമാരെ ഈ വർഷം നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വാച്ചർമാർ രാപ്പകൽ ഭേദമെന്യേ വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. കൂടുതൽ പ്രശ്നബാധിത പ്രദേശങ്ങളിൽ ഡിസ്പ്ലേ ബോർഡുകളോടുകൂടി എസ്.എം.എസ്. അലെർട്ട് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനത്തിന്റെ സഹായത്തോടെ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് വോയ്സ് കോളും മെസേജും വഴി വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകിവരുന്നു. ഇതിനായി റാപ്പിഡ് റെസ്പോൺസ് ടീം, എലിഫന്റ് സ്ക്വാഡ് എന്നിവ ഉൾപ്പെടുത്തി റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു കൺട്രോൾ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വയനാട് സൗത്ത് ഡിവിഷനിലെ കൽപ്പറ്റ, മേപ്പാടി, ചെതലത്ത് റെയ്ഞ്ചുകളിലായി വന്യമൃഗശല്യം തടയുന്നതിന് 99.8 കിലോമീറ്റർ വൈദ്യുതി കമ്പിവേലി, 129.88 കിലോമീറ്റർ ആന പ്രതിരോധ കിടങ്ങ്, 12.7 കിലോമീറ്റർ ആന പ്രതിരോധ മതിൽ, ജൈവ വേലി എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വനാന്തര ഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് 13 ചെക്ക്ഡാമുകളും 10 കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. 7-2-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് രൂപീകരിക്കാൻ ഉത്തരവായിട്ടുള്ള ജന ജാഗ്രതാ സമിതികൾ വയനാട് ജില്ലയിൽ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഈ മാസത്തോടെ

വയനാട് ജില്ലയിലാകമാനം വനാതിർത്തി മേഖലയിലെ തദ്ദേശ ഭരണതലത്തിൽ ജന ജാഗ്രതാ സമിതികളുടെ രൂപീകരണം പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ മാൻ-ആനിമൽ കോൺഫ്ലിക്ടിന് പരിഹാരം കാണുകയെന്ന മുഖ്യ ലക്ഷ്യത്തോടുകൂടിയാണ് ജന ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളത്. നിശ്ചിത സമയത്തിനുള്ളിൽ എല്ലാ പഞ്ചായത്ത് മേഖലകളിലും ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള സമിതികൾ നിലവിൽ വരും. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ക്രമാതീതമായി നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുവെന്നാണ് സൂചിപ്പിച്ചത്. അങ്ങ് ഉദ്ദേശിച്ചത് എന്താണെന്ന് എനിക്കറിയാം. വർദ്ധനവ് വരുത്തിയെന്നുള്ളത് ശരിയാണ്. എന്നാൽ ആ വർദ്ധനവ് പോരെന്നുള്ളതാണ് ഗവൺമെന്റിന്റെ ഭാഗം. കൃഷിനാശം ഉണ്ടായാൽ ആ നഷ്ടം എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി ഈ ഗവൺമെന്റ് വന്നതിനുശേഷം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ആ തുക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ആനയുടെയും മറ്റ് മൃഗങ്ങളുടെയും ആക്രമണംമൂലം മനുഷ്യർ കൊല ചെയ്യപ്പെട്ടാൽ നൽകിക്കൊണ്ടിരുന്ന നഷ്ടപരിഹാരത്തുക 3 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി ഉയർത്തിയ സാഹചര്യത്തിൽ, അവകാശ തർക്കമില്ലാത്ത കേസ്സുകളിൽ അടിയന്തരമായി, രണ്ടാഴ്ചയ്ക്കുള്ളിൽ ആ തുക കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ജീവൻ നഷ്ടമായാൽ 5 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കുന്നത് അപര്യാപ്തമല്ലെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീർച്ചയായും ആ തുകയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം മറ്റ് ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഇതൊക്കെയാണെങ്കിലും പൊതുവായി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വലിയ അവബോധം ജനങ്ങളിലും ഉണ്ടാകേണ്ടതുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ജനങ്ങൾ ജാഗ്രതയോടെ ഇടപെടാനും കാട്ടിൽ നിന്നിറങ്ങുന്ന വന്യമൃഗങ്ങളെ തടഞ്ഞ് തിരിച്ചയയ്ക്കാനും ബഹുജനപങ്കാളിത്തം ആവശ്യമാണ്. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. ഉദ്യോഗസ്ഥരെ അലർട്ടാക്കിയിട്ടുണ്ട്. വനത്തിൽ തീ വീഴുന്നതുമായി ബന്ധപ്പെട്ട പ്രശ്നവും ഇവിടെ ഉന്നയിക്കുകയുണ്ടായി. വലിയ വരൾച്ച വന്ന സാഹചര്യത്തിൽ പല ഭാഗത്തും എല്ലാ വർഷവും ഉണ്ടാകുന്നതുപോലെ ഇത്തവണയും തീ ഉണ്ടായി, എന്നാൽ പറമ്പിക്കുളം മേഖലയിൽ അനിയന്ത്രിതമായി വന്നുവെന്നുള്ളത് ശരിയാണ്. അതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. ഞാനും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചിരുന്നു. അതിനുശേഷം സംസ്ഥാന ദുരന്ത നിവാരണ സമിതി വിളിച്ചുകൂട്ടിയ യോഗത്തിലും മുഖ്യമന്ത്രി പങ്കെടുത്തിരുന്നു. അവിടെ മുഖ്യമായും ഈ വിഷയമാണ് ചർച്ച ചെയ്തത്. തീ നിയന്ത്രണവിധേയമാക്കാൻ മാൻപവർകൊണ്ട്

കഴിയാതെവന്നാൽ, ആവശ്യമെങ്കിൽ ഹെലികോപ്ടറിന്റെയോ സേനയുടെയോ സഹായം തേടണമെന്ന കാര്യത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. തീ പരമാവധി നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുകൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇലക്ട്രിക് ഫെൻസിംഗിനെക്കുറിച്ചും കിടങ്ങുകളെക്കുറിച്ചും അങ്ങ് സൂചിപ്പിച്ചു. ആന മരങ്ങൾ തള്ളിയിട്ട് ഇലക്ട്രിക് ഫെൻസിംഗ് കേടാക്കി കൃഷിയിടങ്ങളിലേയ്ക്ക് കടക്കുന്നുണ്ട്. സമയബന്ധിതമായി അത് മെയിന്റനൻസ് ചെയ്യാൻ വനം വകുപ്പിന് ഫണ്ടില്ലെന്നാണ് പറയുന്നത്. അതിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി കർണ്ണാടക സംസ്ഥാനത്ത് ചെയ്യുന്നതുപോലെ റെയിൽ ഫെൻസിംഗ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, ഒരു കിലോമീറ്റർ റെയിൽ ഫെൻസിംഗ് ചെയ്യണമെങ്കിൽ ഏതാണ്ട് 1.25 കോടി രൂപ ചെലവ് വരുമെന്നുള്ളതാണ് പ്രശ്നം. അതിർത്തിയിലെല്ലാം റെയിൽ ഫെൻസിംഗ് എന്നുപറയുന്നത് അപ്രായോഗികമാണ്. അതിന്റെ ചെലവ് താങ്ങാൻ കഴിയുന്നതല്ല. എന്നാൽ സോളാർ ഫെൻസിംഗും മറ്റ് വൈദ്യുതി ഉപയോഗിച്ചുള്ള ഫെൻസിംഗും അതിന്റെ മെയിന്റനൻസും സൂക്ഷിക്കലും ഒക്കെ ജന ജാഗ്രതാ സമിതിയുടെ ഉത്തരവാദിത്വമായി ഏൽപ്പിക്കുകയാണ്. സ്വാഭാവികമായും ചെലവുണ്ടായാൽ അത് മീറ്റ് ചെയ്യുന്നതിനാവശ്യമായ ഫണ്ടുകൂടി നൽകുമെന്ന് ഉത്തരവിൽത്തന്നെ പറയുന്നുണ്ട്. ഒരു പഞ്ചായത്തിന്റെ അതിർത്തിയിൽ വരുന്ന ഫെൻസിംഗിന്റെ ഉത്തരവാദിത്വം ആ സമിതിക്കായിരിക്കും.

## V സബ്മിഷൻ

### (1) സി.ആർ.ഇസഡ്. നിയമത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ ഒഴിവാക്കൽ

ശ്രീ. എസ്. ശർമ്മ: സർ, കേന്ദ്ര ഗവൺമെന്റ് സി.ആർ.ഇസഡ്. നിയമം പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്ന നിരവധി ഘടകങ്ങൾ അതത് സന്ദർഭങ്ങളിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതാണ്. കേരള ഗവൺമെന്റ് അതിവിപുലമായ വികസന ദൗത്യങ്ങൾ പ്രഖ്യാപിക്കുകയും അതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിരിക്കുകയാണ്. ചരിത്രത്തിലാദ്യമായി ഫിഷറീസ് മേഖലയ്ക്ക് 548 കോടി രൂപ നൽകിയിരിക്കുകയാണ്. അതിൽ റോഡ്, വീട് തുടങ്ങിയ പ്രാദേശിക വികസനങ്ങൾ ഉൾപ്പെടും. തീരപ്രദേശത്തുള്ള ഒരാളിന് വീട് വയ്ക്കണമെങ്കിൽ തിരുവനന്തപുരത്തുള്ള സി.ആർ.ഇസഡ്. ഓഫീസിൽ അപേക്ഷ നൽകണം. ഇത്തരത്തിൽ ആയിരക്കണക്കിന് അപേക്ഷകളാണ് അവിടെ

കെട്ടിക്കിടക്കുന്നത്. പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് വീട് നിർമ്മിക്കണമെങ്കിൽ സി.ആർ.ഇസഡ്.-ന്റെ ക്ലിയറൻസിനുവേണ്ടി തിരുവനന്തപുരം ഓഫീസിൽ അപേക്ഷ നൽകുകയെന്ന അസാധാരണമായ സ്ഥിതിവിശേഷം ഇപ്പോൾ തുടങ്ങിയതല്ല, നിയമം വന്ന കാലംമുതലുള്ളതാണ്. ക്ഷേമ പ്രവർത്തനങ്ങൾ വർദ്ധിക്കുമ്പോൾ വീട് നിർമ്മാണത്തിനും മറ്റുമായി കൂടുതൽ അപേക്ഷകൾ വരികയാണ്. 1976-ലെ കേന്ദ്ര വനാവകാശ നിയമ പ്രകാരം കാട് ആദിവാസികളുടെ ആവാസസ്ഥലമായി അംഗീകരിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ ഈ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് നിയമപരമായ പരിരക്ഷ നൽകുന്നില്ലെങ്കിലും യഥാർത്ഥത്തിൽ കടലോരവും കായലോരവും മത്സ്യത്തൊഴിലാളികളുടെ ആവാസസ്ഥലമാണ്. ആ ആവാസസ്ഥലത്ത് തൊഴിലെടുത്ത് ജീവിക്കുന്നതിനും കിടന്നുറങ്ങുന്നതിനുമുള്ള സംരക്ഷണം ഉറപ്പാക്കുകയെന്നുള്ളത് ഐക്യരാഷ്ട്രസഭതന്നെ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥയുടെ ഭാഗമാണ്. മത്സ്യത്തൊഴിലാളികളെ സി.ആർ.ഇസഡ്. നിയമത്തിൽനിന്നും എക്സംപ്റ്റ് ചെയ്തുകൊണ്ടുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതിന് ഒന്നുകൂടി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് സംസ്ഥാനം നേരിടുന്ന ഗൗരവമായ ഒരു പ്രശ്നമാണ്. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 19-2-1991 മുതൽ പ്രാബല്യത്തിൽ വന്ന സി.ആർ.ഇസഡ്. റെഗുലേഷൻ അനുസരിച്ച് ഇന്ത്യയൊട്ടാകെയുള്ള കടൽത്തീരവും അതിനോടനുബന്ധിച്ചുള്ള കായലുകളുടെയും തടാകങ്ങളുടെയും നദികളുടെയും നിശ്ചിത പരിധി തീരദേശ സംരക്ഷണ മേഖലയായി പ്രഖ്യാപിച്ച് സംരക്ഷിച്ച് വരികയാണ്. മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം സി.ആർ.ഇസഡ്. റെഗുലേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്ന മേഖലകളിൽ അന്യായമായ കടന്നുകയറ്റവും അനിയന്ത്രിതമായ വികസനവും തടഞ്ഞ് പരിസ്ഥിതി സംരക്ഷിക്കുക എന്നത് സി.ആർ.ഇസഡ്. റെഗുലേഷന്റെ ലക്ഷ്യമാണ്. ഈ ചട്ടങ്ങൾക്കുള്ളിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പാർപ്പിടപ്രശ്നങ്ങൾ ഉൾപ്പെടെയുള്ള പരാതികൾ വലിയ തോതിൽ ഉയർന്നുവരുന്നുണ്ട്. അത് പരിഹരിക്കുന്നതിന് തീരദേശമേഖലകളിൽ സി.ആർ.ഇസഡ്. ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് സർക്കാർ പലവട്ടം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ഡോ. ശൈലേഷ് നായിക് സമിതിയെ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിരുന്നു. ഈ സമിതി കേരളത്തിൽ വന്ന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. തീരദേശ പരിപാലന ചട്ടങ്ങളിൽനിന്നും കേരളത്തിലെ തീരദേശത്തെ പൂർണ്ണമായും ഒഴിവാക്കണമെന്നതല്ല ആവശ്യം. മത്സ്യത്തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കത്തക്ക വിധത്തിൽ വേണ്ട മാറ്റങ്ങൾ വിജ്ഞാപനത്തിൽ വരുത്തണമെന്നാണ് ആവശ്യപ്പെട്ടത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ പല അവസരത്തിലും ആവശ്യപ്പെടുക മാത്രമല്ല, തീരദേശ എം.പി.-മാരുമായി കേന്ദ്ര മന്ത്രി ചർച്ച നടത്തിയപ്പോൾ കേരളത്തിന്റെ ആവശ്യം ന്യായമാണെന്ന് ഇതര സംസ്ഥാന എം.പി.-മാരടക്കം യോജിപ്പ് പ്രകടിപ്പിക്കുകയാണ് ചെയ്തത്. ഇത്തരം സാഹചര്യത്തിൽ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽനിന്നും വിജ്ഞാപനം ഉണ്ടാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

## (2) പി.എസ്.സി.-യുടെ പുതിയ നിബന്ധന

ശ്രീ. സണ്ണി ജോസഫ്: സർ, സ്വകാര്യ നഴ്സിംഗ് മേഖലയിലെ ശമ്പളവും ആനുകൂല്യവും ഗവൺമെന്റ് മേഖലയുമായി താരതമ്യം ചെയ്ത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഒരു കേസുണ്ടായിരുന്നു. ആ കേസിനെത്തുടർന്ന് സ്വകാര്യ മേഖലയിലെ നഴ്സുമാർക്ക് സർക്കാർ മേഖലയിലെ നഴ്സുമാർക്ക് ലഭിക്കുന്ന ശമ്പളം ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മീഷൻ പഠിച്ച് റിപ്പോർട്ട് സംസ്ഥാനത്തിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. അക്കാര്യത്തിൽ എത്രയുംവേഗം തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിൽ നഴ്സിംഗ് ജോലിക്ക് അപേക്ഷ നൽകണമെങ്കിൽ ഹയർ സെക്കൻഡറി തലത്തിൽ സയൻസ് വിഷയം പഠിച്ചിരിക്കണമെന്ന നിബന്ധന പി.എസ്.സി. കൊണ്ടുവന്നിരിക്കുകയാണ്. അതേസമയം മറ്റ് സബ്ജക്റ്റുകൾ പഠിച്ചവർക്കും നഴ്സിംഗ് കോഴ്സിന് അപേക്ഷിക്കാനും നഴ്സിംഗ് കൗൺസിൽ ഓഫ് ഇൻഡ്യയുടെ തീരുമാനപ്രകാരം അനുവദനീയമാണ്. എന്നാൽ സംസ്ഥാന പി.എസ്.സി. പ്രത്യേകിച്ച് കേരളത്തിന് പുറത്ത് നഴ്സിംഗ് പഠിച്ച വിദ്യാർത്ഥികൾ സയൻസ് വിഷയം പഠിച്ചിട്ടില്ലെങ്കിൽ നഴ്സിംഗ് ജോലിക്ക് അപേക്ഷ നൽകാൻ കഴിയില്ല എന്നൊരു നിബന്ധന ഏർപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ആ നിബന്ധന പിൻവലിക്കാനും സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാർക്ക് ശമ്പളതുല്യത ലഭ്യമാക്കാനും നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നഴ്സുമാരുടെ ശമ്പളം സംസ്ഥാനത്തിനകത്തും പുറത്തും വ്യത്യസ്തമാണെന്നാണ് ബഹുമാനപ്പെട്ട അംഗം

ഇവിടെ പറഞ്ഞത്. അക്കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. നമ്മുടെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് വരേണ്ട കാര്യമാണിത്. അത് ആ രീതിയിൽ പ്രത്യേകമായി പരിശോധിക്കേണ്ട ഒന്നാണ്. പി.എസ്.സി. വഴിയുള്ള നിയമനത്തിന് നഴ്സിംഗ് തസ്തികയുടെ യോഗ്യത നിശ്ചയിച്ചത് 31-7-2007-ലെ കേരള ഹെൽത്ത് സർവ്വീസസ് (നഴ്സിംഗ് ഇൻ ഹോസ്പിറ്റൽ വിംഗ് സബോർഡിനേറ്റ് സർവ്വീസ്) സ്പെഷ്യൽ റൂൾ പ്രകാരമാണ്. നഴ്സിംഗ് പഠനത്തിന് ഹയർ സെക്കൻഡറി തലത്തിൽ സയൻസ് പഠനത്തിന്റെ ആവശ്യകത രോഗികളുടെ സുരക്ഷയ്ക്ക് ആവശ്യമായതിനാലാണ് സയൻസ് വിഷയം നിർബന്ധമാക്കി സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നഴ്സിംഗ്/ജി.എൻ.എം. കോഴ്സ് പഠിക്കുന്നതിന് പ്ലസ്ടു സയൻസ് ഗ്രൂപ്പ് നിർബന്ധമായിരുന്നില്ലെങ്കിലും 2010 വരെ കേരളത്തിൽ ജനറൽ നഴ്സിംഗ് പഠിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു സയൻസ് ഗ്രൂപ്പ് പാസ്സായിരിക്കണമെന്നുള്ളതായിരുന്നു. 2010 മുതൽ കേരളത്തിലും ജനറൽ നഴ്സിംഗ് കോഴ്സ് പഠിക്കുന്നതിന് പ്ലസ്ടു സയൻസ് ഗ്രൂപ്പ് നിർബന്ധമല്ല എന്ന് തീരുമാനിക്കുകയുണ്ടായി. സർക്കാർ നഴ്സിംഗ് സ്കൂളുകളിൽ പ്ലസ്ടു സയൻസ് ഗ്രൂപ്പ് പഠിച്ചിട്ടുള്ള അപേക്ഷകരുടെ അഭാവത്തിൽ മാത്രമാണ് മറ്റ് ഗ്രൂപ്പുകളെ പരിഗണിച്ചുവരുന്നത്. പ്ലസ്ടു തലത്തിൽ സയൻസ് ഗ്രൂപ്പ് പഠിക്കാത്തവരെ പരിഗണിക്കണമെങ്കിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി ആവശ്യമാണ്. ഇവിടെ നേരത്തെ പ്രസ്താവിച്ചത് 2010 മുതൽ കേരളത്തിലും ജനറൽ നഴ്സിംഗ് കോഴ്സ് പഠിക്കുന്നതിന് പ്ലസ്ടു സയൻസ് ഗ്രൂപ്പ് നിർബന്ധമല്ലെന്ന് തീരുമാനിച്ചിരിക്കുന്നുവെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

### (3) കൊച്ചി മെട്രോ തൃപ്പൂണിത്തുറ വരെ നീട്ടുന്നത് സംബന്ധിച്ച്

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിന്റെ യാത്രാ സംസ്കാരത്തിൽ പുതിയൊരു അദ്ധ്യായത്തിന് തുടക്കംകുറിച്ചുകൊണ്ട് കൊച്ചി മെട്രോ ആദ്യഘട്ടം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഈ അവസരത്തിൽ കൊച്ചി മെട്രോയുടെ ഒന്നാംഘട്ടം 'ബി' സ്റ്റേജിന്റെ ഭാഗമായി പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗംകൂടി ഉൾപ്പെടുത്തിയിരുന്നതാണ്. ഇതിനായി 300 കോടിയലധികം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കി അനുകൂല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ തുടർന്ന് ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള ഒരു നീക്കവും അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെയുള്ളതാണ് നിലവിലെ പദ്ധതി. എസ്.എൻ. ജംഗ്ഷനിൽനിന്നും തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ ഒരു കിലോമീറ്റർകൂടി മെട്രോ നീട്ടണമെന്നതായിരുന്നു ആ സമയത്ത് ഉയർന്നുവന്ന ബഹുജനാഭിപ്രായം. പാർക്കിംഗിന് റെയിൽവേയുടെ

സ്ഥലം ഉപയോഗിക്കാൻ സാധിക്കുമായിരുന്നു. ഇപ്പോൾ സമാന സ്വഭാവമുള്ള റെയിൽവേ സ്റ്റേഷനുകളിൽ വന്നിറങ്ങുന്നതിനേക്കാൾ കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്ന റെയിൽവേ സ്റ്റേഷനാണ് തൃപ്പൂണിത്തുറ. ഇത് കൊച്ചി മെട്രോയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശമായിരുന്നു. എന്നാൽ ഇപ്പോൾ മെട്രോ നീട്ടുന്നതിനെക്കുറിച്ചൊന്നും മിണ്ടുന്നില്ലെന്ന് മാത്രമല്ല നിലവിലെ പദ്ധതിയുടെ ഭാഗമായ പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള പ്രദേശത്ത് മെട്രോ നിർമ്മാണത്തിനുവേണ്ട ഒരു നടപടിയും സ്വീകരിക്കുന്നുമില്ല. സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇത് അട്ടിമറിക്കപ്പെടുന്ന തരത്തിലുള്ള നീക്കങ്ങൾ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ എന്ന സംശയം ജനങ്ങൾക്കിടയിൽ വ്യാപകമാണ്. ഇക്കാര്യത്തെക്കുറിച്ച് ആധികാരികമായി മറുപടി പറയാൻ കൊച്ചി മെട്രോയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിക്കുന്നില്ല. അക്കാര്യത്തിൽ തൃപ്പൂണിത്തുറയിലും പരിസര പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് ആശങ്കയുണ്ട്. ഇക്കാര്യത്തിലുള്ള അവ്യക്തത അവസാനിപ്പിക്കുന്നതിനും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തൃപ്പൂണിത്തുറയിലേയ്ക്കുള്ള മെട്രോ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനും സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും കൊച്ചി മെട്രോ പദ്ധതിയിൽ നിലവിലുള്ള പേട്ട-തൃപ്പൂണിത്തുറ ലൈൻ ഒരു മാറ്റവും കൂടാതെ അടിയന്തര പ്രാധാന്യത്തോടുകൂടി ഏറ്റെടുക്കുന്നതിനും അത് എസ്.എൻ. ജംഗ്ഷൻ വരെയെന്നത് തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെയാക്കി നീട്ടുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആലുവ മുതൽ പേട്ട വരെയുള്ള ഘട്ടം 1-എ ഭാഗത്തിന്റെ തുടർച്ചയായി പേട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെയുള്ള ഘട്ടം 1-ബി സ്റ്റേജിന്റെ പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ജില്ലാ ഭരണകൂടത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി പരിസ്ഥിതി ആഘാത പഠനം നടത്താനുള്ള നടപടി ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുണ്ട്. സ്ഥലം കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളാരംഭിക്കാനുള്ള ദർഘാസും ക്ഷണിച്ചിട്ടുണ്ട്. മെട്രോ റെയിൽ പദ്ധതി എസ്.എൻ. ജംഗ്ഷനിൽനിന്നും തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ ദീർഘിപ്പിക്കുന്നതിനാവശ്യമായ വിശദമായ പഠന റിപ്പോർട്ട് ഇനിയും തയ്യാറാക്കിയിട്ടില്ല. അത് പൂർണ്ണമാക്കി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണാനുമതി നേടിയതിനുശേഷമേ സ്ഥലമെടുപ്പ് നടപടികളിലേയ്ക്ക് പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ.

## (4) ഗെയിൽ വാതക പൈപ്പ് ലൈൻ

ശ്രീ. വി. ടി. ബൽറാം: സർ, ഗെയ്ൽ വാതക പൈപ്പ് ലൈൻ കേരളത്തിലെ ഏകദേശം എട്ട് ജില്ലകളിലൂടെ കടന്നുപോവുകയാണ്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷൻ വരുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കൂറ്റനാടിന്റെ പരിസരത്തുള്ള കരിമ്പ പാലയ്ക്ക പീടികയിലാണ്. അവിടത്തെ ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള നടപടി ദൗർഭാഗ്യവശാൽ സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇതിന്റെ അലൈൻമെന്റ് തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചത് പത്തുപന്ത്രണ്ടുവർഷം മുമ്പാണ്. അന്ന് സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് പലർക്കും വ്യക്തതയുണ്ടായിരുന്നില്ല. അതുകൊണ്ട് പലരും സ്ഥലം വിട്ടുകൊടുത്തു. പക്ഷെ ഇപ്പോൾ പൈപ്പ്ലൈനുമായി ബന്ധപ്പെട്ട് ഇതിന്റെ അപകട സാധ്യതയെക്കുറിച്ചും സുരക്ഷിതത്വത്തെക്കുറിച്ചും വലിയ ആശങ്കയാണുള്ളത്. ജനങ്ങൾ അവിടെ സമരത്തിലാണ്. ആ സമരം അടിച്ചമർത്തിക്കൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ ജനുവരി 31-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാലക്കാട് ജില്ലയിലുണ്ടായിരുന്നു. അന്ന് ജനങ്ങൾ സമരം ചെയ്യുന്നതിനിടയിൽ പോലീസ് ലാത്തിച്ചാർജ് നടത്തുകയും ഞാനടക്കമുള്ള ജനപ്രതിനിധികൾക്ക് റോഡിൽ കുത്തിയിരിക്കേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തു. അന്ന് ജില്ലാ ഭരണകൂടത്തിന്റെ പ്രതിനിധികൾ, സബ് കളക്ടർ, ജില്ലാ പോലീസ് മേധാവികൾ ഉൾപ്പെടെയുള്ളവർ പറഞ്ഞത്, ഞങ്ങൾക്ക് എന്തുവിലകൊടുത്തും ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള കർശനമായ നിർദ്ദേശമുണ്ട്, സമരങ്ങൾ കാര്യമാക്കുന്നില്ല, ഞങ്ങൾ മുന്നോട്ടുപോകുമെന്നാണ്. പ്രാദേശിക ജനങ്ങളുടെ ആഭിമുഖ്യത്തിൽ ഹർത്താലടക്കം ആചരിക്കുന്നു. പിറ്റേദിവസം രാവിലെ പോലീസ് അകാരണമായി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് അവിടെയുള്ള വീടുകളും വാഹനങ്ങളും തല്ലിത്തകർക്കുകയും സ്ത്രീകളടക്കമുള്ളവരെ അസഭ്യം പറയുകയും ചെയ്തു. ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അന്ന് റോഡിൽ പാർക്ക് ചെയ്തിരുന്ന നൂറോളം വാഹനങ്ങൾ പോലീസ് അകാരണമായി കൊണ്ടുപോയി. ഇതിൽ കേസ്സിൽപ്പെടാത്ത ആളുകളുടെ വാഹനങ്ങളുമുണ്ട്. ഒന്നര മാസമായിട്ടും പൂർണ്ണമായും ആ വാഹനങ്ങൾ വിട്ടുകൊടുത്തിട്ടില്ല. ഏതാണ്ട് നാൽപ്പതോളം പ്രതികളെ തെരഞ്ഞുപിടിച്ച് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും കൂടുതൽ പ്രതികൾ ഉൾപ്പെടുമെന്നുള്ള ഭീഷണി പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ വീഡിയോ ഫൂട്ടേജ് പരിശോധിച്ച് മുഴുവൻ ആൾക്കാരെയും പ്രതികളാക്കുമെന്നുള്ള വൈരാഗ്യ മനോഭാവത്തോടുകൂടിയുള്ള സമീപനം പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. ഇതൊരു ജനകീയ സമരമാണ്, ഇവർ

തീവ്രവാദികളൊന്നുമല്ല. അവർ സമരവുമായി മുന്നോട്ടുപോയി, സർക്കാരിന്റെ ഭാഗത്തുനിന്ന് നീതി പ്രതീക്ഷിച്ചു. അപകടഭീഷണി ഇല്ലെങ്കിൽ അക്കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ടല്ലേ ഒരു വികസന പദ്ധതിയുമായി മുന്നോട്ടുപോകേണ്ടത്. അവരാരും വികസന വിരോധികളല്ല. അവർ സഹകരിക്കാൻ തയ്യാറാണ്. പക്ഷെ ആശങ്കകൾ നിലനിൽക്കുന്നതുകൊണ്ടാണ് അവർ സമരം ചെയ്തത്. ഇപ്പോൾ ഏതായാലും ആ സാഹചര്യം മാറി. പ്രത്യക്ഷ സമരം അവസാനിപ്പിച്ച് നിയമത്തിന്റെ വഴി തേടുകയാണ്. ഇപ്പോൾ ഹൈക്കോടതി ഇടപെട്ട് ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ ആളുകളെ പ്രതിചേർക്കുന്ന നടപടി പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയാണ്. പലപ്പോഴും പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പലതരത്തിലുള്ള ഭീഷണി ഉണ്ടാവുകയാണ്. കേസ്സിൽപ്പെടുത്താതിരിക്കാൻ കൈക്കൂലി വാങ്ങുന്നതടക്കമുള്ള ആക്ഷേപം പോലീസിനെതിരെ ഉയർന്നുവന്നിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ കൃത്യത വരുത്തണം. ഒരു ജനകീയ സമരവുമായി ബന്ധപ്പെട്ട്, സ്വന്തം നാടിന്റെ സുരക്ഷിതത്വത്തിനുവേണ്ടി അവിടെ സമരം ചെയ്ത ആളുകൾക്കെതിരെ ചുമത്തിയിരിക്കുന്ന കേസ്സുകൾ പിൻവലിക്കാനും ജനങ്ങളുടെ ആശങ്ക അകറ്റാനുമുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (GAIL) വാതക പൈപ്പ് ലൈൻ പദ്ധതിക്ക് പോലീസ് സംരക്ഷണം അനുവദിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് നിലനിൽക്കുകയാണ്. ഈ പദ്ധതിയുടെ പൈപ്പ് ലൈൻ നിർമ്മാണ പ്രവർത്തനം നടന്നുവരവേ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താനുള്ള ശ്രമം ചിലർ നടത്തി. ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ പോലീസും റവന്യൂ ഉദ്യോഗസ്ഥരും നാട്ടുകാർക്കിടയിൽ ബോധവൽക്കരണ ശ്രമങ്ങൾ നടത്തിയിട്ടുള്ളതാണ്. എന്നാൽ 2017 ജനുവരി 27-ന് പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള ജോലിക്കെത്തിയ വാഹനങ്ങൾ തടയാൻ ശ്രമിച്ച 32 പേർക്കെതിരെ ചാലിശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അവരെ ജാമ്യത്തിൽ വിട്ടയയ്ക്കുകയുണ്ടായി. 30-1-2017-ന് രാവിലെ 150-ഓളം എസ്.ഡി.പി.ഐ. പ്രവർത്തകർ പണിനടക്കുന്ന സ്ഥലത്ത് അതിക്രമിച്ചുകയറി വീണ്ടും പണി തടസ്സപ്പെടുത്താൻ ശ്രമിച്ചതിനെത്തുടർന്ന് പോലീസ് ഇടപെടുകയും ഇവരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. അറസ്റ്റിൽ പ്രതിഷേധിച്ച് റോഡ് ഉപരോധം നടത്തിയ കുറ്റത്തിന് 19 പേരെ അറസ്റ്റ് ചെയ്ത് കേസ്സെടുത്തിട്ടുണ്ട്. 31-1-2017-ന് സ്ത്രീകളടക്കം 250-ഓളം പേർ പണി തടസ്സപ്പെടുത്തുകയും പോലീസ് ഡിപ്പാർട്ട്മെന്റ് വക മോട്ടോർ സൈക്കിൾ കേടുവരുത്തുകയും ചെയ്തു. അക്രമാസക്തരായവരെ പട്ടാമ്പി ഡെപ്യൂട്ടി തഹസീൽദാരുടെ നിർദ്ദേശപ്രകാരം പിരിച്ചുവിട്ടു. അക്രമത്തിൽ പട്ടാമ്പി പോലീസ് ഇൻസ്പെക്ടർ, ഒരു സബ് ഇൻസ്പെക്ടർ, ആറ് സിവിൽ പോലീസ് ഓഫീസർമാർ, ഒരു

വനിതാ സി.പി.ഒ. എന്നിവർക്ക് പരിക്ക് പറ്റി. സംഭവസ്ഥലത്തുനിന്നും അറസ്റ്റുചെയ്ത പ്രതികളിൽ ആറ് സ്ത്രീകൾക്കും ഒരു വിദ്യാർത്ഥിക്കും ബഹുമാനപ്പെട്ട കോടതി ജാമ്യം അനുവദിക്കുകയും ബാക്കിയുള്ളവരെ റിമാൻഡ് ചെയ്യുകയും ചെയ്തു. രാജ്യത്തിനകത്തെ പ്രകൃതിവാതക സ്രോതസ്സുകളിൽനിന്നും ഉത്പാദിപ്പിച്ചെടുക്കുന്ന വാതകം കേരളത്തിലേയ്ക്കുകൂടി ലഭ്യമാക്കുന്നതിന് ഇപ്പോൾ കേന്ദ്രസർക്കാർ വിഭാവന ചെയ്ത് ഗെയ്ൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ്ലൈനിനെ അയൽസംസ്ഥാനങ്ങളിലേയ്ക്ക് ദേശീയ ഗ്രിഡ്ഡുമായി യോജിപ്പിക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ കേരളത്തിന് അവകാശപ്പെടാവുന്ന പ്രാദേശിക പ്രകൃതിവാതകത്തിന്റെ വിഹിതം കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ പരിസ്ഥിതി സൗഹൃദ വികസനത്തിന് സഹായകരമായതും ഇന്ധനക്ഷാമം പരിഹരിക്കാൻ കഴിയുന്നതുമായ ഇത്തരം പദ്ധതികൾ സമൂഹമാകെ ഒന്നിച്ച് നടപ്പാക്കാനുള്ള പരിശ്രമമാണ് ഉണ്ടാകേണ്ടത്. ഇത് നമ്മുടെ നാടിന്റെ പൊതുവായ ഒരാവശ്യമാണ്. ഏറെക്കുറെ എല്ലായിടങ്ങളിലും എസ്.ഡി.പി.ഐ. ഇതിനെ എതിർക്കാറുണ്ട്. ബോധവൽക്കരണത്തിന്റെ കുറവുകൊണ്ടല്ല ഇത്തരക്കാർ ഇതിനെ എതിർക്കുന്നത്. അവരുടെ ഒരു രീതി ഇതിനെയെല്ലാം എതിർക്കുക എന്നുള്ളതാണ്. എതിർപ്പിന്റെ ഭാഗമായി ഈ പരിപാടി നിർത്തിവയ്ക്കാൻ കഴിയില്ല. അങ്ങനെവന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസനം സ്തംഭിച്ചുപോകും. അതുകൊണ്ട് സഹകരണമാണ് ആവശ്യം, സഹകരിക്കുകയാണ് വേണ്ടത്. അതുതന്നെയാണ് സർക്കാർ നിലപാട്. സഹകരിക്കുന്നില്ലെങ്കിൽ പോലീസ് പോലീസിന്റേതായ വഴി സ്വീകരിക്കണമെന്നാണ് ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. ആ വഴി പോലീസ് സ്വീകരിക്കുന്നുവെന്ന് മാത്രമേയുള്ളൂ.

## (5) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. ഹൈബി ഈഡൻ: സർ, പെരിയാറിനെ സ്രോതസ്സാക്കി മുൻ സർക്കാരിന്റെ കാലത്ത് കളമശ്ശേരി കേന്ദ്രീകരിച്ച് 180 എം.എൽ.ഡി. ശേഷിയുള്ള ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കാൻ 238 കോടി രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുകയും തുടർന്ന് അതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത്, തൃക്കാക്കര, ഏലൂർ, കളമശ്ശേരി മുനിസിപ്പാലിറ്റി, എറണാകുളം നഗരം, പശ്ചിമ കൊച്ചി തുടങ്ങിയ സ്ഥലങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്ക് ആവശ്യമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ സ്ഥലം ലഭ്യമാകാത്തതുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ജലവിഭവ വകുപ്പുമന്ത്രിക്കും ഇതുസംബന്ധിച്ച് ആ പ്രദേശത്തെ മുഴുവൻ എം.എൽ.എ.-മാരും ഒപ്പിട്ട ഒരു നിവേദനം നൽകിയിരുന്നു. ആറേക്കർ സ്ഥലമാണ് ഇതിനാവശ്യമായിട്ടുള്ളത്. കളമശ്ശേരി കിൻഫ്ര പാർക്ക്, എച്ച്.എം.ടി.-യുടെ ഭൂമി, മെഡിക്കൽ കോളേജ് ഇവിടെയൊക്കെ ഇതിന് അനിവാര്യമായ സ്ഥലങ്ങൾ ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ ഒമ്പത് മാസമായി ഇതിന്റെ പണി ആരംഭിക്കാൻ സാധിക്കാത്തത് സ്ഥലം ലഭ്യമാകാത്തതുകൊണ്ടാണ്. പല

മുഖ്യധാരാ മാധ്യമങ്ങളിലും ഇതുസംബന്ധിച്ച് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 'ദാഹം തീർക്കാൻ കൊച്ചിക്കുവേണം ആറേക്കർ സ്ഥലം' എന്ന തലക്കെട്ടോടുകൂടി ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. സ്മാർട്ട് സിറ്റി അടക്കമുള്ള പ്രദേശം, നിരവധി വികസന പദ്ധതികൾ നടക്കുന്ന എറണാകുളം തുടങ്ങിയ സ്ഥലങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള ഏറ്റവും ബൃഹത്തായ പദ്ധതിയാണ് കളമശ്ശേരിയിൽ സ്ഥാപിക്കാൻ പോകുന്ന ഈ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്. വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തിക്കൊണ്ട് അതിന് സ്ഥലം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. അതിന്റെ നടപടിക്രമങ്ങൾ എത്രയും വേഗം ആരംഭിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഗൗരവമായ പ്രശ്നം തന്നെയാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കൊച്ചി ശുദ്ധജല വിതരണ പദ്ധതി വിപുലീകരിച്ച് കളമശ്ശേരി-തൃക്കാക്കര-ഏലൂർ-ചേരാനെല്ലൂർ പ്രദേശങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 180 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ ആദ്യഘട്ടമായി കൊച്ചി ശുദ്ധജല പദ്ധതിക്കായി 238 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ പ്രധാന ഘടകമായ 135 എം.എൽ.ഡി. ശുദ്ധീകരണശാലയ്ക്കായി തൃക്കാക്കര വില്ലേജിൽ എച്ച്.എം.ടി. വക പതിനഞ്ച് ഏക്കർ ഭൂമി കൈമാറ്റം ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി ജില്ലാ ഭരണകൂടംവഴി ശ്രമം നടത്തിയെങ്കിലും മിച്ചഭൂമി കേസ് ഉള്ളതുകൊണ്ട് ഈ ഭൂമി യഥാസമയം ലഭ്യമായില്ല. അതിനെത്തുടർന്ന് തൃക്കാക്കരയിൽ കിൻഫ്രയുടെ കൈവശമുള്ള സ്ഥലം പകരമായി കണ്ടെത്തി. കിൻഫ്രയിൽനിന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി ദർഘാസ് നടപടി ആരംഭിച്ചു. 3-10-2016-ൽ ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽവച്ച് പ്രസ്തുത സ്ഥലം ലീസിനെടുത്തിട്ടുള്ള സ്ഥാപനവുമായി കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ സ്ഥലം ലഭിക്കാൻ സാധ്യതയില്ലെന്ന് കിൻഫ്ര അറിയിച്ചു. കരുമാലൂർ പഞ്ചായത്തിൽ പദ്ധതിക്കാവശ്യമായ സ്ഥലം ഇപ്പോൾ വാട്ടർ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇതിനായി സാങ്കേതിക പരിശോധന നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എച്ച്.എം.ടി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്നും ജലശുദ്ധീകരണശാല സ്ഥാപിക്കാനാവശ്യമായ സ്ഥലം വിലയ്ക്ക് ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇത് ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (6) റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സാരീതി

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, കേരളത്തിന്റെ അഭിമാന സ്ഥാപനമായ തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സാരീതി സംബന്ധിച്ച് 2016 ഡിസംബർ 16-ന് ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദൻ ആർ.സി.സി. ഡയറക്ടർക്കയച്ച കത്ത് സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആർ.സി.സി.-യിൽ നിലവിൽ തുടരുന്ന ചികിത്സാ സമ്പ്രദായം ശാസ്ത്രീയമല്ലെന്നും ഇവിടെ ചികിത്സയ്ക്കെത്തുന്ന ക്യാൻസർ രോഗികളുടെ ജീവൻ അപകടപ്പെടുത്താൻ ആർ.സി.സി.-ക്ക് അവകാശമില്ലെന്നും ആയതിനാൽ ചികിത്സാരീതി മാറ്റണമെന്നും ആവശ്യപ്പെടുന്നതാണ് കത്ത്. ആർ.സി.സി. പിന്തുടർന്നുവന്ന ചികിത്സാരീതി രോഗികൾക്ക് അപായകരമാണെന്ന ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ രേഖാമൂലമുള്ള പരാമർശം എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലോകോത്തര നിലവാരം പുലർത്തുന്ന ആർ.സി.സി.-യെ തകർക്കാൻ ബാഹ്യശക്തികൾ ശ്രമിക്കുന്നുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. ഏത് തരത്തിലുള്ള ചികിത്സാ സമ്പ്രദായമാണ് സ്വീകരിക്കേണ്ടതെന്ന് തീരുമാനിക്കാനുള്ള അവകാശം അവിടത്തെ വിദഗ്ദ്ധരായ ഡോക്ടർമാർക്ക് നൽകുന്നതല്ലേ ഉചിതം? സങ്കീർണ്ണവും വൈദഗ്ദ്ധ്യം നിറഞ്ഞതുമായ ക്യാൻസർ ചികിത്സയുടെ മാനദണ്ഡം സംബന്ധിച്ച് ഡോക്ടർമാരുമായി ആലോചിക്കുകപോലും ചെയ്യാതെ ഉത്തരവിറക്കുന്നതിൽ എന്തോ പന്തികേടുണ്ടെന്ന് തോന്നുന്നു. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ ഏകപക്ഷീയമായ ഈ നടപടി അവിടത്തെ ഡോക്ടർമാരുടെ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്, ഇത് ശക്തിപ്പെട്ടാൽ ആർ.സി.സി.-യുടെ പ്രവർത്തനംതന്നെ താളം തെറ്റിയെന്നുവരാം. വിവിധ വകുപ്പുകൾ സമന്വയിപ്പിച്ചുകൊണ്ടുള്ള മൾട്ടി ഡിസിപ്ലിനറി സമ്പ്രദായം ആർ.സി.സി.-യിൽ നിലവിലില്ല എന്ന ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ വാദം അടിസ്ഥാനരഹിതമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. 1998 മുതൽ അവിടെ മൾട്ടി ഡിസിപ്ലിനറി ക്ലിനിക് നിലവിലുണ്ട്. ഇതേ സമ്പ്രദായമാണ് ഡൽഹിയിലെ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ഉൾപ്പെടെ പിന്തുടരുന്നത്. ഇതുസംബന്ധിച്ച് ഡോ. കൃഷ്ണൻ നായർ അടക്കമുള്ള പല പ്രമുഖരും സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ആർ.സി.സി.-യിൽ മൾട്ടി ഡിസിപ്ലിനറി ചികിത്സ നിലവിലില്ല എന്ന ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ രേഖാമൂലമുള്ള വാദം ശരിയല്ല. ഇതും ആർ.സി.സി.-യെ ദുർബ്ബലപ്പെടുത്തുന്ന പ്രചരണമായി കാണേണ്ടിവരും. ചില സ്വകാര്യ ആശുപത്രികൾ പിന്തുടരുന്ന രീതി തന്നെ പാലിക്കണമെന്ന വകുപ്പ് സെക്രട്ടറിയുടെ നിലപാട് അനുചിതവും ചികിത്സാ സമ്പ്രദായത്തോടുള്ള അനാവശ്യ കൈകടത്തലുമാണ്. ആർ.സി.സി.-യിൽ മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കാണ് നിലവിലുള്ളത്. ഇതനുസരിച്ച് ഒരു രോഗി ഒരു ഡോക്ടറെ കണ്ടാൽ ആ ഡോക്ടറുടെ

സേവനം ആജീവനാന്തം ലഭിക്കും. ഈ ഡോക്ടർക്കാണ് മറ്റ് ഡോക്ടർമാരെ ഏകോപിപ്പിക്കേണ്ട ചുമതല. ഈ സംവിധാനം ഇപ്പോൾ ആർ.സി.സി.-യിൽ ഫലപ്രദമായി നടന്നുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ കത്തിൽ പറയുന്നതുപോലെ മൾട്ടി ഡിസിപ്ലിനറി ക്ലിനിക്കിനെ മൾട്ടി ഡിസിപ്ലിനറി ബോർഡാക്കിയാൽ ഇപ്പോൾ രോഗിക്ക് കിട്ടുന്ന ഡോക്ടർമാരുടെ പ്രാഥമിക സേവനം ഇല്ലാതാകും. ഇത് ഫലത്തിൽ ആർ.സി.സി.-യുടെ പുകഴ്പെറ്റ സേവനമികവിന് തന്നെ ഇടിവുണ്ടാക്കും. സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ താല്പര്യം ഇതിനുപിന്നിലുണ്ടെന്ന ആക്ഷേപമാണ് ഉയർന്നിട്ടുള്ളത്. ആർ.സി.സി.-യിലെ ചികിത്സ ഏതെങ്കിലും സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ എന്നതും വ്യക്തമാക്കുന്നത് നന്നായിരിക്കും. ഏത് തരത്തിലുള്ള മാറ്റവും ഡോക്ടർമാരെ വിശ്വാസത്തിലെടുത്തും രോഗികൾക്ക് കൂടുതൽ ആശ്വാസം പകരുന്നതുമായിരിക്കണം. ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആർ.സി.സി.-യിൽ അടുത്ത കാലത്തായി ഏർപ്പെടുത്തിയ ചികിത്സാ പരിഷ്കാരത്തെക്കുറിച്ച് ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദന് തെറ്റിദ്ധാരണയുണ്ടായതിൽ ഞാൻ ഖേദിക്കുകയാണ്. ഇവിടെ പരാമർശിച്ചതുപോലെ ആരോഗ്യ വകുപ്പ് സെക്രട്ടറി ഏകപക്ഷീയമായി ആർ.സി.സി.-യിൽ ഒരു തീരുമാനവുമെടുത്തിട്ടില്ല. ആരോഗ്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാനും ആരോഗ്യ വകുപ്പ് സെക്രട്ടറിയും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആർ.സി.സി.-യിലെ ചികിത്സയിൽ ചില പരിഷ്കരണങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ടെന്ന് തീരുമാനിക്കുകയായിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ആർ.സി.സി.-യിലെ ചികിത്സാരംഗത്ത് പരിഷ്കാരം ഏർപ്പെടുത്താൻ തയ്യാറായിട്ടുള്ളതെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

തിരുവനന്തപുരം ആർ.സി.സി. ലോകോത്തര നിലവാരമുള്ള ഒരു സ്ഥാപനമാണ്. കേരളത്തിലെ പതിനായിരക്കണക്കിന് ക്യാൻസർ രോഗികൾ ആശ്രയിക്കുന്ന ഏറ്റവും മഹത്തായ സ്ഥാപനമാണിത്. അവിടത്തെ ചികിത്സ ഏറ്റവും മികച്ചതാക്കി മാറ്റുകയെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമാണ്. ആർ.സി.സി.-യുടെ ക്യാൻസർ ചികിത്സ അന്താരാഷ്ട്ര മാതൃകയിൽ നടപ്പിലാക്കുന്നതിനുവേണ്ടി മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡിന് രൂപം കൊടുക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 30-11-2016-ന് പ്രസ്തുത ബോർഡ് രൂപീകരിക്കുകയുണ്ടായി. അതിനുമുമ്പ് പരസ്പരം കൺസൾട്ട് ചെയ്ത്

ഡോക്ടർമാർ കാര്യങ്ങൾ ചെയ്യാറുണ്ടായിരുന്നെങ്കിലും വളരെ വ്യക്തമായ നിർദ്ദേശത്തോടുകൂടി ഒരു മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് അവിടെ രൂപം കൊണ്ടിരുന്നില്ല. ക്യാൻസർ ചികിത്സയ്ക്ക് പ്രധാനമായും റേഡിയേഷൻ ഓങ്കോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ് എന്നീ ക്യാൻസർ വിദഗ്ദ്ധരുടെ സേവനം ആവശ്യമുണ്ട്. ഈ മൂന്ന് ചികിത്സാരീതികളെയും സമന്വയിപ്പിച്ചുകൊണ്ടാണ് ലോകോത്തര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സ നടത്തുന്നത്. ടാറ്റാ മെമ്മോറിയൽ സെന്റർ, ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കേരളത്തിൽത്തന്നെയുള്ള മലബാർ ക്യാൻസർ സെന്റർ തുടങ്ങിയ മേജർ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ഈ സംയോജിത ചികിത്സാരീതിയാണ് അനുവർത്തിച്ചുപോരുന്നത്. രോഗികളുടെ ഉത്തമ താല്പര്യം മുൻനിർത്തിയാണ് ഈ രീതി നടപ്പിലാക്കുന്നത്. ആർ.സി.സി.-യിലും വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിലൂടെ ഈ മൂന്ന് വിദഗ്ദ്ധരുടെയും സേവനം രോഗികൾക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ മൂന്ന് വിഭാഗങ്ങളിലെയും വിദഗ്ദ്ധരെ ഒരേ ക്ലിനിക്കിൽത്തന്നെ ലഭ്യമാക്കിക്കൊണ്ട് 2017 ജനുവരി മാസം 2-ാം തീയതി മുതൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ആർ.സി.സി.-യിൽ രൂപീകരിക്കുകയുണ്ടായി. അങ്ങനെയാണ് ഉത്തരവിറക്കിയത്. ഇതുവഴി ഓരോ ക്യാൻസർ രോഗത്തിനുമുള്ള സമഗ്ര ചികിത്സ രോഗികൾക്ക് ലഭ്യമാക്കാനും ചികിത്സാ ഗുണനിലവാരം ഉയർത്താനും സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്. ഈ മൂന്ന് വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരും ചർച്ചചെയ്താണ് പിന്നീടുള്ള ചികിത്സാകാര്യങ്ങൾ നിർദ്ദേശിക്കുന്നതെന്നുള്ളതാണ് പുതുമ. പുതുതായി എത്തുന്ന രോഗികൾക്ക് ചികിത്സ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത് മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡാണ്. എന്നാൽ ഈ ബോർഡ് കൈക്കൊള്ളുന്ന തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ഇതിന്മേൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതിന് മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വകുപ്പുകളിലെ മേധാവികളെ ഉൾപ്പെടുത്തിയും കോർ മെമ്പേഴ്സിനെ അംഗങ്ങളാക്കിയും ഒരു കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മീറ്റിംഗുകളിൽ ഓരോ വിഭാഗത്തിലെയും മുതിർന്ന ഫാക്കൽറ്റികളെ ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. 2-1-2017-ൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിച്ച് അതിന്റെ പ്രവർത്തനരീതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിനെ സംബന്ധിച്ച് ചില ഡോക്ടർമാരിൽനിന്നും ഉയർന്ന ആവലാതികളുടെ അടിസ്ഥാനത്തിൽ അവരുടെ ഭാഗത്തു നിന്നുള്ള നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് അവരുടെ ചില നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് 14-2-2017-ൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ

ദിവസവും മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് യോഗം ചേരുന്നതിനാൽ രോഗികൾക്ക് ചികിത്സ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നില്ല; മറിച്ച് മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇങ്ങനെയൊരു തീരുമാനം വന്നപ്പോൾ ചില സംശയങ്ങളും പരാതികളും ആർ.സി.സി.-യിൽ വന്നിരുന്നു. ഒരു വിഭാഗം ഡോക്ടർമാർ ഈ പ്രശ്നത്തിൽ അവരെ ഇകഴ്ത്തിക്കാണിക്കുന്നുവെന്ന സംശയത്താൽ പരാതിയുമായി ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ എന്റെ അടുത്തുവരികയും ആക്ഷേപങ്ങൾ ബോധിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് ചർച്ച നടത്തുയുണ്ടായി. അവരാണ് കീമോതെറാപ്പി അടക്കമുള്ളവ ചെയ്തിരുന്നത്. ഇപ്പോൾ ധാരാളം മെഡിക്കൽ ഓങ്കോളജിസ്റ്റുകൾ ആർ.സി.സി.-യിലുണ്ട്. ഇവരെയെല്ലാം സമന്വയിപ്പിച്ചുകൊണ്ട് ഓരോരുത്തരെയും അവർക്ക് അർഹതപ്പെട്ട മേഖലകളിലേയ്ക്ക് വിന്യസിപ്പിക്കണമെന്നാണ് ആഗ്രഹിച്ചത്.

12 Noon]

ഇക്കാര്യത്തിൽ റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിലുണ്ടായ ഡോക്ടർമാരുടെ സംശയം ദുരീകരിക്കുന്നതിന് ഞാൻ തന്നെ അവരെ വിളിച്ചുവരുത്തി ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയതിന്റെ ഭാഗമായി വ്യക്തമായ തീരുമാനം എടുത്തിട്ടുണ്ട്. രോഗികളെ തുല്യമായി (സമാനമായ എണ്ണം അടിസ്ഥാനമാക്കിയല്ല) വീതിച്ച് നൽകാൻ തീരുമാനിച്ച കാര്യം അവരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. സർജിക്കൽ കേസുകൾ വരുന്നത് സർജിക്കൽ ഓങ്കോളജിസ്റ്റും കീമോ, റേഡിയേഷൻ എന്നിവ ആവശ്യമായിട്ടുള്ളവരെ റേഡിയേഷൻ ഓങ്കോളജിസ്റ്റും പ്രൈമറി കീമോതെറാപ്പിയാണ് ആവശ്യമെങ്കിൽ മെഡിക്കൽ ഓങ്കോളജിസ്റ്റും പ്രത്യേകം കൈകാര്യം ചെയ്യേണ്ടതാണ്. എന്നാൽ ഇവരെല്ലാം ചേർന്ന് ആലോചിച്ചിട്ടാണ് എവിടെയാണ് രോഗി പോകണമെന്ന് നിശ്ചയിക്കുന്നത്. രോഗാവസ്ഥകൂടി കണക്കിലെടുത്താണ് ഓരോന്നിനും പ്രിഫറൻസ് കൊടുക്കുന്നത്. മാത്രമല്ല, റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽപ്പെട്ടവർക്കുണ്ടായ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് അവരുടെ എക്സ്പീരിയൻസുകൂടി കണക്കിലെടുത്തുകൊണ്ട്, കൂടുതൽ എക്സ്പീരിയൻസ്ഡായിട്ടുള്ള ഡോക്ടർമാരെ പ്രത്യേക രീതിയിൽ പരിഗണിക്കുന്നതിനുള്ള തീരുമാനം എടുത്തുകൊണ്ടാണ് 14-2-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവ് ആരോഗ്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ കൊടുത്ത നിർദ്ദേശമനുസരിച്ച് ആരോഗ്യ വകുപ്പ് സെക്രട്ടറി എഴുതിയ കത്തിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ ആദ്യം സൂചിപ്പിച്ചത്. അത് ഏകപക്ഷീയമായി ആരോഗ്യ വകുപ്പ് സെക്രട്ടറി അയച്ച കത്തല്ല. ആർ.സി.സി. ഡയറക്ടർ ഡോ. പോൾ സെബാസ്റ്റ്യനാണ് ഈ ഉത്തരവുകൾ ആർ.സി.സി.-ക്കുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളത്. ഇപ്പോൾ അവിടെ

പ്രശ്നങ്ങളില്ല; അവരെല്ലാം ഭംഗിയായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. സാധാരണ തുടർന്നുകൊണ്ടിരിക്കുന്ന സംവിധാനത്തിൽനിന്ന് ചെറിയൊരു മാറ്റം വരുമ്പോൾ സ്വാഭാവികമായിട്ടുണ്ടാകുന്ന ചില സംശയങ്ങളും അസ്വസ്ഥതകളും ഒന്നുരണ്ടാഴ്ച നിലനിന്നിരുന്നുവെന്നുള്ളത് വസ്തുതയാണ്. എന്നാൽ അത് എല്ലാവരുടെയും ഗുണത്തിനാണെന്ന് ബോദ്ധ്യപ്പെട്ടതോടുകൂടി കൂടുതൽ മെച്ചപ്പെട്ട ചികിത്സാവസ്ഥയിലേയ്ക്ക് ആർ.സി.സി.-യിലെ ഈ വിഭാഗങ്ങളാകെ മാറിയിട്ടുണ്ട് എന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## (7) പാരിപ്പള്ളി മെഡിക്കൽ കോളേജ്

ശ്രീ. ജി. എസ്. ജയലാൽ: സർ, പാരിപ്പള്ളിയിൽ സ്ഥിതിചെയ്യുന്ന കൊല്ലം ജില്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടാണ് എന്റെ ഈ സബ്മിഷൻ. ഇ.എസ്.ഐ. തൊഴിലാളികളുടെ ഫണ്ടുപയോഗിച്ച് ഏതാണ്ട് 500 കോടി രൂപയോളം വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഈ മെഡിക്കൽ കോളേജിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് ഒരു ഘട്ടത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഉപേക്ഷിക്കുമ്പോൾ കേരള ഗവൺമെന്റ് അത് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ തയ്യാറായതിന് ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഈ വർഷംതന്നെ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 500 കിടക്കകളുള്ള ആശുപത്രിയാണത്. പ്രവർത്തനം ആരംഭിച്ച് കുറച്ചുദിവസങ്ങളേ ആയിട്ടുള്ളൂവെങ്കിലും എതാണ്ട് 2000-ത്തിലധികം ഒ.പി. ഉണ്ട്. 200 ഡോക്ടർമാരാണ് അവിടെ വേണ്ടത്; ഇപ്പോഴുള്ളത് 108 ഡോക്ടർമാരാണ്. 609 അനുബന്ധ ജീവനക്കാർ ആവശ്യമുള്ളതിൽ ഇപ്പോൾ 282 പേരാണുള്ളത്. ക്ലീനിംഗ്, സെക്യൂരിറ്റി ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. 500 കോടിയോളം രൂപ ചെലവഴിച്ച് മെച്ചപ്പെട്ട ഭൗതികസാഹചര്യം ഒരുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും 'ആർദ്രം' പദ്ധതിയുമായി ബന്ധപ്പെട്ട് പൊതു ആരോഗ്യ കേന്ദ്രങ്ങളെ ശാക്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന ഗവൺമെന്റ് കാർഡിയോളജി, നെഫ്രോളജി, കാർഡിയോ തൊറാസിക് സർജറി, ആക്സിഡന്റ് കേസുകൾ കൈകാര്യം ചെയ്യുന്ന ന്യൂറോസർജറി ഉൾപ്പെടെയുള്ള വിഭാഗങ്ങളിലേയ്ക്ക് പ്രൊഫസർമാരുടെയും അസോസിയേറ്റ് പ്രൊഫസർമാരുടെയും അസിസ്റ്റന്റ് പ്രൊഫസർമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതുണ്ട്. അതുപോലെതന്നെ 'കാത്ത് ലാബി'നുവേണ്ടി 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 20 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റ് ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന് മനസ്സിലാക്കുന്നു; അത് എത്രയും പെട്ടെന്ന് അനുവദിക്കണം. ഇന്ന് കേരളത്തിൽ ക്യാൻസർ രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഈ മെഡിക്കൽ കോളേജിൽ ക്യാൻസർ കെയറിനുവേണ്ടിയുള്ള മെഡിക്കൽ ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി ഉൾപ്പെടെയുള്ള വിഭാഗങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ പുതുതായി ഒരു

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, 100 കിടക്കകൾകൂടി വർദ്ധിപ്പിച്ചുകൊണ്ട് ആരംഭിക്കണമെന്ന നിർദ്ദേശമുണ്ട്. അവിടെ ജീവൻരക്ഷാ മരുന്നുകൾ യഥേഷ്ടം ലഭ്യമാക്കുന്നതിന് കഴിയാത്ത അവസ്ഥയുണ്ട്. അത് പരിഹരിക്കണം. ഏറ്റവും പ്രധാനപ്പെട്ട വിഷയം, ഇ.എസ്.ഐ. കോർപ്പറേഷനുമായി ഗവൺമെന്റ് ഒപ്പിട്ടിരുന്ന MOU-വിൽ പറയുന്ന, ഗവൺമെന്റ് ഉറപ്പുകൊടുത്തിരുന്ന ഇ.എസ്.ഐ. തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ടാണ് ഇത് ഏറ്റെടുത്തിട്ടുള്ളത്. ഗവൺമെന്റ് ഉറപ്പുകൊടുത്തിരുന്നത് സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, സൗജന്യ ആംബുലൻസ്, ഉയർന്ന ചികിത്സയ്ക്കുവേണ്ടി ലഭിച്ചിരുന്ന റഫറൽ സൗകര്യം, സൗജന്യ ഭക്ഷണം ഇതൊക്കെയാണ്. അതിൽ സൗജന്യ ചികിത്സ മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. സൗജന്യ മരുന്നും ഭക്ഷണവും ആംബുലൻസും റഫറൽ സൗകര്യവും ഇപ്പോൾ ലഭിക്കുന്നില്ല. വമ്പിച്ച പ്രതിഷേധമാണ് ആ പ്രദേശത്തെ ഇ.എസ്.ഐ. തൊഴിലാളികളുടെ ഇടയിലുണ്ടായിട്ടുള്ളത്. വലിയ സമരങ്ങൾ ആശുപത്രിക്ക് മുന്നിൽ ആരംഭിച്ചിരുന്നു. അതൊക്കെ ഗവൺമെന്റ് ഉറപ്പുകൊടുത്താണ് അവസാനിപ്പിച്ചത്. അത് വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കും. ഗവൺമെന്റുമായി ബന്ധപ്പെട്ട മറ്റ് ജനകീയ പദ്ധതികളുടെ മുഖംതകർക്കാൻ അത് കാരണമാകുമെന്ന് സൂചിപ്പിക്കുകയാണ്. അടിയന്തരമായി ഈ സൂചിപ്പിച്ച വിഷയങ്ങൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യ വികസനമുൾപ്പെടെ അതിലെ ഏറ്റവും പ്രധാനമായി ഇ.എസ്.ഐ. തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും നിലനിർത്തിക്കൊണ്ട് ആ മെഡിക്കൽ കോളേജ് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പാരിപ്പള്ളി മെഡിക്കൽ കോളേജ് 2015 ഒക്ടോബർ 20-ന് മുൻ സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും ഏറ്റെടുക്കുകയുണ്ടായി. സൗകര്യപ്രദമായ കെട്ടിടം ഉണ്ടായിരുന്നുവെങ്കിലും മെഡിക്കൽ കോളേജിനാവ ശ്യമായ തസ്തികകൾ, ഉപകരണങ്ങൾ, മറ്റുചില സൗകര്യങ്ങൾ ഇവയൊന്നും ഉണ്ടായിരുന്നില്ല. മെഡിക്കൽ കോളേജിനാവശ്യമായവിധം എം.സി.ഐ. നിർദ്ദേശിക്കുന്ന ആശുപത്രിയടക്കം ആരംഭിക്കേണ്ടതുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഉറപ്പാക്കുന്നതിനുവേണ്ടി സൂപ്രണ്ട്, പ്രിൻസിപ്പാൾ തുടങ്ങിയ പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ ആദ്യംതന്നെ നിശ്ചയിക്കുകയും ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കുകയുമാണുണ്ടായത്. 500 കിടക്കകളുള്ള ആശുപത്രി അവിടെ ആരംഭിക്കേണ്ടതുണ്ടായിരുന്നു. ഏതായാലും ആശുപത്രിയുടെ പ്രവർത്തനം വളരെ പെട്ടെന്നുതന്നെ ആരംഭിക്കാൻ കഴിഞ്ഞുവെന്നുള്ളത്

അറിയിക്കുകയാണ്. 14-8-2016-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ആശുപത്രിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റുകാര്യങ്ങളും ചെയ്യേണ്ടതുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 8 മാസത്തിനുള്ളിൽ പാരിപ്പള്ളി മെഡിക്കൽ കോളേജിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ വളരെ വലുതാണ്. ആഗസ്റ്റ് 14-നാണ് ഒ.പി. ബ്ലോക്ക് ഉദ്ഘാടനം ചെയ്തത്. 2015 ഒക്ടോബർ 20-ന് ഏറ്റെടുത്തെങ്കിലും 2016 ഒക്ടോബർ 22-ാം തീയതിയാണ് ഇ.എസ്.ഐ. കോർപ്പറേഷൻ മെഡിക്കൽ കോളേജ് കൈമാറിയത്. ഒരു വർഷം കഴിഞ്ഞിട്ടാണ് കൈമാറ്റ പ്രക്രിയ പൂർത്തിയാക്കിയത്. ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് കൈമാറ്റ പ്രക്രിയ പൂർത്തിയാക്കാൻ ആരോഗ്യ വകുപ്പ് നന്നായി ഇടപെട്ടിട്ടുണ്ട്; അതിന്റെ ഭാഗമായിട്ടാണ് കൈമാറ്റം പൂർത്തിയാക്കിയത്. ജനുവരി 4-ന് ഹോസ്പിറ്റലിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി ഈ ഗവൺമെന്റ് 18 കോടി രൂപ അനുവദിക്കുകയും അതിന് എ.എസ്. നൽകുകയും ചെയ്തു. നവംബർ 21, 22 തീയതികളിലാണ് അവിടെ ആദ്യമായി എം.സി.ഐ. ഇൻസ്പെക്ഷന് വന്നത്. അപ്പോൾ ഈ കാര്യങ്ങളെല്ലാം ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തുകയായിരുന്നു. എം.സി.ഐ. ഇൻസ്പെക്ഷൻ നടത്തുന്നതിന് അത്യാവശ്യമായി ചില കാര്യങ്ങൾ ചെയ്യുന്നതിനായി 50 ലക്ഷം രൂപ അപ്പോൾത്തന്നെ അനുവദിച്ചു. അവിടെ തസ്തികകളൊന്നും ഉണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ 390 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. 108 മെഡിക്കൽ സ്റ്റാഫിനെയും 282 പാരാമെഡിക്കൽ സ്റ്റാഫിനെയും അവിടെ നിശ്ചയിച്ചുവെന്നുള്ളതും വളരെ അഭിമാനത്തോടെ അറിയിക്കുകയാണ്. എം.സി.ഐ. അംഗീകാരത്തിന് 59 ഡോക്ടർമാർ മതിയെന്നിരിക്കെ 83 ഡോക്ടർമാരെ നിയമിക്കാൻ സാധിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായിരുന്ന അവിടത്തെ ബ്ലഡ് ബാങ്ക് ഒരു മെഡിക്കൽ കോളേജിന് അനുയോജ്യമായിട്ടുള്ള ആധുനിക സജ്ജീകരണങ്ങളോടെയുള്ളതും 24 മണിക്കൂറും പ്രവർത്തിക്കുന്നതുമായ ഒന്നാക്കി മാറ്റുകയും ചെയ്തു. അതുപോലെതന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സർവ്വീസ് അവിടെ ആരംഭിച്ചുകഴിഞ്ഞു. സി.റ്റി. സ്കാനർ, എൻഡോസ്കോപ്പി ഉപകരണം എന്നിവ വാങ്ങുന്നതിന് ഓർഡർ കൊടുത്തുകഴിഞ്ഞു. ഓപ്പറേഷൻ തിയേറ്ററുകൾ സജ്ജീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഐ.സി.യു. ഉപകരണങ്ങൾ വാങ്ങി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 8 മാസത്തിനുള്ളിൽ ഈ ഗവൺമെന്റ് അനുവദിച്ച 10 കാത്ത് ലാബുകളിൽ ഒന്ന് പാരിപ്പള്ളി മെഡിക്കൽ കോളേജിനുവേണ്ടിയുള്ളതാണ്. ഇപ്പോൾ അതിന്റെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പാരിപ്പള്ളി മെഡിക്കൽ കോളേജ് കെട്ടിടത്തിനുള്ളിൽ ഒരുക്കിയിട്ടുണ്ട്. ഒരു ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ടെണ്ടർ നടപടികളെല്ലാം പൂർത്തീകരിക്കുന്ന മുറയ്ക്ക് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഡയാലിസിസ് സംവിധാനവും ഏർപ്പെടുത്തുന്നതാണ്. എം.സി.ഐ. പരിശോധന നേരിടാനുള്ള സജ്ജീകരണങ്ങൾ ഓരോന്നോരോന്നായി ഒരുക്കിക്കൊണ്ടിരിക്കുകയാണ്. 500 കിടക്കകളുള്ള ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് വരുന്നതിനുമുൻപ് അവിടെ ഒരു ഇ.എസ്.ഐ. ആശുപത്രി മാത്രമാണ് ഉണ്ടായിരുന്നത്. ആ ആശുപത്രിയിൽ ശരാശരി 200 മുതൽ 250 രോഗികളാണ് ഒ.പി. വിഭാഗത്തിൽ വന്നിരുന്നത്. ഈ ആശുപത്രി തുടങ്ങിയതിനുശേഷം 1300-നും 1500-നും ഇടയിലാണ് രോഗികൾ വന്നുകൊണ്ടിരിക്കുന്നത്. അവിടെ പ്രസവമുറി സജ്ജീകരിച്ച് പ്രസവത്തിനുള്ള എല്ലാ സജ്ജീകരണങ്ങളും ചെയ്തിട്ടുണ്ട്. കാരുണ്യ ഫാർമസി ഏപ്രിൽ 1-ാം തീയതി ആരംഭിക്കുകയാണ്. അതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. ആളുകൾ കൂടുതലായി വരുന്നതുകൊണ്ട് കുടുംബശ്രീയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്യാന്റീൻ മാർച്ച് 6-ാം തീയതി ആരംഭിച്ചിട്ടുണ്ട്. നൂതന പരിശോധനാ രീതികളും വിവിധതരം ശസ്ത്രക്രിയകളും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഏതായാലും പാരിപ്പള്ളി മെഡിക്കൽ കോളേജ് നമ്മുടെ കൺമുൻപിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണെന്നാണ് എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട വസ്തുത.

ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഒന്നുരണ്ട് കാര്യങ്ങളുണ്ട്. അതിൽ ഒന്ന് എം.ഒ.യു. അനുസരിച്ചുള്ള കാര്യങ്ങൾ എല്ലാം ശരിയാകണമെന്നുള്ളതാണ്. ഞാൻ കുറച്ച് ഉൽക്കണ്ഠയോടെ പറയുകയാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇ.എസ്.ഐ.-യിൽനിന്ന് ഏറ്റെടുക്കുമ്പോൾ അന്ന് ഇ.എസ്.ഐ. കോർപ്പറേഷനുമായി ഒപ്പുവച്ച എഗ്രിമെന്റ് കുറച്ച് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. വേണ്ടത്ര ആലോചിക്കാതെയും അവധാനതയില്ലാതെയുമാണ് എഗ്രിമെന്റ് ഒപ്പിട്ടത്. ആ എഗ്രിമെന്റ് ബ്രേക്ക് ചെയ്തുകൂടേ എന്ന് ചോദിച്ചാൽ, അപ്പോഴുണ്ടാകുന്ന സാഹസം എല്ലാവർക്കും അറിയാവുന്നതാണല്ലോ? ഹോസ്പിറ്റലിൽ നിന്നുണ്ടാകുന്ന വരുമാനംപോലും എങ്ങനെ ഷെയർ ചെയ്യപ്പെടണമെന്ന് എഗ്രിമെന്റിൽ എഴുതിയിട്ടുണ്ട്. ഗവൺമെന്റിന് നടത്തിക്കൊണ്ടുപോകാൻ വലിയ ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിലുള്ള വ്യവസ്ഥയാണ് എഗ്രിമെന്റിലുള്ളത്. ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകണമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. അവിടെ ഇന്നുള്ള ഇ.എസ്.ഐ. ആനുകൂല്യം നേരത്തെ ഉണ്ടായിരുന്നതാണ്. മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്യുന്നതിന് മുമ്പുണ്ടായിരുന്ന ഇ.എസ്.ഐ. ആശുപത്രിയിലെ ആനുകൂല്യം വളരെ പരിമിതമാണ്. അതാണ് രോഗികൾക്ക് കിട്ടിക്കൊണ്ടിരുന്നത്. പക്ഷെ ഇപ്പോൾ വരുന്ന തൊഴിലാളികൾക്ക് കിട്ടേണ്ടത് ഒരു മെഡിക്കൽ കോളേജിൽനിന്നുള്ള ആനുകൂല്യമാണ്. അതാണ് അവർ ആവശ്യപ്പെടുന്നത്. ആ ഒരു ഘട്ടത്തിലെത്തിയാലേ അവർക്ക് ആനുകൂല്യം

ലഭിക്കുകയുള്ളൂ. ആ ആനുകൂല്യം കൊടുക്കണമെങ്കിൽ ഇ.എസ്.ഐ. കോർപ്പറേഷ-നുമായി ചർച്ച നടത്തണം. ഇ.എസ്.ഐ. കോർപ്പറേഷന്റെ അധികാരികളുമായി കഴിഞ്ഞ ദിവസം, അസംബ്ലി സെഷൻ നടക്കുന്നതിനിടയിൽ ചർച്ച നടത്തിയിരുന്നു. ഇ.എസ്.ഐ. കോർപ്പറേഷൻകൂടി സമ്മതിച്ചുകൊണ്ട് ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കിയാൽ മാത്രമേ അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള ഫുഡ്, ആഗ്രഹിക്കുന്ന ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യാനുള്ള സൗകര്യം ഇതൊക്കെ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. അതിന് ഇ.എസ്.ഐ. കോർപ്പറേഷന് ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ഡൽഹിയിൽ നിന്നുള്ള തീരുമാനം അറിയിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അവിടെ ഒരു ആനുകൂല്യവും നിഷേധിച്ചിട്ടില്ല. ഇപ്പോൾ ലഭ്യമാകുന്ന എല്ലാ ആനുകൂല്യവും തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. തൊഴിലാളികൾ വരുന്നതിൽ അൽപ്പം കുറവുണ്ടായിട്ടുണ്ട്. അത് മറ്റുചില കേന്ദ്രങ്ങളിലേയ്ക്ക് അവർ പോകുന്നുവെന്നുള്ളതുകൊണ്ടാണ്. എന്നാൽ തൊഴിലാളികൾ വിഭാവന ചെയ്യുന്ന മെഡിക്കൽ കോളേജിൽനിന്നും കിട്ടേണ്ട ആനുകൂല്യം കിട്ടണമെങ്കിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ചില പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കിത്തരേണ്ടതുണ്ടെന്ന് അവരെ അറിയിച്ചിട്ടുണ്ട്. പാരിപ്പള്ളി മെഡിക്കൽ കോളേജിനുവേണ്ടി ഇത്രയും ഭാരിച്ച പ്രവർത്തനമാണ് ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുകയാണ്.

## (8) പങ്കാളിത്ത പെൻഷൻ

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ അഞ്ച് ലക്ഷത്തിൽപ്പരം വരുന്ന സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ദുരിതം ഞാൻ സഭയെ അറിയിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്ത പല നടപടികളും ക്രമക്കേടുകളും ഈ ഗവൺമെന്റ് പുനഃപരിശോധിക്കുകയാണ്. അതിന് ഒരു ഉപ സമിതിയെ നിയോഗിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ 2013 ഏപ്രിൽ മുതൽ ഏകപക്ഷീയമായി കേരളത്തിൽ നടപ്പിലാക്കിയ, സർക്കാർ ജീവനക്കാരുടെമേൽ അടിച്ചേൽപ്പിക്കപ്പെട്ട പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്. ഇത് പരീക്ഷിച്ച എല്ലാ രാജ്യങ്ങളും പരാജയപ്പെട്ടിരിക്കുകയാണ്. ദീർഘനാളായി കേരളത്തിലെ സർക്കാർ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ ആനുകൂല്യം പാടെ നിഷേധിച്ചുകൊണ്ടാണ് 2013-ൽ കഴിഞ്ഞ ഗവൺമെന്റ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത്. 2002 മുതൽ ഇതിന്റെ പരിശ്രമങ്ങൾ നടന്നുവരികയായിരുന്നു. 2006-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റ് പങ്കാളിത്ത പെൻഷൻ നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. പക്ഷെ 2011-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് ജീവനക്കാർ നടത്തിയ പണിമുടക്കുകളും സമരങ്ങളും പ്രതിഷേധങ്ങളുമെല്ലാം അവഗണിച്ചുകൊണ്ട് ഏകപക്ഷീയമായി അത് നടപ്പിലാക്കുകയാണുണ്ടായത്. രണ്ടാമത്തെ അപകടം,

ഈ ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള കോടിക്കണക്കിന് രൂപ ഇപ്പോൾ കൈകാര്യം ചെയ്യുന്നത് ആക്സിസ് ബാങ്കുപോലുള്ള സ്വകാര്യ/കോർപ്പറേറ്റ് ബാങ്കുകളാണ്. ലോകത്ത് പല ബാങ്കുകളും തകർന്നുകൊണ്ടിരിക്കുകയാണ്. ഈ ബാങ്കുകൾക്ക് എന്തെങ്കിലും സംഭവിച്ചാൽ ജീവനക്കാരുടെ പെൻഷനും കേരളത്തിന്റെ സമ്പദ്ഘടന തന്നെ ഇല്ലാതാകും. അതുകൊണ്ട് ഇത് ട്രഷറിയിലേയ്ക്ക് മാറ്റണം. ഞാൻ ഈ വിഷയത്തിൽ ഇടപെട്ടപ്പോൾ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി പറഞ്ഞത്, ഇത് ട്രഷറിയിലേയ്ക്ക് മാറ്റാമെന്നും അതോടുകൂടി പ്രശ്നങ്ങളെല്ലാം തീരുമെന്നുമാണ്. അതാണല്ലോ ഉൽക്കണ്ഠയെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ട് ദയവുചെയ്ത് ഗവൺമെന്റ് ഇത് പുനഃപരിശോധിക്കണം. ട്രഷറിയിലേയ്ക്ക് ഇതിന്റെ അക്കൗണ്ട് സിസ്റ്റം മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : സർ, ഇന്ന് ഇന്ത്യയിൽ എല്ലാ സംസ്ഥാനത്തും പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്. രണ്ട് ലക്ഷ്യങ്ങളാണ് ഈ പദ്ധതി വിഭാവന ചെയ്യുന്നത്. ഒന്ന്, ജീവനക്കാർക്ക് നൽകുന്ന റിട്ടയർമെന്റ് ആനുകൂല്യം ഗണ്യമായി കുറയ്ക്കുക. കാരണം പെൻഷൻ ബാദ്ധ്യത കുറയ്ക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. രണ്ടാമത്തേത്, ഇതിനുവേണ്ടി രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് ബാങ്കുകൾക്കും ഷെയർ മാർക്കറ്റുകൾക്കും മറ്റും ലഭ്യമാക്കുക. ഈ രണ്ട് ലക്ഷ്യത്തോടെയാണ് അത് നടപ്പാക്കിയിട്ടുള്ളത്. ഇതിനെതിരായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശക്തമായ എതിർപ്പ് സംസ്ഥാനത്ത് ജീവനക്കാരും രാഷ്ട്രീയ കക്ഷികളും ഉയർത്തിയിരുന്നു. എങ്കിലും അത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി. ഇത് എങ്ങനെയാണ് പുനഃപരിശോധിക്കേണ്ടതെന്നും എന്ത് ഭേദഗതിയാണ് കൊണ്ടുവരാൻ സാധിക്കുന്നതെന്നുമുള്ള കാര്യങ്ങൾ ആലോചിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നാണ് സർക്കാർ ചിന്തിക്കുന്നത്. ഇതിൽനിന്നും പിൻവാങ്ങുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ തീരുമാനങ്ങളുണ്ട്. ഇതുപോലെത്തന്നെ കേന്ദ്ര സർക്കാർ കൊണ്ടുവരാൻ പോകുന്ന പുതിയ FRBM Act ഉണ്ട്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന റവന്യൂ കമ്മിയുള്ളത് കേരളത്തിലാണ്. ഇതിന്റെയെല്ലാം പശ്ചാത്തലത്തിൽ വേണം എന്ത് നടപടി വേണമെന്ന് തീരുമാനിക്കേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ഉന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ഒരു സമിതിയെവച്ച് പുനഃപരിശോധിക്കാമെന്നാണ് ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## (9) ഉടമസ്ഥാവകാശം

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, അരുവിക്കര നിയോജകമണ്ഡലത്തിലെ ആര്യനാട് ഗ്രാമപഞ്ചായത്തിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

1978-ൽ ആരംഭിച്ച ഒരു പദ്ധതിയാണ് ആര്യനാട് കോട്ടയ്ക്കകം വിഷ്ണുനഗർ ഹൗസിംഗ് ബോർഡ് കോളനി. ദുർബല വിഭാഗങ്ങൾക്കുവേണ്ടി 15 ഏക്കറിൽ 220 കുടുംബങ്ങൾക്ക് 20 സ്ക്വയർ മീറ്ററിൽ ഓടിട്ട വീടുകൾ, റോഡ്, കരമനയാറിൽനിന്നും കോളനിക്കുവേണ്ടി പ്രത്യേക ശുദ്ധജല പദ്ധതി, അതിനോടൊപ്പം തന്നെ ഒരു പക്ഷെ കേരളത്തിലാദ്യമായി ഒരു കോളനിക്കകത്ത് സ്വയംതൊഴിൽ സംരംഭം, ശ്മശാനം തുടങ്ങിയ സൗകര്യങ്ങളുള്ള ഒരു കോംപ്രിഹെൻസീവ് പാക്കേജായിട്ടാണ് ഈ പദ്ധതി 1978-ൽ ആവിഷ്കരിച്ചത്. ആ വർഷം നടന്ന കേന്ദ്രസർക്കാരിന്റെ All India Rural Housing Competition-ൽ ഈ പദ്ധതിക്ക് അഖിലേന്ത്യാ തലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചതാണ്. അങ്ങനെ വലിയ രീതിയിൽ കൊട്ടിഘോഷിച്ച് തുടങ്ങിയ പദ്ധതിയുടെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഇന്ന് ഏകദേശം 78 കുടുംബങ്ങളാണ് അവിടെ താമസിക്കുന്നത്. വികലാംഗർ ഉൾപ്പെടെയുള്ളവർ താമസിക്കുന്ന ആ സ്ഥലത്തെ ഓടിട്ട വീടുകളൊക്കെ പൊട്ടിപ്പൊളിഞ്ഞിരിക്കുകയാണ്. അതിനോടൊപ്പം അന്ന് പ്രഖ്യാപിച്ച സ്വയം തൊഴിൽ പദ്ധതിയും കുടിവെള്ള പദ്ധതിയുമൊന്നും യാഥാർത്ഥ്യമായിട്ടില്ല. അവിടെ താമസിക്കുന്നവർക്ക് ഉടമസ്ഥാവകാശം ലഭിച്ചിട്ടില്ല. ഞാൻ മനസ്സിലാക്കുന്നത് 2009 മേയ് 20-ാം തീയതിയിലെ സർക്കാർ ഉത്തരവിൽ ഭവനനിർമ്മാണ ബോർഡിൽനിന്നും 1977 മുതൽ 1997 വരെയുള്ള പദ്ധതികൾ പ്രകാരം വായ്പ എടുത്ത വരുമാനം കുറഞ്ഞ 30400-ഓളം ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട മൊത്തം തുക (വായ്പതുകയും പലിശയും പിഴപ്പലിശയും മുടക്കപലിശയും മറ്റു ചാർജ്ജുകളുമൊക്കെ) എഴുതിത്തള്ളി അവരുടെ പ്രമാണങ്ങൾ ഉടനെ തിരികെ നൽകുമെന്നാണ്. പക്ഷെ അന്ന് ആ ജി.ഒ.-ൽ പറഞ്ഞ 15 സ്കീമുകളുടെ കൂട്ടത്തിൽ ആര്യനാട് പദ്ധതി വിട്ടുപോയിട്ടുണ്ട്. അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്, ആ ജി.ഒ.-ൽ പറയുന്ന പദ്ധതികളുടെ കൂട്ടത്തിൽ ആര്യനാടുള്ള പദ്ധതികൂടി ഉൾപ്പെടുത്തി അവിടെ താമസിക്കുന്നവരുടെ കുടിശ്ശിക എഴുതിത്തള്ളാനും ഉടമസ്ഥാവകാശം നൽകാനും നടപടിയുണ്ടാകണം. അതോടൊപ്പം ഇന്ന് കോളനിയുടെ പല ഭാഗത്തായി അവർ ചിതറിയാണ് താമസിക്കുന്നത്. ഹൗസിംഗ് ബോർഡിന്റെ സ്കീമിലോ അല്ലെങ്കിൽ വജ്ര കേരളത്തിന്റെ ഭാഗമായി പുതിയതായി പ്രഖ്യാപിച്ചിട്ടുള്ള ലൈഫ് സ്കീമിലോ ഉൾപ്പെടുത്തി ഇവരെ ഒരു സ്ഥലത്ത് കൊണ്ടുവന്ന് കെട്ടുറപ്പുള്ള വീടുകൾ നിർമ്മിച്ചുനൽകി പുനരധിവസിപ്പിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ആര്യനാട് ഗ്രാമപഞ്ചായത്തിൽ തേക്കിൻകാല എന്ന സ്ഥലത്ത് ഹഡ്കോ വായ്പാ സഹായത്തോടെ ദുർബലവിഭാഗങ്ങൾക്കായി 200 വീടുകൾ നിർമ്മിച്ച്, വീടൊന്നിന് 5,572 രൂപ വില നിശ്ചയിച്ച് അലോട്ട് ചെയ്തിട്ടുള്ളതാണ്. ഇതിൽ സർക്കാർ റെന്റായി 1,000 രൂപയും ഗുണഭോക്താവിന്റെ വിഹിതമായി 100 രൂപയും

ചേർത്ത് 1,100 രൂപ പ്രാഥമിക നിക്ഷേപം കഴിച്ച് 4,472 രൂപ 5 ശതമാനം പലിശയോടുകൂടി പ്രതിമാസം 40 രൂപ 46 പൈസ വച്ച് 15 വർഷംകൊണ്ട് തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയോടുകൂടിയാണ് അലോട്ട്മെന്റ് നടത്തിയിരുന്നത്. ഇതിൽ ഭൂരിപക്ഷം പേരും ഗഡുക്കളൊന്നും അടച്ചിരുന്നില്ല. എന്നാൽ ഈ പദ്ധതിയിൽ ഇന്ന് താമസിക്കുന്നവരിൽ ബഹുഭൂരിപക്ഷം പേരും ബോർഡിൽനിന്നും നേരിട്ട് അലോട്ട്മെന്റ് വാങ്ങിയവരല്ല. രണ്ടും മൂന്നും തവണ കൈമാറ്റം നടത്തി വാങ്ങിയവരാണ് ഏറെപ്പേരും. ഈ പദ്ധതിയിൽനിന്നും ഏകദേശം 35 ലക്ഷം രൂപ ഭവനനിർമ്മാണ ബോർഡിന് കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ട്. 20-5-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം ദുർബല വിഭാഗക്കാർക്കുവേണ്ടി നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ കടബാദ്ധ്യത എഴുതിത്തള്ളി ഉത്തരവായിരുന്നു. എന്നാൽ ഈ ഉത്തരവിൽ ആര്യനാട് നടപ്പിലാക്കിയ ഈ പദ്ധതിയെപ്പറ്റി പ്രത്യേകം പരാമർശിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്. പ്രസ്തുത സാഹചര്യത്തിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ ആര്യനാട് കോട്ടയ്ക്കകം വിഷ്ണുനഗർ ഹൗസിംഗ് കോളനിയിൽ നിലവിൽ താമസിക്കുന്നവർക്ക് ഉടമസ്ഥാവകാശം നൽകലും പദ്ധതി പ്രദേശങ്ങളിലെ റോഡ്, വൈദ്യുതീകരണം, ജലവിതരണം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (10) തടയണ നിർമ്മാണം

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട അടിയന്തര വിഷയമാണിത്. 2014 മുതൽ ഞാൻ ഈ ഫയലിന്റെ പുറകെയാണ്. 2016 ആദ്യം അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് ഇതിന് ഉത്തരവ് നൽകാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് പറഞ്ഞതാണ്. നിയമസഭാ തെരഞ്ഞെടുപ്പ് മാസങ്ങൾക്കുമുമ്പ് പ്രഖ്യാപിച്ചതുകൊണ്ട് അന്ന് നടന്നില്ല. ഇന്നത്തെ സ്നേഹധനനായ മന്ത്രിയോട് 2016 സെപ്റ്റംബർ മാസം വിളിച്ചുകൂട്ടിയ യോഗത്തിൽ ഞാൻ ഇക്കാര്യം പറയുകയും പത്താം മാസത്തിൽ അദ്ദേഹത്തിന് ഒരു കത്ത് നൽകുകയും ചെയ്തിരുന്നു. ആ ഫയൽ ഇപ്പോൾ താങ്കളുടെ ഓഫീസിലുണ്ട്. ഫയൽ നമ്പർ72/IR2/2017/W1 ഇതാണ്. കുട്ടിലങ്ങാടി പഞ്ചായത്തിൽ കടലുണ്ടി പുഴയിൽ ആനപ്പാറ-പൊറ്റമ്മൽ കടവിൽ ഒരു തടയണ പണിയുന്ന വിഷയമാണ്. അവിടത്തെ ജനങ്ങൾ വെള്ളത്തിന് ആശ്രയിക്കുന്ന കടലുണ്ടിപ്പുഴയിൽ ഈ തടയണ വന്നില്ലെങ്കിൽ വെള്ളം ലഭിക്കാത്ത സാഹചര്യമുണ്ടാകും. രണ്ട്

വർഷമെടുത്ത് എസ്റ്റിമേറ്റ് പലവട്ടം റിവൈസ് ചെയ്യേണ്ടിവന്നതിനാൽ 4.6 കോടി രൂപ എന്നത് ഇപ്പോൾ 5.75 കോടി രൂപയായി നിൽക്കുകയാണ്. ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ദയവുചെയ്ത് ആ നാട്ടിലെ ജനങ്ങളുടെ അടിയന്തര ആവശ്യമെന്ന നിലയിൽ, ബഹുമാനപ്പെട്ട മന്ത്രി അത് അനുവദിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിൽ കടലുണ്ടി നദിയിൽ വിവിധോദ്ദേശ പദ്ധതിയായി ആനപ്പാറ-പൊറ്റമൽക്കടവിൽ ഒരു തടയണ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട ശീർഷകത്തിൽ 575 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ആ ശീർഷകത്തിൽ അനുവദിച്ചിരുന്ന മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി മറ്റ് പ്രവൃത്തികൾക്കായി നൽകികഴിഞ്ഞതിനാൽ അടുത്ത സാമ്പത്തികവർഷം മാത്രമേ ഈ പ്രവൃത്തി പരിഗണിക്കാൻ കഴിയുകയുള്ളൂ. ലഭ്യമായ പ്രൊപ്പോസലിന്മേൽ ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ എന്റെ ഓഫീസിൽ ഒരു ഫയലും പെന്റിംഗില്ല. അക്കാര്യം ഉറപ്പാണ്. ഡിപ്പാർട്ട്മെന്റിൽനിന്നും ഭരണാനുമതിക്കുള്ള ഫയലിന്മേൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്.

### (11) തുക അനുവദിക്കൽ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. കേരളത്തിലെ കർഷകത്തൊഴിലാളികളുടെ ശക്തമായ പ്രക്ഷോഭത്തിന്റെ ഭാഗമായിട്ടാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. അതിൽ 16 ലക്ഷത്തിലധികം അംഗങ്ങളുണ്ട്. പ്രതിമാസം 5 രൂപ നിരക്കിൽ അവരിൽനിന്നും അംശദായവും വാങ്ങുന്നുണ്ട്. അതിവർഷാനുകൂല്യം, വിദ്യാഭ്യാസം, ചികിത്സ, വിവാഹം, പ്രസവം, മരണാനന്തരാനുകൂല്യം എന്നിവയ്ക്കാണ് സഹായം നൽകുന്നത്. 2011 മുതൽ ഒരു ആനുകൂല്യവും വിതരണം ചെയ്തിട്ടില്ല. 2009-ൽ വി.എസ്. സർക്കാർ 114.9 കോടി രൂപ ക്ഷേമനിധി ബോർഡിന് അനുവദിച്ചു. പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ഒരു നയാപൈസപോലും അനുവദിക്കാൻ തയ്യാറായില്ല. 30-12-2016 വരെ അതിവർഷാനുകൂല്യം 259,13,15,000 രൂപയും വിവാഹ ധനസഹായം 12,80,72,000 രൂപയും ഉൾപ്പെടെ 271,93,87,000 രൂപ കുടിശ്ശികയാണ്. സർക്കാർ നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് 33,43,84,097 രൂപയാണ്. ഈ ബഡ്ജറ്റിൽ 50 കോടി രൂപ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ഏറെ സന്തോഷകരമാണ്. 2012 വരെയുള്ള ആനുകൂല്യങ്ങൾ നൽകാൻ 1,14,040

അപേക്ഷകർക്ക് 108,68,76,000 രൂപ വേണം. ഈ തുക അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കർഷത്തൊഴിലാളി ക്ഷേമനിധി നമ്മുടെ ഏറ്റവും വലിയ ക്ഷേമനിധിയാണ്. പക്ഷേ അതിന്റെ അംശദായം വളരെ ചെറിയ തുകയാണ്. ഭൂവുടമകളിൽ നിന്നുള്ള വിഹിതം നമുക്ക് പിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ പ്രതിസന്ധിയുണ്ടായത്. ഈ വർഷം സർക്കാർ കൊടുക്കേണ്ട മാച്ചിംഗ് ഗ്രാന്റ് ഈ 50 കോടി രൂപ ഉപയോഗിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബാക്കിയുള്ളവ നൽകുന്നതിന് നിശ്ചയമായും സർക്കാർ കമ്മിറ്റഡാണ്. കഴിഞ്ഞ തവണ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ഒറ്റയടിക്ക് 157 കോടി രൂപ അനുവദിച്ചത്. ഇപ്പോഴുള്ള സാമ്പത്തിക സ്ഥിതിയിൽ അങ്ങനെയുള്ള ഉദാരസമീപനം സ്വീകരിക്കാൻ പ്രയാസമാണ്. അതുകൊണ്ട് വരുമാനം നോക്കി അത് ചെയ്യാം. നിയമസഭ സമവായത്തിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കേണ്ട ഒരു കാര്യമാണ്. കർഷകക്ഷേമനിധിയും കർഷകത്തൊഴിലാളി ക്ഷേമനിധിയും സംബന്ധിച്ച് ഭൂവുടമകളിൽനിന്ന് വിഹിതം പിരിക്കാൻ വലിയ പ്രയാസമായിരിക്കും. പക്ഷേ ബേസിക് ലാന്റ് ടാക്സിന്റെ സർചാർജായോ മറ്റോ ഈ ക്ഷേമനിധികൾക്ക് വേണ്ട വിഹിതം, ഉടമവിഹിതം പിരിക്കുന്നതിനുള്ള സാധ്യതയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഇത് ഒരു മറുപടിയായി പറയുന്നതല്ല. ഈ പറയുന്ന ആനുകൂല്യങ്ങളെല്ലാം സർക്കാർ നേരിട്ട് കൊടുക്കുക എന്നത് സസ്റ്റെയിനബിളായ കാര്യമല്ല. ഏതായാലും സർക്കാരിന്റെ ധനസ്ഥിതി പരിശോധിച്ച് ക്രിയാത്മകമായി ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യത്തോട് പ്രതികരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ...ഓർഡർ... ഇന്നത്തെ കാര്യവിവരപ്പട്ടിക പ്രകാരം ഉച്ചയ്ക്കുശേഷം 12.30-ന് ധനവിനിയോഗ ബില്ലിന്റെ അവതരണം ആരംഭിക്കേണ്ടതുണ്ട്. എന്നാൽ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ സഭയ്ക്ക് മുന്നിലുള്ള ബിസിനസ്സുകൾ പൂർത്തീകരിച്ചതിനുശേഷം ധനവിനിയോഗ ബില്ലിന്റെ പരിഗണന നടത്തുവാൻ ഈ സഭ തീരുമാനിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഭയുടെ അനുമതിയോടെ തീരുമാനിക്കണം.

ശ്രീ. വി ഡി. സതീശൻ: സർ, റൂൾ ചെയ്യാനുള്ള അധികാരം ചെയറിനില്ല. സഭയുടെ അനുമതിയോടെ തീരുമാനിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ അനുമതിയോടുകൂടി ഈ ബിസിനസ്സ് തുടരുകയാണ്. സബ്മിഷൻ പൂർത്തിയാക്കാൻ പോകുകയാണ്.

## (12) പദ്ധതികളുടെ എണ്ണവും തുകയും വർദ്ധിപ്പിക്കൽ

ശ്രീ. പി. വി. അൻവർ: സർ, ഈ നിയമസഭയിലെ 140 എം.എൽ.എ.-മാരെയും നേരിട്ട് ബാധിക്കുന്ന ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് 5 കോടി രൂപയാണ് ഒരു വർഷം ഒരു എം.എൽ.എ.-യ്ക്ക് ലഭ്യമാകുന്നത്. പക്ഷേ ഇത് ഓരോ മണ്ഡലത്തിന്റെയും ആവശ്യകതയ്ക്കനുസരിച്ച് പൂർണ്ണമായി ഉപയോഗിക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെയുള്ള 5 വർക്കുകൾ മാത്രം ചെയ്യാനാണ് അനുമതി ഉണ്ടായിരുന്നത്. അതിൽ ഇപ്പോൾ മാറ്റം വന്നിട്ടുണ്ടെങ്കിലും വർക്കുകളുടെ എണ്ണത്തിൽ മാറ്റം വന്നിട്ടില്ല. പരമാവധി ഒരു വർഷം എം.എൽ.എ.-യ്ക്ക് അനുവദിക്കാവുന്ന വർക്കുകളുടെ എണ്ണം 20 ആണ്. ഓരോ നിയോജകമണ്ഡത്തിലും ഒട്ടനവധി പ്രശ്നങ്ങളാണുള്ളത്. അതിനേറ്റവും വലിയ ഉദാഹരണമാണ് കേരളം നേരിടുന്ന വരൾച്ച. ഇതിന് ദൗർഭാഗ്യവശാൽ എം.എൽ.എ. ഫണ്ടിൽനിന്ന് പ്രാദേശികമായി പണം നൽകാൻ മാർഗ്ഗവുമില്ല. കാരണം 10 ലക്ഷം രൂപയ്ക്ക് മീതെയുള്ള 5 വർക്കുകൾ ചെയ്യാൻ അനുവദിച്ചുവെന്ന് പറയുമ്പോൾ, എന്നെ സംബന്ധിച്ച് 5 സ്കൂളുകൾക്ക് ബസ് കൊടുത്തപ്പോൾ അത് അവസാനിച്ചു. പിന്നീടുള്ള പണം വലിയ വർക്കുകൾക്കാണ് കൊടുക്കേണ്ടിവരുന്നത്. പക്ഷേ പ്രാദേശികമായി നിലനിൽക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങൾ എം.എൽ.എ.-യ്ക്ക് പരിഹരിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. 5 കോടി രൂപ എന്നുപറയുന്നത് വലിയ ഫണ്ടാണ്. പക്ഷേ ജനങ്ങൾ സമീപിക്കുന്ന വിഷയങ്ങളിൽ ആ നാടിന്റെ പൊതുവായ ആവശ്യങ്ങൾ, ഒരുപക്ഷേ നഗരങ്ങളിൽനിന്നും വരുന്ന എം.എൽ.എ.-മാരെ ഇത് ബാധിക്കുമോ എന്നെനിക്കറിയില്ല. ഗ്രാമപ്രദേശങ്ങളിലും മലയോര മേഖലകളിലും ഇത് വലിയൊരു പ്രശ്നമാണ്. അവ പരിഹരിക്കണമെങ്കിൽ എം.എൽ.എ.-മാർക്ക് കൊടുക്കുന്ന ഈ ഫണ്ടിൽ അതിന്റെ പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കണം. ഏറ്റവും ചുരുങ്ങിയത് 50 വർക്കുകളായെങ്കിലും ഉയർത്തേണ്ടതുണ്ട്. അതുപോലെതന്നെ 10 ലക്ഷം രൂപയെന്നത് അടിയന്തരമായി 5 ലക്ഷം രൂപ കൊടുക്കേണ്ട നിർബന്ധിത സാഹചര്യത്തിൽ ആ 5 ലക്ഷം രൂപ കൊടുക്കാൻ കഴിയാത്തതുകൊണ്ട് 10 ലക്ഷം രൂപ അനുസരിച്ചുള്ള പ്രോജക്ട് തയ്യാറാക്കാൻ എം.എൽ.എ.-മാർക്ക് പറയേണ്ടിവരുന്ന ഗതികേട് മറുഭാഗത്ത് നിൽക്കുകയാണ്. മറ്റൊരു പ്രധാന പ്രശ്നം, പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ വികസനത്തിന് എം.എൽ.എ.-മാർ പരമാവധി പണം കൊടുക്കണമെന്ന് പറയുന്നുണ്ട്. ഹൈടെക് ആക്കുക എന്നതാണ് വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നടപ്പാക്കാൻ പോകുന്നത്. 5 കമ്പ്യൂട്ടർ നൽകുന്നതിന് ഒരു മാർഗ്ഗവുമില്ല. ഹൈടെക് വിദ്യാഭ്യാസ മേഖലയിൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്

മറ്റൊരു പ്രധാന കാര്യം. ഏജൻസികൾവഴി മാത്രമേ കമ്പ്യൂട്ടറുകൾ സ്കൂളുകളിൽ വാങ്ങാനും എം.എൽ.എ.-യ്ക്ക് ഫണ്ട് നൽകാനും സാധിക്കുകയുള്ളൂ. വലിയ കൊള്ളയാണ് ഇതിൽ നടക്കുന്നത്. 25,000 രൂപയ്ക്കും 30,000 രൂപയ്ക്കും കിട്ടുന്ന കമ്പ്യൂട്ടറുകൾ 40,000 രൂപ, 50,000 രൂപ എന്നിങ്ങനെ വിലയിട്ടാണ് കെൽട്രോൺ നൽകുന്നത്. വലിയ കൊള്ള നടക്കുകയാണ്.- അവിടത്തെ പി.ടി.എ. കമ്മിറ്റിയും ഗ്രാമപഞ്ചായത്തും നേരിട്ട് ഇടപെടാൻ കഴിയുന്നവിധത്തിലുള്ള നടപടി സ്വീകരിക്കണം. പ്രത്യേകിച്ച് ജനങ്ങൾ ഇന്ന് ഇക്കാര്യത്തിൽ വളരെ അലെർട്ടാണ്. മാനേജ്മെന്റിന് അല്ലെങ്കിൽ പി.ടി.എ.-ക്ക് നേരിട്ട് മാർക്കറ്റിൽനിന്നും കിട്ടുന്ന വിലയുടെ ഏകദേശം 20-30 ശതമാനം വരെ ഇരട്ടി വിലയ്ക്കാണ് നൽകുന്നത്. രണ്ടാമത്തെ പ്രശ്നം, വാങ്ങിയ കമ്പ്യൂട്ടറുകൾ ഭാവിയിൽ റിപ്പയർ ചെയ്യണമെങ്കിൽ കെൽട്രോണിലുള്ളവരെ അന്വേഷിച്ച് നടക്കണം. ഒരു സ്ഥലത്തും അവർ സർവ്വീസ് നടത്തുന്നില്ല. ഏത് മേഖല പരിശോധിച്ചാലും ഇത് കാണാൻ സാധിക്കും. ഈ കൊള്ള അവസാനിപ്പിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. മാത്രമല്ല, 1,000 കോടിയോളം രൂപയാണ് വിദ്യാഭ്യാസ മേഖല ഹൈടെക് ആക്കുന്നതിന് ചെലവഴിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിന് സാധ്യമല്ലെങ്കിൽ ഹൈടെക് ആക്കുന്നതിന് സ്കൂളുകളിലേയ്ക്ക് വാങ്ങുന്ന കമ്പ്യൂട്ടറുകൾക്ക് സെൻട്രൽ പർച്ചേസ് ഏർപ്പെടുത്തിയാൽ വളരെ ചുരുങ്ങിയ വിലയ്ക്ക് 100 സ്കൂളുകൾക്ക് കൊടുക്കാനുദ്ദേശിച്ചിരുന്ന കമ്പ്യൂട്ടറുകൾ 125 സ്കൂളുകൾക്ക് കൊടുക്കാൻ സാധിക്കും. അതുകൊണ്ട് ഈ മേഖലയിൽ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നതോടൊപ്പം ആസ്തി വികസന ഫണ്ട് പ്രകാരമുള്ള വർക്കിന്റെ എണ്ണം 20 എന്നത് മിനിമം 50 എണ്ണമാക്കാനും 10 ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയാക്കി ചുരുക്കാനും നടപടി സ്വീകരിക്കണം. അങ്ങനെ ആയാൽ നാട്ടിലെ സാധാരണക്കാരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കും. അല്ലാത്തപക്ഷം, പലപ്പോഴും എം.എൽ.എ. പ്രതിയാകുകയാണ്. ലഭിക്കുന്ന ഫണ്ട് മുഴുവൻ ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ആവശ്യമില്ലാത്ത ഫണ്ടുകൾ, 25 ലക്ഷം രൂപയുടെയും 50 ലക്ഷം രൂപയുടെയും വർക്കുകൾക്ക് ഈ ഫണ്ട് ഉപയോഗിക്കുന്നതിന് നിർബന്ധിതമാകുന്ന ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തിൽ നല്ലൊരു ഇടപെടൽ നടത്തണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. പ്രതിയാകേണ്ട കാര്യമില്ല. ഞാൻ പ്രതിയാകാൻ സന്നദ്ധനാണ്. ഈ ബഡ്ജറ്റിനും ധനകാര്യ വകുപ്പുമന്ത്രിക്കും ചില നിയമങ്ങളൊക്കെ

ബാധകമാണ്. എഫ്.ആർ.ബി.എം. ആക്ട് പാസ്സാക്കിയിട്ടുണ്ട്, അത് ലംഘിച്ചിരിക്കുകയാണ്. ബഡ്ജറ്റ് പാസ്സാക്കുന്ന വേളയിൽത്തന്നെ ആ ലംഘനം കൂട്ടിക്കൊണ്ടിരിക്കാൻ സാധിക്കുമോ; 5 കോടി രൂപ മൂലധനച്ചെലവായിട്ടാണ് എന്റർ ചെയ്തിരിക്കുന്നത്. അത് നമ്മൾ മെയിന്റനൻസ് വർക്കിനും ചെറിയ കാര്യങ്ങൾക്കുംവേണ്ടി കൊടുത്തുകഴിഞ്ഞാൽ ബഡ്ജറ്റിംഗ് എന്തായിത്തീരും; നിങ്ങൾക്ക് കിഫ്ബി വഴി ഇത്ര പണം നൽകുന്നുണ്ടല്ലോ; ആ പണം നൽകുന്നതിനുള്ള ബെയ്സ് ഇന്ന് അല്ലെങ്കിൽ ഭാവിയിൽ റവന്യൂ കമ്മി ഇല്ലാതാക്കും. അതുകൊണ്ട് ഇതിന്റെ മൊത്തത്തിലുള്ള ചിത്രം കാണാതെ നാട്ടിലുള്ള മുഴുവൻ ആവശ്യങ്ങളും തീർക്കാൻ നമുക്ക് സാധിക്കുമോ; അങ്ങനെ തീർക്കാൻ സാധിക്കാത്തതുകൊണ്ടാണ് പ്ലാനിംഗ് എല്ലാം കൊണ്ടുവരുന്നത്. അസെറ്റ് ഫണ്ട് ക്യാപിറ്റൽ എക്സ്പെൻഡിച്ചറാണ്. അതിന്റെ എണ്ണം 50 ആയി വർദ്ധിപ്പിച്ച് virtually മെയിന്റനൻസ് ആക്കാൻ സാധിക്കുകയില്ല. എം.എൽ.എ.-മാർക്ക് കമ്പ്യൂട്ടർ കൊടുക്കേണ്ട ആവശ്യമില്ല. കാരണം 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക് കമ്പ്യൂട്ടർ കൊടുക്കുക മാത്രമല്ല കമ്പ്യൂട്ടർ ലാബും ഇതിന്റെ ഭാഗമായി നൽകുന്നുണ്ട്. പ്രൈമറി ക്ലാസ്സുകളിൽപ്പോലും കമ്പ്യൂട്ടർ സെറ്റ്അപ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് ആലോചിക്കേണ്ട ആവശ്യമില്ല. വർക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നുപറയുമ്പോൾ ഒരു ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞിട്ടേയുള്ളൂ. പിറ്റേന്ന് തന്നെ ബഡ്ജറ്റിനപ്പുറത്തുള്ള ചെലവിനെക്കുറിച്ച് ആലോചിച്ച് എങ്ങോട്ടാണ് നമ്മൾ പോകുന്നത്; ചില അച്ചടക്കങ്ങളൊക്കെ വേണ്ടിവരും. അതേസമയം ജന്യുവിനായിട്ടുള്ള ഒരു പ്രശ്നം സഭയിൽ വന്നു. അസെറ്റ് ഫണ്ടിന് നമ്മൾ എഴുതിക്കൊടുത്തിട്ട് കാര്യങ്ങൾ അനന്തമായി നീണ്ടുപോകുന്നുവെന്നതാണ് ആ പ്രശ്നം. അക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് തീർപ്പുണ്ടാക്കിയിട്ടുണ്ട്. അത് തിരുത്തിയത് ഓർഡറായി തന്നെ വരും. മൂന്ന് കടമ്പയുണ്ടായിരുന്നതിൽ ഒരു കടമ്പ മാറ്റിയിട്ടുണ്ട്. നേരിട്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് വരേണ്ടതില്ല. നേരിട്ട് ഡിപ്പാർട്ടുമെന്റിൽ കൊടുത്തോ അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയോ സമർപ്പിച്ചുകഴിഞ്ഞാൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വന്നാൽ വേറെ ചോദ്യങ്ങളില്ല. ഒന്നാമതായി 5 കോടി രൂപയിൽ ബാക്കിയുണ്ടോ എന്ന് നോക്കും. രണ്ടാമതായി ഇത് അസെറ്റാണോ എന്ന് പരിശോധിക്കും. വേറെ പരിശോധനയൊന്നുമില്ല. വേറെ പരിശോധന എന്നുപറയുമ്പോൾ ഒരാഴ്ചയ്ക്കപ്പുറം അവിടെ കാലതാമസം വരുത്താൻ പാടില്ല എന്നത് കർശനമായും പാലിക്കും. അത് ജന്യുവിനായിട്ടുള്ള കാര്യമാണ്.

### (13) നെല്ല് സംഭരണാനുമതി

<u>ശ്രീ. തോമസ് ചാണ്ടി</u> : സർ, കേരളത്തിന്റെ നെല്ലറയാണ് കുട്ടനാട്.

പുഞ്ചകൃഷിയിൽ നിന്നുമാത്രം ഒരു ലക്ഷം ടൺ നെല്ലാണ് കുട്ടനാട്ടിൽ ഉത്പാദിപ്പിക്കുന്നത്. പുഞ്ചകൃഷി കഴിഞ്ഞാൽ കായൽ മേഖലകളിൽ രണ്ടാംകൃഷി ഇല്ലെങ്കിലും 80,000 ടൺ നെല്ല് കുട്ടനാട്ടിൽ ഉത്പാദിപ്പിക്കുന്നു. അങ്ങനെ ഉൽപ്പാദിപ്പിക്കുന്ന 1,80,000 ടൺ നെല്ല് കൊണ്ടുപോകുന്നത് കാലടി, പാലക്കാട് എന്നിവിടങ്ങളിലേയ്ക്കാണ്. അവിടെ ഒരു ചെറിയ പ്രശ്നമുണ്ട്. അതിന് നൽകാൻ എന്റെ കയ്യിൽ തെളിവൊന്നുമില്ല. ഈ സ്ഥലങ്ങൾ തമിഴ്നാടിന് വളരെ അടുത്താണ്. അതുകൊണ്ട് കുട്ടനാട്ടിൽനിന്നും പോകുന്ന നല്ല അരി വേറെ വഴിക്ക് പോകുകയും തമിഴ്നാട്ടിൽനിന്നും കിട്ടുന്ന വിലകുറഞ്ഞ അരി വാങ്ങി ഇവിടെ വിതരണം നടത്തുകയും ചെയ്യും. കുട്ടനാട്ടിൽ ഏതാനും മില്ലുകളുണ്ട്. ഖത്തറിലുള്ള ഒരു പ്രവാസി മലയാളി കുട്ടനാട്ടിൽ വന്ന് മോഡേൺ റൈസ് മിൽ സ്ഥാപിച്ചു. അത് ആരംഭിച്ചിട്ട് ഇപ്പോൾ ആറ് മാസം മാത്രമേ ആയിട്ടുള്ളൂ. മൂന്നുവർഷത്തെ പ്രവൃത്തി പരിചയമുണ്ടെങ്കിൽ മാത്രമേ അനുമതി നൽകുവെന്ന് പറഞ്ഞ് അത് ക്യാൻസൽ ചെയ്തിരിക്കുകയാണ്. കുട്ടനാട്ടിൽനിന്നുള്ള നെല്ല് അവിടെത്തന്നെ കളക്ട് ചെയ്ത് അരിയാക്കി സപ്ലൈ ചെയ്താൽ മുമ്പ് പറഞ്ഞ കള്ളത്തരം കുട്ടനാട്ടിൽ നടക്കില്ല. പാലക്കാടും കാലടിയിലും ഇത് നടക്കും. കുട്ടനാട്ടിൽ ആരും തമിഴ്നാട്ടിൽനിന്നുള്ള അരി കൊണ്ടുവരില്ല. അതുകൊണ്ട് അങ്ങ് ദയവുചെയ്ത് മൂന്നുവർഷമെന്നുള്ളത് ഒരു വർഷമാക്കി കുറയ്ക്കണം. കുട്ടനാട്ടിൽ ഖത്തറിലുള്ള വ്യവസായി 7 കോടി രൂപ മുടക്കിയാണ് ഒരു മിൽ സ്ഥാപിച്ചത്. അങ്ങ് ദയവായി ഉദ്യോഗസ്ഥരെ അയച്ച് മോഡേൺ മില്ലാണോ എന്ന് പരിശോധിച്ചതിനുശേഷം ചെയ്താൽ മതി. കുട്ടനാടിന് പ്രത്യേക പരിഗണന കൊടുക്കാൻ അങ്ങ് താല്പര്യം കാണിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കർഷകരിൽനിന്നും നെല്ല് ഏറ്റെടുത്ത് സൂക്ഷിക്കുന്നതിനും അത് ക്രമാനുഗതം സംസ്കരിച്ച് നിശ്ചിത ഗുണനിലവാരമുള്ള അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതിന് വിട്ടുനൽകുന്നതുവരെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനും നെല്ല് സംഭരണ-സംസ്കരണ-വിതരണ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സപ്ലൈകോ മില്ലുടമകളുമായി കരാറിലേർപ്പെട്ടുവരുന്നു. നിലവിലുള്ള നിബന്ധനയനുസരിച്ച് ഇപ്രകാരം കരാറിലേർപ്പെടുന്നതിന് അരിമില്ലുടമകൾക്ക് കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം അനിവാര്യമാണ്. ഇതിനായി മൂന്ന് വർഷത്തെ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ മില്ലുടമകൾ ഹാജരാക്കേണ്ടതുണ്ട്. ആയതിനാൽ ഏതാനും മാസങ്ങളായി പ്രവർത്തിച്ചുവരുന്ന മന്ന റൈസ് മില്ലുമായി കരാറിലേർപ്പെടാൻ നിലവിലെ വ്യവസ്ഥയനുസരിച്ച് കഴിയില്ലെങ്കിലും നെല്ലുല്പാദന കേന്ദ്രമായ കുട്ടനാട്ടിലെ മില്ല് എന്ന പരിഗണനയിൽ ഇക്കാര്യത്തിൽ ഇളവ് അനുവദിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## (14) മുൻഗണനാപ്പട്ടിക

ശ്രീ. ബി. സത്യൻ: സർ, പൊതുവായ ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇവിടെയുള്ള ഒട്ടുമിക്ക അംഗങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണിത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ൽ നിലവിൽ വന്നെങ്കിലും അത് നടപ്പിലാക്കുന്നതിന് കഴിഞ്ഞ മൂന്നുവർഷമായി കാര്യക്ഷമമായ പ്രവർത്തനമുണ്ടായിട്ടില്ല. അവസാനം ആ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മുൻഗണനാപ്പട്ടിക പബ്ലിഷ് ചെയ്തു. നിലവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിയിലും ദുർബ്ബലവിഭാഗത്തിലുമുള്ള പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനത്തിലൂടെ റേഷൻ കടകൾവഴി ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ വലിയ ആശ്വാസമായിരുന്നു. റേഷൻ കടകളിൽനിന്ന് ലഭിക്കുന്ന ഈ ഭക്ഷ്യധാന്യങ്ങളായിരുന്നു പ്രധാനമായും അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം. അത് ഒറ്റയടിക്ക് നഷ്ടപ്പെടുകയാണ്. 1964-ലും 1967-ലും 1969-ലുമൊക്കെ നടന്ന പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയുമൊക്കെ ഭാഗമായാണ് ദേശീയാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പ്രത്യേകമായി ഒരു അംഗീകാരമെന്ന നിലയിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം അംഗീകരിച്ചുനൽകിയത്. അതുവഴി പാവപ്പെട്ടവർക്ക്, ആകെ ലഭിച്ചിരുന്നത് റേഷൻ കടകളിലൂടെ ലഭിക്കുന്ന അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയായിരുന്നു. ഇപ്പോൾ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അത് നഷ്ടപ്പെടുകയാണ്. വളരെ വേദനയോടു കൂടിയാണ് ഇത് പറയുന്നത്. കോളനികളിലും ചേരിപ്രദേശത്തും പുറമ്പോക്കിലും താമസിക്കുന്നവരും വളരെ ദയനീയ ജീവിതം നയിക്കുന്നവരുമായ ആളുകൾക്ക് ഈ നിയമം നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുകയാണ്. ഒരു നിയമം ജനങ്ങൾക്ക് ലഭിക്കുന്ന ഒരു വെൽഫെയർ ആയി കണക്കാക്കണമെങ്കിൽ അവർക്ക് അതിന്റെ ഗുണമുണ്ടാകണം. ഇങ്ങനെയൊരു നിയമം ഉണ്ടാക്കുന്നതുവഴി അവർക്ക് ഗുണമെന്നതിനു പകരം തീരാദുരിതമാണ് നൽകുന്നതെങ്കിൽ ഈ നിയമം എങ്ങനെ നടപ്പിലാക്കാൻ കഴിയും? ഇവിടെ പറയുന്ന പ്രകാരമാണ് നടപ്പിലാക്കുന്നതെങ്കിൽ വളരെ രസകരമാണ്. അപാകതകൾ പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പുവഴി പഞ്ചായത്ത് സെക്രട്ടറിമാർക്ക് ലിസ്റ്റയച്ചുകൊടുത്തു. പഞ്ചായത്ത് സെക്രട്ടറിമാർ ഈ ലിസ്റ്റ് ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കണം. ലിസ്റ്റിൽ അപാകതയുണ്ടോയെന്ന് ഗ്രാമസഭാ യോഗങ്ങളിൽ പരിശോധിച്ച് അനർഹരുണ്ടെങ്കിൽ ഒഴിവാക്കണമെന്നാണ്. അതിനുശേഷം പഞ്ചായത്ത് സെക്രട്ടറി ഇത് ചർച്ചചെയ്ത് ഒരു തീരുമാനത്തിലെത്തണം. ഒരു ഗ്രാമസഭയിലും ഈ പറയപ്പെടുന്ന പ്രകാരമുള്ള ഒരു കാര്യവും നടന്നിട്ടില്ല. ഇപ്പോൾ ലിസ്റ്റ് പബ്ലിഷ് ചെയ്തിട്ടുണ്ട്. റേഷൻ കാർഡ് വിതരണവും ആരംഭിച്ചിട്ടുണ്ട്. ഈ പാവങ്ങളോട്

എങ്ങനെയാണ് നീതിപുലർത്താനാകുന്നത്? ഇതിൽ എന്ത് ചെയ്യാൻ കഴിയും? ഈ പറയപ്പെടുന്ന ആളുകൾ ഒഴിവാക്കപ്പെടുമ്പോൾ അവർ പഞ്ചായത്തിലും വില്ലേജ് ഓഫീസിലും താലൂക്ക് സപ്ലൈ ഓഫീസിലുമൊക്കെ പരാതി കൊടുക്കും. അപ്പീൽ അതോറിറ്റിയെന്നുള്ള നിലയിൽ ജില്ലാ കളക്ടർക്കും പരാതി കൊടുത്ത് അവർ കാത്തുനിൽക്കുകയാണ്. ഇതിനിടയിൽ റേഷൻ കാർഡ് വിതരണം ആരംഭിച്ചു. അന്തിമ ലിസ്റ്റ് പബ്ലിഷ് ചെയ്തു. ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരം ബി. പി. എൽ. കാർഡിൽ പേരുള്ള ആളുകൾക്ക് പെട്ടെന്ന് ഒരു ഓപ്പറേഷനോ ചികിത്സയോ ആവശ്യമായി വരുമ്പോൾ സ്കാൻ ചെയ്യുന്നതിനും മറ്റും റേഷൻ കാർഡ് നോക്കിയാണ് പരിഗണന കൊടുക്കുന്നത്. ഒരു നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതെല്ലാം ഒറ്റയടിക്ക് നിർത്തുന്നുവെന്ന വളരെ ഗൗരവമായ പ്രശ്നം ഉണ്ടായിരിക്കുന്നു. ആവശ്യമായ ഇടപെടലുകളില്ലെങ്കിൽ ഈ പദ്ധതിയുമായി മുന്നോട്ടുപോകും. ഇത് നടപ്പിലാക്കും. ഈ പറയപ്പെടുന്ന ആളുകൾ ഒറ്റപ്പെട്ടുപോകും. ഈ പാവങ്ങൾക്ക്, മൂന്ന് സെന്റ് ഭൂമി സർക്കാർ കൊടുത്തത്, സർക്കാർ കൊടുത്ത ധനസഹായം ഉപയോഗിച്ച് നിർമ്മിച്ച ചെറിയ വീട്, വീടില്ലാത്തവനാണോയെന്ന് ചോദിച്ചാൽ വീടുണ്ട്, ഭൂമിയില്ലാത്തവനാണോയെന്ന് ചോദിച്ചാൽ ഭൂമിയുണ്ട്, ഒരു തുണ്ടു ഭൂമിയും കയറിക്കിടക്കാൻ ഒരിടവുമുണ്ടെന്ന കാരണംകൊണ്ട് ആനുകൂല്യം നിഷേധിക്കപ്പെടുന്നവരായി അവർ മാറുകയാണ്. അതേസമയം സാമ്പത്തിക ഭദ്രതയുള്ള ആളുകൾ വളരെ ബുദ്ധിപൂർവ്വം ഇതെല്ലാം മാറ്റി ഈ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ട്. ഇതിനൊരു മെക്കാനിസം വേണ്ടേ; അനർഹരെ എങ്ങനെ ഒഴിവാക്കും; ആരാണ് ഒഴിവാക്കുന്നത്; ഗ്രാമസഭയിൽ ചർച്ച ചെയ്ത് അനർഹരെ ഒഴിവാക്കുന്നത് എങ്ങനെയാണെന്നറിയില്ല. വാർഡ് മെമ്പർമാരടക്കം മുഴുവൻ പേർക്കും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണിത്. വാർഡ് മെമ്പർമാർ ഓടിനടന്നാണ് പേരെഴുതിക്കൊടുത്തത്. 60 വയസ്സ് തികയാത്തവർ കള്ള സർട്ടിഫിക്കറ്റ് കൊടുത്ത് 60 വയസ്സാക്കി പെൻഷൻ വാങ്ങാൻ നിൽക്കുകയാണ്. അങ്ങനെയുള്ള നാടാണിത്. അശാസ്ത്രീയമായ ഇത്തരം മാനദണ്ഡങ്ങൾ ഒഴിവാക്കി പട്ടികജാതി-ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട അർഹരായവരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അടിയന്തര നടപടി സ്വീകരിക്കണം. അല്ലാത്തപക്ഷം ഗവൺമെന്റ് ഇവർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യം തുടരണം. നിലവിൽ ബി.പി.എൽ.-കാരായിട്ടുള്ള പാവങ്ങളിൽ പാവങ്ങളായ ആളുകളെ സംരക്ഷിക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥരാണ്. ആ തീരുമാനം അങ്ങ് പ്രഖ്യാപിക്കണം. അല്ലെങ്കിൽ ഈ അപാകതകൾ പുനഃപരിശോധിച്ചുകൊണ്ട് വേറൊരു ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

റേഷൻ കടകൾവഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി 14-1-2011-ലെ സ.ഉ.(കൈ.) നമ്പർ 16/11/ത.സ്വ.ഭ.വ. ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/2012/ത.സ്വ.ഭ.വ. 3-12-2015-ലെ 392/15/ഭ.സി.സ.വ., 21-7-2015-ലെ 236750/ബി3/15/ഭ.സി.സ.വ. നമ്പർ കത്ത്, 29-8-2016-ലെ സ.ഉ.(കൈ.) നമ്പർ 11/2016/ഭ.പൊ.വി.വ. വകുപ്പിന്റെ ഉത്തരവ് എന്നിവ പ്രകാരമാണ് മുൻഗണനാ പട്ടികയിലുള്ളവരെ കണ്ടെത്തിയിട്ടുള്ളത്. ഇതിനുപുറമേ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നു. ഈ മാനദണ്ഡങ്ങൾ പ്രകാരം, സാമൂഹികവും സാമ്പത്തികവുമായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ മുൻഗണനാ വിഭാഗത്തിൽനിന്ന് ഒഴിവാക്കപ്പെടാൻ സാധ്യതയുണ്ട്.

മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി റേഷൻ കടകൾവഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ വഴി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് പട്ടികയിൽ ആക്ഷേപങ്ങളുള്ളപക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെയും വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ളപക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റി മുമ്പാകെയും പരാതി സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കരട് പട്ടികയിന്മേൽ ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഗ്രാമസഭകളും തദ്ദേശസ്വയംഭരണ സ്ഥാപന സമിതികളും ഒഴിവാക്കുവാനും ഉൾപ്പെടുത്തുവാനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഏപ്രിൽ മാസത്തോടുകൂടി സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. റേഷൻ കാർഡ് വിതരണം ചെയ്തതിനുശേഷം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുകയോ/ ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടി എടുക്കുന്നതാണ്. അർഹതയുള്ള ഒരാൾപോലും ഒഴിവായിപ്പോകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

ഭക്ഷ്യ സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സ്റ്റാറ്റ്യൂട്ടറി

പ്രോസസ്സിംഗ് നടന്നിട്ടുള്ളത്. ഗ്രാമസഭകൾ/തദ്ദേശസ്വയംഭരണ സ്ഥാപന സമിതികളിൽ സമർപ്പിക്കപ്പെട്ട പട്ടികയിൽനിന്ന് ഒഴിവാക്കേണ്ടവരുടെയും കൂട്ടിച്ചേർക്കേണ്ടവരുടെയും ലിസ്റ്റ് തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, അതിൽനിന്നും ഒഴിവാക്കപ്പെടേണ്ടവരുടെ എണ്ണം വളരെ കുറവായിരിക്കും. അതുകൊണ്ട് ഡിപ്പാർട്ടുമെന്റലായി ഓരോ പ്രദേശത്തും ഫീൽഡ് വിസിറ്റ് നടത്തി അനർഹരെ ഒഴിവാക്കാനുള്ള പ്രോസസ് ഇപ്പോൾ നടക്കുന്നുണ്ട്. അനർഹരെ ഒഴിവാക്കിക്കൊണ്ട് അർഹതയുള്ളവരെ ഉൾപ്പെടുത്തി കുറ്റമറ്റ മുൻഗണനാ പട്ടിക തയ്യാറാക്കണം. അതൊരു ഓൺ ഗോയിംഗ് പ്രോസസ്സെന്ന രൂപത്തിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. താമസിയാതെ കുറ്റമറ്റ പട്ടിക തയ്യാറാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (15) ബദൽ സ്കൂളുകളുടെ പ്രവർത്തനം

ശ്രീ. പി. കെ. ബഷീർ :സർ, സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ആദിവാസി മേഖലകളിലും മറ്റും വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന 354-ഓളം ബദൽ സ്കൂളുകളുണ്ട്. 416 ജീവനക്കാർ ആ സ്കൂളുകളിൽ ജോലി ചെയ്യുന്നുണ്ട്. എത്തിപ്പെടാൻ സാധിക്കാത്ത വനപ്രദേശങ്ങളിലും തീരദേശ മേഖലകളിലുമാണ് ഈ സ്കൂളുകൾ പ്രധാനമായും പ്രവർത്തിക്കുന്നത്. ഈ ബദൽ സ്കൂളുകൾ നിർത്തലാക്കുന്നതിനുള്ള നീക്കം നടക്കുന്നതായാണ് മനസ്സിലാക്കുന്നത്. 18-19 കൊല്ലം മുമ്പ് ആദിവാസി മേഖലകളിലും ഉൾപ്രദേശങ്ങളിലുമൊക്കെയാണ് ഈ സ്കൂളുകൾ തുടങ്ങിയത്. ഏകാംഗ വിദ്യാലയമെന്ന നിലയ്ക്ക് ബദൽ സ്കൂളുകൾ തുടങ്ങിയതിലൂടെ ആദിവാസി മേഖല ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം നൽകുവാൻ സാധിച്ചിരുന്നു. അത്തരം സ്ഥാപനങ്ങൾ നിർത്തരുതെന്നാണ് എനിക്ക് ആദ്യമായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ ബദൽ സ്കൂൾ അദ്ധ്യാപകരുടെ ഓണറേറിയം ആദ്യം മൂവായിരം രൂപയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് പതിനായിരം രൂപയായി വർദ്ധിപ്പിച്ചു. വർഷങ്ങളായി ജോലിചെയ്യുന്ന അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ കഴിഞ്ഞ സർക്കാരിന്റെ 1-3-2014-ലെ ജി.ഒ. നമ്പർ 44/2014 പ്രകാരം 111 ഇത്തരം സ്കൂളുകളെ അപ്ഗ്രേഡ് ചെയ്ത് എൽ.പി. സ്കൂളുകളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2014-ൽ ശ്രീ. കെ. അച്ചുതൻ അടക്കമുള്ള ആളുകളുടെ ചോദ്യം നമ്പർ 4350-ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നിയമസഭയിൽ നൽകിയ ഉത്തരത്തിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ലോവർ പ്രൈമറി സ്കൂളുകൾ ഉണ്ടായിരിക്കണമെന്നാണ്. ഈ

ആവശ്യം മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ എത്തിപ്പെടാൻ സാധിക്കാത്ത തീരപ്രദേശങ്ങളിലും വനപ്രദേശങ്ങളിലും നിലവിൽ പ്രവർത്തിക്കുന്ന ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളെ നിബന്ധനകൾക്ക് വിധേയമായി ലോവർ പ്രൈമറി സ്കൂളുകളാക്കി മാറ്റുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവ് നടപ്പാക്കിയിട്ടില്ല. വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ഇതുപോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ എൽ.പി. സ്കൂളാക്കി മാറ്റിയ കഴിഞ്ഞ ഗവൺമെന്റിന്റെ ഉത്തരവ് നടപ്പിലാക്കുവാനും പൊതുവിദ്യാഭ്യാസ യജ്ഞത്തിന് കൂടുതൽ ഊന്നൽ നൽകുന്ന ഈ ഗവൺമെന്റ് ബദൽ സ്കൂളുകൾ നിർത്താതെ കൂടുതൽ നല്ല രീതിയിൽ നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് 306 എം.ജി.എൽ.സി. (multi grade learning centres) സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുണ്ട്. അവയിൽ പലതും ആദിവാസി മേഖലയിലാണ് പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പാടില്ല. എന്നാൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഈ ബദൽ സ്കൂളുകൾ നിർത്തലാക്കാൻ സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ തുടർപ്രവർത്തനങ്ങൾ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 31-5-2017-ന് മുമ്പ് സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതുപ്രകാരം വിവരങ്ങൾ ശേഖരിക്കുന്നതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതി ടി ഓഫീസുകളുടെ പരിധിയിൽ വരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങൾ നേരിട്ട് സന്ദർശിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ യോഗ്യതയ്ക്കനുസരിച്ച് നിയമനം നടത്തണമെന്ന ആവശ്യവും വേതന വർദ്ധനവുപോലുള്ള മറ്റ് കാര്യങ്ങളും തക്ക സമയത്ത് പരിഗണിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സർ, സംസ്ഥാന സർക്കാരിന്റെ വിവര സാങ്കേതികവിദ്യാനയം 2017 -ന്റെ കരട് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(2) ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 11, പന്ത്രണ്ടാം സമ്മേളനത്തിലെ 2145, പതിനഞ്ചാം സമ്മേളനത്തിലെ 3636, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 29, രണ്ടാം സമ്മേളനത്തിലെ 131, 141, 142, 1338, 1349, 1351, 2635, 2682, 4099, 4131, 4132, 4146, 4191, 4195, 4233, 4235, 4238, 4434, 5221, 5227, 5306, 6407, 6411, 6426, 6480 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3340, 3442 പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1879 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4913, 4930, 4932 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

4. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 355 എന്ന നമ്പരിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

5. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2634 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

6. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6258 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

7. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 2398 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

8. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2348 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

9. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 598, പതിനൊന്നാം സമ്മേളനത്തിലെ 2120 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

## VII റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019) യുടെ ചെയർമാനായ ഞാൻ സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## VIII ശുദ്ധിപത്രം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റും സംബന്ധിച്ച മൂന്നാം വാല്യത്തിലെ 353-ാം പേജിൽ 43-ാം നമ്പർ ധനാഭ്യർത്ഥനയിൽ കടന്നുകൂടിയ പിശക് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഈ തിരുത്തലുകൾക്കനുസൃതമായി 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് രേഖയുടെ അനുബന്ധം IV-ന്റെ പുതുക്കിയ പതിപ്പും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## IX ക്രമപ്രശ്നം

ചട്ടങ്ങളുടെ കരട് സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 238-ൽ സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ അധികാരങ്ങൾ വിവരിക്കുന്നതിൽ നിയമസഭയുടെ ഒരു ആക്ടുമൂലം സർക്കാരിനോ മറ്റ് സ്റ്റാറ്റ്യൂട്ടറി അതോറിറ്റിക്കോ ചട്ടങ്ങൾ ഉണ്ടാക്കുവാൻ അധികാരം നൽകുന്നിടത്ത് എല്ലാ സംഗതികളിലും അങ്ങനെയുള്ള ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി കരട് രൂപത്തിൽ വയ്ക്കേണ്ടതാണെന്ന് പറയുന്നുണ്ട്. എന്നാൽ സന്ദർഭത്തിന്റെ അടിയന്തര സ്വഭാവം അങ്ങനെ ആവശ്യപ്പെടുന്നപക്ഷവും പൊതുതാൽപ്പര്യാർത്ഥം പെട്ടെന്ന് നടപടി എടുക്കേണ്ടതായും വരുന്ന സംഗതിയിൽ മാത്രം ഏതെങ്കിലും നിയമപ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ച് പ്രസ്തുത ചട്ടത്തിന്റെയോ ചട്ടങ്ങളുടെയോ കരടുരൂപങ്ങൾ സബ്ജക്ട കമ്മിറ്റി മുമ്പാകെ വയ്ക്കാതെ ചട്ടമോ ചട്ടങ്ങളോ പുറപ്പെടുവിക്കുന്നതാണെന്നും അപ്രകാരം പുറപ്പെടുവിക്കുമ്പോൾ അതോടൊന്നിച്ച് കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ അങ്ങനെ പുറപ്പെടുവിക്കുവാൻ ആവശ്യമായിരുന്ന കാരണങ്ങളുടെ വിശദീകരണവും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് ഇതേ ചട്ടത്തിൽതന്നെ വ്യക്തമാക്കുന്നുണ്ട്.

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 28-2-2017-ൽ കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമായി ലിസ്റ്റ് (1) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച ചട്ടങ്ങളിൽ 2016-ലെ കേരള എഡ്യൂക്കേഷൻസ് (ഭേദഗതി) റൂൾസ്, 2015-ലെ കേരള ലാന്റ് അസൈൻമെന്റ് റൂൾസ്, 2016-ലെ കേരള സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ഭേദഗതി ചട്ടങ്ങൾ എന്നിവയുടെ കരടുരൂപങ്ങൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്ന് കാണുന്നു. സന്ദർഭത്തിന്റെ അടിയന്തര സ്വഭാവം ആവശ്യപ്പെടുന്നപക്ഷവും പൊതുതാൽപ്പര്യാർത്ഥം പെട്ടെന്ന് നടപടി എടുക്കേണ്ടതായിവരുന്ന സംഗതിയിലും മാത്രമാണ് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കാതെ സഭയിൽ സമർപ്പിക്കാൻ വ്യവസ്ഥയുള്ളത്. എന്നാൽ പലപ്പോഴും ഇത്തരം സാഹചര്യങ്ങൾ നിലവിലില്ലാത്ത സംഗതിയിൽക്കൂടി കരട് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ പ്രസിദ്ധീകരിക്കുന്ന പ്രവണത കൂടിക്കൂടിവരികയാണ്.

01.00 PM]

ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ പോകുന്നതുകൊണ്ടാണ് ആക്ടിന് വിരുദ്ധമായ ചട്ടങ്ങൾ വരെ സഭയുടെ മേശപ്പുറത്ത് വയ്ക്കാനിടയാകുന്നത്. മേൽപ്പറഞ്ഞതിൽ 1959-ലെ Kerala Education Rules-നുള്ള ഭേദഗതി പോലെ വളരെ പ്രധാനപ്പെട്ട ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കണം. എങ്കിൽ മാത്രമേ സബ്ജക്ട് കമ്മിറ്റിയുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതുപോലെ അവ ഏൽപ്പിച്ചുകൊടുത്ത അധികാരത്തിനുള്ളിലാണോ എന്നും നിയമത്തിന്റെ പൊതു ഉദ്ദേശ്യത്തിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടോയെന്നും അറിയാൻ കഴിയൂ. ഇക്കാര്യത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന കൂടാതെ പോകുന്നതുകൊണ്ടാണ് ആക്ടിന് വിരുദ്ധമായ ചട്ടങ്ങൾവരെ സഭയുടെ മേശപ്പുറത്ത് വയ്ക്കാനിടയാകുന്നത്. ഇത്തരത്തിലുള്ള ചട്ടങ്ങളിലാണ് പലപ്പോഴായി ഭേദഗതികൾ ആവശ്യമായി വരുന്നത്. ഇത് ആശാസ്യമായ പ്രവണതയല്ല. നിയമസഭയുടെയും സബ്ജക്ട് കമ്മിറ്റിയുടെയും അധികാരങ്ങൾ കവർന്നെടുക്കാനുള്ള ഈ പ്രവണത അവസാനിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ വസ്തുതകൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 238-ന്റെയും സബ്ജക്ട് കമ്മിറ്റിയുടെ അഭ്യന്തര പ്രവർത്തനങ്ങളുടെ ചട്ടങ്ങളുടെ ചട്ടം 10-ന്റെയുംകൂടി അടിസ്ഥാനത്തിൽ പരിശോധിച്ച് അങ്ങ് ആവശ്യമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. സാധാരണ നിലയിൽ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. എന്നാൽ പലപ്പോഴും നോട്ടിഫൈ ചെയ്തതിനുശേഷമാണ് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വരാറുള്ളത്. ഞാൻ തന്നെ അംഗമായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയിൽ നിരവധി തവണ ഇത് കൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ പലപ്പോഴും ഇത് ആവർത്തിക്കുന്നു എന്നുള്ളത് കുറവാണ്. ഇവിടെ 9-12-2016-ലെ SRO No. 791/2016 ആയി പ്രസിദ്ധീകരിച്ച 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് മുമ്പായി ചട്ടങ്ങളുടെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് നൽകിയിട്ടില്ലെന്ന് ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച ക്രമപ്രശ്നം പരിശോധിച്ചു. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന് കീഴിൽ എസ്.ആർ.ഒ. നമ്പർ 247/2013 ആയി പുറപ്പെടുവിച്ച ചട്ടങ്ങളാണ് 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ, നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2011-2014) ഈ ചട്ടങ്ങളുടെ സൂക്ഷ്മപരിശോധന നടത്തി സമിതിയുടെ 18-ാമത് റിപ്പോർട്ട് പ്രകാരം ചില ഭേദഗതികൾ നിർദ്ദേശിക്കാൻ സർക്കാരിന് നൽകിയിരുന്നു. അതിന്റെ ഭാഗമായി സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ചശേഷം പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിനായി 28-12-2016-ലെ എസ്.ആർ.ഒ. നമ്പർ 791/2016 പ്രകാരം കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. 2016-ലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ശിപാർശ ചെയ്തപ്രകാരമാണ് മേൽപ്പറഞ്ഞ ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചത്. ഭേദഗതി ചട്ടങ്ങളുടെ കരട് വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതില്ല എന്ന ധാരണയിലാണ് ഇത് വയ്ക്കാതിരുന്നത്. ഇക്കാര്യത്തിൽ വിജ്ഞാപനത്തിനുമുമ്പ് കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ സ്റ്റാറ്റ്യൂട്ടറി ചട്ടം 238 പ്രകാരം വയ്ക്കേണ്ടതാണ്. അത് വകുപ്പിന് ഒരു ഒമിഷൻ വന്നതാണ്. എന്നാൽ എമർജൻസി വാറണ്ട് ചെയ്യുന്ന ഘട്ടങ്ങളിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കാതെതന്നെ ചട്ടങ്ങൾ തയ്യാറാക്കാം. അവിടെയാണ് ആക്ടിന്റെ ഇന്റൻഷനെതിരായി ചട്ടങ്ങൾ മാറുന്നത്. അതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിപൂർണ്ണമായിട്ടുള്ള സ്ക്രൂട്ടിനി മുൻകൂട്ടിത്തന്നെ വേണമെന്ന നിബന്ധനവച്ചത്. അതിന്റെ ഒരു വയലേഷൻ ഇവിടെ നടന്നിട്ടുണ്ട്. മേലിൽ അത് വരാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, അധ്യാപക പാക്കേജ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 1-10-2013-ലെ 199/2011/പൊ.വി.വ. നമ്പർ ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കുമെതിരെ ഫയൽ ചെയ്യപ്പെട്ട നിരവധി കേസുകളിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തെ

തുടർന്ന് അദ്ധ്യാപക-അനദ്ധ്യാപകരുടെ സംരക്ഷണം, തസ്തിക നിർണ്ണയം, നിയമനാംഗീകാരം, അധിക സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം തുടങ്ങിയ വിഷയങ്ങളിൽ പുതിയ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. 2015-16-ലെ തസ്തികനിർണ്ണയത്തെത്തുടർന്ന് തസ്തികനഷ്ടം സംഭവിച്ച സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച് 5-8-2016-ലെ 134/2016/പൊ.വി.വ. എന്ന ഉത്തരവിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2015-16 അദ്ധ്യയന വർഷത്തെ തസ്കിക നിർണ്ണയംതന്നെ 2016-17 അദ്ധ്യയന വർഷവും ബാധകമാകുമെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മേൽപ്പറഞ്ഞ ഉത്തരവുകളിലെ അദ്ധ്യാപക-അനദ്ധ്യാപക പുനർവിന്യാസത്തെ സംബന്ധിച്ച വ്യവസ്ഥകളേയും 2015-16-ലെ തസ്തിക നിർണ്ണയം 2016-17 ലേയ്ക്കും ബാധകമാക്കിയതിനെയും ചോദ്യം ചെയ്തുകൊണ്ട് റിട്ട് പെറ്റീഷൻ 22177/2016 തുടങ്ങിയ നിരവധി കേസുകൾ കോടതിയിൽ ഫയൽ ചെയ്യപ്പെട്ടു. 1-10-2017-ലെ 199/2011/പൊ.വി.വ. പ്രകാരം ആവിഷ്കരിച്ച അധ്യാപക ബാങ്കിന് നിയമപ്രബല്യം നൽകാനായി കൊണ്ടുവന്ന 11-8-2014-ലെ ഉത്തരവ് 154/2014 പ്രകാരം കെ.ഇ.ആർ. ഭേദഗതിയിലെ പ്രസക്തമായ സെക്ഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തതിനാൽ അദ്ധ്യാപക ബാങ്ക് എന്ന സംവിധാനം ചട്ടപ്രകാരം നിലവിലില്ല. ആയതിനാൽ മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരമുള്ള തസ്തിക നിർണ്ണയവും പുനർവിന്യാസവും ചട്ടപ്രകാരം ഉറപ്പുനൽകാനും വ്യക്തത നൽകാനുമായി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം-21 ചട്ടം 7, അധ്യായം-23 ചട്ടം 5 എന്നിവയിൽ ഭേദഗതി അനിവാര്യമായിരുന്നു. സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം, സ്കൂളുകളിലെ തസ്തിക നിർണ്ണയം എന്നിവ സംബന്ധിച്ച ഉത്തരവുകൾക്ക് നിയമപരമായ പ്രാബല്യം ലഭിക്കുന്നതിനുള്ള കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം-21 ചട്ടം 7, അധ്യായം-23 ചട്ടം 5 എന്നിവയുടെ ഭേദഗതിക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 3-12-2016-ലെ 199/2016/പൊ.വി.വ. ഉപ നമ്പരായും SRO No. 752/2016 ആയും 14-12-2016-ൽ അസാധാരണ ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. WPC Nos. 30707/2016, 22177/2016 എന്നീ കേസുകളിൽ അഡ്വക്കേറ്റ് ജനറലിന്റെ കത്തിന്റെകൂടി അടിസ്ഥാനത്തിലാണ് ഹൈക്കോടതിയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കെ.ഇ.ആർ. ഭേദഗതികൾ അടിയന്തരമായി കൊണ്ടുവരേണ്ടിവന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 14-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ 28-2-2017-ന് കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമായി ലിസ്റ്റ് 1 പ്രകാരം സഭയുടെ മേശപ്പുറത്ത് വച്ച ചട്ടങ്ങളിൽ 1-6-2015-ൽ SRO No. 436/2015 ആയി പ്രസിദ്ധീകരിച്ച The Kerala Land Assignment (Amendment) Rules 2015-ന്റെ കരടുരൂപം പുറപ്പെടുവിക്കുന്നതിനുമുൻപ് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക്

വിധേയമാക്കാത്തത് സംബന്ധിച്ചുള്ള ക്രമപ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇവിടെ പറഞ്ഞ കാര്യം ശരിയാണ്. അതിനുശേഷമാണ് സബ്ജക്ട് കമ്മിറ്റിയുടെ മുൻപാകെ വന്നതെന്നാണ് രേഖകളിൽ കാണുന്നത്. സംസ്ഥാനത്തെ മലയോര മേഖലകളിൽ (hill tracts) സർക്കാർ ഭൂമി പാട്ടത്തിന് അല്ലെങ്കിൽ കയ്യേറിയോ കൈവശം വച്ചോ 1-6-2015-ൽ 10 വർഷം തികഞ്ഞവർക്ക് പട്ടയം നൽകുന്നതിന് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 7 (എ)- യ്ക്കുശേഷം 7 (ബി) ആയി ഒരു വ്യവസ്ഥ കൊണ്ടുവരുന്നതിനും അപ്രകാരം കൂട്ടിച്ചേർക്കുന്ന 7 (ബി)-ൽ ക്ലിപ്ത നിബന്ധന കൊണ്ടുവരുന്നതിനും ആയതിന് പരിഗണിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്ന് 3 ലക്ഷം രൂപയായി ഉയർത്തുന്നതിനും 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 7 (2) (3), 7 (2) (5) എന്നിവ പ്രകാരം ഭൂമി പതിവിന് പരിഗണിക്കുന്നതിനുള്ള വരുമാന പരിധി 30,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിച്ച് നിർദ്ദിഷ്ട ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. കരട് ഉത്തരവ് നിയമ വകുപ്പ് സൂക്ഷ്മപരിശോധന നടത്തി അംഗീകരിച്ചതിനുശേഷം വിഷയനിർണ്ണയ സമിതിയുടെ സാധൂകരണത്തിന് വിധേയമായി 1-6-2015-ൽ 217/2015/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 4-7-2015-ൽ SRO No. 436/2015 ആയി ഗസറ്റ് വിജ്ഞാപനം നടത്തുകയുമുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്താൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ 14-10-2015-ലെ സർക്കാർ ഉത്തരവ് 570/2015/റവന്യൂ, 16-10-2015-ലെ SRO No. 702/2015 എന്നിവ പ്രകാരം പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്തുകൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിജ്ഞാപനങ്ങൾ സമിതിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ 26-10-2016-ന് സമർപ്പിച്ചിട്ടുള്ളതാണ് എന്ന വിവരം അറിയിക്കുന്നു.

## റൂളിംഗ്

<u>മി.സ്പീക്കർ</u>: ചട്ടം 303 പ്രകാരം വളരെ പ്രധാനപ്പെട്ട ഒരു ക്രമപ്രശ്നമാണ് ശ്രീ. മഞ്ഞളാംകുഴി അലി സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഒരു വൃക്ഷം നട്ടുവളർത്തിയതിനുശേഷം അതിന്റെ ശിഖരങ്ങളും ഇലകളുമെല്ലാം വെട്ടിവീഴ്ത്തി അതിനെ ഷണ്ഡീകരിക്കുന്നതുപോലയാണ് ഈ അനുഭവം എന്ന് ചെയർ പറയുകയാണ്. കാരണം നിയമസഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് വിധേയമായിട്ടാണ് ചട്ടങ്ങൾ തയ്യാറാക്കുന്നത്. സ്വാഭാവികമായും ചട്ടങ്ങളുണ്ടാക്കുന്നതിനുമുൻപ് സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണം അനിവാര്യമാണ്. എന്ത് കാരണത്തിന്റെ പേരിലായാലും അതൊഴിവാക്കുന്നത് നിയമസഭയുടെ അവകാശത്തിന്മേലുള്ള വെല്ലുവിളിയായി

കാണേണ്ടിവരും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ തൃപ്തികരമായ മറുപടിയാണ് നൽകിയത്. അതിനെ സംബന്ധിച്ച് റൂളിംഗ് നൽകുകയാണ്.

നിയമസഭയുടെയോ പാർലമെന്റിന്റെയോ ഒരു ആക്ട്മൂലം ചട്ടങ്ങൾ തയ്യാറാക്കാൻ ഗവൺമെന്റിന് അധികാരം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ചട്ടം നിർമ്മിക്കുന്ന അവസരങ്ങളിൽ അങ്ങനെയുള്ള ചട്ടങ്ങളെല്ലാം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ പരിശോധനയ്ക്കായി കരട്രൂപത്തിൽ വയ്ക്കേണ്ടതാണെന്ന് നിയമസഭാ നടപടി ചട്ടം 238-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അടിയന്തര സന്ദർഭങ്ങളിൽ ചട്ടങ്ങൾ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ വയ്ക്കാതെ പുറപ്പെടുവിക്കാവുന്നതാണെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആയതിനുള്ള കാര്യകാരണസഹിതം വിജ്ഞാപനം കഴിഞ്ഞാലുടൻതന്നെ സമിതിയുടെ സാധൂകരണത്തിനായി സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിരിക്കുന്നു.

സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ കരട് രൂപത്തിൽ സമർപ്പിക്കുന്ന കാര്യത്തിൽ സർക്കാർ വകുപ്പുകൾ ബോധപൂർവ്വമോ അല്ലാതെയോ കാണിക്കുന്ന കുറ്റകരമായ അനാസ്ഥ സംബന്ധിച്ചാണ് ഉദാഹരണസഹിതം ശ്രീ. മഞ്ഞളാംകുഴി അലി തന്റെ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ വിശദീകരണവും നൽകുകയുണ്ടായി. പൊതുവിൽ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും ഓർത്തിരിക്കേണ്ട ഒരു പ്രധാന വിഷയം ഇക്കാര്യത്തിൽ അടങ്ങിയിട്ടുണ്ടെന്ന് ചെയർ കരുതുന്നു.

സബോർഡിനേറ്റ് ലെജിസ്ലഷൻ അഥവാ ഡെലിഗേറ്റഡ് ലെജിസ്ലേഷൻ എന്ന പ്രക്രിയയിൽ സർക്കാരിനുള്ള അധികാരത്തിന്മേൽ ലെജിസ്ലേച്ചറിനുള്ള നിയന്ത്രണ മെക്കാനിസം ഏറ്റവും ശക്തമായി നടപ്പിലാക്കിയിട്ടുള്ള അപൂർവ്വം സംസ്ഥാന നിയമസഭകളിൽ ഒന്നാണ് കേരള നിയമസഭ എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. 1980-ൽ സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വന്നതോടുകൂടിയാണ് കേരള നിയമസഭ മാതൃകാപരമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ഇത് പ്രാവർത്തികമാക്കിയത്. സർക്കാർ നിർമ്മിക്കുന്ന ചട്ടങ്ങൾ വിജ്ഞാപനത്തിനുശേഷം യാന്ത്രികമായി ഒരു പോസ്റ്റുമോർട്ടത്തിനു വിധേയമാക്കുക എന്ന സ്ഥിരം നടപടിക്രമത്തിൽനിന്നും വിഭിന്നമായി ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനുമുമ്പുതന്നെ അതൊരു മുൻകൂർ ലെജിസ്ലേറ്റീവ് സ്ക്രൂട്ടിനിക്ക് വിധേയമാക്കണമെന്ന ആശയം പാർലമെന്ററി രംഗത്ത് പ്രയോഗത്തിൽ കൊണ്ടുവന്നത് കേവലം ഒരു നടപടിക്രമം എന്ന രൂപത്തിൽ മാത്രമല്ല, മറിച്ച് സർക്കാരിന്റെ നിയമനിർമ്മാണ നടപടിയിൽ തക്കസമയത്തുതന്നെ ലെജിസ്ലേച്ചറിന് ഫലപ്രദമായി ഇടപെടാൻ അവസരമൊരുക്കുന്ന മഹത്തായ ഒരു പാർലമെന്ററി ആശയം നടപ്പാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു.

എന്നാൽ ദൗർഭാഗ്യകരമെന്നുപറയട്ടെ, സബ്ജക്ട് കമ്മിറ്റികളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം വേണ്ടരീതിയിൽ നിർവ്വഹിക്കുവാൻ സമിതികൾക്ക് അവസരം ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോൾ സംജാതമായിക്കൊണ്ടിരിക്കുന്നത്. സമീപകാല സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചതിൽനിന്നും ഇക്കാര്യം വ്യക്തമാണ്. കാലതാമസത്തിനിടയാക്കുമെന്ന ആശങ്ക ഉന്നയിച്ചുകൊണ്ടാണ് പലപ്പോഴും സബ്ജക്ട് കമ്മിറ്റികളെ അതിന്റെ മുൻകൂർ പരിശോധനയിൽനിന്നും ഒഴിവാക്കപ്പെടുന്നതെന്നാണ് ചെയർ മനസ്സിലാക്കുന്നത്. എക്സിക്യൂട്ടീവിന്റെ സബോർഡിനേറ്റ് ലെജിസ്ലേഷനുമേലുള്ള "ലെജിസ്ലേറ്റീവ് കൺട്രോൾ" എന്ന നിലയ്ക്ക് ഒരു കാരണവശാലും ഒഴിവാക്കാനോ ദുർബലപ്പെടുത്താനോ പാടില്ലാത്ത വ്യവസ്ഥകളാണ് കാലതാമസത്തിന്റെ പേരുപറഞ്ഞ് ഇപ്പോൾ തമസ്കരിക്കപ്പെട്ടുപോകുന്നത്. ഇത്തരം രീതികൾ ഒഴിവാക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല. ഈ സാഹചര്യത്തിൽ, ഇനിമേൽ, സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്ന എല്ലാ ഒറിജിനൽ ചട്ടങ്ങളും ഭേദഗതി ചട്ടങ്ങളും പരമാവധി കരടുരൂപത്തിൽതന്നെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

അതുപോലെ ഓരോ സബ്ജക്ട് കമ്മിറ്റിയും ചട്ടപ്രകാരം ലഭ്യമായ അധികാരാവകാശങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് തങ്ങളുടെ കർത്തവ്യങ്ങൾ ജാഗ്രതയോടുകൂടി നിർവ്വഹിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്നുകൊണ്ട് സമിതി മുമ്പാകെ ലഭ്യമായ ചട്ടങ്ങൾ സമയബന്ധിതമായി പരിശോധന നടത്തി ആവശ്യമായ ശിപാർശകൾ യഥാസമയം സർക്കാരിന് ലഭ്യമാക്കുന്ന കാര്യത്തിലും സമിതിയുടെ അധികാരാവകാശങ്ങൾ ഹനിക്കപ്പെടുന്നതായി ബോദ്ധ്യപ്പെടുന്ന സന്ദർഭങ്ങളിൽ അവസരോചിതമായി ഇടപെട്ടുകൊണ്ട് ബന്ധപ്പെട്ടവരിൽനിന്നും വിശദീകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരാഞ്ഞുകൊണ്ട് ഇക്കാര്യത്തിൽ നിതാന്ത ജാഗ്രത പാലിക്കാൻ അതത് സമിതിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മപ്പെടുത്തുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ബഡ്ജറ്റ് സ്ക്രൂട്ടിനി ഇതേ സബ്ജക്ട് കമ്മിറ്റിയാണ് നടത്തുന്നത്. എന്തെങ്കിലും ഗുണം അതിന്റെഭാഗമായുണ്ടോ എന്നുകൂടി ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്പീക്കറുടെ റൂളിംഗ് വളരെ ഫലപ്രദമാണ്, റെലവന്റാണ്. ബില്ലുകൾ പാസ്സാക്കി ആക്ടായി വന്നാൽപ്പോലും ചട്ടങ്ങൾ ഉണ്ടാകാത്തതുകൊണ്ട് ഗുരുതരമായ പല പ്രശ്നങ്ങളും ഭരണരംഗത്ത് നിലവിലുണ്ട്. ബില്ലുകൾ പാസ്സാക്കി പത്തും പതിനഞ്ചും വർഷങ്ങൾ കഴിഞ്ഞാലും ചട്ടം ഉണ്ടാകുന്നില്ല. ഗൗരവതരമായ ഈ കാര്യംകൂടി ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഡ്ജറ്റ് സ്ക്രൂട്ടിനി നടക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്നാണ് ചോദിക്കുന്നത്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇങ്ങനെ ചോദിക്കാമോ? ബഡ്ജറ്റ് സ്ക്രൂട്ടിനികൊണ്ട് പ്രയോജനം ഉണ്ടാകണ്ടേ?

മി.സ്പീക്കർ: പ്രയോജനമുണ്ടാകണം എന്ന അർത്ഥത്തിലാണ് മന്ത്രി പറഞ്ഞത്.

ശ്രീ. പി. കെ. ബഷീർ: സർ, ഏതെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചിട്ടുണ്ടോ?

മി.സ്പീക്കർ: ബഹുമാനപ്പെട്ട പി. കെ. ബഷീർ, സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ബഡ്ജറ്റ് സ്ക്രൂട്ടിനി നടക്കുന്നതുകൊണ്ട് പ്രയോജനം ഉണ്ടാകണമെന്നാണ് പറയേണ്ടത്. അദ്ദേഹം പാർലമെന്ററികാര്യ വകുപ്പുമന്ത്രിയല്ലേ; ചട്ടപ്രകാരം ബഡ്ജറ്റ് സ്ക്രൂട്ടിനി നമ്മുടെ അവകാശമാണ്. അതുകൊണ്ട് പ്രയോജനമുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചാൽ എന്തുചെയ്യും?

ശ്രീ. എ. കെ. ബാലൻ: സർ വളരെ പ്രധാനപ്പെട്ട ഡിമാന്റുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് സ്ക്രൂട്ടിനി നടത്തുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി വേണ്ടത്ര ഗൗരവത്തിൽ അത് കാണുന്നുണ്ടോ, അതിന്റെ ഗുണം ഉണ്ടാകുന്നുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്.

മി. സ്പീക്കർ: പ്ലീസ്.... അവകാശലംഘന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## X അവകാശലംഘനപ്രശ്നം

ശ്രീ. പി. സി. ജോർജ്: സർ, പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ 6-3-2017-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1645-ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 155-ാം ചട്ടപ്രകാരം ഞാൻ നോട്ടീസ് നൽകുന്നു. ഏറണാകുളം ജില്ലയിലെ 'മരട് ' മുനിസിപ്പാലിറ്റിയിൽ

പണിതുയർത്തിയിരിക്കുന്ന പതിനാല് നിലകളുള്ള 'ക്രൗൺ പ്ലാസ' യുടെ നിർമ്മാണം സംബന്ധിച്ചായിരുന്നു ചോദ്യം. എറണാകുളം ജില്ലയിൽ മരട് വില്ലേജിൽ സർവ്വേ നമ്പർ 212/7, 213/3, 213/15, 213/16 എന്നീ നമ്പരുകളിൽപ്പെട്ട വസ്തുവകകളിലാണ് ടി കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. തീർത്തും പാടശേഖരമായ വസ്തുവകകളിൽ 31000 സ്ക്വയർഫീറ്റ് വിസ്തീർണ്ണം വരുന്ന കെട്ടിട സമുച്ചയം പണിയുന്നതിന് മരട് പഞ്ചായത്ത് (ഇന്നത്തെ മരട് മുനിസിപ്പാലിറ്റി) പെർമിറ്റ് നൽകിയതുതന്നെ പ്രഥമദൃഷ്ട്യാ അഴിമതിക്കും അനീതിക്കും നിയമവിരുദ്ധപ്രവൃത്തിക്കും തെളിവാണ്. ഇതിലെ പ്രധാനപ്പെട്ട കാര്യം പാവപ്പെട്ടവന് നിലം/വയൽ നികത്തി വീടുവയ്ക്കണമെങ്കിൽ സമ്മതം ലഭിക്കില്ല. അഞ്ച് സെന്റിന് ആർ.ഡി.ഒ.-യോട് അനുവാദം വാങ്ങുന്നതിന് എന്തെല്ലാം നിബന്ധനകളാണുള്ളത്. ഇവിടെ മുതലാളിമാർക്ക് പതിനാലും പതിനഞ്ചും നിലയുള്ള രമ്യഹർമ്മ്യങ്ങളും ഫൈവ് സ്റ്റാർ ഹോട്ടലുകളും പണിയാൻ ഒരു നിയമതടസ്സവുമില്ല. ഇതിങ്ങനെ പോകാൻ കഴിയുമോ? ഈ വിഷയത്തിൽ കോടതി ഉത്തരവുണ്ട്. കോടതിയുടെ ഉത്തരവ് WPC36500/2007 പ്രകാരം കോടതിയുടെ അനുവാദമില്ലാതെ നമ്പർ കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞിരിക്കുകയാണ്. ഞാൻ ചോദ്യം ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്ന മറുപടി അത് ശരിയാണെന്നാണ്. ബഹുമാനപ്പെട്ട കോടതി വിധിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള മറുപടി തെറ്റാണ്. അതുകൊണ്ട് നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വകുപ്പ് 155 പ്രകാരം ഞാൻ അവകാശലംഘനത്തിന് നോട്ടീസ് നൽകുന്നു.

മി.സ്പീക്കർ: ശ്രീ. പി. സി. ജോർജ് ഉന്നയിച്ച അവകാശ ലംഘനപ്രശ്നം ആവശ്യമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഇത് പ്രസംഗമാണോ?

മി.സ്പീക്കർ: അദ്ദേഹത്തിന് ഫ്ലോറിൽ മെൻഷൻ ചെയ്യാനുള്ള അവസരം കൊടുത്തതാണ്.

## XI നിയമനിർമ്മാണകാര്യം

### (1) 2017-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## (2) 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ധനകാര്യവും കയറും വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി(ഡോ. ടി.എം. തോമസ് ഐസക്): ഇല്ല.

ശ്രീ. കെ. ബാബു: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. നികുതി വർദ്ധിപ്പിക്കലും കയ്യിലുള്ള പണം ചെലവഴിക്കലുമല്ല ബഡ്ജറ്റ്. പണം കണ്ടെത്തി ചെലവഴിക്കലാണ് ബഡ്ജറ്റ്. പണം എവിടെനിന്ന് കിട്ടും? പ്രതിപക്ഷത്തിന്റെ ചോദ്യം സ്വപ്ന കിഫ്ബിയാണോ എന്നാണ്. കിഫ്ബിയിൽനിന്നും കെ.എസ്.എഫ്.ഇ. ചിട്ടിഫണ്ടിൽനിന്നും പണം എങ്ങനെ കണ്ടെത്തും ഏത് രൂപത്തിൽ ചെലവഴിക്കുമെന്നതിനെ സംബന്ധിച്ചും അതിന്റെ തിരിച്ചടവ് എങ്ങനെയാണെന്നും കഴിഞ്ഞ മാർച്ച് 13-ലെ മാതൃഭൂമി പത്രത്തിൽ ഡോ. ടി. എം. തോമസ് ഐസക് എഴുതിയ ലേഖനം വായിച്ചാൽ ആർക്കാണ് മനസ്സിലാകാത്തത്. ഇവിടെ ബഡ്ജറ്റ്-കിഫ്ബി=പൂജ്യം എന്നതാണ് യു.ഡി.എഫ്.-ന്റെ സമവാക്യം. ബഡ്ജറ്റ്+കിഫ്ബി+5 വർഷം=എൽ.ഡി.എഫ്. എന്നത് അവരുടെ ബേജാറാണ്. അർത്ഥശാസ്ത്രത്തിൽ കൗടില്യൻ പറയുന്നുണ്ട്, മനുഷ്യകൃതമായ നയവും അപനയവും ഗുണവും ദോഷവുമാണ് എന്ന്. നയരൂപീകരണത്തിൽ മഹാരാജാവ് ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങളുണ്ട്. ഒന്ന് ആത്മസമ്പത്ത്, അതാണ് ശ്രദ്ധ. രണ്ട് ദ്രവ്യ സമ്പത്ത്, അതാണ് ഉദ്യോഗസ്ഥരും ധനവിനിയോഗവും. മൂന്ന്, പ്രകൃതി സമ്പത്ത്, അതാണ് കൃഷി, ഖനനം, ജലം, വനം; അതാണ് ഹരിത കേരളം. ഈ മൂന്ന് സമ്പത്തുകളെയും സമന്വയിപ്പിച്ചുകൊണ്ട് 3.34 കോടി വരുന്ന കേരള ജനതയ്ക്കുവേണ്ടി തയ്യാറാക്കിയ ഈ ബഡ്ജറ്റിനെ പ്രതിപക്ഷത്തിനല്ലാതെ മറ്റാർക്കാണ് എതിർക്കാൻ കഴിയുക.

സഞ്ജയന്റെ കഥയിലെ വാസു നമ്പിയെക്കുറിച്ച് പറയുന്നതു കേട്ടു. വാസു നമ്പി രണ്ട് അടയ്ക്കയും ചെല്ലപ്പെട്ടിയും ഉയർത്തിക്കാണിച്ച് 12,000 രൂപയുണ്ടെന്ന് കോടതിയിൽ ബോധിപ്പിച്ചു. കേരളത്തിന്റെ ഖജനാവ് ആകുന്ന ചെല്ലപ്പെട്ടി അടിച്ചുമാറ്റിയ യു.ഡി.എഫ്. ഒരു കുന്നിക്കുരുപോലും ബാക്കിവയ്ക്കാതെയാണ് കഴിഞ്ഞ 5 വർഷം ഭരിച്ചിട്ട് ഇവിടെനിന്നും പോയത്. അവിടെനിന്നാണ് 50,000 കോടി രൂപയുടെ കിഫ്ബിയും ഈ കഴിഞ്ഞ ബഡ്ജറ്റിനകത്തെ 26,000 കോടി രൂപയുടെ ജനക്ഷേമവുമൊക്കെ. വികസനോന്മുഖമായ പദ്ധതി ആവിഷ്കരിച്ചപ്പോൾ അതിനെ മറച്ചുപിടിച്ചുകൊണ്ട് കേരള ജനതയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലേയ്ക്കാണ് പ്രതിപക്ഷം പോകുന്നത്. ബഡ്ജറ്റിനെ എതിർത്ത പ്രതിപക്ഷത്തെ ഒരംഗം പറയുന്നതുകേട്ടു, പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കുമെന്ന്. ആരാണ് പൊട്ടൻ, കഴിഞ്ഞ ഉമ്മൻ ചാണ്ടി ഗവണ്മെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാർ ആണോ? നിയമസഭാംഗമായി 50 വർഷം പിന്നിടുന്ന മാണിസാറിനെ ആ പദം കൊണ്ട് വിളിക്കുന്നത് ശരിയാണോ? എനിക്കറിയാൻ കഴിയുന്നത് കഴിഞ്ഞ യു.ഡി.എഫ്.-ന്റെ അവസാന വർഷം ബഡ്ജറ്റ് അവതരിപ്പിച്ചത് ശ്രീമാൻ ഉമ്മൻ ചാണ്ടിയാണെന്നാണ്. ശ്രീ. ഉമ്മൻ ചാണ്ടി 2 വർഷം കഴിഞ്ഞാൽ 50 വർഷം പൂർത്തീകരിക്കാൻ പോകുകയാണ്. അതുകൊണ്ട് എന്റെ അഭ്യർത്ഥന, ചട്ടം 307(1) പ്രകാരം ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രിയെയും അതുപോലെ ശ്രീ. ഉമ്മൻ ചാണ്ടിയെയും പൊട്ടൻ എന്ന പദംകൊണ്ട് വിശേഷിപ്പിച്ചത് നിയമസഭയുടെ രേഖകളിൽനിന്ന് മാറ്റണം എന്നാണ്. അതുപോലെ ആരാണ് പൊട്ടനെ ചതിച്ചത്, ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയോ? ആ ധനകാര്യ വകുപ്പുമന്ത്രിയെ ചതിച്ചത് ദൈവമാണുപോലും. ആ ദൈവം ചതിച്ചു എന്ന് അവർ പറയപ്പെടുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷത്തെ ഏതെങ്കിലും അംഗത്തിന്റെ നിയമസഭാ മണ്ഡലത്തിലേയ്ക്ക് വികസനത്തിനുവേണ്ടി ഫണ്ട് മാറ്റിവയ്ക്കാതെ ചതിച്ചു എന്നുപറയാൻ കഴിയുമോ? ...(ബഹളം)... ചട്ടം പറയാതെ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ കഴിയുകയില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ)

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പ്രസംഗിച്ചപ്പോൾ മുൻമുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിയെയും 50 വർഷം പൂർത്തിയാക്കിയ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെയും ഇവിടെ ആരോ പൊട്ടൻ എന്നു വിളിച്ചു എന്നുപറഞ്ഞു, ഏതെങ്കിലും പ്രസംഗത്തിൽ ആരെങ്കിലും ഒരു ഉപമ പറഞ്ഞാൽ അത് ഈ പറയുന്ന നേതാക്കന്മാരെ വച്ചുകൊണ്ടല്ല, അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അവരെ വ്യക്തിപരമായി ആക്ഷേപിച്ചിട്ടില്ല, ശ്രീ. കെ. ബാബുവിന് തുടരാം.

ശ്രീ. കെ. ബാബു: സർ, ഞാനും അതുതന്നെയാണ് പറഞ്ഞത് രേഖയിൽ ഉണ്ടാകാൻ പാടില്ല. കാലുകുത്തിയാൽ തലയ്ക്ക് കോടികൾ വിലപറയുന്ന കാലമാണ്. ആരുടെ തലയ്ക്കാണ് വിലപറയുന്നത്, വർഗ്ഗീയതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുന്ന നിരവധി വെല്ലുവിളികളെ അതിജീവിച്ച് കേരള ജനത ഹൃദയത്തിലേറ്റിയ കേരളത്തിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി, ധീരനായ സഖാവ് പിണറായി വിജയന്റെ തലയ്ക്കാണ് വില പറയുന്നത്. ഇന്ത്യയിൽ ഇടതുപക്ഷം ചെറിയ പക്ഷമാണ്, എന്നാൽ കോൺഗ്രസ്സ് വലുതാണ്, പക്ഷേ എന്തു കാര്യം. 15-ാം നൂറ്റാണ്ടിൽ ജീവിച്ച കബീർ ദാസിന്റെ ദോഹയിലുള്ള നാലുവരികളുണ്ട്, -

"ബഡാ ഹുവാ തോ ക്യാ ഹുവാ, (വലുതാണ് പക്ഷേ എന്തുകാര്യം)

ജൈസെ പേഡ് ഖജ്ജൂർ,

പന്ഥി കോ ഛായാ നഹി,

ഫൽ ലോഗ് അതി ദൂർ"

അത് പാലക്കാടിന്റെ പനയെക്കുറിച്ചല്ല പറഞ്ഞത്, പാലക്കാടിന്റെ പനയെക്കുറിച്ചാണ് പറഞ്ഞതെങ്കിൽപ്പോലും ഇവിടെ ആർ.എസ്.എസ്., സംഘപരിവാർ സംഘടനകളുടെ അതിക്രമംകൊണ്ട് തളർന്നുവീഴുന്ന ഇന്ത്യൻ ജനതയ്ക്ക് തണലേകാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കഴിയുന്നുണ്ടോ? അതുകൊണ്ടാണ് "ബഡാ ഹുവാ തോ ക്യാ ഹുവാ" ഇവർ വലുതായിട്ട് എന്തുകാര്യം? കോർപ്പറേറ്റ് വൽക്കരണത്തിന്റെ ഭാഗമായി പട്ടിണികൊണ്ട് മരിക്കുന്നവർക്ക് ഭക്ഷണം നൽകാൻ കഴിയാതെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്ന രാഷ്ട്രീയപാർട്ടി വലുതായിട്ട് എന്താണ് കാര്യം? നാം കണ്ടില്ലേ, ഗോവയിലും മണിപ്പൂരിലും ജനങ്ങൾ ഭൂരിപക്ഷത്തോടുകൂടി തെരഞ്ഞെടുത്തത് ആരെയാണ്? ഇവിടെ എന്റെ സുഹൃത്ത് ശ്രീ. അനിൽ അക്കര പട്ടി ചന്തയ്ക്കുപോയ കഥ പറയുന്നത് കേട്ടു. മുഖ്യമന്ത്രിയുടെ കുപ്പായം തയ്പിച്ച് രണ്ടു സംസ്ഥാനത്തേയ്ക്കും പോയ അവരെക്കുറിച്ചാണോ ഇങ്ങനെ അധിക്ഷേപിക്കുന്നതെന്നാണ് എന്റെ സംശയം. 2008-ലെ സാമ്പത്തിക മാന്ദ്യം മറികടക്കാൻ മുതലാളിത്ത രാജ്യങ്ങൾ അവരുടെ സാമൂഹ്യക്ഷേമ പദ്ധതികൾ ഓരോന്നായി വെട്ടിക്കുറച്ചു. ഈ കോർപ്പറേറ്റുകൾക്കുവേണ്ടി ഇന്ത്യൻ പ്രധാനമന്ത്രി സ്വയം സൃഷ്ടിച്ച നോട്ട് ബന്ദിമൂലം സാമ്പത്തികത്തകർച്ചയുണ്ടാകുമ്പോഴും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഇവിടെ സാമൂഹ്യ പെൻഷനുകൾ 1,100 രൂപയാക്കി വർദ്ധിപ്പിച്ച് 40 ലക്ഷത്തോളം വരുന്നവരുടെ വീടുകളിൽ കൊണ്ടെത്തിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. അതുപോലെ തന്നെ 4.79

ലക്ഷം പേർക്ക് വീട് കൊടുക്കുന്ന ലൈഫ് പദ്ധതിക്ക് തുടക്കം കുറിച്ചതും ഈ ഗവൺമെന്റാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി, പരിശോധന മാത്രമല്ല അവർക്ക് മരുന്ന് കൊടുക്കാവുന്ന തരത്തിലേയ്ക്ക് പി.എച്ച്.സി.-യെ മാറ്റുന്നതും ആർദ്രം പദ്ധതിയിലൂടെ സൗജന്യ ചികിത്സ നൽകുന്നതും ഇടതുപക്ഷ മുന്നണി ഗവൺമെന്റാണ്. കേരളത്തെ വീണ്ടെടുക്കാൻ ഹരിത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചു. അതുപോലെതന്നെ സാംസ്കാരിക രംഗത്ത് വലിയ മുന്നേറ്റം നടത്തി ഫിലിം അവാർഡുദാനം പാലക്കാട് വച്ച് നടന്നപ്പോഴും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കലാപരിപാടികൾ പാലക്കാട്ടേയ്ക്ക് തിരിച്ചുകൊണ്ടുവന്നപ്പോഴും എൽ.ഡി.എഫ്.-ന്റെ ജനകീയ മുന്നേറ്റം കണ്ടു. വിദ്യാഭ്യാസരംഗത്തെ ദേശീയ നിലവാരത്തിലേയ്ക്കല്ല അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് മാറ്റുന്ന, വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് കേരളത്തിന്റെ മണ്ണിൽ തുടക്കംകുറിക്കുകയാണ്. യു.ഡി.എഫ്. ഭരണത്തിൽ പി.എസ്.സി.-യെ നോക്കുകുത്തിയാക്കുന്ന മാതൃകയല്ല ഇടതുപക്ഷം സ്വീകരിക്കുന്നത്. 29300 പേർക്ക് 2017 ജനുവരി മാസത്തിൽ നിയമനം നൽകി. ആരോഗ്യ വകുപ്പിൽ 5884 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നു. വിദ്യാഭ്യാസ വകുപ്പിൽ 2500 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പഞ്ചായത്ത് വകുപ്പിൽ 1494 പുതിയ തസ്തികകളും സൃഷിക്കപ്പെട്ടിരിക്കുന്നു. അതാണ് തൊഴിൽ മേഖലയിലുള്ള ഇടതുപക്ഷ ബദൽ എന്ന് യു.ഡി.എഫ്. മനസ്സിലാക്കേണ്ടത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം അവസാനിപ്പിക്കാൻ ഒരു ഡിവൈ.എസ്. പി., 26 സി.ഐ.-മാർ, 133 എസ്.ഐ.-മാർ, 12 എ.എസ്.ഐ.-മാർ, 800 വനിതാ സീനിയർ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പോലീസ് സേനയിൽ വിന്യസിപ്പിക്കാൻ തീരുമാനിക്കുകയും വനിതകൾക്ക് മുൻതൂക്കം കൊടുത്ത് 2160 തസ്തികകൾ ആ മേഖലയിൽ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. അത് ഇടതുപക്ഷത്തിന്റെ തൊഴിൽ മേഖലയിലുള്ള പുരോഗതിയെയാണ് കാണിക്കുന്നത്.

ശ്രീ. എം. ടി.-യുടെ കഥാപാത്രങ്ങളിലൂടെ പുതുമയാർന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. നിർമ്മാല്യത്തിലെ വെളിച്ചപ്പാട് പറയുന്ന അവസാന വാക്കുകൂടി ആ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ അഭ്യർത്ഥന. " രണ്ടുപറ നെല്ലും വെളിച്ചെണ്ണയുംകൊണ്ട് മാസം കഴിയുമോ? ഒരു പറ നെല്ല് കൂടി ചോദിക്കരുതോ?" വെളിച്ചപ്പാടിന്റെ ഭാര്യ ചോദിച്ചു. വെളിയിലിറങ്ങിയ വെളിച്ചപ്പാടിനോട് പണി കിട്ടാനായി തൃശ്ശൂരിലേയ്ക്ക് പോകാൻ രണ്ട് രൂപ ചോദിക്കുന്ന മകൻ അപ്പു. കന്നുകളുമായി വരുന്ന മൈമൂണ്ണി പുറകിൽനിന്ന് വിളിച്ചു. പറ്റ് തീർത്തില്ലെങ്കിലും വിരോധമില്ല കുറച്ചെന്തെങ്കിലും തരണം എന്നാണ് അഭ്യർത്ഥിച്ചത്. ഇല്ലത്ത് ചെന്നപ്പോൾ തമ്പുരാൻ കായകല്പം സേവിച്ചിരിക്കുന്ന അവസ്ഥയിലായതിനാൽ കാഴ്ച തരപ്പെടാതെ കാലൊടിഞ്ഞ കഥകളിക്കാരനുമായി കെട്ടകാലത്തെക്കുറിച്ച് പരിതപിച്ചു. ദേവിയുടെ പ്രതിപുരുഷനായ വെളിച്ചപ്പാട്

വിഗ്രഹത്തിനോട് ചേർന്നുനിന്ന് പള്ളിവാളുകൊണ്ട് സ്വയം തലയിൽ വെട്ടി. ആ ഒഴുകുന്ന ചോര നക്കിത്തുടച്ച് ദൈവത്തിന്റെ വിഗ്രഹത്തിൽ കാർക്കിച്ച് തുപ്പിക്കൊണ്ട് പറഞ്ഞു 'എനിക്കും എന്റെ കുടുംബത്തിനും മാത്രമല്ല ഈ സമൂഹത്തിനും പ്രയോജനപ്പെടാത്ത ഈ ദൈവമെന്തിന്?' എന്ന് ചോദിച്ചു. വെളിച്ചപ്പാടിന്റെ വാക്ക് മതനിരപേക്ഷതയ്ക്ക് വേണ്ടി ഉൾപ്പെടുത്തണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ബഡ്ജറ്റിൽ സെഞ്ച്വറിയും അഞ്ചാം സെഞ്ച്വറിയും നേടിയവരുണ്ട്. എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് പാലക്കാടിന്റെ കിഴക്കൻ മേഖല എന്ന നിലയിൽ പറമ്പിക്കുളം-ആളിയാർ കരാറിനെ മാത്രമാണ് ആശ്രയിക്കുന്നത്. എന്നാൽ അതിനപ്പുറത്ത് കിഴക്കൻ മേഖലയുടെ അതിരൂക്ഷമായ കുടിവെള്ളക്ഷാമത്തിനും ജലസേചനത്തിനും വൈദ്യുതിയുണ്ടാക്കാൻ ഉപകരിക്കുന്ന തരത്തിലേയ്ക്കുള്ള കുരിയാർകുറ്റി-കാരപ്പാറ വർഷങ്ങൾക്കു മുമ്പേ ഓഫീസുകൾ ഉൾപ്പെടെ ആരംഭിച്ചുകൊണ്ട് പ്രവർത്തനം തുടങ്ങിയെങ്കിലും അത് ഇല്ലാതെ പോകുകയാണ്. അതുകൊണ്ട് അത് പുനഃപരിശോധിക്കുകയും നമ്മുടെ കിഴക്കൻ മേഖലയെ സംരക്ഷിക്കാനാവശ്യമായ പദ്ധതിയാക്കി മാറ്റിക്കൊണ്ടുവരണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്.

2009-ൽ അങ്ങ് ഭരണാനുമതി നൽകിയ കൊല്ലങ്കോട് ബൈപ്പാസിന്റെ പുനർനിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സബ്മിഷനിലൂടെ നിയമസഭ അംഗീകരിച്ച എന്റെ മണ്ഡലത്തിലൊരു സർക്കാർ കോളേജ്, ഞാൻ പ്രതീക്ഷിച്ചതാണ്. പക്ഷെ പ്രതീക്ഷ ഒട്ടും മങ്ങലില്ലാതെതന്നെയാണ് മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായെങ്കിലും ഒരു സർക്കാർ കോളേജുപോലുമില്ലാത്ത എന്റെ മണ്ഡലത്തിൽ ഒരു കോളേജ് അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പറമ്പിക്കുളം വന്യമൃഗ സങ്കേതത്തിലെ കാടുകൾ കത്തിയെരിഞ്ഞ പ്പോൾ സർക്കാരിന്റെയും ഡിസാസ്റ്റർ മാനേജ്മെന്റിന്റെയും ഇടപെടൽമൂലം അവിടെ ആദ്യമായി ഹെലിക്കോപ്റ്റർ വഴി തീ അണയ്ക്കാൻ സാധിച്ചു. പറമ്പിക്കുളത്തേയ്ക്ക് പോകാനുള്ള റോഡ് നമ്മുടെ സംസ്ഥാനത്തുകൂടി നിർമ്മിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിനപ്പുറത്ത് പശ്ചിമഘട്ട മലനിരകളും പാടശേഖരങ്ങളുമുള്ള ആ പ്രദേശത്ത്, വേനലിൽ കാട്ടുതീയും മഴക്കാലത്ത് മഴക്കെടുതിയുമുണ്ടാകുന്നതിനാൽ ഒരു ഫയർ സ്റ്റേഷന്റെ ആവശ്യം കൂടി ഞാൻ ഉന്നയിക്കുകയാണ്. അത് തത്വത്തിൽ അംഗീകരിച്ചതാണ്. കേരളത്തിലെ 3.34 കോടി ജനത സ്വപ്നംകാണുന്ന പദ്ധതികൾക്ക് രൂപം കൊടുത്ത്, അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നിയമാനുസൃതം പണം കണ്ടെത്തി കേരളത്തിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനാവശ്യമായ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ധനാഭ്യർത്ഥന പാസ്സാക്കിക്കൊടുത്തു. ഇനി ധനം വിനിയോഗിക്കരുതെന്ന് പറയാൻ എന്താണ് അവകാശം? അതുകൊണ്ട് എതിർത്തിട്ട് വലിയ കാര്യമില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം. പണം സൂക്ഷിച്ച് വിനിയോഗിക്കണമെന്നാണ് പറയാനുള്ളത്.

1980-ൽ ക്യാൻസൽ ചെയ്ത മീനച്ചൽ റിവർ വാലി പദ്ധതിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെ വലിയൊരു ഡിവിഷൻ അവിടെയുണ്ട്. എന്തിനാണത്? ആർക്ക് വേണ്ടിയാണത്? വെറുതെ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥർ. ആ ഉദ്യോഗസ്ഥരെ എങ്ങോട്ടെങ്കിലും പറഞ്ഞുവിട്ടുകൂടേ? മുപ്പത് കൊല്ലമായി വെറുതെ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥർ. ഞാൻ നേരത്തെ പറഞ്ഞിട്ടും അങ്ങ് അനങ്ങാത്തതുകൊണ്ട് ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. അതുപോലെ അതിരപ്പിള്ളി പദ്ധതി. അതിരപ്പിള്ളി പദ്ധതി വേണോ എന്നുതന്നെ തീരുമാനിച്ചിട്ടില്ല. 1998 മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉൾപ്പെടെ 22 സ്റ്റാഫ് ജോലി ചെയ്യുകയാണ്. അവർ എന്ത് ജോലിയാണ് ചെയ്യുന്നത്? വെറുതെയിരുന്ന് പുട്ടടിക്കുകയാണ്. ഇങ്ങനെ യാതൊരു ജോലിയും ചെയ്യാതെ ഉദ്യോഗസ്ഥർ വെറുതെയിരുന്ന് പുട്ടടിക്കുന്നത് ശരിയാണോ? ഒരു ഡ്രൈവറുടെ ശമ്പളം 89,000 രൂപ. എങ്ങനെ ശരിയാകും? ഡോ. ടി. എം. തോമസ് ഐസക് നല്ല ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഞാൻ പറഞ്ഞുപറഞ്ഞ് മടുത്തു. ഇനി പറയേണ്ട കാര്യമില്ലല്ലോ? നല്ല മന്ത്രിയാണ്. പക്ഷെ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണം. പോലീസ് സ്റ്റേഷന്റെയും എക്സൈസ് ഓഫീസിന്റെയും ഫോറസ്റ്റ് സ്റ്റേഷന്റെയും മുന്നിൽ കിടക്കുന്ന വാഹനങ്ങൾ എത്രയാണ്? ഇതെല്ലാം ലേലം ചെയ്യണം. ആ പണം സർക്കാർ ഖജനാവിലേയ്ക്ക് വരട്ടെ. എന്തിനാണ് അത് വച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളിൽ അല്പം ശ്രദ്ധചെലുത്തിയാൽ നല്ലൊരു ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഞാൻ പറയാം. ഇല്ലെങ്കിൽ എനിക്ക് മാർക്ക് കുറയ്ക്കേണ്ടിവരും. നേരത്തെ നല്ലതാണെന്ന് പറഞ്ഞു. പക്ഷെ ഇനി മാർക്ക് കുറയ്ക്കാതിരിക്കുന്നതിനുള്ള മാർഗ്ഗമാണ് പറയുന്നത്. എനിക്ക് ഒരു മിനിട്ടേയുള്ളൂ. അങ്ങയുടെ മനസ്സിന് നന്ദി. ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ധനവിനിയോഗ ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. ശ്രീ. കെ. ബാബു ഇവിടെയിരിക്കുന്നവരെല്ലാം ബഡ്ജറ്റിനെ എതിർത്തു എന്ന് പറഞ്ഞു. ഇന്നലെ മാണിസാർ ഇവിടെ പ്രസംഗിച്ചപ്പോഴുള്ള സമീപനം നിങ്ങൾ ശ്രദ്ധിച്ചുകാണില്ല. കടന്നുപോയ ഒരു വർഷത്തെ അല്ലെങ്കിൽ പത്തുമാസത്തെ അനുഭവം വച്ചുകൊണ്ട് ആവശ്യമായ തിരുത്തലുകൾ വരുത്തിയില്ലെങ്കിൽ, അതേ രീതിയിലാണ് മുന്നോട്ട് പോകുന്നതെങ്കിൽ പ്രയാസം നേരിടും. അല്ലെങ്കിൽ പിന്താങ്ങുമെന്നാണ് പറഞ്ഞത്. പ്രതിപക്ഷത്തുനിന്ന് അവസാനം പ്രസംഗിച്ച മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി

പറഞ്ഞതെന്താണ്? വേൾഡ് ബാങ്ക്/എ.ഡി.ബി.- വായ്പ എന്നിവ നേരത്തെ എടുത്തു എന്നാണ്. അന്നെല്ലാം അപ്പുറത്തുനിന്ന് പല്ലും നഖവുമുപയോഗിച്ച് എതിർത്തു. ആ പണം ഉപയോഗിച്ച് അന്ന് ഈ സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നെങ്കിൽ എത്രയോ കുറഞ്ഞ ചെലവിൽ പ്രാവർത്തികമാക്കാമായിരുന്നു. പക്ഷേ അന്ന് എതിർത്തു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1,300 കോടി രൂപ അന്നത്തെ ഗവൺമെന്റ് വായ്പയെടുത്ത് ദുരുപയോഗം നടത്തുകയാണ് ചെയ്തത്. ഒരു കണക്കുമില്ല. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയുടെ നിഗമനമാണ്. എ.ഡി.ബി.-യിൽ നിന്ന് ലോണെടുത്തതിനെ ഞങ്ങളാരും എതിർത്തിട്ടില്ല.

ശ്രീ. സി. എഫ്. തോമസ്: സർ, അന്ന് പുരോഗമന പ്രസ്ഥാനമെന്ന് അവകാശപ്പെട്ടുകൊണ്ട് അപ്പുറത്തെടുത്ത സമീപനങ്ങളെല്ലാം കേരളത്തിലെ ജനങ്ങളുടെ മനസ്സിലുണ്ട്. കിഫ്ബിയുടെ തുകയെ ആരാണ് എതിർക്കുന്നത്. ഇവിടെ അങ്ങനെ ഒരു സമീപനമാണോ എടുത്തത്. പക്ഷെ അതല്ല പ്രധാന പ്രശ്നം. ഇന്ന് ധനവിനിയോഗ ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റല്ല, അപ്രോപ്രിയേഷനാണ്. പ്രത്യേകിച്ച് ഇത്തവണത്തെ അപ്രോപ്രിയേഷന് ഒരു പ്രാധാന്യമുണ്ട്. മൂന്നുമാസം പറയുന്നുണ്ടല്ലോ. മുഖ്യമന്ത്രി ഇന്നലെ ഒരു നയം വെളിപ്പെടുത്തി. വർഷാവസാനത്തേയ്ക്ക് വിനിയോഗം കൊണ്ടുപോകുക എന്നുള്ള പോളിസി മാറ്റുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഏപ്രിൽ മുതൽ വിനിയോഗം വരണം എന്നതിലാണ് ഞങ്ങളും ഉറച്ചുനിൽക്കുന്നത്. പക്ഷെ കഴിഞ്ഞുപോയ മാസങ്ങളിലെ അനുഭവം വച്ചുനോക്കിയാൽ കാര്യം നടക്കുമെന്ന് തോന്നുന്നില്ല. അത് കർശനമായി ഏപ്രിൽ ഒന്ന് മുതൽ ആരംഭിക്കുന്ന മൂന്നുമാസങ്ങൾക്കുള്ളിൽ അത്യാവശ്യം ഈ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളെ ഫലപ്രദമായി തരണം ചെയ്യാനെങ്കിലും നടപടിയെടുക്കണ്ടേ? അങ്ങ് പറഞ്ഞല്ലോ എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയ്ക്കനുസരിച്ച് ഞങ്ങൾ ആക്ഷനെടുത്തു എന്ന്. പെൻഷനൊക്കെ കൊടുക്കാൻ തുടങ്ങി, ദാരിദ്ര്യ നിർമ്മാർജ്ജനം ഞങ്ങളുടെ ലക്ഷ്യമാണ്. പക്ഷെ ഞാൻ ഒരു കാര്യം ചോദിക്കട്ടെ, സാധനങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമാണ്. അരിക്ക് ഇരട്ടി വിലയാകുന്നു. ഏത് പാവപ്പെട്ടവന്റെ കുടുംബമാണ് ഇന്ന് വിഷമിക്കാത്തത്? അരി, പച്ചക്കറി എന്നിവയുടെ വിലയെക്കുറിച്ച് ഇന്നലെ ഇപ്പുറത്തുനിന്ന് പറഞ്ഞു.

മി. ചെയർമാൻ: ശ്രീ. സി. എഫ്. തോമസ് പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഞാൻ പെട്ടെന്ന് തീർക്കാം. എന്താണ് ഒരു ഗവൺമെന്റ് ചെയ്യേണ്ടത്. പദ്ധതി എന്ന് ശ്രീ. കെ. ബാബു പറഞ്ഞത് ശരിയാണ്. ആരാണ് പദ്ധതിയെ എതിർക്കുന്നത്? ഈ ഒരു കൊല്ലത്തെ അനുഭവത്തിൽ വിശ്വാസം വരുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ ഈ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. ഒന്നാമത്തെ ഉത്തരവാദിത്വമാണ്. അതിന് ഏപ്രിൽ വരെ പോകരുത്. ഇപ്പോഴേ തുടങ്ങാം. ഏപ്രിൽ മാസത്തിൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള പണത്തിന്റെ വിനിയോഗം നടത്തുമ്പോൾ ഏറ്റവും പ്രയോറിറ്റി കൊടുക്കേണ്ടത് ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നത്തെ എങ്ങനെ നിയന്ത്രിക്കാമെന്നതിനെക്കുറിച്ചാണ്. ഗവൺമെന്റ് നടപടിയെടുക്കുന്നില്ല. ഒന്നോ രണ്ടോ അരിക്കടയുണ്ടാക്കിയിട്ട് കാര്യമുണ്ടോ?

<u>മി. ചെയർമാൻ</u>: രണ്ട് മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്. ശ്രീ. സി. എഫ്. തോമസ്.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഒറ്റക്കാര്യം കൂടി. അതിരൂക്ഷമായ വരൾച്ചയെക്കുറിച്ച് ഇന്നലെ ദുരന്തനിവാരണ അതോറിറ്റിയുടെ ക്ലാസ്സും സെമിനാറും ചർച്ചയും ശില്പശാലയുമൊക്കെ നടന്നു. പക്ഷെ നടപടിയിലേയ്ക്ക് പോകുന്നുണ്ടോ? എന്താണ് ചെയ്യുന്നത്? വരൾച്ച നേരിടാനുള്ള ഫണ്ട് വിനിയോഗിക്കാനോ, മറ്റ് ഫണ്ട് വിനിയോഗിക്കാനോ എന്ത് കർമ്മപരിപാടികളാണുള്ളത്? ഇന്ന് കിയോസ്കുകൾ എവിടെയെങ്കിലുമുണ്ടോ? കിയോസ്കുകളുടെ സ്റ്റാന്റുണ്ടാക്കാൻ തുടങ്ങി എന്നുപറയുന്നു. വാട്ടർ അതോറിറ്റിയുടെ അത്യാവശ്യ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എവിടെ നടക്കുന്നു? ആരാണ് ഇത് കൊടുക്കുന്നത്? കളക്ടർമാർക്ക് അനുവാദം കൊടുക്കുകയാണ്. അതിന് നടപടി വേണ്ടേ? വരൾച്ച വന്ന് ആളുകൾ പ്രക്ഷോഭം ആരംഭിക്കുമ്പോഴാണോ നമ്മൾ ഇറങ്ങാൻ പോകുന്നത്. അതുകൊണ്ട് ഞങ്ങളുടെ സമീപനം ബഡ്ജറ്റിനെ എതിർക്കുന്നതല്ല.

<u>മി. ചെയർമാൻ</u> : മൂന്ന് മിനിട്ട് അധികമായി. പ്ലീസ്....

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, പ്രഖ്യാപനങ്ങൾ മാത്രം പോര. നടപടികളിലേയ്ക്ക് പോകണം. മുൻകാല ചരിത്രത്തിൽനിന്ന് ഭിന്നമായി മൂന്നുമാസത്തേയ്ക്കാണ് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ മൂന്നുമാസം ധനകാര്യ വകുപ്പുമന്ത്രിതന്നെ അതിശക്തമായി നേതൃത്വം കൊടുത്തുകൊണ്ട് കാര്യങ്ങൾ ഗൗരവത്തോടുകൂടി നടപ്പിലാക്കുന്നത് കേരളം കാണണം. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പ്രയോറിറ്റി കൊടുത്തുകൊണ്ട് പണം വിനിയോഗിക്കണമെന്ന അഭിപ്രായം പ്രത്യേകമായി രേഖപ്പെടുത്തുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന കാര്യത്തിൽ സമൂലമായ മാറ്റം വരുത്തി ഒരു പുതിയ കേരളം കെട്ടിപ്പടുക്കാൻ അടിത്തറ പാകുന്ന ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾക്ക് തുടക്കംകുറിക്കാനാണ് ഈ വോട്ട് ഓൺ അക്കൗണ്ട് ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് ജനക്ഷേമവും സാമൂഹ്യസുരക്ഷയും വിപുലമായ പശ്ചാത്തല വികസനവും മുന്നിൽക്കണ്ടുകൊണ്ടുള്ളതാണ്. അതുകൊണ്ട് ഇതിനെ പിന്തുണയ്ക്കാതിരിക്കാൻ ഒരിക്കലും കഴിയില്ല. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ള ബഹുമാനപ്പെട്ട കെ. എം. മാണി അടക്കമുള്ളവർ ഇന്നലെ ഇതിനെ എതിർക്കാൻ കഴിയാതെയിരിക്കുന്ന സാഹചര്യം നമ്മൾ കണ്ടതാണ്. ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചതും ഇതിലെ തുക വിനിയോഗിക്കാൻ പോകുന്നതും വളരെയേറെ പ്രതിസന്ധി നേരിടുന്ന ഒരു കാലഘട്ടത്തിലാണ്. കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനം, ആഗോള തലത്തിലുള്ള സാമ്പത്തിക പ്രതിസന്ധി ഇവയെല്ലാം ഉണ്ടായ സമയത്താണ് കേരളത്തിലെ ജനജീവിതത്തെ പുരോഗതിയിലെത്തിക്കാൻ സർക്കാർ വളരെ പ്രയാസപ്പെട്ട് പുതിയ ബഡ്ജറ്റ് അവതരിപ്പിച്ചത്. റവന്യൂച്ചെലവുകൾ വർദ്ധിക്കുമ്പോഴും ഒരു പരിധിവരെ റവന്യൂക്കമ്മി പിടിച്ചുനിർത്തികൊണ്ട് മൂലധനച്ചെലവുകൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾവഴി പണം കണ്ടെത്തി വലിയ രീതിയിലുള്ള പശ്ചാത്തല വികസനത്തിനും ജനക്ഷേമപരമായ പ്രവർത്തനങ്ങൾക്കുംവേണ്ടി സർക്കാർ സ്വീകരിച്ച നടപടിയെ പ്രത്യേകം പ്രശംസിക്കാതിരിക്കാൻ കഴിയില്ല. കേന്ദ്ര സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ കേരളത്തെ അവഗണിച്ചിരിക്കുകയാണ്. കേരളത്തിന്റെ ഒരുപാട് കാലത്തെ 'എയിംസ്' അടക്കമുള്ള ആവശ്യങ്ങൾ കേന്ദ്ര സർക്കാർ ഗുജറാത്തിനും ഝാർഖണ്ഡിനും അനുവദിച്ചപ്പോൾ കേരളത്തിന് അനുവദിച്ചില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന പ്രവാസികളെ കേന്ദ്ര സർക്കാർ അവരുടെ പദ്ധതികളിൽ മറന്നിരിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നതിൽനിന്ന് ഇപ്രാവശ്യം അവരെ ഒഴിവാക്കി. കേരളത്തിലെ ബഡ്ജറ്റിലൂടെ നമ്മുടെ സർക്കാർ ബദൽ ആണ് മുന്നോട്ടുവയ്ക്കുന്നതെന്ന ഒന്നാമത്തെ ഉദാഹരണമാണ് കേരളത്തിലെ പ്രവാസി ക്ഷേമത്തിനുവേണ്ടി അവരുടെ പെൻഷൻ 500 രൂപയിൽനിന്ന് 2,000 രൂപയാക്കി വർദ്ധിപ്പിച്ചത്. അതുപോലെ ഗൾഫിൽനിന്ന് തിരിച്ചെത്തുന്നവരെ പുനരധിവസിപ്പിക്കാൻ 18 കോടി രൂപയും സാന്ത്വനം പദ്ധതിക്കുവേണ്ടി 13 കോടി രൂപയും പ്രത്യേകമായി വകയിരുത്തി. കേരളത്തിന്റെ അന്നംമുട്ടിച്ച നടപടിയാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. കേരളത്തിനവകാശപ്പെട്ട രണ്ട് ലക്ഷം മെട്രിക് ടൺ അരിയാണ് കേന്ദ്രം കേരളത്തിന് നൽകാതിരുന്നത്. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾ പട്ടിണിയിലാകുന്ന എന്നുകണ്ട് സംസ്ഥാന ഗവൺമെന്റ് പ്രശ്നങ്ങൾ

അവതരിപ്പിക്കുവാൻ കേന്ദ്രത്തോട് സമയം ചോദിച്ചപ്പോൾ അതുപോലും അനുവദിക്കാത്ത നടപടിയാണ് കേന്ദ്രം സ്വീകരിച്ചത്. എന്നാൽ കേരളത്തിലെ ഗവൺമെന്റ് ഈ പ്രതിസന്ധി തരണംചെയ്യുന്നതിനായി 90 കോടി രൂപ അനുവദിച്ചുകൊണ്ടാണ് റേഷൻ ഷോപ്പിൽ സബ്സിഡി അനുവദിക്കുന്നതിനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോയത്. അതുപോലെ എസ്.സി./എസ്.ടി. ഫണ്ടിന്റെ കാര്യത്തിൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനും സാമൂഹ്യപരമായ പുരോഗതിക്കുംവേണ്ടി ഫണ്ട് അനുവദിച്ചത് കേരള ഗവൺമെന്റാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്ര സർക്കാരിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ സർക്കാർ എടുക്കുന്ന നയത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. കേന്ദ്ര സർക്കാർ കോർപ്പറേറ്റുകളെയാണ് പ്രീണിപ്പിച്ചതെങ്കിൽ കേരള സർക്കാർ കർഷകരെയും പരമ്പരാഗതസേവന മേഖലകളിലെ തൊഴിലാളികളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും പുരോഗതിയിലേയ്ക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. കേരളത്തിലെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്ക് അഞ്ചുവർഷം കണ്ണുനീരായിരുന്നെങ്കിൽ ആ കണ്ണുനീരിന് ഇന്ന് അറുതിവരുത്തിക്കൊണ്ടുള്ള സന്തോഷമാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്. സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചത് ഒരുപാട് ആഹ്ലാദം ഉണ്ടാക്കുന്നു. ഇതൊക്കെയാണ് പ്രതിപക്ഷത്തിന് പ്രകോപനം ഉണ്ടാക്കുവാനുള്ള കാരണമെന്ന് എല്ലാവർക്കുമറിയാം. ഇതിൽ പ്രത്യേകമായി പറയേണ്ട കാര്യം, ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണനയാണ് ഈ സർക്കാർ നൽകിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തേക്കാൾ 35 ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. വിദ്യാഭ്യാസത്തിൽ 5 ശതമാനം സംവരണവും ജോലിക്ക് 4 ശതമാനം സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ബാരിയർ ഫ്രീ കേരളയ്ക്കുവേണ്ടി ഗവൺമെന്റ് കെട്ടിടങ്ങളൊക്കെ ബാരിയർ ഫ്രീ ആക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പുതിയതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളും ബാരിയർ ഫ്രീ ആക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഭിന്നശേഷിക്കാർക്കിടയിൽ, വിഷ്വലി ചലഞ്ച്ഡായിട്ടുള്ളവരുടെ പഠനത്തിനും മറ്റ് കാര്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്ന കമ്പ്യൂട്ടറിനും മൊബൈലിനും ഇന്ററാക്ടീവ് സോഫ്റ്റ്‌വെയറുണ്ട്. Joz പോലുള്ള സോഫ്റ്റ്‌വെയറിന് ധാരാളം പണം കൊടുക്കേണ്ടതുണ്ട്. അത്തരത്തിലുള്ള സോഫ്റ്റ്‌വെയർ അവർക്ക് ഫ്രീയായി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. വനിതാക്ഷേമത്തിനുവേണ്ടി ഒരുപാട് പ്രവർത്തനങ്ങൾ സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. കേരളത്തിലെ ഒരു പൊതുപ്രശ്നമാണ് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ. പ്രതിപക്ഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നടക്കുമ്പോൾ വളരെയേറെ ബഹളം വയ്ക്കാറുണ്ട്. ഇന്നും ഇവർക്കുവേണമെങ്കിൽ ഒരു അടിയന്തരപ്രമേയത്തിനുള്ള

അവസരമുണ്ടായിരുന്നു. അരുവിക്കരയിലെ ഒരു കോൺഗ്രസ് പ്രവർത്തകൻ ഒരു വൃദ്ധയെ വസ്ത്രമുരിഞ്ഞുകൊണ്ട് മർദ്ദിച്ച കഥയാണ് കേട്ടത്. ഇത്തരത്തിൽ സ്ത്രീവിരുദ്ധമായ നടപടികൾ എല്ലാ ഭാഗത്തുനിന്നും എല്ലാ കാലഘട്ടത്തിലുമുണ്ടാകുന്നുണ്ടെന്ന് പറയാനാണ് ഞാൻ ഇക്കാര്യം ഇവിടെ സൂചിപ്പിച്ചത്. രാഷ്ട്രീയപരമായി വിമർശിക്കാനല്ല. ഇതൊരു പൊതു പ്രശ്നമാണ്. ഈ പൊതു പ്രശ്നം പരിഹരിക്കുന്നതിന് മനോഭാവം മാറ്റേണ്ടതാണ്. കേരളത്തിലെ സർക്കാർ പിങ്ക് കൺട്രോൾ റൂം, ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയവയ്ക്ക് ഏറ്റവും കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. അതുപോലെ താലൂക്കുതലത്തിൽ വനിതാ പോലീസ് ഉൾപ്പെടെ അനുവദിച്ചിട്ടുണ്ട്. എനിക്ക് പറയാനുള്ളത്, സ്കൂളുകളിലും അതുപോലെ പോലീസുകാർക്കും ഒരു ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം തയ്യാറാക്കണം. എന്താണ് ജെൻഡർ; സ്ത്രീയും പുരുഷനും തമ്മിൽ എങ്ങനെയാണ് ഇടപെടേണ്ടത്; അവർക്ക് പൊതുസ്ഥലങ്ങളിൽ എങ്ങനെയൊക്കെ ഇരിക്കാം എന്നതിനെക്കുറിച്ച് പോലീസുകാർക്കും മറ്റുള്ളവർക്കും ധാരണ കൊടുക്കുന്ന രീതിയിലുള്ള ഒരു പ്രോഗ്രാം ഇതിന്റെ ഭാഗമായി ഉണ്ടാകണം. സർക്കാർ മാറിയാലും സംവിധാനങ്ങൾ നിലനിൽക്കുന്നതാണ്. അതുകൊണ്ട് ആ രീതിയിൽ മാറ്റമുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

കേന്ദ്ര സർക്കാർ കേരളത്തിന് 'എയിംസ്' അനുവദിച്ചില്ലെങ്കിലും ആരോഗ്യ മേഖലയിൽ വലിയ മാറ്റമാണുണ്ടാകുന്നത്. ആർദ്രം പദ്ധതി നമ്മൾ തുടങ്ങുകയാണ്. ഇതിൽ 2,000 കോടി രൂപ ചെലവിട്ടുകൊണ്ട് താലൂക്ക് /ജില്ലാ ആശുപത്രികളുടെ വികസനം സാധ്യമാക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ പട്ടാമ്പി അടക്കമുള്ള സ്ഥലങ്ങളിൽ താലൂക്കാശുപത്രികൾ തത്വത്തിൽ അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത് വോട്ട് നേടാനുള്ള ശ്രമം നടത്തിയെങ്കിലും അവിടെ വേണ്ട ആളുകളെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നില്ല. ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും ഉദ്യോഗസ്ഥരെയും അവിടെ നിയമിക്കാനുള്ള നടപടി ഈ സർക്കാർ സ്വീകരിക്കുന്നുവെന്നത് ഏറെ അംഗീകരിക്കേണ്ടതാണ്. സ്വാശ്രയ വിദ്യാഭ്യാസത്തിലടക്കമുള്ള കാര്യങ്ങളെക്കുറിച്ച് സമയം കുറവായതുകൊണ്ട് ഞാൻ പറയുന്നില്ല. ജിഷ്ണു പ്രണോയ് അടക്കമുള്ളവരുടെ മരണത്തിന് കാരണമായ സംവിധാനം, ഇത്തരത്തിലുള്ള ചതി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്വാശ്രയ കോളേജുകളെക്കുറിച്ച് ഇവിടെ ഇരിക്കുന്ന എല്ലാവരും ചിന്തിക്കേണ്ടതുണ്ട്. ജിഷ്ണു അടക്കമുള്ളവരുടെ മരണത്തിന് കാരണമായ നെഹ്റു കോളേജ് ഉൾപ്പെടെയുള്ള സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടായാൽ അത് സർക്കാർ ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഒരു പ്രത്യേക കാര്യം കൂടി ഇവിടെ പറയാനുണ്ട്. ഇവിടെ ബഹുമാനപ്പെട്ട* അനിൽ അക്കര മെമ്പർ ഇന്നലെ പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമുണ്ട്. അദ്ദേഹം ഇറോം ശർമ്മിളയെ വളരെയേറെ പരിഹസിച്ചുകൊണ്ട് ഇവിടെ പ്രസംഗിച്ചു.* 90 വോട്ട് ലഭിച്ചതിന്റെ പേരിലാണ് പരിഹസിച്ചത്. അവരോട് എനിക്ക് പറയാനുള്ളത് രാജ്യത്ത് 60 വർഷത്തിലധികം എതിരില്ലാതെ രാജ്യം ഭരിച്ച കക്ഷിക്ക് ഉത്തരേന്ത്യയിലെ 403 സീറ്റിൽ 7 സീറ്റുമാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്തുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് അവർ ചിന്തിക്കണം. ഇറോം ശർമ്മിള The Armed Forces (Special Powers) Act-നെതിരായി ശബ്ദിച്ചതിന്റെ പേരിൽ 16 വർഷം നിരാഹാരം കിടന്നു. അവർ നിരാഹാരം കിടന്നത് അവരുടെ ഇച്ഛാശക്തിയെയും സമരബോധത്തെയുമാണ് തെളിയിക്കുന്നത്. അത് കോൺഗ്രസ്സുക്കാർക്കില്ല. അത് എങ്ങനെയാണുണ്ടാകുക? സ്വാശ്രയ വിഷയത്തിൽ വിശക്കുവോളം സമരം നടത്തിയവരാണ് ഇറോം ശർമ്മിളയെ പരിഹസിക്കുന്നത്. xxxx* പെട്ടിയിൽ വീഴുന്ന വോട്ട് നോക്കിയല്ല 16 വർഷമാണ് ഇറോം ഷർമിള സമരം നടത്തിയതെന്ന് കോൺഗ്രസ്സുകാർ തിരിച്ചറിയണം. .....(ബഹളം).....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കാം.

ശ്രീ. അനിൽ അക്കര: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: അദ്ദേഹം പറഞ്ഞതിൽ ഒരു പോയിന്റും ഇല്ല.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ബി.ജെ.പി.-യുടെ ശത്രു കോൺഗ്രസ്സ് ആണെന്നും ബി.ജെ.പി.-യെ പ്രതിരോധിക്കാൻ കോൺഗ്രസ്സിനുമാത്രമേ കഴിയൂ എന്നും അവിടെ പറയുന്നത് കേട്ടു. .....(ബഹളം)..... യഥാർത്ഥത്തിൽ ബി.ജെ.പി.-യെ നയിക്കുന്നത് ആർ.എസ്.എസ്.-ന്റെ ഐഡിയോളജിയാണ്. അവരുടെ ശത്രു യഥാർത്ഥത്തിൽ ഈ രാജ്യത്തുള്ള മതനിരപേക്ഷ ചിന്താഗതിയും ജനാധിപത്യബോധവും മുതലാളിത്തവിരുദ്ധ മനഃസ്ഥിതിയുമാണ് എന്നത് തിരിച്ചറിയണം. അല്ലാതെ കോൺഗ്രസ്സ് അല്ല. കോൺഗ്രസ്സിന്റെ പ്രിയപ്പെട്ട ആളുകളോട് എനിക്ക് പറയാനുള്ളത്, കോൺഗ്രസ്സിന്റെ തലച്ചോറിനെ നെഹ്റു കുടുംബത്തിലെ ആലയിൽ കെട്ടാതെ, തലച്ചോറുകൊണ്ട് ചിന്തിക്കണം. ആശയപരമായി ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും എതിർക്കണം. ഇന്ന് മണിപ്പൂരിലെ ബി.ജെ.പി.-യുടെ മുഖ്യമന്ത്രിയാകാൻ പോകുന്ന ആൾ ആരാണ്? കോൺഗ്രസ്സിലെ പഴയ നേതാവാണ്.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ (1226/ഇ.ബി./ 2017/നി.സെ. തീയതി 20-3-2017-ലെ) ഉത്തരവുപ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ശ്രീ. എൻ. ഡി. തിവാരി അടക്കമുള്ള കോൺഗ്രസ്സിന്റെ നേതാക്കൾ ബി.ജെ.പി.-യിലേയ്ക്ക് പോയത് ആശയദാരിദ്ര്യം കൊണ്ടാണ്. അതുകൊണ്ട് ആശയത്തോടുകൂടി ആശയപരമായി സംഘ്പരിവാറിനെ എതിർക്കണം. ഞങ്ങൾ നോക്കുന്നത് വോട്ട് ബാങ്കല്ല. ഞങ്ങൾക്ക് വലുത് ആശയമാണ്. അത് ഇവിടത്തെ കോൺഗ്രസ്സും മതനിരപേക്ഷ ചിന്താഗതിയുള്ള എല്ലാവരും മനസ്സിലാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: അദ്ദേഹം വ്യക്തിപരമായി ആരേയും ആക്ഷേപിച്ചിട്ടില്ല. പ്ലീസ്. സഹകരിക്കണം. അദ്ദേഹം എന്താണ് പറഞ്ഞത്? അദ്ദേഹം ഒന്നും പറഞ്ഞില്ലല്ലോ. പേര് പറഞ്ഞതുകൊണ്ട് മാത്രം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ടതുണ്ടോ? അദ്ദേഹം ആരെയും വ്യക്തിപരമായി ആക്ഷേപിച്ച് ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. പ്ലീസ്.... പ്ലീസ്.... സഹകരിക്കണം. നിങ്ങൾ സീറ്റിലേയ്ക്ക് പോകു.

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി).

മി. ചെയർമാൻ: എന്താണ് വിഷയം?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചപ്പോൾ എന്തെങ്കിലും മോശമായി പറഞ്ഞോ ഇല്ലയോ എന്നുള്ളതല്ല ഞങ്ങളുടെ പ്രശ്നം. ഈ സഭ അംഗീകരിച്ചിരിക്കുന്ന നിയമസഭാ ചട്ടം ഉപയോഗിക്കാൻ അങ്ങ് അനുവദിക്കാത്തതാണ് ഞങ്ങളുടെ പ്രശ്നം. അദ്ദേഹം എന്ത് പറഞ്ഞുവെന്നുള്ളതല്ല പ്രശ്നം. ഞങ്ങൾക്ക് സഭ അംഗീകരിച്ചുതന്നിരിക്കുന്ന റൈറ്റുണ്ട്. അതിനെ ചോദ്യം ചെയ്യാൻ പറ്റില്ലെന്ന് പറയാൻ ചെയറിന് എന്ത് അവകാശമാണുള്ളത്?

മി. ചെയർമാൻ: ഒരംഗം പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താനുള്ള ഒരു പ്രയോഗമല്ല പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. അനിൽ അക്കര: സർ, ഞാൻ ബഹുമാന്യയായ ഇറോം ഷർമിളയെ വളരെ ബഹുമാനിക്കുന്ന ഒരാളാണ്. ഇറോം ഷർമിള മണിപ്പൂരിൽ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിക്കെതിരെയാണ് മത്സരിച്ചത്. ഒരു വലിയ ആളോട്, ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്കെതിരെ മത്സരിക്കാനുണ്ടായ ധീരതയെ ഞാൻ അഭിനന്ദിക്കുകയാണ് ചെയ്തത്. അവിടെ ഉണ്ടായൊരു വിഷയം ഞാൻ

ചൂണ്ടിക്കാണിക്കാനുള്ള കാരണം, അവർ മത്സരിച്ചിട്ട് .....(ബഹളം)..... ഞാൻ അവരെ അപമാനിച്ചിട്ടില്ല. ശ്രീ. മുഹമ്മദ് മുഹസിന്റെ പ്രസംഗത്തിൽ 'അനിൽ അവരെ അപമാനിച്ചു' എന്നുപറഞ്ഞ വാക്കാണ് രേഖയിൽനിന്നും നീക്കം ചെയ്യേണ്ടത്.

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം. xxxx*

<u>ശ്രീ. എം. ഉമ്മർ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, എം.ടി. എന്ന പ്രതിഭാശാലി അനശ്വരമാക്കിയ നിരവധി കഥാപാത്രങ്ങളെ സമൃദ്ധമായി പ്രയോജനപ്പെടുത്തി അവതരിപ്പിച്ച ബഡ്ജറ്റ് കേട്ടിരിക്കാൻ വളരെ മനോഹരവും രസകരവുമായിരുന്നു. എം.ടി.-യെക്കാൾ ഭാവനയും ഭാഷയും അങ്ങേയ്ക്കുണ്ട്. അങ്ങ് കഥ എഴുതുകയാണെങ്കിൽ ഒരുപക്ഷേ ഇതിനേക്കാൾ നല്ല കഥകൾ എഴുതാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുകയാണ്. അങ്ങ് ഇന്നലെ വോട്ട് ഓൺ അക്കൗണ്ട് മറുപടി പ്രസംഗത്തിൽ പറഞ്ഞത്, ഇതൊരു ഇടതുപക്ഷ ബദൽ എന്നാണ്. ഇടതുപക്ഷ ബദൽ എന്നുപറഞ്ഞാൽ, ഇഷ്ടം പോലെ കടം വാങ്ങിക്കൂട്ടുക എന്നാണോ? 1957-ൽ അച്യുതമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിലെ ഇടതുപക്ഷത്തിന്റെ ടച്ച് ഇതിലുണ്ടോ? അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആദ്യഭാഗം കേരളത്തിലെ ഭക്ഷ്യ കമ്മിയെ സംബന്ധിച്ചും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനെക്കുറിച്ചും ഉള്ള നിർദ്ദേശങ്ങളായിരുന്നു. 1967-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ രണ്ടാം ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പി. കെ. കുഞ്ഞ് അവതരിപ്പിച്ച ബഡ്ജറ്റിലും ഇടതുപക്ഷത്തിന്റേതായ ബദലും കടം വാങ്ങിക്കൂട്ടുന്നതിൽ അങ്ങേയറ്റത്തെ ഭീതിയും പ്രകടിപ്പിച്ചിരുന്നു. കേന്ദ്രത്തിൽനിന്നായാലും കടം വാങ്ങിയാൽ അത് കൊടുത്തുതീർക്കാൻ പണം കണ്ടെത്തേണ്ടതിനെ സംബന്ധിച്ച് അദ്ദേഹം ഭയന്നിരുന്നു. ഇവിടെ അങ്ങയെ സംബന്ധിച്ച് ഇഷ്ടംപോലെ കടം വാങ്ങിക്കൂട്ടുകയെന്നല്ലാതെ അത് തിരിച്ചടയ്ക്കുന്നതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അങ്ങ് പറയുന്നത്, സഹകരണ ബാങ്കുകളിൽനിന്നും കടം വാങ്ങാമെന്നാണ്. സഹകരണ ബാങ്കുകളിൽനിന്നും 5, 6 ശതമാനത്തിന് കടം വാങ്ങാമെന്നാണ് അങ്ങയുടെ ലേഖനത്തിൽ പറയുന്നത്. സഹകരണ ബാങ്കുകളിൽ നിക്ഷേപം സ്വീകരിക്കുന്നത് 8 ശതമാനത്തിനാണ്. 8 ശതമാനത്തിന് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുമ്പോൾ അങ്ങേയ്ക്ക് എങ്ങനെയാണ് 5, 6 ശതമാനത്തിന് കടം നൽകാൻ സാധിക്കുക? സഹകരണ ബാങ്കുകളെയും മറ്റ് ബാങ്കുകളെയും സംബന്ധിച്ച് പറയുന്നുണ്ട്. ഇപ്പോൾ സഹകരണ ബാങ്കുകൾ വലിയ പ്രശ്നത്തിലാണ്. പ്രസ്തുത ബാങ്കിൽ 8 ശതമാനം നിക്ഷേപം

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ (1226/ഇ.ബി./ 2017/നി.സെ. തീയതി 20-03-2017-ലെ) ഉത്തരവുപ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

ഉള്ളപ്പോൾ 5, 6 ശതമാനത്തിന് എങ്ങനെയാണ് കടം വാങ്ങുക? സഹകരണ ബാങ്കുകളുടെ ഭാവികൂടി അങ്ങ് നോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അത് ഒട്ടും പ്രായോഗികമല്ല. ഇടതുപക്ഷ ബദൽ എന്നുപറയുമ്പോൾ പി. കെ. കുഞ്ഞിന് ബദൽ ഉണ്ടായിരുന്നു. അദ്ദേഹം ലോട്ടറി അവതരിപ്പിച്ചപ്പോൾ സംസ്ഥാനത്തിന് വരുമാനമുണ്ടായി. ഇന്നും സംസ്ഥാനത്തിന് ഗണ്യമായ വരുമാനമുണ്ടാക്കാൻ പി. കെ. കുഞ്ഞ് അവതരിപ്പിച്ച ബഡ്ജറ്റിന് കഴിഞ്ഞു. അതുപോലെ അദ്ദേഹം ചിട്ടി കൊണ്ടുവരികയുണ്ടായി. അതിൽനിന്നും സംസ്ഥാനങ്ങൾക്ക് ലാഭമുണ്ടായി. പക്ഷേ അങ്ങ് അവതരിപ്പിച്ച ബഡ്ജറ്റിൽ കടം വീട്ടുന്നതിനെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനെയും വരുമാനം വർദ്ധിപ്പിക്കുന്നതിനെയും സംബന്ധിച്ച് ഒന്നും കാണാനില്ല. അങ്ങ് ചിന്താഭദ്രനായി ഇരിക്കുന്നതൊക്കെ ഇനി എങ്ങനെ കടം വാങ്ങാമെന്നതിനെക്കുറിച്ച് ആലോചിച്ചാണ്. ഈ സംസ്ഥാനത്ത് വരുമാനം കൂട്ടി, അതിൽനിന്നും കടം തിരിച്ചടയ്ക്കാമെന്നതിനെ സംബന്ധിച്ച് ഒരു കാഴ്ചപ്പാടും ഇല്ലെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. മിച്ചം എന്ന് പറയാൻ നമ്മുടെ മുന്നിലുള്ളത് എന്താണ്?

സംസ്ഥാനത്ത് പ്രവർത്തനങ്ങളൊന്നും നടന്നില്ലെന്നകാര്യം അങ്ങ് പറഞ്ഞു. അത് വളരെ കറക്റ്റാണ്. അത് ഉടൻ തുടങ്ങാൻ പോകുകയാണ്. പക്ഷേ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ്? ഇന്നലെ ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി താനൂരിലെ സംഭവത്തെപ്പറ്റി മറുപടി പറഞ്ഞത്, അവിടെ മുസ്ലീം ലീഗ് തോറ്റതുകൊണ്ടുണ്ടായ പ്രശ്നമാണ് എന്നാണ്. അതാണോ പ്രശ്നം? മുസ്ലീം ലീഗ് ഇതിന് മുമ്പും ധാരാളം സ്ഥലങ്ങളിൽ തോറ്റിട്ടുണ്ട്. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് കുറ്റിപ്പുറത്തും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ സാഹിബ് തിരൂരിലും ഡോ. എം. കെ. മുനീർ സാഹിബ് മങ്കടയിലും പെരിന്തൽമണ്ണയിലും ലീഗ് പരമ്പരാഗതമായി ജയിച്ചുവന്ന സീറ്റുകളിലൊക്കെ ഞങ്ങൾ പലപ്പോഴും തോറ്റിട്ടുണ്ട്. പക്ഷേ ഒരു ജനാധിപത്യ പാർട്ടി എന്ന നിലയിൽ തോറ്റിടത്തുനിന്ന് എങ്ങനെ ജയിക്കാമെന്ന് ഞങ്ങൾ തെളിയിച്ചിട്ടുണ്ട്. ആ സീറ്റുകൾ പലതവണ ഞങ്ങൾ തിരിച്ചുപിടിച്ചിട്ടുണ്ട്. കുറ്റിപ്പുറം മണ്ഡലത്തിൽനിന്ന് ഞങ്ങളെ തോൽപ്പിച്ച ആളുകൾക്ക് പിന്നീട് ആ സീറ്റ് സുരക്ഷിതമല്ലെന്നുപറഞ്ഞ് പാലായനം ചെയ്യേണ്ടിവന്നത് നിങ്ങൾ ഓർക്കണം. പക്ഷേ ഞങ്ങൾ അവിടെത്തന്നെ നിൽക്കുകയും ആ സീറ്റ് തിരിച്ചുപിടിക്കുകയും ചെയ്തു. പാർലമെന്റ് ഇലക്ഷനിൽ മഞ്ചേരിയിൽ ഞങ്ങൾ തോറ്റു. എന്നാൽ സൂര്യാസ്തമനത്തിനുമുമ്പ് അഭിമന്യുവിന്റെ കൊലയാളികളോട് പകരംവീട്ടുമെന്ന് അർജ്ജുനൻ ശപഥം ചെയ്തതുപോലെ ഞങ്ങളെ പരാജയപ്പെടുത്തിയ ശ്രീ. ടി. കെ. ഹംസയെ അതേ മണ്ഡലത്തിൽ പരാജയപ്പെടുത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അല്ലാതെ ഞങ്ങൾ താനൂരിൽ പോയി കുഴപ്പമുണ്ടാക്കുന്ന ആളുകളല്ല. അന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വാടകയ്ക്കെടുത്ത ആളുകൾ എന്നുപറഞ്ഞു. ഇന്നത്തെ മാധ്യമം പത്രത്തിൽ "നടുക്കത്തിന്റെ നടുക്കടലിൽ താനൂർ" എന്നാണ് പറഞ്ഞിരിക്കുന്നത്. പത്രത്തിലെ ഒരു വാചകംകൂടി വായിക്കാം. "സി.പി.ഐ.(എം)-മുസ്ലീംലീഗ് സംഘർഷത്തെത്തുടർന്ന് താനൂരിലും പരിസര പ്രദേശങ്ങളിലും പോലീസ് വിതച്ചത് സമാനതകളില്ലാത്ത ഭീതിയുടെ അന്തരീക്ഷമാണ്". അവിടെ ഇരുന്നൂറോളം കുട്ടികൾ പഠിക്കുന്ന സ്കൂളിൽ 25 കുട്ടികൾ മാത്രമാണ് വരുന്നത്.

2.00 PM]

ഭയംകാരണം സ്ത്രീകളും കുട്ടികളും നാടുവിട്ടിരിക്കുകയാണ്. ഇത് ഞാനോ മാധ്യമം പത്രമോ മറ്റ് പത്രങ്ങളോ പറയുന്നതല്ല. സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി പി. പി. വാസുദേവൻ, സി.പി.ഐ. ജില്ലാ സെക്രട്ടറി, സി.പി.ഐ.(എം) ഏരിയ സെക്രട്ടറി ജയൻ എന്നിവർ പറഞ്ഞത് അവിടെ പോലീസ് നരനായാട്ട് നടത്തിയിട്ടുണ്ട്, അന്വേഷിക്കണമെന്നാണ്. അങ്ങനെയുള്ള പോലീസിനെ കയറൂരിവിടുന്നതിനുപകരം അന്വേഷിച്ച് നടപടിയെടുക്കുകയാണ് വേണ്ടത്. അല്ലാതെ മുഖ്യമന്ത്രിക്കെതിരായി വിരൽ ചൂണ്ടുന്നവരെ ഭീഷണിപ്പെടുത്തുകയല്ല. ഇങ്ങനെ പോകുകയാണെങ്കിൽ ഒരുപക്ഷേ കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്ക് മുഖ്യമന്ത്രിക്കെതിരായി വിരൽ ചൂണ്ടേണ്ടിവരും. തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോൾ വിരൽ ചൂണ്ടുന്നവരെ പ്രതികളാക്കുകയോ അവർക്കെതിരെ ആക്രോശിക്കുകയോ അല്ല ചെയ്യേണ്ടത്. സംസ്ഥാനത്ത് ക്രമസമാധാനനില തകർന്നുകൊണ്ടിരിക്കുകയാണ്. ധനകാര്യം അങ്ങയുടെ കയ്യിൽനിന്ന് പോകുന്നതുപോലെ കേരളത്തിലെ ഭരണം, പ്രത്യേകിച്ച് പോലീസിന്റെ ഭരണം മുഖ്യമന്ത്രിയുടെ കയ്യിൽനിന്ന് നഷ്ടപ്പെടും. അതുകൊണ്ടാണല്ലോ വടകരയിൽ സി.പി.ഐ.(എം)കാർ പോലീസ് ജീപ്പ് അടിച്ചുതകർത്തത്. പോലീസിൽനിന്ന് രക്ഷ കിട്ടുകയില്ല എന്ന് മനസ്സിലാക്കുമ്പോഴാണ് ജനങ്ങൾ പോലീസിനെ ആക്രമിക്കുന്നത്. അതാണ് വടകരയിൽ സി.പി.ഐ.(എം) പ്രവർത്തകർ പോലീസ് ജീപ്പ് അടിച്ചുതകർക്കാൻ കാരണമെന്ന് മനസ്സിലാക്കണം. പോലീസിന്റെ ഭരണം യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിൽനിന്ന് നഷ്ടമായിരിക്കുന്നു. ഇപ്പോൾ പോലീസ് മുഖ്യമന്ത്രിയെ ഭരിച്ചുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലാക്കണം. അതാണ് നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം)-നുപോലും രക്ഷയില്ലാത്ത സ്ഥിതിയെന്നല്ലേ ഇന്നലെ സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി പറഞ്ഞത്. തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോൾ അക്രമമുണ്ടാക്കിയല്ല ഞങ്ങൾ പിന്നീട് വിജയിച്ചുവരാറുള്ളത്. ജനാധിപത്യപരമായ, വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ജയിച്ചുവരാൻ ഞങ്ങൾക്ക് കഴിയുമെന്നുള്ളത് കേരളത്തിലെ മുസ്ലീം ലീഗിന്റെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. രാജ്യത്ത് പ്രശ്നങ്ങളുണ്ടാക്കുക എന്നത് ഞങ്ങളുടെ പരിപാടിയല്ല. അതുകൊണ്ട് താനൂർ

കടപ്പുറത്തുണ്ടായ പ്രശ്നത്തിൽ ആരാണ് ഉത്തരം പറയേണ്ടത്; ഉത്തരം പറയേണ്ടതിനുപകരം രാജ്യത്താകമാനം പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ല കണ്ണൂരാക്കണോ, കണ്ണൂർ പോലെയല്ല മലപ്പുറം ജില്ല. മലപ്പുറം ജില്ല ശാന്തിയും സമാധാനവും നിലനിൽക്കുന്ന പ്രദേശമാണ്. ജയവും തോൽവിയുമുണ്ടാകും. മുസ്ലീം ലീഗിന് അവിടെ പാർട്ടി ഗ്രാമമില്ല. എല്ലാവരെയും മുസ്ലീം ലീഗ് ഉൾക്കൊള്ളും. ഞങ്ങളെ തോൽപ്പിച്ച ഏതെങ്കിലുമൊരാൾക്ക് അവിടെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ടോ? ബഹുമാനപ്പെട്ട ടി. കെ. ഹംസ ഞങ്ങളുടെ പരമ്പരാഗതമായ സീറ്റിൽനിന്ന് ഞങ്ങളെ തോൽപ്പിച്ചു. xxxx*ഇപ്പോഴും മുസ്ലീംലീഗുകാർ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് ശ്രീ. ടി. കെ. ഹംസയ്ക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ? ഇവിടെ വാടകയ്ക്കെടുത്തത് ഞങ്ങളല്ല. നിലമ്പൂരിൽ ലീഗിനെതിരായി നിങ്ങൾ വാടകയ്ക്കെടുത്ത സ്ഥാനാർത്ഥിയെയല്ലേ മത്സരിപ്പിച്ചത്; അതുപോലെ താനൂരിലും കൊണ്ടോട്ടിയിലും നിങ്ങൾ വാടകയ്ക്കെടുത്ത സ്ഥാനാർത്ഥികളല്ലേ മത്സരിച്ചത്?* xxxx സി.പി.ഐ.(എം)-ന്റെ പരമ്പരാഗതമായ സീറ്റുകളിൽപ്പോലും സ്വന്തം ചിഹ്നത്തിൽ മത്സരിക്കാൻ ധൈര്യമില്ലാതെ, പാർലമെന്റിലേയ്ക്കും അസംബ്ലിയിലേയ്ക്കും പരമ്പരാഗതമായി നിങ്ങൾ മത്സരിക്കുന്നിടത്തുപോലും കത്തി, വടി തുടങ്ങിയ മാരകായുധങ്ങൾപോലുള്ള ചിഹ്നങ്ങളാണ് ഉപയോഗപ്പെടുത്തിയതെന്ന് മനസ്സിലാക്കണം. അതുകൊണ്ട് ഞങ്ങൾ മാത്രമല്ല, ഈ ഭരണത്തിനെതിരായി, പോലീസിന്റെ ഭരണത്തിനായി സി.പി.ഐ.(എം)-ന്റെ ഉത്തരവാദപ്പെട്ട നേതാക്കൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഭരണം അതിന്റേതായ രീതിയിൽ കൊണ്ടുപോകാൻ ശ്രമിക്കണം. യു.ഡി.എഫ്. ചെറുതാണ്, അംഗങ്ങളുടെ എണ്ണം കുറവാണ് എന്നുവിചാരിച്ച് രാജ്യത്ത് അക്രമം അഴിച്ചുവിടുന്നതിൽനിന്ന് സി.പി.ഐ.(എം) പിന്തിരിയണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിയമാനുസൃതമായി ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചാണ് സ്ഥാനാർത്ഥികൾ മത്സരിക്കുന്നത്. സ്ഥാനാർത്ഥികൾ ജയിക്കുകയോ തോൽക്കുകയോ ചെയ്യും. സ്ഥാനാർത്ഥികളെ വാടകയ്ക്കെടുക്കാനേ കഴിയില്ല. അതുകൊണ്ട് നിയമജ്ഞനായ അദ്ദേഹം പറഞ്ഞത് രാഷ്ട്രീയ പ്രസംഗമാണെങ്കിൽ സഭാരേഖയിൽ സ്ഥാനാർത്ഥിയെ വാടകയ്ക്കെടുത്തു എന്നുപറയുന്നത് ഇലക്ഷൻ കമ്മീഷൻ വാടകയ്ക്കെടുക്കാൻ അനുവാദം കൊടുക്കുന്ന രീതിയിലുള്ള ദുഃസൂചനയുള്ളതുകൊണ്ട് അത് ഒഴിവാക്കുന്നതാണ് നല്ലത്.

മി. ചെയർമാൻ: അത് പരിശോധിക്കാം. xxxx

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 1227/ഇ.ബി./ 2017/നി.സെ. തീയതി 20-03-2017-ലെ ഉത്തരവുപ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2017-ലെ കേരള ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. വരവുചെലവ് കണക്കെന്ന പരമ്പരാഗത ബഡ്ജറ്റുകളെ പൂർണ്ണമായി നിഷേധിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വികസനത്തിനും അതുവഴി ജനങ്ങളുടെ ജീവിത ഭദ്രതയ്ക്കും ഉറപ്പുനൽകുന്ന ശക്തമായ സന്ദേശം നൽകുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ അവതരിപ്പിച്ചത്. ബഡ്ജറ്റ് പ്രസംഗത്തിലെതന്നെ വരികൾ കടമെടുത്താൽ "ഈ കാലത്തെ നിലനിൽപ്പിനുവേണ്ടിയുള്ള, ചെറുത്തുനിൽപ്പിനു വേണ്ടിയുള്ള" ബഡ്ജറ്റാണിത്. പാവങ്ങൾക്ക് സമ്പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് സുസ്ഥിരവും ദ്രുതവുമായ സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന ബഡ്ജറ്റാണിത്. ഇതിനുമുമ്പുള്ള ബഡ്ജറ്റ് അവതരണവേളകളിലും അതാത് കാലത്തെ പ്രതിപക്ഷം പ്രതിഷേധത്തിന്റെ സ്വരമുയർത്തി സഭാതലം ശബ്ദമുഖരിതമാക്കാറുണ്ട്. മാർച്ച് 3-ന് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് അവതരണവേളയിൽ പ്രതിപക്ഷം തികച്ചും ശ്മശാന മൂകതയിലായിരുന്നു. പ്രതിപക്ഷത്തെ പുതുമുഖങ്ങൾ എന്തെങ്കിലും പ്രതികരണമുണ്ടോയെന്നറിയാൻ പ്രതിപക്ഷ നേതാവിനേയും മുൻമുഖ്യമന്ത്രിയേയും കക്ഷിനേതാക്കന്മാരേയും മാറിമാറി നോക്കുകയായിരുന്നു. പക്ഷേ മരണവീട്ടിലെ അവസ്ഥയാണ് ആ സന്ദർഭത്തിലുണ്ടായിരുന്നത്. ആകെ പരവശരായി മൗനിബാബമാരായി ഇരിക്കുന്ന അവസ്ഥയിലാണ് പ്രതിപക്ഷാംഗങ്ങളെ കണ്ടത്. ബോധമുണ്ട് പക്ഷേ സംസാരിക്കാൻ വയ്യ എന്ന അവസ്ഥയിലായിരുന്നു അവർ. 'മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങാ വീണു' എന്നൊരു പഴഞ്ചൊല്ലുണ്ട്. പലവട്ടം മോങ്ങാൻ ശ്രമിച്ചു, പക്ഷേ ശബ്ദം പുറത്തുവരുന്നില്ല. ആ നേരത്താണ് തലയിൽ തേങ്ങ വീഴുന്നത്. പിന്നത്തെ കാര്യം പറയാനുണ്ടോ; ബൗ ബൗ എന്നുള്ള നിലയ്ക്കാത്ത കുരയാണ് പിന്നെ കേൾക്കുന്നത്. പ്രതിപക്ഷം ഏകദേശം ഈ അവസ്ഥയിലായിരുന്നു. രണ്ട് മണിക്കൂർ ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞിട്ടും മിണ്ടാട്ടമില്ലാതിരിക്കുമ്പോഴാണ് ബഡ്ജറ്റ് ചോർച്ച എന്നുപറയുന്ന തേങ്ങ തലയിൽ വന്നുവീഴുന്നതായി കണ്ടത്. പിന്നത്തെ പുകിൽ പറയാനുണ്ടോ? പ്രതിപക്ഷത്തിന് ജീവൻവച്ചു, നാവിന് നീളം കൂടി. അത്താഴം മുടക്കാൻ നീർക്കോലി മതിയെന്ന ചൊല്ലുപോലെ സഭാതലം ആകെ അലങ്കോലപ്പെടുത്താൻ, കൊടുങ്ങല്ലൂർ ഭരണിപ്പാട്ടിന് സമാനമായ അന്തരീക്ഷമാണ് അന്ന് സഭയിലുണ്ടായതെന്ന് നമുക്ക് കാണാൻ കഴിയും. സ്വന്തം വേദന അറിയുന്നുവെങ്കിൽ നിനക്ക് ജീവനുണ്ടെന്ന് വ്യക്തം, മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്നുവെങ്കിൽ നീയൊരു മനുഷ്യനാണ് എന്നാണ് സാരം. സ്വന്തം വേദനയിൽ മാത്രം വിലപിക്കുന്നവരാണ് പ്രതിപക്ഷം. മറ്റുള്ളവരുടെ വേദന അവർക്ക് മനസ്സിലാകില്ല. കഴിഞ്ഞ 5 വർഷം കേരളത്തിൽ കണ്ടത് അതാണ്. എന്നാൽ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വേദനിക്കുന്ന ജനവിഭാഗങ്ങളുടെ കണ്ണുനീരൊപ്പി അവർക്ക്

ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പൊൻവെളിച്ചം നൽകുകയാണ്. കാർഷിക മേഖലയുടെ അടങ്കൽ 2,106 കോടി രൂപയാണ്. ഭക്ഷ്യോത്പാദനത്തിന് 160 കോടി രൂപയും നെല്ല് സംഭരണത്തിന് 700 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നെല്ലിന്റെ സംഭരണവില ലഭ്യമാക്കുന്നതിന് കളക്ടറേറ്റിനുമുന്നിൽ കൃഷിക്കാർക്ക് ദീർഘകാലം നിരാഹാരമുൾപ്പെടെയുള്ള സമരം ചെയ്യേണ്ട ഗതികേടായിരുന്നു. ഇത്തവണ സംഭരിച്ച നെല്ലിന്റെ വില കാലതാമസംകൂടാതെ കൃഷിക്കാർക്ക് നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എൽ.ഡി.എഫ്. സർക്കാർ 5 വിളകൾക്ക് സ്പെഷ്യൽ എക്കണോമിക് സോൺ നിർണ്ണയിച്ചിരിക്കുകയാണ്. ഹെക്ടറിന് 1,500 രൂപ വീതം പാടശേഖരങ്ങൾക്ക് നൽകാനുള്ള പദ്ധതി സ്വാഗതാർഹമാണ്. ഈ നൂറ്റാണ്ടിലെ കടുത്ത വരൾച്ചയിൽ വിള നശിച്ച തൃശ്ശൂർ ജില്ലയിലെ നെൽ കർഷകർക്ക് സമയബന്ധിതമായി അടിയന്തര ആശ്വാസം നൽകുന്നതിൽ സർക്കാർ സ്വീകരിച്ച കർഷകപക്ഷ സമീപനം സ്വാഗതാർഹമാണ്. സമസ്ത ക്ഷേമ പെൻഷനുകളും 1,100 രൂപയാക്കി ഉയർത്തിയ കൂട്ടത്തിൽ കർഷക പെൻഷനും 1,100 രൂപയാക്കി ഉയർത്തിയതുവഴി ഈ സർക്കാർ ആരുടെ പക്ഷത്താണെന്ന് കൃത്യമായി തെളിഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയ്ക്കൊപ്പം പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിനും പൊതുമേഖലയുടെ സംരക്ഷണത്തിനും വികസനത്തിനും ബഡ്ജറ്റ് മുന്തിയ പരിഗണന നൽകുന്നുണ്ട്. കേന്ദ്രത്തിൽ അധികാരത്തിലുണ്ടായിരുന്ന കോൺഗ്രസ് സർക്കാരും ഇപ്പോൾ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. സർക്കാരും ഓഹരി വില്പനവഴി പൊതുമേഖലയെ തകർക്കാനാണ് ശ്രമിച്ചിരുന്നതെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പൊതുമേഖലയെ സംരക്ഷിച്ച് ലാഭകരമാക്കുക യാണുണ്ടായത്. ഇപ്പോൾ കേരളത്തിൽ 11 വ്യവസായശാലകൾ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ബദൽ നയമാണ് ഈ മേഖലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദൃശ്യമാധ്യമങ്ങളുടെ ചർച്ചകളിൽ ഇടം പിടിക്കാത്ത, മാൻഹോളിലും സെപ്റ്റിക് ടാങ്കുകളിലും മാലിന്യം നീക്കുന്നവർ, ബാർബർമാർ, മൺപാത്ര തൊഴിലാളികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ക്ഷേമത്തിനും ഈ ബഡ്ജറ്റ് വലിയ പരിഗണന നൽകുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള ബഡ്ജറ്റ് നിർദ്ദേശവും വളരെ ശ്രദ്ധേയമാണ്. കേന്ദ്ര ശരാശരിയേക്കാൾ വലിയ വർദ്ധനവാണ് കേരളത്തിലെ ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നത്. ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന സ്ത്രീവിഭാഗത്തിന് പ്രയോജനകരമായ നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. വനിതകൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുകയാണ്. ജൻഡർ ബഡ്ജറ്റ് മറ്റൊരു നിർദ്ദേശമാണ്. പദ്ധതിച്ചെലവിന്റെ 11.5 ശതമാനം സ്ത്രീ ശാക്തീകരണത്തിനുമാത്രമാണ് മാറ്റിവച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്ത്രീപക്ഷ സമീപനമെടുത്തുകൊണ്ട്, സ്ത്രീകളുടെ സുരക്ഷ മുന്നിൽ കണ്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും.

മത്സ്യമേഖലയ്ക്കും തീരദേശ വികസനത്തിനും അടങ്കൽ തുക 586 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. അഞ്ചുവർഷത്തേയ്ക്കുള്ള 50,000 കോടി രൂപയുടെ റോഡ് നവീകരണ പദ്ധതി വികസനക്കുതിപ്പിന് ആക്കം കൂട്ടും. ഈ വർഷം 13,000 കോടി രൂപയുടെ പ്രവൃത്തിയാണ് ഈ മേഖലയിൽ നടപ്പിലാക്കാൻ പോകുന്നത്. ജലസേചനത്തിനും കുടിവെള്ളത്തിനും മുന്തിയ പരിഗണന, സമ്പൂർണ്ണ വൈദ്യുതീകരണം തുടങ്ങി എല്ലാത്തിന്റെയും വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. വിദേശ മലയാളി സമൂഹത്തിന് കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ലോക കേരളസഭ എന്ന വേദി രൂപീകരണം വളരെ ശ്രദ്ധേയമാണ്.

ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം സാധ്യമാക്കാൻ പരിസ്ഥിതി സംരക്ഷണ മേഖലയിൽ സുപ്രധാനമായ ഇടപെടലാണ് ഹരിത കേരളം പദ്ധതി. 'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവച്ചും' എന്നാണ് കേരളത്തെക്കുറിച്ച് കവി പാടിയിരിക്കുന്നത്. ആ കേരളത്തിന്റെ പച്ചപ്പ് സംരക്ഷിക്കാൻ 'ഹരിത കേരളം' പദ്ധതി വളരെ സഹായകരമായിരിക്കും.

'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നാണ് ചൊല്ല്. വിദ്യയെന്ന ധനം സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ശൂദ്രർക്ക് നിഷിദ്ധമായിരുന്ന കാലഘട്ടത്തിന് അറുതിവരുത്തി ആ ധനം സർവ്വർക്കും ലഭ്യമാക്കാനാവശ്യമായ നടപടിയെടുത്തത് 1957-ൽ സഖാവ് ഇ.എം.എസ്. നേതൃത്വം കൊടുത്ത പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാരാണ്. എന്നാൽ ഇന്ന് ധനസമ്പാദനത്തിനുള്ള വിദ്യയായി വിദ്യാഭ്യാസം തകരുകയോ തകർക്കപ്പെടുകയോ ചെയ്തിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് എൽ.ഡി.എഫ്. സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി ഒരു യജ്ഞം ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടായത്. നമ്മുടെ പുരോഗമന മതനിരപേക്ഷ പൈതൃകം സംരക്ഷിക്കുന്നതിനുള്ള പോരാട്ടമാണ് ഈ യജ്ഞമെന്ന് നമുക്ക് കാണാവുന്നതാണ്.

സ്വന്തമായൊരു കൂര എന്നത് ഏതൊരു മനുഷ്യന്റെയും സ്വപ്നമാണ്. ഈ വർഷം ഒരു ലക്ഷം ഭവനരഹിതരുടെ സ്വപ്നസാക്ഷാൽക്കാരത്തിന് വളരെ ബൃഹത്തായ പദ്ധതിയാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റ് വഴി മുന്നോട്ടുവച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട പറവൂർ മെമ്പർ സൂചിപ്പിച്ചതുപോലെ, പുത്തരിക്കണ്ടം മൈതാനത്ത് മാത്രമല്ല, തൃശ്ശൂർ തേക്കിൻകാട് മൈതാനത്തും എറണാകുളത്ത് മറൈൻ ഡ്രൈവിലും കോഴിക്കോട് കടപ്പുറത്തും മലപ്പുറം കോട്ടമൈതാനത്തും എന്നല്ല, കേരളത്തിലെ വിവിധ ജില്ലാ ആസ്ഥാനങ്ങളിലെ മൈതാനങ്ങളിലും എവിടെ പ്രസംഗം

നടത്തിയാലും തടിച്ചുകൂടുന്ന ജനങ്ങളുടെ നല്ല കയ്യടി ലഭിക്കുന്ന ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് എന്ന നിലയിലാണ് ഇതിനെ നോക്കിക്കാണുന്നത്. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളുടെ മനസ്സിൽ ഇടംനേടിക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കുതിച്ചുമുന്നേറുമ്പോൾ അങ്കലാപ്പിലായ പ്രതിപക്ഷം ശ്രീ. എ. കെ. ആന്റണിയുടെ വാക്കുകൾക്കപ്പുറം പോകുന്ന കാഴ്ചയാണ് ഈ സഭയിൽ കാണുന്നത്. പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്.-ഉം എന്നല്ല, പകലും ഞങ്ങൾക്ക് ആർ.എസ്.എസ്. ആകാൻ മടിയില്ലെന്നാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദറിനെതിരെ നടത്തിയ പരാമർശംവഴി പ്രതിപക്ഷം പ്രകടിപ്പിച്ചിട്ടുള്ളത്. ഉണ്ട ചോറിന് നന്ദിയെന്നപോലെ തന്നെ വോട്ടിന് ഉപകാരസ്മരണ കാണിക്കുന്ന പ്രതിപക്ഷത്തെയാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. കോൺഗ്രസ്സിന്റെ മതനിരപേക്ഷ മുഖംമൂടി അഴിഞ്ഞുവീഴുന്ന കാഴ്ച നാം കാണുകയാണ്. പ്രതിപക്ഷ നേതാവിന് ചുമതലയുള്ള മണിപ്പൂരിൽ ബി.ജെ.പി. 21 സീറ്റ് നേടി. വലിയ ഒറ്റകക്ഷി കോൺഗ്രസ്സാണ്. ആ കോൺഗ്രസ്സിന് ഭരണം രൂപീകരിക്കാനാണ് ഈ നിയമസഭയിൽനിന്നും മണിപ്പൂരിലേയ്ക്ക് ചെന്നത്. വിമാനമിറങ്ങി, അവിടെ കാലുകുത്തിയപ്പോൾ കാണുന്നതെന്താണ്; അവിടെ നേരെമറിച്ചാണ് ഭരണം, ബി.ജെ.പി. ഭരണത്തിൽ വരുന്ന കാഴ്ചയാണ് കാണുന്നത്. നല്ല വർക്കത്തുള്ള കാലാണെന്നാണ് കാണാൻ കഴിയുന്നത്. കൃഷിക്കാർക്കും മറ്റ് ജനവിഭാഗങ്ങൾക്കും നിരവധി മേഖലകളിൽ ഗുണകരമായ ധാരാളം പദ്ധതികൾ നടപ്പാക്കി, ജനങ്ങളുടെ പ്രീതി നേടിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. നാമറിയുന്ന സൂര്യന് ഉദയവും അസ്തമയവും ഉണ്ടെങ്കിലും യഥാർത്ഥത്തിൽ സൂര്യന് ഉദയവും അസ്തമയവുമില്ലെന്നുള്ളതാണ് വസ്തുത. എന്നാൽ സൂര്യൻ സദാ ജ്വലിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രപഞ്ചത്തിന് പ്രകാശവും ഊർജ്ജവും നൽകുന്ന പ്രവൃത്തിയാണ് സൂര്യൻ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളീയ സമൂഹത്തിന് പ്രകാശവും ഊർജ്ജവും നൽകി ജ്വലിച്ചുകൊണ്ടിരിക്കുന്ന, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് നേതൃത്വം നൽകുന്ന വിപ്ലവസൂര്യനായ സഖാവ് പിണറായി വിജയൻ, ആ സൂര്യന് നേർക്ക് കുരച്ചുചാടുന്നവരും വിരൽചൂണ്ടുന്നവരും രണ്ടുതവണ ആലോചിക്കുന്നത് നന്ന്, ആ കൈ പൊള്ളും. ഇന്നലെ മെമ്പേഴ്സ് ലോഞ്ചിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ശില്പശാലയാണ് നടന്നത്. ദുരന്തം ഏത് നിമിഷവും സംഭവിക്കാവുന്നതാണെന്ന വാചകം അവിടെ പറയുകയുണ്ടായി. അതിനെ നേരിടാനാണ് ഇന്നലെ നിയമസഭാ സാമാജികർക്ക് ശില്പശാല നടത്തിയത്. വരാൻപോകുന്ന ദുരന്തം പ്രതിപക്ഷം മുൻകൂട്ടി കാണുന്നുണ്ട്. 2021-ൽ നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വൻ തകർച്ചയിലെത്തുമെന്ന് മുൻകൂട്ടിക്കണ്ട് അതിനെ നേരിടാനാണ് നിയമസഭയിൽ ഇത്തരം കോപ്രായങ്ങൾ കാണിക്കുന്നത്.

50 വർഷം പിന്നിട്ട ശ്രീ. കെ. എം. മാണിയുടെ മാതൃക പിന്തുടരാൻ യുവതുർക്കികളോട് മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർദ്ദേശം കൊടുത്തതിന് പിന്നാലെയാണ്, ആ വാക്ക് മായുന്നതിനുമുമ്പാണ് അടിയന്തര പ്രമേയവേളയിൽ യുവതുർക്കികളുടെ ഈ പ്രകടനങ്ങൾ നമ്മൾ കാണുന്നത്. സഭാതലം അലങ്കോലപ്പെടുത്തുന്നതിന് വേണ്ടിയാണിതെല്ലാം ചെയ്യുന്നത്. ജനങ്ങൾക്ക് നന്മ ചെയ്യുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ അലങ്കോലപ്പെടുത്താൻവേണ്ടി മാത്രമാണ്. എത്ര മുൻകരുതലെടുത്താലും തടുക്കാൻ കഴിയാത്ത ദുരന്തമാണ് കോൺഗ്രസ്സിന് വരാൻ പോകുന്നത്. കോൺഗ്രസ് ജനങ്ങളിൽനിന്ന് ഒറ്റപ്പെടുകയാണ്. ജനങ്ങളിൽ സ്വാധീനം ചെലുത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുന്ന കാഴ്ചകണ്ട് അന്തംവിട്ട് നിൽക്കുന്ന പ്രതിപക്ഷം കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്. ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കി കഴിഞ്ഞ 5 വർഷം കേരളം ഭരിച്ച ഐക്യജനാധിപത്യമുന്നണി സർക്കാരിൽനിന്ന് തീർത്തും വ്യത്യസ്തമായി ജനകീയ സമീപനമെടുത്ത് നാനാമേഖലകളിൽ ജനങ്ങൾക്കും നാടിനും ഗുണകരമായി, സംസ്ഥാനത്തെ വികസനക്കുതിപ്പിന് ആക്കംകൂട്ടുന്ന നടപടികളുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്താങ്ങുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ എതിർക്കാതിരിക്കാൻ കഴിയാത്ത സാഹചര്യമാണ്. 30,534.17 കോടി രൂപ ഔട്ട് ലേ ഉണ്ടായിരുന്ന കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ കേവലം 52.82 ശതമാനം മാത്രമാണ് ഈ ഗവൺമെന്റിന് ചെലവഴിക്കാൻ കഴിഞ്ഞത്. എൽ.എസ്.ജി.ഡി. 30.7 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ഈ ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മയ്ക്ക് ധാരാളം ഉദാഹരണങ്ങളുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന 240 പേരുടെ അപേക്ഷകളിൽ 20 എണ്ണത്തിൽ മാത്രമാണ് 9 മാസംകൊണ്ട് തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞത്. ഒന്നും ഒളിച്ചുവയ്ക്കുന്നില്ലെന്ന് പറയുന്ന ഗവൺമെന്റാണിത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് മോചിപ്പിക്കാൻ ശ്രമിച്ച തടവുകാരെ മാത്രമേ മോചിപ്പിക്കുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ പറഞ്ഞു. ശ്രീ. ജിജോ കീഴില്ലം എന്ന ചെറുപ്പക്കാരൻ നൽകിയ വിവരാവകാശത്തിന് മറുപടിയില്ലെന്ന ഉത്തരം മാത്രമാണ് ലഭിച്ചിരിക്കുന്നത്. ഇവർക്ക് പല കാര്യങ്ങളും മറച്ചുവയ്ക്കാനുണ്ട്. നല്ല കാര്യങ്ങൾ ചെയ്യണമെങ്കിൽ അതിന് പറ്റിയ അന്തരീക്ഷം നാട്ടിലുണ്ടാകണം. ആ അന്തരീക്ഷം നാട്ടിലുണ്ടോ? തൊട്ടിലിൽ കിടക്കുന്ന

പെൺകുട്ടി മുതൽ മുതുമുത്തശ്ശിവരെ പീഡിപ്പിക്കപ്പെടുമ്പോൾ ആ അന്തരീക്ഷം എവിടെയാണ്? പോലീസ് അതിക്രമങ്ങൾ അനുദിനം വർദ്ധിക്കുമ്പോൾ എങ്ങനെയാണ് വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കാൻ കഴിയുന്നത്? തെറ്റുകളിൽനിന്ന് തെറ്റുകളിലേയ്ക്ക് എടുത്തുചാടുകയും അക്കിടിപറ്റി പിന്തിരിയുകയും ചെയ്യുന്ന ചരിത്രംകൊണ്ട് സമ്പന്നമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. ക്വിറ്റ് ഇന്ത്യാ സമരം, ട്രാക്ടർ, കൊയ്ത്ത് യന്ത്ര വിരുദ്ധ സമരം, കമ്പ്യൂട്ടർ വിരുദ്ധ സമരം, എ.ഡി.ബി. സമരം തുടങ്ങിയവയെല്ലാം ഉദാഹരണം മാത്രമാണ്. എ.ഡി.ബി.-യുടെ ഉന്നത ഉദ്യോഗസ്ഥരെ പട്ടം ശാസ്ത്രഭവനിൽ തടഞ്ഞവരും ടാർ ഒഴിച്ചവരും കിഫ്ബി രണ്ടുകയ്യുംനീട്ടി സ്വീകരിക്കുന്ന മാറ്റം വളരെ സ്വാഗതാർഹമാണ്. കസേരയുടെ മഹത്വത്തെപ്പറ്റിയുള്ള വാചാലത കേട്ട് ഞങ്ങൾ അന്തംവിട്ടിരിക്കുകയാണ്. ഒന്നേ പറയാനുള്ളൂ, ഓർമ്മ ഉണ്ടായിരിക്കണം. 'എടോ ബലരാമാ' എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വെല്ലുവിളിയെ നേരിടാൻ എന്റെ യുവ സ്നേഹിതൻ ശ്രീ. വി. ടി. ബൽറാമിന് മനക്കരുത്ത് നൽകിയത് കെ.എസ്.യു.-യൂത്ത് കോൺഗ്രസ് പാരമ്പര്യമാണ്. ...(ബഹളം).... ആ പാരമ്പര്യത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെല്ലുവിളിക്കരുത്. എടോ ഗോപാലാകൃഷ്ണായെന്ന് അങ്ങ് പണ്ട് അട്ടഹസിച്ചപ്പോൾ താങ്കൾ കേവലം പാർട്ടി നേതാവ് മാത്രമായിരുന്നു. ഇന്ന് അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അത് മറക്കാതിരുന്നാൽ അങ്ങയുടെ അന്തസ്സുയരും. ശ്രീ. വി. ടി. ബൽറാമിന് ഒന്നും സംഭവിക്കില്ല. ഭയപ്പെടുത്തി നിശ്ശബ്ദരാക്കാൻ നോക്കണ്ടെന്ന് മാത്രമേ പറയാനുള്ളൂ.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി "എടോ ബലരാമാ" എന്ന് വിളിച്ച് സഭയ്ക്കകത്തും പുറത്തും ഒരിക്കലും വെല്ലുവിളി നടത്തിയിട്ടില്ല. അദ്ദേഹം സഭയ്ക്കകത്ത് നടത്താത്ത ഒരു കാര്യം നടത്തിയെന്ന് പ്രസ്താവിക്കുന്നത് രേഖയിലുണ്ടാകാൻ പാടില്ല. റൂളിംഗ് വേണം.

മി. ചെയർമാൻ: വസ്തുതാവിരുദ്ധമായ കാര്യങ്ങൾ രേഖയിലുണ്ടാകില്ല. ....(ബഹളം)....

ശ്രീ. പി. ടി. തോമസ്: സർ, ഇടയ്ക്ക് തടസ്സപ്പെടുത്താൻ പാടില്ല. എനിക്ക് അനുവദിച്ച സമയം കഴിയുന്നു.

മി. ചെയർമാൻ: പ്ലീസ്. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പി. ടി. തോമസ്: സർ, സാംസ്കാരിക നായകന്മാർക്ക് നേരെയുള്ള സംഘപരിവാർ ഭീഷണി ശക്തമായി അപലപിക്കപ്പെടേണ്ടതുതന്നെയാണ്. സി.പി.ഐ.(എം) ഊരുവിലക്ക് ഏർപ്പെടുത്തുകയും കായികമായിപ്പോലും നേരിടുകയും ചെയ്ത സാഹിത്യനായകരുടെ നീണ്ടനിര കേരള ചരിത്രത്തിലുണ്ട്. പറഞ്ഞാൽ തീരില്ല. കേശവദേവ്, എം. ഗോവിന്ദൻ, സി. ജെ. തോമസ്, ഒ. വി. വിജയൻ, ശ്രീ. എം.ജി.എസ്. നാരായണൻ, ശ്രീമതി അരുന്ധതി റോയി,

ശ്രീ. എം. എൻ. വിജയൻ, സക്കറിയ, ശ്രീ. കെ. എൻ. രാജൻ, ശ്രീ. ടി. പി. ശ്രീനിവാസൻ തുടങ്ങിയ നീണ്ട നിരകൾ സി.പി.ഐ.(എം)-നെ ചോദ്യം ചെയ്യുന്നുണ്ട്. ശ്രീ. കമൽ സി. ചവറ എന്ന എഴുത്തുകാരനോട് ഈ ഗവൺമെന്റ് എന്താണ് ചെയ്തത്; ശ്രീ. പിണറായി വിജയൻ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യാൻ അർഹനല്ലെന്ന് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശ്രീ. വി. എസ്. അച്യുതാനന്ദൻ അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. ....(ബഹളം).... പോലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച സംഭവിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഈ വീഴ്ച പരിഹരിക്കാൻ അദ്ദേഹം വയ്ക്കുന്ന നിർദ്ദേശം മുഖ്യമന്ത്രിതന്നെ ആഭ്യന്തര വകുപ്പ് ഭരിക്കണമെന്നില്ല എന്നാണ്. അതിലൂടെ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് ഒഴിയണമെന്നാണ് വി. എസ്. പറയുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയിട്ട് ഒരു ദിവസമെങ്കിലും സമാധാനത്തോടെ ആർക്കെങ്കിലും കിടന്നുറങ്ങാൻ സാധിച്ചിട്ടുണ്ടോ; ....(ബഹളം)....

<u>മി. ചെയർമാൻ</u>: അദ്ദേഹം സംസാരിക്കട്ടെ. പ്ലീസ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അടിയന്തരാവസ്ഥയെ വിമർശിച്ചവരല്ലേ; ....(ബഹളം).... നിങ്ങൾക്ക് മിണ്ടാതിരുന്ന് കേൾക്കാൻ ധൈര്യമുണ്ടോ; ഞാൻ വെല്ലുവിളിക്കുന്നു. അടിയന്തരാവസ്ഥയെ വെല്ലുവിളിച്ച് അധികാരത്തിൽ വന്നവരല്ലേ; ഇവിടെ നിലമ്പൂർ വനത്തിൽ എന്താണ് സംഭവിച്ചത്; രണ്ട് മാവോയിസ്റ്റുകളെ വെടിവച്ച് കൊന്നില്ലേ? കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടല്ലേ നേരിട്ടുള്ള പോലീസ് ഏറ്റുമുട്ടലിൽ കൊലപാതകം അരങ്ങേറിയത്; എന്ത് ന്യായമാണ് നിങ്ങൾക്ക് പറയാനുള്ളത്? ശ്രീ. പിണറായി വിജയന്റെ ഭരണത്തിൽ നടന്ന ഈ നരനായാട്ട് ചരിത്രം രേഖപ്പെടുത്തും. ....(ബഹളം)....

<u>മി. ചെയർമാൻ</u>: പ്ലീസ്.... അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോലീസ് സ്റ്റേഷനിൽ നടത്തുന്ന ഈ നരഹത്യയെക്കുറിച്ച് വിപ്ലവകാരികളുടെ യുവജനസംഘടനയായ ഡി.വൈ.എഫ്.ഐ.-യ്ക്ക് എന്താണ് പറയാനുള്ളത്? പോലീസിന് ഇതിൽ വീഴ്ച പറ്റിയോ എന്ന് നിഷ്പക്ഷമായി അന്വേഷിക്കണം. കേരളത്തിൽ എവിടെയാണ് ക്രമസമാധാനമുള്ളത്; തെരുവിൽ, വീട്ടിൽ, തൊഴിലിടങ്ങളിൽ എവിടെയും ആരും ആക്രമിക്കപ്പെടാവുന്ന അവസ്ഥ. ഒരു സുരക്ഷിതത്വവുമില്ലാത്ത കേരളം. സെൽഭരണം എന്ന് ഞാൻ പറയുന്നില്ല, കേരളത്തിലെ പോലീസ് സ്റ്റേഷനിൽ ഗുണ്ടാഭരണമാണ് നടക്കുന്നത്. ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതിന് നടപടി സ്വീകരിക്കണമെന്ന പരാതിയുമായി ചെന്ന യുവതിയെ പോലീസ് അറസ്റ്റ് ചെയ്ത നാടാണ്. ഈ ഗവൺമെന്റിന്റെ ഭരണത്തിൽ ഇതിനപ്പുറവും നടക്കും.

കൊലക്കേസ്സിൽ പ്രതിയാക്കപ്പെട്ടവരും അനധികൃതമായി വെടിയുണ്ടയുമായി യാത്ര ചെയ്തതിന് പിടിക്കപ്പെട്ടവരുമാണല്ലോ സംസ്ഥാനം ഭരിക്കുന്നത്. ....(ബഹളം).... ഈ മന്ത്രിസഭയിലെ ഒരംഗം ആളുകളെ വെടിവച്ചും അടിച്ചും കുത്തിയും കൊന്നതിൽ അഭിമാനിക്കുകയാണ്. ആളുകളെ വെടിവച്ച് കൊല്ലാനുള്ള വെടിയുണ്ട അനധികൃതമായി കൈവശം വച്ച ആളാണല്ലോ ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രി. ....(ബഹളം).... കൊലചെയ്യപ്പെട്ടതിന്റെ നീതിശാസ്ത്രം വിശദീകരിച്ച് പ്രതിയാക്കപ്പെട്ട ആളാണല്ലോ ഈ മന്ത്രി. ....(ബഹളം).... ഈ ഭരണത്തിൽ കേരള ജനത സുരക്ഷ ആഗ്രഹിക്കുന്നില്ല. അതിനർത്ഥമുണ്ടോ; "കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി." എറണാകുളത്ത് സദാചാര ഗുണ്ടായിസം നടത്തിയ ശിവസേനയെ കോൺഗ്രസ് വാടകയ്ക്കെടുത്തതാണെന്ന അങ്ങയുടെ പ്രസ്താവന മുഖ്യമന്ത്രിയുടെ പദവിക്ക് ചേർന്നതാണോ; ആഭ്യന്തര വകുപ്പുമന്ത്രികൂടിയായ മുഖ്യമന്ത്രിക്ക് സദാചാര ഗുണ്ടകൾ എന്താണ് ചെയ്തതെന്ന് അറിഞ്ഞുകൂടേ? പോലീസ് റിപ്പോർട്ടുണ്ടെങ്കിൽ ആ ഫയൽ മേശപ്പുറത്ത് വയ്ക്കണം. എന്താണ് യഥാർത്ഥത്തിൽ ഉണ്ടായത്? എന്റെ കയ്യിലിരിക്കുന്ന ഈ കടലാസ് ഒരു എഫ്.ഐ.ആർ. ആണ്. എറണാകുളം സെൻട്രൽ സ്റ്റേഷനിലെ എഫ്.ഐ.ആർ. നിങ്ങളുടെ അഴീക്കോട് സ്ഥാനാർത്ഥിയായിരുന്ന എം. വി. നികേഷ് കുമാറിന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എഫ്.ഐ.ആർ. ആണ്. എഫ്.ഐ.ആർ. തയ്യാറാക്കിയ എസ്.ഐ.-യെ 24 മണിക്കൂറിനകം സ്ഥലംമാറ്റുമെന്ന് പറഞ്ഞു. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനെപ്പറ്റിയൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ; തട്ടിപ്പിനും വെട്ടിപ്പിനും വേണ്ടി നടത്തുന്ന നിങ്ങളുടെ ശ്രമങ്ങൾ ജനങ്ങൾ അറിയണം. ഒരുകാര്യംകൂടി ഞാൻ പറയുന്നു, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ വെല്ലുവിളിച്ചല്ലോ, ആർ.എസ്.എസ്. ബന്ധത്തെപ്പറ്റിയാണല്ലോ നിങ്ങൾ പറയുന്നത്; ആദ്യം അവിഭക്ത കോൺഗ്രസിനെയും പിന്നീട് ഇന്ദിരാ കോൺഗ്രസിന്റെ സ്വേച്ഛാധിപത്യത്തെയും പരാജയപ്പെടുത്തുന്നതിൽ ആർ.എസ്.എസ്. നേതൃത്വത്തിലുള്ള ജനസംഘവുമായി പാർട്ടി സഹകരിച്ചുവെന്നതാണ് സത്യം.- ഇ.എം.എസ്.- നിഷേധിക്കാൻ കഴിയുമോ? അതുമാത്രമല്ല 1980-ൽ ഡൽഹിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. സി. എം. സ്റ്റീഫനും എ. ബി. വാജ്പേയിയും മത്സരിച്ചപ്പോൾ ഇ.എം.എസ്. വാജ്പേയിക്ക് വോട്ട് ചെയ്തിട്ടുണ്ടെന്ന് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. എന്തെങ്കിലും അങ്ങേയ്ക്ക് പറയാനുണ്ടോ? സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസ് ഇല്ലാതായി എന്ന മട്ടിൽ ഓരിയിടാൻ നിങ്ങളും മുന്നോട്ടുവന്നിട്ടുണ്ടല്ലോ, ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. സി. കെ. നാണു</u>: സർ, അദ്ദേഹം ഒരു പ്രധാനപ്പെട്ട രാഷ്ട്രീയ നേതാവെന്ന നിലയ്ക്കാണ് പറയുന്നത്. ഞാനൊരു കാര്യം അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്. ഇന്നലെയും ഞാൻ പറഞ്ഞതാണ്. ഇൻഡ്യയിൽ ജനാധിപത്യം തകർന്ന ഒരു ഘട്ടമുണ്ടായിരുന്നു. ആ ഘട്ടത്തിൽ ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ ആർ.എസ്.എസ്. നേതൃത്വം അടക്കം സംസാരിച്ച്....(മൈക്ക് ഓഫ്)....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ മൂന്നിടത്ത് കോൺഗ്രസ് ജയിച്ച് മുന്നിൽ വന്നു. പതിനഞ്ച് വർഷം കോൺഗ്രസ് ഭരിച്ച മണിപ്പൂരിൽ വീണ്ടും കോൺഗ്രസ് മുന്നിൽ വന്നു. അതോടൊപ്പം ബി.ജെ.പി.-യിൽനിന്ന് പഞ്ചാബ് തിരിച്ചുപിടിച്ചു. ബി.ജെ.പി.-യുടെ മുഖ്യമന്ത്രിയെ പരാജയപ്പെടുത്തി ഗോവ തിരിച്ചുപിടിച്ചു. ശ്രീ. അമിത് ഷായും പ്രധാനമന്ത്രിയും നടത്തിയ കുതിരക്കച്ചവടംകൊണ്ട് മൂന്ന് സംസ്ഥാനങ്ങൾ നഷ്ടപ്പെട്ടു.

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്ലീസ്... കൺക്ലൂഡ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, 25 വർഷത്തിലേറെയായി, മണ്ഡൽ കമ്മീഷൻ വന്നതിനുശേഷം യു.പി. കോൺഗ്രസ്സിന്റെ കൂടെയില്ല. അതുകൊണ്ട് ഞങ്ങൾ വ്യക്തമാക്കുന്നു, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ടുതന്നെവരും. ശ്രീ. രാഹുൽ ഗാന്ധി നയിക്കുമെന്ന കാര്യത്തിൽ നിങ്ങൾക്ക് യാതൊരു സംശയവും വേണ്ട. ഞാൻ അവസാനിപ്പിക്കുകയാണ്. 'ഓരോ ഫയലിലും ഓരോ ജീവിതമാണുള്ളതെന്ന' ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളെന്ന മട്ടിൽ പല മെമ്പർമാരും ഇവിടെ ഉദ്ധരിക്കുന്നുണ്ട്. അങ്ങയോട് ഞാൻ പറയുന്നു. വിനയാന്വിതനായി അങ്ങ് ഇവിടെ ഇരുന്നാൽ പോരാ, തിരിഞ്ഞ് അവരോട് പറയണം, അത് ഗാന്ധിജിയുടെ വാക്കുകളാണെന്ന് അവരെ പറഞ്ഞ് പഠിപ്പിക്കണം. അല്ലെങ്കിൽ ഈ കയ്യടി സംഘം അങ്ങയേയും കൊണ്ടേ പോകുകയുള്ളൂ എന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. "മന്നവേന്ദ്രാ വിളങ്ങുന്നു, ചന്ദ്രനെപ്പോലെ നിന്മുഖം" എന്ന പുകഴ്ത്തൽ കേട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടങ്ങിയിരിക്കരുതെന്ന് പറയുകയാണ്. 9 മാസംകൊണ്ട് കേരളമാകെ തകർന്നു തരിപ്പണമായിരിക്കുന്നു, ക്രമസമാധാനനില തകർന്നിരിക്കുന്നു. അങ്ങനെയുള്ള ഈ സംസ്ഥാനത്ത് ഈ നടപടിഅംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, "എല്ലാം പറയാം മഹതാ, എന്തും പറയാം വഷളാ" എന്നൊരു ചൊല്ലുണ്ട്. നിയമസഭയിലാകുമ്പോൾ എന്തും വിളിച്ചുപറയുന്ന ഒരവസ്ഥയുണ്ടാകുന്നത് ശരിയല്ല. ഇവിടെ "ഓർമ്മയുണ്ടാകണം"

എന്നുപറഞ്ഞല്ലോ. അത് വളരെ നല്ലൊരു പദപ്രയോഗമാണ്. അത് എപ്പോഴും മനസ്സിൽ സൂക്ഷിക്കുന്നത് നല്ലതുതന്നെയാണ്. ഞങ്ങൾക്കല്ല, അതെല്ലാം അപ്പുറത്താണ് ബാധകമാകുന്നത്. ഈ ഓർമ്മയെക്കുറിച്ച് പറയുമ്പോൾ എവിടെ നിന്ന് തുടങ്ങണം. നമ്മളൊരു നിശ്ചിത സമയത്തിനുള്ളിലാണല്ലോ നിൽക്കുന്നത്. ഇന്ദിരാ ഗാന്ധിയെ ആ ഭാഗത്തിരിക്കുന്ന എത്ര ആളുകൾക്ക് ഒരു കാലത്ത് അംഗീകരിക്കാൻ കഴിഞ്ഞിരുന്നു; അത് ഓർമ്മ വേണ്ടേ? ഇവിടെ ബഹുമാന്യനായ സി. കെ. നാണു, പറയാൻ ശ്രമിച്ചത് നമ്മുടെ രാജ്യത്തിന്റെ ഏറ്റവും കറുത്ത ഒരദ്ധ്യായത്തിന്റെ കാര്യമല്ലേ? അടിയന്തരാവസ്ഥയെന്നത് തീർത്തും അമിതാധികാര വാഴ്ചയായിരുന്നില്ലേ; അത്തരമൊരു അമിതാധികാര വാഴ്ചയ്ക്കെതിരെ അന്നത്തെ അവസ്ഥയെന്തായിരുന്നു? നമ്മുടെ മൗലികാവകാശത്തിൽ ഏറ്റവും പ്രധാനമാണല്ലോ ജീവിക്കാനുള്ള അവകാശം. കോടതിയിൽ ഒരു കേസ് വന്നപ്പോൾ ഇൻഡ്യാ ഗവൺമെന്റ് കൊടുത്ത മറുപടി ജീവിക്കാനുള്ള അവകാശം എടുത്തു കളഞ്ഞിരിക്കുന്നുവെന്നാണ്. മൗലികാവകാശം എടുത്തുകളഞ്ഞിരിക്കുന്നു. അക്കാലത്ത് ഈ നാടിന്റെ ജനാധിപത്യം തിരിച്ചുപിടിക്കാൻ വൻതോതിലുള്ള ജനമുന്നേറ്റമുയർന്നു. അതല്ലേ ഇവിടെ സംഭവിച്ചത്? അതിന് ഫലവുമുണ്ടായല്ലോ. ആ ഘട്ടത്തിൽ ജനതാ പാർട്ടി രൂപീകൃതമാകുന്നു. ജനതാ പാർട്ടിക്കകത്ത് ജനസംഘവും കൂടിയുണ്ടായിരുന്നു. ഞങ്ങൾ അടിയന്തരാവസ്ഥക്കാലത്ത് ജയിലിലേയ്ക്ക് ചെല്ലുമ്പോൾ കണ്ണൂർ സെൻട്രൽ ജയിലിൽ അന്ന് കുറെ ആളുകൾ കിടക്കുന്നുണ്ടായിരുന്നു. അതിൽ എനിക്കറിയാവുന്ന ഒരാൾ കെ. ജി. മാരാർ ആയിരുന്നു. അങ്ങനെയുള്ള ആളുകൾ അവിടെ കിടക്കുകയായിരുന്നു. അടിയന്തരാവസ്ഥയുടെ ആദ്യഘട്ടത്തിൽതന്നെ അവർ ജയിലിലായിരുന്നു. അടിയന്തരാവസ്ഥയുടെ ഒരു ഘട്ടം കഴിഞ്ഞപ്പോഴാണ് ഞങ്ങളെ പിടിക്കുന്നതും ജയിലിലാകുന്നതും. ഈ രാജ്യത്താകെ അഭൂതപൂർവ്വമായ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നില്ലേ; ജനാധിപത്യം പുനഃസ്ഥാപിക്കണമെന്നതായിരുന്നില്ലേ ലക്ഷ്യം. എന്തെല്ലാം തരത്തിലുള്ള പീഡനങ്ങൾ ആ ഘട്ടത്തിൽ അരങ്ങേറി. ആ പീഡനത്തിനുമുന്നിൽ ജനാധിപത്യം വേണമെന്ന ചിന്തയോടെ പ്രക്ഷോഭത്തിലേർപ്പെട്ടവർ കീഴടങ്ങിയില്ലായിരുന്നു. അതുകൊണ്ടാണല്ലോ ഇന്ന് കാണുന്ന ഈ അന്തരീക്ഷം നിലനിൽക്കുന്നത്. അല്ലെങ്കിൽ നമ്മുടെ രാജ്യം എവിടെ എത്തുമായിരുന്നു; ഇതിനെപ്പറ്റി ഓർമ്മ വേണ്ടേ? ഞങ്ങൾ ആർ.എസ്.എസ്.-മായി കൂട്ടുകൂടിയില്ല എന്നാണ് ഞാൻ അന്ന് പറഞ്ഞത്. ഇന്നും അതുതന്നെയാണ് ഞാൻ പറയുന്നത്. കൂട്ടുകൂടിയത് ജനതാ പാർട്ടിയുമായാണ്. ജനതാ പാർട്ടിക്കകത്ത് അതിനുമുന്നിലത്തെ ജനസംഘം ഉണ്ടായിരുന്നുവെന്നത് വസ്തുതയാണ്. അത് ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഒന്നായിരുന്നുവെന്നുള്ളതും വസ്തുതയാണ്. ആ കാലത്ത് ഞങ്ങൾ സ്വീകരിച്ച നിലപാട് ഈ രാജ്യത്തിന്

മറക്കാൻ കഴിയുന്നതാണോ? എപ്പോഴും തത്വാധിഷ്ഠിത നിലപാട് മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. അതും ഓർമ്മയുണ്ടാകേണ്ട കാര്യമാണ്. ഇവിടെ എന്തൊക്കെയാണ് ബഹുമാന്യനായ പി. ടി. തോമസ് പറഞ്ഞത്? സംസ്ഥാനത്ത് ജയിൽ മോചനവുമായി ബന്ധപ്പെട്ടുള്ള എന്തോ പ്രശ്നം മറച്ചുവയ്ക്കാൻ ശ്രമിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങൾക്കെന്താണ് മറച്ചുവയ്ക്കാനുള്ളത്? സാധാരണഗതിയിൽ നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമല്ലേ ജയിൽ മോചിതർ ആരൊക്കെയാണെന്ന് പറയാൻ കഴിയൂ. അതിനുള്ളിൽ പറയാൻ കഴിയുമോ? മന്ത്രിസഭ തീരുമാനമെടുത്തു, ഗവർണ്ണർക്ക് കൊടുത്തു, ഗവർണ്ണർ ചില വിശദീകരണം ചോദിച്ചിരിക്കുന്നു. സ്വാഭാവികമായും അതുമായി ബന്ധപ്പെട്ട് വിശദീകരണങ്ങൾ നൽകും. അതിനുശേഷം എന്താണോ തീരുമാനം അതല്ലേ അറിയിക്കു. വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട എന്തോ ചോദ്യം ചോദിച്ചു എന്നുപറഞ്ഞുകൊണ്ടാണ് അദ്ദേഹം പറയാൻ തുടങ്ങിയത്. അതിൽ എന്താണ് മറച്ചുവയ്ക്കാനുള്ളത്? ഇവിടെ സാംസ്കാരിക നായകർക്കെതിരെ ഞങ്ങൾ എന്തോ അസഹിഷ്ണുത കാണിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവൺമെന്റല്ല, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയാണ് അദ്ദേഹം ഉദ്ദേശിച്ചതെന്നാണ് എനിക്ക് തോന്നുന്നത്, അങ്ങനെ പറഞ്ഞില്ലെങ്കിലും. കലാസാഹിത്യ രംഗത്ത്, പ്രത്യേകിച്ച് സാഹിത്യ രംഗത്ത് വ്യത്യസ്ത വീക്ഷണങ്ങളുണ്ടായിരുന്നു. ആ വീക്ഷണങ്ങൾ തമ്മിൽ ഏറ്റുമുട്ടലുകളുമുണ്ടായിട്ടുണ്ട്. അതൊന്നും കഴുത്തറുക്കലിലേയ്ക്കല്ല പോയിട്ടുള്ളത്. ഇന്ന് കാണുന്ന ഗോവിന്ദ് പൻസാരെയും കൽബുർഗിയും ഒന്നും ഈ ഘട്ടത്തിലുണ്ടായിട്ടില്ല. ശക്തമായ ആശയ സമരം നടന്നിട്ടുണ്ട്, അതിന് ഫലവുമുണ്ടായിട്ടുണ്ട്. അന്ന് കാണുന്ന എം. ഗോവിന്ദന്റെ പട്ടികയിൽപ്പെട്ടവരിൽ പ്രധാനികളായ ചിലരെ പിന്നീട് തിരുത്തിയതായി കാണാൻ കഴിയും. അത് ആശയ സമരത്തിന്റെകൂടി ഫലമാണ്. ആ ആശയ സമരത്തെ ആശയ സമരമായിത്തന്നെ കാണാൻ നമുക്ക് കഴിയണം. ഇവിടെ അങ്ങ് നൽകിയ റൂളിംഗുമായി ബന്ധപ്പെട്ട ഒരു പ്രശ്നത്തിൽ എത്രമാത്രം തെറ്റായ രീതിയിലാണ് കാര്യങ്ങൾ അദ്ദേഹം അവതരിപ്പിച്ചത്; എന്തിനാണ് അങ്ങനെ അവതരിപ്പിക്കുന്നത്? എടോ എന്ന് വിളിക്കേണ്ട ആളെ ഇപ്പോഴും ഞാൻ എടോ എന്നുതന്നെ വിളിക്കും. അതിന് സംശയമൊന്നുമില്ല. എടോ എന്ന് വിളിക്കുന്നത് അരോചകമായിട്ടുള്ള ഒരു പദപ്രയോഗമല്ല. അത് ഞങ്ങളുടെ നാട്ടിൽ പരസ്പരം അങ്ങോട്ടുമിങ്ങോട്ടും വിളിക്കുന്നൊരു പദമാണ്. എടോ എന്നതിന്റെ ഇപ്പുറത്തെ അടയാളം പോയാൽ അത് തെറ്റായ വാക്കാണ്. അപ്പോൾ അതിന്റെ അർത്ഥം മാറും. മറ്റേത് സാധാരണ നിലയ്ക്ക് ഉപയോഗിക്കുന്നൊരു വാക്കാണ്. ആ തെറ്റായ വാക്ക് ഞാൻ ഇവിടെ പ്രയോഗിച്ചോ; അങ്ങനെ വിളിക്കേണ്ട ആവശ്യമുണ്ടായോ; എന്തിനാണ് അങ്ങനെയുള്ള വർത്തമാനം പറയുന്നത്?

അദ്ദേഹത്തിന്റെ മനസ്സിലുണ്ടായ തെറ്റായ ഒരാശയം എന്തിനാണ് എന്റെ നാക്കിൽ കുത്തിക്കയറ്റാൻ നോക്കുന്നത്? അതല്ലേ കാണേണ്ടത്. അദ്ദേഹം എന്റെ അന്തസ്സുയരുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. അന്തസ്സൊക്കെ ഓരോരുത്തർക്കും ഓരോ തരത്തിലല്ലേ; അത് പൊതുസമൂഹം വിലയിരുത്തേണ്ടതല്ലേ? എന്താണെന്നുള്ളത് പൊതുസമൂഹം വിലയിരുത്തട്ടെ. അത് പൊതുസമൂഹത്തിന് വിടാം. നമ്മളോരോരുത്തരും അന്തസ്സുയർത്താൻ അനാവശ്യമായ കൃത്രിമങ്ങൾ കാണിക്കണ്ട. ശരിയായ നിലപാട് നാം സ്വീകരിച്ചാൽ മതി. അത് പൊതുസമൂഹം അംഗീകരിച്ചുകൊള്ളും. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാനനില ഇപ്പോഴും കൂടുതൽ ശക്തമായും ഭദ്രമായുമാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. അദ്ദേഹം ഗുണ്ടകൾ പോലീസ് സ്റ്റേഷനിൽ എത്തുന്നുവെന്ന് പറഞ്ഞു. ഗുണ്ടകളെ പിടിച്ചെത്തിക്കുന്നതാണ്. ഗുണ്ടകൾക്കെതിരെയുള്ള പോലീസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അദ്ദേഹം ധരിച്ചുവച്ചിരിക്കുന്നത് ഗുണ്ടകൾ പോലീസ് സ്റ്റേഷനിൽ ചെല്ലുന്നത് പോലീസ് സ്റ്റേഷൻ ഭരണത്തിനാണെന്നാണ്. പോലീസ് സ്റ്റേഷൻ ഭരിക്കാനല്ല അവിടെ ചെല്ലുന്നത്. പോലീസ് ക്രമസമാധാനപാലനത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികളിൽ ഗുണ്ടകൾക്കെതിരെയുള്ള നീക്കം ഇപ്പോൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വാടകയ്ക്കെടുത്തോ ഇല്ലയോ എന്നുള്ളതൊന്നും ഇപ്പോൾ നമ്മൾ തീരുമാനിക്കേണ്ട കാര്യമല്ല. അതിനെക്കുറിച്ചുള്ള അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണം പൂർത്തിയായതിനുശേഷം നമുക്ക് എന്താണെന്ന് പറയാം. അതായിരിക്കും ഏറ്റവും ഉത്തമം. പുകഴ്ത്തൽ കേട്ട് ഇങ്ങനെ അടങ്ങിയിരിക്കണ്ടായെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. ഇവിടെയിരിക്കുന്ന നമ്മുടെ കൂട്ടത്തിൽ ഇത്രമാത്രം ഇകഴ്ത്തലിന് ഇരയായ ഒരാളെ നിങ്ങൾക്ക് വേറെ കാണാൻ കഴിയുമോ? അന്ന് ഞാനങ്ങ് വീണുപോയില്ലല്ലോ? അപ്പോൾ പുകഴ്ത്തൽ കേട്ടാൽ ഉയരുകയില്ല. അത് മനസ്സിലാക്കണം. ഞാൻ എവിടെയാണോ നിൽക്കുന്നത് അവിടെത്തന്നെ നിൽക്കും. അത് ബഹുമാന്യനായ പി. ടി. തോമസിന് മനസ്സിലായിട്ടില്ലെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. കേരളത്തിന്റെ ക്രമസമാധാനനില തകർന്നുപോയി എന്നൊരു ചിത്രം ഉയർത്തിക്കാട്ടാൻ അദ്ദേഹം ശ്രമിക്കേണ്ടതില്ല. അത് വസ്തുതയല്ല. അതാണ് ഞാൻ പറയാൻ ഉദ്ദേശിച്ചത്. ബാക്കി കാര്യങ്ങൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറയും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇവിടെ പ്രമുഖ വ്യാപാര മേഖലയെ വലിയതോതിൽ ബാധിക്കുന്ന ഒരു വിഷയം ഞാൻ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഇന്നലെ ഇതിനെക്കുറിച്ച് ധാരാളം ചർച്ച നടന്നതാണ്. ....(ബഹളം)....

മി. സ്പീക്കർ : മന്ത്രി വഴങ്ങിയിരിക്കുകയാണ്. പ്ലീസ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കോമ്പൗണ്ട് ടാക്സ് അടയ്ക്കുന്ന സ്വർണ്ണ വ്യാപാരികൾ പർച്ചേസ് ടാക്സ് അടയ്ക്കണമെന്ന വ്യവസ്ഥയുണ്ട്. അത് പിൻവലിക്കണം. അത് വ്യാപാര മേഖലയിൽ വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അതുപോലെതന്നെ ബേക്കറി ഷോർട്ടണിംഗ് എന്നതിന് ക്ലാരിഫിക്കേഷൻ ചോദിച്ചിട്ട് ഏഴ് വർഷം കഴിഞ്ഞാണ് ക്ലാരിഫിക്കേഷൻ കിട്ടിയത്. അതിനും അഡീഷണലായിട്ടുള്ള, പിരിക്കാത്ത ടാക്സ് ഒഴിവാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാധാരണ ഗതിയിൽ ബഡ്ജറ്റ് ചർച്ചയിൽപ്പോലും രാഷ്ട്രീയം കടന്നുവരും. രാഷ്ട്രീയം മാറ്റിനിർത്തിയാൽ ചർച്ചയില്ലല്ലോ. കാര്യമാത്രപ്രസക്തമായി ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളും നേരത്തെ ശ്രീ. സി. എഫ്. തോമസ് സൂചിപ്പിച്ചതുപോലെ ഇതിൽ ഉൾപ്പെടുത്തേണ്ട ജാഗ്രതയെക്കുറിച്ചുമാണ് ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ സാധാരണ വരുന്നത്. അത് രാഷ്ട്രീയ തർക്കത്തിലേയ്ക്ക് വഴിമാറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുള്ള മറുപടി പറഞ്ഞുകൊണ്ട് ആ കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ഈ ബഡ്ജറ്റ് അവതരണം അവസാനിച്ചപ്പോൾ വലിയ സംവാദവും ബഹളവും ഉണ്ടായിരുന്നെങ്കിലും ഇതിന്റെ ചർച്ച പുരോഗമിച്ചപ്പോൾ കൂടുതൽ സമന്വയത്തിലേയ്ക്ക് നീങ്ങിയെന്നാണ് എനിക്ക് തോന്നിയത്, ശ്രീ. പി. ടി. തോമസിന്റെ ഇവിടത്തെ പ്രസംഗം കേൾക്കുന്നതുവരെ. ഇന്നലെ ചില നിബന്ധനകൾക്ക് വിധേയമായി ശ്രീ. പി. സി. ജോർജ് അദ്ദേഹത്തിന്റെ ശൈലിയിൽ ബഡ്ജറ്റിനെ പിന്താങ്ങുകയുണ്ടായി. ശ്രീ. കെ. എം. മാണി ആ നിലപാട് എടുത്തപ്പോഴാണ് എനിക്ക് വളരെ സന്തോഷം തോന്നിയത്. മാണിസാറിനും ശ്രീ. സി. എഫ്. തോമസിനും ചില കൺസേൺസുണ്ട്, അവർ വ്യത്യസ്ത പാർട്ടികളല്ലേ? അതെല്ലാം ശക്തമായി പറഞ്ഞുകൊണ്ട് ഇതിനെ പിന്താങ്ങുന്ന ഒരു നിലപാടാണ് സ്വീകരിച്ചത്. രാഷ്ട്രീയവ്യത്യാസങ്ങളും മറ്റ് കാര്യങ്ങളുമെല്ലാം നിൽക്കുന്നു. പക്ഷേ ഈ ചർച്ചയിൽ ഏറ്റവും വിവാദമായിനിന്ന കിഫ്ബിയെ സംബന്ധിച്ച വിമർശനം ഏതറ്റം വരെയാണ് പോയത്? ഇതൊരു കോൺസ്റ്റിറ്റ്യൂഷണൽ ഫ്രോഡാണെന്നു വരെ പരാമർശമുണ്ടായി. എനിക്ക് കേട്ടപ്പോൾ വേദന തോന്നി. വേറൊന്നുമല്ല, നമ്മൾ ഇത് ഗൂഗിൾ ചെയ്ത് നോക്കുമ്പോൾ ആദ്യം വരുന്നത് ഇങ്ങനെയുള്ള പ്രയോഗങ്ങളാണ്. ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് - 'ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് ഞങ്ങൾക്ക് ആശങ്കയുണ്ടാകും, ഞങ്ങൾ അത് പറയും. പക്ഷേ ഇത് ശരിയായ നീക്കമാണ്. ഇത് ഫലപ്രദമായി നടപ്പാക്കാം. നടപ്പാക്കാൻ സാധിക്കുമോ എന്നുള്ളതാണ് പ്രശ്നം'

എന്നാണ്. അത് ശരിയായ സമീപനമാണെന്നാണ് എനിക്ക് തോന്നുന്നത്. അഭിപ്രായസമന്വയത്തിലൂടെ നീങ്ങാൻ നമുക്ക് കഴിയണം. കാരണം ഇതൊരു വലിയ പരീക്ഷണമാണ്. അത് ഫലപ്രദമായോ ഇല്ലയോ എന്നുള്ളതിന്റെ അടിസ്ഥാനത്തിലൊന്നുമല്ല രാഷ്ട്രീയം തീരുമാനിക്കപ്പെടാൻ പോകുന്നത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെ സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിലപാട് എടുക്കാൻ കഴിഞ്ഞാൽ കിഫ്ബി ഉപയോഗിച്ച് വായ്പകളും നിക്ഷേപങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇത് നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിർവ്വഹണത്തിലെ പോരായ്മകളെക്കുറിച്ചാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞത്. പ്രത്യേകിച്ച് ജോലിയില്ലാത്ത ഉദ്യോഗസ്ഥരെക്കുറിച്ച് അദ്ദേഹം പറഞ്ഞു. മീനച്ചൽ റിവർ വാലി ഓഫീസിനെക്കുറിച്ച് വീണ്ടും പറഞ്ഞു, നമ്മൾ അത് സ്ക്രാപ്ചെയ്ത് കഴിഞ്ഞതാണ്. ഒരു സംശയവും വേണ്ട, ഇക്കാര്യങ്ങളിലെല്ലാം സർക്കാരിന്റെ ശ്രദ്ധയുണ്ടാകും. അത്തരത്തിൽ പുനർവിന്യാസം നടത്തിയാലേ കൂടുതൽ ഫലപ്രദമായിട്ടുള്ള ഭരണം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. എന്താണ് ഈ ഇടതുപക്ഷ ബദൽ എന്ന ശ്രീ. എം. ഉമ്മറിന്റെ ചോദ്യത്തിനോട് പ്രതികരിക്കാതിരിക്കുന്നത് ശരിയല്ല. ഞങ്ങൾ പറയാൻ ശ്രമിച്ചു, ഇപ്പോഴും ബോദ്ധ്യപ്പെട്ടിട്ടില്ലെന്ന് തോന്നുന്നു. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം നാട്ടുകാർ, സാധാരണക്കാരായ പാവങ്ങളെ സംഘടിപ്പിച്ച്; നാട്ടിൽ അവരുടെ വിഹിതം വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. അത് കൂലിയാകാം, ഭൂമിയാകാം, വരുമാനമാകാം. ഈ കേരളത്തിൽ അതിന് നല്ല വിജയം നേടിയെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇപ്പോൾ ഈ സ്ഥാനത്ത് വന്നത്. ജനങ്ങൾക്കും അതിന്റെ ഗുണമുണ്ട്. ഞങ്ങളുടെ ഇടതുപക്ഷ പരിപാടിയതാണ്. ഈ നാട്ടിന്റെ സമ്പദ് വിഹിതം വർദ്ധിപ്പിക്കണം. അതുകൊണ്ട് പ്രശ്നമെല്ലാം തീരില്ല, പ്രശ്നങ്ങൾ ഇനിയുമുണ്ടാകും. പക്ഷേ അവരുടെ വരുമാനം, കൂലി, ഭൂമി ഇവയെല്ലാം നേടിക്കൊടുക്കാൻ ശ്രമിച്ചതിന്റെ ഫലമായി ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നു. പുതിയ പ്രശ്നങ്ങൾ വന്നു. ആളുകൾക്ക് ഇനി ഇതുപോരാ, മെച്ചപ്പെട്ട തൊഴിലവസരങ്ങൾ വേണം, പുതിയ രോഗങ്ങൾക്ക് ചികിത്സ വേണം. ഇടതുപക്ഷത്തിന് ഇതൊന്നും അറിഞ്ഞുകൂടാ, അവരുടെ പണി മേടിച്ചുകൊടുക്കലാണ്, വീതം വയ്ക്കലാണെന്നാണ് ധാരാളം പേർ പറയുന്നത്. എന്താണ് ഈ ഇടതുപക്ഷ ബദൽ? ഇന്നത്തെ ഫെഡറൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇടതുപക്ഷത്തിന്റെ അടിസ്ഥാന നിലപാടുകൾ ഒരിക്കലും വിടാതെ ഭൂതകേരളത്തിന്റെ നേട്ടങ്ങളെ ഒരിഞ്ചുപോലും ബലികൊടുക്കാതെ പറയുന്ന ഞങ്ങൾക്ക് ഒരു അജണ്ടയുണ്ട്. ഇവിടെ നമുക്ക് ഈ വ്യവസായം വേണം. അത് ഞങ്ങൾ കൊണ്ടുവരും. ഇതാണ് ബദൽ. അത്തരത്തിലൊരു ബദൽ വയ്ക്കുമ്പോൾ ഇതിനുള്ള പണം സമാഹരിക്കുന്നതിന് ഏറ്റവും വലിയ തടസ്സം നിൽക്കുന്നത് ഇന്നത്തെ എഫ്.ആർ.ബി.എം. ആക്ടാണ്, അതിനുള്ളിൽനിന്നേ നമുക്ക്

പ്രവർത്തിക്കാൻ സാധിക്കൂ. നിക്ഷേപത്തിന് ഇത്രയും പണം വായ്പയെടുക്കാൻ കേരള സർക്കാരിന് കഴിയില്ല. അപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരുന്ന ഒരു കാര്യമുണ്ട്. ബഡ്ജറ്റിനുപുറത്ത് വായ്പയെടുത്ത് കൊച്ചി മെട്രോയുണ്ടാക്കിയതുപോലെ ഒരു സ്പെഷ്യലൈസ്ഡ് ഏജൻസിയുണ്ടാക്കുന്നു, വായ്പയെടുക്കുന്നു, വലിയ തോതിൽ നിക്ഷേപം നടത്തുന്നു. എ.ഡി.ബി.-യുമായി ഇതിനുള്ള വ്യത്യാസമെന്താണ്? ഞങ്ങൾക്ക് തർക്കിക്കാൻ കാര്യമെന്താണ്? ഇത് പുറത്തുനിന്നുള്ള വായ്പയാണെന്ന് മാത്രമല്ല, അതിനോടൊപ്പം നിബന്ധനകളും മറ്റു കാര്യങ്ങളുമുണ്ട്. അതിനോടൊപ്പം വന്ന എം.ജി.പി.-യുമായി ബന്ധപ്പെട്ട് ഇവിടെ നടത്താൻ പറഞ്ഞ മാറ്റങ്ങളെ ഞങ്ങൾ എതിർത്തു. കിഫ്ബി വഴി വായ്പയെടുക്കുന്നതിന് അങ്ങനെ എന്തെങ്കിലും നിബന്ധനയുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എ.ഡി.ബി.-യെ നിങ്ങൾ എതിർത്തെങ്കിലും നിങ്ങളുടെ മുൻ മുഖ്യമന്ത്രി ജ്യോതിബസു ബംഗാളിൽ അത് അംഗീകരിച്ചു. രണ്ട് സ്ഥലത്ത് രണ്ട് സ്റ്റാന്റെടുത്തു എന്നതാണ് ഞങ്ങളുടെ പരാതി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പറഞ്ഞുവന്നത്, ഞങ്ങൾ എതിർക്കും വിലപേശും ആ നിബന്ധന നടപ്പാക്കരുതെന്ന് പറയും. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ന്യായമായ രീതിയിൽ ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യും. ഞാൻ പറഞ്ഞത് കിഫ്ബിയിൽ ഇങ്ങനെയുള്ള നിബന്ധനകളൊന്നും അടിച്ചേൽപ്പിക്കുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിൽ എ.ഡി.ബി.-യുടെ എല്ലാ ധാരണകളുണ്ടായതും ഒപ്പുവച്ചതും അങ്ങയുടെ മുൻകാല നേതാവായ ശ്രീ. ടി. ശിവദാസ മേനോനാണെന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, എ.ഡി.ബി.-യിൽനിന്ന് 1,300 കോടി രൂപ വാങ്ങിയിട്ട് അതുമായി ബന്ധപ്പെട്ട ചെലവുകളെ സംബന്ധിച്ച് പരിശോധിച്ചത് ശ്രീ. വി. ഡി. സതീശൻ ആയിരുന്നു. ഒരു കണക്കും കാര്യവുമില്ല. അദ്ദേഹം ചീഫ് സെക്രട്ടറി അടക്കമുള്ളവരെ വിളിച്ച് വാണിംഗ് കൊടുത്തതാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ, അത് നേരത്തെ ചർച്ചയിൽ ഇടപെട്ടുകൊണ്ട് പറഞ്ഞിട്ടുള്ള കാര്യമാണ്. ഞാൻ പറയാൻ ശ്രമിച്ച കാര്യം, പ്രത്യേക എസ്.പി.വി.-കൾക്കുവേണ്ടി അല്ലെങ്കിൽ പ്രത്യേക പ്രോജക്ടുകൾക്കുവേണ്ടി വിദേശ വായ്പകൾ എടുക്കാൻ വേണ്ടിവരുന്ന സമയം, അതിനുവേണ്ടിവരുന്ന വില, നിബന്ധനകൾ ഇതൊക്കെ ഒഴിവാക്കിയിട്ടുള്ള

സംവിധാനത്തിലേയ്ക്കാണ് നമ്മൾ വരുന്നത്. അതുകൊണ്ട് നിങ്ങൾ അതിനെ എതിർത്തില്ലേ, എന്നിട്ട് നിങ്ങളെന്തിനാണ് ഇങ്ങനെ പോകുന്നതെന്നുള്ള ചോദ്യത്തിന് അർത്ഥമില്ലെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഈ വ്യത്യാസം നമ്മളെല്ലാവരും കാണേണ്ടതുണ്ട്.

അന്ന് ചർച്ചയിൽനിന്ന് വഴിമാറിപ്പോയതുകൊണ്ട് സ്വർണ്ണത്തിന്റെ കാര്യത്തിൽ പ്രതികരിക്കാൻ എനിക്ക് കഴിഞ്ഞില്ല. ശ്രീ. വി. കെ. സി. മമ്മത് കോയ അക്കാര്യം ഉന്നയിച്ചത് നന്നായി. സർക്കാരിന്റെ നിലപാട് വ്യക്തമാക്കാൻ ഉദ്ദേശിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ഭരിച്ചിരുന്നപ്പോൾ 20 കോടി രൂപയാണ് സ്വർണ്ണത്തിൽനിന്നും നികുതിയായി ലഭിച്ചിരുന്നത്. റെയ്ഡും മറ്റ് കാര്യങ്ങളും നടത്തി പിരിക്കാൻ പോയാൽ ഇത് കൂട്ടാൻ സാധിക്കും. പക്ഷേ അത് വലിയ അഴിമതിയിലേയ്ക്കും മറ്റും നയിക്കും. കാര്യമെന്തെന്നുവച്ചാൽ മറ്റ് വസ്തുക്കളിൽനിന്ന് വ്യത്യസ്തമായി സ്വർണ്ണം വാങ്ങുന്നവർ ബിൽ വേണ്ടെന്നാണ് പറയുന്നത്. ഇവർക്കും താല്പര്യമില്ല. നാലഞ്ചുമാസം ചർച്ച ചെയ്തിട്ടും അന്നത്തെ കണക്കുപ്രകാരം ഏതാണ്ട് 20,000 കോടി രൂപയുടെ വില്പനയേ ഉള്ളൂ. ഇന്ത്യയിൽ ഒരു ശതമാനമാണ് ഇതിന്റെ വാറ്റ് നികുതി. അപ്പോൾ ഒരു ശതമാനംവച്ച് 200 കോടി രൂപ കിട്ടും. 200 കോടി രൂപ നികുതി കിട്ടാനുള്ള ഒരു ഫോർമുലയുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരിയുടെയും നികുതി നിശ്ചയിച്ചു. അതാണ് കോമ്പൗണ്ടിംഗ്. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നികുതി തന്നാൽ നിങ്ങളുടെ മറ്റ് കണക്കുകൾക്ക് പരിശോധന ബാധകമാകില്ല എന്നുപറഞ്ഞു. ആ തീരുമാനം വളരെ ശരിയായിരുന്നു. ഇപ്പോൾ നികുതി 600 കോടി രൂപയായി കൂടിയിട്ടുണ്ട്. സ്വർണ്ണവ്യാപാരം 80,000 കോടി രൂപയ്ക്ക് താഴെയേയുള്ളൂ. അത് മുഴുവൻ ഇതുവഴിയല്ല, ഒരുപാട് ഏജൻസികളുണ്ട്. ഇപ്പോൾ നമുക്ക് ഏതാണ്ട് ഒരു ശതമാനംവച്ച് നികുതി കിട്ടുന്നു. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ യു.ഡി.എഫ്. ഭരണകാലത്ത് അതിന് മാറ്റം വരുത്തിയപ്പോൾ inadvertent ആയി പർച്ചേസ് ചെയ്യുന്ന ഗോൾഡിനുകൂടി കോമ്പൗണ്ട് ചെയ്ത് നികുതി തരണമെന്ന വ്യവസ്ഥ വന്നു. അതാണ് ഈ പ്രശ്നങ്ങൾ ഉണ്ടാക്കിയത്. Legislative intent അല്ലെന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇത് എങ്ങനെ ചെയ്യാൻ കഴിയും എന്നതിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ കൂട്ടായി ആലോചിക്കാം. സർക്കാരിന് തുറന്ന മനസ്സാണുള്ളതെന്ന് ഞാൻ നേരത്തേയും വ്യക്തമാക്കിയിട്ടുള്ളതാണ്. അതുപോലെ വനസ്പതിയുടെയും ഷോർട്ടണിംഗിന്റെയും കാര്യങ്ങളെല്ലാം ആലോചിക്കാം. പക്ഷെ, ഈ ക്ലോസുകൾ ഓപ്പണാണോ തുടങ്ങിയ കാര്യങ്ങൾകൂടി നോക്കാനുണ്ട്. ഞാൻ നീട്ടുന്നില്ല. സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് ഒരു മാസം കഴിഞ്ഞാണല്ലോ സഭ ചേരുന്നത്. എത്ര ശതമാനം പണം ചെലവായിട്ടുണ്ടെന്നുള്ളത് പരിശോധിക്കാം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഏപ്രിൽ മാസം മുതൽ നിർവ്വഹണം ആരംഭിക്കുമെന്ന് തന്നെയാണ്. അതുകൊണ്ട് ഇന്നുവന്ന പല വിമർശനങ്ങൾക്കുമുള്ള മറുപടി സഭ ചേരുമ്പോൾ ഉണ്ടാകുമെന്നുള്ള ആത്മവിശ്വാസത്തോടെ ഞാൻ നിർത്തുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, നെല്ലിന്റെ സംഭരണ വിലയെക്കുറിച്ച് പറഞ്ഞില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, നെല്ലിന്റെ സംഭരണ വിലയെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. ഇന്നലത്തെ ചർച്ചയിലും ആക്ഷേപം വന്നു, ബഹുമാനപ്പെട്ട മുരളി പെരുനെല്ലി ആ പ്രശ്നം ഉന്നയിക്കുകയും ചെയ്തു. ഇത് വലിയ കാലതാമസം കൃഷിക്കാർക്ക് ഉണ്ടാക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ ഒരു മാസത്തിനുള്ളിൽ തുക നൽകിയിരിക്കുമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. കേന്ദ്രവിഹിതം ലഭിക്കാൻ ചിലപ്പോൾ രണ്ടുമൂന്ന് മാസം എടുക്കുന്നതിനാലാണ് തടസ്സം നേരിടുന്നത്. റബ്ബറിന്റെ കാര്യത്തിലെന്നപോലെ നെല്ല് സംഭരണം കഴിഞ്ഞാൽ കൃഷിക്കാരന്റെ അക്കൗണ്ടിലേയ്ക്ക് സഹകരണ ബാങ്കിൽനിന്ന് പണം കൈമാറുന്നതിനും കേന്ദ്രത്തിന്റെ പണം വരുന്നതുവരെയുള്ള പലിശ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കൃഷിക്കാരന് താമസമില്ലാതെ നൽകുന്നതിനുമുള്ള ഏർപ്പാട് ചെയ്യുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ഭിന്നശേഷിക്കാർക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 600 രൂപയായിരുന്ന പൊതുവേയുള്ള പെൻഷൻ. 80 ശതമാനത്തിൽക്കൂടുതൽ ബുദ്ധിമുട്ടുള്ളവർക്ക് തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ കഴിഞ്ഞ ദിവസം മറുപടി പറഞ്ഞപ്പോൾ ഇക്കാര്യം പറഞ്ഞതാണ്.

ശ്രീ. അനിൽ അക്കര: സർ, നെല്ലിന്റെ സംഭരണ വില ഇന്ന് 22.50 രൂപയാണ്. മാർക്കറ്റിൽ 24 രൂപയുണ്ട്. സംഭരണവില അൽപ്പമെങ്കിലും വർദ്ധിപ്പിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതൊന്നും ധനകാര്യ വകുപ്പുമന്ത്രിക്ക് മാത്രമായി മറുപടി പറയാൻ കഴിയുന്നതല്ല. ക്യാബിനറ്റ് ചർച്ചചെയ്ത് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ഭേദഗതിയില്ല

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

മി. സ്പീക്കർ: പട്ടിക ഭേദഗതിയില്ല.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ഭേദഗതിയില്ല.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അങ്ങേയ്ക്ക്, 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. പി. വി. അൻവർ
7. ശ്രീ. എ. എം. ആരിഫ്
8. പ്രൊഫ. കെ. യു. അരുണൻ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു
11. ശ്രീ. എ. കെ. ബാലൻ

12. ശ്രീമതി ഇ. എസ്. ബിജിമോൾ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ. പി
35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. എ. പ്രദീപ്കുമാർ

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ ഹരി

43. ശ്രീ. പുരുഷൻ കടലുണ്ടി

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എം. രാജഗോപാലൻ

46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. കെ. രാജു

51. ശ്രീ. രാജു എബ്രഹാം

52. ശ്രീ. ആർ. രാമചന്ദ്രൻ

53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

54. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

55. ശ്രീ. മുല്ലക്കര രത്നാകരൻ

56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. കാരാട്ട് റസാഖ്

58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ

60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. പി. കെ. ശശി
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. കെ. വി. വിജയദാസ്
80. ശ്രീ. ഇ. കെ. വിജയൻ
81. ശ്രീ. പിണറായി വിജയൻ
82. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. അടൂർ പ്രകാശ്
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. എൽദോസ് കുന്നപ്പിള്ളി
15. ശ്രീ. ഹൈബി ഈഡൻ
16. ശ്രീ. ടി. വി. ഇബ്രാഹിം
17. ശ്രീ. സി. മമ്മൂട്ടി
18. ശ്രീ. കെ. മുരളീധരൻ
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. കെ. എസ്. ശബരീനാഥൻ
24. ശ്രീ. വി. പി. സജീന്ദ്രൻ

25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. സി. എഫ്. തോമസ്
3. ശ്രീ. റോഷി അഗസ്റ്റിൻ

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ - 82

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - 3

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

### (3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

### (i) 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് ധാരാളം ചർച്ച നടന്നതാണ്. സബ്ജക്ട് കമ്മിറ്റിയിലും ചർച്ച ചെയ്തതാണ്. സമയപരിമിതിമൂലം എല്ലാവരും സഹകരിച്ച് ബിൽ പെട്ടെന്ന് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലിലുമായി ഏതാണ്ട് 8 പേർ സംസാരിക്കാനുണ്ട്. ഞാൻ ഇന്നലെ പറഞ്ഞതുപോലെ സമയനിഷ്ഠയും കൃത്യതയുമുള്ള ശ്രീ. എൻ. ഷംസുദ്ദീനാണ് ചർച്ച ആരംഭിക്കുന്നത്. ശ്രീ. എൻ. ഷംസുദ്ദീന് വിയോജനക്കുറിപ്പ് അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

സ്പീക്കറുടെ കമന്റ് ഒരു കോംപ്ലിമെന്റായി എടുക്കുകയാണ്. ഇക്കാര്യത്തിൽ ദീർഘമായൊന്നും പറയാനില്ല. ഇതിൽ പ്രതിപക്ഷം വോട്ട് പോലും ചോദിക്കുമോയെന്ന കാര്യത്തിൽ സംശയമാണ്. കാരണം സാങ്കേതികമാണ് ഇതിലെ വിഷയം. Kerala Motor Vehicle Taxation (Validation) Bill ആണ്. കോടതി വിധിയുടെ പശ്ചാത്തലത്തിലാണ് ഈ ബിൽ വരാനിടയായിട്ടുള്ളത്. ഫാത്തിമ ഷെറിൻ V/s ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർ, കായംകുളം എന്ന കേസ്സിൽ പർച്ചേസ് വാല്യൂവിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ടുണ്ടായ സാങ്കേതിക പ്രശ്നമാണ്. VAT-ഉം കസ്റ്റംസ് ഡ്യൂട്ടിയും സെസ്സും ലെവിയും എല്ലാംകൂടി ചേർത്താണ് 2007 മുതൽ പർച്ചേസ് വാല്യൂ കണക്കാക്കി വന്നിരുന്നത്. പക്ഷെ, അങ്ങനെ കണക്കാക്കാൻ അന്ന് നിലവിൽ നിയമം ഉണ്ടായിരുന്നില്ല. ഇത് രണ്ട് മുന്നണികളുമായി കേരളം ഭരിച്ച സന്ദർഭത്തിൽ ഉണ്ടായിട്ടുള്ളതാണ്. പ്രത്യേകിച്ച് ഒരു വിഷയം അതിലില്ല. 2014-ലെ ഫിനാൻസ് ബില്ലിന്റെ ഭാഗമായാണ് ഇതിലൊരു നിയമഭേദഗതി വന്നത്. 2007 മുതൽ 2014 വരെ ഈ ഇനത്തിൽ നിലവിൽ നിയമം ഇല്ലാതെയാണ് ടാക്സ് പിരിച്ചിട്ടുള്ളത്. അതിന് ഒരു നിയമസാധുതയുമില്ലെന്നുപറഞ്ഞാണ് ഈ കേസ്സിലെ അന്യായക്കാരിയായ ഫാത്തിമ ഷെറിൻ കോടതിയിൽ പോകുന്നത്. നിലവിൽ നിയമം ഇല്ലാതെ

പിരിച്ചത് ശരിയായില്ല, ആ ടാക്സ് തിരിച്ചുകൊടുക്കണമെന്നാണ് കോടതി പറഞ്ഞത്. നമ്മൾ ഇവിടെ നിയമം നിർമ്മിച്ച് കവർ ചെയ്യാനാണ് ശ്രമിക്കുന്നത്. സംസ്ഥാന ഖജനാവിൽനിന്ന് ഇങ്ങനെ കൊടുക്കാൻ തുടങ്ങിയാൽ കോടിക്കണക്കിന് രൂപ ചോർന്നുപോകും. അങ്ങനെ ചോർന്നുപോകണമെന്ന വാദം ഞങ്ങൾക്കില്ല, കൊടുക്കണമെന്നുമില്ല. അതുകൊണ്ടാണ് ഒരുപക്ഷെ, പ്രതിപക്ഷം വോട്ടുപോലും ഇക്കാര്യത്തിൽ ചോദിക്കില്ലെന്ന് പറഞ്ഞത്. പക്ഷെ, ഇതൊരു നിയമനിർമ്മാണ സഭയാണ്, ഈ ബിൽ പാസ്സാക്കുന്ന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഇങ്ങനെ ചില ആശങ്കകൾ ചർച്ചയിൽ ഉയർന്നുവന്നിരുന്നു എന്നുള്ളത് റെക്കോർഡുകളിൽ ഉണ്ടാകണം. ഇങ്ങനെയൊരു നിയമം പാസ്സാക്കിയാൽപ്പോലും അതിന് നിയമപരമായ സാധുത ലഭിക്കുമോയെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ടാക്സ്, ലെവി അതുപോലുള്ള കാര്യങ്ങളിൽ പ്രോസ്പെക്ടീവ് എഫക്ടേ ഉണ്ടാകൂവെന്ന് കോടതി പലപ്പോഴും പറഞ്ഞിട്ടുണ്ട്. എന്നാണോ ഒരു നിയമം പാസ്സാക്കുന്നത് അന്നുമുതലേ അതിന് പ്രാബല്യമുണ്ടാവുകയുള്ളൂ. നിലവിലില്ലാത്ത ഒരു ടാക്സ് പിരിക്കാൻവേണ്ടി മുൻകാല പ്രാബല്യമുണ്ടാകുമെന്ന് പറഞ്ഞ് ഒരു നിയമം പാസ്സാക്കിയാൽ ആ നിയമത്തിന് നിലനിൽപ്പുണ്ടാവുകയില്ല. ഇവിടെ ചെയ്യാൻ പോകുന്നത് അതാണ്. ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ ചർച്ചയുടെ ഭാഗമായി വരണം. ഒരംഗം ഇങ്ങനെ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നുള്ളത് നടപടിക്രമത്തിന്റെ ഭാഗമാകണം.

3.00 PM.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ടാക്സ് പിരിക്കരുതെന്നും പിരിച്ച ടാക്സ് കൊടുക്കരുതെന്നും ഞങ്ങൾക്ക് അഭിപ്രായമില്ല. കാരണം ഈ ടാക്സ് സംസ്ഥാനത്തിന്റെ വികസനത്തിനും പുരോഗതിക്കും ക്ഷേമ പദ്ധതികൾക്കും വേണ്ടി അപ്പുറവും ഇപ്പുറവും ഇരിക്കുന്ന അംഗങ്ങളുടെ മണ്ഡലങ്ങളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. അതിനെതിരായിട്ടല്ല ഈ വാദം. പക്ഷേ മുമ്പും ഇങ്ങനെ പല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. നമ്മളെല്ലാവരുംകൂടി സ്വാശ്രയ നിയമം പാസ്സാക്കി. അന്നും ഇടതുപക്ഷമാണ് കേരളം ഭരിച്ചിരുന്നത്. ഞങ്ങൾ അതിനെ എതിർത്തില്ല. ബിൽ പാസ്സാക്കി. ഭരണഘടനാപരമായി സാധുതയില്ലാത്തതാണെന്നും ഇങ്ങനെയൊരു നിയമം പാസ്സാക്കാൻ കേരള നിയമസഭയ്ക്ക് അധികാരമില്ലെന്നും പറഞ്ഞുകൊണ്ട് സ്വാശ്രയ നിയമത്തിന്റെ ഏഴ്, എട്ട് വകുപ്പുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തു. ആ സാഹചര്യത്തിൽ ഒരു സാങ്കേതികത്വം അഥവാ നിയമപരമായ ഒരു പ്രശ്നം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. നിയമത്തിൽ സാങ്കേതികത്വത്തിന് വളരെ പ്രാധാന്യമുണ്ട്. വാഹനങ്ങളുടെ ക്രയമൂല്യം കണക്കാക്കുന്നത് സെസ്സും വാറ്റും

ലെവിയും കസ്റ്റംസ് ഡ്യൂട്ടിയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ടാണ്. ഈ ബിൽ കൊണ്ടുവന്ന സമയത്ത് അങ്ങനെ ചെയ്യാനുള്ള നിയമം ഉണ്ടായിരുന്നില്ലെന്നുള്ളതാണ് ഇതിലെ വളരെ പ്രധാനപ്പെട്ട പ്രശ്നം. പ്രോസ്പെക്ടീവ് ഇഫക്ട് മാത്രമേ ഇത്തരം കാര്യങ്ങളിലുണ്ടാകൂവെന്ന് കോടതി വിധികളിലൊക്കെ പറഞ്ഞിട്ടുണ്ട്. ക്രിമിനൽ നിയമം വരുന്നതിനുമുമ്പേ ഇത് നിലവിലുണ്ട്. ക്രിമിനൽ കുറ്റമല്ലാത്ത ഒരു കേസിന് നാളെ ഒരു നിയമമുണ്ടാക്കി അത് ക്രിമിനൽ കുറ്റമാക്കിയാൽ ഇന്നത്തെ ആക്ടിന് മുൻകാലപ്രാബല്യം കൊടുക്കാൻ കഴിയില്ലെന്നുള്ളത് ക്രിമിനൽ നിയമത്തിന്റെ സെറ്റിൽഡ് പ്രിൻസിപ്പിളാണ്. അതുപോലെ സിവിൽ നിയമത്തിലും ഇങ്ങനെ കോടതി വിധികളുണ്ട്. സിവിൽ നിയമത്തിൽ ചിലത് നിലനിൽക്കുമായിരിക്കാം. പക്ഷേ ടാക്സിന്റേയും ലെവിയുടേയുമൊക്കെ കാര്യത്തിൽ, നിലനിൽക്കുന്ന നിയമത്തിനനുസൃതമായി മാത്രമേ ടാക്സും ലെവിയുമൊക്കെ വാങ്ങാൻ കഴിയുകയുള്ളൂ. നിയമമുണ്ടാക്കിയതിനുശേഷം ഏഴെട്ട് കൊല്ലംമുമ്പ് പിരിച്ച ടാക്സിനൊക്കെ അത് ബാധകമാക്കണമെന്ന് പറയുമ്പോൾ ആരെങ്കിലും അതിനെ ചോദ്യം ചെയ്താൽ ഈ നിയമം null and void ആയിപ്പോകാനുള്ള സാധ്യതയുണ്ടെന്ന ആശങ്ക ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് ചെറിയ നിർദ്ദേശങ്ങൾകൂടി ഞാൻ ഈ സന്ദർഭത്തിൽ വയ്ക്കുകയാണ്. കുറേ വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കിയ കാര്യം പറഞ്ഞിട്ടുണ്ട്. പക്ഷേ മോട്ടോർ വാഹന വകുപ്പിന്റെ പരിശോധനയുടെ കാര്യക്ഷമതയില്ലായ്മമൂലം സ്പീഡ് ഗവർണർ നിർബന്ധമാക്കിയ കാറ്റഗറിയിൽപ്പെട്ട വാഹനങ്ങളിലൊന്നും അത് വയ്ക്കുന്നില്ല. ആക്സിഡന്റുകൾ വർദ്ധിക്കുന്നതിന് വളരെ പ്രധാനപ്പെട്ട ഒരു ഘടകമായി അത് മാറുകയാണ്. അതുപോലെതന്നെ പല സ്ഥലങ്ങളിലും സ്വകാര്യ ബസ്സുകൾ വഴിമാറിയും സമയം തെറ്റിയും സർവ്വീസ് നടത്തുന്നു. ഇതിന് മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടെ മൗനാനുവാദമുണ്ടെന്ന് പറയപ്പെടുന്നു. അടുത്തകാലത്ത് ഏഷ്യാനെറ്റിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ്സും പ്രൈവറ്റ് ബസ്സും തമ്മിലുള്ള അഡ്ജസ്റ്റ്മെന്റ് ഒരു ഫിലിം കാണിക്കുന്നതുപോലെ കാണിച്ചു. പ്രൈവറ്റ് ബസ് മുന്നിലും കെ.എസ്.ആർ.ടി.സി. ബസ് അതിന് പുറകിലും പോകുകയാണ്. നിങ്ങളിപ്പോൾ എവിടെയെത്തി, എത്ര മിനിട്ടുകഴിഞ്ഞാൽ ഇവിടെയെത്തും എന്നൊക്കെ കെ.എസ്.ആർ.ടി.സി. ബസ്സിലെ കണ്ടക്ടറും പ്രൈവറ്റ് ബസ്സിലെ കണ്ടക്ടറും തമ്മിൽ മൊബൈൽ ഫോണിൽ സംസാരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ബസ്സിന്റെ തൊട്ടുമുമ്പിൽ പ്രൈവറ്റ് ബസ് പോകുന്നതും കാലിയടിച്ച് കെ.എസ്.ആർ.ടി.സി. ബസ് പോകുന്നതും ഏഷ്യാനെറ്റ് ഇവരുടെ പിന്നാലെപോയി പകർത്തി. എന്റെ ഓർമ്മ ശരിയാണെങ്കിൽ

ഏഷ്യാനെറ്റിൽതന്നെയാണ് ഇത് വന്നത്. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അത് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടവും അതിന്റെ പ്രയാസങ്ങളുമൊക്കെ കാണുമ്പോഴും സർക്കാർ സംവിധാനങ്ങളെ തകർക്കുന്ന ആളുകൾ ഇതിനകത്തുതന്നെയുണ്ട് എന്നുള്ളതുകൂടി നാം മനസ്സിലാക്കണം. ഏത് ഭരണമായാലും ഇത്തരം അഴിമതികളും ഏജന്റുമാരുമായി ബന്ധപ്പെട്ട കുറേ ആക്ഷേപങ്ങളും മോട്ടോർ വാഹന വകുപ്പിലുണ്ട്. ഇടനിലക്കാരായ മധ്യസ്ഥരെ ഒഴിവാക്കി ഇതുമുഴുവനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ വളരെ പെട്ടെന്ന് സ്വീകരിക്കണം.

അതുപോലെയാണ് ഇരുചക്ര വാഹനങ്ങളുടെ ആക്സിഡന്റ്. എത്രയോ ചെറുപ്പക്കാർ മരണപ്പെടുന്നു, ആക്സിഡന്റ് വർദ്ധിക്കുന്നു എന്നൊക്കെയുള്ള പരിദേവനങ്ങൾ നമ്മൾ കേൾക്കാറുണ്ട്. ബൈക്കുകളിൽ സ്പീഡ് ഗവർണർ വയ്ക്കാനും അത് നിയന്ത്രിക്കാനുമുള്ള സംവിധാനമുണ്ടാക്കണം.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നമ്മുടെ നിരത്തുകളിലെ ഏറ്റവും വലിയ പ്രശ്നമാണ് ബൈക്കുകളുടെ ഓവർ സ്പീഡ്. 22 വയസ്സിനും 18 വയസ്സിനും ഇടയിലുള്ള ഒട്ടനവധി ജീവിതങ്ങൾ ദിവസവും പൊലിയുകയാണ്. കേരളത്തിന്റെ പരിസ്ഥിതിക്കനുസരിച്ച് ബൈക്കുകളുടെ സ്പീഡ് 70 കിലോമീറ്ററിനപ്പുറത്തേയ്ക്ക് കടക്കാൻ കഴിയാത്ത രൂപത്തിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കുമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച അഭിപ്രായമാണ് ഞാൻ പറഞ്ഞത്. ചെറുപ്പക്കാർ പ്രത്യേകിച്ച് ചെറിയ പ്രായത്തിലുള്ളവരുടെ ജീവൻ നിരത്തിൽ പൊലിഞ്ഞുകൊണ്ടിരിക്കുന്ന കാര്യം ഞാനിവിടെ സൂചിപ്പിച്ചു. അതുകൊണ്ട് ബൈക്കുകളുടെ സ്പീഡ് നിയന്ത്രിക്കുന്നതിനും ആ രംഗത്ത് അവബോധം നൽകുന്നതിനുമൊക്കെ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടിയുണ്ടാകണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മോട്ടോർ വാഹന നികുതി പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് നമ്മൾ ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. റിവർ സാന്റ് ആക്ട് പ്രകാരം പിടിച്ചെടുത്ത ധാരാളം വാഹനങ്ങൾ പോലീസ് സ്റ്റേഷൻ, കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ തുടങ്ങി പൊതുസ്ഥലങ്ങളിലെല്ലാം കെട്ടിക്കിടക്കുകയാണ്. ഇത് വർഷങ്ങളോളം കിടന്ന് തുരുമ്പുപിടിച്ച് നശിച്ചുപോകുന്നു. ഇതുമൂലം വാഹന ഉടമയ്ക്കും സർക്കാരിനും സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ഗവൺമെന്റ് നിശ്ചയിക്കുന്ന പിഴയടച്ച് എത്രയുംപെട്ടെന്ന് അത് റിലീസ് ചെയ്യാൻ വാഹന ഉടമ തയ്യാറാകാത്തപക്ഷം ലേലംചെയ്ത് വിൽക്കാൻ ഗവൺമെന്റ് തയ്യാറാകണം. അങ്ങനെ ലേലംചെയ്ത് കിട്ടുന്ന പണം പ്രത്യേകമായി ഒരു ബാങ്ക് അക്കൗണ്ടിലിട്ടാൽ കേസ് തീർപ്പാക്കി വരുമ്പോൾ ഉടമയ്ക്ക് അതിന്റെ വില തിരിച്ച് നൽകാൻ കഴിയും. അല്ലെങ്കിൽ

ഗവൺമെന്റിലേയ്ക്ക് മുതൽക്കൂട്ടാൻ കഴിയും. പൊതുനിരത്തുകളുടെ സൈഡുകളിൽവരെ തുരുമ്പുപിടിച്ച വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുകയാണ്. ഇത് വാഹനാപകടങ്ങൾ പെരുകുന്നതിന് കാരണമാകുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇക്കാര്യം എന്റെയും നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടതാണ്. ഇതിനെക്കുറിച്ച് വലിയ ചർച്ചകൾ നടക്കുന്നുണ്ട്. പല സർക്കാർ ഓഫീസുകളുടെയും മുന്നിലുള്ള ഒഴിഞ്ഞ പ്രദേശങ്ങളിലാണ് ഈ വാഹനങ്ങളെല്ലാം കൂട്ടിയിടുന്നത്. ഇതുമൂലം കൊതുകിന്റെയും പാമ്പുകളുടേയുമൊക്കെ ശല്യമുണ്ടാകുന്നുണ്ട്.

ശ്രീ. ബി. സത്യൻ: സർ, അതിൽ ആളുകളും താമസിക്കുന്നുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആളുകൾ താമസിക്കുന്നുണ്ടെങ്കിൽ അതൊരു നല്ല കാര്യമാണ്. സാമൂഹ്യദ്രോഹികളുടെ താവളമാകുന്നു, അവർക്കൊരു മറയാകുന്നു തുടങ്ങി ധാരാളം പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ നല്ല നിർദ്ദേശമാണ്. ആ വാഹനങ്ങൾ ഉടമകൾക്ക് വേണ്ടെങ്കിൽ ഒരു നിശ്ചിത സമയത്തിനകം ലേലം ചെയ്ത് കൊടുക്കാനും അങ്ങനെ ഇത്തരം സ്ഥലങ്ങൾ ഫ്രീ ആയി കിട്ടാനുമുള്ള സംവിധാനമുണ്ടാകണം. പൊതുസ്ഥലങ്ങളാണ് ഇങ്ങനെ കൺജഷനായി പോകുന്നത്.

എന്റെ നിയോജകമണ്ഡലം പോലെതന്നെ മലയോര പിന്നോക്ക മേഖലകളുമായി ബന്ധപ്പെട്ട ഒരു വിഷയംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. മലയോര മേഖലകളിൽ കെ.എസ്.ആർ.ടി.സി.-യുടെ കുട്ടി വണ്ടികൾ എന്നുപറയുന്ന കട്ട് ചെയ്സ് വാഹനങ്ങൾ വളരെ പ്രയോജനമുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന സമയത്ത് അട്ടപ്പാടിയിലെ സ്ഥിതിഗതികൾ പറഞ്ഞപ്പോൾ എനിക്ക് ഒരു കട്ട് ചെയ്സ് വാഹനം തന്നു. ഇന്നും ആ വാഹനം നല്ല കളക്ഷനോടുകൂടി അവിടെ ഓടിക്കൊണ്ടിരിക്കുകയാണ്. രണ്ടാമതൊരു വാഹനം കെ.എസ്.ആർ.ടി.സി.-യിൽ ചോദിച്ചപ്പോൾ കേരളത്തിലെങ്ങും ഇപ്പോൾ അങ്ങനെയുള്ള വാഹനമില്ലെന്നാണ് പറയുന്നത്. മലയോര പ്രദേശങ്ങളിൽ കയറ്റവും വളവുമൊക്കെയുള്ളതുകൊണ്ട് വലിയ വാഹനങ്ങൾ വളഞ്ഞുവരില്ല. അവിടെ പ്രൈവറ്റ് വാഹനങ്ങളുണ്ട്. ആദിവാസി പിന്നോക്ക മേഖലകളിലെ ജനവിഭാഗത്തിന് പബ്ലിക് ട്രാൻസ്പോർട്ടേഷൻ കൊടുക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. മുൻകയ്യെടുത്ത് അട്ടപ്പാടി പോലെയുള്ള ഇത്തരം പ്രദേശങ്ങളിലേയ്ക്ക് കട്ട് ചെയ്സ് വാഹനങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിക്കണം. അട്ടപ്പാടിയിലേയ്ക്ക് നാല് കട്ട് ചെയ്സ് വാഹനങ്ങൾകൂടി അനുവദിക്കാൻ ഈ ബില്ലിന്റെ ചർച്ച ഞാൻ

ഉപയോഗപ്പെടുത്തുകയാണ്. ഇത്തരം വാഹനം വാങ്ങി ആ മേഖലയിൽത്തന്നെ കൃത്യമായി ഓടിക്കുമെന്ന് എഗ്രിമെന്റ് പ്രകാരം ധാരണയുണ്ടാകുമെങ്കിൽ അടുത്ത അസ്സറ്റ് ഫണ്ടിൽനിന്ന് ഒരുവിഹിതം നീക്കിവയ്ക്കാനും ഞാൻതയ്യാറാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, നമ്മൾ വാങ്ങുന്ന വാഹനങ്ങൾക്ക് ഇപ്പോൾ 15 വർഷത്തേയ്ക്കാണ് നികുതി ഈടാക്കുന്നത്. ചിലപ്പോൾ ഈ വാഹനം നാലോ അഞ്ചോ വർഷം ഉപയോഗിച്ചശേഷം പിന്നീട് മറ്റാർക്കെങ്കിലും കൈമാറും. ഇത്തരത്തിൽ നികുതി പിരിവ് നടത്തുന്നത് ചുരുക്കി അഞ്ച് വർഷത്തേയ്ക്ക് ഈടാക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ കുറച്ചുകാലമായി അങ്ങനെയാണല്ലോ വാങ്ങിക്കൊണ്ടിരിക്കുന്നത്. ഈ പറയുന്ന രീതി കോടതി വിധിയിലുണ്ടാക്കിയതുപോലുള്ള ചില പ്രശ്നങ്ങളുണ്ടാക്കും. ഏതായാലും അങ്ങനെയൊരു മാറ്റം വരുത്തണമെന്നുള്ളത് മോട്ടോർ വാഹന വകുപ്പ് പരിശോധിക്കേണ്ട കാര്യമാണ്.

കട്ട് ചെയ്സ് വാഹനങ്ങൾ വാങ്ങി, ബന്ധപ്പെട്ട എം.എൽ.എ.-മാർക്ക് താല്പര്യമുണ്ടെങ്കിൽ അസറ്റ് ഫണ്ടോ മറ്റോ ഉപയോഗപ്പെടുത്തിക്കൊണ്ട് പൊതുഗതാഗത സംവിധാനം ഏതെങ്കിലും നിശ്ചിത മേഖലകളിൽ നടത്താൻ ശ്രമിച്ചാൽ നന്നായിരിക്കും. അതൊരു നല്ല നിലപാടായിരിക്കുമെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തുകയാണ്. ഞാൻ പറഞ്ഞതുപോലെ, ഈ ബില്ലിനെ ഞങ്ങൾ മറ്റ് രീതിയിലൊന്നും എതിർക്കുന്നില്ല. നമ്മൾ പാസ്സാക്കിയാലും ഇങ്ങനെയൊരു സാങ്കേതികത്വം ഇതിലുണ്ടെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ലെവിയുടെയും ടാക്സിന്റെയും സെസ്സിന്റെയും കാര്യത്തിൽ റിട്രോസ്പെക്ടീവ് എഫക്ട് ലഭിക്കില്ലെന്ന വിശ്വാസമാണ് എനിക്കുള്ളത്. എന്റെ നിയമപരിജ്ഞാനം വച്ച് ആ ആശങ്ക രേഖപ്പെടുത്തിക്കൊണ്ട്, സബ്ജക്ട് കമ്മിറ്റിയിൽ ഡിസെന്റ് എഴുതിയതിനനുസൃതമായി ഇത്രയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ സൂചിപ്പിച്ചതുപോലെ 2007 മുതൽ 2014 വരെ അധികാരത്തോടെ പിരിച്ചെടുത്ത നികുതിക്ക് നിയമപരമായ പരിരക്ഷ, സംരക്ഷണം കിട്ടുന്നതിനുള്ള ബില്ലാണിത്. അതിന് പൊതുവേ സഭയുടെ ഇരുപക്ഷത്തുമുള്ളവരുടെ അംഗീകാരം സ്വാഭാവികമായും ഉറപ്പാണ്. കാരണം രണ്ട് ഭരണകാലത്തും സംഭവിച്ച കുറവ് പരിഹരിച്ച് അതിന് നിയമപരമായ സംരക്ഷണം കിട്ടുന്നതിനുള്ള അനിവാര്യമായ

ഒരു നിയമമാണിത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ സാധൂകരണത്തിൽ പൊതുവേ യോജിക്കുമ്പോഴും ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ ഉന്നയിക്കേണ്ടത് അനിവാര്യമാണ്. ഒന്ന്, റോഡുകളിൽ ഉണ്ടാകുന്ന വാഹനപ്പെരുപ്പം - എല്ലാ വാഹനങ്ങളും കൂടിച്ചേരുന്നത് ഒരു റോഡിലാണ്. ഇരുചക്രവാഹനം മുതൽ കണ്ടെയ്നർ വരെയുള്ളതെല്ലാം ചില സമയങ്ങളിൽ ഒറ്റ റോഡിൽ വരികയാണ്. അങ്ങനെ വരുമ്പോൾ അപകടങ്ങൾ സ്വാഭാവികമായും അനിയന്ത്രിതമായി വർദ്ധിക്കും. 2016-ൽ മരിച്ചവരുടെ എണ്ണം 4,287 ആണ്. ഇതുവരെയുള്ളതിൽ ഏറ്റവും വലിയ കണക്കാണിത്. അത് ഗ്രാജ്വലായി വർദ്ധിക്കുകയാണ്. ഇതിനെ നിയന്ത്രിക്കണം, 40 ശതമാനം മരണവും ഇരുചക്രവാഹനങ്ങൾമൂലമായതുകൊണ്ട് സ്വാഭാവികമായി നമ്മുടെ കൗമാരവും യൗവ്വനവുമാണ് കൂടുതലും പൊലിഞ്ഞുപോകുന്നത്. തീർച്ചയായും ഇത് കേരളത്തിനെ ഭയപ്പെടുത്തുന്ന ഒരു കണക്കാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം, രാജ്യത്തെ പ്രധാനപ്പെട്ട റോഡുകളിൽ എല്ലാ വാഹനങ്ങളും ഒരിക്കലും ഒരുമിച്ച് നിരത്തിലിറങ്ങില്ല. വളരെ ചെറിയ വാഹനങ്ങൾ, കൂടുതൽ സ്പീഡിൽ ഓടുന്ന വാഹനങ്ങൾ, വളരെ വലിയ വാഹനങ്ങൾ, ഭാരം കൂടുതലുള്ളതുകൊണ്ട് വളരെ കുറഞ്ഞ സ്പീഡിൽ ഓടുന്ന വാഹനങ്ങൾ ഇവയൊക്കെ ഒരു റോഡിൽ വരുന്നു. ഇവയ്ക്ക് റോഡിൽ ഒരു ഡ്രൈവിംഗ് സംസ്കാരമുണ്ട്. ആ ഡ്രൈവിംഗ് സംസ്കാരമൊന്നും നമ്മുടെ നാട്ടിൽ എല്ലാവർക്കും രൂപപ്പെട്ടിട്ടില്ല. നിർഭാഗ്യവശാൽ പറയട്ടെ, ഡ്രൈവിംഗ് സംസ്കാരം രൂപപ്പെടാത്ത കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർപോലും റോഡിന്റെ മദ്ധ്യഭാഗത്ത് വണ്ടി നിർത്തുന്നു. റോഡിൽ ഇടമുണ്ടെങ്കിലും ഡ്രൈവിംഗ് സംസ്കാരമില്ലെങ്കിൽ ഒറ്റ വണ്ടികൊണ്ട് റോഡ് ബ്ലോക്കാക്കാം. ഇപ്പോൾ നമ്മുടെ ക്ഷമ പരീക്ഷിക്കുന്നത് റോഡിലാണ്. എല്ലാവരും ക്ഷമ പഠിക്കുന്നതും റോഡിലാണ്. ഒരു വാഹനവുമെടുത്ത് റോഡിലേയ്ക്കിറങ്ങിയാൽ ക്ഷമ പഠിച്ചേ പറ്റൂ. എന്നാൽ ക്ഷമ ഇല്ലാതാകുമ്പോൾ അപകടത്തിന്റെ മുന്നിലെത്തിയേ പറ്റൂ. തീർച്ചയായും ഈ ബില്ലിനെ എല്ലാവരും അനുകൂലിക്കും; പക്ഷേ നമ്മുടെ റോഡ് ഭീതിയുടെയും ക്ഷമയില്ലായ്മയുടെയും മരണത്തിന്റെയും പരിക്കുകളുടെയും അപകടങ്ങളുടെയും ഉത്സവം ആഘോഷിക്കുന്ന ഇടമാകും; അത് പാടില്ല. അതുകൊണ്ട് ബസ്സുകൾ നിർത്തുന്ന സ്ഥലത്തെങ്കിലും മിനിമം ഒരു ബസ്സ്ബേ വേണം. ഇനിയുണ്ടാക്കുന്ന റോഡുകളിലെങ്കിലും ചെറിയ വാഹനങ്ങൾക്കുവേണ്ടി പാരലൽ റോഡുണ്ടാകണം. പാലങ്ങളിൽ മനുഷ്യന് നടന്നുപോകാവുന്ന ഫുട്പാത്തുണ്ടാകണം. യൂറോപ്യൻ മോഡലിൽ, ലോകമോഡലിലുള്ള റോഡ് വേണമെന്നൊന്നും ഞാൻ പറയുന്നില്ല. കേരളത്തിലുള്ള 90 ലക്ഷത്തിലധികം വരുന്ന വാഹനങ്ങൾ ഒരുമിച്ച് റോഡിലിറങ്ങിയാൽ മനുഷ്യന് പോകാൻ പറ്റില്ല. രണ്ടാമത്തെ പ്രശ്നം, തിരുവനന്തപുരത്തോ എറണാകുളത്തോ ചെന്നാൽ റോഡിൽക്കൂടി വണ്ടി കൊണ്ടുപോകാൻ പറ്റാത്ത സ്ഥിതിയുണ്ടാകുന്നത്

പാർക്കിംഗ് ഏരിയ ഇല്ലാത്തതുകൊണ്ടാണ്. പാർക്കിംഗ് ഏരിയ ഇല്ലാത്തതിനാൽ എല്ലാവരും പാർക്ക് ചെയ്യുന്നത് റോഡ് സൈഡിലാണ്. കെ.എസ്.ആർ.ടി.സി. റൂട്ടുകൾ പുനഃസംഘടിപ്പിക്കുമ്പോഴോ മാറ്റുമ്പോഴോ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആലോചിച്ചില്ലെങ്കിൽ, എല്ലാ ജനങ്ങളുടെയും പ്രതിഷേധം ഈ ജനപ്രതിനിധികളുടെ ഭാഗത്ത് വന്നുചേർന്നാൽ ഒരു നിവൃത്തിയുമില്ലാത്ത അവസ്ഥവരും. അതുകൊണ്ട് ഇതിനൊക്കെ തക്കവിധത്തിൽ ഡ്രൈവിംഗ് സംസ്കാരമുണ്ടാകണം; അപകടങ്ങൾ കുറയ്ക്കണം; എല്ലാ വാഹനങ്ങളും ഒരുമിച്ച് റോഡിലിറങ്ങുന്ന സംവിധാനം മാറ്റണം. ഇനി എല്ലാ വാഹനങ്ങളുംകൂടി റോഡിലിറങ്ങണമെങ്കിൽ ഒരു സമയനിബന്ധന വേണം. പാറമണൽ കൊണ്ടുപോകുന്നതുപോലെ ഒരുപാട് ലോഡ് കൊണ്ടുപോകുന്നതിന് ചില റോഡുകളിൽ സമയനിബന്ധന വച്ചിട്ടുള്ളത് അപകടങ്ങൾ കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. ഇത് നമുക്ക് പലയിടത്തും പരീക്ഷിക്കാം. ഡൽഹിയിൽ പരീക്ഷിച്ചതുപോലെ പരീക്ഷിക്കണമെന്ന് ഞാൻ പറയുന്നില്ല, കാരണം അത് എളുപ്പമാവുമെന്ന് തോന്നുന്നില്ല. എന്നാൽ ആധുനിക യുഗത്തിൽ ജീവിക്കുമ്പോൾ ആധുനിക ജീവിതസംസ്കാരം അതിൽ ഏറ്റവും പ്രധാനമാണ്. ഇപ്പോൾ മിക്കവാറുമുള്ളവർക്ക് വാഹനമുണ്ടെന്ന് മാത്രമല്ല, ഒരു വാഹനത്തിൽ ഒരു ദിവസം കയറാതിരിക്കുന്ന മനുഷ്യർ ഇല്ലാതാവുകയാണ്. നടന്നുപോകുന്നവരുടെ എണ്ണം കുറയുകയും സ്വന്തമായി വാഹനം ഓടിക്കുന്നവരുടേയും അല്ലെങ്കിൽ വേറെ ഏതെങ്കിലും വാഹനത്തിൽ സഞ്ചരിക്കുന്നവരുടേയും എണ്ണം കൂടുകയുമാണ്. ചില ടൂ വീലറുകളിൽ പോകുന്നതുകണ്ടാൽ അവരുടെ പ്രായത്തിന്റെ പ്രത്യേകതയായിരിക്കും; ക്ഷമയില്ലാത്തതു കൊണ്ടായിരിക്കും, അവർ ഇടതുവശത്തുകൂടിയും വലതുവശത്തു കൂടിയും കയറും; വലിയ റോഡുകളിലൂടെ പോകുന്നതുകണ്ടാൽ കളരി പഠിക്കുകയാണെന്ന് തോന്നും. ഇടത്തുവച്ച് വലത്തുകയറി പിന്നെ നടുക്കുവച്ച് പിന്നെ പലരെയും മെഡിക്കൽ കോളേജിലേ കാണാൻ കഴിയൂ. ഞാൻ പറയുന്നത് ഇതെല്ലാം വാഹന സംസ്കാരത്തിന്റെ കുറവാണ്. ആ വാഹന സംസ്കാരം യുവാക്കളിലുണ്ടാകണം. ഗതാഗത വകുപ്പ് അതിന് മുൻകയ്യെടുക്കണം. കെ.എസ്.ആർ.ടി.സി.-യുടെ മുഖ്യച്ചുമതല അങ്ങേയ്ക്കായതുകൊണ്ട് അതിൽ മാറ്റങ്ങൾ വരുത്തുമ്പോൾ ജനപ്രതിനിധികളുമായി, പ്രത്യേകിച്ച് എം.എൽ.എ.-മാരുമായി ചർച്ച ചെയ്യുകയും ആലോചിക്കുകയും വേണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സൈക്കിൾ യാത്ര ഇപ്പോൾ ഒട്ടും ശ്രദ്ധിക്കപ്പെടാതെ പോകുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, സൈക്കിൾ ഓടിക്കുന്നത് പണ്ടുകാലത്ത് സുരക്ഷിതമായിരുന്നു. അന്ന് നിരന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ച് കേരളത്തിന്റെ തീരദേശത്ത്, ഞങ്ങളുടെ മേഖലയൊന്നും അങ്ങനെയല്ല, കൊല്ലം ജില്ലയിൽ തന്നെ

ചവറ, ചാത്തന്നൂർ, കൊല്ലം എന്നിവിടങ്ങളിലും ആലപ്പുഴ, ചേർത്തല മണ്ഡലങ്ങളിലും ഏറ്റവും വലിയ വാഹനം സൈക്കിളായിരുന്നു. പക്ഷെ, ഇന്ന് സൈക്കിൾ ഓടിക്കുന്നത് ഒട്ടും സുരക്ഷിതമല്ല. ഒരു പെൺകുട്ടി അല്ലെങ്കിൽ ആൺകുട്ടി പണ്ട് ഹൈസ്കൂളിൽ പോകുന്നതും കോളേജിൽ പോകുന്നതും സൈക്കിളിലായിരുന്നു. ഇപ്പോൾ സൈക്കിളിൽ വിടുന്നതിന് എല്ലാ അച്ഛനമ്മമാർക്കും പേടിയാണ്. ഇതിനൊക്കെ പ്രത്യേക റോഡില്ലെങ്കിൽ ഇങ്ങനെയൊരു വാഹനം വാങ്ങി കൊടുത്തയയ്ക്കാൻ പറ്റാതെ വരും. അതൊക്കെ ശ്രദ്ധിക്കണം.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, മോട്ടോർ വാഹന വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ന് നിലവിലുള്ള ട്രാഫിക് പോലീസ് സംവിധാനത്തെ ഗതാഗത വകുപ്പിനോട് ചേർത്ത് മെക്കാനിക്കൽ പരിജ്ഞാനമുള്ള ഒരു വിഭാഗമാക്കി മാറ്റുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, അതും ആവശ്യമാണ്. ചിലയിടത്ത് ചില പ്രത്യേക സമയത്ത് വണ്ടി ബ്ലോക്കാകുന്നത് അവിടത്തെ സിഗ്നൽ ലൈറ്റ് സംവിധാനം കൊണ്ടാണ്. ആ സമയത്ത് ഒരു മിനിറ്റ് സിഗ്നൽ ലൈറ്റ് ആവശ്യമില്ല. പീക്ക് ടൈമിന് അത് ആവശ്യംവരും. പീക്ക് ടൈം അല്ലാത്ത സമയത്ത് സുഖമായി വണ്ടികൾക്ക് പോകാം. പക്ഷെ പീക്ക് ടൈം അല്ലാത്ത സമയത്തും ഒരു മിനിറ്റ് ഒന്നര മിനിറ്റ് ലൈറ്റ് സിസ്റ്റം വച്ച് വണ്ടികൾ ബ്ലോക്കാകുന്നു. റോഡിൽ ഉത്സവസമയത്ത് വരുന്ന വാഹനങ്ങളും പ്രകടനക്കാരുടെ വാഹനങ്ങളും സൃഷ്ടിക്കുന്ന പ്രശ്നങ്ങളുണ്ട്. ഇതെല്ലാം മനസ്സിലാക്കി റോഡിന്റെ സംസ്കാരത്തിനനുസരിച്ച് ഡ്രൈവിംഗും നമ്മുടെ ജീവിതവും ക്രമപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചന വിപുലമാക്കണം. അത് ഓടിക്കുന്നവർക്ക് മാത്രം ഉണ്ടായാൽ പോരാ നടക്കുന്നവർക്കും സമൂഹത്തിൽ ജീവിക്കുന്നവർക്കും കച്ചവടം നടത്തുന്നവർക്കുമെല്ലാം ഉണ്ടാകണം. എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ദാസൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വാഹനങ്ങളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുകയാണ്. ഇന്ന് മിക്കവാറും ഒരു വീട്ടിൽ രണ്ടും മൂന്നും വാഹനങ്ങളാണുള്ളത്. അതിനനുസരിച്ച് റോഡുകളുടെ സൗകര്യം മെച്ചപ്പെടുന്നില്ല. വാഹനപ്പെരുപ്പം തന്നെയാണ് അപകടങ്ങളുണ്ടാകുന്നതിനുള്ള പ്രധാന കാരണം. ആവശ്യമായ റോഡുകൾ നിർമ്മിക്കാൻ നമ്മൾ ആഗ്രഹിച്ചാൽപ്പോലും

സ്ഥലം വിട്ടുതരുന്നതിനും സ്ഥലം വിലയ്ക്കെടുക്കുന്നതിനും നിരവധി നിയമപ്രശ്നങ്ങൾ നേരിടേണ്ടിവരും. സ്ഥലം വിട്ടുതന്നാൽത്തന്നെ കുറെയേറെ കടമ്പകൾ കടന്നാൽ മാത്രമേ അതിന്റെ വാല്യൂ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ ദേശീയപാത വികസനമായാലും ദേശീയപാതയ്ക്ക് സമാന്തരമായ റോഡ് നിർമ്മാണമായാലും കോസ്റ്റൽ ഏരിയകളിലേയ്ക്കുള്ള റോഡ് നിർമ്മാണമായാലും പലപ്പോഴും പ്രതിസന്ധി നേരിടുകയാണ്. ഇത്തരം പ്രവൃത്തികൾ ചില ഭാഗങ്ങളിൽ പൂർത്തിയാക്കുകയും മറ്റ് ചില ഭാഗങ്ങളിൽ പൂർത്തിയാകാത്ത അവസ്ഥയിലുമാണ്. ഗതാഗത സൗകര്യം മെച്ചപ്പെടുത്തണമെങ്കിലും വാഹനങ്ങളിൽ യാത്ര ചെയ്യാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണമെങ്കിലും നിയമപരമായ കാര്യങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഗതാഗതക്കുരുക്കിനെക്കുറിച്ച് നേരത്തെ പറഞ്ഞു. ബഹുമാന്യനായ മന്ത്രിക്കും ഞങ്ങൾക്കുമൊക്കെ അറിയാവുന്നതുപോലെ ബസ് സ്റ്റോപ്പുകൾ പലപ്പോഴും ജംഗ്ഷനുകളിലായിരിക്കും. അദ്ദേഹത്തിന് അറിയാവുന്ന രണ്ട് സ്ഥലങ്ങൾ- ഒന്ന്, മേലെചൊവ്വ- ജംഗ്ഷനിലും രണ്ട്, ബ്രണ്ണൻ കോളേജ്- മീത്തലപ്പിടി ജംഗ്ഷനിലുമാണ് ബസ് സ്റ്റോപ്പ്. ഇതിന്റെ ഭാഗമായി വലിയ രീതിയിൽ ഹൈവേകളിലുൾപ്പെടെ ബ്ലോക്ക് അനുഭവപ്പെടുകയാണ്. ജംഗ്ഷനുകളിലെ ബസ് സ്റ്റോപ്പുകളിൽ റീ അറേഞ്ച്മെന്റ് നടത്തിയാൽ കുറെയേറെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സാധിക്കും.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, വിയോജനക്കുറിപ്പ് വിശദീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ നടത്തിയ പരാമർശങ്ങൾ ഗൗരവത്തിൽ തന്നെയാണ് ഗവൺമെന്റ് കാണുന്നത്. അദ്ദേഹം പറഞ്ഞതിൽ ചെറിയൊരു വ്യത്യാസമുണ്ട്. ഈ ആക്ടിൽ വരുത്തേണ്ടിയിരുന്ന അടിസ്ഥാന ഭേദഗതി 2014-ൽ തന്നെ പാസ്സാക്കിയിട്ടുണ്ട്. അതിന്റെ സാധൂകരണം അന്ന് നടത്തിയില്ലെന്ന് മാത്രമേയുള്ളൂ. അതുകൊണ്ടുതന്നെ അദ്ദേഹം ആശങ്കപ്പെട്ടതുപോലെ ഈ നിയമം കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ടെന്ന സംശയം അത്ര പ്രബലമല്ല. ഈ കേസ് വന്നപ്പോൾ ഇത് സ്റ്റേ ചെയ്യുന്നതിന് ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയുണ്ടായി. അങ്ങനെ കോടതിയെ സമീപിച്ചപ്പോൾ ഞങ്ങൾ സാധൂകരണ നിയമം പാസ്സാക്കാമെന്ന് ഉറപ്പ് കൊടുക്കുകയാണുണ്ടായത്. അത് മുഖവിലയ്ക്കെടുത്തുകൊണ്ടാണ് കോടതി താൽക്കാലികമായി അനുകൂല വിധി നൽകിയിട്ടുള്ളത്. അദ്ദേഹം നിയമപരമായ ഒരു പോയിന്റ് ചൂണ്ടിക്കാണിച്ചതാണ്. പക്ഷെ അതിന് ഇങ്ങനെയൊരു വശമുണ്ടെന്ന് പറയാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു.

മറ്റൊന്ന്, കേസ്സുകളിൽപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങളെ സംബന്ധിച്ച ആശങ്കയാണ്. അപ്രകാരം പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ലേലത്തിൽ വിൽക്കുന്നതിനാവശ്യമായ തീരുമാനം ഗവൺമെന്റ് ഇതിനകം എടുത്തുകഴിഞ്ഞു.

അതുസംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുന്നതാണ്. അക്കാര്യത്തിൽ പരിഹാരം കാണാൻ കഴിയുമെന്നാണ് കരുതുന്നത്. അദ്ദേഹം പിന്നെയും ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. അത് പ്രധാനമായും കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കെ.എസ്.ആർ.ടി. സി.-യുമായി ബന്ധപ്പെട്ട് അദ്ദേഹം ഏതോ ചാനലിൽവന്ന ഒരു കാര്യം പറയുകയുണ്ടായി. അങ്ങനെയൊരു ഒത്തുകളി നടക്കുന്നുവെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും യൂണിഫോം കാക്കിയല്ലെന്ന് അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ടാവില്ല. കാക്കിയിട്ട ഡ്രൈവറും കണ്ടക്ടറും ടെലിഫോണിൽ സംസാരിക്കുന്ന ദൃശ്യമാണ് ചാനലുകളിലൂടെ പുറത്തുവന്നിട്ടുള്ളത്. അങ്ങനെയാണെങ്കിൽ 2012-ന് മുമ്പുള്ള കാര്യം വീണ്ടും ചാനലിൽ കാണിച്ചുവെന്നുവേണം ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. എന്നാലും സ്വകാര്യ ബസ്സുകളുമായി ഒത്തുകളിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, എല്ലായിടത്തും ഇത് കണ്ടുവരികയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഉണ്ട്. ആ ചിത്രത്തെക്കുറിച്ചാണ് പറഞ്ഞത്. ഇത്തരം തെറ്റായ പ്രവണത പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുകയില്ല. കാരണം കെ.എസ്.ആർ.ടി.സി.-യെ മോശമായി ചിത്രീകരിക്കാൻ എനിക്ക് കഴിയില്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കെ.എസ്.ആർ.ടി.സി. സർവ്വീസിന്റെ കാര്യത്തിൽ തുല്യമല്ലാത്തൊരു സ്ഥിതിവിശേഷം കേരളത്തിലുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നപ്പോൾ 200 ബസ്സുകൾ ഗവൺമെന്റ് വാങ്ങി. അതുമുഴുവൻ യു.ഡി.എഫ്. എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ കൊടുത്തു. ഒരു എൽ.ഡി.എഫ്. എം.എൽ.എ.-യുടെ മണ്ഡലത്തിലും കൊടുത്തിട്ടില്ല. ഈ ബസ്സുകളാകട്ടെ യഥാർത്ഥത്തിൽ ജനങ്ങൾക്കാവശ്യമുള്ള സ്ഥലത്തല്ല സർവ്വീസ് നടത്തുന്നത്. ഇത്തരത്തിലുള്ള സ്ഥിതിഗതികൾ കൊണ്ടാണ് പല സ്ഥലങ്ങളിലും സർവ്വീസ് നഷ്ടപ്പെടുന്നത്. അത് പരിശോധിച്ച് ജനങ്ങളുടെ സൗകര്യത്തെ അടിസ്ഥാനപ്പെടുത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ ക്രമീകരിക്കാനുള്ള നടപടി അങ്ങ് സ്വീകരിച്ചാൽ നന്നായിരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പഴയ കാലത്തെ സ്ഥിതിയെപ്പറ്റി പരിശോധിച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി. ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം പതിനായിരത്തിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുക എന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ

ശ്രീ. മുല്ലക്കര രത്നാകരൻ അഭിപ്രായപ്പെട്ടതുപോലെ അവിടത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ഏറ്റവും പ്രയോജനകരമാംവിധത്തിൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഡി.ടി.ഒ.- മാർക്ക് നിർദ്ദേശം നൽകുന്നതാണ്. പുനഃക്രമീകരണത്തിലൂടെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സർവ്വീസ് നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്പീഡ് ഗവർണ്ണറിന്റെ ഉപയോഗം രണ്ട് തരത്തിലാണ്. ബസ് ഉടമകളും ലോറി ഉടമകളും സ്പീഡ് ഗവർണ്ണർ ഉപയോഗിക്കുന്നതിനെ ശക്തിയായി എതിർക്കുകയാണ്. സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ പോകുമ്പോൾ വലിയ എതിർപ്പാണുണ്ടാകുന്നത്. എന്നിരുന്നാലും നിയമം കർശനമായി പാലിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. മറ്റൊന്ന്, ഇരുചക്രവാഹനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. നമ്മുടെ വാഹനാപകടങ്ങളിൽ 63 ശതമാനവും ഇരുചക്രവാഹനങ്ങളുമായി ബന്ധപ്പെട്ടതാണ്. പ്രധാനപ്പെട്ട ഒരു വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചപ്പോൾ രണ്ട് യുവജന സംഘടനകളുടെ നേതാക്കന്മാരായ ശ്രീ. വി. ടി. ബൽറാമും ശ്രീ. എം. സ്വരാജുമാണ് ഇവിടെ സംസാരിച്ചത്. ശ്രീ. മുല്ലക്കര രത്നാകരൻ ചൂണ്ടിക്കാണിച്ചതുപോലെ റോഡ് നിയമങ്ങൾ പൂർണ്ണമായും ലംഘിച്ചുകൊണ്ട്, സുരക്ഷാ സംവിധാനങ്ങൾ പാലിക്കാതെയും ഹെൽമറ്റ് ധരിക്കാതെയും മറ്റ് നിയമങ്ങൾ പാലിക്കാതെയും മരണത്തിലേയ്ക്കാണ് യുവാക്കൾ വാഹനങ്ങൾ ഓടിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ യുവജന സംഘടനകൾ ഒരുമിച്ച് വിചാരിച്ചാൽ, അവർ ഇതൊരു ക്യാമ്പെയിനായി സ്വീകരിക്കുകയാണെങ്കിൽ യുവാക്കളിൽ ഹെൽമെറ്റ് ധരിക്കണമെന്ന ബോധം ഉണ്ടാക്കിയെടുക്കാൻ കഴിയും. ഹെൽമെറ്റ് ധരിക്കാത്തവരാണ് അപകടങ്ങളിൽപ്പെട്ട് മരണമടയുന്നതെന്ന വസ്തുത പരിഗണിച്ച് എല്ലാ യുവജന സംഘടനയുടെയും നേതാക്കൾ ഇതൊരു പ്രത്യേക പ്രോജക്ടായി ഏറ്റെടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

<u>ശ്രീ. എം. സ്വരാജ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യം അതീവ പ്രാധാന്യമുള്ളതാണ്. ലോകത്തിലെ പല മഹായുദ്ധങ്ങളിലും മരണപ്പെട്ടിട്ടുള്ളതിനെക്കാൾ കൂടുതൽപ്പേരാണ് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഓരോവർഷവും വാഹനാപകടത്തിൽ മരിക്കുന്നതെന്ന് ഞാൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ആദ്യഘട്ടത്തിൽ തന്നെ സൂചിപ്പിച്ചിരുന്നു. ഞാൻ പ്രതിനിധീകരിക്കുന്ന യുവജന സംഘടന ഈ വിഷയത്തെ അതിന്റെ ഗൗരവത്തിൽ കാണുകയും "റോഡ് സുരക്ഷയ്ക്ക് സമരയൗവനം" എന്ന് പേരിട്ട ഒരു ബൃഹത് ക്യാമ്പയിൻ വർഷങ്ങൾക്കുമുമ്പ് ഏറ്റെടുക്കുകയും ചെയ്തു. ഇന്ന് നിയമസഭയുടെ പരമപ്രധാനമായ ചുമതലകളിലിരിക്കുന്ന ആളുകൾ ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിന്റെയും

പോലീസ് സംവിധാനത്തിന്റെയും റെസിഡന്റ്സ് അസോസിയേഷനുകളുടെയും ഭാരവാഹികൾ അതിൽ പങ്കെടുത്തു. അതിൽ പൊതുവായ ചില സമീപനങ്ങൾ രൂപപ്പെടുത്തുകയും ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിനുശേഷവും മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും ഹെൽമെറ്റ് ധരിക്കേണ്ടതുൾപ്പെടെയുള്ള വിഷയങ്ങളെക്കുറിച്ചുമുള്ള ക്യാമ്പെയിൻ ഏറ്റെടുത്തു വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി പുതിയ കാലത്തെ പുതിയ കാര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് അത് ഏറ്റെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങേയറ്റം സ്വാഗതാർഹമായ നിലപാടാണ് യുവജന സംഘടനകൾ സ്വീകരിച്ചിട്ടുള്ളത്. യുവജന സംഘടനകൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നപക്ഷം റോഡ് സേഫ്റ്റി അതോറിറ്റിയുടെ സഹായത്തോടുകൂടി അത്തരമൊരു ക്യാമ്പെയിൻ സംഘടിപ്പിക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ ഗവൺമെന്റും നൽകുന്നതാണെന്ന് അറിയിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, റോഡ് സേഫ്റ്റി കൗൺസിലിൽ ഏകദേശം 500 കോടിയിലധികം രൂപ കെട്ടിക്കിടക്കുന്നുണ്ട്. അത് ഫലപ്രദമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോ; റോഡ് സേഫ്റ്റിയുടെ ജില്ലാതല/സംസ്ഥാനതല കൗൺസിലുകളിൽ ജനപ്രതിനിധികൾക്ക് യാതൊരു പങ്കാളിത്തവുമില്ല. ഉദാഹരണത്തിന് എറണാകുളം ജില്ലയിൽ ഒരു യോഗം ചേരുമ്പോൾ അവിടത്തെ തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.-മാർക്കോ എം.പി. മാർക്കോ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനോ ഇതിൽ ഒരു പങ്കുമില്ല. ഇത് ഭേദഗതി ചെയ്യാൻ അങ്ങ് തീരുമാനമെടുക്കുമോ; നേരത്തെ സൂചിപ്പിച്ച പണം ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ നിയമത്തിന്റെ പിൻബലത്തോടുകൂടിയും കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ അടിസ്ഥാനത്തിലുമാണ് റോഡ് സേഫ്റ്റി അതോറിറ്റി പ്രവർത്തിക്കുന്നത്. ജനപ്രതിനിധികൾ ആ സമിതിയിലില്ല എന്ന മെമ്പറുടെ പരാമർശം ശരിയാണ്. പക്ഷേ അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. പണം കെട്ടിക്കിടക്കുന്നുവെന്ന പരാമർശം ശരിയല്ല. ഈ ഇനത്തിൽ പിരിക്കുന്ന തുക പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതത്തിലേയ്ക്കാണ് പോകുന്നത്. ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ അനുവദിക്കുന്ന പണം ഉപയോഗിച്ചാണ് റോഡ് സേഫ്റ്റി അതോറിറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇനിയും 302 കോടി രൂപയോളം ധനകാര്യ

വകുപ്പിൽനിന്നും റോഡ് സേഫ്റ്റി അതോറിറ്റിക്ക് ലഭിക്കാനുണ്ട്. അങ്ങനെയാണെങ്കിൽപ്പോലും ഇത്തരത്തിലുള്ള ക്യാമ്പെയിൻ ഏറ്റെടുക്കുന്ന കാര്യത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിയുടെ പൂർണ്ണമായ പിൻതുണയും സഹായവും സഹകരണവുമുണ്ടാകുമെന്ന് അറിയിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണമെന്ന നിർദ്ദേശം ഇവിടെയുണ്ടായി. ലൈസൻസ് എടുക്കുന്നതിനും ടാക്സ് അടയ്ക്കുന്നതിനും ലൈസൻസ് പുതുക്കുന്നതിനുമാണ് ഒരു വ്യക്തി ആർ. ടി. ഓഫീസിൽ പോകുന്നത്. അത് പരമാവധി കുറയ്ക്കുന്നതിന് പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റലൈസേഷൻ മുതലായ പരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വരുന്ന ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുന്നതാണെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു നിർദ്ദേശം, കട്ട് ചെയ്സ് ബസ്സുകൾ വേണമെന്നുള്ളതാണ്. ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അവ അനുവദിക്കുന്നത്. ഒരു ഡിപ്പോയിൽ കാര്യക്ഷമമായി സർവ്വീസ് നടത്താൻ മതിയായ ബസ്സുകളുണ്ടോ എന്ന് പരിശോധിക്കും. കാലഹരണപ്പെട്ടവ റീപ്ലേസ് ചെയ്യുന്നതിന് പകരമായാണ് ഇനി പുതിയവ നൽകുക എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അക്കാര്യത്തിൽ സജീവമായ ശ്രദ്ധയുണ്ടാകുമെന്ന് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

ഡ്രൈവർമാരുടെ കാര്യക്ഷമതയെ സംബന്ധിച്ച് ശ്രീ. മുല്ലക്കര രത്നാകരനാണ് പറഞ്ഞതെന്ന് തോന്നുന്നു, ഡ്രൈവിംഗിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഗവൺമെന്റ് നേരിട്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ പറയുംപ്രകാരം ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിനുവേണ്ട ശ്രമങ്ങൾ 1-4-2017 മുതൽ സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്. ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന ഡ്രൈവിംഗ് സ്കൂളിലെ ഇൻസ്ട്രക്ടർമാർക്ക് പരിശീലനം നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അങ്ങനെ പരമാവധി കാര്യക്ഷമതയോടുകൂടി പ്രവർത്തിപ്പിക്കാനാണ് ശ്രമിക്കുന്നത്. എല്ലാ എം.എൽ.എ.-മാരും സഹകരിച്ചാൽ കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെട്ട സ്ഥിതിയിലേയ്ക്ക് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനനുസരിച്ചുള്ള നടപടികളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. റോഡിൽ വാഹനങ്ങൾ വർദ്ധിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി ആലോചിച്ച് നടപടി

സ്വീകരിക്കാം. ജംഗ്ഷനിലെ ബസ് സ്റ്റോപ്പുകൾ മാറ്റുന്നകാര്യം തീർച്ചയായും പരിഗണിക്കാവുന്നതാണ്. ബസ് സ്റ്റോപ്പുകൾ അവിടെനിന്നും മാറ്റുമ്പോഴുണ്ടാകുന്ന പ്രാദേശിക പ്രശ്നങ്ങൾക്ക് എം.എൽ.എ.-മാർ ഇടപെട്ട് പരിഹാരമുണ്ടാക്കിയാൽ പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇതുസംബന്ധിച്ച് കൂടുതലൊന്നും പറയുന്നില്ല. എല്ലാവരുടെ ഭാഗത്തുനിന്നും നല്ല സഹകരണമാണുണ്ടായത്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ, അങ്ങയുടെ 1 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. ദാസൻ, അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ദാസൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

151. ഖണ്ഡം 2-ൽ "ആക്ട് " എന്ന വാക്ക് കാണപ്പെടുന്ന ഇടങ്ങളിലെല്ലാം അതതു സംഗതി പോലെ "ആക്റ്റ്" എന്നു ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

153. ഖണ്ഡം 2-ൽ "2007 ഏപ്രിൽ 1-ാം തീയതിയും അന്നു മുതൽ 2014 ജൂലൈ 23-ാം തീയതി വരെയും " എന്നതിനു പകരം "2007 ഏപ്രിൽ 1-ാം തീയതി മുതൽ 2014 ജൂലൈ 23-ാം തീയതി വരെ " എന്നു ചേർക്കുക.

2007 ഏപ്രിൽ 1-ാം തീയതി മുതൽ 2014 ജൂലൈ 23-ാം തീയതി വരെ എന്നുമതി. അതിനുപകരം ഏപ്രിൽ 1-ാം തീയതിയും അന്നു മുതൽ 2014 ജൂലൈ 23-ാം തീയതി വരെയും എന്ന് എഴുതേണ്ട കാര്യമില്ല. പറയുന്ന കാര്യം ലളിതവും വ്യക്തവുമായിരിക്കണം.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

163. ഖണ്ഡം 2-ൽ, "തീയതിയും അന്നുമുതൽ" എന്നീ വാക്കുകൾക്ക് പകരം "തീയതി മുതൽ" എന്നു ചേർക്കുക.

164. ഖണ്ഡം 2-ൽ, "വരെയും ഉള്ള" എന്നീ വാക്കുകൾക്ക് പകരം "വരെയുള്ള" എന്ന വാക്ക് ചേർക്കുക.

166. ഖണ്ഡം 2-ൽ, "പ്രസ്തുത ഖണ്ഡ പ്രകാരമാണെന്ന്" എന്നീ വാക്കുകൾക്ക് മുൻപ് " ആയ എല്ലാ നികുതികളും" എന്നു ചേർക്കുക.

168. ഖണ്ഡം 2-ൽ, "എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും" എന്നീ വാക്കുകൾ ഒഴിവാക്കുക.

170. ഖണ്ഡം 2 (എ) യിൽ "ഉദ്യോഗസ്ഥനോ" എന്ന വാക്കിനു ശേഷം "ജീവനക്കാരനോ" എന്ന വാക്ക് ചേർക്കുക.

174. ഖണ്ഡം 2 (എ) യിൽ "എല്ലാ ആവശ്യങ്ങൾക്കും എല്ലായ്പ്പോഴും" എന്നത് ഒഴിവാക്കുക.

183. ഖണ്ഡം 2 (ബി)യിൽ "ഏതെങ്കിലും ആളിനോ" എന്നതിനു പകരം "സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ സർക്കാരിന്റെ കീഴിലുള്ള" എന്ന വാക്കുകൾ ചേർക്കുക.

185. ഖണ്ഡം 2 (ബി)യിൽ "ഏതുതന്നെയായാലും" എന്ന വാക്ക് ഒഴിവാക്കുക.

187. ഖണ്ഡം 2 (ബി)യിൽ "ആരംഭിക്കുകയോ " എന്ന വാക്ക് ഒഴിവാക്കുക.

191. ഖണ്ഡം 2(സി)യിൽ, "ഡിക്രിയോ" എന്ന വാക്കിനു മുൻപ് "വിധിന്യായമോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

169. ഖണ്ഡം 2-ൽ, "എല്ലായ്പ്പോഴും" എന്ന വാക്കിനു ശേഷം "പൊതുജന താല്പര്യാർത്ഥം" എന്നു ചേർക്കുക.

"എല്ലായ്പ്പോഴും" എന്ന വാക്കിനുശേഷം "പൊതുജന താല്പര്യാർത്ഥം" എന്നുകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. 2007 മുതൽ 2014 വരെ ജനങ്ങളിൽനിന്നും പിരിച്ചെടുത്ത പണം കൊടുക്കാതിരിക്കാൻ വേണ്ടിയാണ് ഈ വൈകിയവേളയിൽ വളരെ ബുദ്ധിമുട്ടി പൊതുജന താല്പര്യത്തെ ഉദ്ദേശിച്ചാണ് ഇത് ഇവിടെ ചർച്ച ചെയ്യുന്നത്. പൊതുജന താല്പര്യം എന്നുകൂടി ചേർക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

171. ഖണ്ഡം 2 (എ) യിൽ "എടുത്തതോ ആയ" എന്നതിനു പകരം "എടുത്തതോ നടപ്പിലാക്കിയതോ ആയ" എന്ന് ചേർക്കുക.

177. ഖണ്ഡം 2 (എ)-ൽ "എടുത്തതായോ കരുതപ്പെടേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "എടുത്തതായോ നടപ്പിലാക്കിയതായോ കരുതപ്പെടേണ്ടതും " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

175. ഖണ്ഡം 2 (എ) ൽ "എല്ലായ്പ്പോഴും" എന്ന വാക്കിനു ശേഷം "പൊതു താത്പര്യാർത്ഥം " എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

182. ഖണ്ഡം 2 (ബി)യിൽ "സർക്കാരിനോ" എന്ന വാക്കിനു ശേഷം "സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

192. ഖണ്ഡം 2(സി)യിൽ, "നടപ്പിലാക്കുവാൻപാടില്ലാത്തതും" എന്നതിനു പകരം "നടപ്പിലാക്കുവാൻ പാടില്ലാത്തതും" എന്ന് ചേർക്കുക.

193. ഖണ്ഡം 2(സി)യിൽ, "നടപ്പിലാക്കുവാൻ പാടില്ലാത്തതും; ആകുന്നു" എന്നത് "നടപ്പിലാക്കുവാൻ പാടില്ലാത്തതും ആകുന്നു" എന്ന് മാറ്റുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. മാർജിനൽ ശീർഷകത്തിലുള്ളതാകയാൽ 150-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ല. 154, 155 എന്നീ നമ്പർ ഭേദഗതികൾ 153- ാം നമ്പർ ഭേദഗതിക്ക് തുല്യം. 157, 158, 159, 160, 161 തുടങ്ങിയ ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്ക് തുല്യം 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്ക് തുല്യം 176-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്ക് തുല്യം 184, 186 എന്നീ നമ്പർ ഭേദഗതികൾ 185-ാം നമ്പർ ഭേദഗതിക്ക് തുല്യം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ): സർ, ശ്രീ. തോമസ് ചാണ്ടി അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. കാരണം അത് അക്ഷരപ്പിശക് സംഭവിച്ചതാണ്. കൂടാതെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ പറഞ്ഞത്, 23-ാം തീയതി വരെ എന്നുപറഞ്ഞാൽ 22-ാം തീയതി വരെ മാത്രമേ തുക പിരിക്കാൻ സാധിക്കൂ. 1-ാം തീയതിയിലും അന്നുമുതൽ എന്നുപറഞ്ഞില്ലെങ്കിൽ 2-ാം തീയതി മുതലേ പിരിക്കാൻ പറ്റൂ. അതാണ് അതിന്റെ സാങ്കേതിക പ്രശ്നം. അതുകൊണ്ടാണ് ആ വാക്കുകൾ അങ്ങനെതന്നെ ഉപയോഗിക്കുന്നത്. അതുകൊണ്ട് മറ്റ് പ്രയാസങ്ങളൊന്നും ഉണ്ടാകില്ല. ആ ഭേദഗതികൾ പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തോമസ് ചാണ്ടി അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 163, 164, 166, 168, 170, 174, 183, 185, 187, 191 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 171, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

106. ദീർഘശീർഷകത്തിൽ "2007 ഏപ്രിൽ 1-ാം തീയതിയും അന്നു മുതൽ 2014 ജൂലൈ 23-ാം തീയതി വരെയും" എന്നത് "2007 ഏപ്രിൽ 1-ാം തീയതി മുതൽ 2014 ജൂലൈ 23-ാം തീയതി വരെ" എന്നാക്കി മാറ്റുക.

123. ദീർഘശീർഷകത്തിൽ " എടുത്തതോ ആയ " എന്നതിനു പകരം " എടുത്തതോ നടപ്പിലാക്കിയതോ ആയ " എന്ന് ചേർക്കുക.

127. പീഠികയിൽ " 2007 ഏപ്രിൽ 1-ാം തീയതിയും അന്നു മുതൽ 2014 ജൂലൈ 23-ാം തീയതി വരെയും" എന്നതിനു പകരം " 2007 ഏപ്രിൽ 1-ാം തീയതി മുതൽ 2014 ജൂലൈ 23-ാം തീയതി വരെ" എന്ന് ചേർക്കുക.

142. പീഠികയിൽ "എടുത്തതോ ആയ" എന്നീ വാക്കുകൾക്ക് പകരം "എടുത്തതോ നടപ്പിലാക്കിയതോ ആയ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

108. ദീർഘശീർഷകത്തിൽ "2007 ഏപ്രിൽ 1-ാം തീയതിയും അന്നു മുതൽ 2014 ജൂലൈ 23-ാം തീയതി വരെയും" എന്നത് "2007 ഏപ്രിൽ 1-ാം തീയതി മുതൽ 2014 ജൂലൈ 23-ാം തീയതി വരെയുള്ള കാലയളവിൽ" എന്നാക്കി മാറ്റുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

115. ദീർഘശീർഷകത്തിൽ " തീയതിയും അന്നു മുതൽ" എന്നീ വാക്കുകൾക്ക് പകരം " തീയതി മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

116. ദീർഘശീർഷകത്തിൽ " വരെയും" എന്ന വാക്കിനു പകരം " വരെയുള്ള" എന്ന വാക്ക് ചേർക്കുക.

119. ദീർഘശീർഷകത്തിൽ " ഉദ്യോഗസ്ഥനോ " എന്നവാക്കിനു ശേഷം, " ജീവനക്കാരനോ, " എന്ന ചിഹ്നങ്ങളും വാക്കും ചേർക്കുക.

120. ദീർഘശീർഷകത്തിൽ " ഉദ്യോഗസ്ഥനോ " എന്നവാക്കിനു ശേഷം " അല്ലെങ്കിൽ " എന്ന വാക്ക് ചേർക്കുക.

124. ദീർഘശീർഷകത്തിലെ " എല്ലാ " എന്ന വാക്ക് നീക്കം ചെയ്യുക.

135. പീഠികയിൽ " തീയതിയും അന്നു മുതൽ" എന്നതിനു പകരം " തീയതി മുതൽ" എന്ന് ചേർക്കുക.

136. പീഠികയിൽ "വരെയും" എന്ന വാക്കിനു പകരം "വരെയുള്ള" എന്ന വാക്ക് ചേർക്കുക.

138. പീഠികയിൽ "ഉദ്യോഗസ്ഥനോ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ" എന്ന് ചേർക്കുക.

140. പീഠികയിൽ "ഉദ്യോഗസ്ഥനോ" എന്ന വാക്കിനു ശേഷം "ജീവനക്കാരനോ," എന്ന ചിഹ്നവും വാക്കും ചേർക്കുക.

143. പീഠികയിൽ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

144. പീഠികയിൽ "അല്ലെങ്കിൽ കാര്യങ്ങളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

128. പീഠികയിൽ " 2007 ഏപ്രിൽ 1-ാം തീയതിയും അന്നു മുതൽ 2014 ജൂലൈ 23-ാം തീയതി വരെയും" എന്നതിനു പകരം " 2007 ഏപ്രിൽ 1-ാം തീയതി മുതൽ 2014 ജൂലൈ 23-ാം തീയതി വരെയുള്ള കാലയളവിൽ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

146. പീഠികയിൽ "താഴെപറയും" എന്നീ വാക്കുകൾക്ക് പകരം "ഇനി പറയും" എന്നീ വാക്കുകൾ ചേർക്കുക.

149. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക:

" ഈ ആക്ടിന്റെ പേര് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ആക്ട് എന്നായിരിക്കും"

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

148. ഖണ്ഡം 1(1)-ൽ " ആക്ട്" എന്ന വാക്കിന് പകരം " ആക്റ്റ് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 107-ാം നമ്പർ ഭേദഗതി 106-ാം നമ്പർ ഭേദഗതിക്കും 109, 110, 111, 112, 113 എന്നീ ഭേദഗതികൾ 108-ാം നമ്പർ ഭേദഗതിക്കും 122-ാം നമ്പർ ഭേദഗതി 123-ാം നമ്പർ ഭേദഗതിക്കും 126-ാം നമ്പർ ഭേദഗതി 127-ാം നമ്പർ ഭേദഗതിക്കും തുല്യം. 129, 130, 131, 132, 133 എന്നീ ഭേദഗതികൾ 128-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ): സർ, നേരത്തെ ശ്രീ. തോമസ് ചാണ്ടിയുടെ 151-ാം നമ്പർ ഭേദഗതി സ്വീകരിച്ച പശ്ചാത്തലത്തിൽ അതേ പ്രശ്നം ഉൾക്കൊള്ളുന്ന 148-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ചാണ്ടി അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിച്ച 106, 123, 127, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിച്ച 115, 116, 119, 120, 124, 135, 136, 138, 140, 143, 144 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 146, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകം പള്ളി സുരേന്ദ്രൻ ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (ii) 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം.എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അനിൽ അക്കര: സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2014-ലെ 5-ാം നമ്പർ ആക്ടിന്റെ (ബി) ഉപവകുപ്പിൽ 'മറ്റൊരു' എന്ന വാക്കിനുപകരം 'ഒരു' എന്ന വാക്ക് ചേർക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആദ്യമായി ഓർഡിനൻസ് പുറപ്പെടുവിച്ചത് സംബന്ധിച്ച് വിശദീകരിക്കുന്നതിനോ ബോദ്ധ്യപ്പെടുത്തുന്നതിനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഈ ബില്ലിനകത്ത് ന്യൂനപക്ഷങ്ങൾക്ക് കാലാകാലങ്ങളിൽ വരുത്തേണ്ട ആവശ്യങ്ങളോ കുറവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളോ അതിനനുസരിച്ചുള്ള ഭേദഗതികളോ ആണെങ്കിൽ അനുകൂലിക്കാമായിരുന്നു. ഇത് അങ്ങനെയല്ല. വ്യക്തികളെ അല്ലെങ്കിൽ ഒരാളെ ലക്ഷ്യംവച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇത്തരത്തിൽ മനസ്സിൽ ഒരാളെ പ്രതിഷ്ഠിച്ച്, അതൊരു നിയമമാക്കി കൊണ്ടുവരുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഇവിടെ ന്യൂനപക്ഷങ്ങളോട് അനുഭാവവും എതിർപ്പും ആർക്കാണ് എന്നതിനെക്കുറിച്ചുള്ള മത്സരരംഗത്തേയ്ക്ക് നമ്മുടെ സംസ്ഥാനം പോകുന്നുണ്ടോയെന്ന സംശയം നിലനിൽക്കുകയാണ്. സംസ്ഥാനത്തിന്റെ മതേതര സ്വഭാവം ലോകത്തിൽ മറ്റൊരു രാജ്യത്തുമില്ലാത്തതാണെന്ന് എല്ലാവരും അംഗീകരിക്കപ്പെട്ടതാണ്. ഈ രാജ്യത്ത് എല്ലാ മതത്തിൽപ്പെട്ടവർക്കും ജീവിക്കാനും ആരാധിക്കാനും വിശ്വസിക്കാനും കഴിയുന്ന തരത്തിലാണ് നമ്മുടെ ഭരണഘടനയും നിയമങ്ങളുമൊക്കെയുള്ളത്. പക്ഷേ കുറച്ചുകാലങ്ങളായി ഇത്തരത്തിലുള്ള മത്സരങ്ങൾ നടക്കുന്നുണ്ടോയെന്ന ചെറിയ സംശയം ഇവിടെ വരികയാണ്. അടുത്തകാലത്ത് എറണാകുളത്ത് മറൈൻ ഡ്രൈവിലുണ്ടായ വിഷയം ശ്രീ. ഹൈബി ഈഡൻ അടിയന്തരപ്രമേയമായി അവതരിപ്പിക്കുകയും നല്ല രീതിയിലുള്ള നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്തതാണ്. പക്ഷേ അതിനിടയിലാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വാടകപ്രയോഗമൊക്കെ ഇവിടെ വന്നത്. ഇതൊക്കെ സ്വാഭാവികമായും ഒരു മത്സരത്തിന്റെ സ്വഭാവത്തിലേയ്ക്ക് പോകുന്നുവെന്ന സംശയം ഉയർത്തുകയാണ്.

ഇവിടെ ആർ.എസ്.എസ്.-നെയോ സംഘ്പരിവാർ ശക്തിയെയോ ആര് പിന്തുണയ്ക്കുന്നവെന്നുള്ളതല്ല. ഞങ്ങൾ അവരെ പിന്തുണയ്ക്കുന്നുവെന്ന് ചിലയാളുകൾ വരുത്തിത്തീർക്കാനുള്ള ശ്രമം ഇവിടെ നടക്കുകയാണ്. ചെറിയ മീനിനെ പിടിക്കുന്നതിന് മാത്രമാണ് ശ്രമിക്കുന്നത്. വലിയ മീനിന് തീറ്റയിട്ടുകൊടുക്കുകയാണ്. ഇവിടെ വളരെ പ്രധാനപ്പെട്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന സമയമാണ്. ഇന്ന് കേരള ഹൈക്കോടതിയിൽ പ്രധാനപ്പെട്ട ഒരു കേസ് വന്നു. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ലാവ്‌ലിൻ കേസ്, സി.ബി.ഐ. അന്വേഷണവുമായി ബന്ധപ്പെട്ട ഒരു കേസ്സാണത്. സി.ബി.ഐ. കോടതി തള്ളിയതും എന്നാൽ ഇപ്പോഴത് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാണ്. ഇന്ന് ആ കേസ് നീട്ടിവയ്ക്കുകയുണ്ടായി. എന്തിനാണ് ആ കേസ് നീട്ടിവച്ചത്; ഒരു പ്രമുഖ അഭിഭാഷകന് ഹാജരാകാൻ സമയം വേണമെന്ന് ആവശ്യപ്പെട്ടാണ് കേസ് നീട്ടിവച്ചത്. ആരാണ് ആ അഭിഭാഷകൻ; ഹരീഷ് സാൽവേ എന്ന അഭിഭാഷകനാണ്. അദ്ദേഹത്തിന് ഹാജരാകാൻ സമയം വേണമെന്നാണ് പറഞ്ഞത്. ....(ബഹളം).... ഞാൻ പറയട്ടെ. ആരാണ് ഹരീഷ് സാൽവേ? കഴിഞ്ഞ ദിവസങ്ങളിൽ സുപ്രീം കോടതിയിൽ ഹാജരായ ഒരു അഭിഭാഷകനാണ്. ആ അഭിഭാഷകൻ ആർക്കുവേണ്ടിയാണ് ഹാജരായത്? സംഘ്പരിവാർ ശക്തികൾ നിയന്ത്രിക്കുന്ന ബി.ജെ.പി.-യുടെ ഗവൺമെന്റിനെ ഗോവയിൽ പ്രതിഷ്ഠിക്കാൻ വേണ്ടിയാണ് ഹരീഷ് സാൽവേ അവിടെ ഹാജരായത്. ഈ ഹരീഷ് സാൽവേ കേരളത്തിന്റെ മുഖ്യമന്ത്രിക്കുവേണ്ടി ഹാജരാകാൻ സമയം ചോദിക്കുകയാണ്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇരിക്കൂ.

ശ്രീ. അനിൽ അക്കര: സർ, ന്യൂനപക്ഷങ്ങളുടെ സംരക്ഷകനായാണ് ഞാനും എന്റെ സർക്കാരും എന്ന് മുഖ്യമന്ത്രി അവകാശപ്പെടുമ്പോൾ, ഗോവയിലെ മതേതര സർക്കാരിനെ അട്ടിമറിക്കാൻ വേണ്ടിയാണെന്ന് ആളുകൾക്ക് തോന്നുന്ന തരത്തിലുള്ള ഒരു അഭിഭാഷകനാണ് സുപ്രീം കോടതിയിൽ ഹാജരായത്. വാടകയ്ക്കെടുത്തുവെന്ന് ഞാൻ പറയുന്നില്ല. ആ അഭിഭാഷകൻ വീണ്ടും കേരളത്തിൽ വരികയാണ്.

ശ്രീ. എം. സ്വരാജ് : വഴങ്ങാമോ?

ശ്രീ. അനിൽ അക്കര : സർ, ഞാൻ വഴങ്ങുന്നില്ല. ശ്രീ. എം. സ്വരാജിന് വഴങ്ങാനുള്ള പ്രായം എനിക്ക് ആയിട്ടില്ല. അതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ഇവിടെ ന്യൂനപക്ഷത്തെ സംരക്ഷിക്കുന്നത് ആരാണെന്ന വലിയ ചോദ്യം നിൽക്കുകയാണ്. വലിയ ചോദ്യമെന്ന് പറയുമ്പോൾ മത്സരിച്ചുകൊണ്ട് ഞങ്ങളാണ് മുൻപന്തിയിൽ എന്നുപറയുകയാണ്. അതേസമയം ഗോവയിൽ ഇടതുപക്ഷ

ജനാധിപത്യ മുന്നണിയിലുള്ള എൻ.സി.പി.-യുടെ ചർച്ചിൽ അലിമാവോ ബി.ജെ.പി.-യുടെ ഗവൺമെന്റിനെ പിന്തുണയ്ക്കുകയാണ്. ....(ബഹളം)....

മി. സ്പീക്കർ: അദ്ദേഹം പ്രസംഗിച്ച് അവസാനിപ്പിക്കട്ടെ. നിങ്ങൾ അതിൽ എണ്ണ പകരാൻ നിൽക്കണ്ട. ഊർജ്ജം പകരണ്ട. പ്ലീസ്... പ്ലീസ്...

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇന്നലെയും സമാനമായ ഒരു പരാമർശം സഭയിൽ വന്നപ്പോൾ അവിടെ ബി.ജെ.പി. രൂപീകരിക്കുന്ന സർക്കാരുമായി ഒരുതരത്തിലും എൻ.സി.പി. ബന്ധപ്പെടുകയില്ലെന്നും അങ്ങനെ ബന്ധപ്പെടുന്ന എന്തെങ്കിലും സാഹചര്യം അവിടെയുണ്ടെങ്കിൽ ആ ബന്ധപ്പെട്ടയാൾ പാർട്ടിയിൽ ഉണ്ടാവുകയില്ലെന്നും സഭയിൽ ഞാൻ വ്യക്തമാക്കിയതാണ്. അങ്ങ് അത് ആവർത്തിക്കുന്നത് ദൗർഭാഗ്യകരമാണ്.

ശ്രീ. അനിൽ അക്കര: സർ, ഞാൻ കെ.എസ്.യു.-വിന്റെ പഴയകാല നേതാവായ ബഹുമാന്യനായ മന്ത്രിയുടെ വാക്കുകൾ മുഖവിലയ്ക്കെടുക്കുകയാണ്. ഭാവിയിൽ മണിപ്പൂരിലും ഗോവയിലും എൻ.സി.പി.-യുടെ ആളുകൾ ആർക്കാണ് വോട്ട് ചെയ്യുന്നതെന്ന് നമുക്ക് കാണാം. അങ്ങനെ കണ്ടാൽ അവരാണോ എൻ.സി.പി.-യിലുണ്ടാവുക, ഈ മന്ത്രിയാണോ എന്ന് കാലം തെളിയിക്കേണ്ടതാണ്. അത് ഇവിടെയിരുന്ന് പറയേണ്ടതല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രതിപക്ഷനേതാവ് മണിപ്പൂരിൽ പോയിരുന്നല്ലോ; അവിടത്തെ ഗവർണ്ണർ, രാജ്യസഭാ ഉപാദ്ധ്യക്ഷയായിരുന്ന ശ്രീമതി നജ്മ ഹെപ്തുള്ള കോൺഗ്രസ്സിൽ നിന്നും ബി.ജെ.പി.-യിലേയ്ക്ക് പോയ വ്യക്തിയാണ്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവിടെ ഇരിക്കുന്ന മന്ത്രിമാരായ ശ്രീ. എ. കെ. ശശീന്ദ്രനും ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഒക്കെ ഇതിൽനിന്നും പോയവരാണ്. ഇ.എം.എസ്.-നോടും എ.കെ.ജി.-യോടും മൽസരിക്കാൻ പ്രാപ്തിയുള്ള ആളുകളാണ്. അവരെയാണ് നിങ്ങൾ ഒപ്പം കൂട്ടിയിരിക്കുന്നത്. അത് മനസ്സിലാക്കണം.

ശ്രീ. സി. കെ. നാണു: സർ, അദ്ദേഹം പറയുന്നതിൽ ഒരു തെറ്റുണ്ട്. അദ്ദേഹം പറയുന്നത് ഇവരൊക്കെ കോൺഗ്രസ്സിൽ ആയിരുന്നുവെന്നാണ്. നിങ്ങൾ കോൺഗ്രസ് (ഐ)-യിലാണ്. കോൺഗ്രസ്സും കോൺഗ്രസ് (ഐ)-യും തമ്മിലുള്ള വ്യത്യാസം നിങ്ങളെപ്പോലുള്ള പ്രധാനപ്പെട്ട രാഷ്ട്രീയ പ്രവർത്തകർ മനസ്സിലാക്കണം. അങ്ങനെയൊരു പിളർപ്പുണ്ടായി. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പ്രസിഡന്റ്

നിജലിംഗപ്പ ആയിരുന്നു. അദ്ദേഹത്തെ മാറ്റിയാണ് ഇന്ദിരാഗാന്ധി കോൺഗ്രസ് (ഐ)-യുടെ പ്രസിഡന്റായത്. നിങ്ങളെപ്പോലുള്ള ആളുകൾ ആ ഒരു പഠനം നടത്തണ്ടേ; വസ്തുത മനസ്സിലാക്കണ്ടേ?

ശ്രീ. അനിൽ അക്കര: സർ, അത് ശ്രീ. സി. കെ. നാണുവിന്റെ സമയത്തിന്റെ പ്രത്യേകതയാണ്. അത് പലപല വണ്ടികളിൽ കയറുന്നതുപോലെ, ലിമിറ്റഡ് സ്റ്റോപ്പിലും ഫാസ്റ്റിലും കയറുന്നതുപോലെയാണ്. ഇന്ദിരാഗാന്ധിയുള്ള സമയത്ത് ഇവർ രണ്ടുപേരും കോൺഗ്രസ്സിൽ ഉണ്ടായിരുന്നുവെന്നാണ് എന്റെ വിശ്വാസം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ) എന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷനിലെ പേര് എന്ന കാര്യം അങ്ങ് ഓർമ്മിക്കണം.

ശ്രീ. അനിൽ അക്കര: സർ, ഞാൻ പറഞ്ഞുവന്നത്, ഇവിടെ രണ്ട് വോട്ടിനുവേണ്ടി ഞങ്ങളാണ് ന്യൂനപക്ഷത്തിന്റെ ആളെന്ന് വാശിപിടിക്കരുത്. അതല്ല യാഥാർത്ഥ്യം, രാജ്യത്താകെ ഇതുമായി ബന്ധപ്പെട്ട് നിങ്ങളുടെ കൂട്ടത്തിലുള്ള പല ആളുകളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ, അവർക്കുള്ള അവകാശങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്താം. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. നേരത്തെ ഉണ്ടായിരുന്ന ബില്ലിൽ വനിതാ അംഗമെന്ന് പറയുന്ന ഒരു ഭാഗമുണ്ട്. അതിനെ ഞാൻ വളരെയധികം സ്വാഗതം ചെയ്യുകയാണ്. പക്ഷെ ന്യൂനപക്ഷത്തെ സംബന്ധിച്ച മൊത്തം ബില്ലാണത്. വനിതകൾക്കുവേണ്ടി പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്നതൊന്നും ഇതിനകത്ത് കാണാനില്ല. അതൊക്കെയാണ് നമ്മുടെ ചർച്ചയിൽ വരേണ്ടത്. ഇഷ്ടമുള്ള ഒരാളെ, നിങ്ങൾ തീരുമാനിക്കുന്ന ഒരാളെ, അയാളുടെ മതത്തിനനുസരിച്ച് ബില്ലിൽ മാറ്റുകയാണ്. നമുക്ക് ഇതിനകത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയണം. അത് ആളുകളുടെ കാര്യത്തിലല്ല. അർത്ഥത്തിന്റെ വ്യാപ്തിയും നാളെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലും ഈ ബില്ലിൽ കാലത്തിനനുസൃതമായ മാറ്റം വേണം. ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട് അർഹിക്കുന്ന പരിഗണന വനിതകൾക്കില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. ന്യൂനപക്ഷ വനിതകളെ ശാക്തീകരിക്കാൻ പഞ്ചായത്ത് മുതൽ ലോക്സഭ വരെയുള്ള സംവിധാനങ്ങൾക്ക് കഴിയണം. ഞാൻ പറഞ്ഞുവരുന്നത്, ഇതിനകത്ത് വനിതകളെ ശാക്തീകരിക്കാനുള്ള നടപടികൾ വേണം. ക്രിസ്ത്യൻ മേഖലയിലുള്ള ദളിത് ക്രിസ്ത്യാനികൾ, എസ്. ടി. വിഭാഗവുമായി ബന്ധപ്പെട്ട ക്രിസ്ത്യാനികൾ ഉൾപ്പടെയുള്ള സമുദായങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികൾ വേണം. അതൊന്നുമില്ലാതെ ഇത്തരത്തിൽ 'ഒരു' എന്ന വാക്ക് ഒരു വ്യക്തിയെ സ്ഥാപിക്കാൻ വേണ്ടിയുള്ളതാണ്. കേരളത്തിലെ 141 എം.എൽ.എ.-മാർ ചർച്ച ചെയ്യുകയാണ്,

ആർക്കുവേണ്ടിയാണ് ചർച്ച ചെയ്യുന്നത്; ഒരാളെ നിയമിക്കാൻ വേണ്ടിയാണ് ചർച്ച ചെയ്യുന്നത്. വിശാല അർത്ഥത്തിൽ ചർച്ച ചെയ്യപ്പെടേണ്ട നിയമസഭ ഇത്തരത്തിലുള്ള വിഷയങ്ങളിലേയ്ക്ക് പോകുന്നത് ശരിയല്ല. ....(ബഹളം).... ഇതൊരു ജനാധിപത്യ സംവിധാനത്തിലുള്ള ബില്ലേയല്ല. അങ്ങനെയാണെങ്കിൽ 'ഒരു' വേണ്ട 'മറ്റൊരു' വേണ്ട, ആ ഒരു വാക്ക് വരുന്നതുതന്നെ ഒരാൾക്കുവേണ്ടിയാണ്. അത്തരത്തിലുള്ള ചർച്ചകളിലേയ്ക്ക് കേരള നിയമസഭ പോകാൻ പാടില്ല. നമുക്ക് ഇതിന്റെ വ്യാപ്തി, ഇതിൽ ഉദ്ദേശിച്ച കാര്യങ്ങൾ, ഇതിൽ വരുന്ന വിഷയങ്ങൾ, ക്ഷേമകരമായ കാര്യങ്ങൾ എന്നിവയൊക്കെ മാറ്റാനുള്ള നടപടികളിലേയ്ക്ക് പോകാം. അത്തരത്തിലുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കേണ്ടത്. അതുകൊണ്ടുതന്നെയാണ് ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ ഡിസെന്റ് രേഖപ്പെടുത്തിയത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഞാൻ നീണ്ട ഒരു പ്രസംഗത്തിലേയ്ക്ക് പോകുന്നില്ല. പ്രത്യേകിച്ച് കേരള ചരിത്രത്തിലാദ്യമായി 'ഒരു' എന്ന വാക്കിനുവേണ്ടിയുള്ള ചർച്ചയിൽ കൂടുതൽ സമയം കളയുന്നതിൽ കാര്യമില്ലെന്ന് എനിക്ക് വിശ്വാസമുണ്ട്. സബ്ജക്ട് കമ്മിറ്റികളെക്കുറിച്ചും അവയുടെ പവിത്രതയെയും ആവശ്യകതയെയും കുറിച്ചും അങ്ങ് രാവിലെ നൽകിയ റൂളിംഗ് സുപ്രധാനമായ ഒന്നായിരുന്നു. അതിന്റെ ചുവടുപിടിച്ചുകൊണ്ടുതന്നെ ഇന്ന് ഈ ബില്ലിൽ പറയുന്ന ചില കാര്യങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കാം. ആദ്യമായി എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കര പറഞ്ഞതുപോലെ, എന്തിനുവേണ്ടി പുതിയൊരു ഓർഡിനൻസ് കൊണ്ടുവന്നുവെന്നുള്ള ചോദ്യം പൊതുസമൂഹത്തിന്റെ മുന്നിലുണ്ട്. എത്രയോ കാലങ്ങളായുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് നിയമസഭ കൂടുന്നതെന്ന് നമുക്കറിയാം. ഈ സഭ ഫെബ്രുവരി മാസം കൂടുമെന്ന് പറഞ്ഞതിനുശേഷം ഫെബ്രുവരി 2-ാം തീയതി ഇതുപോലൊരു ഓർഡിനൻസ് ഇറക്കേണ്ട സാഹചര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ജനങ്ങളോട് പറയേണ്ട ബാദ്ധ്യതയുണ്ട്. മാത്രമല്ല, ഈ അടുത്തകാലത്ത് 2017 ജനുവരിയിൽത്തന്നെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ടി. എസ്. ഠാക്കൂർ അടക്കമുള്ള ഏഴംഗ ബഞ്ച് ഇതുപോലെ ഓർഡിനൻസുകൾ ഇറക്കുന്നതിനെതിരെ വളരെ പ്രധാനപ്പെട്ട ഒരു പരാമർശം നടത്തിയിരുന്നു. സാധാരണ ഓർഡിനൻസുകൾ ഇറക്കേണ്ടതിന്റെ കാരണങ്ങളൊക്കെ നമുക്കറിയാം. അത്യാവശ്യമുള്ള കാര്യമായിരിക്കണം, അടുത്തകാലത്ത് നിയമസഭ ചേരാത്ത സമയങ്ങളിലാണ് ഓർഡിനൻസുകൾ പുറപ്പെടുവിക്കേണ്ടത്. പക്ഷെ, അതൊന്നുമില്ലാതെ ഒരാൾക്കുവേണ്ടി, ഒരാളെ കൊണ്ടുവരാനോ മറ്റൊരാളെ കാട്ടിലേയ്ക്ക് അയയ്ക്കാനോ വേണ്ടി ഇത്ര തിടുക്കത്തിൽ

ഒരു നിയമം, ഇതിനേക്കാൾ സുപ്രധാനമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ സമയമില്ലാതിരിക്കുമ്പോഴാണ് കൊണ്ടുവരുന്നത്. ഈ ഓർഡിനൻസ് കൊണ്ടുവന്നത് ഒരുപക്ഷെ വളരെ പെട്ടെന്ന് ഒരാളെ നിയമിക്കാൻ വേണ്ടിയായിരിക്കും. അങ്ങനെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; നാളെ, മാർച്ച് 16-ന് ഈ സഭാ സമ്മേളനം കഴിയുകയാണ്. ഓർഡിനൻസൊക്കെ ബഹളത്തിനിടയിൽ കൊണ്ടുവന്ന് പാസ്സാക്കും. 10-20 വർഷത്തിനുശേഷം നിയമസഭാ ചരിത്രം പഠിക്കുമ്പോൾ, ഒരു സർക്കാർ 2014-ൽ സദുദ്ദേശത്തോടെ കൊണ്ടുവന്ന ഒരു നിയമത്തെ മൂന്ന് വർഷത്തിനുള്ളിൽ ഒരു വാക്ക് മാറ്റി അതിന്റെ അസ്ഥിത്വം മാറ്റുമ്പോൾ എന്താണ് ഈ സഭയിൽ നടന്നതെന്ന് ഭാവിയിൽ ആ വിദ്യാർത്ഥികൾ ചോദിക്കും. മൂന്ന് വർഷംകൊണ്ട് 'മറ്റൊരു' എന്നതിൽനിന്ന് 'ഒരു' എന്നതിലേയ്ക്ക് പോകാനുള്ള കാരണമെന്താണെന്ന് ഒരുപക്ഷെ ആളുകൾ ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഈ പ്രസംഗത്തിലൂടെ നടത്താൻ നമുക്ക് കഴിയില്ല. ഞാൻ ചില കണക്കുകൾ പറയുകയാണ്. ന്യൂനപക്ഷ കമ്മീഷനും അതിന്റെ അനുബന്ധ കാര്യങ്ങളും കൊണ്ടുവന്നത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള പ്ലാൻ ഔട്ട്ലേ നോക്കുകയാണെങ്കിൽ 2015-16 വർഷത്തിൽ എല്ലാ സ്കീമുകളും ചേർത്ത് 8,700 കോടി രൂപയായിരുന്നു. ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്, എക്സ്പെൻഡിച്ചർ നോക്കുകയാണെങ്കിൽ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് 8,700 കോടി രൂപ ഔട്ട്ലേ ആയിട്ടും അതിന്റെ 100 ശതമാനത്തിൽക്കൂടുതൽ ചെലവ് വരുത്തി 8,829 കോടി രൂപ എക്സ്പെൻഡിച്ചർ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്കുവേണ്ടി വമ്പൻ പദ്ധതികൾ, ബാക്ക്‌ലോഗ് നിയമനം, വികസന കമ്മീഷൻ രൂപീകരണം, വനിതാ സ്വയം സഹായ സംഘങ്ങൾക്ക് 2.5 ലക്ഷം രൂപയുടെ ലോൺ, ന്യൂനപക്ഷങ്ങളിൽപ്പെട്ട ആളുകൾക്ക് എൻട്രൻസ് പരീക്ഷാ പരിശീലനം, ഭവനനിർമ്മാണത്തിന് ധനസഹായം അങ്ങനെ ഒട്ടനവധി പദ്ധതികൾ യു.ഡി.എഫ്. സർക്കാരിന് പ്രായോഗികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞ 8,829 കോടി രൂപയുടെ എക്സ്പെൻഡിച്ചർ യു.ഡി.എഫ്. സർക്കാർ നടത്തിയപ്പോൾ എൽ.ഡി.എഫ്. സർക്കാരിന്റെ ഈ വർഷത്തെ ആന്വൽ പ്ലാൻ നോക്കുകയാണെങ്കിൽ യു.ഡി.എഫ്. സർക്കാർ എക്സ്പെൻഡിച്ചർ നടത്തിയ 8,829 കോടി രൂപയേക്കാളും 529 കോടി രൂപ കുറച്ച് 8,300 കോടി രൂപയാണ്. ഒരുപക്ഷെ ഈ മേഖലയിലുള്ളവരുടെ മാറ്റങ്ങളെക്കുറിച്ച് എൽ.ഡി.എഫ്.-നുള്ള താൽപ്പര്യമായിരിക്കും ഇത് കാണിക്കുന്നത്. ഞാൻ നീട്ടുന്നില്ല.

ഇവിടെ എല്ലാവരും സംസാരിച്ചുകൊണ്ടിരിക്കുന്നത് 5 സംസ്ഥാനങ്ങളിലെ ഇലക്ഷനെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഗോവയിൽ ശ്രീ. ചർച്ചിൽ അലിമാവോ ഉൾപ്പടെയുള്ള ആളുകൾ എൻ.സി.പി.-യിൽ

ഉണ്ടാകുമോ അല്ലെങ്കിൽ എൻ.സി.പി.-യിൽനിന്ന് മാറി ഒറ്റയ്ക്ക് പുതിയ പാർട്ടി രൂപീകരിക്കുമോ എന്നൊക്കെയുള്ളത് കാണേണ്ടതുതന്നെയാണ്. ഒരുപക്ഷെ നമ്മൾ സംസാരിക്കുമ്പോൾ തന്നെ അതിന് തീരുമാനമാകും. മണിപ്പൂരിനെക്കുറിച്ചും എന്റെ സുഹൃത്തുക്കൾ പറഞ്ഞു. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, ആസ്സാമിൽനിന്ന് നോർത്ത് ഈസ്റ്റ് മേഖലയിൽ ബി.ജെ.പി.-യുടെ മുന്നേറ്റം തുടങ്ങിയപ്പോൾ മണിപ്പൂർ പോലൊരു പ്രദേശത്തേയ്ക്ക്, ജനങ്ങളുടെ ഇംഗിതം ഇല്ലാഞ്ഞിട്ടുപോലും അത് പടരുമ്പോൾ....

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): അവിടെ 40 എം.എൽ.എ.-മാരാണുള്ളത്. ആ 40-ൽ 17 പേരെ ജയിപ്പിച്ച് ഒറ്റയ്ക്ക് ഭൂരിപക്ഷം നേടിയ കക്ഷിയാണ് കോൺഗ്രസ് (ഐ). ഞങ്ങളെ ഗവൺമെന്റ് രൂപീകരിക്കാൻ അനുവദിക്കണമെന്ന് ഗവർണ്ണറോട് അഭ്യർത്ഥിക്കുകപോലും ചെയ്യാതെ ഒത്തുകളിച്ചുവെന്ന് ഞാൻ ആക്ഷേപിച്ചാൽ താങ്കൾ അതിന് എന്ത് മറുപടിയാണ് പറയുക?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> സർ, ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിൽ വിശ്വസിക്കുന്നവരാണ് കോൺഗ്രസ്സുകാർ. മുറപ്രകാരം ഏറ്റവും വലിയ ഒറ്റക്കക്ഷിയെ ഗവർണ്ണർ വിളിക്കുമെന്ന വിശ്വാസമാണ് കോൺഗ്രസ്സുകാർക്കുള്ളത്. അപ്പോൾത്തന്നെ കുതിരക്കച്ചവടത്തിന് താൽപ്പര്യമില്ലായിരുന്നു. അങ്ങനെ തുമ്മിയാൽ തെറിക്കുന്ന മൂക്കാണെങ്കിൽ അത് പോകട്ടെയെന്നുതന്നെയാണ് കോൺഗ്രസ്സിന്റെ ആഗ്രഹം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, അവിടെ പകുതി എം.എൽ.എ.-മാർ രാജി വയ്ക്കാൻ പോകുകയാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, രാജിവയ്ക്കില്ല, അങ്ങേയ്ക്ക് തെറ്റിദ്ധാരണയൊന്നും വേണ്ട. അങ്ങയുടെ കൂടെയുണ്ടെന്ന് പറയുന്ന എം.എൽ.എ. ഏത് പാർട്ടിയിൽ എപ്പോൾ പോകുമെന്ന് ആർക്കുമറിയില്ല. അങ്ങേയ്ക്ക് അദ്ദേഹത്തെ അറിയില്ല, ഒരു കാര്യം പറയട്ടെ, ഗോവയിലും മണിപ്പൂരിലും കോൺഗ്രസ് ഏറ്റവും വലിയ ഒറ്റക്കക്ഷിയായി തെരഞ്ഞെടുപ്പിൽ വിജയിച്ചു. ഗവർണ്ണർ ആ കക്ഷിയെ മന്ത്രിസഭ രൂപീകരിക്കാനായി വിളിക്കാൻ ബാദ്ധ്യസ്ഥനാണ്. ഗവർണ്ണർ ക്ഷണിക്കണമെന്ന് ആവർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ നരേന്ദ്ര മോദിയുടെയും അമിത്ഷായുടെയും അമിതമായ അധികാരപ്രമത്തതയിൽ ആളുകളെയും എം.എൽ.എ.-മാരേയും കുതിരക്കച്ചവടം നടത്തിയാണ് അവിടെ ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. ആ വസ്തുത മനസ്സിലാക്കിയിട്ടുവേണം കാര്യങ്ങൾ സംസാരിക്കേണ്ടത്. ഒന്നും അറിയാൻ പാടില്ലാതെ എന്തിനാണ് ശ്രീ. എ. കെ. ശശീന്ദ്രൻ സംസാരിക്കുന്നത് ?

4.00 PM]

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എല്ലാം അറിഞ്ഞിട്ടാണ് പറയുന്നത്. ഈ വസ്തുത മനസ്സിലാക്കാത്തത് അങ്ങും അങ്ങയുടെ പാർട്ടിയുമാണ്. ഇപ്പോഴും യാഥാർത്ഥ്യബോധത്തോടുകൂടി ഇന്ത്യൻ രാഷ്ട്രീയത്തെ കൈകാര്യം ചെയ്യാൻ ശക്തമായ നേതൃത്വമില്ലെന്ന് പറഞ്ഞ് ബഹളം കൂട്ടുന്നത് ഗോവയിലെ പ്രസിഡന്റും കോൺഗ്രസ് (ഐ)- ഉം പാർട്ടി എം.എൽ.എ.-മാരുമാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, വെറുതെ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സംസാരിക്കരുത്. ഗോവയിലും മണിപ്പൂരിലും ഒരു പ്രശ്നവും കോൺഗ്രസ് പാർട്ടിക്കകത്തില്ല. കേന്ദ്ര ഗവൺമെന്റ് പുറംവാതിലിലൂടെ അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നതാണ് നാം കണ്ടത്. അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിൽ മൂന്ന് സംസ്ഥാനങ്ങളിൽ കോൺഗ്രസ് ശക്തിയായി എമേർജ് ചെയ്ത കാര്യം നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് കോൺഗ്രസ് നേതൃത്വത്തെ ആരും വെല്ലുവിളിച്ചിട്ടില്ല. ഞങ്ങളുടെ പാർട്ടി പഞ്ചാബിൽ ബി.ജെ.പി.-യെയും അകാലിദളിനെയും തോൽപ്പിച്ച് അധികാരത്തിൽ വരികയാണുണ്ടായത്. ഗോവയിൽ ബി.ജെ.പി.-യുടെ മുഖ്യമന്ത്രിയെപ്പോലും പരാജയപ്പെടുത്തിയാണ് അവിടെ ഞങ്ങൾ ഒറ്റക്കക്ഷിയായത്. മണിപ്പൂരിൽ പതിനഞ്ച് വർഷമായി കോൺഗ്രസ് ഗവൺമെന്റാണ് ഭരിച്ചിരുന്നത്. Anti-incumbency ഉണ്ടായിട്ടില്ല. ഇപ്പോൾ ഏറ്റവും വലിയ ഒറ്റക്കക്ഷിയുമാണ്. പക്ഷേ കേന്ദ്രത്തിന്റെ തെറ്റായ രാഷ്ട്രീയമാണ് ഈ രണ്ട് സംസ്ഥാനങ്ങളിലും കാണുന്നത്. അത് മനസ്സിലാക്കാൻ എല്ലാവർക്കും കഴിയണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബി.ജെ.പി. നടത്തുന്ന തെറ്റായ നീക്കങ്ങൾ തിരിച്ചറിയാൻ ഇപ്പോഴും കോൺഗ്രസ് (ഐ)-ക്ക് കഴിയുന്നില്ല.

മി. സ്പീക്കർ: ദയവായി ഗോവ സംസ്ഥാനത്തുനിന്നും മടങ്ങി ന്യൂനപക്ഷ ക്ഷേമത്തിലേയ്ക്ക് വരൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങയുടെ പാർട്ടിയുടെ എം.എൽ.എ.-മാർ നിങ്ങളോടൊപ്പംതന്നെ നിൽക്കട്ടെ. വിട്ടുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് കാത്തുസൂക്ഷിക്കാൻ നിങ്ങൾക്ക് കഴിയട്ടേയെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇപ്പോഴത്തെ ഇന്ത്യൻ രാഷ്ട്രീയം അങ്ങേയറ്റം അപകടകരമാണ്. രണ്ട് സംസ്ഥാനങ്ങളുടെ മന്ത്രിസഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയെയല്ല മന്ത്രിസഭ രൂപീകരിക്കാൻ ഗവർണ്ണർ ക്ഷണിച്ചിരിക്കുന്നത്. മസിൽപവറും പണവും ഉപയോഗിച്ച് അധികാരം പിടിച്ചെടുക്കുന്നത് ജനാധിപത്യത്തിന് അങ്ങേയറ്റം അപകടകരമാണ്. അതുകൊണ്ട് ഞങ്ങളെ ആക്രമിക്കാനോ തെറി പറയാനോ

അല്ല, ഇത്തരത്തിലുള്ള അപകടകരമായ രാഷ്ട്രീയത്തെപ്പറ്റി ചിന്തിച്ച് പ്രതിരോധിക്കാനുള്ള രാഷ്ട്രീയ സാഹചര്യം സൃഷ്ടിക്കാൻ മനസ്സുണ്ടാകട്ടെയെന്നാണ് പറയാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ കാര്യം ശരിയാണ്, ഞാൻ നീട്ടുന്നില്ല. ഒരു കാര്യംകൂടി എനിക്ക് പറയാനുണ്ട്, മുസ്ലീം സമുദായത്തിലെ 20 ശതമാനം ആളുകൾ തിങ്ങിപ്പാർക്കുന്ന യു. പി.-യിൽ ന്യൂനപക്ഷ വിഭാഗമായ മുസ്ലീം സമുദായത്തിൽനിന്നും 2012-ൽ യു.പി. നിയമസഭയിൽ 69 മുസ്ലീം എം.എൽ.എ.- മാരുണ്ടായിരുന്നു. ഇന്ന് നമുക്കറിയാം മൂന്നിൽരണ്ട് ഭൂരിപക്ഷം ലഭിച്ച പ്രധാനപ്പെട്ട ഭരണകക്ഷിയായ ആ പാർട്ടിയുടെ എം.എൽ.എ.-മാരിൽ ഒരാൾപോലും മുസ്ലീം സമുദായത്തിൽനിന്നുമില്ല. ഒരു പക്ഷേ, 406 സീറ്റുള്ള ആ നിയമസഭയിൽ 24 അംഗങ്ങൾ മാത്രമാണ് മുസ്ലീം ന്യൂനപക്ഷത്തിൽനിന്നും ഒരാഴ്ചയ്ക്കുശേഷം വരാൻ പോകുന്നത്. ഇതുപോലുള്ള തെറ്റുകൾ യു.പി.-യിലും ജനങ്ങളുടെ ഇംഗിതമില്ലാതിരുന്നിട്ടും ഗോവയിലും മണിപ്പൂരിലും നടക്കുമ്പോൾ ബഹുമാനപ്പെട്ട സുഹൃത്തുക്കളോട് പറയാനുള്ള ഒരു കാര്യം, ഒന്നര വർഷത്തിനുശേഷം ത്രിപുരയിൽ ഇലക്ഷൻ വരുന്നുണ്ട് അപ്പോൾ ആസ്സാമിലും മണിപ്പൂരിലും നടന്നത് ത്രിപുരയിൽ ഉണ്ടാകരുതെന്നാണ്.

ശ്രീ എ. എൻ. ഷംസീർ: സർ, ഇതേ strategy ആയിരുന്നു നിങ്ങൾ ഗുജറാത്തിലും നടത്തിയത്. 2008-ൽ ഗുജറാത്തിൽ ഒരൊറ്റ മുസ്ലീം സ്ഥാനാർത്ഥിയെ ഫീൽഡ് ചെയ്യാൻ കോൺഗ്രസ്സിന് അന്ന് ധൈര്യമുണ്ടായിരുന്നില്ല.

മി. സ്പീക്കർ : പ്ലീസ് അങ്ങ് വേഗം അവസാനിപ്പിക്കൂ..

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇത്രയും effort എടുത്ത് സബ്ജക്ട് കമ്മിറ്റിയിൽ പോയി ഇത്രയും ആളുകൾ കണ്ട് മറ്റൊരു സീതയെ കാട്ടിലേയ്ക്കയച്ച് ഇപ്പോൾ ഒരു സീതയെ കൊണ്ടുവരുന്നതിൽ ഒരു കാര്യവുമില്ല. എന്തായാലും ശക്തമായ വിയോജിപ്പോടുകൂടി ഇതിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, 2014-ലെ 5-ാം നമ്പർ ആക്ടിന്റെ 3 (2) ബി വകുപ്പിൽ 'മറ്റൊരു' എന്ന വാക്കിന് പകരം 'ഒരു' എന്ന രണ്ടക്ഷരം ചേർക്കുന്നതിനു മാത്രമാണ് ഈ ഭേദഗതി കൊണ്ടുവന്നത്. എന്തിനാണ് ഈ ഭേദഗതി കൊണ്ടുവന്നതെന്ന് സഭയെ ബോധ്യപ്പെടുത്താൻപോലും ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടില്ല. മന്ത്രിക്ക് ആരോ ഇഷ്ടക്കാരനുണ്ട്, ആ ഇഷ്ടക്കാരനെ ഈ

കമ്മീഷനിൽ അംഗമാക്കുന്നതിന് മാത്രമാണ് വിലപ്പെട്ട സമയം ചെലവഴിച്ചത്. രണ്ട് ദിവസം ഈ ബിൽ സഭയിൽ ചർച്ച ചെയ്തു. ഇങ്ങനെയൊരു ആവശ്യമുണ്ടായിരുന്നോയെന്ന് പരിശോധിക്കണം. ഇവിടെ മുസ്ലീം ന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രശ്നം ഈ കമ്മീഷനിലെ അംഗത്വമല്ല, ന്യൂനപക്ഷവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനായി കഴിഞ്ഞ യു.പി.എ. സർക്കാർ നിയോഗിച്ച രജീന്ദർ സച്ചാർ കമ്മിറ്റി ഇന്ത്യയിലുടനീളം സഞ്ചരിച്ച് മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലൂടെ 74 ഇന നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. അതിൽ ഏതെങ്കിലും നടപ്പാക്കാൻ ന്യൂനപക്ഷങ്ങളെ സ്നേഹിക്കുന്നുവെന്ന് പറയുന്ന എൽ.എഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോയെന്നാണ് ഇവിടെ പരിശോധിക്കേണ്ടത്. സച്ചാർ കമ്മിറ്റിയിൽ വെള്ളം ചേർത്ത് പാലോളി കമ്മിറ്റിയെന്ന പേര് വച്ചു എന്നതൊഴിച്ചാൽ ഒരു കാര്യവും ന്യൂനപക്ഷത്തിനുവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടില്ല. ഇവിടെ ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റ്, മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ പല തവണ കത്തയച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് വന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിക്കാൻ മുന്നോട്ടുവന്നത്. അതുപോലെ ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്ക് ഭവന പദ്ധതിയും മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധിയും ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്ത് കുടിവെള്ള പദ്ധതിയും നടപ്പിലാക്കിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഇന്ത്യയിൽ ഒരിടത്തുമില്ലാത്തവിധം പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന കുട്ടികൾക്കും ഐ.സി.ഡബ്ല്യു., സി.എ. തുടങ്ങിയ കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്കും ഫീസ് റീ-ഇംപേഴ്സ്മെന്റ് നടപ്പാക്കിയത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. യു.പി.എസ്.സി., കെ.പി.എസ്.സി. പരീക്ഷകളിൽ പങ്കെടുക്കുന്നതിന് മൈനോറിറ്റി യുവാക്കളെ പ്രാപ്തരാക്കുന്നതിനുവേണ്ടിയാണ് മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് പൊന്നാനിയിലും കോഴിക്കോട്ടും പയ്യന്നൂരും മാത്രമാണ് കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചത്. യു.ഡി.എഫ്. വന്നു എല്ലാ ജില്ലാ കേന്ദ്രങ്ങളിലും മൈനോറിറ്റി കോച്ചിംഗ് സെന്ററുകളും 24 ഉപ സെന്ററുകളും ആരംഭിച്ചു. ഈ കോച്ചിംഗ് സെന്ററുകളിൽനിന്ന് കോച്ചിംഗ് ലഭിച്ചിട്ടുള്ള മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട കുട്ടികൾ കേന്ദ്ര സർക്കാർ സർവ്വീസുകളിലും റെയിൽവേയിലും ബാങ്കുകളിലുമൊക്കെ മത്സരപ്പരീക്ഷ എഴുതി ജോലി കരസ്ഥമാക്കി. അപ്പോൾ വലിയ മാറ്റമാണ് യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ച മൈനോറിറ്റി കോച്ചിംഗ് സെന്ററുകളിലൂടെ

ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുള്ളതെന്ന കാര്യം ഓർക്കണം. ഇങ്ങനെ ഡസൻ കണക്കിന് പദ്ധതികൾ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കി. പുതിയ പദ്ധതികൾ തുടങ്ങണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നില്ല. ഇപ്പോൾ മന്ത്രി എല്ലാ പദ്ധതികൾക്കും മഹാന്മാരുടെ പേരിടൽ കർമ്മം നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ മഹാന്മാരുടെ പേരിട്ട് ഈ പദ്ധതികൾ കുഴിച്ചുമൂടരുതെന്നും അവരുടെ പേരുകൾ മോശമാക്കരുതെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 1978-ൽ നാഷണൽ മൈനോറിറ്റി കമ്മീഷനും 1992-ൽ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ടും നിലവിൽ വന്നു. പക്ഷേ കേരളത്തിൽ വർഷങ്ങൾ പിന്നിട്ടതിനുശേഷമാണ് ന്യൂനപക്ഷ കമ്മീഷൻ നിലവിൽവന്നത്. 2009-ൽ കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ ചെയർമാനായിരുന്ന ഷാഫി അൽ ഖുറേഷി അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദന് പലതവണ കത്തെഴുതി. ഇനിയെങ്കിലും കേരളത്തിൽ ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് താക്കീതായി കത്തെഴുതിയിട്ടുപോലും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്ത യു.ഡി.എഫ്. ഗവൺമെന്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി, ശ്രീ. മഞ്ഞളാംകുഴി അലി ഇതിനാവശ്യമായ ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുകയും ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വരികയും ചെയ്തു. ന്യൂനപക്ഷ കമ്മീഷനുപുറമേ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശവും കേന്ദ്രത്തിൽനിന്നും പലതവണയുണ്ടായി. അതൊന്നും ചെവിക്കൊള്ളാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന് രൂപം നൽകിയത്. ഞങ്ങൾ ആ കോർപ്പറേഷന് രൂപം നൽകിയതുകൊണ്ടാണ് കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട് തേരാപാരാ നടന്നിരുന്ന ആളുകളെ അതിന്റെ ചെയർമാൻ സ്ഥാനത്ത് അവരോധിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അവസരമുണ്ടായതെന്ന കാര്യംകൂടി അങ്ങ് ഓർക്കണം.

അങ്ങ് ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ അങ്ങയുടെ ജില്ലയിൽ ഫൈസൽ എന്ന ചെറുപ്പക്കാരൻ ആർ.എസ്.എസ്. ഗുണ്ടകളാൽ ക്രൂരമായി കൊലചെയ്യപ്പെട്ടു. ആർ.എസ്.എസ്. ഗുണ്ടകളാൽ ഫൈസൽ എന്നുപറയുന്ന ന്യൂനപക്ഷ മുസ്ലീം സമുദായത്തിൽപ്പെട്ട ഒരാൾ അകാരണമായി കൊല ചെയ്യപ്പെട്ടിട്ട് ഫൈസലിന്റെ കൊലപാതകികളെ പിടികൂടണമെന്ന് ആവശ്യപ്പെട്ട് അവിടത്തെ എം.എൽ.എ. ശ്രീ. പി. കെ. അബ്ദു റബ്ബിന് ജനകീയ പ്രക്ഷോഭം നടത്തേണ്ടിവന്നു. ആർ.എസ്.എസ്. ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ ഇവർക്ക് ഭയമാണ്. ഫൈസലിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, തേരാപാരാ എന്നതുകൊണ്ട് അങ്ങ് അർത്ഥമാക്കിയത് എന്താണ്?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, തേരാപാരാ എന്നുപറഞ്ഞാൽ അനന്തവിഹായസ്സിലേയ്ക്ക് പറന്നുയരുന്നത് എന്നാണ് സഖാവ് വിജയേട്ടൻ പറഞ്ഞുകേട്ടിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: അദ്ദേഹം ചോദിച്ചത് ഹലാലായോ എന്നാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അത് വിജയേട്ടൻ പഠിപ്പിച്ചതാണ്. സി.പി.ഐ.-ക്കാർ ഞങ്ങളുടെ പഴയ ആളുകളാണ്. സി.പി.ഐ.-യും ഞങ്ങളും തമ്മിൽ പഴയൊരു ബന്ധമുണ്ട്. അതുകൊണ്ട് അവർ പറഞ്ഞാൽ ഞങ്ങൾ കേൾക്കും. ഫൈസലിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. ശ്രീ. പി. കെ. അബ്ദു റബ്ബ് ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചു. വളരെ നിഷേധാത്മകമായ മറുപടിയാണ് മുഖ്യമന്ത്രിയിൽനിന്നും ഉണ്ടായത്. സമാനമായ കേസുകളിൽ സാമ്പത്തിക സഹായം കൊടുത്തിട്ടില്ലേ? നാദാപുരത്ത് ഷിബിൻ എന്ന യുവാവ് കൊലചെയ്യപ്പെട്ടു. അത് രാഷ്ട്രീയ കൊലപാതകമോ വർഗ്ഗീയ സംഘട്ടനമോ അല്ല. പ്രാദേശികമായി രണ്ട് വിഭാഗം യുവാക്കൾ തമ്മിലുണ്ടായ കശപിശയെ തുടർന്നുണ്ടായതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അത് രാഷ്ട്രീയ കൊലപാതകമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ വാദത്തിനുവേണ്ടി സമ്മതിക്കാം. ശ്രീ. എ. എൻ. ഷംസീർ പറയുന്ന രാഷ്ട്രീയ കൊലപാതകമാണെന്ന്. രാഷ്ട്രീയമായ സംഘട്ടനമാണെങ്കിൽപ്പോലും ഷിബിൻ എന്ന ചെറുപ്പക്കാരൻ കൊല ചെയ്യപ്പെട്ടപ്പോൾ ഷിബിന്റെ കുടുംബത്തിന് മുൻ സർക്കാർ 25 ലക്ഷം രൂപ ധനസഹായം നൽകി. ഫൈസലിന്റെ കുടുംബത്തിന് ധനസഹായം നൽകാൻ ഈ സർക്കാർ എന്തിനാണ് മടിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ന്യൂനപക്ഷങ്ങളുടെ താൽപ്പര്യംകൂടി സംരക്ഷിക്കുന്ന വകുപ്പിന്റെ ചാർജ് വഹിക്കുന്നതുകൊണ്ട് ഇക്കാര്യംകൂടി അങ്ങ് ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അങ്ങയുടെ ജില്ലയിലെ താനൂരിൽ ഇപ്പോൾ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവരാണ് ക്രൂരമായ അക്രമത്തിന് വിധേയരാകുന്നത്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടുകൾ തീവച്ച് നശിപ്പിക്കുന്നു, ബോട്ടുകൾ നശിപ്പിക്കുന്നു, മത്സ്യബന്ധന ഉപകരണങ്ങൾ ഒന്നൊന്നായി നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ ക്രൂരമായി പോലീസിന്റെ നരനായാട്ടിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പോലീസും ഭരണത്തിന് നേതൃത്വം കൊടുക്കുന്ന പാർട്ടിയും ചേർന്ന് സ്റ്റേറ്റ് സ്പോൺസേർഡ് അക്രമമാണ് ഇപ്പോൾ താനൂരിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

ക്രൂരമായ ആക്രമണത്തിന് വിധേയരായവർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ നിങ്ങൾ മുന്നോട്ടുവരുമോ; 2.5 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് പറയുന്നത്. കണക്കുകൾ പരിശോധിക്കുമ്പോൾ നഷ്ടം അതിനേക്കാൾ കൂടുതൽ ഉണ്ടായിക്കാണും.

ദേശീയ വനിതാ ദിനാചരണത്തോടനുബന്ധിച്ച് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പങ്കെടുത്ത ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന സ്വച്ഛ്ശക്തി പരിപാടിയിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് പങ്കെടുക്കാനെത്തിയ മുപ്പൈനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഷഹർബാൻ എന്ന സഹോദരിയോട് ശിരോവസ്ത്രം അഴിച്ചുവയ്ക്കാൻ ആവശ്യപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട, അദ്ധ്യക്ഷയോട് പ്രധാനമന്ത്രി വിളിച്ചുചേർത്ത ഒരു യോഗത്തിൽ ശിരോവസ്ത്രം അഴിച്ചുവയ്ക്കാൻ പറഞ്ഞിട്ട് അതിനെതിരെ ഒരക്ഷരം അങ്ങ് പ്രതികരിച്ചതായി കേട്ടില്ല. എന്താണ് നിങ്ങളുടെ ന്യൂനപക്ഷ പ്രേമമെന്ന് എനിക്കറിയില്ല. ബി.ജെ.പി. ചെയ്താൽ അതിനെ എതിർക്കാൻ എന്തോ മടി, ഒരു ഭയം ഈ സർക്കാരിനും അങ്ങേയ്ക്കുമൊക്കെയുണ്ട്. ഇത് അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, മുപ്പൈനാട് ഗ്രാമപഞ്ചായത്ത് എന്റെ മണ്ഡലത്തിലാണ്. ഞാൻ അന്നുതന്നെ ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചു. മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഇറങ്ങിപ്പോയതുകൊണ്ടാണ് കേൾക്കാതിരുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അവിടെനിന്ന് ശിരോവസ്ത്രം അണിഞ്ഞതിന്റെ പേരിൽ ഇറക്കിവിട്ട അതേ ദിവസംതന്നെയാണ് നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ സ്റ്റേറ്റുമെന്റ് ദേശാഭിമാനിയുടെ പിൻപേജിൽ വരുന്നത്. മത അടയാളങ്ങൾ ഉപയോഗിക്കുന്നത് നല്ലതാണോയെന്ന് സ്ത്രീകൾ ചിന്തിക്കണം. അത് ദേശാഭിമാനിയുടെ ഏറ്റവും വലിയ ഹെഡ്ഡിംഗായിരുന്നു. ഇതുമായി ബന്ധപ്പെട്ടതാണോ എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, അത് എന്റെ മാത്രമല്ല, ദേശാഭിമാനി വായിക്കുന്ന എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടുകാണും. ഇതുതന്നെയാണ് ഞാൻ പറഞ്ഞത്. ഇത്തരം കാര്യങ്ങളിലൊക്കെ രണ്ട് കൂട്ടരുടെയും നിലപാട് ഒന്നാണ്. വെറുതെ ഇവിടെവന്ന് ബി.ജെ.പി.-ക്കെതിരെ വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ; വിശ്വാസപരമായ കാര്യങ്ങളെ സംബന്ധിച്ച് മുൻപും നിങ്ങൾ സ്വീകരിച്ച നിലപാട് അതാണ്. നമ്മളിപ്പോൾ പഴയ ചരിത്രത്തിലേയ്ക്ക് പോകണ്ട. അതൊക്കെ പറഞ്ഞാൽ ബുദ്ധിമുട്ടാണ്. ഇപ്പോൾ അതിന് സമയമില്ല. അതുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുകയാണ്. ഈ രണ്ട് അക്ഷരത്തിനുവേണ്ടി മാത്രം കൊണ്ടുവന്ന ഭേദഗതിയെ ഞാൻ എതിർക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എ. പി. അനിൽ കുമാറിന് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ.സി. ജോസഫിനുവേണ്ടി ശ്രീ. എ. പി. അനിൽ കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിലെ ചെറിയൊരു മാറ്റം, 'മറ്റൊരു' എന്നത് 'ഒരു' എന്നാക്കി മാറ്റുന്നു എന്നുള്ളതാണ്. അതിൽ ചില ദുരുദ്ദേശങ്ങളും രാഷ്ട്രീയ താൽപ്പര്യങ്ങളുമുണ്ടെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരം താൽപ്പര്യങ്ങളുടെ പശ്ചാത്തലത്തിലാണ് 'മറ്റൊരു' എന്നത് 'ഒരു' ആയി മാറുന്നതെങ്കിൽ അത് തെറ്റായ തീരുമാനമാണെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മറിച്ച് സദുദ്ദേശപരമാണെങ്കിൽ, അത് അനിവാര്യമാണെങ്കിൽ എല്ലാ അർത്ഥത്തിലും അംഗീകരിക്കുകയാണ്. ആരെവേണമെങ്കിലും അംഗങ്ങളായി വയ്ക്കാം. ഏത് മൈനോറിറ്റി വിഭാഗത്തേയും വയ്ക്കാനുള്ള ഫ്രീഡം സർക്കാരിനുള്ളതുകൊണ്ട് 'ഒരു' എന്ന് വന്നാലും ദോഷമില്ലെന്നാണ് എന്റെ അഭിപ്രായം. സ്വാഭാവികമായും ഇന്ന് ന്യൂനപക്ഷ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ ഇവിടെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ കഴിഞ്ഞ 5 വർഷത്തെ കാര്യങ്ങൾ പരിശോധിക്കുന്നത് നല്ലതായിരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തേതായതുകൊണ്ട് പരിശോധിക്കണ്ട എന്ന തീരുമാനമെടുക്കേണ്ട. ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ 5 വർഷം യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത നടപടിക്രമങ്ങൾ പരിശോധിച്ചാൽ ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി പ്രവർത്തിച്ച, അല്ലെങ്കിൽ പദ്ധതികൾ കൊണ്ടുവന്ന ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ലെന്ന് മനസ്സിലാകും. ബഹുമാനപ്പെട്ട പിന്നോക്കക്ഷേമ വകുപ്പുമന്ത്രി കൂടിയായ ശ്രീ. എ. കെ. ബാലൻ കഴിഞ്ഞ ദിവസം പറഞ്ഞ ഒരു കാര്യം ഞാൻ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ന്യൂനപക്ഷവുമായി ബന്ധപ്പെട്ടല്ലെങ്കിൽ പിന്നോക്ക വിഭാഗവുമായി ബന്ധപ്പെട്ട് ഏതാനും സമുദായങ്ങൾക്ക് ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യം നൽകിയതിനെക്കുറിച്ച് പറഞ്ഞു. ആർക്കെങ്കിലും അത് നിഷേധിക്കാൻ പറ്റുമോ. ഞാൻ അന്ന് അദ്ദേഹത്തോട് ചോദ്യോത്തര വേളയിലാണെങ്കിലും ചോദിച്ചില്ല. പക്ഷേ പിന്നോക്ക വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ഏതാനും സമുദായങ്ങൾക്ക്, അത് പതിനായിരം വരെ അംഗങ്ങളുള്ള സമുദായങ്ങളാണ്. ആരാലും ശ്രദ്ധിക്കപ്പെടാത്ത, പിന്നോക്ക വിഭാഗങ്ങൾ എന്നുപറഞ്ഞുകഴിഞ്ഞാൽ അതിലെ മെജോറിറ്റി അവിടെ സംഘടനാപരമായ കരുത്തുള്ള, അതുപോലെതന്നെ

രാഷ്ട്രീയമായി സംഘടിക്കാൻ കഴിവുള്ള ആളുകളുടെ ശബ്ദം എന്നും മുന്നോട്ടുവരും. പക്ഷേ പതിനായിരം, ഇരുപതിനായിരം ഒക്കെ വരുന്ന ചെറിയ ചെറിയ സമുദായങ്ങൾ പിന്നോക്ക വിഭാഗങ്ങളിലുണ്ട്. ആ പിന്നോക്ക വിഭാഗങ്ങളിലെ ചെറിയ സമുദായത്തിന്റെ ശബ്ദംപോലും കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കേട്ടതുകൊണ്ടാണ്, ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യം എന്താണോ അത് ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്കുകൂടി നൽകണമെന്ന് തീരുമാനിച്ചത്. അല്ലാതെ അവരെ ഒന്നിച്ച് ഒ.ബി.സി.-യിൽ നിന്നെടുത്ത് ഒ.ഇ.സി.-യിലേയ്ക്ക് മാറ്റിയതല്ല. ഒ.ബി.സി.-യിൽ നിലനിർത്തിക്കൊണ്ടുതന്നെ പിന്നോക്ക വിഭാഗങ്ങളിലെ മോസ്റ്റ് ബാക്ക്‌വേർഡ് വിഭാഗത്തിൽപ്പെട്ടവരെ പിന്നോക്ക വിഭാഗത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് അങ്ങനെയൊരു തീരുമാനമെടുത്തത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പറഞ്ഞത് ഒരു തെറ്റായ രൂപത്തിൽ വ്യാഖ്യാനിക്കണ്ട. നിലവിൽ 10 സമുദായമാണ് ഒറിജിനലായി ഒ.ഇ.സി.-യിലുള്ളത്. ചില സമുദായത്തെ ഒ.ഇ.സി.-യുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കാൻ ഒ.ഇ.സി. ലിസ്റ്റിൽപ്പെടുത്തുകയാണ്. അതിനോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. 10 സമുദായം ഉണ്ടായ സമയത്ത് ഹെഡ്ഡിൽ എന്തായിരുന്നോ വിദ്യാഭ്യാസ ആനുകൂല്യം അതുതന്നെ 40 സമുദായത്തിനും വരികയാണ്. അപ്പോൾ നിങ്ങൾക്ക് എന്തുപറ്റും. അതുതന്നെ ഇപ്പോൾ ഇവിടെയും പറ്റിയത്. വിദ്യാഭ്യാസ ആനുകൂല്യം കൊടുക്കാൻ പറ്റുന്നില്ല. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, അത് സാമ്പത്തിക ബാധ്യതയെ ക്കുറിച്ചാണ്. കഴിഞ്ഞ 5 വർഷം ഒ.ഇ.സി. വിഭാഗങ്ങൾക്ക് കൊടുത്ത ഫണ്ട് പരിശോധിച്ചാൽ മുൻകാല ഗവൺമെന്റിനെക്കാൾ കൂടുതൽ തുക കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മനസ്സിലാകും. സ്വാഭാവികമായും സാമ്പത്തിക ബാധ്യത വരും, ഓരോ ഗവൺമെന്റിന്റെയും ഉത്തരവാദിത്വമാണത്. പക്ഷേ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനായി, ഒരു ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമായി എടുക്കുന്ന ഇത്തരം തീരുമാനങ്ങൾ നിഷേധാത്മകമായി കാണരുതെന്നാണ് ഞാൻ പറഞ്ഞത്. ഒ.ഇ.സി./ഒ.ബി.സി./മൈനോരിറ്റി വിഭാഗങ്ങളുടെ കാര്യത്തിൽ ഭവന പദ്ധതിയുൾപ്പെടെ കുറെയേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. എനിക്ക് തോന്നുന്നു ഭവന പദ്ധതി ആദ്യമായി കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അത്

സ്ട്രെംഗ്തൻ ചെയ്യുകയാണ് ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്വം. അതിനകത്ത് മറ്റൊരു രീതിയിലുള്ള കാഴ്ചപ്പാടില്ലാതെ, അത്തരം കാര്യങ്ങൾ കൂടുതൽ മൈനോരിറ്റി വിഭാഗങ്ങൾക്കിടയിൽ, മൈനോരിറ്റി എന്നുപറയുമ്പോൾ ഇന്ന് എല്ലാ രീതിയിലും പുരോഗമിച്ച എന്നുപറയുന്ന ആളുകളുണ്ട്. എനിക്കറിയാം, സമ്പന്നരായ ധാരാളം ആളുകളുണ്ട്, പക്ഷേ ഇന്ന് പതിനായിരക്കണക്കിന് സാധാരണക്കാരായ ആളുകൾ മൈനോരിറ്റി/ന്യൂനപക്ഷ വിഭാഗങ്ങളിലുണ്ടെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കണം. ഒരു വിഭാഗത്തിലെ ഒരു ശതമാനം ആളുകളുടെ ഉയർച്ച എടുത്തുകാണിച്ച് ജനറലൈസ് ചെയ്ത് ന്യൂനപക്ഷം പൂർണ്ണമായും വളർച്ച പൂർത്തീകരിച്ചുവെന്ന തലത്തിലേയ്ക്ക് നമ്മൾ എത്തുന്നത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന ഇത്തരം ആനുകൂല്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. വിദ്യാഭ്യാസ മേഖലയിലും സാമ്പത്തിക രംഗത്തും ക്ഷേമ പ്രവർത്തനങ്ങൾക്കും ഒക്കെ ന്യൂനപക്ഷങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുവാനും യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന നടപടികളിലൂടെ ഇന്ന് സംസ്ഥാന ഗവണ്മെന്റിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന ഫണ്ടുകൾ നല്ല രീതിയിൽ വിനിയോഗിക്കാനും കഴിയണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല, ന്യൂനപക്ഷ വിഭാഗവുമായി ബന്ധപ്പെട്ട ചർച്ച നടത്തുന്ന ഇന്ന് ന്യൂനപക്ഷ വിഭാഗങ്ങൾ, പ്രത്യേകിച്ച് മുസ്ലീം കമ്മ്യൂണിറ്റി ആശങ്കയുടെയും സുരക്ഷിതത്വമില്ലായ്മയുടെയും അന്തരീക്ഷത്തിലാണ് കഴിയുന്നത്. അമേരിക്കയിൽ പുതിയ ഭരണകൂടത്തിന്റെ കടന്നുവരവും രണ്ടര വർഷമായി ബി.ജെ.പി. ഗവൺമെന്റ് ഇന്ത്യയിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അസ്ഥിരതയും ആശങ്കയും അസ്വസ്ഥതയുമൊക്കെ വളരെ വലുതാണ്. കേരളത്തിന്റെ സാഹചര്യം ഞാൻ പറയുന്നില്ല, ഈ ഗവൺമെന്റ് ന്യൂനപക്ഷ താൽപ്പര്യങ്ങൾ സംരക്ഷിക്കുമെന്ന് പറഞ്ഞാണ് അധികാരത്തിൽ വന്നത്. ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ ഓരോ കാര്യങ്ങളിലും ഗവൺമെന്റ് എടുക്കുന്ന നിലപാടുകളിൽ ഇവിടത്തെ ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വബോധം അനുഭവപ്പെടുന്നില്ല എന്ന കാര്യത്തിൽ സംശയമില്ല. താനൂരിന്റെ കാര്യത്തിൽ മാത്രമല്ല, പൊതുവായി പറഞ്ഞാൽ ബി.ജെ.പി.-യുടേതായ മുദ്രാവാക്യങ്ങളിൽ, അവരുടെ പ്രസംഗങ്ങളിൽ, അവരുടെ പ്രക്ഷോഭങ്ങളിൽ, നിയമം ശക്തമാകുന്നില്ല, ലാത്തി ഉയരുന്നില്ല, പോലീസ് നിഷ്ക്രിയമാകുന്ന സാഹചര്യം കേരളത്തിലുണ്ട്. ഇന്ത്യൻ സാഹചര്യവും അതുപോലെ ആഗോളസാഹചര്യവും കൂട്ടിവായിക്കുമ്പോൾ പൊതുവായി ന്യൂനപക്ഷങ്ങൾ അസ്വസ്ഥതയുടെ അന്തരീക്ഷത്തിലാണെന്ന് പറയേണ്ടിവരും. ഇന്ത്യയിൽ ഉണ്ടായിട്ടുള്ള ഈ അസ്വസ്ഥത, ഇത്തരത്തിലുള്ള ഒരു ചിന്ത അല്ലെങ്കിൽ ഇന്ന് ബി.ജെ.പി.-ക്ക് നിങ്ങൾ പറയുന്ന രീതിയിലുള്ള ഒരു വളർച്ച എന്നുപറയുന്നത്

അതിന്റെ തുടക്കമാണെന്ന് മുഖ്യമന്ത്രി ഇന്ന് പരോക്ഷമായെങ്കിലും സമ്മതിച്ചില്ലേ? ശ്രീ. പി. ടി. തോമസ് പറഞ്ഞ കാര്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി എന്താണ്, അടിയന്തരാവസ്ഥയെ നേരിടുന്നതിനുവേണ്ടി ആർ.എസ്.എസ്. ജനസംഘത്തിലേയ്ക്കും ജനസംഘം ജനതാ പാർട്ടിയിലേയ്ക്കും വന്ന് അതിനെ പിന്തുണയ്ക്കുന്ന സാഹചര്യം ഉണ്ടായി എന്നുപറഞ്ഞാൽ സ്വാഭാവികമായും....

<u>ശ്രീ. സി. കെ നാണു</u>: സർ, ജനതാ പാർട്ടി ഫോം ചെയ്തത് ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിലാണ്. ഗാന്ധിയൻ സമീപനങ്ങൾ സ്വീകരിക്കുമെന്ന് ആർ.എസ്.എസ്.-ഉം ഭാരതീയ ജനസംഘവും അംഗീകരിച്ച ശേഷമാണ് ജനതാ പാർട്ടി ഫോം ചെയ്തത്. പിന്നീട് ബോംബെയിൽ ബി.ജെ.പി. സ്വന്തമായി പാർട്ടിയുണ്ടാക്കിയ അവസരത്തിൽ അവർ ഗാന്ധിയൻ സമീപനമാണ് സ്വീകരിച്ചത്. ഞങ്ങൾക്കിത് പറ്റുകയില്ലെന്നുപറഞ്ഞ് ദീൻദയാൽ ഉപാധ്യായ അദ്ദേഹത്തിന്റെ സാമ്പത്തികനയം സ്വീകരിച്ചത് പിന്നീടാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി ഭരണഘടന വന്നശേഷം രാജ്യത്തെ പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പ്രത്യേകമായി ചില സംവിധാനങ്ങളുണ്ട്, ജനതാ പാർട്ടിയുടെ ഭരണകാലത്താണ് മണ്ഡൽ കമ്മീഷൻ ഏർപ്പെടുത്തിയത്. ശ്രീ. വി. പി. സിംഗാണ് മണ്ഡൽ കമ്മീഷൻ നടപ്പിലാക്കിയത്. അങ്ങനെയാണ് ഇവിടത്തെ ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും ഭരണഘടനാപരമായ അവകാശങ്ങൾ ലഭിച്ചത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നാണുവേട്ടനോട് ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടേ, ഇന്ത്യൻ രാഷ്ട്രീയത്തിൽ ജനസംഘത്തിന്, ഒരു മുഖം നൽകിയത് യഥാർത്ഥത്തിൽ ജയപ്രകാശ് നാരായണനും ജനതാ പാർട്ടിയുമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? അവിടെനിന്നല്ലേ തുടക്കം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ബഹുമാന്യനായ അംഗം ബി.ജെ.പി.-യുമായി കൂട്ടുചേർന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. ഇന്ന് മാതൃഭൂമിയുടെ എഡിറ്റോറിയൽ പേജിൽ അഡ്വ. പി. എസ്. ശ്രീധരൻ പിള്ള, അഡ്വ. എം. രത്നസിംഗിനെ സ്മരിച്ചിട്ടുണ്ട്. അതിനകത്ത് അദ്ദേഹം പറയുന്ന ഒരു കാര്യം, 1991-ൽ വടകര പാർലമെന്റ് മണ്ഡലത്തിൽ സ്വതന്ത്രനായി മൽസരിച്ച രത്നസിംഗിനെ യു.ഡി.എഫ്-ഉം ബി.ജെ.പി.-യും പിന്താങ്ങിയിരുന്നു. അദ്ദേഹത്തിന്റെ ആ രാഷ്ട്രീയ പരീക്ഷണം വിജയിച്ചിരുന്നുവെങ്കിൽ കേരളത്തിന്റെ രാഷ്ട്രീയഗതി തന്നെ മാറുമായിരുന്നു എന്നാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പിന്നെ ജനസംഘത്തെക്കുറിച്ച് പറയുമ്പോൾ ആർ.എസ്.എസ്.-കാരനായ ശ്യാമപ്രസാദ് മുഖർജി ജവഹർലാൽ നെഹ്റുവിന്റെ ഇടക്കാല മന്ത്രിസഭയിൽ അംഗമായിരുന്നു എന്ന കാര്യം നിങ്ങൾ മറക്കരുത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇവിടെ നിങ്ങൾ പ്രസംഗിച്ചപ്പോൾ മണിപ്പൂരിലും മറ്റുമുള്ള ഏകാധിപത്യ പ്രവണതയെക്കുറിച്ച് പരാമർശിച്ചു. എന്റെ ചോദ്യം ഒന്നേയുള്ളൂ, അതിന്റെ ഒരു സമാനമായ ചിത്രമാണല്ലോ അടിയന്തരാവസ്ഥ. അതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണ്? ശരിയാണോ, തെറ്റാണോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അടിയന്തരാവസ്ഥയെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. അന്നത്തെ നിലപാട് ശരിയാണെന്ന് വിശ്വസിക്കുന്നവരുണ്ട്. കാരണം, ഞാൻ അതിലേയ്ക്ക് വരാൻ ഉദ്ദേശിച്ചതല്ല. അന്നത്തെ ഒരു സാഹചര്യമെന്തായിരുന്നു, ഞാൻ പറഞ്ഞല്ലോ ആർ.എസ്.എസ്. ഉൾപ്പെടെയുള്ള അന്നത്തെ ജനതാ പാർട്ടിയിലെ 60 ശതമാനവും ആർ.എസ്.എസ്., ജനസംഘമാണ്. ആർ.എസ്.എസ്. ഉൾപ്പെടുന്ന ഒരു രാഷ്ട്രീയ പാർട്ടി എടുത്ത സമീപനമെന്താണ്? ജയപ്രകാശ് നാരായണന്റെ സമ്പൂർണ്ണ വിപ്ലവം രാജ്യത്തെ എങ്ങോട്ടാണ് കൊണ്ടുപോയത്? ഇന്ത്യയിലെ ജനാധിപത്യത്തെ തകർക്കുന്ന രീതിയിലായിരുന്നില്ലേ, ശ്രീ. ഷംസീർ ശ്രദ്ധിക്കണം, അതിനകത്ത് പട്ടാളവിപ്ലവം നടത്തണമെന്നുവരെ ജെ. പി. ആവശ്യപ്പെടുന്ന സന്ദർഭം ഉണ്ടായി. അപ്പോൾ സാഹചര്യങ്ങളുടെ സമ്മർദ്ദം തന്നെയായിരുന്നു, അന്ന് അടിയന്തരാവസ്ഥയ്ക്ക് പകരം ഒരു സമ്പൂർണ്ണ വിപ്ലവം നടന്ന് പട്ടാളം ഈ രാജ്യം ഏറ്റെടുക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിരുന്നുവെങ്കിൽ ഇന്ന് മുഖ്യമന്ത്രി പറഞ്ഞ ജനാധിപത്യത്തിന്റെ അവസ്ഥ എന്താകുമായിരുന്നു? അത് നടപ്പിലാക്കിയതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. കേരളത്തിൽ നമുക്ക് ശക്തമായ രീതിയിൽ തിരിച്ചുവരാൻ കഴിഞ്ഞില്ലേ. അതിനുമുൻപേ മൂവ്മെന്റ് ഉണ്ടായിരുന്നു. ജെ.പി.-യുടെ മൂവ്മെന്റ് നമുക്കറിയാം, 1972 മുതലുള്ള ബീഹാറിലെ വരൾച്ചാ സമരവും ശ്രീ. ജോർജ്ജ് ഫെർണാണ്ടസിന്റെ റെയിൽവേ സമരവും; അങ്ങനെ ഒരുപാട് സമരങ്ങളുടെ ആകെത്തുകയാണ് പിന്നീട് ഈ മൂവ്മെന്റ് വരുന്നതിന് കാരണമായത്. അതിലെന്താണ് സംശയമുള്ളത്?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചില്ലായിരുന്നു എന്നു വിചാരിക്കുക, നിങ്ങളിലുള്ള പലരും നമ്മളും ഒന്നാകുന്ന സ്ഥിതി ഉണ്ടാകുമായിരുന്നോ, ഒന്നായി ഭരിച്ചില്ലേ നമ്മൾ, ഈ കേരളത്തിൽ, മറന്നുപോയോ? ശ്രീ. പി. ടി. തോമസ് എ.കെ.ജി. സെന്ററിൽ വന്നിട്ടില്ലേ ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, അങ്ങനെയൊക്കെ ചോദിക്കാമോ? അങ്ങനെ ചോദിച്ചുകഴിഞ്ഞാൽ നമ്മൾ 7 വർഷം ഇതിന്റെ ഭാഗമായി നിന്നവരല്ലേ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവർ ഇപ്പോൾ എതിർക്കുന്ന ഇന്ദിരാഗാന്ധിയെ അടിയന്തരാവസ്ഥയ്ക്കുശേഷം അറസ്റ്റു ചെയ്തു. പക്ഷേ അതേ ഇന്ദിരാഗാന്ധിയെ ഇന്ത്യയിലെ ജനങ്ങൾ വൻ ഭൂരിപക്ഷത്തോടെ തിരിച്ചുകൊണ്ടുവന്നു എന്ന കാര്യം മറക്കരുത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേരളത്തിൽ വീണ്ടും അധികാരത്തിൽ വന്നില്ലേ, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ ഭൂരിപക്ഷത്തോടുകൂടി നമുക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞു, പാർലമെന്റിൽ എം.പി. -മാരെ കൊണ്ടുവരാൻ കഴിഞ്ഞു. പക്ഷേ ഞാൻ അങ്ങനെയൊരു തർക്കത്തിലേയ്ക്കല്ല വന്നത്. അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അന്ന് ഇന്ദിരാഗാന്ധിക്കെതിരെ പറഞ്ഞവർ പിന്നീട് തെരഞ്ഞെടുപ്പിനെ നേരിട്ട്, ഇന്ദിരാഗാന്ധി അതേ ആവേശത്തിൽ തിരിച്ചുവന്നു. അത് ഇന്ത്യൻ ജനാധിപത്യത്തിന്റെ കരുത്താണ്. ആ ഇന്ത്യൻ ജനാധിപത്യം ഒരുരീതിയിലും വഴിതെറ്റിപ്പോകാതെ, പാളം തെറ്റിപ്പോകാതെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ സമ്പൂർണ്ണ വിപ്ലവവും പട്ടാളവിപ്ലവവും ഒക്കെ ആഹ്വാനം ചെയ്തപ്പോൾ അതിന് തടയിടുന്നതിന് അടിയന്തരാവസ്ഥ സഹായിച്ചിട്ടുണ്ട്. അതുകൊണ്ട് അത് അക്കാദമിക് തലത്തിൽ പരിശോധിക്കേണ്ട കാര്യമാണ്, അടച്ചാക്ഷേപിക്കലല്ല.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇന്ത്യയിലെ മതനിരപേക്ഷത കാത്തുസൂക്ഷിക്കാൻ കോൺഗ്രസ് നന്നായിരിക്കണമെന്ന് തന്നെയാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷെ പാളയത്തിലുള്ള ആളുകൾ തന്നെയല്ലേ കോൺഗ്രസ്സിനെ തകർക്കുന്നത്? ഉദാഹരണത്തിന്, യു.പി.-യിലെ മുഖ്യമന്ത്രിയായ ശ്രീ. എൻ. ഡി. തിവാരി, ഉത്തരാഖണ്ഡിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വിജയ് ബഹുഗുണ, യു. പി. കോൺഗ്രസ് പ്രദേശ് പ്രസിഡന്റ്, ആസാമിലെ കോൺഗ്രസ് പ്രദേശ് സെക്രട്ടറി, ഇപ്പോൾ മണിപ്പൂരിലുള്ള ബി.ജെ.പി.-യുടെ പുതിയ മുഖ്യമന്ത്രിയായ ശ്രീ. ബിരേൻ സിംഗ് അടക്കമുള്ള ആളുകൾ കോൺഗ്രസ് നേതാക്കളായിരുന്നു. അവരാണ് ബി.ജെ.പി.-യിലേയ്ക്ക് പോയി രാഷ്ട്രീയമുണ്ടാക്കിയത്. ഇത് ന്യൂനപക്ഷത്തിന് കോൺഗ്രസ്സിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയിട്ടില്ലേ; അതല്ലേ യഥാർത്ഥ കാരണം? അതിനെയല്ലേ കോൺഗ്രസ് സമരം ചെയ്ത് തോൽപ്പിക്കേണ്ടത്. എന്റെ സംശയം അതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ന്യൂനപക്ഷങ്ങൾക്കിടയിലുള്ള ഒരു വിശ്വാസവും കോൺഗ്രസ് നഷ്ടപ്പെടുത്തിയിട്ടില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണയും വേണ്ട. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ പത്തുവർഷം മുൻപ് പഞ്ചാബിൽ കോൺഗ്രസ് തോറ്റപ്പോൾ എന്താണ് പറഞ്ഞത്? കോൺഗ്രസ് എല്ലാ രീതിയിലും പഞ്ചാബിൽനിന്ന് പോയി എന്നാണ്. ആ പഞ്ചാബിലാണ്

ശക്തമായി തിരിച്ചുവന്നത്. അതുപോലെ ഓരോ സംസ്ഥാനങ്ങളിലും ശക്തമായി തിരിച്ചുവരും. ഒരു കാര്യം മനസ്സിലാക്കണം, കോൺഗ്രസ്സിനെ നിങ്ങൾ എങ്ങനെ എതിർത്താലും തെരഞ്ഞെടുപ്പിൽ ജയവും പരാജയവുമുണ്ട്. ജയിക്കാനെന്നപോലെ പരാജയപ്പെടാനും ആരോഗ്യമുള്ള പ്രസ്ഥാനമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സെന്നത് മറക്കരുത്. പരാജയപ്പെടാനുള്ള ആരോഗ്യമുള്ളതുകൊണ്ടാണ് പരാജയത്തിൽനിന്ന് തിരിച്ചുവരുന്നത്. അതാണ് പഞ്ചാബിൽ തിരിച്ചുവന്നത്. ഏതെങ്കിലും സംസ്ഥാനത്ത് പരാജയപ്പെട്ടാൽ അത് കോൺഗ്രസ്സിന്റെ അവസാനമാണെന്ന് ധരിക്കേണ്ട.

<u>ശ്രീ. എം. സ്വരാജ്</u>: സർ, കോൺഗ്രസ് ഈ രാജ്യത്ത് തകരണമെന്നും അങ്ങനെ ചരിത്രത്തിൽനിന്നും നാമാവശേഷമാകണമെന്നും ഇന്ത്യയിൽ മതനിരപേക്ഷ ചിന്താഗതിക്കാരാരും ആഗ്രഹിക്കുന്നില്ല. പറയുന്നതിന്റെ സെൻസ് ബഹുമാനപ്പെട്ട അംഗത്തിന് മനസ്സിലാക്കാൻ കഴിയുമെന്ന് കരുതി ഞാൻ ചോദിക്കുകയാണ്. പലപ്പോഴും മതനിരപേക്ഷ വാദികളെ നിരാശപ്പെടുത്തുന്ന നിലപാട് കോൺഗ്രസ് നേതൃത്വത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതുകൊണ്ടാണ് ഒറ്റപ്പെട്ടുപോകുന്നത്. ഉത്തരാഖണ്ഡിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഹരീഷ് റാവത്ത് രണ്ട് മണ്ഡലങ്ങളിൽ മത്സരിച്ചു, രണ്ടിടത്തും പരാജയപ്പെട്ടു. അദ്ദേഹം ഒരു വർഷത്തിനിടയിൽ പശുമാംസവുമായി ബന്ധപ്പെട്ട വിവാദമുയർന്നപ്പോൾ 'പശുമാംസം കഴിക്കുന്നവർ പാകിസ്ഥാനിലേയ്ക്ക് പോകട്ടെ' എന്ന ഒരു നിലപാട് സ്വീകരിച്ചിരുന്നു. അന്ന് അദ്ദേഹത്തെ തിരുത്താൻ കോൺഗ്രസ് നേതൃത്വത്തിലെ ആരും സന്നദ്ധമായില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ വേണമെങ്കിൽ അതിനുള്ള തെളിവുകളൊക്കെ ഞാൻ തരാം. അത് മലയാളത്തിലെ മീഡിയ ഉൾപ്പെടെ ദേശീയ മീഡിയകളെല്ലാം റിപ്പോർട്ട് ചെയ്തു. ഒന്നിൽക്കൂടുതൽ തവണ അദ്ദേഹം ആ അഭിപ്രായം പ്രകടിപ്പിച്ചു. നിർഭാഗ്യവശാൽ കോൺഗ്രസ് നേതൃത്വത്തിലെ ആരും അത് തിരുത്തിയില്ല. ഞാൻ പറയുന്നത്, ഇത്തരം നിലപാടുകൾ ആവർത്തിച്ചുപറയുന്ന ചില നേതാക്കൾ കോൺഗ്രസ്സിന്റെ തകർച്ചയ്ക്ക് കാരണക്കാരാണ്. അതിനെ നിങ്ങൾക്ക് അംഗീകരിക്കാനാകുമോ എന്നാണ് ചോദിക്കുന്നത്?

<u>ശ്രീ. എം. ഉമ്മർ</u>: സർ, ശ്രീ. മുഹമ്മദ് മുഹസിൻ പി. ഇടപെട്ട് സംസാരിച്ചപ്പോൾ പറഞ്ഞത് കോൺഗ്രസ്സിൽനിന്ന് കുറേ ആളുകൾ അപ്പുറത്ത് പോയിട്ടുണ്ടെന്നാണ്. സി.പി.ഐ.(എം)-ൽ നിന്ന് പോയപ്പോൾ ചന്ദ്രശേഖരനോടൊക്കെ എടുത്ത നിലപാട് കോൺഗ്രസ്സിൽനിന്ന് പോയവരോട് എടുത്തിരുന്നുവെങ്കിൽ ഇ.എം.എസ്. അടക്കമുള്ളവർ ഇവിടെ മുഖ്യമന്ത്രിയാകുമായിരുന്നോ? കോൺഗ്രസ്സിൽനിന്ന് പോയ ആളുകളോട് കോൺഗ്രസ് എടുത്ത സമീപനവും സി.പി.ഐ.(എം)-ഉം എടുത്ത സമീപനവും തമ്മിലുള്ള വ്യത്യാസമതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യയെപ്പോലെ വിശാലമായ രാഷ്ട്രീയമുള്ള ഒരു രാജ്യത്ത്, ഒരിടത്ത് ഒന്നോ രണ്ടോ ആളുകൾ വിട്ടുപോകുന്നതിനെ ജനറലൈസ് ചെയ്യുന്നതാണോ ശരി? അത്തരത്തിലുള്ള കാര്യങ്ങളൊക്കെ വാദത്തിനുവേണ്ടി പറയാം. ശ്രീ. രാജേഷ് പറഞ്ഞത് അതാണ്. ഇതുപോലെ മാരാരുടെ കാര്യവും തിരിച്ച് ചോദിക്കാം. ഞാൻ അങ്ങനെ ഒരു തർക്കത്തിനുവേണ്ടിയല്ല പറഞ്ഞത്. പക്ഷെ ബേസിക്കായി അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. അതിനകത്ത് ഏതെങ്കിലും ഒരു തെരഞ്ഞെടുപ്പിലോ ഉപ തെരഞ്ഞെടുപ്പിലോ മാരാരുടെയോ മറ്റേതെങ്കിലും കാര്യമോ പറഞ്ഞ് ജയിക്കാനല്ല.

ശ്രീ. ആർ. രാജേഷ്: സർ, ആശയപരമായി വിയോജിക്കുന്നവരോട് എന്തെങ്കിലും തെറ്റായ സമീപനം സ്വീകരിക്കുന്ന പാർട്ടിയല്ല ഞങ്ങളുടേത്. ബഹുമാനപ്പെട്ട എം. ഉമ്മർ ചൂണ്ടിക്കാണിച്ച വിഷയം, റെഹ്മത്തുള്ളയോടും അബ്ദുള്ളക്കുട്ടിയോടും കെ.എൻ.എ. ഖാദറിനോടും ഞങ്ങളെന്ത് സമീപനമാണ് സ്വീകരിച്ചതെന്ന് ചോദിച്ചാൽ മതി.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ സംസാരിച്ച് കൂടുതൽ വിവാദങ്ങളിലേയ്ക്ക് പോകുന്നില്ല. ഇന്ത്യാ രാജ്യത്ത് സ്വാഭാവികമായും ഇന്ന് ബി.ജെ.പി.-ക്ക് ഇത്രമാത്രം പിന്തുണ ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞത്, അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട് ഇന്ദിരാഗാന്ധിക്കെതിരെ 'ഏത് ചെകുത്താനുമായും കൂട്ടുപിടിച്ച് കോൺഗ്രസ്സിനെ തോൽപ്പിക്ക'മെന്ന ഇ.എം.എസ്.-ന്റെ വളരെ പ്രസിദ്ധമായ വാചകം, യഥാർത്ഥത്തിൽ ആ ഒരു പരാജയം ഇന്ന് ഇന്ത്യാ രാജ്യത്ത് എത്ര വലിയ ചെകുത്താനെയാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് നമ്മൾ തിരിച്ചറിയുകയാണ്. ചെകുത്താന്മാർ ഇന്ത്യ ഭരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. അതുകൊണ്ടുതന്നെ കൂടുതൽ ഉത്തരവാദിത്വവും പ്രത്യേകിച്ച് കേരളം പോലെയുള്ള സംസ്ഥാനത്ത് വളരെയധികം ജാഗ്രതയും വേണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരുടെ മനസ്സിലാണോ അസ്വസ്ഥതയുള്ളത് അല്ലെങ്കിൽ ആശങ്കയുള്ളത് അവർക്ക് സ്വസ്ഥതയുണ്ടാക്കിക്കൊടുക്കുക എന്നത് ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. കേന്ദ്രത്തിൽ ഇന്ന് ബി.ജെ.പി. ഗവൺമെന്റ് ഭരിക്കുമ്പോൾ ആ ഗവൺമെന്റെടുത്ത നിലപാടുകൾ, ന്യൂനപക്ഷ വിരുദ്ധ നിലപാടുകളുടെ ഒരു പട്ടിക തന്നെ നമുക്ക് പറയാൻ കഴിയും. പക്ഷെ അതിനപ്പുറത്ത് നാം കാണേണ്ടത്, ബി.ജെ.പി. ഗവൺമെന്റ് ഇന്ത്യയിലെ കോടിക്കണക്കിന് വരുന്ന ന്യൂനപക്ഷ വിഭാഗങ്ങളുടെ മനസ്സിൽ ഉണ്ടാക്കിയിട്ടുള്ള ഭയവും ആശങ്കയുമാണ്. ഒറ്റപ്പെട്ട സംഭവങ്ങൾ വേണമെങ്കിൽ നമുക്ക് ഒരുപാട് പറയാം. ആ സംഭവങ്ങൾക്കപ്പുറത്ത് ഒരു ജനതയുണ്ട്. ഒരു വീട് സുരക്ഷിതത്വം നൽകുന്നതുപോലെ ഭരണകൂടം നമുക്ക് നൽകേണ്ടത് സുരക്ഷിതത്വമാണ്. ഈ

രാജ്യത്ത് ജീവിക്കുമ്പോൾ നമുക്ക് ഏറ്റവും വലിയ സുരക്ഷിതത്വമെന്ന് പറയുന്നത് ഭരണകൂടം നൽകുന്ന കരുത്താണ്. പക്ഷെ ഒരു ഭരണകൂടംതന്നെ ആ സുരക്ഷിതത്വം നഷ്ടപ്പെടുത്തുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ഇന്ന് അത്തരമൊരു ആശങ്ക നിലനിൽക്കുന്നു. വെറുതേയുള്ള ആശങ്കയല്ല, ആശങ്ക യാഥാർത്ഥ്യമാണെന്നുള്ള തിരിച്ചറിവുണ്ട്. വലുത് വരാനിരിക്കുന്നതേയുള്ളൂ, വരാനിരിക്കുന്ന വലുതിന്റെ ചില ലക്ഷണങ്ങൾ മാത്രമാണ് ഇപ്പോൾ കണ്ടു തുടങ്ങിയിട്ടുള്ളത്. വരാനിരിക്കുന്ന വലുതിനെ ചെറുത്തുതോൽപ്പിക്കുവാൻ പരസ്പരമുള്ള പഴിചാരലുകളല്ലാതെ ശക്തമായ മതേതര കൂട്ടായ്മ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. വർഗ്ഗീയതയെ നേരിടാൻ മതേതര കൂട്ടായ്മ വേണം. ആ മതേതര കൂട്ടായ്മക്ക് ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത്, 29-ഓളം സംസ്ഥാനങ്ങളുള്ള, കേന്ദ്ര ഭരണ പ്രദേശങ്ങളുള്ള ഒരു രാജ്യത്ത്, സി.പി.ഐ.(എം)-ന് കഴിയുമെന്ന് നിങ്ങൾ തെളിയിക്കണം. ഞങ്ങൾ പറഞ്ഞല്ലോ, ബീഹാറിൽ ഞങ്ങൾ ശ്രീ. നിതീഷ് കുമാറിനോടൊപ്പം കൂടിയില്ലേ? എന്തുകൊണ്ടാണ് ഇന്ത്യ എത്രയോ കാലം ഭരിച്ച പാർട്ടി ശ്രീ. അഖിലേഷിനോടൊപ്പം കൂടിയത്? മറ്റൊന്നും കൊണ്ടല്ല. മതേതര-മതനിരപേക്ഷ കക്ഷികളുടെ ഒരു കൂട്ടായ്മ ഉണ്ടാകണം. മാർക്സിസ്റ്റ് പാർട്ടിക്ക് അത് ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. കേരളം മാത്രം വച്ചുകൊണ്ട് നമുക്ക് അത്തരത്തിലൊരു മതനിരപേക്ഷ കൂട്ടായ്മയുണ്ടാക്കാൻ കഴിയില്ല. അതിന് കഴിയുന്നത് കോൺഗ്രസ്സിന് മാത്രമാണ്. അതുകൊണ്ട് നിങ്ങളുടെ കോൺഗ്രസ് വിരോധം അവസാനിപ്പിക്കണം. ഈ നാട് നിലനിൽക്കണോ വേണ്ടയോ എന്ന ചോദ്യമാണുള്ളത്. അതിനെ നേരിടാൻ, മതേതരത്വം നിലനിർത്താൻ കോൺഗ്രസ്സിനേ കഴിയൂ. സി.പി.ഐ.(എം) കാസർകോടുനിന്ന് തിരുവനന്തപുരംവരെ മനുഷ്യച്ചങ്ങല നടത്തിയതുകൊണ്ടൊന്നും ബി.ജെ.പി.-ക്കെതിരെ ഒന്നുമാകില്ല. മറിച്ച് കോൺഗ്രസ്സുണ്ടാക്കുന്ന കൂട്ടായ്മയിൽ, വ്യത്യസ്ത അഭിപ്രായമുള്ള ശ്രീമതി മമതാ ബാനർജി, ശ്രീമതി സോണിയാ ഗാന്ധിയോടൊപ്പം കൂടിയപ്പോൾ എന്തേ നിങ്ങൾക്ക് അതിൽ അണിചേരാൻ കഴിഞ്ഞില്ല? ബി.ജെ.പി.-യെ വളർത്തുക എന്നുള്ള അജണ്ട നിങ്ങൾക്കുണ്ടെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് എന്റെ അഭിപ്രായം ഞാൻ സൂചിപ്പിച്ചു. ന്യൂനപക്ഷ സമീപനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൂടുതൽ നൽകിക്കൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പദ്ധതികൾ കൂടുതൽ ശക്തിയായി മുന്നോട്ടുകൊണ്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. എസ്. ശർമ്മ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സമയമെടുത്ത് സംഭാഷണത്തിന് മുതിരേണ്ടെന്നാണ് ഞാൻ ആദ്യം തീരുമാനിച്ചിരുന്നതെങ്കിലും ഇവിടെ നടന്ന ചർച്ചകൾ കേട്ടപ്പോൾ ചില പ്രശ്നങ്ങളോട് പ്രതികരിക്കേണ്ടത് അനിവാര്യമാണെന്ന് തോന്നി. ബി.ജെ.പി.-യെ വളർത്തുക എന്നതാണ് സി.പി.ഐ.(എം) അജണ്ട എന്നാണ് എന്റെ സ്നേഹിതൻ ശ്രീ. എ. പി. അനിൽ കുമാർ പ്രസംഗം ഉപസംഹരിച്ചുകൊണ്ട് പറഞ്ഞത്. ബി.ജെ.പി. ഇൻഡ്യയിൽ ഇന്ന് പടർന്ന് പന്തലിച്ച് ഒരു വടവൃക്ഷംപോലെ വളരാൻ എല്ലാ നിലയിലും പങ്കുവഹിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്തുകൊണ്ടാണ് അവർക്ക് അനുകൂല സാഹചര്യമുണ്ടായത്. സോവിയറ്റ് യൂണിയനിൽനിന്നോ പാകിസ്ഥാനിൽനിന്നോ അല്ല ജനങ്ങൾ വന്ന് വോട്ടുചെയ്തത്. ഗാന്ധി പിറന്ന നാട്ടിൽ, ഗുജറാത്തിൽ ഞങ്ങൾക്ക് വലിയ സ്വാധീനമൊന്നുമില്ല, തെരഞ്ഞെടുപ്പ് നടന്ന സംസ്ഥാനങ്ങളിൽ ഞങ്ങൾക്ക് വലിയ സ്വാധീനമില്ല. പക്ഷേ, അവിടെയുള്ള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റും മുൻ മുഖ്യമന്ത്രിയുമായിരുന്ന കർണ്ണാടകത്തിലെ ശ്രീ. എസ്. എം. കൃഷ്ണ ഉൾപ്പെടെ കോൺഗ്രസ്സിന്റെ ദേശീയ നേതാക്കളിൽ പലരും ബി. ജെ. പി.-യിലേയ്ക്ക് പോയത് ബി.ജെ.പി. വളർത്താനുള്ള സി.പി.ഐ.(എം)-ന്റെ അജണ്ടയുടെ അടിസ്ഥാനത്തിലാണോ അതോ കോൺഗ്രസ് നേതൃത്വത്തിന്റെ പിടിപ്പുകേടുകൊണ്ടാണോ? ഞാൻ ഇപ്പോൾ ഒരു വലിയ വാദപ്രതിവാദത്തിന് മുതിരുന്നില്ല.

<u>ശ്രീ. പി. ടി തോമസ്</u>: സർ, ....

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സഖ്യകക്ഷിയായ ശ്രീ. പി. സി. തോമസ് ബി.ജെ.പി.-യുടെ പിന്തുണയോടുകൂടിയാണ് അവിടെ മത്സരിച്ചത്. അക്കാര്യം ശ്രീ. പി. ടി. തോമസിന് അറിയില്ലേ? മൂവാറ്റുപുഴയിൽ നിന്നാണ് മത്സരിച്ചത്. ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയായ ശ്രീ. അൽഫോൺസ് കണ്ണന്താനത്തെ സി.പി.ഐ.(എം) പിന്തുണച്ചിരുന്നു. കണ്ണന്താനം ഇടതുപക്ഷത്തിന്റെ സ്വതന്ത്രനായിരുന്നു. ഇടതുപക്ഷ പാർട്ടികളിൽ, സി.പി.ഐ.(എം)-ൽ അംഗത്വമുള്ള ആളായിരുന്നില്ല അദ്ദേഹം. ശ്രീ. കണ്ണന്താനം ഒരു ഐ.എ.എസ്സുകാരനായിരുന്നു. ഐ.എ.എസ്സുകാരനായിരുന്ന ഒരാൾ ജോലി രാജിവച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സ്വതന്ത്രനായി വന്നു. ഞങ്ങൾ ഏതായാലും ജയിക്കുന്ന ഒരു സ്ഥലമല്ലായിരുന്നു അത്. അതുകൊണ്ട് ഞങ്ങൾ പിന്തുണച്ചു. അദ്ദേഹം ജയിച്ചു. ആ കാലയളവിൽ അദ്ദേഹം നിന്നു. അതിനുശേഷം അദ്ദേഹം പോയി. അത്രയല്ലേയുള്ളൂ. അതിനെ പി.സി.സി. പ്രസിഡന്റ് ശ്രീമതി റീത്താ ബഹുഗുണയുമായി താരതമ്യം ചെയ്യാനാണോ ശ്രീ. പി. ടി. തോമസ് മുതിരുന്നത്. അത് പാടില്ല. രാഷ്ട്രീയപ്രവർത്തനം നടത്തുമ്പോൾ മരിക്കുന്നതുവരെ നമ്മൾ

രാഷ്ട്രീയ വിദ്യാർത്ഥികളാണ്. രാഷ്ട്രീയ വിദ്യാർത്ഥികൾ എന്നുള്ള നിലയ്ക്ക് രാഷ്ട്രീയ നിരീക്ഷണം നടത്തുമ്പോൾ നടക്കുന്നത് അതുപോലെ കാണണം. കൂട്ടിയും കുറച്ചും കാണരുത്. ഉദാഹരണത്തിന് ഇപ്പോൾ ഗോവയിലെ കാര്യം പറഞ്ഞു. ഗോവയിലെ ചീഫ് ജസ്റ്റിസ് പറഞ്ഞത് ശ്രീ. പി. ടി. തോമസ് ശ്രദ്ധിച്ചോ? അദ്ദേഹം പറഞ്ഞത് 'ഞാൻ ആയിരുന്നെങ്കിൽ 21 എം.എൽ.എ. മാരെയും കൊണ്ട് ആ ഗവർണ്ണറുടെ വീട്ടുപടിക്കൽ ധർണ്ണ നടത്തുമായിരുന്നു' എന്നാണ്. അത് ശരിയോ തെറ്റോ എന്നുള്ള കാര്യം വേറെ.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സംസാരിക്കാൻ പാടില്ല. കാരണം തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇടതുപക്ഷത്തിന് ഭൂരിപക്ഷം ഉണ്ടായിരുന്നിട്ടും പരാജയപ്പെട്ടു നിൽക്കുന്ന കോൺഗ്രസ്സിനെ ഗവൺമെന്റ് രൂപീകരിക്കാൻ വിളിക്കുന്നതുപോലെയാണ് ഗോവയിൽ നടന്നത്. അത് ഏത് ചീഫ് ജസ്റ്റിസ് പറഞ്ഞാലും ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. എസ്. ശർമ്മ : സർ, അതായത് ഭൂരിപക്ഷം ഉണ്ടായിരുന്നിട്ടും അവിടെ മന്ത്രിസഭ രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിനുപകരം കോടതിയെ സമീപിച്ചതിനെക്കുറിച്ച് ഇൻഡ്യയുടെ പരമോന്നത നീതിപീഠത്തിന്റെ തലവനായ ചീഫ് ജസ്റ്റിസ് നടത്തിയ പ്രതികരണം മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. അത് ശരിയോ തെറ്റോ എന്നുള്ളതിലേയ്ക്കല്ല ഞാൻ പോയത്. അപ്പോൾ രാജ്യത്ത് ഈ രൂപത്തിൽ നടക്കുന്ന സംഭവവികാസങ്ങളുണ്ട്. വി. പി. സിംഗ് ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ ശ്രീ. ലാൽ കൃഷ്ണ അദ്വാനിയുടെ നേതൃത്വത്തിൽ ബാബറി മസ്ജിദ് തകർക്കാൻ നേതൃത്വം കൊടുത്ത് രഥയാത്ര നടത്തി. രഥയാത്ര കേരളത്തിലും വന്നു. ബീഹാറിലെ സമഷ്ടിപൂരിൽ വച്ച് വെളുപ്പാൻ കാലത്ത് രണ്ടരയ്ക്ക് ജാഥ തടഞ്ഞ് അദ്വാനിയെ ജയിലിലടച്ചു. പള്ളി പോയില്ല, വി. പി. സിംഗിന്റെ കസേര പോയി. നരസിംഹ റാവു ഇൻഡ്യയുടെ പ്രധാനമന്ത്രിയായി വന്നു. അപ്പോഴും രഥയാത്ര നടത്തി, കർസേവ നടത്തി. പള്ളി പോയി, കസേര പോയില്ല. ഇതാണ് വ്യത്യാസം.

ശ്രീ. പി.ടി. തോമസ് : സർ, ശ്രീ. ലാലു പ്രസാദ് യാദവാണ് പറഞ്ഞത്.

ശ്രീ. എസ്. ശർമ്മ: സർ, അതെനിക്കറിയാം. ശ്രീ. ലാലു പ്രസാദ് യാദവാണ് പറഞ്ഞത്. ബീഹാറിൽ സമഷ്ടിപൂരിൽവച്ച് അറസ്റ്റ് ചെയ്യുമ്പോൾ അദ്ദേഹം അവിടത്തെ ചീഫ് മിനിസ്റ്ററാണ്. അക്കാര്യം അറിയാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ബാബ്റി മസ്ജിദ് പൊളിക്കുവാൻ രഥയാത്ര നടത്തിയ ശ്രീ. അദ്വാനിയെ അറസ്റ്റ് ചെയ്തപ്പോൾ വി. പി. സിംഗിന്റെ കസേര പോയി എന്ന് അങ്ങ് പറഞ്ഞു. കസേര കളയാൻവേണ്ടി കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുമിച്ചാണ് വി. പി. സിംഗിനെതിരെ വോട്ട് ചെയ്തതെന്ന് അറിയാമോ?

ശ്രീ. എസ്. ശർമ്മ : സർ, പാർലമെന്റിൽ അവിശ്വാസം കൊണ്ടുവന്ന് പാസ്സാക്കിയത് ചരിത്രത്തിന്റെ ഭാഗമാണല്ലോ. അക്കാര്യം എല്ലാവർക്കുമറിയാം. രാഷ്ട്രീയമായി നിരീക്ഷിക്കുന്ന എല്ലാവർക്കും ഇത് മനസ്സിലാകുന്നതാണ്. ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത് ശരിയായ കാര്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ സഭയിൽ ശ്രീ. ഒ. രാജഗോപാൽ എത്തിയത് ശ്രീ. വി. ശിവൻകുട്ടിയെ പരാജയപ്പെടുത്താൻ ശ്രീ. പി. ടി. തോമസുമായി നടത്തിയ ഗൂഢാലോചനയുടെ ഫലമായാണ്.

ശ്രീ. എസ്. ശർമ്മ: സർ, ശ്രീ. പി. ടി. തോമസ് ഗൂഢാലോചന നടത്തിയെന്ന് ഞാൻ പറയില്ല. പക്ഷേ, ശ്രീ. ഒ. രാജഗോപാൽ ഇവിടെ വന്നതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനാണെന്ന് ഞാൻ പറയും. നയപ്രഖ്യാപന ചർച്ചയുടെ പ്രമേയം അവതരിപ്പിച്ചപ്പോൾ അക്കാര്യം ഞാൻ സൂചിപ്പിച്ചിരുന്നു. കോൺഗ്രസ്സിന് നേമത്ത് കെട്ടിവച്ച തുക കിട്ടാതെപോയി.

ശ്രീ. എ. കെ. ബാലൻ : സർ, ശ്രീ. വി. ശിവൻകുട്ടിക്ക് കഴിഞ്ഞ പ്രാവശ്യം കിട്ടിയതിനെക്കാൾ 13000 വോട്ട് കൂടുതൽ കിട്ടി.

ശ്രീ. എസ്. ശർമ്മ: സർ, 13000 വോട്ട് കൂടുതൽ കിട്ടുകയും യു.ഡി.എഫ്.-നുള്ള വോട്ട് ഗണ്യമായി കുറയുകയും ചെയ്തു. കുറഞ്ഞ വോട്ട് ശ്രീ. ഒ. രാജഗോപാലിനു പോയി. ശ്രീ. രാജഗോപാൽ ഇവിടെ വന്നു.

ശ്രീ. പി. ടി. തോമസ്: സർ, സി.പി.എം.-ന്റെ കേന്ദ്രങ്ങളിൽ ശ്രീ. ഒ. രാജഗോപാലിന് കൂടുതൽ വോട്ട് കിട്ടി.

ശ്രീ. എസ്. ശർമ്മ : സർ, സി.പി.ഐ. (എം.)-ന്റെ കേന്ദ്രങ്ങളിൽ ശ്രീ. ഒ. രാജഗോപാലിന് വോട്ട് കിട്ടിയെങ്കിൽ സി.പി.ഐ.(എം.)-ന്റെ വോട്ട് കുറയണമല്ലോ; സി.പി.ഐ.(എം.)-ന് വോട്ട് കൂടുകയാണ് ചെയ്തത്. കോമണായി കോൺസ്റ്റിറ്റ്യുവൻസി ബേയ്സിൽ നോക്കിയാൽ മുമ്പ് കിട്ടിയതിനേക്കാൾ കൂടുതൽ വോട്ട് ശ്രീ. വി. ശിവൻകുട്ടിക്ക് ലഭിച്ചു. യു.ഡി.എഫ്.-ന് കിട്ടിയ വോട്ട് ഗണ്യമായി കുറഞ്ഞു. ബി.ജെ.പി.-ക്ക് കൂടുതൽ വോട്ട് കിട്ടുകയും ശ്രീ. ഒ. രാജഗോപാൽ നിയമസഭയിൽ വരികയും ചെയ്തു. വേറെ കൂടുതലായിട്ടൊന്നും സംഭവിച്ചില്ല.

നമ്മുടെ വിഷയം ന്യൂനപക്ഷമാണല്ലോ. ഭൂരിപക്ഷത്തിന്റെ ആപത്തിനെ ശരിയായ രീതിയിൽ നേരിട്ടാലേ ന്യൂനപക്ഷത്തിന്റെ സംരക്ഷണം നമുക്ക് ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ. ആ പൊളിറ്റിക്കൽ പോയിന്റിലേയ്ക്ക് പ്രതിപക്ഷവും കടന്നു. സ്വാഭാവികമായും അവർ നിർബന്ധിതരായതുകൊണ്ട് കടന്നുവെന്നേയുള്ളൂ. ന്യൂനപക്ഷ സംരക്ഷണത്തിനുവേണ്ടി ഈടുറ്റ ഭരണ-രാഷ്ട്രീയ-സാമൂഹ്യ നിലപാടുകളും ജീവത്യാഗത്തിന്റെ നിലപാടുകളും സ്വീകരിച്ചിട്ടുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ ഈ ബില്ലിന്റെ കാര്യത്തിൽ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്നത് ഈ ഭേദഗതി ഒരു വാക്കിന്റെ കാര്യമാണെന്നാണ്. 'മറ്റൊരു' എന്ന വാക്കിനുപകരം 'ഒരു' എന്നുമാറ്റി. ന്യൂനപക്ഷങ്ങളെ ഒന്നായി കാണുക. ഒന്നായി കണ്ടാൽ 'ഒരു' എന്നുപറയുന്നതായിരിക്കും ശരി. 'മറ്റൊരു' എന്നു പറഞ്ഞാൽ മറ്റെന്തെങ്കിലും കാണുമെന്നേ വരൂ. ആ വ്യത്യാസമുണ്ട്. ആ വിവേചനം ന്യൂനപക്ഷത്തിന്റെ കാര്യത്തിൽ ഉണ്ടാകരുതെന്ന കാഴ്ചപ്പാടാണ് 'മറ്റൊരു' എന്നതിനെ 'ഒരു' ആക്കി മാറ്റിയത്. കേന്ദ്ര ഗവൺമെന്റ് ഇതുസംബന്ധിച്ച് നിയമം പാസ്സാക്കിയിട്ടുണ്ട്. മൂലനിയമവുമായി പൊരുത്തപ്പെട്ടുപോകാൻ സഹായിക്കുന്നതാണ് ഈ ഭേദഗതിയെന്ന് നമുക്ക് കാണാൻ സാധിക്കും. ഒന്നാം യു.പി.എ. ഗവൺമെന്റാണ് സച്ചാർ കമ്മീഷനെ നിയോഗിച്ചത്. അന്ന് ഇടതുപക്ഷ പാർട്ടികളുടെ പിന്തുണയോടുകൂടി ഒരു കോമൺ മിനിമം പ്രോഗ്രാം അംഗീകരിച്ചിരുന്നു. അതിൽ മുസ്ലീം ന്യൂനപക്ഷ സമുദായത്തിന്റെ ചരിത്രപരവും സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിലുള്ള പിന്നോക്കാവസ്ഥ യെക്കുറിച്ച് പഠിക്കുന്നതിനുംവേണ്ടി ഒന്നാം യു.പി.എ. ഗവൺമെന്റ് സച്ചാർ കമ്മീഷനെ നിയമിക്കുകയാണ് ചെയ്തത്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് വന്നു. ഞാൻ അന്തസ്സോടുകൂടി എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി പറയും, സച്ചാർ കമ്മീഷൻ റിപ്പോർട്ട് വന്നതിനുശേഷം ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായി ആ കമ്മീഷൻ റിപ്പോർട്ടിന്റെ പ്രയോഗത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് പാലോളി മുഹമ്മദ്കുട്ടിയെ ചെയർമാനായി നിയോഗിച്ചു. പാലോളി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ തുടങ്ങിയത്. ടൈംബൗണ്ടായി റിപ്പോർട്ട് വന്നു. അന്നത്തെ മന്ത്രിസഭ അത് അംഗീകരിച്ചു. ന്യൂനപക്ഷത്തിന് ഒരു പ്രത്യേക വകുപ്പുവേണമെന്നതായിരുന്നു ആ റിപ്പോർട്ടിലെ ഒന്നാമത്തെ നിർദ്ദേശം. അത് റെക്കമെന്റേഷനാണ്. അതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷ സെൽ ആരംഭിച്ചുകൊണ്ട് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. മദ്രസ അദ്ധ്യാപകരുടെ കാര്യത്തിൽ ക്ഷേമനിധി വേണമെന്നുള്ളത് ദശാബ്ദങ്ങളായ ആവശ്യമായിരുന്നു. ഏകദേശം ഒരു ലക്ഷത്തോളംപേർ വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അന്നത്തെ ഗവൺമെന്റ് അത് ചെയ്തു. അത് ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള ഒരു മത്സരമായിരുന്നില്ല. ന്യൂനപക്ഷങ്ങളോട് ചരിത്രപരവും സാമൂഹ്യപരവുമായ

കാരണങ്ങളാൽ നീതിപുലർത്താൻ കടപ്പെട്ട രാഷ്ട്രീയം കൈകാര്യംചെയ്ത് മുന്നോട്ടുപോകുന്ന ഒരു പ്രസ്ഥാനമെന്ന നിലയിൽ എൽ.ഡി.എഫ്.-ന്റെ ചരിത്രപരമായ നടപടിയായിരുന്നു. 1957-ൽ ആധുനിക കേരളത്തിന്റെ രാജശില്പിയായ മഹാനായ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വരുമ്പോൾ തിരുവിതാംകൂർ-കൊച്ചി പിന്നീട് തിരു-കൊച്ചി, അതുപോലെ ബ്രിട്ടീഷ്-മലബാർ പ്രദേശം ഇങ്ങനെ പ്രവിശ്യകളായി കിടന്നിരുന്നു. അതെല്ലാം ഭാഷാടിസ്ഥാനത്തിൽ സംയോജിപ്പിച്ചു. ആധുനിക കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് വരുന്നതുവരെ മലബാർ പ്രദേശത്ത് പള്ളി പുതുക്കിപ്പണിയാനോ പുതിയ പള്ളി നിർമ്മിക്കാനോ സ്വാതന്ത്ര്യമില്ലായിരുന്നു. ആരോഗ്യവും വിദ്യാഭ്യാസവുമുള്ള മുസ്ലീം ചെറുപ്പക്കാരെ മലബാർ സ്പെഷ്യൽ പോലീസിലേയ്ക്ക് റിക്രൂട്ട് ചെയ്യാൻ പാടില്ലായിരുന്നു. 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് വന്നപ്പോഴാണ് മലബാർ സ്പെഷ്യൽ പോലീസിലേയ്ക്ക് റിക്രൂട്ട് ചെയ്യാനും പള്ളി പുതുക്കിപ്പണിയാനും പുതിയ പള്ളി പണിയാനുമെല്ലാം ഭരണപരമായി നടപടികൾ സ്വീകരിച്ചത്. അങ്ങനെ ഓരോ ഘട്ടവും പരിശോധിച്ചാൽ കേരളത്തിന്റെ ചരിത്രപരമായ സാമൂഹ്യ വളർച്ചയുടെ വികാസഘട്ടത്തിൽ, ന്യൂനപക്ഷം പ്രതിസന്ധി നേരിട്ട സന്ദർഭത്തിൽ, ജീവത്യാഗമനസ്സോടുകൂടി ന്യൂനപക്ഷ സംരക്ഷണത്തിന് ഇറങ്ങിത്തിരിച്ച പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് എന്നുപറയാൻ കഴിയും. 1971-ൽ തലശ്ശേരിയിൽ വർഗ്ഗീയ കലാപത്തിന്റെ ഫലമായി നിരവധി ആളുകളുടെ വിലപ്പെട്ട ജീവനുകളിലേയ്ക്കെല്ലാം വ്യാപിപ്പിക്കുന്ന വൻതോതിലുള്ള സംഘർഷങ്ങളും സംഘട്ടനങ്ങളും ഉയർന്നുവന്നപ്പോൾ, മലബാറിന്റെ രാഷ്ട്രീയ-സാമൂഹ്യ-ചരിത്രപരമായ സവിശേഷതകളിൽ സമ്പന്നതയും പൈതൃകവുമുള്ള പട്ടണപ്രദേശവും തീരപ്രദേശവുമായ തലശ്ശേരിയിലെ പള്ളി കത്തിക്കാൻ പര്യാപ്തമായ പന്തവും വടിവാളും കുറുവടികളുമായി ആർ.എസ്.എസ്. വർഗ്ഗീയവാദികൾ ഇറങ്ങിത്തിരിച്ചപ്പോൾ, കമ്മ്യൂണിസ്റ്റുകാരനായ സഖാവ് കുഞ്ഞിരാമനാണ് പള്ളി സംരക്ഷിക്കാൻ ജീവത്യാഗം ചെയ്യേണ്ടിവന്നത്. കുഞ്ഞിരാമൻ രക്തസാക്ഷിയായി; പള്ളിക്ക് തകരാറ് സംഭവിച്ചില്ല. ഇവിടത്തെ നിലപാടും മറ്റ് പ്രശ്നങ്ങളിൽ സ്വീകരിച്ച നിലപാടുകളും പരിശോധിച്ചാൽ സാമൂഹ്യപരമായ സവിശേഷതകൾകൊണ്ട് ഇടതുപക്ഷം അതിന്റെ ചരിത്രദൗത്യം വിജയകരമായി പൂർത്തീകരിക്കാൻ എക്കാലത്തും ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ടെന്ന് കാണാം. ആ പരിശ്രമം ഇനിയും തുടരും. ഇത് ചരിത്രത്തിന്റെ തുടർച്ചയാണ്. ആ തുടർച്ച അതിന്റെയൊരു വികാസമാണ്; ഇതൊരു പരിണാമമാണ്; ഈ മാറ്റത്തിന്റെ ചിന്താധാരയെ സമ്പന്നമാക്കിത്തീർക്കാൻ കഴിയത്തക്കവിധത്തിൽ ന്യൂനപക്ഷ സംരക്ഷണത്തിനുവേണ്ടി പങ്കുവഹിക്കും. ഭൂരിപക്ഷം സെക്കുലറാകുമ്പോഴാണ് ന്യൂനപക്ഷത്തിന് സംരക്ഷണം ഉറപ്പാക്കാൻ

കഴിയുക. ആ സംരക്ഷണം ഉറപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾക്ക് നമുക്കൊരുമിക്കാം. ഇന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിന്റെ സവിശേഷതകളിൽ നിന്നുകൊണ്ട് മുന്നോട്ടുപോകാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം ചുരുക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഈ ഭേദഗതിയുമായി ബന്ധപ്പെട്ട് പല അംഗങ്ങളും ഇവിടെ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. ശ്രീ. അനിൽ അക്കരയാണ് ആദ്യമായി ചർച്ചയിൽ പങ്കെടുത്തത്. അദ്ദേഹം ഉന്നയിച്ച ആദ്യത്തെ ആക്ഷേപം ആരെയോ ഉന്നംവച്ചുകൊണ്ട് കൊണ്ടുവരുന്ന ബില്ലാണിതെന്നാണ്. ഒരുപക്ഷെ, യു.ഡി.എഫ്.-ന്റെ സാധ്യതയിൽനിന്നും അദ്ദേഹത്തിന് തോന്നിയൊരു വികാരമാകാമത്. മുമ്പ് പല സന്ദർഭങ്ങളിലും ആരെയെങ്കിലുമൊക്കെ മുന്നിൽ കണ്ടുകൊണ്ട് ഇത്തരത്തിലുള്ള ഭേദഗതികൾ യു.ഡി.എഫ്. കൊണ്ടുവന്നിട്ടുണ്ടാകാം. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ സംബന്ധിച്ച് അങ്ങനെ ഏതെങ്കിലും ഒരാളെ ഉന്നംവച്ചുകൊണ്ട് ഒരു ബില്ലിൽ ഭേദഗതി കൊണ്ടുവരേണ്ട യാതൊരാവശ്യവുമില്ല. രണ്ടാമതായി, കമ്മീഷനിൽ ന്യൂനപക്ഷ വിഭാഗത്തിലെ വനിതയുടെ പ്രാതിനിധ്യത്തെക്കുറിച്ച് പറഞ്ഞു. നിലവിൽ ആ കമ്മീഷനിൽ ന്യൂനപക്ഷ വിഭാഗത്തിലെ വനിതയുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. മൂന്നംഗങ്ങളാണ് കമ്മീഷനിലുള്ളത്. അതിൽ രണ്ടുപേരെ നിയമിച്ചുകഴിഞ്ഞു. റിട്ടയേർഡ് വിജിലൻസ് ജഡ്ജ് ശ്രീ. പി. കെ. ഹനീഫയാണ് ഈ കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ. കോട്ടയത്തെ മുൻ കൺസ്യൂമർ കോടതി മെമ്പർ അഡ്വ. ബിന്ദു തോമസാണ് ഇതിലെ ഒരംഗം. വേറൊരാളെ നിയമിച്ച്, അത് സാധൂകരിക്കാൻവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നതെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എസ്. ശബരീനാഥൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് ശരിയല്ല. പ്ലാൻ ഔട്ട്ലേയിൽ കേന്ദ്രസർക്കാരിന്റെ വിഹിതം ഓരോവർഷം കഴിയുന്തോറും കുറഞ്ഞുവരികയാണ്. കഴിഞ്ഞ വർഷം കേന്ദ്രസർക്കാരിൽനിന്നും ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിന് സംസ്ഥാന ഗവൺമെന്റുകൾക്ക് കിട്ടിയ വിഹിതം ഈ സാമ്പത്തികവർഷം ലഭിച്ചിട്ടില്ല. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് 40 കോടി രൂപ അധികമായാണ് ന്യൂനപക്ഷക്ഷേമ വകുപ്പിന് അനുവദിച്ചിരിക്കുന്നത്. 31 കോടി രൂപയായിരുന്ന ന്യൂനപക്ഷ വിഭാഗത്തിലെ വിധവകളുടെ ഭവനനിർമ്മാണത്തിനായി കഴിഞ്ഞ സർക്കാർ അനുവദിച്ചതെങ്കിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ അത് 50 കോടി രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുന്നു എന്നത് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ശ്രീ. പി. ഉബൈദുള്ളയാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച മറ്റൊരംഗം. അദ്ദേഹം നിജസ്ഥിതി അറിയാതെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. മദ്രസാ അദ്ധ്യാപക ക്ഷേമനിധി നടപ്പിലാക്കിയത് യു.ഡി.എഫ്. സർക്കാരാണെന്നാണ് അദ്ദേഹം വാചാലനായി പറഞ്ഞത്.

ശ്രീ. പി. ഉബൈദുള്ള: സർ, മദ്രസ അദ്ധ്യാപക ക്ഷേമനിധി എൽ.ഡി.എഫ്.-ആണ് കൊണ്ടുവന്നത്. ആകെ 1,30,000 മദ്രസ അദ്ധ്യാപകർ കേരളത്തിലുള്ളതിൽ 790 പേർ മാത്രമാണ് നിങ്ങളുടെ കാലത്ത് ക്ഷേമനിധിയിൽ അംഗമായത്. എന്നുവച്ചാൽ നിങ്ങൾ ജില്ലാ സഹകരണ ബാങ്കുമായി ലിങ്ക് ചെയ്ത് നടപ്പിലാക്കിയതുകൊണ്ട്; പലിശയായതുകൊണ്ട് വന്നില്ല. ഞങ്ങളുടെ കാലത്ത് പലിശരഹിത ക്ഷേമനിധി നടപ്പിലാക്കി.

ഡോ. കെ. ടി. ജലീൽ: സർ, ശ്രീ. പി. ഉബൈദുള്ള അക്കാര്യം പറഞ്ഞത് വളരെ നന്നായി. പാലോളി കമ്മീഷൻ ശിപാർശയിലാണ് മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ടുള്ള ആദ്യത്തെ ശിപാർശ വരുന്നത്. എത്രയോ കാലമായി മുസ്ലീം ലീഗ് ഭരണത്തിലുണ്ടായിരുന്നു. മദ്രസ്സ അദ്ധ്യാപകരും നമ്മുടെ നാട്ടിലുണ്ടായിരുന്നു. മദ്രസ അദ്ധ്യാപകർ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഭരണകാലത്ത് പൊട്ടിമുളച്ച ഒരു വിഭാഗമായിരുന്നില്ലല്ലോ? പതിനായിരക്കണക്കിന് വരുന്ന മദ്രസ അദ്ധ്യാപകരെക്കുറിച്ചും അവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ചും ഒരു ആലോചനയും നടന്നിരുന്നില്ല. പാലോളി കമ്മീഷൻ ശിപാർശയിലാണ് മദ്രസ അദ്ധ്യാപക ക്ഷേമനിധിയുടെ രൂപീകരണത്തെക്കുറിച്ച് പറഞ്ഞതും അത് രൂപീകരിക്കുന്ന ഒരു ബിൽ ഈ സഭയിൽ കൊണ്ടുവന്നതും. അന്ന് ആ സർക്കാർ മദ്രസ അദ്ധ്യാപകർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തിയപ്പോൾ അതിൽ അവർ അംഗങ്ങളാകുമെന്ന് കണ്ട് മുസ്ലീം ലീഗിന്റെ കൂടി കാർമ്മികത്വത്തിൽ നടത്തിയ വലിയ പ്രചരണം, അതെന്തിനായിരുന്നു? ഇടതുപക്ഷ സർക്കാർ ഒരുങ്ങിയിരിക്കുന്നത്; മദ്രസ അദ്ധ്യാപകരേ, നിങ്ങളാരും ആ ക്ഷേമനിധിയിൽ അംഗങ്ങളാകരുത്. അങ്ങനെയല്ലേ നിങ്ങൾ നടത്തിയ പ്രചരണം. ഇപ്പോൾ ആ ക്ഷേമനിധി എങ്ങനെയാണ് മുന്നോട്ടുപോകുന്നത്? ഈ നാട്ടിലെ ഒരു ക്ഷേമനിധിയും ഏതെങ്കിലുമൊരു ധനകാര്യ സ്ഥാപനവുമായി ബന്ധപ്പെടാതെ നടത്താൻ കഴിയുമോ? മുസ്ലീം ലീഗിലെ ബന്ധപ്പെട്ട ആളുകൾ എത്രയോ ധനകാര്യ സ്ഥാപനങ്ങളുടെ, സഹകരണ ബാങ്കുകളുടെ അമരത്തിരിക്കുന്നു. ലീഗിന്റെ പ്രമാണിമാർക്ക് ബാങ്കുകളുടെ അമരത്തിരിക്കാം. പാവപ്പെട്ട മദ്രസ അദ്ധ്യാപകർക്ക് ബാങ്കിന്റെ സമീപത്തുപോലും പോകാൻ പാടില്ലെന്നുള്ള നിലപാട് നിങ്ങളെടുത്തത് എന്തിനുവേണ്ടിയായിരുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 1985-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയാകുന്ന സമയത്ത് മുസലിയാർമാർക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചപ്പോൾ മുല്ല മുക്രി പെൻഷൻ അനുവദിക്കുകയില്ലെന്ന് ഇ. എം. എസ്. നമ്പൂതിരിപ്പാട് ഉൾപ്പെടെയുള്ളവർ പ്രസംഗിക്കുക മാത്രമല്ല, മാർക്സിസ്റ്റ് പാർട്ടി കേരളത്തിൽ വ്യാപകമായി പ്രചരണവും പ്രകടനവും നടത്തിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

5.00 PM]

ഡോ. കെ. ടി. ജലീൽ : സർ, അതുകൊണ്ടാണോ അന്ന് മുല്ല മുക്രി പെൻഷൻ അനുവദിക്കാതിരുന്നത്; മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധി കൊണ്ടുവരാതിരുന്നത്? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏതെങ്കിലുമൊരു നേതാവ് അങ്ങനെ പറയുമെന്ന് ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ; നമുക്ക് വിശ്വസിക്കാൻ കഴിയുമോ? കള്ളത്തരങ്ങളും കള്ളപ്രചരണങ്ങളും ആകാം എന്നാൽ ഏറ്റവും ചുരുങ്ങിയത് ഈ സഭയിലെങ്കിലും അത് നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു ഓർഡിനൻസ് റീപ്ലെയ്സ് ചെയ്ത് ഒരു ബിൽ കൊണ്ടുവരികയാണ്. ഓർഡിനൻസ് എന്തിനാണ് കൊണ്ടുവന്നതെന്ന് വ്യക്തമാക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. 'മറ്റൊരു' എന്നതുമാറ്റി 'ഒരു' എന്നാക്കിയത് ഒരംഗത്തെ നിയമിക്കാൻവേണ്ടിയാണ്. ആ അംഗത്തെ ഇതുവരെ നിയമിച്ചിട്ടില്ല. നേരത്തെ നിയമിച്ചിരിക്കുന്നത് ചെയർമാനെയും അഡ്വ. ബിന്ദു തോമസ് എന്ന വനിതാ അംഗത്തെയുമാണ്. 'ഒരു' എന്നുപറയുന്നതിൽ അംഗത്തെ നിയമിച്ചിട്ടില്ല. ഓർഡിനൻസ് റീപ്ലെയ്സ് ചെയ്ത് ബിൽ ആക്കുമ്പോൾ എമർജൻസി പ്രൊവിഷനുപയോഗിച്ച് ഓർഡിനൻസ് കൊണ്ടുവന്നത് എന്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. അങ്ങ് ഇതുവരെ അത് പറഞ്ഞിട്ടില്ല; അത് പറയാമോ?

ഡോ. കെ. ടി. ജലീൽ: സർ, പറയാം. ഇത്തരത്തിലുള്ള ഭേദഗതി കൊണ്ടുവരാൻ ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. ആ ഓർഡിനൻസ് ക്യാബിനറ്റിൽ വന്നപ്പോഴേയ്ക്കും നിയമസഭാ സമ്മേളനം ഫിക്സ് ചെയ്തിരുന്നു. നിയമസഭാ സമ്മേളനം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഓർഡിനൻസ് പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതില്ലെന്ന് ക്യാബിനറ്റ് തീരുമാനിച്ചു. ഓർഡിനൻസ് നേരത്തെ വന്നുവെങ്കിലും നിയമസഭാ സമ്മേളനം പ്രഖ്യാപിച്ചതിനുശേഷമാണ് അത് പ്രാബല്യത്തിൽ വരുന്ന സാഹചര്യമുണ്ടായത്. ഗവർണ്ണർ ഒപ്പിട്ട് വരുന്നതിന് കാലതാമസമെടുത്തതുകൊണ്ടാണ് അങ്ങനെ വന്നത്. അതുകൊണ്ടാണ് ഈ സഭാസമ്മേളനത്തിൽത്തന്നെ ബില്ലായി കൊണ്ടുവരാം, ഓർഡിനൻസായി ഇറക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്. അത്രയും ഉന്നതമായ ജനാധിപത്യ ബോധമുള്ളതുകൊണ്ടാണ് തത്രപ്പെട്ട് അത് പ്രാബല്യത്തിൽ വരുത്തുന്നതിനുപകരം ഇങ്ങനെയൊരു ബില്ലിൽക്കൂടിത്തന്നെ കൊണ്ടുവരാമെന്ന് തീരുമാനിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുകയാണ്. ഓർഡിനൻസ് promulgate ചെയ്തു, അന്ന് എന്ത് എമർജൻസിയാണ് ഉണ്ടായിരുന്നത്, അന്ന് നിയമിച്ചിരുന്നുവെങ്കിൽ എമർജൻസിയുണ്ടായിരുന്നു

എന്നുപറയാം. ഓർഡിനൻസ് അനുസരിച്ച് 'ഒരു' എന്നുമാറ്റിയ അംഗത്തെ നിയമിച്ചിട്ടില്ല. അതുകൊണ്ട് ഓർഡിനൻസ് എന്തിനാണ് ഇറക്കിയത് എന്നതുസംബന്ധിച്ച ന്യായീകരണം നൽകേണ്ടത് ഗവൺമെന്റിന്റെ കോൺസ്റ്റിറ്റ്യൂഷണലായുള്ള ബാധ്യതയാണ്. അത് ചെയ്തിട്ടില്ലെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, ബിൽ പൈലറ്റ് ചെയ്തപ്പോൾ ഈ വിഷയം ചെയർ റൂൾ ചെയ്തിരുന്നു.

ഡോ. കെ. ടി. ജലീൽ : സർ, ഈ സർക്കാർ ഏതെങ്കിലുമൊരാളെ നിയമിക്കാനാണ് തത്രപ്പെട്ടതെങ്കിൽ താങ്കൾ പറഞ്ഞതുപോലെ ഒരാളെ നിയമിക്കാമായിരുന്നു, ഞങ്ങൾ ഇങ്ങനെയൊരു ബിൽ പെട്ടെന്ന് സഭയിൽ കൊണ്ടുവരേണ്ട കാര്യവുമില്ലായിരുന്നു.

ശ്രീ. പി. ഉബൈദുള്ള പറഞ്ഞത് മഹാന്മാരുടെ പേരിട്ട് ധാരാളം പദ്ധതികൾ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്നു എന്നല്ലാതെ പുതിയതൊന്നും ചെയ്തിട്ടില്ല എന്നാണ്. മഹാന്മാരുടെ പേരിട്ട ഒരു പദ്ധതിയെയും ഈ ഗവൺമെന്റ് അവതാളത്തിലാക്കില്ല. മഹാന്മാരുടെ പേരിട്ടുകൊണ്ട് മഹാന്മാരായ ആളുകളുടെ ചിന്താഗതികൾക്കെതിരായി പ്രവർത്തിക്കുന്നത് ആരാണെന്ന് ശ്രീ. പി. ഉബൈദുള്ളയ്ക്ക് എന്നെക്കാൾ നന്നായറിയാം. 'മഹാന്മാരുടെ പേരിട്ടുകൊണ്ട് പലരും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി, പക്ഷേ അതിലൊക്കെത്തന്നെ അഴിമതി നടത്തുന്നു, 'മഹാന്മാരുടെ പേരിടുന്നതിനുപകരം അവനവന്റെ വാപ്പയുടെ പേരിട്ടുകൊണ്ട് സ്ഥാപനങ്ങൾ നടത്തി എന്ത് തോന്ന്യാസവും നിങ്ങൾ കാട്ടിക്കോളൂ' എന്ന് മുസ്ലീം ലീഗിന്റെ പരിണിതപ്രജ്ഞനായ നേതാവ് കുളത്തൂർ ടി. മുഹമ്മദ് മൗലവി മുസ്ലീം ലീഗിന്റെ ക്ലാസ്സുകളിൽ പരസ്യമായി പറഞ്ഞിട്ടുണ്ട്. അത്തരത്തിലൊരു ദുർഗതി ഈ പദ്ധതികൾക്കൊന്നും ഉണ്ടാകില്ലെന്ന് ഞാൻ ശ്രീ. പി. ഉബൈദുള്ളയെ ഓർമ്മിപ്പിക്കുകയാണ്. മറ്റൊന്ന് അദ്ദേഹം പറഞ്ഞത്, താനൂർ സംഭവത്തെക്കുറിച്ചാണ്. താനൂർ സംഭവത്തിന്റെ ഉത്തരവാദി ആരാണ്? താനൂരിൽ മറ്റേതെങ്കിലും മതവിഭാഗക്കാർ വന്നല്ല അക്രമങ്ങൾ നടത്തുന്നത്. ഒരേ മതവിഭാഗത്തിൽപ്പെട്ട ആളുകളാണ് അവിടെ പരസ്പരം ആക്രമിക്കുന്നത്. അത് രാഷ്ട്രീയമാണ്. എന്താണ് താനൂരിൽ ഇപ്പോൾ ഇങ്ങനെയൊരു രാഷ്ട്രീയമായ സംഘർഷം ഉണ്ടാകുന്നതിന് ഇടവരുത്തിയത്. പതിറ്റാണ്ടുകളോളം താനൂരിൽനിന്ന് മുസ്ലീം ലീഗല്ലാതെ ഒരു പാർട്ടിയും ജയിച്ചിട്ടില്ല. പക്ഷേ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ അതിന് വിരുദ്ധമായി സംഭവിച്ചു. യു.ഡി.എഫ്.-നും മുസ്ലീം ലീഗിനും ഏറ്റവും വലിയ ഭൂരിപക്ഷം ലഭിച്ചിരുന്നത് താനൂരിൽനിന്നാണ്. പക്ഷേ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ആ ഭൂരിപക്ഷത്തിന്റെ കഥകൾ മുഴുവൻ കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥി താനൂരിൽ

ജയിച്ചത്. സത്യത്തിൽ അസഹിഷ്ണതയുടെ ആരംഭം അവിടെനിന്നാണ്. ആ തെരഞ്ഞെടുപ്പിന്റെ ഓരോ ഘട്ടത്തിലും ഇടതുപക്ഷ സ്ഥാനാർത്ഥിയെ അപായപ്പെടുത്താനുള്ള വലിയ ശ്രമങ്ങളുണ്ടായി, അദ്ദേഹത്തെ അക്രമിക്കുന്ന സാഹചര്യമുണ്ടായി. വളരെ സഹിഷ്ണതയുള്ളവർ എന്നാണല്ലോ പറയുന്നത്. താനൂർ കടപ്പുറത്ത് നടന്നിട്ടുള്ള എല്ലാ അക്രമസംഭവങ്ങളിലും മുസ്ലീം ലീഗ് ഒരു പക്ഷത്തുനിൽക്കുന്നത് എന്തുകൊണ്ടാണ്? കോൺഗ്രസ്സിന്റെ എത്രയോ പ്രവർത്തകർ അവിടെയുണ്ട്. ഏതെങ്കിലുമൊരു കോൺഗ്രസ്സുകാരൻ അവിടെ അക്രമിക്കപ്പെട്ടിട്ടുണ്ടോയെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറയട്ടെ. അവിടെ ഇടതുപക്ഷ സ്ഥാനാർത്ഥി ജയിച്ച എന്നത് അംഗീകരിക്കാൻ കഴിയാത്ത ആളുകൾ അക്രമം അഴിച്ചുവിടുകയാണ്. നിങ്ങളെ ഞങ്ങൾ ആക്രമിച്ച് ശരിപ്പെടുത്തി ഞങ്ങളുടെ വഴിക്ക് കൊണ്ടുവരും എന്നുപറയുമ്പോൾ ആക്രമിച്ച് ആരെയും ഒരു വഴിയിലേയ്ക്കും കൊണ്ടുപോകാൻ ഞങ്ങൾ സമ്മതിക്കില്ലെന്ന് അവിടത്തെ ഒരുകൂട്ടം ആളുകൾ പറഞ്ഞാൽ അതിലെന്താണ് തെറ്റ്? ഇത്തരത്തിലുള്ള ഫാസിസ്റ്റ് നിലപാടുകൾ അംഗീകരിക്കാതെ പൊരുതി നിൽക്കുന്ന ആളുകളെ സപ്പോർട്ട് ചെയ്യുകയല്ലേ വേണ്ടത്?

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഈ തെരഞ്ഞെടുപ്പിനുശേഷം അവിടെ മാത്രമല്ല, മങ്കടയിലും പെരിന്തൽമണ്ണയിലുമൊക്കെ ഏകപക്ഷീയമായി മുസ്ലീം ലീഗ് പ്രവർത്തകർക്കെതിരെ അക്രമം നടന്നിട്ടുണ്ട്. സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി ഉൾപ്പെടെയുള്ള ആളുകൾ കഴിഞ്ഞ ദിവസം താനൂരിൽ ചെന്നപ്പോൾ പോലീസ് നടപടികൾക്കെതിരായി മൊഴി കൊടുത്തവർ ലീഗുകാർ മാത്രമാണെന്നാണോ അങ്ങ് ഈ സഭയോട് പറയുന്നത്?

ഡോ. കെ. ടി. ജലീൽ : സർ, സ്വാഭാവികമായും സംഘർഷ ഭൂമിയിൽ പോലീസ് ഇടപെടുമ്പോൾ എന്താണോ സംഭവിക്കുന്നത് അത് അവിടെയും സംഭവിച്ചിട്ടുണ്ടാകാം, ഞാനത് നിഷേധിക്കുന്നില്ല. പക്ഷേ അവിടെ അക്രമ സംഭവങ്ങൾ ആരംഭിക്കുന്നത് ആരാണ്; അവിടത്തെ ഏറ്റവും വലിയ പാർട്ടി മുസ്ലീം ലീഗല്ലേ; മുസ്ലീം ലീഗ് വിചാരിച്ചാൽ അവിടെ അക്രമങ്ങൾ അവസാനിപ്പിക്കാൻ സാധിക്കില്ലേ? സാധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ സഭയിലെ അംഗങ്ങളോട് ചോദിക്കുന്നു, ബി.ജെ.പി.-യെ എതിർക്കാൻ കമ്മ്യൂണിസ്റ്റുകാർക്കല്ലാതെ മറ്റാർക്കാണ് കഴിയുക? കമ്മ്യൂണിസ്റ്റുകാർക്കേ ബി.ജെ.പി.-യെ എതിർക്കാൻ ഇന്നുവരെ കഴിഞ്ഞിട്ടുള്ളൂ. ബി.ജെ.പി. എന്ന രാഷ്ട്രീയപ്പാർട്ടി തങ്ങളുടെ അധികാര രാഷ്ട്രീയത്തിന് വെല്ലുവിളിയാകും എന്നുവന്നപ്പോൾ കോൺഗ്രസ് ആ പാർട്ടിയെ എതിർത്തു. പക്ഷേ അപ്പോഴും ആർ.എസ്.എസ്.-ന്റെ പ്രത്യയ ശാസ്ത്രത്തെ നഖശിഖാന്തം എതിർക്കുന്നതിൽ കോൺഗ്രസ് പാർട്ടിക്ക് പിഴവ് സംഭവിച്ചു, അത് സത്യമാണ്. അതുകൊണ്ടാണ് കോൺഗ്രസ്സിൽനിന്ന് ബി.ജെ.പി.-യിലേയ്ക്ക്

ആളുകൾ ഒഴുകിപ്പോകുന്നതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് ഒരാളും ബി.ജെ.പി.-യിലേയ്ക്ക് പോകാത്തത്. സാധാരണ ഒരു മുസ്ലീം കുടുംബത്തിൽ ഒരു കുട്ടി ജനിച്ചാൽ അവന്റെ ചെവിയിൽ ബാങ്കൊലി നാദമാണ് ഉയർത്തുന്നത്. ഒരു കമ്മ്യൂണിസ്റ്റ് കുടുംബത്തിൽ ഒരു കുട്ടി ജനിച്ചാൽ ആർ.എസ്.എസ്.-ന്റെ പ്രത്യയശാസ്ത്ര വിരുദ്ധതയാണ് ആ കുടുംബത്തിലെ അംഗത്തിന് ചൊല്ലിക്കൊടുക്കുന്നത്. അതുകൊണ്ടാണ് പ്രത്യയശാസ്ത്രപരമായുള്ള യുദ്ധം ആർ.എസ്.എസ്.-ന് എതിരായി കമ്മ്യൂണിസ്റ്റുകാർ നടത്തുന്നത്. യു.ഡി.എഫ്.-ന് അതിന് സാധിക്കാത്തതും അതുകൊണ്ടുതന്നെയാണ് പലപ്പോഴും അവരുമായി കോൺഗ്രസ്സിനും ലീഗിനും കോംപ്രമൈസ് ചെയ്യേണ്ടിവരുന്നത് ഇതോടൊപ്പം ചേർത്ത് വായിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, കണ്ണൂരിൽ നടന്ന അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷിയോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കണ്ണൂരിൽ വിളിക്കുകയുണ്ടായി. അതിന്റെ തലേദിവസം തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ആർ.എസ്.എസ്. നേതാക്കളും മുഖ്യമന്ത്രിയും മറ്റും യോഗം ചേർന്നിരുന്നു. .... (ബഹളം)....

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കണം.

ഡോ. കെ. ടി. ജലീൽ: സർ, ഗുജറാത്തിലെയും മഹാരാഷ്ട്രയിലെയും ബി.ജെ.പി.-ക്കാരെപ്പോലെയല്ല കേരളത്തിലെ ബി.ജെ.പി.-ക്കാരെന്നും അവർ മര്യാദക്കാരാണെന്നും പലപ്പോഴും നമ്മൾ പറയാറുണ്ട്. പ്രത്യേകിച്ച് യു.ഡി.എഫ്.-കാർ പറയുന്നത് നാം കേൾക്കാറുണ്ട്. ....(ബഹളം).... കേരളത്തിലെ ബി.ജെ.പി.-ക്കാർ എങ്ങനെയാണ് മര്യാദക്കാരായത്? ഇന്ത്യയിലെ മുഴുവൻ ആർ.എസ്.എസ്.-കാരും അവരുടെ ബൈബിളായി അംഗീകരിക്കുന്നത് 'Bunch of Thoughts', ഗോൾവാൾക്കറുടെ വിചാരധാര എന്ന പുസ്തകമാണ്. കേരളത്തിലെ ആർ.എസ്.എസ്.-കാരും ബി.ജെ.പി.-ക്കാരും അതിനെത്തന്നെയാണ് അവരുടെ ബൈബിളായി കാണുന്നത്. 1971-ലെ കാര്യം ഇവിടെ പറയുകയുണ്ടായി. കമ്മ്യൂണിസ്റ്റുകാരും ആർ.എസ്.എസ്.-കാരും തമ്മിലുള്ള സംഘർഷം കേരളത്തിൽ ആരംഭിച്ചത് കമ്മ്യൂണിസ്റ്റുകാരുടെ ഏതെങ്കിലും ഒരു ആഫീസ് പിടിച്ചെടുക്കാൻ ആർ.എസ്.എസ്.-കാർ വന്നതിന്റെ പശ്ചാത്തലത്തിലല്ല. ബാബറി മസ്ജിദ് തകർത്ത് ഡൽഹിയിൽ ബി.ജെ.പി. അധികാരത്തിൽ വന്നതുപോലെ കേരളത്തിൽ മതധ്രുവീകരണം ലക്ഷ്യമിട്ട് 1971-ൽ തലശ്ശേരിയിൽ ഒരു മുസ്ലീം പള്ളി തകർക്കാൻ ശ്രമിച്ചപ്പോൾ അതിനെ നെഞ്ചൂക്കോടെ നേരിട്ടപ്പോഴാണ് ആർ.എസ്.എസ്.-മായുള്ള സംഘർഷത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് രക്തസാക്ഷി ഉണ്ടായത്. അവിടെ നിന്നാണ് കമ്മ്യൂണിസ്റ്റ്-ആർ.എസ്.എസ്. സംഘട്ടനം ആരംഭിക്കുന്നത്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ആർ.എസ്.എസ്. ഒരിക്കലും

അംഗീകരിച്ചിട്ടില്ല. കാരണം അതംഗീകരിച്ചാൽ അവരുടെ പ്രത്യയശാസ്ത്രത്തിന് ഈ നാട്ടിൽ വിലയുണ്ടാകില്ലെന്ന് ആരെക്കാളും നന്നായി അവർ മനസ്സിലാക്കി. കമ്മ്യൂണിസ്റ്റ് വിരോധം പുതിയ കാലത്ത് അത്ര പ്രകടിപ്പിക്കാൻ കഴിയില്ലെന്നുള്ളതുകൊണ്ടാണ് മുസ്ലിംലീഗിന്റെ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഈ സഭയിൽനിന്ന് ലോക്സഭയിലേയ്ക്ക് മത്സരിക്കാൻ തയ്യാറെടുക്കുന്നത്; അതാണ് യാഥാർത്ഥ്യം. കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിമർശിക്കാൻ വർത്തമാനകാലത്തിന്റെ രാഷ്ട്രീയ സാഹചര്യത്തിൽ കഴിയില്ലെന്ന് അദ്ദേഹത്തിന് തീർത്തുമറിയാം. അതുകൊണ്ടാണ് കേരള നിയമസഭയിൽ അംഗമായി അടുത്ത 4 വർഷം തുടരുന്നതിനേക്കാൾ നല്ലത് ബി.ജെ.പി. വിരുദ്ധ നിലപാട് സ്വീകരിച്ച് മതേതര കക്ഷികളുടെ കൂട്ടായ്മ ലക്ഷ്യമിട്ട് പ്രവർത്തിക്കാനും കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിച്ച് മുന്നോട്ടുപോകാനും പറ്റിയ സ്ഥലം ഡൽഹിയാണെന്ന തിരിച്ചറിവാണ് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെപ്പോലും ലോക്സഭയിലേയ്ക്ക് മത്സരിക്കുന്ന മനോഗതത്തിലേയ്ക്ക് കൊണ്ടുവന്നത്.

ശ്രീ. എ. പി. അനിൽ കുമാർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഭേദഗതിയെക്കുറിച്ച് വളരെ ക്രിയാത്മകമായി അഭിപ്രായം രേഖപ്പെടുത്തിയതിന് ഞാൻ ഈ സന്ദർഭത്തിൽ നന്ദി രേഖപ്പെടുത്തുന്നു. കമ്മ്യൂണിസ്റ്റുകാരുടെ കോൺഗ്രസ് വിരോധത്തെക്കുറിച്ച് അദ്ദേഹം അഭിപ്രായപ്രകടനം നടത്തി. കമ്മ്യൂണിസ്റ്റുകാർക്ക് കോൺഗ്രസ് വിരോധമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കോൺഗ്രസ്സിന്റെ നയപരിപാടികളെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്നും എതിർത്തിട്ടുള്ളതാണ്. ഒന്നാം യു.പി.എ. സർക്കാർ നിലവിൽ വന്നതിന്റെ പശ്ചാത്തലത്തിൽ നടന്ന സംഭവം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പ്രസംഗം തടസ്സപ്പെടുത്താനുള്ള ഒറ്റമൂലിയല്ല പോയിന്റ് ഓഫ് ഓർഡർ. അങ്ങയെപ്പോലെ പ്രഗത്ഭനായ ഒരു പാർലമെന്റേറിയൻ ഒറ്റമൂലി പ്രയോഗിക്കരുത്. മന്ത്രി പ്രസംഗം അവസാനിപ്പിക്കട്ടെ.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി കമ്മ്യൂണിസ്റ്റുകാരനല്ലെങ്കിലും ശ്രീ. എ. എം. ആരിഫും ശ്രീ. കെ. വി. അബ്ദുൾ ഖാദറും കമ്മ്യൂണിസ്റ്റുകാരാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, കമ്മ്യൂണിസ്റ്റുകാരന് കുട്ടി ജനിച്ചാൽ ആ കുട്ടിയുടെ ചെവിയിലേയ്ക്ക് ഓതിക്കൊടുക്കുന്നത് ആർ.എസ്.എസ്.-ന്റെ പ്രത്യയശാസ്ത്ര വിരുദ്ധതയാണ് എന്നാണ്. ....(ബഹളം).... എനിക്ക് സ്പീക്കർ സമയം അനുവദിച്ചതാണ്. ശ്രീ. എ. എം. ആരിഫിനും ശ്രീ. കെ. വി. അബ്ദുൾ ഖാദറിനും കുട്ടി ജനിച്ചാൽ അവരുടെ ചെവിയിൽ ഓതിക്കൊടുക്കുന്നത് ബാങ്കാണോ അതോ ആർ.എസ്.എസ്. വിരോധ മന്ത്രമാണോയെന്ന് അവർ പറയണം.

മി. സ്പീക്കർ: താങ്കൾ പറയുന്നതിൽ എന്താണ് പോയിന്റ്?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പോയിന്റ് പറയുകയാണ്. അല്ലെന്നാണ് ഞാൻ പറയുന്നത്. അങ്ങനെയല്ലെങ്കിൽ അവർ തിരുത്തിപ്പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അവാസ്തവമായ കാര്യങ്ങൾ ഓർഡറിലാണോ?

മി. സ്പീക്കർ: ഇതുപോലുള്ള ഒറ്റമൂലി പ്രയോഗങ്ങൾ ശരിയല്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഈ സഭയിലെ അംഗങ്ങളെ ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ വേർതിരിച്ച് കാണുന്നത് ശരിയല്ല; ഇത്തരം സംസാരം ഒഴിവാക്കണം.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ ആളുകളെ മതാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാനല്ല, ഒന്നിപ്പിക്കാനാണ് ശ്രമിച്ചത്. ആളുകളെ ഭിന്നിപ്പിക്കുന്നതിന് ശ്രീ. എം. ഉമ്മർ നടത്തുന്ന ശ്രമം വേണ്ടെന്നാണ് പറഞ്ഞത്. കമ്മ്യൂണിസ്റ്റുകാർക്ക് കോൺഗ്രസ് വിരോധമില്ല. കോൺഗ്രസ്സിന്റെ നയങ്ങളോടും പരിപാടികളോടും മൃദുല ഹിന്ദുത്വ സമീപനങ്ങളോടുമാണ് കമ്മ്യൂണിസ്റ്റ് വിയോജിച്ചിട്ടുള്ളത്. ഒന്നാം യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഒരു ഗവൺമെന്റ് വരണമോ വേണ്ടയോ എന്നുള്ളതിനെക്കാൾ വലിയ പ്രശ്നമായി ബി.ജെ.പി. ഉയർത്തിയത് ശ്രീമതി സോണിയാ ഗാന്ധി ഇറ്റലിയിൽ ജനിച്ചുവെന്നുള്ളതാണ്. എല്ലാവരും പകച്ച് നിന്ന ഘട്ടത്തിൽ ഇറ്റലിയിൽ ജനിച്ചുവെന്നുള്ളതുകൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രിയാകാൻ ശ്രീമതി സോണിയാ ഗാന്ധിക്ക് അവകാശമില്ലെന്ന വാദത്തെ അതിശക്തമായി ഖണ്ഡിച്ച് രംഗത്തുവന്നത് സി.പി.ഐ.(എം)-ന്റെ ഇടതുപക്ഷ നേതാക്കന്മാരുമായിരുന്നുവെന്ന് നിങ്ങൾ മറന്നുപോകരുത്. അന്ന് ഒരു ഗവൺമെന്റ് ഉണ്ടാക്കുക എന്നതിനപ്പുറം കോൺഗ്രസ്സിന് ലഭിച്ച ധാർമ്മിക പിന്തുണയായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്ന് കിട്ടിയത്. ആ ധാർമ്മിക പിന്തുണയുടെ പിൻബലത്തിലാണ് ശ്രീമതി സോണിയാ ഗാന്ധി പ്രധാനമന്ത്രി പദവി വേണ്ടെന്ന് തീരുമാനിച്ചതെന്ന കാര്യം ആരും മറക്കരുത്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കോൺഗ്രസ്സിനോട് ഒരു വിരോധവുമില്ല. കോൺഗ്രസ്സിന്റെ നയപരിപാടികളോട്, മൃദുലഹിന്ദുത്വ സമീപനങ്ങളോട് ശക്തമായി വിയോജിച്ചുകൊണ്ട് മുന്നോട്ടുപോകുന്നുവെന്നേയുള്ളൂ. രാഷ്ട്രീയം ഇതിലേയ്ക്ക് കടന്നുവന്നതുകൊണ്ടാണ് ഈ ബില്ലിന്റെ ചർച്ചയിൽ രാഷ്ട്രീയവും പറയേണ്ടിവന്നത് എന്നുസൂചിപ്പിച്ചുകൊണ്ട് ഭേദഗതി ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

124. ഖണ്ഡം 2-ൽ " ഒരു" എന്ന വാക്കിനുമുമ്പായി "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക:

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. പ്രധാന ആക്ടിലെ വകുപ്പ് 3(2)-ൽ താഴെപ്പറയും പ്രകാരം മാറ്റുക.

" (2) കമ്മീഷനിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് അതായത്

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും, ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനം ഉള്ളതും, അത്തരം കാര്യങ്ങളിൽ പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ളതും, നിയമ പരിജ്ഞാനം ഉള്ളതുമായ ഒരു ചെയർപേഴ്സൺ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ന്യൂനപക്ഷ

സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനം ഉള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ളതുമായ ഒരു അംഗം;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും, ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനം ഉള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തന മികവ് തെളിയിച്ചിട്ടുള്ളതുമായ ഒരു വനിത;

മി. സ്പീക്കർ: 123-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതായതിനാൽ ക്രമപ്രകാരമല്ല; അത് അവതരിപ്പിക്കേണ്ടതില്ല.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

107. പീഠികയിൽ "ആവശ്യങ്ങൾക്കുവേണ്ടി" എന്നതിനു പകരം "ആവശ്യത്തിനുവേണ്ടി" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിന് പകരം "യുക്തമായിരിക്കുമെന്ന്" എന്ന വാക്ക് ചേർക്കുക.

109. പീഠികയിൽ "താഴെപ്പറയുംപ്രകാരം" എന്നത് "ഇനി പറയും പ്രകാരം" എന്നുമാറ്റുക.

110. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക. " (1) ഈ നിയമത്തിന് 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) നിയമം എന്ന് പേര് പറയാം."

112. ഖണ്ഡം 1(2)-ൽ "2017 ഫെബ്രുവരി 3-ാം തീയതി" എന്നത് " 2017 ഫെബ്രുവരി മാസം 3-ാം തീയതി" എന്നാക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

111. ഖണ്ഡം 1(2)-ൽ "ഇത് 2017 ഫെബ്രുവരി 3-ാം തീയതി" എന്നതിനുപകരം "ഇത് ഉടൻ" എന്ന് ചേർക്കുക.

119. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: " (2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

113. ഖണ്ഡം 1(2)-ൽ "3-ാം തീയതി" എന്നത് "1-ാം തീയതി" എന്നാക്കുക

മി. സ്പീക്കർ: 114-ാം നമ്പർ ഭേദഗതി 119-ൽ അടങ്ങുന്നതിനാലും 115, 116, 117, 118, 120, 121, 122 എന്നീ ഭേദഗതികൾ 119-ന് സമാനമായതിനാലും അവ അവതരിപ്പിക്കേണ്ടതില്ല.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 108, 109, 110, 112 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 111, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തോമസ് ചാണ്ടി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് 16-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.22-ന് പിരിഞ്ഞു.)